

*Maharaja Swathi Thirunal in his early twenties*
(Fort Palace, Thiruvananthapuram)

# Historical Records on Swathi Thirunal

(Charithrathile Edukal)

By

Kizhakkemadom Govindan Nair and Dr B Pushpa
Irayimman Thampi Research Centre, Trivandrum

1992



# ചരിത്രത്തിന്റെ ഏടുകൾ (988–1022)

കിഴക്കേമഠത്തിൽ ഗോവിന്ദൻ നായർ
ഡോ. ബി. പുഷ്പ



**കിഴക്കേമഠത്തിൽ**
**ഗോവിന്ദൻ നായർ**

ഇരയിമ്മൻ തമ്പിയുടേയും വിശാഖം തിരുനാളിൻേറയും സന്തതിപരമ്പരയിൽപ്പെട്ട മി: ഗോവിന്ദൻനായർ തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് കിഴക്കേമഠത്തിലാണ് കുടുംബസമേതം താമസം.

നല്ലൊരു ഗ്രന്ഥശേഖരത്തിൻെറ ഉടമയായ ശ്രീ. നായർ, ചരിത്രഗവേഷണത്തിലും, രചനയിലും ഏർപ്പെട്ടു കഴിയുന്നു.

അദ്ദേഹത്തിൻെറ ഈടുറ്റ ലേഖനങ്ങളും, പ്രതികരണങ്ങളും, പത്രമാധ്യമങ്ങളിൽക്കൂടി പ്രസിദ്ധീകൃതമായിട്ടുള്ളത് പലതും വിജ്ഞാനപ്രദങ്ങളാണ്.

17/4/03

# ചരിത്രത്തിൻെറ ഏടുകൾ
## (988–1022)

292
302

(Malayalam)
CHARITHRATHINTE EDUKAL
(History)
by
Kizhakke Madathil Govindan Nair
and
Dr. B. Pushpa
Cover Design : Devan Poojappura
First Published - 1992
Printed at Sarada Printing Works
Fort, T.V.M. 23., Phone : 74014
Copy right. I. T. R. Centre.
Published by the Authors
Distributors : I. T. R. Centre
Price - Rs. 100

# ചരിത്രത്തിന്റെ ഏടുകൾ
## (988–1022)

കിഴക്കേമഠത്തിൽ ഗോവിന്ദൻ നായർ,
ഡോ. ബി. പുഷ്പ

—വിതരണം—

ഇരയിമ്മൻതമ്പി റിസർച്ച് സെന്റർ
കിഴക്കേമഠം
കോട്ടയ്ക്കകം, തിരുവനന്തപുരം-23

വില രൂ. 100

# അവതാരിക

അസാധാരണ സന്തോഷത്തോടുകൂടിയാണ് ''ചരിത്രത്തിന്റെ ഏടുകൾ'' (988-1022) എന്ന രേഖാസമാഹാരം മലയാള ഭാഷയ്ക്ക് കാഴ്ചവയ്ക്കുന്നത്. എന്റെ സന്തോഷത്തിന് പലകാരണങ്ങളുണ്ട്. ഒന്നാമത്- ഇതിന്റെ ഉള്ളടക്കത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രാചീന രേഖകളോടുള്ള എനിക്കുള്ള പക്ഷപാതം. രണ്ടാമത്- ഈ പുസ്തകം തയ്യാറാക്കിയ കിഴക്കേമഠത്തിൽ ശ്രീ ഗോവിന്ദൻ നായർ അവർകളോടും, ഡോക്ടർ ബി. പുഷ്പയോടും എനിയ്ക്കുള്ള സ്നേഹവാത്സല്യങ്ങൾ. ആ രണ്ടുപേരുടെയും കുടുംബങ്ങളുമായി എനിയ്ക്കുള്ള പരിചയം ഒരർത്ഥത്തിൽ ചരിത്രകാര്യവുമാണ്. ശ്രീ ഗോവിന്ദൻനായരുടെ പേരിനുമുമ്പിൽ കൊടുത്തിട്ടുള്ള ''കിഴക്കേമഠം'' എന്ന വിശേഷണം-പഴമയറിയാവുന്നവരുടെ കണ്ണുതുറപ്പിക്കും. കിഴക്കേമഠം ഇരയിമ്മൻ തമ്പിയുടെ വീടാണെന്ന് പലരും മനസ്സിലാക്കിയിരിക്കുമല്ലോ. മലയാള സാഹിത്യത്തിലെ അത്ഭുത പ്രതിഭാശാലിയായിരുന്ന ഇരയിമ്മൻ തമ്പിയുടെ പേരു കേൾക്കുമ്പോൾ തന്നെ കൈകൂപ്പിപ്പോകും. ഇരയിമ്മൻ തമ്പിയുടെ പൌത്രിയുടെപൌത്രനായ ശ്രീ. ഗോവിന്ദൻ നായർക്ക്- മറ്റൊരുവലിയ കുടുംബത്തിന്റെ പാരമ്പര്യവും വന്നു ചേർന്നിട്ടുണ്ട്. ശ്രീ. വിശാഖംതിരുനാളിന്റെ സീമന്തപുത്രൻ അരുമന ശ്രീ. നാരായണൻ തമ്പിയുടെ മകന്റെ മകനും കൂടിയാണ് ശ്രീ. നായർ. ഇരയിമ്മൻതമ്പിയുടെ കിഴക്കേമഠം വീടിനോടും അരുമന അമ്മവീടിനോടും, അവിടത്തെ അംഗങ്ങളോടും, ദീർഘകാലമായി എനിയ്ക്കുള്ള സ്നേഹബന്ധം ഞാൻ വളരെ സന്തോഷത്തോടുകൂടി സ്മരിക്കുന്നു.

ഏതാണ്ട് അതുപോലെതന്നെയാണ് ഡോക്ടർ പുഷ്പയെക്കുറിച്ചും പ്രസ്താവിക്കാനുള്ളത്. കഴിഞ്ഞ തലമുറയിൽ പത്രപ്രവർത്തന രംഗത്ത് കൊടിപറത്തിയ ഒരു ജേതാവായിരുന്നു ശ്രീ. ഏ. പത്മനാഭയ്യർ. ഇംഗ്ലീഷായിരുന്നു

അദ്ദേഹത്തിന്റെ ശക്തി. അന്ന് ഇംഗ്ലീഷിന് സാമ്രാജ്യ പ്രതാപമുണ്ടായിരുന്ന വസ്തുത വിശേഷിച്ചും പറയേണ്ടതില്ലല്ലോ.

ശ്രീ. പത്മനാഭയ്യരുടെ വീക്ഷണങ്ങളും, അഭിപ്രായങ്ങളും ജനങ്ങളുടെ വിശേഷശ്രദ്ധയ്ക്ക് വിഷയമായിരുന്നു. മൈസൂർദിവാൻജിയായിരുന്ന സർ. 'ഇസ്മയിൽ മിഴ്സാ'-കരമന ശ്രീ. പത്മനാഭയ്യരുടെ വസതിയിൽ ചെന്ന് അദ്ദേഹത്തെബഹുമാനിച്ചു. ശ്രീ. എ. പത്മനാഭയ്യരുടെ 'മോഡേൺ ട്രാവൻകൂർ' എന്ന പുസ്തകം സർ. സി. പി. രാമസ്വാമി അയ്യർക്ക് പ്രത്യേകം സന്തോഷമയിരുന്നു. ശ്രീ. പത്മനാഭയ്യരുടെ മകന്റെ മകളായ ഡോക്ടർ പുഷ്പ കുടുംബത്തിന്റെ സംസ്കാര പാരമ്പര്യത്തെ പോഷിപ്പിക്കുന്നു. ശ്രീ. പത്മനാഭയ്യരോടും ആ കുടുംബത്തിലെ മററു പലരോടും എനിയ്ക്ക് ദൃഢമായ സ്നേഹബന്ധമുണ്ട്.

ശ്രീ. കിഴക്കേമഠത്തിൽ ഗോവിന്ദൻനായരോടും ഡോക്ടർ പുഷ്പയോടും ജീവിതത്തിൽ തോന്നുന്ന ആദരവ് അനുസ്മരിച്ചുകൊണ്ടാണ് അവർ നടത്തിയിരിക്കുന്ന ഈ രേഖാപഠനശ്രമത്തെ ഞാൻ അഭിനന്ദിക്കുന്നത്. എന്റെ സന്തോഷത്തിനും അഭിനന്ദനത്തിനും വേറെയും കാരണമുണ്ട്. തിരുവിതാംകൂർ ചരിത്രത്തിലെ അത്യുജ്ജ്വല ജ്യോതിസ്സായിരുന്ന 'ശ്രീ. സ്വാതിതിരുനാൾ മഹാരാജാവിനെ സംബന്ധിച്ചുള്ള ചരിത്ര രേഖകൾ' എന്ന നിലയ്ക്ക് ഇവ അമൂല്യസമ്പത്തുകളുമാണ്. അത്ര പഴയകാലത്തല്ലാതെ-തിരുവിതാംകൂർ രാജ്യം ഭരിച്ച് ഭരണാധികാരിയായും, സംഗീതകലാചക്രവർത്തിയായും. സാഹിത്യ സമ്രാട്ടായും, സാംസ്കാരിക പുരസ്കർത്താവായും, അനശ്വരകീർത്തി നേടിയ ആ മഹാൻ-ജീവിച്ചിരുന്ന വ്യക്തിയായിരുന്നോ എന്നുപോലും ചില അസൂയ കോമരങ്ങൾ ശബ്ദം മുഴക്കിയതിന്-സർവസംശയഛേദകമായ ഒരു ചരിത്ര പ്രത്യാഖ്യാനമാണ് ഈ കൃതി. ഇതിലുൾപ്പെടുത്തിയിരിക്കുന്ന 'രേഖാങ്കങ്ങൾ' (തിരട്ടുകളെപററിയുള്ള അങ്കങ്ങളിൽ അനേകം രേഖകളുടെ ചുരുക്കം ഉൾക്കൊള്ളുന്നു.) നമ്മുടെ ചരിത്രരേഖാപഠനത്തിൽ അതിപ്രധാനമായ ഒരു സംഭാവനയാണ്.

ഈ രേഖകളിൽ ചിലതെല്ലാം എന്റെ 'സ്വാതിതിരുനാൾ' ജീവചരിത്രത്തിൽ ഞാനും പഠിച്ചിട്ടുള്ളതാണ്. എന്നാൽ രേഖകൾ മിക്കവാറും പൂർണ്ണമായി കൊടുത്തിട്ടുള്ള ഈ സമാഹാരം ചരിത്ര വിദ്യാർത്ഥികൾക്കും, ഭാഷാവിദ്യാർത്ഥികൾക്കും, സമൂഹചരിത്ര വിദ്യാർത്ഥികൾക്കും വളരെ വിലപ്പെട്ടവയാണെന്ന് രേഖപ്പെടുത്താൻ എനിക്ക് സന്തോഷമുണ്ട്. രേഖപ്പെടുത്തൽ-പലരും മുമ്പും നോക്കിയിട്ടുണ്ടെങ്കിലും അവ നിഷ്കൃഷ്ടമായി പഠിക്കാൻ ആദ്യമായി ഒരു ശ്രമം നടത്തിയത് 'സദസ്യതിലകൻ' ശ്രീ. ററി. കെ. വേലുപ്പിള്ള അവർകളായിരുന്നു. തിരുവിതാംകൂർ സ്റ്റേററു മാനുവൽ നവീകരണത്തിന് അദ്ദേഹത്തെ നിയമിച്ചപ്പോൾ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലും, ഗവൺമെൻറ് റിക്കാർഡ് ആഫീസിലും മററുമുള്ള സകല രേഖകളും പഠിക്കാൻ പ്രത്യേകം വ്യവസ്ഥയുണ്ടായി. ആജോലി ചെയ്ത് മുപ്പത് സഹപ്രവർത്തവരുടെ സഹായത്തോടെ ഈ ലേഖകനായിരുന്നു. ലക്ഷക്കണക്കിനുള്ള രേഖകൾ വായിച്ച് ചുരുക്കമെഴുതി ചരിത്രരചനയ്ക്ക് പഠിച്ചശേഷം പ്രധാനപ്പെട്ട രേഖകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1) തിരു:സ്റ്റേററുമാനുവൽ വാല്യം 2 ലെ അനുബന്ധം (CCXVI)

2) ഹജൂർ സെൻട്രൽ റിക്കാർഡ്സ് നമ്പർ 3
(പ്രസാധകൻ. ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ)
(241 രേഖകൾ)

ഇവരണ്ടും ഞാൻ കൂടി പഠിച്ചതാണ്. ചരിത്രപരമായും, ഭാഷാപരമായും അവയുടെ പ്രാധാന്യം വിലമതിക്കാൻ പാടില്ലാത്തതരത്തിൽ വലുതാണ്.! എങ്കിലും നമ്മുടെ പല പണ്ഡിതന്മാരും അവയൊന്നും കാണാതെ കള്ള ചരിത്രം എഴുതി പാണ്ഡിത്യ വിജയം ഘോഷിക്കുന്നവരാണ്. അത്നിൽക്കട്ടെ. അതിനാൽചരിത്രരേഖാപഠനവിഷയത്തിൽ

ഈ ഗ്രന്ഥ കർത്താക്കാം ചെയ്ത വിഷയത്തെപ്പററി എന്നേക്കാം കൂടുതൽ അഭിമാനിക്കുന്നവരില്ലെന്ന് ഞാൻ സന്തോഷത്തോടെ പ്രഖ്യാപിക്കുന്നു.

സ്വാതിതിരുനാളിൻെറ ചരിത്രവ്യക്തിത്വത്തെ തെളിച്ചുകാട്ടണമെന്ന ഉദ്ദേശത്തോടുകൂടി ഇവർ സാധിച്ചിരിക്കുന്ന ഈ പ്രസിദ്ധീകരണം ചരിത്രപണ്ഡിതന്മാരുടേയും, സത്യാന്വേഷികളുടേയും ഗാഢമായ അഭിനന്ദനത്തിന് വിഷയമാകുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഈ രേഖകളുടെ പകർപ്പുകാം ശ്രീ. ഗോവിന്ദൻ നായർക്ക് ലഭിച്ചതിനെ പററിയുള്ള വിവരം പ്രസക്തമാണ്. സാധാരണ ഒരു പണ്ഡിതനെക്കൊണ്ട് എളുപ്പം സാധിക്കാവുന്നതല്ല ഈ കാര്യം. ഇത് സാധിച്ചത് ശ്രീ. നായരല്ല-ഒരു സാധാരണക്കാരനുമല്ല. ശ്രീ. എം. രാജരാജവർമ്മതമ്പുരാൻ, വ്യക്തിപരമായ താൽപ്പര്യം കൊണ്ടും, ഔദ്യോഗിക സ്വാധീനശ്ക്തികൊണ്ടും, വളരെക്കാലംകൊണ്ട് കണ്ടെടുത്ത രേഖകാം ശ്രീ. ഗോവിന്ദൻനായർക്ക് ലഭിച്ചത് ഭാഗ്യകാരണമായി. പ്രാചീന രേഖാപഠനത്തിന് ശ്രീ. തമ്പുരാൻ നൽകിയ സംഭാവനകാം വളരെവളരെ വിലപ്പെട്ടതാണ്. അദ്ദേഹം കേരളാ സൊസൈററി പേപ്പേഴ്സിൽ അനേകം ലക്കങ്ങളിലായി പ്രസിദ്ധപ്പെടുത്തിയ ''ഡൈനാസ്റ്റിക്ക്റിക്കാർഡ്സ്''-ശ്രീ റി. കെ. വേലുപ്പിള്ളയ്ക്ക്-ചരിത്ര നവീകരണത്തിന് എത്ര പ്രയോജനപ്പെട്ടുവെന്ന് എനിയ്ക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. കൊ:വ: 847-ൽ 'ഉമയമ്മറാണിയ്ക്ക് ദത്തെടുക്കേണ്ടിവന്ന കഥ'-ശ്രീ-എം. രാജരാജവർമ്മ തമ്പുരാൻ പ്രസിദ്ധപ്പെടുത്തിയ രേഖകളിൽ നിന്നാണ് തെളിഞ്ഞത്, കൊട്ടാരത്തോട് രക്തബന്ധമുള്ള ശ്രീ. തമ്പുരാൻ ശ്രീവിശാഖം തിരുനാാം മഹാരാജാവിൻെറ സീമന്ത പുത്രിയുടെ ഭർത്താവുമാണ്. തിരുവിതാംകൂർ ചീഫ് സെക്രട്ടറി പദം വരെ ഉയർന്നയാളാണദ്ദേഹം. ലോകചരിത്ര പഠനത്തിനും, സാംസ്കാരിക പ്രവർത്തനത്തിനും സാഹിത്യരചനയ്ക്കും അദ്ദേഹം നിർവഹിച്ച പങ്ക് സർവജനസമ്മതമാണ്. അദ്ദേഹം ദീർഘകാലം കൊണ്ട് സമ്പാദിച്ച രേഖകളും, പുസ്തകശേഖരവും പലവഴിക്കും നഷ്ടപ്പെട്ടുപോയെങ്കിലും ആർക്കും വേണ്ടാത്ത കുറെരേഖകാം ശ്രീ. നായർക്ക് ലഭിച്ചത് നമുക്ക് ഭാഗ്യമായി. അതിൽ സ്വാതിതിരുനാളിനെപ്പററിനേരിട്ടോ-അല്ലാതെയോ ബന്ധമുള്ള സമാഹാരമാണ്. ഈ പ്രസിദ്ധീകരണം.

സ്വാതിതിരുനാളിനോട് പലതരത്തിൽ ബന്ധപ്പെട്ടിരുന്ന ശ്രീ. ഇരയിമ്മൻതമ്പിയുടെ ആത്മാവിൻെറ പ്രേരണയായിരിക്കാം-ശ്രീ. കിഴക്കേമഠത്തിൽ ഗോവിന്ദൻനായരെ ഈ വഴിക്ക് നയിച്ചത്.

ഇതിലെ എല്ലാരേഖകളും ഏതെങ്കിലും പ്രകാരത്തിൽ വിശേഷശ്രദ്ധ അർഹിക്കുന്നവയാണ്.

സ്വാതിതിരുനാളിൻെറആജ്ഞ എന്നനിലയിൽ അവയുടെ ചരിത്ര പ്രാധാന്യവും നിർവിവാദമാണ്. കൊല്ലവർഷം 1012-ലെ ജനസംഖ്യാകണക്ക് എന്ന രേഖ (പേജ് 281) ഇവയുടെ പ്രാധാന്യത്തിന് ഒരുദാഹരണമാണ്. അന്നിവിടെയുണ്ടായിരുന്ന ജാതികളും, അവരുടെ ജനസംഖ്യയും ഇന്നത്തെ ചരിത്രപ്രശ്നങ്ങാം പരിഗണിക്കാൻ എത്രത്തോളം പ്രയോജനപ്പെടുമെന്ന് പറയണമെന്നില്ലല്ലോ. നായന്മാരെ-ശൂദ്രർ എന്ന പേരിലാണ് ചേർത്തിരിക്കുന്നത്. അതുപോലെതന്നെ വസ്തുക്കളുടെ ഇനവിവരവും. ഹജൂർതിരട്ടുകളെല്ലാം അന്നത്തെ ഗവൺമെൻറ് കണക്കുകളാണ്. പല സ്ഥാപനങ്ങളെ പററിയും കിട്ടാത്ത വിവരങ്ങാം ഇതുവഴി ദർശിക്കാൻ കഴിയുന്നു.

അവസാനമായി ഒരു പ്രത്യേക വസ്തുത ചൂണ്ടിക്കാണിക്കാൻ എനിയ്ക്ക് സർവാധികമായ സന്തോഷമുണ്ട്. ഈ പ്രസിദ്ധീകരണം സമർപ്പിച്ചിരിക്കുന്നത് ശ്രീ. എ. എൻ. തമ്പി അവർകാംക്കാണ്. ശ്രീ, എ.. രാജരാജവർമ്മ കണ്ടെടുത്ത് സൂക്ഷിച്ചിരുന്ന രേഖകാം-ശ്രീ. ഏ. എൻ. തമ്പിയ്ക്ക് സമർപ്പിച്ചതിൽ പ്രത്യേക ഔചിത്യമുണ്ട്. ശ്രീ. രാജരാജവർമ്മയുടെ മൂത്തപുത്രനാണ് ശ്രീ, തമ്പി. അരുമന നാരായണൻ തമ്പിയാണ് ഏ. എൻ. തമ്പിയായി ചുരുങ്ങിയത്. അദ്ദേഹം ഇംഗ്ലണ്ടിൽ പഠിച്ചപ്പോാം 'ഡ്യൂക്ക് ആഫ് അരുമന

എന്ന പേരിലായിരുന്നു അവിടുത്തുകാർ ആദരിച്ചത്. പിൽക്കാലത്ത് ബ്രിട്ടീഷു പ്രധാനമന്ത്രിയായിത്തീർന്ന ആന്റണി ഈഡൻ, ആദ്യത്തെ പാക്കിസ്ഥാൻ പ്രധാനമന്ത്രിയായിരുന്ന ലിയാക്കത്ത് ആലീഖാൻ, സിലോൺപ്രധാനമന്ത്രിയായിരുന്ന ശ്രീ. ബണ്ഡാരനായകെ-ഇന്ത്യയിലെ ഔദ്യോഗിക ജീവിതത്തിൽ സമുജ്ജ്വല ജ്യോതിസ്സായിരുന്ന കെ. പി. എസ്സ് മേനോൻ, എന്നിവരെല്ലാം 'ഓക്സ്ഫോഡ് മജ്ലിസിൽ' ശ്രീ. ഏ. എൻ. തമ്പിയുടെ അനുയായികളായിരുന്നു. ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലായും, സെൻസസ് കമ്മിഷണറായും, വിദ്യാഭ്യാസ ഡയറക്ടറായും തിരുവിതാംകൂറിൽ തമ്പി നിർവഹിച്ച സേവനം കേരളീയർ എന്നും കൃതജ്ഞതയോടെ ഓർമ്മിക്കും. തമ്പിയെപ്പോലെ മഹാമനസ്കതയുള്ള ഒരു വ്യക്തിയെ ഞാൻ നേരിട്ടു പരിചയിച്ചിട്ടില്ല. ആറടി പൊക്കമുള്ള ആ കനകവിഗ്രഹം വേഷത്തിലും ഭാവത്തിലും സ്വഭാവത്തിലും ആരാധ്യനായിരുന്നു.

അദ്ദേഹത്തിന്റെ സൗജന്യം ഒന്നുകൊണ്ടുമാത്രമാണ്, ശ്രീ. രാജരാജവർമ്മ സംഭരിച്ചുവച്ചിരുന്നതിൽ ചില രേഖകളെങ്കിലും ഗോവിന്ദൻനായർക്ക് സിദ്ധിക്കാൻ ഇടവന്നത്. അതുകൊണ്ട് ശ്രീ. ഏ. എൻ. തമ്പിയ്ക്ക് സമർപ്പിച്ചത് ഒരു കൃതജ്ഞതാപ്രകാശനമാണ്. അങ്ങനെ പറയാതെ ഈ പുസ്തകം ശ്രീ. എം. രാജരാജവർമ്മ തമ്പുരാനു കൂടിയും ഒരു സമർപ്പണമായും നമുക്കു സ്വീകരിക്കാം

ഈ വിലപ്പെട്ട പ്രസിദ്ധീകരണം സംഭാവന ചെയ്ത ശ്രീ. കിഴക്കേമഠത്തിൽ ഗോവിന്ദൻനായർ അവർകളേയും, ഡോക്ടർ ബി. പുഷ്പയേയും (മ്യൂസിക് ലക്ചറർ, വിമൻസ് കോളേജ്, തിരു:) ഞാൻ ഹൃദയപൂർവമായി അഭിനന്ദിക്കുന്നു. അവർക്കും ഈ പുസ്തകത്തിനും സകല വിജയവും ആശംസിച്ചു കൊള്ളുന്നു.

കേരളപ്രഭ — ശൂരനാട്ടു കുഞ്ഞൻപിള്ള

തിരുവനന്തപുരം

15-4-1992

# കൃതജ്ഞത

ചരിത്രപരവും സാംസ്കാരികവുമായ വിഷയങ്ങളെ അധികരിച്ചുള്ള ഈ ഏടുകൾ-വിസ്മൃതിയിലാണ്ട അറിവിന്റെ ഏടുകളാണ്.

ചരിത്രപഠനാസക്തിയെ തൃപ്തിപ്പെടുത്താൻ ചെറിയ തോതിലെങ്കിലും ഇതുപകരിക്കുമെങ്കിൽ ഞങ്ങൾ ധന്യരായി.

'അവതാരിക'കൊണ്ട് ഈ ഏടുകളെ ശ്രദ്ധേയമാക്കാൻ സന്മനസ്സു കാട്ടിയ പത്മശ്രീ ശൂരനാട്ടു കുഞ്ഞൻ പിള്ള എം. എ., അവർകൾക്കും, പ്രോത്സാഹജനകമായ ഉപദേശങ്ങൾ നൽകി സഹായിച്ച സഹൃദയർക്കും കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട്-'ചരിത്രത്തിന്റെ ഏടുകളെ' പുനസംവിധാനമായി അവതരിപ്പിച്ചുകൊള്ളുന്നു.

വിനയപൂർവ്വം

കിഴക്കേമഠത്തിൽ ഗോവിന്ദൻനായർ,

ഡോ: ബി. പുഷ്പ

തിരുവനന്തപുരം

18-5-92

# വിഷയ വിവരം

**മുഖവുര**

**അവതാരിക**


| | | |
|---|---|---|
| 1) | സേവനബാദ്ധ്യത മറക്കരുത് | 9 |
| 2) | കർണൽമൺട്രോക്ക് ഓണക്കോടി | 12 |
| 3) | ബീബിസാവിന് ഓണക്കോടിയും ക്ഷേമാന്വേഷണവും | 13 |
| 4) | ശരീര രക്ഷക്കായി മരുത്വാമലയിൽ ഈശ്വരസേവ | 14 |
| 5) | നാണയമടിക്കാൻ അനുവാദം. | 15 |
| 6) | ഒരു കല്യാണ ചിലവ് | 16 |
| 7) | ജഡ്ജിമാർക്കും ശിക്ഷ | 16 |
| 8) | പെണ്ണുംപിള്ളയ്ക്ക് ചിലവിനുകൊടുക്കാൻ ഉത്തരവ് | 17 |
| 9) | വെള്ളനിറത്തിൽ കൊമ്പനാന | 18 |
| 10) | കരംപിരിവ് പരിഷ്കരണം | 19 |
| 11) | ഉപ്പളംസത്യപ്രതിജ്ഞ | 23 |
| 12) | റാണിയുടെ ഉൽക്കണ്ഠ | 24 |
| 13) | സ്വാതിതിരുനാളിന് രാജ്യാവകാശം | 26 |
| 14) | ഉദ്യോഗലബ്ധിയിൽ സന്തുഷ്ടി | 27 |
| 15) | 988-ാല ഹജൂർ തിരട്ടുകരം (1) | 28 |
| 16) | ഓണക്കോടി | 32 |
| 17) | നൈനാപിള്ളയുടെ പേർക്ക് അടുത്തൂൺ | 33 |
| 18) | പരുത്തികൃഷിക്ക് പ്രോത്സാഹനം | 34 |
| 19) | പുതുവർഷത്തിൽ ധീരന്മാർക്ക് വിരുന്നു കൊടുക്കണം | 35 |
| 20) | വരാഹന് വട്ടവാശി | 36 |
| 21) | നാണയം ഉരുക്കലിന് ചിലവു എഴുതാൻ.... | 37 |
| 22) | തിരുവാലൂർ ക്ഷേത്രംപണി | 38 |
| 23) | ഖജനാവിലേയ്ക്കു പണം. | 39 |
| 24) | ക്ഷേത്രങ്ങളിൽ വഴിപാട് | 40 |

25) ചെങ്കോട്ടയിൽ ധർമ്മക്കഞ്ഞി ഏർപ്പെടുത്തൽ 41

26) 989-ലെ തിരട്ടുകരം (2) 43

27) നീതിന്യായകോടതി 46

28) ആലുവാജഡ്ജിക്ക് പിഴ 48

29) ജാതിമര്യാദ പ്രകാരം അവകാശം 49

30) അരുമന കുഞ്ഞിനു കല്യാണം 50

31) തൂക്കുമഞ്ചലിൽ മൂങ്ങ 51

32) ശീവേലിബിംബം അതിപാതം ആയതും മൂങ്ങകയറിയതിനെക്കുറിച്ചും 52

33) ഗവർണർ ജനറലിന്റെ കത്തിൽ സന്തുഷ്ടി 54

34) 990-ലെ തിരട്ടുകരം- (3) 56

35) പത്മനാഭപുരത്ത് പൂജവയ്പ് 62

36) തിരുവനന്തപുരത്ത് മാളികപ്പണി 63

37) ജഡ്ജിമാർക്കുള്ള ശമ്പളവർദ്ധനവ് 64

38) ശിവാലയങ്ങളിൽ ദക്ഷിണ 66

39) ശ്രീപാദം കൊട്ടാരംപണി 67

40) തിരുമലത്തവരെ തിരിച്ചുകിട്ടണം. 69

41) തിരുമലത്തവർ ആലപ്പുഴയിൽ 71

42) 991-ലെ തിരട്ടുകരം- (4)

43) പൂഞ്ഞാറിലെ പാരമ്പര്യത്തെക്കുറിച്ചുള്ള വിവരണം. 76

44) മഞ്ഞപ്പാറമലയ്ക്കുപൂഞ്ഞാറിൽതമ്പുരാനുഎഴുതിക്കൊടുത്ത വകയ്ക്ക് ചെങ്ങമനാട്ടു ദേവസ്വംഗ്രന്ഥവരികണ്ടെഴുതിയ അനുവുകണക്ക് 80

45) കണ്ണൻദേവൻമലയിൻകീഴ് മലപെരുമാറക്ക് ചെങ്ങമനാട്ടു ദേവസ്വംവകയിൽ നിന്നും എഴുതിയ ഗ്രന്ഥവരി 81

46) ചെങ്ങമനാട്ടുവക കണ്ണൻദേവൻ ഊര്എഴുതി വാങ്ങിച്ചതിന് കണക്ക് 82

47) ഒരു സാക്ഷി മൊഴി 83





48) കുടിശ്ശിഖ എഴുതിതള്ളണം 94

49) പുത്തൻചന്തയ്ക്കുസമീപംതിങ്കളാഴ്ചതോറുംചന്ത 95

50) വാദ്ധ്യാന്മാർക്ക് ശമ്പളം നൽകണം. 97

51) 992 ലെ തിരട്ടുകരം - (5) 99

52) പന്തളംകൊട്ടാരത്തിലെ നിക്ഷേപം കണ്ടെത്തൽ 102

53) കോട്ടയം സിമനാരിയ്ക്ക് സംഭാവന 104

54) വെങ്കിട്ടരായർക്ക് ദിവാനുദ്യോഗം 105

55) നിയമനത്തിൽ സന്തുഷ്ടി 106

56) ഒരനുമോദനം 107

57) ഉടിയറമാട്മലയും കുമ്പനിക്കടവും 108

58) മൺറോയുടെ ശീമയിലേക്കുള്ളയാത്ര 109

59) ദോഷശങ്ക 112

60) ബഞ്ചമിൻബെയിലിക്ക്കരമൊഴിവ് 113

61) കണ്ണൻദേവൻമലയിലെ മുതലെടുപ്പ് 114

62) 993-ലെ തിരട്ടുകരം (6) 116

63) തടവുകാർക്ക് മലജലാദിസൗകര്യം 120

64) ആരോഗ്യസംരക്ഷണം 121

65) കല്യാണത്തിന് മാററുവിരിച്ചതിൽ പ്രായശ്ചിത്തം 123

66) ചിത്രശേഖരം 124

67) കല്ലടആററിൻ കലുങ്കുപണി 125

68) നിയമനവും നിബന്ധനയും 131

69) അപ്പീൽകോർട്ടിലെ കൃസ്ത്യൻ ജഡ്ജി 132

70) പാതിരി 'ബെൻ' പേർക്ക് അനുഭവം 133

71) കോട്ടയ്ക്കകംപട്ടാളആശുപത്രി 135

72) മിസ്റ്റർഇല്ലീസിന് സ്വീകരണം 136

73) പത്മവിലാസം പുരയിടം പുതുമനകാളിക്ക് 138
74) റസിഡൻറ് മക്ഡോലിന് അനുമോദനം 140
75) 994-ലെ തിരട്ടുകൾ- (7) 141
76) തൃക്കാരൂർ ഗ്രന്ഥവരി 145
77) ദിവാൻ വെങ്കിട്ടരായർക്ക് ദാനശാസനം 148
78) പെരുമനത്തുതന്ത്രിയ്ക്ക് വേലനിരോധനം 140
79) ആനക്കൊമ്പ് തിരികെ കിട്ടണം 150
80) 995-ലെ തിരട്ടുകൾ (8) 151
81) മോഹിനിയാട്ടത്തിന് പരിശീലനം 155
82) ഗൃഹംപണിവകയ്ക്കുള്ള മരങ്ങൾക്ക്
ചിലവെഴുതണം 157
83) നെയ്യാററിൻകര ചക്കിക്ക് ഭഗവാൻതാലികെട്ടിപ്പ് 158
84) കൃശിനിക്കാരന് ഇനാം. 159
85) വൈക്കം ദേവസ്വത്തിലെ പ്രായശ്ചിത്തനടപടി 160
86) ഒട്ടകം വിലയ്ക്കുവാങ്ങാൻ ഉത്തരവ് 162
87) 996-ലെ തിരട്ടുകൾ (9) 164
88) റസിഡൻറിൻെറ കത്ത് 168
89) ദിവാൻെറപേരിൽ അഴിമതി ആരോപണം 170
90) ഇളങ്കുന്നപ്പുഴക്ഷേത്രത്തിൽ പൂജമുടക്കം 172
91) 997-ലെ തിരട്ടുകൾ (10) 176
92) ദാസി രാമനാഥമാണിക്യം 180
93) വരദക്ഷിണയും വിവാഹപ്രായവും 181
94) 998-ലെ തിരട്ടുകൾ (11) 183
95) സംശയാലുക്കളെ പുറത്താക്കൽ 186
96) മുഖാമുഖം 188
97) 999-ലെ തിരട്ടുകൾ (12) 193





98) കന്നിയാപുരം-തിരുവനന്തപുരംതോടുവെട്ട് 196
99) 1000-ലെ തിരട്ടുകൾ (13) 199
100) ആലിയക്കോട്ട് തമ്പുരാന് കടംതീർപ്പാൻ 205
101) കോടതി വിധികൾ 206
102) 1001-ലെ തിരട്ടുകൾ (14) 207
103) ബിഷപ്പ് നിയമനം 209
104) വിലയ്ക്ക് വാങ്ങിയ ആഭരണങ്ങൾ 210
105) 1002 ലെ തിരട്ടുകൾ (15) 211
106) ചക്രം അടിപ്പിക്കുന്നതിന് വ്യവസ്ഥ 212
107) 1003-ലെ തിരട്ടുകൾ (16) 216
108) ദേവസ്വം ഉദ്യോഗങ്ങൾക്ക് നീട്ടും പിടിപാടും 219
109) സാക്ഷികൾക്ക് സമൻസ് 221
110) ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ ഇടയ്ക്കു
കൊട്ടിയ സേവ 222
111) കല്യാണച്ചിലവിന് അനുവാദം 224
112) സ്വാതിതിരുനാളിന് രാജ്യഭാരം 226
113) 1004-ലെ തിരട്ടുകൾ 227
114) പുത്തൻകോട്ട ശ്മശാനവികസനം 230
115) മുറിവേററ ആളിന് ദിനച്ചിലവ് 232
116) കരംപിരിവിൽ കശപിശ 233
117) ചക്രം അടിപ്പിക്കാൻ നിയമം 234
118) 1005.ലെ തിരട്ടുകൾ (18) 236
119) കൊച്ചിവക വസ്തുവിനെക്കുറിച്ചുള്ള പരസ്യം 238
120) പുതിയചെമ്പുകാശ് 239
121) അനധികൃതമായുള്ള കടകെട്ടൽ 240
122) 1006-ലെ തിരട്ടുകൾ (19) 241
123) വാരാപ്പുഴ ബിഷപ്പ് 245

ഏഴരപൊന്നാന തൂക്കം 245
124) കോടതിയും ശിക്ഷാവിധിയും 246
125) 1007-ലെ തിരട്ടുകരം (20) 248
126) തൊട്ടുതീററിച്ച് വിററതിന്ശിക്ഷ 254
127) 1008-ലെതിരട്ടുകരം (21) 255
128) പന്തളത്ത് പാർവത്യാർ നിയമനം 258
129) റോബർട്ട് എന്ന ഇംഗ്ലീഷദ്ധ്യാപകൻ 260
130) 1009-ലെ തിരട്ടുകരം (22) 261
131) ഇംഗ്ലീഷുപള്ളിക്കൂടത്തിനു സ്ഥലം 265
132) വിദ്യാർത്ഥികളുടെ ഫീസും അദ്ധ്യാപകൻെറ ശമ്പളവും 266
133) റോബർട്ടിനു താമസസ്ഥലം 267
144) 1010-ലെ തിരട്ടുകരം (23) 268
145) കൊച്ചമ്മവകയ ക്ക് ചിലവ് 273
146) തിരുമാസ അടിയന്തിരം 273
147) 1011-ലെ തിരട്ടുകരം (24) 273
148) റോബർട്ടിന് യാത്രപ്പടി 279
149) 1012-ലെ കണ്ടെഴുത്ത് 280
150) 1012-ലെ ജനസംഖ്യാ കണക്ക് 281
151) വസ്തുക്കളുടെ ഇനവിവരം 283
152) കരമനബംഗ്ലാവ് 287
153) ഏഷ്യാ ഭൂഖണ്ഡത്തെക്കുറിച്ച് വിവരണം 287
154) 1012-ലെ തിരട്ടുകരം (25) 291
155) ഇളങ്കുന്നപ്പുഴ ദേവസ്വംസംഗതിക്ക് ഗ്രന്ഥവരി 298
156) 1013-ലെ തിരട്ടുകരം (26) 300
157) തിരുവട്ടാർ അമ്മവീട് 303





158) പുതുമന അമ്മവീട്ടിൽ കാളിലക്ഷ്മിപ്പിള്ളയുടെ പരാതി 309
159) 1014-ലെ തിരട്ടുകരം (27) 311
160) ഉമ്മുതങ്കച്ചിയുടെ സങ്കടവര്യോല 320
161) വികലാംഗപെൻഷൻ 322
162) 1015-ലെ മുറജപവും ചട്ടവട്ടങ്ങളും 323
163) 1015-ലെ തിരട്ടുകരം (28) 339
164) സങ്കടകാര്യങ്ങൾക്ക് ഹർജി എഴുതേണ്ടവിധം 346
164) മുൻറസിഡൻറ്മാരുടെ പേരുവിവരം 347
166) 1016-ലെ തിരട്ടുകരം (29) 349
167) ഹജൂർരായസം (1016) 352
168) തിരുവനന്തപുരത്തുനിന്നുള്ള വഴിദൂരം 354
169) ശാസ്തമംഗലം എഴുന്നെള്ളത്ത് 355
170) പുകക്കപ്പൽ വകയ്ക്ക് ഉണ്ടിയൽ 356
171) 1017-ലെ തിരട്ടുകരം (30) 357
172) ഹജൂർരായസം (1017) 358
173) പ്രധാനഉദ്യോഗസ്ഥന്മാരുടെ പേരുവിവരം 360
174) 1018-ലെ തിരട്ടുകരം (31) 362
175) ഹജൂർരായസം (1018) 362
176) ദത്താവകാശത്തിനു പരസ്യം 364
177) 1019-മുതൽക്കുള്ള ആചാരവെടിക്രമം 365
178) 1019-ലെ ഹജൂർതിരട്ടുകരം (32) 366
179) ഹജൂർരായസം (1019) 370
180) കമ്പനി ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം 373
181 തിരുവിതാംകോട്ടുനടപ്പുനാണയം-കൊച്ചി നടപ്പുനാണയം, കാലവിവരം 374

182) 1020-ലെ ഹജൂർതിരട്ടുകൾ (33) 375

183) സർക്കാരിൻെറ ദർഘാസ് 379

184) 1021-ലെ ഹജൂർതിരട്ടുകൾ (34) 381

185) വാഹനനിയന്ത്രണം 387

186) പാതിരിമാരുടെപേരും ഇന്നദിക്കിൽ പാർക്കുന്നു........ 388

187) 989 മുതൽ 1022 വരെയുള്ള ദിവാൻജിമാരുടെ പേരുകൾ

188) ഹജൂർതിരട്ടുകൾ (35)

189) ഹജൂർരായസം

190) നാടുനീങ്ങൽ പ്രമാണിച്ച് ഇരയിമ്മൻതമ്പിയുടെ ശ്ലോകം




മുൻ തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടർ

ശ്രീ എ.എൻ. തമ്പി, ബി.എ. (ആക്സൺ) ബാർ-അറ്റ്-ലാ

(1892-1977)

അവർകളുടെ സ്മരണയ്ക്കുമുമ്പിൽ ഈ വിനീതോപഹാരത്തെ ഭക്ത്യാദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

**988 M.E. ★**

# സേവന ബാദ്ധ്യത മറക്കരുത്

(കർണൽ മൺട്രോ)

[ദിവാൻ ഉമ്മിണി തമ്പിക്കുശേഷം 986 മുതൽ ദിവാൻ റസിഡൻറായ കർണൽ മൺട്രോ സാമ്പത്തികരംഗം മെച്ചപ്പെടുത്താൻ തിരുവിതാംകൂറിൽ പലതും ആരംഭിച്ചു. റവന്യൂ, ജുഡീഷ്യൽ, മരാമത്ത്, കച്ചവടം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സമ്പദ് വ്യവസ്ഥയെ രക്ഷയുടെ പാതയിൽ കൊണ്ടുചെന്നെത്തിക്കാൻ അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചു. അവയെ ഭദ്രമാക്കുന്നതു സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുകയാണ് സർവ്വാധികാരികൾക്കുള്ള ഈ ഉത്തരവുകൊണ്ട് അദ്ദേഹം ചെയ്തിട്ടുള്ളത്. ഉദ്യോഗസ്ഥന്മാരുടെ സ്ത്യർഹമായുള്ള സേവനംകൊണ്ട് രാജ്യത്തിന്റെ യശസ്സു വർദ്ധിപ്പിക്കാൻ കഴിയുമെന്നും, മറിച്ച് കാര്യങ്ങൾക്ക് ഭംഗം വരുത്തുന്നപക്ഷം അവർക്ക് ഉദ്യോഗം നഷ്ടപ്പെട്ട് കനത്ത ശിക്ഷതന്നെ ഏൾക്കേണ്ടി വരുമെന്നും ഇതുമൂലം മൺട്രോ മുന്നറിയിപ്പു നൽകിയിരിക്കുന്നു.]

## ഉത്തരവുപകർപ്പ് :-

തന്നെ തോവാള-അഗസ്തീശ്വരം മണ്ടപത്തും വാതുക്കൽ സർവ്വാധികാര്യത്തിന് നിഷ്കർഷ ചെയ്തിരിക്ക കൊണ്ട് ഈ കല്പന കണ്ട ഉടൻ താൻ പുറപ്പെട്ട് മേലെഴുതിയ മണ്ടപത്തും വാതുക്കലുകളിൽ ചെന്ന് ആ രണ്ടു മണ്ടപത്തും വാതുക്കലും ഒള്ള കാര്യങ്ങളും കണക്കുകളും ഇതിനു മുമ്പിൽ കൊടുത്തയച്ചിരിക്കുന്ന ഉത്തരവുകളും തന്റെ വശത്തിൽ ഏററു കാര്യങ്ങൾ നടത്തേണ്ടും പ്രകാരത്തിന് താൻ കച്ചീട്ട് എഴുതി വച്ചിരിക്കുന്ന കാര്യങ്ങളും തനിക്കു തന്നിരിക്കുന്ന ഹുക്കുനാമാവും പ്രകാരം നടന്നുകൊള്ളുകയും വേണം. അതിൻവണ്ണം നടന്നാൽ തന്റെ പേരിൽ അഭിമാനം അധികമായിട്ട് ഒണ്ടായി ഏറിയൊരു ദിവസം ആ കാര്യത്തുങ്കൽ ഇരുന്ന് വിചാരിപ്പാൻ ഇട ഒണ്ടായി രാജ്യവും സുഭിക്ഷമായി കുടിയാനവന്മാരും സൗഖ്യമായിട്ട് ഇരിക്കയും ചെയ്യും. അതിനാൽ സംസ്ഥാനത്തെ യശസ്സും കീർത്തിയും വർദ്ധിച്ച് തന്റെ പേരിൽ ഏറിയ ദയവു ചെയ്തു നടത്തുവാനും ഇടവരുന്നതത്രെ ആകുന്നു.

അതിൻവണ്ണം തന്നെ വിചാരിച്ചു നടത്താതെ ഭേദങ്ങൾ വന്നാൽ സംസ്ഥാനത്തെ കാര്യങ്ങൾക്ക് അഴിമതിയും ദുർയശസ്സും വർദ്ധനയായി തീർത്ത് തന്റെ ഉദ്യോഗവും നീക്കി അപമാനം അനുഭവിപ്പാൻ ഇടവരും. താൻ നടത്തുന്ന

1 മണ്ടപത്തും വാതുക്കൽ - രാജ്യത്തിന്റെ ഓരോ അംശങ്ങൾക്കും പറയുന്ന പേര്

2 കച്ചീട്ട്-കടം വാങ്ങുന്നയാൾ എഴുതികൊടുക്കുന്ന രേഖ.

3 ഹുക്കുനാമാ-കല്പന, ആജ്ഞ



കാര്യം രഹസ്യമായിരിക്കയില്ല. താമസിയാതെ ആ മണ്ടപത്തും വാതുക്കലുകളിൽ താൻ നടത്തിയിരിക്കുന്ന കാര്യങ്ങൾ ശോധന ചെയ്യുമ്പോൾ എല്ലാ സംഗതികളും മറവു കൂടാതെ വെളിപ്പെടുന്നതാകകൊണ്ട് ആയതു മനസ്സിലുണ്ടായിട്ടു കാര്യങ്ങൾ ഒക്കെയും നേരാകുംവണ്ണം വിചാരിച്ചുകൊള്ളണം.

തന്റെ മണ്ടപത്തും വാതുക്കലുകളിൽ ഒള്ള ഉദ്യോഗസ്ഥന്മാർക്ക് ശമ്പളപ്പതിവിന് എഴുതിയിരിക്കുന്ന വരിയോല ഇതിനോടുകൂടി കൊടുത്തയച്ചിരിക്കുന്നു. ആ വരിയോല പ്രകാരം ഒള്ള ശമ്പളക്കാററല്ലാതെ അധികം ഒള്ളതൊക്കെയും നിറുത്തൽ ചെയ്ത് മേലെഴുതിയപ്രകാരം ഒള്ള ശമ്പളക്കാർക്ക് മാസംതോറും ശമ്പളം ഹജൂരിൽനിന്ന് വരുത്തികൊടുപ്പിച്ച് ശമ്പളത്തിലും പതിവിൻപടി അല്ലാതെ കൂടുതലും വ്യത്യാസം വരാതെ വിചാരിച്ചുകൊള്ളണം. തന്റെ മണ്ടപത്തും വാതുക്കൽ ചേർന്ന കേൾവി-അധികാരം-പ്രവൃത്തിക്കാറന്മാര്-തുറക്കാറന്മാര്-ഉൾപ്പെട്ടവരെക്കൊണ്ട് കാര്യങ്ങൾ നടത്തേണ്ടുംപ്രകാരത്തിന് താൻ ഇവിടെ കച്ചീട്ട് എഴുതി വയ്പിച്ച് അപ്രകാരം നടപ്പാൻ തക്കവണ്ണം ചട്ടം കെട്ടികൊള്ളണം. പണങ്ങൾ കുടിശ്ശിഖ ഏററം ഒണ്ടായിരിക്കകൊണ്ട് വകയൊള്ള കുടികളേയും, ഗതിയില്ലാത്ത കുടികളേയും ഒന്നുപോലെ ദൃഷ്ടി വയ്ക്കാതെ പണങ്ങളും കുടിശ്ശിഖകിടന്നുപോകാതെ ജാഗ്രതയായിട്ട് പിരിപ്പിച്ച് ദിവസംപ്രതിയും നടക്കുന്ന കാര്യങ്ങൾക്ക് ഹുക്കുനാമാപ്രകാരം നമുക്ക് എഴുതി അയച്ചുകൊള്ളണം.

988-ാമാണ്ട് ആവണിമാസം 2-ാംനു-

(മൺറോ)

പ്രവൃത്തിക്കാർ - ഒരു സർക്കാരുദ്യോഗസ്ഥൻ

തുറക്കാറന്മാര്-സങ്കേതത്തിലുള്ളവർ, നിശ്ചയിക്കപ്പെട്ടവർ

കേൾവി-പ്രധാനപ്പെട്ട വർത്തമാനം

അധികാരം-മേൽവിചാരം

# കർണൽ മൺട്രോയ്ക്ക് ഓണക്കോടി

നമുക്ക് സഹോദര തുല്യമായിരിക്കുന്ന കർണൻ സാഹേബ് അവർകൾക്ക്, വിശേഷാൽ ശ്രീപത്മനാഭന്റെ തിരുനാൾ വരുന്നതു ചിങ്ങമാസത്തിൽ തിരുവോണം ആക കൊണ്ടും മലയാളത്തിൽ ആഘോഷമായിട്ടുള്ള ദിവസം ആക കൊണ്ടും ശ്രീപത്മനാഭന്റെ പ്രസാദമായിട്ട് നമുക്ക് സ്നേഹമായിട്ടും വാത്സല്യമായിട്ടും കൂടെ ഒള്ള ആളുകൾക്ക് ഓണക്കോടി കൊടുക്ക മര്യാദ അത്രെ ആകുന്നു. അതിന്മണ്ണം നമുക്ക് സഹോദര തുല്യമായിരിക്കുന്ന കർണലിനും ബീവിസാവിനും കുഴന്തകൾക്കും പത്മനാഭന്റെ പ്രസാദം ഓണക്കോടി അരിക്കാരൻ നാഗയ്യൻ മുതൽ പേരുവശം കൊടുത്തയ്ക്കുന്നു. നാം സന്തോഷമായിട്ടു കൊടുത്തയ്ക്കുന്ന ഓണക്കോടി കർണലും ബീവിസാവും വാങ്ങിച്ചു നമ്മുടെ മനസ്സിനെ സന്തോഷിപ്പിക്കുകയും ചെയ്യുമല്ലൊ.

988-ാം മാണ്ട് ചിങ്ങമാസം 11-ാം നം-
ഗൗരി ലക്ഷ്മിറാണി മഹാരാജാ
(തുല്യം)

---

അരിക്കാരൻ:- രാജാവിന്റെ ശിപായി



ശ്രീ പത്മനാഭസേവിനി വഞ്ചിധർമ്മവർധിനി രാജരാജേശ്വരി റാണി ഗൗരി ലക്ഷ്മീഭായി (സ്വാതിയുടെ മാതാവ്)

# ബീബീസാവിന് ഓണക്കോടിയും ക്ഷേമാന്വേഷണവും

നമുക്ക് എത്രയും അന്യോന്യവിശ്വാസമായിട്ടു സഹോദര തുല്യമായിരിക്കുന്ന ബീബിസാവിന്

ബീബിസാവിനും കുഴന്തകൾക്കും ശരീരത്തിന് നല്ല സൗഖ്യമില്ലെന്ന് കുറഞ്ഞൊരു ദിവസത്തിനു മുമ്പിൽ കർണ്ണലിന്റെ കടദാസു എഴുതി വന്ന നാൾ മുതൽ രാപ്പകൽ നമുക്ക് മനസ്സിന് സുഖക്കേടായിരിക്കകൊണ്ട് ഇപ്പോൾ അവിടെവന്നു ബീബിസാവിനേയും കുഴന്തകളേയും കണ്ടുവരുന്നതിനായിട്ടു അരിക്കാററെ അയച്ചിരിക്കുന്നു. ബീബിസാവും കുഴന്തകളും സുഖമായിരിക്കണമെന്ന് ശ്രീപത്മനാഭസ്വാമിയുടെ സന്നിധിയിങ്കൽ നാം പ്രാർത്ഥിച്ചുവരികകൊണ്ട് സുഖസന്തോഷാദിശയങ്ങൾക്ക് കൂടെക്കൂടെ എഴുതി കൊടുത്തയച്ചു നമ്മെ സന്തോഷിക്കുകയും ചെയ്യുമല്ലോ. സ്നേഹമായിട്ടും വാത്സല്യമായിട്ടും ഒള്ള ആളുകൾ ചിങ്ങമാസത്തിൽ ഓണത്തിന് ഓണക്കോടി കൊടുക്ക ഇവിടെ മര്യാദ ഒള്ളതാകകൊണ്ട് അരിക്കാററുടെ പക്കൽ വസ്ത്രം കൂടെ കൊടുത്തയച്ചിരിക്കകൊണ്ടും ആയതും സന്തോഷമായിട്ടു കൈപ്പററുകയും വേണം.

988 ചിങ്ങം 11-ാംനു-

(തുല്യം)

# ശരീര രക്ഷയ്ക്കായി മരുത്വാമലയിൽ ഈശ്വര സേവ

നമുക്ക് സഹോദര തുല്യ............ അവർകൾക്ക്

നാം കിഴക്ക് ചെന്നതിന്റെ ശേഷം ഒന്നു രണ്ടു ദിവസം ശരീരത്തിനു കുറഞ്ഞൊന്നു സൗഖ്യമല്ലാതെ ഇരുന്നാറെ-മരുത്വാമലയിൽ ഒരു സ്വാമിയാരു ഇരിക്കുന്ന പ്രകാരം കേൾക്കകൊണ്ട് അവിടുന്നു വിഭൂതി വരുത്തിച്ചു ധരിച്ചതിന്റെശേഷം ഭേദമായിട്ടു കാണുക കൊണ്ടും പിന്നത്തതിൽ നിശ്ചയിച്ചത് എന്തെന്നാൽ ശരീരരക്ഷയ്ക്കായിട്ടു ഒരു യന്ത്രംകൂടെ എഴുതിച്ചു കൊടുക്കതെക്കവണ്ണമത്രേ ആകുന്നു. ആയതിന് അവിടെ അസാരവൃത്തി ഈശ്വരസേവയും, നൂറ് ആം ബ്രാഹ്മണരുവരേക്കും കാലുകഴികിച്ചൂട്ടും കഴിപ്പിച്ചു യന്ത്രം എഴുതി പൂജിച്ച് ധരിക്കേണ്ടതാകുന്നു എന്ന് കേൾക്കകൊണ്ടും നമ്മുടെ ശരീരത്തിന് കൂടക്കൂടെ സൗഖ്യക്കേട് ഉണ്ടാകകൊണ്ടും 15-ാം തീയതി മുതൽക്ക് അതിന്മണ്ണം തുടങ്ങിച്ച് യന്ത്രം എഴുതിക്കതെക്കവണ്ണം നിദാനം വരിത്തിയിരിക്കുന്നു. ഈ വ്യവസ്ഥയും കർണൽ ബോധിച്ചിരിക്കണമെന്ന് വച്ചത്രേ എഴുതി അയക്കുന്നത്. കുഞ്ഞിന്റെ കല്യാണത്തിന് നാളടുത്തിരിക്ക കൊണ്ടും വേണ്ടുന്ന കോപ്പുകൾ കിട്ടേണ്ടുന്നതിനു നിദാനം വരുത്തി വരുന്ന അവസ്ഥ കൊണ്ടും എഴുതി വന്നത് കണ്ടാറെ നമുക്ക് വളരെ സന്തോഷമാകയും ചെയ്തു

കർണലും താമസിയാതെ ഇവിടെ വരുമെന്ന് എഴുതിയിട്ടുണ്ടല്ലോ. ശേഷം ഒക്കെയും ഇവിടെ വന്നതിന്റെ ശേഷം പറഞ്ഞുകൊള്ളുകയും ആം.

988-ാം മാണ്ട്
കന്നിമാസം 21-ാംനു
(തുല്യം)



# നാണയമടിക്കാൻ അനുവാദം

നമുക്ക് സഹോദരതുല്യ............അവർകൾക്ക്

എത്രയും ബഹുമാനപ്പെട്ട ഗൗണർമെൻറിലും ബോധിച്ച് നമ്മെ സംസ്ഥാനത്തെ റാണിയാക്കി കീഴ്മര്യാദപോലെ ഒക്കെയും നടത്തിവരിക കൊണ്ട് കർണലിന് മനസ്സായിരുന്നാൽ ഇപ്പോൾ നമ്മുടെ പേരുതന്നെ മുദ്രയായിട്ടു ഒരു വക നാണയം കൂടി അടിപ്പിച്ചു ആയതു പ്രസിദ്ധപ്പെടുത്തിയാൽ കൊള്ളാമെന്ന് നമുക്ക് അപേക്ഷയായിരിക്കകൊണ്ടും കർണൽ കണ്ട് ബോധിക്കുന്നതിനായിട്ടു അടിപ്പിച്ചിട്ടുള്ള വരാഹൻ കൊടുത്തയക്കുന്നു. ഈ നാണയം യോഗ്യതയായിട്ടുള്ളതെന്നും ഇതിന്മണ്ണം അടിപ്പിച്ച് പ്രസിദ്ധപ്പെടുത്തണമെന്നും കർണലിനും മനസ്സായിരുന്നാൽ അപ്രകാരം നിദാനം വരുത്തി സന്തോഷപ്രകാരത്തിനു എഴുതി വരികയും ചെയ്യുമല്ലോ.

988-ാമാണ്ട് തുലാമാസം 14-ാംനു
(തുല്യം)

## ഒരു കല്ല്യാണചിലവ്

നമുക്കു സഹോദരതുല്യ............അവർകാക്ക്

കൊടുത്തയച്ച കടദാസ് വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. ദിവാൻ കേശവപിള്ളയുടെ കൂടെയിരുന്ന അരത്തമ്മപ്പിള്ള തങ്കച്ചിയുടെ വകയിൽ ഒരു കല്ല്യാണം ഒള്ള പ്രകാരം സങ്കടം ബോധിപ്പിച്ച് അവസ്ഥ കൊണ്ട് എഴുതി വന്നതിന് കല്ല്യാണച്ചിലവിൻെറ വകയ്ക്ക് പതിവിന്മണ്ണം ഒള്ളതിനെ കൊടുക്കത്തക്കവണ്ണം നിദാനം വരുത്തികൊള്ളുകയും ചെയ്യുമല്ലോ.

988 വൃശ്ചികം 22-ാംനു
(തുല്യം)

*നീട്ട് അനുവ്*

988-4-25

## ജഡ്ജിമാർക്കും ശിക്ഷ

തിരുവനന്തപുരം കോർട്ടിൽ 12 വയസ്സുള്ളതിൽ മൂന്നു പിള്ളേരെ-മണ്ണു ചുമപ്പിപ്പാൻ അയച്ച ജഡ്ജി പരമേശ്വരൻ പിള്ള, വാവാ ശാസ്ത്രി, ശങ്കരനാരായണ ദീക്ഷിതർ, ഇവർക്ക് 108 പണം പ്രായശ്ചിത്തം നിശ്ചയിച്ച് ഹജൂർ കോർട്ടുകാർ എഴുതിയതുപോലെ പ്രായശ്ചിത്തം പിടിപ്പാൻ 988-4-25 ലെ ഉത്തരവ്.



## പെണ്ണും പിള്ളയ്ക്ക് ചിലവിനു കൊടുക്കാൻ ഉത്തരവ്

ഇജ്ജി ദാസാർ ശിരസ്താകമ്മിട്ടിമാർ
ബഹിയത്ത ബാഷന്തദരവില്ല-.

എന്തെന്നാൽ വെള്ളിവില്ലാക്കാരൻ അബ്ദുൽ കാതർ എന്നവൻ അട്ടക്കുളങ്ങര കുഞ്ചാസാ എന്ന പെമ്പിള്ളയോട് 25 പണം കടം വാങ്ങിച്ചിരിക്കുന്നതും അവളോടു സ്നേഹം കാട്ടിയതിന് 15 പണവും വക 2-ൽ 40 പണം അവൻെറ ശമ്പളത്തിൽ നിന്നും പിടിച്ച് കുഞ്ചാസാ എന്ന പെണ്ണുംപിള്ളയ്ക്ക് കൊടുപ്പിച്ച് കൊള്ളണമെന്ന് അബ്ദുൽ കാതർ എന്നവൻ സമ്മതിച്ച് കച്ചീട്ട് വച്ചിരിക്കുന്ന പ്രകാരവും അപ്രകാരം കുഞ്ചാസാ എന്ന പെണ്ണുംപിള്ള വാങ്ങികൊള്ളാമെന്നു സമ്മതിച്ചിരിക്കുന്ന പ്രകാരം ഹജൂർ കോർട്ടുകാരു നമ്മെ ബോധിപ്പിച്ചിരിക്കകൊണ്ട് അപ്രകാരം അബ്ദുൽകാതരു എന്നവൻെറ ശമ്പളത്തിൽ നിന്നും 40 പണം പിടിച്ച് മേലെഴുതിയ കുഞ്ചാസാ എന്ന പെണ്ണുംപിള്ളയ്ക്ക് കൊടുപ്പിച്ചു കൊള്ളണം. എന്ന് 988-ാമാണ്ട് ധനു മാസം 7-ാംനു എഴുതിയത്.

മൺട്രോ സായ്പ് (സയിൻ)

---

വെള്ളിവില്ലാക്കാരൻ:- ജോലിയുടെ അടയാളമായ വെള്ളി വടിയോടു കൂടിയ ശിപായി

# വെള്ള നിറത്തിൽ കൊമ്പനാന

നമുക്ക് സഹോദര തുല്യ ..........................അവർകൾക്ക്

ഏറാനല്ലൂരു പ്രവൃത്തിയിൽ ചാത്തമററം മലയിൽ മുല്ലൻ കുററെ നീലകണ്ഠൻ മുതൽ പേരു എടുപ്പിച്ച കുഴിയിൽ ഒരു കൊമ്പനാന ഇറങ്ങിയതിനെ കെട്ടിക്കേററി കൊട്ടിലിൽ കൊണ്ടു വന്നു അടച്ച പ്രകാരവും ആ ആനയുടെ കണ്ണും ശരീരവും ആസകലം വെളുത്ത നിറമാകുന്നു എന്നും, മുവാററുപുഴ സർവാധികാര്യക്കാരൻെറ സാധനം എഴുതി വന്നയവസ്ഥ കൊണ്ട് കൊടുത്തയച്ച കടുദാസു വായിച്ചു കേട്ടതിൻെറ ശേഷം നമ്മുക്ക് വളരെ സന്തോഷമാകയും ചെയ്തു. എന്തു കൊണ്ടെന്നാൽ ബഹുമാനപ്പെട്ട കമ്പനിയാരും കർണലും സംസ്ഥാനത്തെക്കുറിച്ചും നമ്മെക്കുറിച്ചും ദയവോടും കൂടെ മനസ്സു വച്ചു സകലവും നടത്തിച്ചു വരിക കാരണത്താൽ ഇതിന്മണ്ണം ഗുണമായിട്ടുള്ള എണ്ണങ്ങൾ ദൈവഗത്യാൽ കാണ്മാനുള്ളതിൻെറ സംഗതി വന്നിരിക്ക ആകുന്നു. അല്ലാതെ വേറൊന്നു വിചാരിപ്പാനില്ലായ്ക കൊണ്ട് മേൽ എഴുതിയ ആനയുടെ കാടുവഴക്ക് തീർന്നതിൻെറ ശേഷം കർണലിൻെറ മനസ്സ് ഏതുപ്രകാരമെന്നാൽ അപ്രകാരമൊക്കെയും നടത്തുകയും നമുക്ക് സന്തോഷമത്രേ ആകുന്നു.

988-ാമാണ്ട് ഇടവമാസം 14-ാനു
(തുല്യം)

കാടുവഴക്ക്-ശല്യം



# കരം പിരിവ്–
# പുതിയ പരിഷ്ക്കരണം

988 ഇടവം 30

എല്ലാ മണ്ഡപത്തും വാതുക്കൽ സർവാധികാര്യക്കാറന്മാർക്കും കാര്യക്കാറന്മാർക്ക്യം പ്രവൃത്തികളിൽ കുടിയാനവന്മാർ ഒടുക്കുന്ന പണം ഉടനേ കണക്കിൽ എഴുതി പ്രവൃത്തിക്കാറനും, ചന്തിരക്കാറനും, പിള്ളമാരും കയ്യൊപ്പോടു കൂടെ പററുശീട്ടിയും കൊടുത്ത് പിരിയുന്ന പണം പെട്ടകത്തിൽ വച്ചുപൂട്ടി ഒരു താക്കോൽ പിള്ളമാരുടെ പക്കലും, ഒരു താക്കോൽ ചന്തിരക്കാരൻെറ പക്കലും വച്ചു സൂക്ഷിച്ചു പണം, ഖജനാവിൽ കൊടുത്തയച്ച് ഒടുക്കിച്ച് കൊള്ളത്തക്കവണ്ണം ഹുക്കുനാമാവും ഉത്തരവും കൊടുത്തയച്ച് ചട്ടം കെട്ടിയിരുന്നതിൻെറ ശേഷം ഇപ്പോൾ ഇവിടങ്ങളിൽ വന്ന കണക്കും ശോധന ചെയ്യിച്ചുകണ്ടാറെ അപ്രകാരം നടന്നു വരുന്ന അവസ്ഥകൾ ഒക്കെയും നല്ലപോലെ നമുക്ക് ബോധിപ്പാൻ ഇടവരികയും ചെയ്തു. ഇതല്ലാതെ പിരിഞ്ഞുവരുന്ന പണങ്ങൾ പ്രവൃത്തിക്കാറൻ, ചന്തിരക്കാരൻ, പിള്ളമാര് ഉൾപ്പെട്ട ആളുകൾ അവരവരുടെ സ്വകാര്യ ചിലവ് വകയ്ക്ക് ആവശ്യംപോലെ എടുത്ത് ചിലവിട്ടുകൊള്ളുകയും, മണ്ഡപത്തും വാതുക്കൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തയക്കയും അല്ലാതെയും അവർക്ക് ബോധിച്ച വകയ്ക്ക് ഒക്കെയും എടുത്ത് ചിലവിട്ടുകൊള്ളുകയും, പിന്നത്തതിൽ ആ വക പണം ചന്തിരക്കാരൻെറ പേരിൽ ഇരിപ്പായിട്ടു വരുമ്പോൾ, അവനു വകയും

ഇല്ലെന്നു നമുക്ക് എഴുതി ബോധിപ്പിച്ചു കൊള്ളുകയും, ഇപ്രകാരം ഒക്കെയും നടന്നുവരിക കാരണത്താൽ പണ്ടാരവകയ്ക്ക് വളരെ അപമാനവും മുതൽദോഷവും വന്നിരിക്കകൊണ്ട് മേലുള്ളതിനു അതിന്മണ്ണം വരാതെയിരിക്കേണ്ടുന്നതിനായിട്ടു ഉത്തരവു കൊടുക്കുന്നത് എന്തെന്നാൽ-പ്രവൃത്തികളിൽനിന്നും പിരിഞ്ഞുവരുന്ന പണത്തിന്റെ മുതലിനും ചിലവിനും പ്രവൃത്തിക്കാറനും, പിള്ളമാർക്കും ചുമതല അല്ലാതെ ചന്തിരക്കാറനു യാതൊരു ചുമതലയും ഇല്ല. ദേവസ്വം ചിലവ്, ഊട്ടു ചിലവ്, തച്ചിലവ് ഉൾപ്പെട്ട വകയ്ക്ക് ഖജനാവിൽനിന്നും രൊക്ക പണമായിട്ടു കൊടുത്തുവരികകൊണ്ടും പ്രവൃത്തികളിൽ പിരിയുന്ന പണത്തിൽ ഒരു വകയ്ക്കും ചിലവിടുവാൻ ആവശ്യം ഇല്ലായ്കകൊണ്ടും അഞ്ചു ദിവസത്തിൽ ഒരിക്കൽ ദിവസ വര്യോല പ്രകാരം പിരിഞ്ഞു വരുന്ന പണം ശരിവരെ മണ്ടപത്തുംവാതുക്കൽ വരുത്തി ഒടുക്കിച്ചുകൊള്ളുകയും വേണം. ഒരു സമയത്തിൽ കല്പനപ്രകാരമെങ്കിലും അല്ലാതെ പണ്ടാരവകയ്ക്ക് അത്യാവശ്യമായിരിക്കപ്പെട്ട വകയ്ക്ക് എങ്കിലും പണം ചിലവിട്ടാൽ ആ വക പണം ദിവസ വര്യോലയിൽ ചിലവെഴുതിക്കൊടുത്തയപ്പാനുള്ളതല്ലാതെ ഇരിപ്പായിട്ടു എഴുതുവാൻ ആവശ്യമില്ലായ്കകൊണ്ട് അതിന്മണ്ണം ചെലവു ചെയ്യുന്ന പണം ദിവസവര്യോലയിൽ കൂട്ടി ചിലവെഴുതിച്ച് കൊടുത്തയച്ചു കൊള്ളണം. ആയതല്ലാതെ ദിവസ വര്യോലയിൽ ഇരിപ്പ് എഴുതി കൊടുത്തയച്ചാൽ ആ വക പണം നാലിരട്ടി കൂട്ടി പ്രവൃത്തിക്കാറരേയും പിള്ളമാരേയുംകൊണ്ട് കെട്ടിവയ്പിക്കയും ചെയ്യും. മണ്ടപത്തുംവാതുക്കൽ കാര്യക്കാറന്റേയും തിരുമുഖം പിടിച്ച പിള്ളമാരുടേയും അലുവൽ എന്തെന്നാൽ മേലെഴുതിയപ്രകാരം

---

അലുവൽ- തൊഴിൽ, വേല



അതാതു പ്രവൃത്തികളിൽ നടന്നു വരുന്ന അവസ്ഥയും നടക്കാതെയിരിക്കുന്ന അവസ്ഥയും അറിയേണ്ടുന്നതിന് എട്ടു ദിവസത്തിനൊരിക്കൽ അതാതു പ്രവൃത്തികളിൽ ചെന്നു വിചാരണ ചെയ്തു പണം കാശു പിരിക്കേണ്ടുന്നതിനു ചട്ടംകെട്ടി ആയവസ്ഥയ്ക്ക് എഴുതി ബോധിപ്പിച്ചു കൊള്ളുകയും വേണം. ഈ ഉത്തരവു പ്രകാരം നടന്നുവരുന്ന അവസ്ഥ നാം വിചാരണ ചെയ്യുമ്പോൾ ഒരു കൂട്ടം കാര്യം എങ്കിലും അപ്രകാരം നടക്കാതെയിരുന്നാൽ ആ കാര്യക്കാറനേയും തിരുമുഖം പിടിച്ച പിള്ളയേയും കൊണ്ട് ഉത്തരവാദം ചെയ്യിക്കയും ചെയ്യും. മണ്ടപത്തുംവാതുക്കൽ പിരിഞ്ഞു വരുന്ന പണം ഉത്തരവില്ലാതെ ഒരു വകയ്ക്ക് ചിലവിടുവാൻ ആവശ്യംഇല്ലായ്കകൊണ്ട് ദിവസ വര്യോല പ്രകാരം പിരിഞ്ഞു വരുന്ന പണം ശരിവരെ 15 ദിവസത്തിനൊരിക്കൽ ഖജനാവിൽ കൊടുത്തയച്ചു ഒടുക്കിച്ചുകൊള്ളണം. മണ്ടപത്തുംവാതുക്കൽ നിന്നും ഉത്തരവുപ്രകാരം അല്ലാതെ പണ്ടാരവകയ്ക്ക് അത്യാവശ്യംപോലെയും ചിലവിടുന്ന പണം ഉടൻതന്നെ ദിവസ വര്യോലയിൽ ചിലവെഴുതിച്ചു കൊടുത്തയച്ചുകൊള്ളുകയും വേണം. മണ്ടപത്തുംവാതുക്കൽ പിരിഞ്ഞുവരുന്ന മുതലിനു ചുമതല കാര്യക്കാർക്കും, തിരുമുഖം പിടിച്ച പിള്ളമാർക്കും ആകകൊണ്ട് പ്രവൃത്തികളിൽനിന്നും ഒടുക്കുന്ന പണത്തിന് കാര്യക്കാറരിടേയും തിരുമുഖം പിടിച്ച പിള്ളയുടേയും മുതൽപിടിക്കാറന്റേയും കയ്യൊപ്പിട്ടു പററു ശീട്ടിയും കൊടുത്ത് പണം പെട്ടകത്തിൽ വച്ചുപൂട്ടി ഒരു താക്കോൽ കാര്യക്കാറരിടെ പക്കലും, ഒരു താക്കോൽ തിരുമുഖം പിടിച്ച പിള്ളമാരുടെ പക്കലും വച്ച് സൂക്ഷിച്ചു കൊള്ളണം. ഇപ്രകാരം അല്ലാതെ ഒരു ചക്രംപോലും മുതൽപിടിക്കാരന്റെ പേരിൽ

ഇരിപ്പായിട്ടു എഴുതി കൊടുത്തയച്ചാൽ മേലെഴുതിയ പ്രകാരം പണവും കെട്ടിവയ്പ്പിച്ച് അതിനു ചേരുന്ന ശിക്ഷയും നടക്കയും ചെയ്യും. മററുള്ള കാര്യങ്ങൾക്ക് ഒക്കെയും ഇതിനുമുമ്പിൽതന്നെ കൊടുത്തയച്ചിരിക്കുന്ന ഹുക്കുനാമാവിൽ എഴുതിയിരിക്കകൊണ്ട് അപ്രകാരം വിചാരിച്ചു നടന്നുകൊള്ളണം. ഈ എഴുതിയിരിക്കുന്നപ്രകാരം നടക്കാതെ ആരെങ്കിലും ഭേദമായി നടന്നാൽ അയാളുടെ ജീവപര്യന്തം തടവിൽ ഇരിക്കത്തക്കവണ്ണം ശിക്ഷയും ചെയ്യിച്ചു ഉദ്യോഗത്തിൽനിന്ന് നീക്കുകയും ചെയ്യും.

988 ഇടവം 30-ാനു
കർണൽ മൺട്രോ



# ഉപ്പളം സത്യപ്രതിജ്ഞ

ഈശ്വരസന്നിധാനത്തിങ്കൽ നിന്നു പ്രസിദ്ധമായിട്ടു സത്യം ചെയ്യുന്ന സത്യവാചകം എന്തെന്നാൽ, തിരുവനന്തപുരത്തു ഉപ്പിട്ടുവിക്കും സ്ഥലത്ത് ഉപ്പുവിചാരിപ്പിനു എന്നെ കല്പിച്ചാക്കിയിരിക്കകൊണ്ട് പണ്ടാരകാര്യത്തിന് വീഴ്ചയും കുറവും വരാതെ മേലെഴുതിയ സ്ഥലത്തിൽ ഉപ്പു അളവേററു മുതൽ ചെയ്യുന്ന വകയിൽ വ്യാജ വ്യത്യാസം കൂടാതെ കല്പനപ്രകാരവും ഹുക്കുനാമാപ്രകാരവും താല്പര്യമായി വിചാരിച്ചു നടന്നുകൊള്ളുകയും ചെയ്യാം. കല്പിച്ചു തരുന്ന ശമ്പളം കൂടാതെ പണ്ടാരവകമുതലുകൾ വല്ലതും എടുത്തു പററുക, കയ്ക്കൂലി, സമ്മാനം, മുതലായ വല്ലതും വാങ്ങുക എങ്കിലും, വാങ്ങിക്ക എങ്കിലും, ഉപ്പു വിററു മുതൽ ചെയ്യുന്ന കാര്യത്തിൽ വല്ല വ്യാജ വ്യത്യാസം കാട്ടുക എങ്കിലും ചെയ്കയുംഇല്ലാ. ഇപ്രകാരം സത്യം ചെയ്യുന്നു. ഇതിനു ഈശ്വരൻ സാക്ഷി.

988 മിഥുനം 3-ാനു

# റാണിയുടെ ഉൽക്കണ്ഠ

നമുക്ക് സഹോദരതുല്യ............അവർകൾക്ക്,

നമ്മുടെ ശരീരത്തിന് നാലെട്ടു ദിവസം കുറഞ്ഞൊന്നു സൗഖ്യമില്ലാതെയിരുന്നതിനു കുറഞ്ഞൊന്നു സൗഖ്യമായെന്നിരിക്കുന്ന സമയത്തു കർണലിനു ശരീരത്തിനു കുറഞ്ഞൊന്നു സുഖക്കേടാകുന്നു എന്നും അതുകൊണ്ട് കുററാലത്തു പത്തുപതിനഞ്ചു ദിവസത്തെ താമസംകൂടെ ഒണ്ടായി വരുമെന്നും മഹാശിംകു കില്ലെദാർക്കു ഒന്നു എഴുതിവന്ന പ്രകാരം കില്ലേദാരു നമ്മോടു പറകകൊണ്ട് നമക്കു കുറേ ദിവസം സൌഖ്യമില്ലാതെയിരുന്നതിനെക്കാളും അധികമായിട്ടു വ്യസനം തോന്നുകകൊണ്ട് അവിടെ വന്നു കണ്ടു ശരീരസ്ഥിതിയുടെ അവസ്ഥ ഇവിടെവന്നു നമ്മെ ബോധിക്കുന്നതിനായിട്ടു ഇവിടെ കൂടെനിൽക്കുന്ന വിചാരിപ്പു ടാക്കുരാനേയും അരിക്കാററേയും അയച്ചിരിക്കുന്നു. ഇവിടെ വന്നിരുന്ന ടാക്കുത്തൊരടെ ചികിത്സക്കു കർണലിനു മനോവിശ്വാസം ഒള്ളതാകകൊണ്ട് ഇപ്പോൾ ചികിത്സിപ്പിച്ചുവരുന്നതും അയാളെക്കൊണ്ട് തന്നെ ആയിരിക്കുമല്ലോ. നമുക്കു മിത്രമായിട്ടു കർണലിനെ 'തവിര', വേറെ ആരുംതന്നെയില്ലായ്കകൊണ്ട് ഇപ്പോൾ കർണലിനു ഒണ്ടായിരിക്കുന്ന ഉപാധിയും മാറി സുഖമായിട്ടിരിക്കേണമെന്ന് ഭഗവാനോട് നാം പ്രാർത്ഥിച്ചു വരികകൊണ്ടും ശരീരസ്ഥിതിയുടെ അവസ്ഥയ്ക്കും വർത്തമാനത്തിനും മറുപടിയും കൊടുത്ത് ടാക്കൂരാൻ മുതൽപേരെ താമസിയാതെ ഇങ്ങോട്ടയക്കുകയും വേണം.

(തുല്യം)
988-11-26

---

തവിര - കൂടാതെ



# സ്വാതി തിരുനാളിന് രാജ്യാവകാശം

നമുക്കു സഹോദരതുല്യ............അവർകൾക്ക്,

അരിക്കാരുടെ പററിൽ കൊടുത്തയച്ച കടദാസ് 30-ാനു- ഇവിടെ കൊണ്ടുവന്നു വായിച്ചുകേട്ടു അവസ്ഥയും അറിഞ്ഞു. നമ്മുടെ ഗർഭസ്ഥനായിട്ടു ഇപ്പോൾ ഒണ്ടായിരിക്കുന്ന കുഞ്ഞിനു പട്ടം കെട്ടേണ്ടുന്ന സംഗതിക്ക് ഗൗണർമെണ്ടിലേക്ക് എഴുതി അയച്ചാറെ-അവിടെനിന്നും രാജ്യത്തിനു അവകാശം കുഞ്ഞിനുതന്നെ എന്നും അവനു പ്രാപ്തി ആവോളം നമ്മുടെ കല്പന പ്രകാരം വിചാരിച്ചു കൊള്ളത്തക്കവണ്ണവും ഗൗണർമെണ്ടിൽനിന്നും നിശ്ചയിച്ച മറുപടി എഴുതി വന്നിരിക്കകൊണ്ട് രണ്ടുമൂന്നു ദിവസത്തിനകം കർണൽ തന്നെ തിരുവനന്തപുരത്തു വന്നു നമ്മെയും കണ്ടു പട്ടംകെട്ടു(പൊടിവ്) കെ (പൊടിവ്) സം ഒണ്ടെന്നു വരികിൽ അവിടെനിന്നും തന്നെ വിളംബരം എഴുതിച്ചു കൊടുത്തയച്ചു പ്രസിദ്ധപ്പെടുത്തതക്കവണ്ണവും നിശ്ചയിച്ചിരിക്കുന്നു എന്നും എഴുതിയിരിക്കകൊണ്ട് നമുക്കു വളരെ സന്തോഷമാവുകയും ചെയ്തു. ആയതു എന്തുകൊണ്ടെന്നാൽ എന്നെന്നേയ്ക്കും രക്ഷിതാവായിട്ട് ഇരിക്കേണ്ടുന്നതിനു ഇപ്പോൾ കാണപ്പെട്ട ആളുകളിൽ ബഹുമാനപ്പെട്ട ഇംകിരേസു കൊമ്പഞ്ഞിക്ക് സമം സത്യവും, ന്യായവും ധർമ്മാധർമ്മ വിചാരവും ഒണ്ടായിട്ടു മററാരും തന്നെ ഇല്ലെന്നു അവതാര ശക്തി എന്നപോലെ എഴുന്നള്ളിയിരുന്ന അമ്മാവന്മാർ ഒള്ളപ്പോൾ തന്നെ മനപ്പൂർവമായിട്ടു കരുതി നിശ്ചയിച്ചു കൊമ്പഞ്ഞിയെ മിത്രമായിട്ടു വച്ചിരിക്ക കൊണ്ടും അങ്ങനെയുള്ള ഇംകിരേസു ഗൗണർമെണ്ടിലേയ്ക്കും ഈ പരമാർത്ഥബോധം ഒണ്ടായിട്ടു ഇപ്പോൾ

ഈ സംസ്ഥാനത്തെക്കുറിച്ചും ഈ ആളുകളെക്കുറിച്ചും ദയവു വച്ചു സന്തോഷമായിട്ടു വിചാരിച്ചു സംരക്ഷണം ചെയ്തുവരുന്ന കർണ്ണലിനും ഹിതമായിട്ടു നടത്തുന്ന എണ്ണങ്ങൾ ഒക്കെയും നമുക്ക് സന്തോഷമാകകൊണ്ടും എഴുതി വന്നിരിക്കുന്നതിന്മണ്ണം കർണ്ണലും കൂടെ ഇവിടെ വന്നിരുന്നുംകൊണ്ടുതന്നെ പ്രസിദ്ധം ചെയ്യണമെന്നത്രേ നമുക്ക് മനസ്സാകുന്നത്. അതിന്നിപ്പോൾ കർണ്ണലിനു ശരീരത്തിന് കുറേ സൗഖ്യമില്ലാതെ ഇരിക്കകൊണ്ടും ശുഭമായിട്ടുള്ള കാര്യങ്ങൾക്ക് ആടിമാസം (കർക്കടകം) വർജ്ജിക്കേണ്ടതാകകൊണ്ടും ഭഗവൽ കൃപകൊണ്ടു ശരീരത്തിനു നല്ല സൗഖ്യമായി ആവണിമാസം (ചിങ്ങം) ആദിയിങ്കലേക്കു കർണ്ണലും കൂടെ വന്നിട്ടു ഇക്കാര്യം പ്രസിദ്ധം ചെയ്തു കൊള്ളുകയും ആം. കർണ്ണലിൻെറ ശരീര സ്ഥിതിയുടെ അവസ്ഥയ്ക്കും വർത്തമാനത്തിനും കൂടെക്കൂടെ എഴുതി വരികയും വേണം.

(തുല്യം)

988-ാമാണ്ട് മിഥുനമാസം 30-ാന്-



# ഉദ്യോഗ ലബ്ദിയിൽ സന്തുഷ്ടി

നമുക്കു സഹോദരതുല്യ...........അവർകൾക്ക്,

കൊടുത്തയച്ച കടദാസു വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. ബീവിസാവിൻെറ സഹോദരമായിരിക്കുന്ന കപ്പിത്താൻ വിളാക്കരിനെ കർണ്ണലിൻെറ അജിസ്സണ്ടായിട്ടു ബഹുമാനപ്പെട്ട ഗൗണർമെൻറിൽ നിന്നും നിശ്ചയിച്ച് ഉത്തരവു വന്നിരിക്കുന്ന അവസ്ഥ കൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. നമ്മുടെ മനസ്സിനു സന്തോഷം വയ്ക്കുന്നതിന് ഇത്രനാളും ഒരു ശരീരമായിരുന്നു ഇപ്പോൾ രണ്ടു ശരീരം സഹോദരം പോലെ, ആകകൊണ്ട് വളരെവളരെ സന്തോഷമാകയും ചെയ്തു.

കർണ്ണലും താമസിയാതെ ഇവിടെ വരുമല്ലോ. വരുമ്പോൾ വിളാക്കാറിനേയും കൂടെ തന്നെ കൂട്ടിച്ചുകൊണ്ടും വരികയും ചെയ്യുമല്ലോ.

(തുല്യം)

988-ാമാണ്ട് കർക്കടകമാസം 27-ാന്-

കൊ. വ: 988

# ഹജൂർ തിരട്ടുകൾ 1

1) കൊളംബിൽ ഗവൺമെൻറിലേക്ക് അമ്പലപ്പുഴ കണ്ടുകൃഷിയിൽനിന്നും 80000 പറ നെല്ല് കച്ചവടം വകയിൽ അളന്ന് ഉരുക്കളിൽ കേററി കൊടുത്തയച്ചു കൊളംബിൽ എത്തിച്ച് കൊള്ളണമെന്ന് 987 ആടി 31-ാംതീയതി എഴുതിവന്ന കൽപ്പനപ്പടി 988-2-3-ാംനു-മുതൽ കാർത്തികമാസം (വൃശ്ചികം) 2-ാംനു-വരെ അളവേററ നെല്ല് 70201 പറയ്ക്ക് വിലത്തരം പണം 74363¾.

[ഓരോ പ്രവൃത്തികളിൽ വ്യാജങ്ങളും നടന്നത് ഹജൂരിൽനിന്നും പിള്ളമാരെ അയച്ചു ശോധന ചെയ്യിച്ച് വന്ത്യോല വരുത്തി നെല്ലും പണവും പിരിച്ചതായി അധികമുതൽ കാണുന്നു].

2) ആലപ്പുഴ പ്രവൃത്തിയിൽ ആയക്കെട്ടിൽ (നിലംപുരയിടങ്ങളുടെ കണക്ക്) കൂടാതെ തണ്ടപ്പേരുംപടിയുള്ള പണം പ്രവൃത്തിക്കാറന്മാർ (പാർവത്യകാർ) പിള്ളമാർ (കണക്കെഴുത്തുകാർ) ചന്ത്രക്കാറന്മാർ (മുതൽപിടിച്ചു ചെലവിടുന്ന ഉദ്യോഗസ്ഥൻ) ഉൾപ്പെട്ടവര് വ്യാജമായി പിരിച്ചെടുത്തതിന് കണക്കപ്പിള്ളമാരെ ഹജൂരിൽ 979 മുതൽ 987 മാശി (കുംഭം) വരെ കണക്കുശോധന ചെയ്ത് മുതൽ ഒള്ള പണത്തിന് ഇരട്ടിക്കൂട്ടികെട്ടി വയ്പിക്കുന്നതിന് ശമ്പള വീതം പോലെ ഏൾപ്പിച്ച് കച്ചീട്ടും എഴുതി വയ്പിച്ചതാകപേർ 30-ൻ പേരിൽ പണം 20727¼.

3) ആലപ്പുഴ കച്ചവടംവക ആനയെ മൂവാററുപുഴകൊണ്ടു നിർത്തിയിരിക്കുമ്പോൾ ഉത്തരവു കൂടാതെ വേല എടുപ്പിച്ച മൂവാററുപുഴ മണ്ഡപത്തും വാതുക്കൽ കാര്യം വിചാരിച്ച കൃഷ്ണപിള്ളയെക്കൊണ്ട് നാം 72-ക്ക് കൂലിപണം 1250 ക്ക് ഇരട്ടിക്കൂട്ടിക്കെട്ടി വയ്പിച്ചതാക മുതൽ പണം 2500.



4) കീരിക്കാട്ടു കാരാപ്പള്ളിൽ വീട്ടിൽ കണക്കു മാതേവൻ രാമൻപേരിൽ ടിയാൻ പ്രവൃത്തി ഭരിക്കുമ്പോൾ കുടികളോടു കയ്ക്കൂലി പററിയതാക പണം 317¼ ക്ക് അരവാശിക്കൂട്ടികെട്ടി വയ്പിച്ച മുതൽ പണം 3124.

5) ഓണം തുരുത്തിൽ വേട്ടൂർ ഭട്ടതിരിയുടെ ഇല്ലത്ത് ദോഷശങ്ക ഒണ്ടായ സ്ത്രീജനങ്ങളെ വിററു മുതൽക്കൂട്ടിയതാക പണം 364.

6) മാവേലിക്കര കോർട്ടിൽ മാന്നാത്ത് പ്രവൃത്തിയിൽ കുട്ടംപേരൂർ മുറിയിൽ മല്ലാട്ടുചേരിപറമ്പിൽ ഈഴം കാളി എന്നവൻ ടി പറമ്പിൽ പാർക്കുന്ന കുഞ്ചുമര്യാം എന്ന പെണ്ണുംപിള്ളയുടെ മകൻ ആറു വയസ്സുള്ള കൊച്ചനെ വെള്ളത്തിൽ മുക്കികൊന്ന പിഴയ്ക്ക് ടി ഈഴംകാളി എന്നവനെ കല്പനപ്പടി വിററു മുതൽ പണം 40.

7) തിരുമനസ്സിലേക്ക് (ലക്ഷ്മീറാണി) തിരുഗർഭം ഒണ്ടായിരിക്കുമ്പോൾ 6-ാമതുമാസം പള്ളിപ്പാവയിൽ ക്രിയ തുടങ്ങി നടന്ന വകയ്ക്ക് പൊലിവിന് എഴുന്നെള്ളത്തോട് പാർക്കുന്നവരുടെ ശമ്പളം വകയിൽ പേർ ഒന്നിന് പണം ഒന്നുവീതം പിടിച്ച് മുതൽക്കൂട്ടി കൊള്ളത്തക്കവണ്ണം കല്പന വരികയാൽ മേപ്പടിയിൽ വരവു മുതൽപണം 553.

8) തിരുമനസ്സുകൊണ്ട് തിരുവയർ വാർന്നോർവരേയും ദാനം, ദക്ഷിണ, ഉൾപ്പെട്ട വകയ്ക്ക് ചിലവു പണം 19867¾.

9) തിരുവനന്തപുരം കോർട്ടിൽ 12 വയസ്സുള്ളതിൽ മൂന്നു പിള്ളേരെ മണ്ണു ചുമപ്പിപ്പാൻ അയച്ച ജഡ്ജി പരമേശ്വരൻപിള്ള, വാവാശാസ്ത്രി, ശങ്കരനാരായണ ദീക്ഷിതർ, ഇവർക്ക് 108 പണം പ്രായശ്ചിത്തം.

10) ഉത്രട്ടാതി തിരുനാൾ ആററിങ്ങൽ ഇളയ തമ്പുരാന് (പാർവതീ റാണി) തൈമാസം (മകരം) 2-ാം തീയതി പള്ളിക്കെട്ട് നിർവഹിക്കയാൽ കന്യാദാനം, ഗോദാനം, ഗുരുദക്ഷിണ സർവാണി ഉൾപ്പെട്ടവകയ്ക്ക് ചിലവു പണം 17638¾
പള്ളിക്കെട്ടു കഴിച്ച കിളിമാനൂർ കോയിതമ്പുരാന് കല്പിച്ചു കൊടുത്ത ചന്ദ്രക്കാവി ഉറുമാൻ ഒന്നുക്ക് വിലപ്പണം 252.

11) വലിയ തമ്പുരാൻ തിരുമനസ്സു കൊണ്ട് (ലക്ഷ്മീ റാണി) ചിത്തിര മാസം (മേടം) 6-ാം തീയതി ചോതി നക്ഷത്ര ദിനത്തിൽ തിരുവയർവാണ് ആൺവഴി തമ്പുരാൻ ഉണ്ടാകയാൽ കോട്ടയ്ക്കകത്ത് 4 തെരുവീഥിയിലും കുലാൽവണ്ടിയിൽ പഞ്ചസാര കേററി-നകരാവും അടിപ്പിച്ച് പഞ്ചസാര വിളമ്പിച്ച വകയ്ക്ക് ചിലവു പഞ്ചസാര തുലാം 51 ക്ക് ചിലവു പണം 803¼.

12) ചോതി തിരുനാൾ കൊച്ചുതമ്പുരാൻ തിരു അവതാരം ചെയ്തരുളിയ സംഗതിക്ക് തിരുവെഴുത്തു കൊണ്ടു ചെന്ന് ധാര അവർകൾക്ക് കൊടുത്ത ഹരിക്കാരൻ കരമന രാമസ്വാമി അയ്യന് ഇനാം രൂപ 100ക്ക് 6¾ വിലയ്ക്ക് 681¼.

13) വലിയ തമ്പുരാൻ തിരുമനസ്സു കൊണ്ട് വൈകാശി മാസം (ഇടവം) 16-ാംതീയതി തേവാരത്തു കോയിക്കൽ നിന്നും പ്രസവം കഴിഞ്ഞ് വലിയ കൊട്ടാരത്തിൽ



എഴുന്നെള്ളിയ ദിവസം മതിലകത്ത് ചിറപ്പും, ചുററുവിളക്കും കഴിപ്പിച്ച വകയ്ക്ക് ചിലവുപണം 402¼.

14) ചോതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ കൊച്ചുതമ്പുരാനു വേണ്ടി ദാനം മുതലായ വകയ്ക്ക് ചെലവു പണം 72.

15) മരുത്വാമലയിൽവച്ച് ടിയിൽ പാർക്കുന്ന യോഗീശ്വര സ്വാമിയാരെക്കൊണ്ട് ഈശ്വരസേവ കഴിപ്പിച്ചതിന് പണം 1347.

16) മഹാശിങ്കുകിലേദാരിടെ കനക്കായി മതിലകത്ത് പഞ്ചാമൃതം, നിവേദ്യം വകയ്ക്ക് ഉത്സവമാംവകയിൽ നിന്നും കോപ്പുകൾ കൊടുപ്പിച്ചതിന് പകരം ടിയാരുടെ ശമ്പളത്തിൽ നാളൊന്നു രണ്ടു പണംവീതം ആടി മൂന്നാം തീയതി മുതൽ 32-ാം തീയതിവരെ പിടിച്ചു മുതൽ വന്ന പണം 60.

17) തൃശ്ശിവപേരൂർ - മുകുന്ദപുരം - ഉൾപ്പെട്ട പ്രദേശങ്ങളിൽ കൊലപാതകംചെയ്തും മോഷ്ടിച്ചും പാർത്തുവരുന്നവരുടെ സ്ത്രീകളേയും, കുട്ടികളേയും, ആലപ്പുഴ വരുത്തി കാവലിൽ വയ്പിച്ചതിന് ചിലവിനു കൊടുത്ത പണം 351½.

18) തിരുവനന്തപുരം കൊട്ടാരത്തിൽ മണിസൂത്രം വേല അന്തോനി കിരാത്തിയാൻ തിരുമുമ്പിൽ വച്ച് ചീങ്കുഴൽ വായിക്കയാൽ ഇനാം കൊടുത്ത രൂപാ 15.

**989 M. E.**

## ഓണക്കോടി

നമുക്കു സഹോദര തുല്യമായിരിക്കുന്ന കർണൽ സാഹേബ് അവർകൾക്ക്,

ചിങ്ങമാസത്തിൽ തിരുവോണം പത്മനാഭസ്വാമിയുടെ തിരുനാളാകകൊണ്ടും ഓണക്കോടി ഭഗവൽ പ്രസാദമായിട്ടുള്ളതാകകൊണ്ടും കർണലും ബീവിസാവിനും കുഞ്ഞുങ്ങൾക്കും പിന്നേയും വാത്സല്യമായിരിക്കുന്ന കപ്പിത്താൻ വിളാക്കറിനും ഓണക്കോടി വസ്ത്രം മാറമംഗലം സുബ്ബയ്യന്റെ പക്കൽ കൊടുത്തയക്കുന്നു. ഭഗവാന്റെ പ്രസാദം ആകകൊണ്ട് വാങ്ങിക്കുന്നതു നമുക്കു വളരെ സന്തോഷം. കർണലിന്റെ ക്ഷേമസന്തോഷങ്ങൾക്കും എഴുതി കൊടുത്തയക്കുകയും ചെയ്യുമല്ലോ.

(തുല്യം)

989-ാമാണ്ട് ചിങ്ങമാസം 28-ാനു



## നൈയിനാപിള്ളയുടെ പേർക്ക് അടുത്തൂൺ

നമുക്ക് സഹോദരതുല്യ............അവർകൾക്ക്

കൊടുത്തയച്ച കടദാസു വായിച്ചുകേട്ടു അവസ്ഥയും അറിഞ്ഞു. പത്മനാഭപുരം കോട്ടയ്ക്കകത്തു കുമാരവേലു മുത്തമിഴു കവിരായൻ കഴിഞ്ഞുപോകകൊണ്ട് കവിരായനു 50 പണം വീതം അടുത്തൂൺ പതിച്ചു പാരമ്പര്യമായിട്ടു കൊടുത്തു വന്നിരിക്കുന്നത് അവന്റെ മകൻ നൈയിനാപിള്ളക്ക് പതിപ്പിച്ചു കൊടുക്കേണമെന്ന് അവിടെ വന്ന് സങ്കടം ബോധിപ്പിക്കകൊണ്ടും അക്കാര്യത്തിനെ ഏതുപ്രകാരം നമ്മുടെ മനസ്സായിരിക്കുന്നു എന്നു എഴുതികൊടുത്തയക്കണമെന്നല്ലോ എഴുതി വന്നതിലാകുന്നു. പാരമ്പര്യമായിട്ടു കൊടുത്തുവന്നത് കൊടുക്കുന്നതിന് നമുക്കും മനസ്സായിരിക്കകൊണ്ട് കുമാരവേലു മുത്തമിഴു കവിരായനു കൊടുത്തുവന്നതിന്മണ്ണമുള്ള അടുത്തൂൺ പണം അവന്റെ മകൻ നൈനാപിള്ളയുടെ പേർക്ക് പതിച്ചു കൊടുക്കുന്നത് നമുക്കു സന്തോഷം.

989-ാമാണ്ട് കന്നിമാസം 11-ാനു

(തുല്യം)

# പരുത്തികൃഷിയ്ക്ക് പ്രോൽസാഹനം

ഇസ്ത്യാർ നമാവനാമെ ആംകി എല്ലാവർക്കും പരസ്യമായിട്ടു അറിയിക്കുന്ന വിളംബരം എന്തെന്നാൽ-ഈ രാജ്യത്ത് ഇപ്പോരം പരുത്തി എററവും പ്രിയമായിരിക്കകൊണ്ടും പിറ രാജ്യത്തിൽ നിന്നും വരുത്തുന്നതുകൊണ്ടും ഈ രാജ്യത്തെ ചില ചരക്കുകരം ഏററവും കുറവായിട്ടു ഉണ്ടാക്കിവരികകൊണ്ടും ഈ രാജ്യത്തിൽ പഞ്ഞികൃഷി അധികമായിട്ടു ചെയ്യേണ്ടുന്നതിന് കൃഷി ചെയ്തുണ്ടാക്കുന്ന പഞ്ഞി കണ്ടി 1 ക്ക് 10 രൂപാ വീതം സമ്മാനവും കൊടുക്കാമെന്ന് മുമ്പിൽ വിളംബരം ചെയ്തിട്ടുണ്ടല്ലോ. അതിൻവണ്ണം കുടിയാനവൻമാർ പ്രയാസപ്പെട്ട് കൃഷി ചെയ്യായ്ക കൊണ്ട് സകലമാനപേർക്കും തെരിയപ്പെടുത്തുന്നതെന്തെന്നാൽ മേലെഴുതിയ പരുത്തികൃഷി അധികമായിട്ടുണ്ടാക്കിയാൽ കണ്ടി 1ക്ക് പത്തു രൂപാവീതം സമ്മാനവും 200രൂപ വരേയും വിലയും കിട്ടി അതിൽ പെരുത്ത കാര്യലാഭം വരുന്നതുകൊണ്ട് ആയത് അറിഞ്ഞ് എല്ലാവരും പ്രയാസപ്പെട്ട മേലെഴുതിയ കൃഷി അധികമായിട്ടുണ്ടാക്കി സമ്മാനവും വിലയും വാങ്ങിച്ചുകൊള്ളുകയും വേണം. പരുത്തി വിരന്ത് ആവശ്യം ഉണ്ടായിരുന്നാൽ ആ അവസ്ഥ ഹജൂരിൽ എഴുതി ബോധിപ്പിച്ചു കൊണ്ടാൽ തരിവിക്കയും ചെയ്യും.

989-ാമാണ്ട് തുലാമാസം 11-ാനു-
(മൺറ്റ്രോ)
കൊല്ലം.

---

വിരന്ത്-വേഗത്തിൽ



# പുതുവർഷത്തിൽ ധരമാർക്ക് വിരുന്നു കൊടുക്കണം

കർണൽ സാഹേബ് അവർകരംക്ക്,

ഇംകിരേസു സർക്കാരിനും നമ്മുടെ സർക്കാരിനും ഒരു ഭേദമില്ലാതെ വളരെ സ്നേഹം താല്പര്യമായിക്കകൊണ്ടും ആ സർക്കാരു വളരെ സന്തോഷമായിട്ടു ആണ്ടു മാറുകകൊണ്ടും നമുക്കു വളരെ അപേക്ഷ ഉണ്ട്. ഈ ശീമയിൽ സേവിക്കുന്ന ധുരമാർകരം ധുരശാണികളും പുത്തൻ ആണ്ടു മുതൽ തീയതിക്ക് നമ്മുടെ പക്കത്തിൽ ഒരു വിരുന്ത് ഒരെടത്തു കൂടി അനുസരിക്കണം. ഈ കാര്യം കർണൽ എല്ലായിടത്തും അറിയപ്പെടുത്തി ചട്ടം കെട്ടി ഈ വകക്ക് കർണൽ വേണ്ടും പ്രകാരം കഴിപ്പിക്കണം. ഈ വകയ്ക്കുളള ചിലവും ഹജൂർ ഖജനാവിൽ നിന്നു ചിലവിടുവിച്ചു കൊളളുകയും ചെയ്യുമല്ലോ. ഇക്കാര്യം നമുക്കും വളരെ സന്തോഷം.

989-ാമാണ്ട് ധനുമാസം 10-ാനു-
(തുല്യം ചാർത്ത്)

# വരാഹന് വട്ടവാശി

നമുക്കു സഹോദരതുല്യ............അവർകൾക്ക്,

കൊടുത്തയച്ച കടദാസു വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. കർണൽ ഈ രാജ്യത്ത് വരുമ്പോൾ കപ്പപണം മുടക്കമുള്ളതല്ലാതെ പതിനെട്ടു നൂറായിരത്തി ചില്വാനം രൂപ കമ്പനി വകക്കു കുടിശ്ശിഖ ഉണ്ടായിരുന്ന തുക മുഴുവനും അടച്ചു തീരുകകൊണ്ട് ഇനി കമ്പനിക്ക് ആണ്ടുതോറും കൊടുപ്പാനുള്ള കപ്പം ഒഴികെ ഒരു കാശു അളവിൽ അധികം കൊടുക്കേണ്ടതില്ലെന്നും ശമ്പളക്കാർക്ക് വച്ചിരിക്കുന്ന പണം വരാഹനാക്കി വരാഹൻ ഒന്നിന് ഒരു പണം വീതം വട്ടവാശി പിടിച്ചു വരുന്ന അവസ്ഥ കൊണ്ടും എല്ലോ എഴുതി വന്നതിലാകുന്നു. കമ്പിനി കടം അടച്ചു തീരുവാനും കർണൽ എത്രഎത്ര പ്രയാസപ്പെട്ടു എന്നും യത്നം ചെയ്തു എന്നും ഒള്ളതു നാം വഴിപോലെ അറിഞ്ഞിരിക്കകൊണ്ട് ആ കാര്യം ഒരു നാളും മറന്നു പോമെന്നു ഉള്ളതുമല്ല. ശമ്പളക്കാർക്ക് വകയ്ക്ക് ഇങ്ങനെ വരാഹൻ വട്ടവാശി പിടുത്തം ഉമ്മിണിതമ്പി നാളിൽ പതിവു വച്ചതല്ലാതെ മാമൂലമായിട്ടുള്ളതല്ലാഴികകൊണ്ട് ഇപ്പോൾ വരാഹൻ വട്ടവാശി പിടുത്തം കൂടാതെതന്നെ കൊടുക്കത്തക്കവണ്ണം കർണൽ നിദാനം വരുത്തുന്നതും നമുക്ക് വളരെ സന്തോഷമത്രെ ആകുന്നു.

(തുല്യം)

989-ാമാണ്ട് ധനുമാസം 21-ാനു-

---

വട്ടവാശി-നായണങ്ങളുടെ പതിവായുള്ള വിലയിൽ
ഏററക്കുറവ്



1814

326 989 കുംഭം 15

# നാണയം ഉരുക്കലിന് ചിലവു എഴുതാൻ......

ഇങ്ജിദാസർ ജമാബന്തി കമ്മട്ടിയാർക്ക് ബാഫിയത്തു ഭാഷന്തരറിവില്ല-എന്തന്നാൽ

ആലപ്പുഴ ദേവസ്വം വകയിൽ തിരിവായിട്ടു 14576¼ പണം ഹജൂരിൽ ഏൽപ്പിച്ചത് ഉരുക്കിപ്പോകകൊണ്ട് ആയതു ചിലവെഴുതേണ്ടുന്നതിന് ഏതുപ്രകാരം വേണ്ടൂ എന്നും അമ്പലപ്പുഴ മണ്ടപത്തുംവാതുക്കൽ സർവ്വാധികാററ് നമുക്ക് ഹർജി എഴുതി ബോധിപ്പിച്ചിരിക്ക കൊണ്ട്, ആ വകപണം ചിലവെഴുതികൊള്ളുകയും വേണം. കൊല്ലം പെരുമാൾപിള്ളക്ക്

എന്ന് 989-ാമാണ്ട് കുംഭമാസം 15-ാനു-

(മൺട്രോ)

നമ്പ്ര. 570 989 കുംഭം 16

# തിരുവാലൂർ ക്ഷേത്രംപണി

ഇജ്ജിദാസർ ജമാബന്തി കമ്മട്ടിയാർക്ക്
ബാഹിയത്തു ബാഷാന്തരറിവില്ലാ

എന്തെന്നാൽ മഹാരാജാ അവർകളായിട്ടു തിരുവാലൂർ ക്ഷേത്രം പണികഴിപ്പിച്ചു കലശം തുടങ്ങുവാറായപ്പോൾ 965-ാമാണ്ട് പാളയംവന്ന് ചുട്ടു പോകകൊണ്ട് പിന്നത്തതിൽ പൂജ മാത്രം കഴിപ്പിച്ച്‌വരുന്ന പ്രകാരവും ഇപ്പോൾ ശ്രീകോവിലും മണ്ഡപവും എങ്കിലും പണിയും കഴിപ്പിക്കേണ്ടുന്ന സംഗതികൊണ്ട് മേലെഴുതിയ ക്ഷേത്രത്തിൽ ഊരാണ്മക്കാരു നമുക്കു എഴുതി ബോധിപ്പിച്ചിരിക്കകൊണ്ട് ആയതു ഊരാണ്മ ക്ഷേത്രമോ, പണ്ടാരവക ക്ഷേത്രമോ ഏതുപ്രകാരം എന്നും പണി ചെയ്യിക്കേണ്ടുന്ന സംഗതിയും വിചാരണ ചെയ്തു നമ്മെ ബോധിപ്പിച്ചു കൊള്ളുകയും വേണം.

എന്ന് കൊല്ലം പെരുമാപിള്ളയ്ക്ക്
989-ാമാണ്ട് കുംഭമാസം 16-ാന്‌
(മൺട്രോ)



# ഖജനാവിലേയ്ക്കു പണം

നമുക്കുസഹോദരതുല്യ..........അവർകൾക്ക്,

കൊടുത്തയച്ച കടദാസു വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. ഇപ്പോൾ ഈ രാജ്യത്തിന്മേരിൽ ഇരുന്ന കടനും തീർന്നു ഉടമക്കാർക്ക് മുടക്കമുള്ള ശമ്പളവും കൊടുപ്പിച്ചിരിക്കകൊണ്ട് ഇനിമേൽ ശീമചിലവും കപ്പപ്പണവും നീക്കി ശേഷം പണമൊക്കെയും കയ്‌വഴി ചെല്ലത്തിൽ കൊടുത്തയ്ക്കണമെന്ന് കർണൽ നിശ്ചയിച്ചിരിക്കകൊണ്ട് ഇപ്പോൾ കുഞ്ഞിൻെറ പുറന്നാളിന് 50000 രൂപാ കൊടുത്തയയ്ക്കുന്നതിനു നിദാനം വരുത്തിയിരിക്കുന്നു എന്നും ആയതും ഇനിയും മാസം തോറും ചിലവും നീക്കി ഒള്ള പണം കൊടുത്തയക്കുന്നതും നല്ലവണ്ണം സൂക്ഷിച്ച് വ്യാജവ്യത്യാസം കൂടാതെ ഇരിക്കേണ്ടുന്നതിന് അതിനു തക്കതിൽ ഒരാളിനെ ആക്കേണ്ടുന്ന അവസ്ഥ കൊണ്ടും എല്ലോ എഴുതി വന്നത്. അതിന്മണ്ണം തന്നെ കുഞ്ഞിൻെറ പടിയേററത്തിനു തക്കവണ്ണം കർണൽ ഇവിടെ വന്നതിൻെറ ശേഷമായിട്ടു അക്കാര്യം കർണലിൻെറ മനസ്സുപോലെ നിശ്ചയിച്ചു കൊള്ളുകയും ആം.

(തുല്യം)
989-ാമാണ്ട് മേടമാസം 19-ാന്‌

---

പടിയേററം- തിരുവിതാംകൂർ രാജാവ് തിരുമൂപ്പേൾക്ക

# ക്ഷേത്രങ്ങളിൽ വഴിപാട്

989-11-28

നീട്ടുചുരുക്കം

ആയില്യവും, ചോതിയും നക്ഷത്രം പ്രമാണിച്ച് വർക്കല മുതൽ വടക്കോട്ടുള്ള ക്ഷേത്രങ്ങളിൽ ഹരിപ്പാട്, ആറന്മുള, ഓച്ചിറ, കവിയൂർ. ഈ നാലിടത്തും 100 വീതം ശയനപ്രദക്ഷണവും, വർക്കല, അമ്പലപ്പുഴ, മാവേലിക്കര, കണ്ടിയൂർ. തിരുവാർപ്പ്, ചേർത്തല, ചെട്ടികുളങ്ങര, പത്തിയൂർ, ആര്യകാവ് ഈ ക്ഷേത്രങ്ങളിൽ നിറമാല, നിവേദ്യം, വിളക്ക്, ചതുശ്ശതം, ഉൾപ്പെട്ട വഴിപാടുകളും കഴിക്കേണ്ടുന്നതിന് നീ പ്രാർത്ഥിച്ചിട്ടുള്ളതിലേക്ക് ആയിരംപണം കൊടുത്തയച്ചിരിക്കുന്നു. എന്നും ക്ഷേത്രങ്ങളിൽ അഷ്ടബന്ധകലശവും അററകുററപ്പണികളും കഴിപ്പിപ്പാൻ വിചാരിച്ചു വരുന്നു എന്നും എഴുതിവന്നതിന് മേലെഴുതിയ വഴിപാടുകൾ ആ സ്ഥലങ്ങൾക്ക് പ്രധാനമാകയാൽ നടത്തിക്കയും അഷ്ടബന്ധകലശവും അററകുററപണിയും കഴിപ്പാൻ വേണ്ടും പ്രകാരം വിചാരിക്കയും ചെയ്തു കൊള്ളണം.

ദിവാൻ-ദേവൻ പത്മനാഭൻ



# ചെങ്കോട്ടയിൽ ധർമ്മക്കഞ്ഞി ഏർപ്പെടുത്തൽ

989 ആടി 32-ാനു-

നീട്ട്

കൊടുത്തൂട്ട സാധനം 28-ാംതീയതി ഇവിടെ വന്നു വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. നീ ചെങ്കോട്ടയിൽ ചെന്നാറെ-ആദിക്കുകളിൽ ഉള്ള കുടികളുടെ അവസ്ഥ വിചാരിച്ച് കണ്ടതിന്റെ ശേഷം രണ്ടുമൂന്നു സംവത്സരമായിട്ടു മഴയില്ലാതെ വളരെ ക്ഷാമം ഉണ്ടായി പല ജാതിയിലും അനേകം ആളുകൾ അഹസ്സു വൃത്തിക്ക് (പകൽ ജോലി) ഇല്ലാതെ ഇരന്നു കുടിച്ചു നടക്കുന്നത് കാണുകകൊണ്ട് മിഥുന മാസം 26-ാം തീയതി മുതൽക്ക് നിന്റെ കണക്കായിട്ടു നാളൊന്നിന് അഞ്ചു പറ അരി വീതം വച്ച് ധർമ്മക്കഞ്ഞി കൊടുക്കത്തക്കവണ്ണം നിശ്ചയിച്ച് അതിന്മണ്ണം നിന്റെ കൈയാൽ പണവും കൊടുത്ത് കഞ്ഞി തുടങ്ങിയാറെ- അഗതിപരദേശികളായിട്ടുള്ളുതിൽ നാളൊന്നിന് അഞ്ഞൂറ്, അറുന്നൂറു പേരോളവും കഞ്ഞി കുടിച്ചുവരുന്ന പ്രകാരവും. ഈയവസ്ഥ കർണലും കേൾവിപ്പെട്ടതിൽ സന്തോഷിച്ചിരിക്കുന്നു എന്നും നീയും, കച്ചേരിയും, കൊല്ലത്തിനു പോരുമ്പോൾ ധർമ്മക്കഞ്ഞി മുടക്കം കൂടാതെ കഴിപ്പിക്കേണ്ടുന്നതിന് 26-ാം തീയതി മുതൽ നാളൊന്നിന് അഞ്ചുപറ അരിയും, കോപ്പുവകയ്ക്ക് മൂന്നുപണം വീതവും ചെങ്കോട്ട മണിയത്തിൽ നിന്നും ചിലവിട്ടു കഞ്ഞി കഴിപ്പിച്ചു കൊള്ളത്തക്ക വണ്ണം ചട്ടം കെട്ടിയിരിക്കുന്നു എന്നും, അതിന്മണ്ണം കഞ്ഞി പതിവായിട്ടു കഴിപ്പിച്ചു കൊള്ളേണ്ടുന്നതിന് മണിയം വൈദ്യപ്പാപിള്ളയുടെപേർക്ക് നമുടെ നിനവു കൊടുത്തയക്കേണ്ടുന്ന അവസ്ഥകൊണ്ടും കർണൽ കുററാലത്ത് പതിനഞ്ചു ദിവസത്തെ താമസം ഒള്ള പ്രകാരവും എല്ലോ എഴുതി വന്നതിലാകുന്നു. ഇതിനു

മുമ്പ് ചെങ്കോട്ടയിൽ ഊട്ടും ധർമ്മക്കഞ്ഞിയും വച്ചിട്ടില്ലായ്കകൊണ്ടും ഇപ്പോൾ അവിടെ ധർമ്മക്കഞ്ഞി വച്ചു കൊടുക്കേണ്ടുന്നതിന് നിശ്ചയിച്ചു കഴിപ്പിച്ചു വരുന്നതിനാൽ നമുക്ക് വളരെ സുകൃതവും എജസ്സും (യശസ്സും) ഒള്ളതായി കണ്ട് ഏററവും സന്തോഷമാകയും ചെയ്തു. അതിന്മണ്ണം കഞ്ഞി പതിവായിട്ടു കഴിപ്പിച്ചു കൊള്ളത്തക്കവണ്ണം ചെങ്കോട്ട മണിയം വൈദ്യപ്പാപിള്ളയുടെപേർക്ക് നാം എഴുതിയിട്ടുള്ള നിനവും, ഇതിനോടുകൂടി കൊടുത്തയിച്ചിരിക്കുന്നു, ആയത് കൊടുത്ത് പതിവായിട്ടു ധർമ്മക്കഞ്ഞി കഴിപ്പിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തി കൊള്ളുകയും വേണം. എന്നും മേലുള്ളതിന് ഇതിന്മണ്ണം ഒള്ള കാര്യങ്ങൾക്കു മുമ്പിൽകൂട്ടി നാം ബോധിപ്പിക്കുന്നതിന് എഴുതി അയച്ചു മറുപടി കൊടുത്തയക്കുന്നതിന്മണ്ണം നടത്തിച്ചു കൊള്ളണം എന്നും ഇക്കാര്യം ചൊല്ലി ദിവാൻ ദേവൻ പത്മനാഭനു നീട്ടു എഴുതി വിടു എന്നു തിരവുള്ളമായ നീട്ട്.

(തുല്യം)



# തിരട്ടുകൾ 2

കൊ. വ: 989

1. ഓല 479: ചോതി തിരുനാൾ അവതാരം ചെയ്തരുളിയ തിരുമനസ്സിലേയ്ക്ക് ടിയാണ്ട് ആവണിമാസം 15-ാംനു- തിരുവനന്തപുരത്ത്‌വച്ച് തിരുമൂപ്പു നിർവഹിച്ച വകയ്ക്ക് ദാനം, ദക്ഷണസർവാണി, പ്രതിഗ്രഹം സദ്യ ഉൾപ്പെടെയുള്ള ചിലവു നെൽ 871 പറ $8\frac{1}{4}$ ഇടങ്ങഴിക്ക് വിലത്തരം പണവകയിൽ ചിലവ് $11054\frac{3}{4}$.

2. പത്മതീർത്ഥക്കുളത്തിൻെറ മൂന്നു കരയിലും നാടകശാല മുഖപ്പു മുതൽ കിഴക്കേകോട്ട വാതൽവരേയും, തെക്കേത്തെരുവു കച്ചേരിയുടെ പടിഞ്ഞാറെവശത്തു തെരുവീഥിയിലും വിളക്കഴി തീർത്ത് പണിയും, കൊട്ടാരത്തിൽ കരുവേലപ്പുര മാളികയിൽ റാന്തൽ വിളക്കു പടിയും, പതിക്കുന്നതിന് കുററിയും വളയവും ആണിയും തറച്ച വകയ്ക്കും, തറകൾ നന്നാക്കിയ വകയ്ക്കും തീരുവപ്പടിച്ചിലവ് $448\frac{1}{2}$.

3. പത്മതീർത്ഥം ഇറച്ച് ചെളിയും വാരി നാലു കൽപ്പടയിലും ചവറുതാങ്കിയും കെട്ടി അററകുററം തീർത്ത വകയ്ക്കും കുളത്തിനകത്തുള്ള വെള്ളം പുത്തരിക്കണ്ടത്തിൽ പായുന്നതിന് കരിങ്കല്ലുകൊണ്ട് തൊട്ടിയും മടയും പണിചെയ്ത വകയ്ക്കും വെള്ളം ഇറക്കുന്നതിന് ചട്ടക്കൂട്ടവും പണിചെയ്ത വകക്ക് ചിലവ് 9116 പണം.

4. പത്മതീർത്ഥം ഇറച്ച നായന്മാർക്ക് കഞ്ഞിവീഴ്ത്തു വകയ്ക്ക് ഒരു നാളത്തെ ചിലവിന് എഴുന്നെള്ളത്തോട് പാർക്കുന്ന ശമ്പളക്കാററരുടെ പററിൽ പേരൊന്ന

ഒരു പണം വീതം പിടിച്ച് 600 പണം കൊടുപ്പാൻ കല്പന വരികയാൽ ടി കഞ്ഞിവീഴ്ത്തു വകയ്ക്ക് ടി ശമ്പളക്കാററരുടെ പററിൽ പേരൊന്നുക്ക് പണം ഒന്നു വീതം പിടിച്ച് തിരുവനന്തപുരം മണ്ഡപത്തും വാതുക്കൽ മുതൽപിടി ഹരിക്കാരൻ ഗോപാലകൃഷ്ണൻ വശം കൊടുത്ത അറുന്നൂറു പണം (600 പണം)

5. പത്മതീർത്ഥം ഇറച്ച നായന്മാർക്ക് കഞ്ഞിവീഴ്ത്തു കഴിക്കുന്ന വകയ്ക്ക് ആലിയക്കോട്ടു തമ്പുരാന്റെ കണക്കായിട്ട് ഒരു ദിവസത്തെ കഞ്ഞി വകയ്ക്ക് വരവ് 150 പണം.

6. പത്മതീർത്ഥക്കുളം ഇറച്ച സമയം കണ്ടുകിട്ടിയ സാമാനങ്ങൾ വിററു മുതൽ കൂട്ടിയ പണം 159½.

7. ഉമ്മിണിതമ്പി വകയ്ക്ക് കുതിര രണ്ടും, വണ്ടി 1-ഉം കൊല്ലത്തുനിന്നും തിരുവനന്തപുരം ലായം വകയിൽ ഏല്പിക്കുവാൻ പാളയം കോട്ട മുത്തു മുതൽ പേർ വശം കാർത്തിക (വൃശ്ചികം) 4-ാം നു- ഏൽപ്പിച്ച വകയ്ക്ക് ചിലവാക കുതിരക്കാറർ, കൂലിക്കാർ, വയ്ക്കോൽ ഉൾപ്പെട്ടതിന് 49½.

8. തിരുവനന്തപുരത്തു പുത്തൻ തുറുപ്പു ശേഖരിക്കുന്നതിന് ശേവുകം പതിച്ചവർക്ക് അരിപ്പടി ചിലവു പണം 408/-.

9. കൊല്ലത്തു ആനന്ദവല്ലീശ്വരത്തു കച്ചേരിയിൽ പൂജ വയ്പിന് വരുത്തിയ കോപ്പുകൾ വിററുമുതൽ 138/-

10. പൂരുട്ടാശി മാസം (കന്നി) പൂജയെടുപ്പിന് എഴുന്നെള്ളുമ്പോൾ കിലേദാരുടെ കണക്കായിട്ടു പൊന്നും പൂവും, വെള്ളിപ്പൂവും, വാരി എറിയുന്നതിന്



കൽപനപ്പടി കൊടുത്ത പൊൻപൂവും വെള്ളിപ്പൂവും വിററു മുതൽ 70/-.

11. ആററിൽ ഊന്നി നാട്ടി മത്സ്യം പിടിച്ചവരെക്കൊണ്ട് ''ഊന്നിപ്പണം'' ഒടുക്കിച്ചതാക മുതൽ 5 -.

12. 989 മാർകഴി (ധനു) മാസം മുതൽ പണ്ടാര വകയിൽ നിന്നും പാക്ക് ശേഖരിക്കണ്ടാ എന്നും കുടികളിൽ നിന്നും വ്യാപാരികൾ ശേഖരിച്ചു കൊണ്ടു പോകുന്ന പാക്കിന് ½ പണം വീതം ചവുക്കളിൽ തീരുവ വാങ്ങിച്ചുകൊള്ളാൻ ഉത്തരവ്.

13. വലിയ മേലെഴുത്ത് കണക്ക് യോഗീശ്വരൻ രാമന് തിരുവല്ലാ മണ്ഡപത്തും വാതുക്കൽ നിന്ന് കൊടുത്തു വരുന്നതാക മാസം 1 ക്ക് പണം 450 വീതം ആണ്ടൊന്നുക്ക് 5400/-.

14. ഡാക്കുത്തർ പ്രോവൻ ധ്വരയ്ക്ക് നാണയങ്ങൾ വേണ്ടുന്നതിന് ടിയാണ്ടു ചിത്തിര (മേടം) 23-ാനു- ഖജനാവിൽ ഒടുക്കിയതിനെ കമ്പനി ഖജനാവിൽ ഒടുക്കി ചെലവ് 8904/-.

15. 989 മാർകഴി (ധനു) മാസത്തിൽ കമ്മട്ടം കൊല്ലത്തു വരികയാൽ ടിയിൽ പിള്ളയാർസ്വാമിയെ (ഗണപതി) പ്രതിഷ്ഠിച്ച് പൂജ നിവേദ്യം ഉൾപ്പെട്ട വകയ്ക്ക് മാസം 1 ക്ക് 18 പണം വീതം ചിലവിട്ടു നടത്താൻ എഴുതി വന്നപടി 989 മാർകഴി 23-ാനു- മുതൽ പൂജ തുടങ്ങുകയാൽ ടി വകയ്ക്ക് പൂജ നിവേദ്യം വകയ്ക്കും ശാന്തി ഉടമ ഉൾപ്പെട്ടതിനും കൂടുതൽ 216.

**990 M. E.**

# നീതിന്യായക്കോടതി

[തിരുവിതാംകൂറിൽ കോടതികളുടെ പ്രവർത്തനമാരംഭിച്ചത് റസിഡൻറും, ദിവാനുമായ, കർണൽ മൺട്രോയാണെങ്കിലും, മൺട്രോയുടെ വരവിനു മുമ്പ് ഉമ്മിണിത്തമ്പി ദിവാൻ ആയിരുന്നു ആദ്യമായി കോടതികൾ ഇദം പ്രഥമമായി സ്ഥാപിച്ചത്. അദ്ദേഹം നാലു കോടതികൾ സ്ഥാപിച്ചു. എന്നാൽ അവയുടെ പ്രവർത്തനശേഷിക്ക് വളരെ കുറവുകൾ ഉണ്ടായിരുന്നു. അതിനുംമുമ്പ് നീതിന്യായ കാര്യാദികൾ നടത്തി വന്നിരുന്നത് സർവാധികാര്യക്കാരും, വലിയ സർവാധികാര്യക്കാരും, മേൽവിചാരിപ്പുകാരും തടസ്സരും, ദളവായും മററുമായിരുന്നു. ഉമ്മിണിത്തമ്പി നടപ്പിലാക്കിയ കോടതികളെ മൺട്രോ നിർത്തൽ ചെയ്തു. അദ്ദേഹം തന്നെ ശാസ്ത്രിമാരുടെ സഹായത്തോടെ കേസുകൾ കേട്ട് തീരുമാനിച്ചു തുടങ്ങി. ഒടുവിൽ കോടതികൾ സ്ഥാപിക്കുന്നതിന് അദ്ദേഹം ശാസ്ത്രിമാരുമായി ആലോചിച്ചു ഒരു ചട്ടം തയ്യാറാക്കി റീജൻറായിരുന്ന റാണി ലക്ഷ്മീഭായി തിരുമനസ്സിലെ അനുമതിക്കായി സമർപ്പിച്ചു. കൊല്ലവർഷം 987 ചിങ്ങം 20-ാംനു അതു നടപ്പിൽ വന്നു. എങ്കിലും ശുചീന്ദ്രത്ത്കൈമുക്കുന്ന ഉപധാപരീക്ഷ (ധർമ്മാദികളെ കൊണ്ടുള്ള പരീക്ഷ) നിർത്തുന്ന കാര്യം റാണി അനുവദിച്ചില്ല. പത്മനാഭപുരം, തിരുവനന്തപുരം, കൊല്ലം, മാവേലിക്കര, ആലുവാ എന്നിവിടങ്ങളിൽ മുൻപറഞ്ഞതനുസരിച്ച് ജില്ലാകോടതികൾ സ്ഥാപിച്ചു. ഓരോ കോടതിയിലും ഈരണ്ടു ജഡ്ജിമാരും ഒരു ശാസ്ത്രിയും നിയമിച്ചിരുന്നു. ഹിന്ദുധർമ്മശാസ്ത്രവും, മാമൂലും, ചട്ടവരിയോലകൾ അഥവാ ഹുക്കുംനാമാവുകൾ എന്നിവയായിരുന്നു അന്നത്തെ നിയമങ്ങൾ. ഈ കോടതികളെല്ലാം ദിവാൻജിക്ക് അധീനമായിരുന്നു. കേസ്സുകൾ വിചാരണചെയ്ത് വിവരം ദിവാൻജിക്ക് റിപ്പോർട്ടു ചെയ്യുവാൻ ജില്ലാ ജഡ്ജിമാരും ചുമതലപ്പെട്ടിരുന്നു. 990-ൽ ജില്ലാ വിധിയിന്മേൽ അപ്പീൽ കേൾക്കാൻ ഹജ്ജൂർ അപ്പീൽ കോടതി സ്ഥാപിച്ചു. ഇതുകൂടാതെ ഒരു ഹജ്ജൂർ കോടതിയും ഉണ്ടായിരുന്നു.]

# ആലുവാ ജഡ്ജിക്ക് പിഴ

990 [illegible] 25-ാനു

നീട്ടു അനുവ്

കൊടുത്തൂട്ട സാധനവും വായിച്ചു കേട്ട് അവസ്ഥയും അറിഞ്ഞു. തിരുവല്ലാ ഊരയിൽ കുഞ്ഞുനാരായണപിള്ള ആലുവാ കോർട്ടിൽ ജഡ്ജി ഉദ്യോഗം വിചാരിച്ചിരിക്കുമ്പോൾ - കളവു സംഗതിക്കായിട്ടു ഒരു പറയനെ വരുത്തി അടിപ്പിച്ചതിന്റെ ശേഷം പറയൻ ചത്തുപോകകൊണ്ട് ആ സംഗതിക്കായിട്ടു ഹജൂർ കോർട്ടിൽ വിസ്തരിച്ച് 18000 പണം പ്രായശ്ചിത്തം നിശ്ചയിച്ചു തീർപ്പു എഴുതിയാറെ ആയതു കർണൽ വായിച്ചു കേട്ടു. 5000 പണം മാപ്പു ചെയ്ത് 13000 പണം കണക്കിൽ മുതൽക്കൂട്ടി ആ വക പണത്തിനായിട്ട് കുഞ്ഞുനാരായണ പിള്ളയുടെ വസ്തുവും വകയും കണ്ടുകെട്ടി മുതൽ ചെയ്തതിന്റെ ശേഷം മൂവായിരം പണത്തിന് മുതൽ ഉണ്ടായിരുന്നതു ഒടുക്കിച്ച് ശേഷം പണം കുടിശ്ശിഖയായിട്ടു എഴുതിയിരിക്കകൊണ്ടും കുടിശ്ശിഖയുള്ള പണം ഒടുക്കുന്നതിന് വകയും ഗതിയും ഇല്ലെന്നും അവന്റെ വകയിൽ ഒള്ള ആളുകൾ സങ്കടവും പറഞ്ഞു പാർക്കുന്ന അവസ്ഥകൊണ്ടല്ലോ എഴുതിവന്നതിലാകുന്നു. വിചാരിപ്പിച്ചതിന്റെ ശേഷം ഈ വക പണം ഒടുക്കുന്നതിന് ഇനി ഒരു വകയും ഗതിയും ഇല്ലെന്നു അറിഞ്ഞ പ്രകാരം എഴുതിയിരിക്കകൊണ്ട് ആ വകയിൽ ഒടുക്കു നീക്കി കുടിശ്ശിഖയുള്ള പണം കണക്കിൽ കുറവെഴുതിച്ചു കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ സുബ്ബരായർ ശങ്കരനാരായണയ്യനു നീട്ടു എഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.



ശ്രീ പത്മനാഭസേവിനി വഞ്ചിധർമവർധിനി രാജരാജേശ്വരി റാണി പാർവതീഭായി. (സ്വാതിയുടെ മാതൃ സഹോദരി)

# ജാതി മര്യാദപ്രകാരം അവകാശം

990 കുംഭം 25

നീട്ട്

കൊടുത്തുട്ട സാധനവും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. ഈ രാജ്യത്ത് ഈഴവർ, ചാന്നാർ, ഇങ്ങനെയുള്ള ആളുകൾ സത്യവേദത്തിൽ ചേർന്നിരിക്കുന്നവരുടെ വസ്തു വകയ്ക്ക് ആ ജാതി മര്യാദപ്രകാരം മക്കൾക്ക് അവകാശമാക്കി കൊടുക്കണമെന്ന് ആ ആളുകൾ സങ്കടം പറയുന്ന പ്രകാരവും അതാതു മര്യാദ പ്രകാരം നടത്തിച്ചു കൊടുപ്പാനുള്ളതാകകൊണ്ട് ഈയവസ്ഥ നമ്മെ ബോധിപ്പിച്ച് നിദാനം വരുത്തി വിളംബരം പ്രസിദ്ധപ്പെടുത്തികൊള്ളണമെന്നും കർണൽ പറഞ്ഞ പ്രകാരം എഴുതി വന്നതിന് അതിന്മണ്ണം തന്നെ നിദാനം വരുത്തികൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ സുബ്ബയ്യൻ ശങ്കരനാരായണനു നീട്ടു എഴുതിവിടു എന്നും തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

(ഗൗരി പാർവതീറാണി മഹാരാജ)

# അരുമനക്കുഞ്ഞിന് കല്യാണം

990 കുംഭം

നീട്ട്

അരുമന കുഞ്ഞിന് മീനമാസത്തിൽ കേരളപുരത്തു വച്ച് കെട്ടിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്ന അവസ്ഥ കൊണ്ടു എഴുതി വന്നതിൻെറ ശേഷം അക്കൻ നാടുനീങ്ങിയ തിരുമാസം കഴിഞ്ഞിട്ടു നിശ്ചയിച്ചു കൊള്ളാമെന്നും എഴുതി അയച്ചിട്ടുണ്ടല്ലോ. ഇപ്പോൾ കുഞ്ഞിന് 9 വയസ്സാക കൊണ്ടും, തിരുമാസം കഴിഞ്ഞു കല്ല്യാണം കഴിക്ക എന്നു വച്ചാൽ-പത്താം വയസ്സാകകൊണ്ടും, 10 വയസ്സിൽ കല്യാണം കഴിപ്പാൻ വഹിയാഴികകൊണ്ടും 11 വയസ്സാകുമ്പോൾ പ്രായഭേദത്തിന് ഇടവരരുതെന്നും അരുമന കൊച്ചുതമ്പി യുടെ സാധനം എഴുതിവന്നു. എന്നതുകൊണ്ട് അക്കൻ നാടു നീങ്ങിയ, ആറാംമാസം കഴിഞ്ഞിട്ടു മേടമാസത്തിൽ മുഹൂർത്തത്തിനു കീഴിലെ പതിവിൻപ്രകാരം കല്യാണം കഴിപ്പിക്കേണ്ടുന്നതിനും, ആഭരണങ്ങൾ തീർപ്പിക്കേണ്ടുന്നതിനും, തിരുവനന്തപുരം മണ്ടപത്തും വാതുക്കൽ കെട്ടിക്കൊടുത്തയച്ചിരിക്കുന്ന പണവും കൊടുപ്പിച്ച് പതിവിൻ പ്രകാരം കതിരുമണ്ഡപം, ആദിയായിട്ടുളള പുരകളും കെട്ടിച്ചു പട്ടുവിതാനം മുതലായതുകഴിപ്പിച്ച് കോപ്പുകളും കൂട്ടിച്ച് കൊടുത്ത് കേരളപുരത്തുവച്ച് കല്യാണം വേണ്ടുംപ്രകാരം കഴിപ്പിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ പേഷ്കാർ വെങ്കിട്ടരായർക്ക് നീട്ട് എഴുതി വിടൂ എന്ന് തിരുവുളളമായ നീട്ട്.



# തൂക്കുമഞ്ചലിൽ മൂങ്ങ

990 മീനം 4

നീട്ട്

3-ാം തീയതി വിളക്കുവച്ച് രണ്ടു നാഴിക-കൂടുമ്പോൾ-നാം മുഖശുദ്ധിയും വരുത്തിക്കൊണ്ട് തെക്കതിൻെറ പടിഞ്ഞാറെ പൂമുഖത്ത് കിടക്കുന്ന സമയത്ത്, തെക്കതിൽ അദ്ദേഹം ഊത്തും വച്ച് ജപിച്ചുകൊണ്ടിരിക്കുന്നു. ആ സമയത്ത് തെക്കതിൻെറ തെക്കുവശത്തുള്ള നടയും കടന്ന് ഒരു മൂങ്ങ തൂക്കുമഞ്ചത്തിൽ കെട്ടിയിരിക്കുന്ന ചരടുകയറിൽ കേറി ഇരുന്നു. ഉടൻതന്നെ ആളുകളെ വിട്ടുപിടിപ്പിച്ച് കളകയും ചെയ്തു. ഇങ്ങനെ ഓരോരോ ദുർനിമിത്തങ്ങളായിട്ട് കൂടെക്കൂടെ കാണുകകൊണ്ടും പലതുകൊണ്ടും നല്ലതിന്മണ്ണം വിചാരിച്ച് ചെയ്‌വാനുള്ളതിനു നിങ്ങൾ കൂടെ ഇവിടെ വന്നിട്ട് വേണമെന്ന് നമുക്കു തോന്നുക കൊണ്ടും, സാധനം കണ്ടാൽ വിനാഴിക പാർക്കാതെ-പിറപ്പെട്ട് താനും വെങ്കിട്ടരായരും ഇവിടെ വരികയുംവേണം ശേഷം ഒക്കെയും ഇവിടെ വന്നിട്ടു പറഞ്ഞുകൊള്ളുകയും ആം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ സുബ്ബയ്യൻ ശങ്കരനാരായണനു നീട്ടു എഴുതി വിടൂ എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

# ശ്രീവേലിബിംബം അതിപാതം ആയതും മൂങ്ങ കയറിയതിനേക്കുറിച്ചും കർണ്ണലിനെ എഴുതി അറിയിച്ചത്

990 മീനം 12-ാം

നമുക്കു സഹോദര തുല്യമായിരിക്കുന്ന മഹാരാജ മാന്യരാജശ്രീ. കർണൽ സാഹേബ് അവർകൾക്ക്:-

കർണൽ ചെന്ന പട്ടണത്തു പോയതിന്റെ ശേഷം വർത്തമാനങ്ങൾക്കു ഒക്കെയും മലയാണ്മയിൽ കടുദാസും ഇംകിരീസിൽ നക്കലും എഴുതിച്ച് കൊടുത്തയച്ചിരുന്നത് ഇതിനുമുമ്പ് വന്നു ചേർന്നിരിക്കുമല്ലോ. നമുക്കും, മൂന്നു കുഞ്ഞിനും, കുംഭമാസം 23-ാം തീയതി മുതൽക്ക് ശരീരത്തിനു കുറഞ്ഞൊന്നു അസ്വസ്ഥമില്ലാതെയിരുന്നു. 26-ാംതീയതി മുതൽക്ക് നല്ലവണ്ണം ശാന്തതവന്നു നമുക്കും കുഞ്ഞിനും സൗഖ്യമാകയും ചെയ്തു. തിരുവനന്തപുരത്ത് മതിലകത്തു കുംഭമാസം 28-ാംതീയതി അത്താഴം ശ്രീവേലി എഴുന്നെള്ളിക്കുമ്പോൾ - പത്മനാഭസ്വാമിയുടെ ബിംബം അധിപാതമാകകൊണ്ടും, ഈമാസം 3-ാം രണ്ടുനാഴിക രാചെല്ലുമ്പോൾ നാം ഇരിക്കുന്ന തൂക്കുമഞ്ചത്തിന്റെ തുടലിൽ കെട്ടിയിരുന്ന കയററിൽ ഒരു മൂങ്ങാ വന്നിരിക്കകൊണ്ട് ഉടൻതന്നെ പിടിപ്പിച്ച് പുറത്തു കൊണ്ടു ചെന്ന് കളയിക്കയും ചെയ്തു. ഇതിന്മണ്ണമുള്ള ദുർന്നിമിത്തങ്ങൾ കാണുകകൊണ്ട് ആയത് വിചാരിച്ചറിഞ്ഞതിന്റെ ദോഷപരിഹാരത്തെ കഴിപ്പിക്കുന്നതിന് ദിവാനും പേഷ്കാർ വെങ്കിട്ടരായരും ഇവിടെ വരത്തക്കവണ്ണം നമ്മുടെ എഴുത്ത്



കൊടുത്തയച്ച് അതിന്മണ്ണം അവരു രണ്ടുപേരും മീനമാസം 5-ാം ഇവിടെ വരികകൊണ്ട് ഉടൻതന്നെ ജോത്സ്യന്മാരു മുതലായ ആളുകളേയും വരുത്തി പ്രശ്നം വയ്പ്പിച്ച് വിചാരിച്ച് അവരെക്കൊണ്ട് പ്രശ്ന ചാർത്ത് എഴുതിച്ച് നമ്മെ ബോധിപ്പിക്കകൊണ്ട് ചാർത്തും പ്രകാരം ഒള്ള പരിഹാരം നടത്തുന്നതിന് ദിവാനോടും, പേഷ്കാർ വെങ്കിട്ടരായരോടും നാം പറഞ്ഞിരിക്കുന്നു. ശ്രീമക്കാര്യങ്ങൾ വിചാരിക്കുന്നതിന് കച്ചേരി കൊല്ലത്താകകൊണ്ട് ദിവാനേയും, പേഷ്കാർ വെങ്കിട്ടരായരേയും, കൊല്ലത്ത് പോകത്തക്കവണ്ണം ഈ മാസം 9-ാം തീയതി പറഞ്ഞയക്കയും ചെയ്തു. കർണലും, ബീവിസാവും, ദൂരദേശത്ത് പാർക്കകൊണ്ട് ശരീരസൗഖ്യമായിരിക്കുന്ന അവസ്ഥക്ക് അപ്പഴപ്പോൾ എഴുതി അയച്ചു നമ്മുടെ മനസ്സിനു സന്തോഷപ്പെടുത്തുകയും ചെയ്യുമല്ലോ.

990-ാമാണ്ട് മീനമാസം 12-ാം

ആയത്യാം ഗുണദോഷജ്ഞ
സ്തദാത്വേക്ഷി പ്ര നിശ്ചയ
അതീതെ കാര്യശേഷജ്ഞ:
ശത്രുഭിർന്നാഭി ഭൂയതെ-

യാതൊരുത്തൻ ഗുണദോഷങ്ങളെ അറിഞ്ഞ്, ഗുണമുളളവയെ സ്വീകരിച്ച്, ശേഷമുള്ളവയെ ത്യജിച്ച്, ഉടൻ ചെയ്യേണ്ടുന്നതിനെ ഉടൻതന്നെ ചെയ്ത്, മുൻചെയ്ത കാര്യത്തെ പൂർത്തീകരിക്കുന്നതിന് വിചാരിക്കുന്നവനായുമിരിക്കുന്നുവോ, അവന്ഒരിക്കലും ശത്രു ഭയമുണ്ടാകുന്നതല്ല.

മനുസ്മൃതി

# ഗവർണർ ജനറലിന്റെ കത്തിൽ സന്തുഷ്ടി

കർണൽ സാഹേബ് അവർകൾക്ക്,

ബങ്കാളത്തു നിന്നും ഗൗണർ ജന്നൽ ബഹാദർ അവർകൾ നമക്കും കൊച്ചുമ്മണിക്കും (സ്വാതി) രണ്ടു കാകിതം എഴുതികൊടുത്തയച്ചതിനെ ഇവിടെ കൊടുത്തയച്ചിരിക്കുന്നു എന്നും, ആയതിൽ ഹിമവൽ പർവതത്തിനു താഴ്‌വരയിൽ നേർപാളം (നീപ്പാൾ) എന്ന രാജ്യം യുദ്ധം ചെയ്ത് ജയിച്ച് മേലിൽ നടപ്പാൻ ഒള്ളതിനു ന്യായ പ്രകാരമായിട്ടു ഉടമ്പടിക്ക മുതലായ ചട്ടവട്ടങ്ങൾ വരുത്തി ആ വർത്തമാനങ്ങൾക്ക് ഒക്കെയും ബില്ലാത്തിക്ക് എഴുതി അയച്ചാറെ- ആയതുഒക്കെയും അവിടത്തിൽ സമ്മതിച്ചു സന്തോഷപ്പെട്ടു ഗൗണർ ജന്നൽ ബഹാദർ അവർകൾക്ക് മ്യാക്കീസ് ഇഷ്ടിംഗ്സ് എന്നു പേരും കൊടുത്തിരിക്കുന്ന അവസ്ഥക്കു ആയിട്ടും 'പെണ്ടാരികൾ' എന്നു ഒരുവക ആളുകൾ ഫൂനാ, ഹൈദർബാദർ മുതലായ രാജ്യങ്ങളിൽ കൂടെക്കൂടെ വന്ന് ഉപദ്രവപ്പെടുത്തി വരുന്നതിനാൽ ആയതു ചട്ടംകെട്ടുവാനായിട്ടു ഡല്ലി പ്രദേശത്തേക്ക് യാത്രയായിട്ടു പോവാൻ ഭാവിച്ചിരിക്കുന്ന അവസ്ഥയ്ക്കും ഇതിന്മണ്ണം രണ്ടുകൂട്ടം സംഗതിയും എഴുതിയിരിക്കുന്നു എന്നും അതിന്റെ വിവരങ്ങൾ ഒക്കെയും കാകിതം വായിച്ചു നോക്കുമ്പോൾ ബോധിക്കുമെന്നുള്ള അവസ്ഥകൊണ്ടും കർണൽ ഈ മാസം 3-ാംനു- എഴുതിയ കാകിതവും ബഹുമാനപ്പെട്ട ജന്നൽ ബഹാദർ അവർകളുടെ കാകിതം രണ്ടും 5-ാനു- അസ്തമിപ്പാൻ ഒരു



മണിക്ക് ഇവിടെ വന്നു ചേർന്നു നാം വായിച്ചുകേട്ട് എത്രയും വളരെവളരെ സന്തോഷമാകയും ചെയ്തു. ഇനിയും മേല്ക്കുമേലും അധിക ശ്രേയസ്സായിട്ടു വന്നു സുഖസന്തോഷത്തോടും കൂടെ ഗൗണർ ജന്നൽ ബഹാദൂർ സൗഖ്യമായിരിക്കുന്ന പ്രകാരം നാം ബോധിക്കുന്നതിന് കൂടെക്കൂടെ എഴുതി വരണമെന്ന് അപേക്ഷ ആയിരിക്കകൊണ്ട് ആയവസ്ഥക്കും ബഹുമാനപ്പെട്ട കംപനിയാർ അവർകളിടെ കൃപകൊണ്ട് കർണൽ നമ്മുടെ മനസ്സിൻ പ്രകാരം ചട്ടവട്ടത്തോടും നീതിയോടും വേണ്ടുംവണ്ണം വിചാരിച്ചു നടത്തിച്ചു വരുന്നതിനാൽ നാമും കുഞ്ഞുങ്ങളും സുഖസന്തോഷത്തോടും കൂടെ പാർക്കുന്ന സംഗതിക്കും ബഹുമാനപ്പെട്ട ഗൗണർ ജന്നൽ മ്യാക്കീസ് ഇഷ്ടിംഗ്സ് ബഹാദൂർ അവർകൾ ബോധിക്കുന്നതിന് എഴുതി അയക്കണം എന്നും മനസ്സായിരിക്കുന്നു. ബംഗാളത്തു നിന്നും വന്ന കാകിതം രണ്ടിനും മുൻഷിയെക്കൊണ്ട് പാർസിയിൽ നക്കൽ എഴുതിച്ച് ഇതിനോടുകൂടെ കൊടുത്തയച്ചിട്ടും ഉണ്ട്. നമുക്കും കുഞ്ഞുങ്ങൾക്കും സൗഖ്യം തന്നെയാകുന്നു. കർണലിന്റെ സുഖസന്തോഷത്തിനും ബീവിസാ ശീമയിൽ എത്തി കുഞ്ഞുങ്ങളോടും കൂടെ സൗഖ്യമായിരിക്കുന്ന അവസ്ഥയ്ക്കും കൂടെക്കൂടെ എഴുതിവരികയും വേണം.

990-ാമാണ്ട് കർക്കടകമാസം 9-ാനു-

(തുല്യം ചാർത്ത്)

# ഹജൂർ തിരട്ടുകൾ 3

കൊ. വ: 990

1) ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് മേല് പടിയാണ്ട് ആവണിമാസം മൂന്നാംതീയതി 'ഉത്രം തിരുനാൾ' ആൺവഴി കൊച്ചു തമ്പുരാൻ തിരുമനസ്സിലെ തിരുവയറു വാഴ്ക്കയാൽ കോട്ടയ്ക്കകത്ത് നാലു തെരുവീഥികളിലും, ചാലയിൽക്കടയിലും ആനപ്പുറത്ത് നഗരാ അടിച്ച് കോലാൽ വണ്ടിയിൽ വച്ച് ബ്രാഹ്മണരു-ശൂദ്രരു-ഉൾപ്പെട്ടവർക്ക് പഞ്ചസാര വിളംബിയ വകയ്ക്ക് ചിലവാന പഞ്ചസാര തുലാം അൻപത്തി മൂന്നേമുക്കാലുക്ക് ചിലവുപണം എണ്ണൂററിപന്ത്രണ്ടേമുക്കാൽ.

2) ആയില്യം തിരുനാൾ തിരു അവതാരം ചെയ്തരുളിയ ശ്രീപത്മനാഭ വല്ലഭി വഞ്ചി ധർമ്മ വർദ്ധനി രാജരാജേശ്വരി റാണി ലക്ഷ്മീഭായി വലിയതമ്പുരാൻ മേല്പടിയാണ്ട് പുരുട്ടാശി മാസം അഞ്ചാം തീയതി നാടു നീങ്ങിയ പുണ്യാഹം വകയ്ക്ക് ചിലവുനെൽ നാലായിരത്തിഇരുനൂററിയൻപതു പറ രണ്ടര ഇടങ്ങഴിക്ക്-വിലത്തരം പണം അയ്യായിരത്തി എഴുപത്തി ഒന്ന്.

3) വർക്കല ജനാർദ്ദനപ്പെരുമാൾ ക്ഷേത്രത്തിൽ ശ്രീകോവിൽ, പഴയതായി കേടുവരികകൊണ്ട് ആയത് അഴിച്ച് പുത്തനായിട്ട് പണി കഴിപ്പിക്കേണ്ടുന്നതിന് ദേവസ്വം വക വഞ്ചിയിൽ ഇരിപ്പുള്ള പണത്തിൽ നിന്നും എടുത്തു പണി കഴിപ്പിപ്പാൻ ഉത്തരവു വന്ന് 988- തൈമാസം രണ്ടാം തീയതി (പള്ളികെട്ടുദിവസം) മുതൽ പണി തുടങ്ങി 990 ആവണിമാസം പന്ത്രണ്ടാം തീയതി പിറകൂട്ടു കൂട്ടി വാസ്തുവെലിയും കഴിപ്പിച്ച് അല്പശി അഞ്ചാം തീയതി അകത്ത് ഒന്നിച്ച് ശ്രീകോവിലിൽ പണിക്കുറ തീർത്ത വകയ്ക്ക് കിഴക്കേ ആൽത്തറയും, ചക്രതീർത്ഥത്തിന് കിഴക്കേ നീരാഴിയും കല്ലുകെട്ടിച്ച വകയ്ക്കും കൂടി ചിലവ് അറുപതിനായിരത്തിനൂററിഎട്ടര. ശ്രീകോവിലിൻെറ രണ്ടു വശത്തും ദ്വാരപാലകന്മാർ പണി ചെയ്ത് നിറം ഇട്ടതിന്-മുന്നൂററിഎൺത്തിനാലേകാൽ പണം. ശ്രീകോവിലിന് കൊല്ലത്ത് കമ്മട്ടത്തിൽനിന്നും തങ്കം പൂശി വരുത്തിയ താഴികക്കുടം ഒന്നുക്ക് ചിലവ് തങ്കക്കാശ് നൂററി അൻപത്തി ഒന്നുക്ക് കുറവു പണമിട രണ്ടും നീക്കി കാശ് നൂററിഅൻപതും പണമിട ഏഴുക്ക് നമ്പർ വിലയ്ക്ക് പണം അയ്യായിരത്തി അൻപത്തിഒന്ന്.

4) ഉത്രട്ടാതി തിരുനാൾ തിരു അവതാരം ചെയ്തരുളിയ തിരുമനസ്സിലേയ്ക്ക് മേല്പടിയാണ്ട് അല്പശി മാസം മുപ്പതാംതീയതി തിരുമുപ്പു വാഴ്കയാൽ എഴുന്നെള്ളത്തോടു നിൽക്കുന്ന ഉടവാൾ എടുപ്പ് ക്ഷത്രിയർ, നായയ്ക്കന്മാർ, ഉൾപ്പെട്ടവർക്ക് ഓരോ കൂട്ടം ഉടുപ്പു തയ്പിച്ച് കൊടുത്ത വകയ്ക്ക് ചിലവ് മൂവായിരത്തി അഞ്ഞൂററിയേഴ് പണം.

5) ഉത്രം തിരുനാൾ തിരു അവതാരം ചെയ്തരുളിയ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് രാജ്യകാര്യം വിചാരിക്കുന്നതിന് എഴുതിവന്ന കടുദാസ് പ്രസിദ്ധപ്പെടുത്തുന്നതിന് കൂടിക്കാഴ്ചയ്ക്ക് വന്ന ധാരമാർ വകയ്ക്ക് ഇനാം കൊടുത്ത രൂപാ അഞ്ഞൂററി അറുപതുക്ക് ചിലവു പണം മൂവായിരത്തി തൊള്ളായിരത്തി ഇരുപത്.

6) തെക്കേത്തെരുവു ബംഗ്ലാവിൽ ധാര അവർകളും, ധാരശാണിയും, മററു ധാരന്മാരും, നാടകശാലക്കാരുടെ കേളിക്ക കാണുന്നതിന് വരികയാൽ, മേപ്പടിയാർക്ക് മേശക്കോപ്പ് ഒരുക്കിക്കൊടുത്ത ബൊട്ട്ളർ സുന്ദരം പിള്ളക്ക് ഇനാം കൊടുത്തതാക രൂപ പത്തുക്ക് പണം അറുപത്തി എട്ട്.

7) പകടശാലയിൽവച്ച് കേളിക്ക ആടിയ കന്യാകുമാരി നാഗർകോവിൽ, പറക്ക ഈ മൂന്ന് ക്ഷേത്രങ്ങളിലേയും ആടും പാത്രങ്ങൾക്ക് ഇനാം കൊടുത്ത പണം അറുപത്.

8) ''വ്യവഹാരമാലാ ഗ്രന്ഥം'' എഴുതുന്നതിന് കാർത്തിക ഒന്നാം തീയതിമുതൽ ആക്കിയ ശാസ്ത്രിയാർ പേർ ഒന്നുക്ക് മാസം മുപ്പതു രൂപാവീതം.

9) തിരുവനന്തപുരത്ത് പുത്തൻ ചന്തയിൽ ചെട്ടികുളങ്ങര കഞ്ഞിപ്പുരയിൽവച്ച് മേപ്പടിയാണ്ട് കാർത്തിക മാസം 4-ാം തീയതി മുതൽക്ക് കീഴ്പരിഷകൾക്ക് നാൾ 1ക്ക് 15 പറ അരിവീതം കഞ്ഞി വയ്പ്പിച്ച് കൊടുക്കേണ്ടുന്നതിന് നാൾ ഒന്നുക്ക് അരി 15 പറയും, അടിച്ചുതളി വകയ്ക്ക് നാൾ 1ക്ക് അരി മുക്കാൽ ഇടങ്ങഴിയും. ആകെ നാൾ 1ക്ക് 15 പറ മുക്കാൽ ഇടങ്ങഴി വീതവും കോപ്പുവില വകയ്ക്ക് ആണ്ടൊന്നുക്ക് പണം ആയിരത്തി അഞ്ഞൂററി ഇരുപതേമുക്കാൽ. ശമ്പളക്കാർ പേർ അഞ്ചുക്ക് ആണ്ടൊന്നുക്ക് തൊള്ളായിരത്തിതൊണ്ണൂറും ചിലവുള്ള വകയ്ക്ക് പതിവു വച്ചിരിക്കുന്നതാക മേല്പടിയാണ്ട് കാർത്തിക മാസം 4-ാം തീയതിമുതൽ ആടിമാസം വരെ കഞ്ഞി കഴിപ്പിച്ച വകയ്ക്ക് തീരുവപ്പടി ചിലവു നെൽ എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തി രണ്ടുപറ - ഒൻപതേകാലുക്ക് വിലത്തരം പണം ഒൻപതിനായിരത്തി അഞ്ഞൂററി നാല്പത്തി



നാലേകാലും, കോപ്പുവില ഉടമചിലവും രണ്ടായിരത്തി മൂന്നരയും ആകെ പതിനാലായിരത്തിഅൻപത്തിഎട്ടര.

10) മരുത്വാമല സ്വാമിയാർക്ക് നാൾ 1 ന് $1\frac{1}{2}$ ഇടങ്ങഴി പാലും, രണ്ടുപലം പഞ്ചസാരയും, 10 ചിങ്ങംപഴവും പതിവായി കൊടുപ്പാൻ എഴുതി വന്ന സാധനത്തുംപടി ചിലവ്-നാന്നൂററി അൻപത്തിയാറേകാൽ.

11) ദിവാനുദ്യോഗമായിരുന്ന ദേവൻ പത്മനാഭൻെറ മകൻ കണ്ണമംഗലത്തു ചെറുകര വീട്ടിൽ കൃഷ്ണപിള്ളക്ക് 990 മാശിമാസംമുതൽ മാസം 50 പണവും ചെറുക്കന് 15 പണവും. ആ വക മാസത്തിൽ 65 പണം വീതം ചിലവ്.

12) മഹാരാജമാന്യരാജശ്രീ ധാര അവർകൾ തിരുവനന്തപുരത്ത് വന്നാൽ പാർക്കുന്നതിന് തയ്ക്കാട്ടുകുന്നിൽ ബംഗ്ലാവു വയ്ക്കുന്നതിന് - തിരുവനന്തപുരം ചാലയിൽ പാർക്കുന്ന നാരാശി ങ്കുലാലാ മുതൽപേരുടെ പേരിൽ പതിഞ്ഞിരിക്കുന്ന പുരയിടം നാലും, അർത്ഥം കൊടുത്ത്, ഒഴിപ്പിച്ച് ബംഗ്ലാവു വയ്പാൻ 'ഉത്തരവുംപടി'-മേല്പടി ശിങ്കുലാലാ പേരിൽ തയ്ക്കാട്ടുമഠം വക പാട്ടം തയ്ക്കാട്ടുവിളാകം പുരയിടം ഒന്നിൽ കാലവേല ചെയ്ത് ഉഭയംവച്ച് പിടിപ്പിച്ച വകയ്ക്ക് തടസ്സർ കണ്ട് നിശ്ചയിച്ചപടി കയ്ക്കൂറു വകയ്ക്ക് കൊടുത്ത ചിലവു പണം എഴുന്നൂററി ഇരുപതര.

13) ആശ്രാമത്തു ബംഗ്ലാവു വയ്ക്കുന്നതിന് എടുത്ത സ്ഥലം എഴുപത്തി രണ്ടുപറ ഒന്നും, പുരയിടം പതിനാലും, പുരയിടത്തോടു ചേർന്ന വരമ്പിനും, തോട്ടിനും തടസ്സർ കണ്ടപടി പേർ ആറുക്ക് കൊടുത്തപണം-പതിനാലായിരത്തി നാന്നൂററി ഒൻപത്.

14) വർക്കല ജനാർദ്ദനസ്വാമിക്ക് തൃക്കയ്യിൽ ചക്രഹസ്തത്തിൽ 'മുൻഹാനി ഒണ്ടാകകൊണ്ട് 944-ാമാണ്ട് സ്വർണ്ണംകൊണ്ട് വാർത്തുകെട്ടിയതിന്റെ പുറമേ-ഒൻപതുമാററിൽ കെട്ടിയ ചക്രത്തിന്റെ കൂട് ഒന്നും, കമ്പി ഉരു മൂന്നും, ആണി ഉരു നാലും, ആകെ ഉരു എട്ടുക്ക് പൊൻ ഇട കഴഞ്ച് തൊണ്ണൂറേഴും, അഷ്ടഗന്ധം ചാർത്തുമ്പോൾ നാളത്തിൽ ചാർത്തിയ കഴഞ്ച് മുക്കാലും, പണിപാടുവാശി കഴഞ്ച് ഒന്നേകാലും, ആകെ മേല്പടി പൊന്നിൽനിന്നും മാററ് അറിയുന്നതിന് മച്ചം പെട്ടി ശ്രീഭണ്ഡാരത്തിൽ ഇരിപ്പു കഴഞ്ച് മുക്കാലും- ആകെ വക നാലിൽ കഴഞ്ച് തൊണ്ണൂററി എട്ടരയ്ക്കു ചിലവ് നാലായിരത്തി മുന്നൂററി എഴുപത്തി ഏഴേമുക്കാൽ.

15) കൊല്ലത്ത് കമ്പോളത്തിലും, രജിമുട്ടുപട്ടാളം ഉൾപ്പെട്ട സ്ഥലങ്ങളിലും വകയും ഗതിയും ഇല്ലാതെ ദണ്ഡം പിടിച്ചു കിടക്കുന്ന ആളുകളെ വരുത്തി ആശുപത്രി പുരകെട്ടി പാർപ്പിച്ച് ദീനം രക്ഷിച്ച വകയ്ക്ക് പേർ നൂററിഅൻപത്തിഒമ്പതുക്ക് അരിപ്പടി വകയ്ക്കും, പായും കട്ടിലും വാങ്ങിച്ചു കൊടുത്ത വകയ്ക്കും, കഞ്ഞി വച്ചു കൊടുത്ത പേർ ഒന്നുക്ക്-നാൾ ഒന്നുക്ക് അര കലിയൻവീതം ചിലവ് രണ്ടായിരത്തി നാന്നൂററി എഴുപത്തി എട്ടേകാൽ.

16) ഉത്രം തിരുനാൾ ഇളയതമ്പുരാന് മേപ്പടിയാണ്ട് പങ്കുനിമാസം 23-ാം തീയതി ചോറൂണമൃതേത്തിന് അഗ്രശാലയിൽവച്ച് സദ്യ കഴിപ്പിച്ച വകയ്ക്ക് ചിലവു നെൽ ആയിരത്തി ഒരുനൂററി അൻപത്തിയഞ്ചു പറയ്ക്ക് വിലത്തരം പണം ആയിരത്തി മുന്നൂററി അറുപത്തി നാലേകാലും, പണവകയിൽ പണം നാലായിരത്തി ഇരുന്നൂററി എഴുപത്തി എട്ടേകാലും, വക രണ്ടിൽ ചിലവു പണം - അയ്യായിരത്തിഅറുന്നൂററി നാല്പത്തി രണ്ടര.



17) ഉത്രം തിരുനാൾ തിരുമനസ്സിലെ ചോറൂണമൃതേത്തിന് കൊച്ചിയിൽ നിന്നും വന്ന പേർ രണ്ടുക്ക് ഇനാംകൊടുത്ത മുണ്ടു വകയ്ക്ക് ചിലവ് നാൽപത്തി എട്ടേമുക്കാൽ പണം.

18) ചോതി പക്കതിരുനാളിന് ശുചീന്ദ്രത്തു സ്താണുമാലയപ്പെരുമാൾ ക്ഷേത്രത്തിൽ കല്പിച്ച് പൂരുട്ടാശി മാസം മൂന്നാം തീയതി കൊടുത്തയച്ച് വയ്പിച്ച വെള്ളിവിളക്കിന്-ആടിമാസം വരെ ചോതിനാൾ പതിമൂന്നുക്ക് നെയ്യ് വിളക്കിന് മുപ്പത്തിഏഴേകാൽ.

19) തൊള്ളായിരത്തി തൊണ്ണൂറാമാണ്ട് മാശിമാസം ഇരുപത്തിരണ്ടാം തീയതി മുതൽ 'പകരം ഹജൂർ കോർട്ടു ജഡ്ജി'യായി നാരായണൻരാമനെ ആക്കുകയാൽ ആടി ഇരുപതാം തീയതിവരെ ഇരുന്നൂറു രൂപാവീതം.

20) സത്യം ചെയ്യുന്നവർക്ക് തീർത്ഥം കൊടുപ്പാൻ ബ്രാഹ്മണർപേർ ഒന്നുക്ക് ആടിമാസം 30 മുതൽ 14 രൂപവീതം.

മനുമുഖ്യസരസ്സമുദ്ഭവൈ-
സ്സുകുമാരൈ: പ്രസവൈർവചോമയൈ:
ത്രിദിവാപ്തി ഫലൈർ നൃപോചിതാം
രചയാമി വ്യവഹാരമാലികാം.

''വ്യവഹാരമാല'' യുണ്ടാക്കിയത് എന്തുകൊണ്ടെന്നാൽ: മനു, യജ്ഞവാല്ക്യൻ മുതലായ ഋഷീശ്വരന്മാരാകുന്ന തടാകങ്ങളിൽനിന്നും ഉൽഭൂതങ്ങളായും, സ്വർഗ്ഗാദി പുണ്യലോക പ്രാപ്തിയാകുന്ന ഫലത്തോടുകൂടിയവയായും, ഇരിക്കുന്ന മന്വാദി ഋഷീശ്വരന്മാരുടെ വചനങ്ങളാകുന്ന കുസുമങ്ങളെക്കൊണ്ട് ആകുന്നു. ഈ മാല രാജാവിന് യോഗ്യമായിട്ടുള്ളതാകുന്നു.

# പത്മനാഭപുരത്ത് വച്ച് പൂജവയ്പ്

991 ചിങ്ങം 8-ാം-

നീട്ട്

991-ാമാണ്ട് കന്നിമാസം പൂജവയ്പ് പത്മനാഭപുരത്ത് കൊട്ടാരത്തിൽവച്ചു തുടങ്ങി നിർവഹിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്ന അവസ്ഥകൊണ്ട് എഴുതി അയച്ചിട്ടുണ്ടല്ലോ. പൂജവയ്പിന് തിരുവനന്തപുരത്തുനിന്നും സരസ്വതി അമ്മനെ പത്മനാഭപുരത്ത് എഴുന്നള്ളിക്കുന്നതിനും അനന്തസുബ്ബദീക്ഷിതരെക്കൊണ്ട് എഴുതിച്ചിട്ടുള്ള മുഹൂർത്തചാർത്ത് ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കുന്നു. ഈ വകയ്ക്ക് കീഴിലെ പതിവിൻപ്രകാരം കോപ്പുകളും കൂട്ടിച്ച് അടിയന്തിരം വേണ്ടുംപ്രകാരം നടപ്പാൻ തക്കവണ്ണം നിദാനം വരുത്തി കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ സുബ്ബയ്യൻ ശങ്കരനാരായണന്നു നീട്ടു എഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

ഉണ്ടാക്കുമാനുഷാണാംഗൃഹമവിടെയിടത്തും
തഥാ പൃഷ്ഠദേശെ-
ഷ്വത്യന്തോഗ്രേശ്വരാണാമതിസരസസുരാണാം
വലത്തും പുരോവാ
എന്നെല്ലാംവേസ്ഥ വേണ്ടാ മതിലിനരികവേ
സേവ ചെയ്യും ജനാനാം
നിത്യം താൻ ക്ഷേത്രമുഖ്യെ പരിചരണകൃതാം
ദേവാലാനാം ഗുരൂണാം.

[ശിവൻ, ഭദ്രകാളി, നരസിംഹമൂർത്തി മുതലായ ഉഗ്രദേവന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്ന ദേവാലയങ്ങളുടെ ഇടതു ഭാഗത്തും പുറകിലും, വിഷ്ണു, ദുർഗ്ഗ മുതലായ ശാന്ത ദേവതകളുടെ വലത്തും, മുൻഭാഗത്തും, മനുഷ്യാലയം നിർമ്മിക്കുന്നത് ഏററവും ശുഭമാകുന്നു.]



# തിരുവനന്തപുരത്ത് മാളികപ്പണി

991 തുലാം 21

കൊടുത്തുട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. കൊട്ടാരത്ത് തോപ്പിനകത്ത് മാളികപ്പണി ചെയ്യത്തക്കവണ്ണം കർണൽ നിശ്ചയിച്ച് ഉത്തരവുണ്ടായിരിക്കുന്ന അവസ്ഥകൊണ്ട് ഇൻഞ്ചിനീരിന്റെ കടുദാസ് എഴുതി വന്ന സംഗതി നമ്മോടു പറഞ്ഞിട്ടുണ്ടല്ലോ. എന്നും ഇപ്പോൾ താൻ കൊല്ലത്തു ചെന്ന് ഇൻഞ്ചിനീയരെ കണ്ടതിന്റെ ശേഷം കൊട്ടാരത്തിൽ തോപ്പിനകത്ത് ഒരു മാളിക തീർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർക്കും, പ്രജകൾക്കും, വന്ന് നമ്മെ കാണുന്നതിന് വലുതായിട്ടുള്ള ഒരു സ്ഥലവും, കൂടികാഴ്ചക്ക് ഒരു സ്ഥലവും. കേളിക്ക് സദിർ മുതലായ വകയ്ക്ക് ഒരു സ്ഥലവും, നമുക്കും കുഞ്ഞുങ്ങൾക്കും സാവകാശമായിട്ടു ഇരിക്കുന്നതിന് ഒരു സ്ഥലവും, ഇതല്ലാതെയും ഏതാനും സ്ഥലങ്ങൾക്കു കൂടെ ആവശ്യം ഉണ്ടെന്നും നിശ്ചയിച്ച് എഴുതിഅയച്ചാൽ അതിന്മണ്ണം ഇൻഞ്ചിനീയരുമായിട്ട് പറഞ്ഞ് ആ ഭാഷയ്ക്ക് പടത്തിൽ എഴുതിച്ച് നാം ബോധിക്കുന്നതിന് കൊടുത്തയക്കാമെന്നും, എല്ലോ എഴുതി വന്നതിലാകുന്നു. കൊട്ടാരത്തിൽ തോപ്പിനകത്ത് ഇപ്പോൾ തീർപ്പിപ്പാൻ നിശ്ചയിച്ചിരിക്കുന്ന മാളികയുടെ വിസ്താരം എത്ര ഉണ്ടെന്നും, പണിയുടെ മാതിരിയേതു പ്രകാരമെന്നും പടത്തിൽ വരച്ച് നാം ബോധിക്കുന്നതിന് കൊടുത്തയച്ചാൽ ആയത് കണ്ടു അധികമായിട്ടു ചില പണികൾ വേണമെന്നുണ്ടെങ്കിൽ അതിന്മണ്ണം നിശ്ചയിച്ചു എഴുതി അയക്കയും ആം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ സുബ്ബയ്യൻ ശങ്കരനാരായണന്നു നീട്ടു എഴുതിവിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

# ജഡ്ജിമാർക്കുള്ള ശമ്പളവർദ്ധനവ്

991 മാർകഴി 3-ാം

നീട്ട്

കൊടുത്തയച്ച സാധനം വായിച്ച് കേട്ടവസ്ഥയും അറിഞ്ഞു. എട്ടു കോർട്ടിലും ആക്കിയിരിക്കുന്ന 'കിരസ്ത്യൻ ജഡ്ജിമാർക്ക്' ശമ്പളം കുറച്ചു വച്ചിരിക്കുന്നതിനാൽ അതിനു തക്ക ആളുകൾ ഏർപ്പെടാതെ കാര്യങ്ങൾക്ക് വീഴ്ചയും ആവലാതിയും വർദ്ധിച്ചു വന്നിരിക്കകൊണ്ടും, ഹജൂർ കോർട്ടുകാർക്കും പ്രയാസത്തിനു തക്കവണ്ണം ശമ്പളം വച്ചിട്ടില്ലാഴികകൊണ്ടും, എട്ടുകോർട്ടിലും ഓരോ ശാസ്ത്രിമാർക്ക് 80 രൂപാ വീതം മുമ്പിൽ കുറച്ചിരിക്കുന്നതിൽ നിന്നും ഇപ്പോൾ കിരസ്ത്യൻ ജഡ്ജിമാർക്ക് വച്ചിരിക്കുന്ന ശമ്പളം കൂട്ടി മാസം ഒന്നിന് 70 രൂപാ വീതവും, ഹജൂർ കോർട്ടിൽ ജഡ്ജിക്ക് ഇപ്പോൾ വച്ചിരിക്കുന്ന ശമ്പളം കൂടാതെ 150 രൂപാ കൂട്ടി മാസം ഒന്നിന് 350 രൂപാ വീതവും, രണ്ടാം ജഡ്ജിക്ക് ഇപ്പോൾ വച്ചിരിക്കുന്നതു കൂടാതെ 40 രൂപാ കൂട്ടി മാസം ഒന്നിന് 220 രൂപാവീതവും, ശാസ്ത്രിമാരു രണ്ടുപേർക്കും സുന്ദരയ്യനും ഇപ്പോൾ വച്ചിരിക്കുന്നതു കൂടാതെ 40 രൂപാ കൂട്ടി പേർ ഒന്നിനു മാസം 1 ക്ക് 140 രൂപാവീതവും, പിള്ളമാരു 16നും, 208 രൂപാ വച്ചിരിക്കുന്നതു കൂടാതെ ഇപ്പോൾ 35 രൂപാ കൂട്ടി 243 രൂപാ വീതവും ഡഫേയ്ദാർ പേരൊന്നിന് ഇപ്പോൾ വച്ചിരിക്കുന്നതു കൂടാതെ അഞ്ചു രൂപാ കൂട്ടി മാസം ഒന്നിന് 15 രൂപ

1816



വീതവും, ശിപായികൾ 10 പേർക്ക്-50 രൂപാ വച്ചിരിക്കുന്നതു കൂടാതെ-ഇനി 10 പേരെ കൂട്ടി ആക്കി 20 പേർക്കും മാസം ഒന്നിന് 200 രൂപാ വീതവും, ഇതിന്മണ്ണം മാസം ഒന്നിന് 702 രൂപാ കൂടെ പതിവിൽക്കൂട്ടി കൊടുപ്പിക്കേണ്ടുന്നതിന് ഏതു പ്രകാരം വേണ്ടൂ എന്നും എല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം 8 കോർട്ടിലും, കിരസ്ത്യൻ ജഡ്ജിമാർക്കും (കൃസ്ത്യൻ) ഹജൂർ കോർട്ടിൽ ജഡ്ജി മുതലായ ആളുകൾക്ക് വച്ചിരിക്കുന്ന ശമ്പളം കൂടാതെ 702 രൂപാ കൂടെ പതിവിൽകൂട്ടി എഴുതിച്ച് മാസംതോറും കൊടുപ്പിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി ദിവാൻ നാരായണൻ രാമന് നീട്ടു എഴുതിവിടൂ എന്ന് തിരുവുള്ളമായ നീട്ട്".

(തുല്യം)

''ധർമ്മ ഏവ ഹതോഹന്തി
ധർമ്മോ രക്ഷതിരക്ഷിത:
തസ്മാദ്ധർമ്മോ നഹന്തവ്യോ
മാനോ ധർമ്മോഹതോവധീൽ.''

ധർമ്മം അഴിക്കപ്പെട്ടാൽ അത് നമ്മെ നശിപ്പിക്കും. അത് പരിരക്ഷിക്കപ്പെട്ടാൽ നമ്മെ രക്ഷിക്കും. അഴിക്കപ്പെടാത്ത ധർമ്മം നമ്മെ നശിപ്പിക്കയില്ല. ആകയാൽ ധർമ്മത്തെ ത്യജിക്കരുതാത്തതാണ്", എന്ന് ന്യായസ്ഥൻ സഭ്യന്മാരെ നോക്കി പറയേണ്ടതാകുന്നു.

# ശിവാലയങ്ങളിൽ ദക്ഷിണ

991 മേടം 10

നീട്ട്

കൊച്ചുമ്മിണി (സ്വാതി) ക്കുവേണ്ടി കിഴക്ക് 12 ശിവാലയത്തിലും, ശുചീന്ദ്രത്തും 990-ാമാണ്ട് തുലാ മാസം 28-ാം തീയതി മുതൽക്ക് വിശേഷാൽ ശിവപൂജ തുടങ്ങി നടന്നുവരുന്ന വകയ്ക്ക് ദക്ഷണ കൊച്ചുമ്മിണിയുടെ മേട മാസം (ചിത്തിര) പുറന്നാളിൻെറ അന്ന് കഴിക്കത്തക്കവണ്ണം നിശ്ചയിക്കകൊണ്ട് ഈ വകയ്ക്ക് ജപദക്ഷണ പിള്ളമാരു കൊടുത്തയച്ചിരിക്കുന്ന വര്യോല പ്രകാരം ഒള്ള പണം കൊടുത്തയക്കവണ്ണം നിദാനം വരുത്തി ആയവസ്ഥയ്ക്ക് എഴുതിവരികയുംവേണം. എന്നും ഇക്കാര്യം ചൊല്ലി ദിവാൻ നാരായണൻ രാമനു നീട്ടു എഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.

നമശ്ശിവാഭ്യാം പരമൗഷധാഭ്യാം
പഞ്ചാക്ഷരീപഞ്ജര രഞ്ജിതാഭ്യാം
പ്രപഞ്ച സൃഷ്ടി സ്ഥിതി സംഹൃതാഭ്യാം
നമോ നമശ്ശങ്കര പാർവതീഭ്യാം.



# ശ്രീപാദം കൊട്ടാരംപണി

991 ചിത്തിര 15

നീട്ടു അനുവ്

കൊടുത്തയച്ച സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിലും, ശ്രീപാദത്തും, ഓരോ കൊട്ടാരം കൂടെ തീർപ്പിക്കേണ്ടുന്നതിന് സ്ഥലവും മാതിരിയും നിശ്ചയിക്കുന്നതിനായിട്ടു ഇഞ്ചിനീയർ കപ്പിത്താൻ ഇങ്ങോട്ടു വരികകൊണ്ട് നമുക്ക് ബോധിച്ച സ്ഥലം ഇന്നതെന്നും, മാതിരി ഏതെല്ലാം പ്രകാരമെന്നും. നിശ്ചയിച്ചാൽ അതിവണ്ണം പണി ചെയ്യിക്കത്തക്കവണ്ണം ചട്ടംകെട്ടികൊള്ളാമെന്നും, എല്ലോ എഴുതിവന്നതിലാകുന്നു. ഇഞ്ചിനീയർ കപ്പിത്താൻ ഇവിടെ വന്നതിൻെറ ശേഷം വലിയകൊട്ടാരത്തിനു തെക്കുവശത്തു ഒരു മാളിക തീർപ്പിക്കേണ്ടുന്ന അവസ്ഥകൊണ്ട് നാം പറഞ്ഞാറെ വിശേഷമായിട്ടു ഒരു മാതിരിയിൽ വരച്ച് ഇഞ്ചിനീയർ കപ്പിത്താൻ നമ്മെ കാണിക്കകൊണ്ട് ആ മാതിരിയിൽ മാളിക തീർപ്പിച്ചാൽ മററ് ഒരു രാജ്യങ്ങളിലും ഇതുപോലെ ഒള്ള മാളിക തീർപ്പിച്ചിട്ടില്ലെന്ന് ഒരു യശസ്സും, കണ്ടാൽ വളരെ സന്തോഷവും ഉണ്ടായി വരുന്നതാകകൊണ്ട് അതിന്മണ്ണം കർണലുമായിട്ടും ബോധിപ്പിച്ച് മാളികപ്പണി തുടങ്ങത്തക്കവണ്ണം നിദാനം വരുത്തുകയും വേണം. ശ്രീപാദത്ത് ഒരു മാളിക തീർപ്പിക്കേണ്ടുന്നതിന് സ്ഥലവും മാതിരിയും, നിശ്ചയിച്ച് ആയവസ്ഥയ്ക്ക് പിന്നാലെ എഴുതി അയക്കയും ചെയ്യും. രണ്ടു കൊട്ടാരത്തിലും മാളിക തീർപ്പിക്കേണ്ടുന്ന സംഗതി കൊണ്ടും, തിരുവനന്തപുരത്ത് നാലു ദിക്കുകളിലും വഴി വെട്ടിക്കത്തക്കവണ്ണവും അതിൽ മുമ്പായിട്ടു ശംഖുമുഖത്ത് ആറാട്ടിന് എഴുന്നെള്ളിക്കുന്നതിന് പടിഞ്ഞാറോട്ടുള്ള വഴി വിസ്താരമായിട്ടു വെട്ടിക്കത്തക്കവണ്ണവും,

പിന്നത്തതിൽ തിരുവനന്തപുരത്തേക്കു ചുററിലും ഒരുവഴി വെട്ടിക്കത്തക്കവണ്ണവും, ഇഞ്ചിനീയർ കപ്പിത്താനോടു കർണൽ പറഞ്ഞിരിക്കുന്നു, എന്നും കൊല്ലം മുതൽ തിരുവനന്തപുരംവരെ തോടുവെട്ടിക്കുന്നതിനുമുമ്പിൽ ആരംഭിച്ചു വെട്ടിച്ചിരിക്കുന്നതു മുഴുവനും തീർന്നിട്ടില്ലാഴികകൊണ്ടും, ആയതു വെട്ടി തീർക്കേണ്ടുന്നതിന് നമുക്ക് മനസ്സായിരുന്നാൽ ഇപ്പോൾ വെട്ടി തീർപ്പിച്ചുകൊള്ളാമെന്നും, കർണലിൻെറ കടുദാസ് എഴുതി വരികകൊണ്ട് അതിന്മണ്ണം മേലെഴുതിയ പ്രകാരം മാളികപണി തുടങ്ങിക്കത്തക്കവണ്ണവും, കൊല്ലം മുതൽ തിരുവനന്തപുരംവരെ തോടു വെട്ടിക്കത്തക്കവണ്ണവും, നിദാനം വരുത്തേണ്ടുന്നതിനും, ശംഖുംമുഖത്ത് ആറാട്ടിന് എഴുന്നെള്ളിക്കുന്ന വഴി വിസ്താരമായിട്ടു വെട്ടിക്കേണ്ടുന്നതിന് മതിലകത്ത് മേക്കേനട മുതൽ പടിഞ്ഞാറെകോട്ട വാതൽവരേയും, ഇപ്പോഴത്തെ വഴി ചൊവ്വില്ലാഴികകൊണ്ട് ആയത് നേരത്തെ വെട്ടിക്കയെന്നുവച്ചാൽ മിത്രാനന്ദപുരത്തു സങ്കേതം അഴിയുന്നതാകകൊണ്ടും അതിനിടവരാതെ പടിഞ്ഞാറെക്കോട്ട വാതലിന് വടക്കേവെശത്ത് ഇരിക്കുന്ന കൊത്തളം ഇടിച്ച് കോട്ടവാതിലും ഇട്ട് കോട്ട അരികിൽക്കൂടി പഴയവഴിയിൽ ചേർത്ത് പടിഞ്ഞാറോട്ട് ശംഖുമുഖം വരേയും വഴി വിസ്താരമായിട്ടു വെട്ടി ശിക്ഷവരുത്തിച്ച് പിന്നത്തതിൻെറശേഷം വഴികളും വെട്ടി തീർപ്പിക്കത്തക്കവണ്ണവും ഇൻഞ്ചിനീയർ കപ്പിത്താനോട് നാംപറഞ്ഞിരിക്കകൊണ്ട് ആയവസ്ഥയും കർണൽ ബോധിക്കുന്നതിന് എഴുതി അയച്ചിട്ടും ഒണ്ട് എന്നും ഇക്കാര്യം ചൊല്ലി ദിവാൻ നാരായണൻ രാമനു നീട്ടു എഴുതി വിടൂ എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)



# തിരുമലത്തേവരെ തിരിച്ചുകിട്ടണം

കൊച്ചി മഹാരാജാ അവർകൾ - മൺട്രോയ്ക്ക് എഴുതിയതിന് പകർപ്പ്

991 മിഥുനം 32-ന്

ശ്രീമത്സകലഗുണ സമ്പന്നരാന-സകലധർമ്മ പ്രതിപാലകരാന, മിത്രജ്ഞമനോരഞ്ജിതരാന-അഖണ്ഡിതലക്ഷ്മിപ്രസന്നരാന-രാജമാന്യ രാജശ്രീകർണൽ മൺട്രോസായ്പ് അവർകൾക്ക് കൊച്ചിവീരകേരളരാജ അവർകൾസലാ........ം

ഇപ്പോൾ നമുക്ക് വാതത്തിൻേറയും, ആന്ത്രവായുവിൻേറയും ദീനം കുറെ ഏറിയിരിക്കകൊണ്ടും, അതിനു വൈദ്യക്കാരു പലരേയും വരുത്തി ഏറിയ ചികിത്സകൾ ചെയ്തിട്ടും ഭേദം കാണായ്കകൊണ്ടും, ജോൽസ്യക്കാരെ വരുത്തി വിചാരിച്ചാറെ - കൊച്ചിയിൽ തിരുമലത്തേവരുടെ ക്ഷോഭം നന്നായിട്ടുള്ളപ്രകാരം തിരികകൊണ്ട് തിരുമലത്തേവരെ കൊച്ചിയിലേക്ക് എഴുന്നെള്ളിച്ചു പ്രതിഷ്ഠ കഴിച്ച് പൂജ തുടങ്ങിച്ച് നമ്മുടെപേർക്കും പതിവായിട്ടു ഒരു വഴിപാടുകൂടെ തുടങ്ങിക്കാമെന്നും പ്രാർത്ഥിച്ചു ഒഴിവു കണ്ടിരിക്കുന്നു. ആയതുകൊണ്ട് നമ്മുടെ നേരെ തങ്ങൾക്ക് തൃപ്പാദകടാക്ഷം ഉണ്ടായിട്ടു തിരുമലത്തേവരെ കൊച്ചിക്ക് എഴുന്നെള്ളിച്ച് പ്രതിഷ്ഠ കഴിപ്പിച്ചു തരികവേണ്ടിയിരിക്കുന്നു. 965-ാമാണ്ട് ടിപ്പുവിൻെറ കലാപകാലത്ത് വടക്കേദിക്കിൽ ഗുരുവായൂരു മുതലായ പലക്ഷേത്ര

ങ്ങളിലേയും ബിംബങ്ങൾ തെക്കേ ദിക്കിലേക്ക് എഴുന്നെള്ളിച്ചതിൻെറ ശേഷം കലാപം തീർന്നു രാജ്യത്ത് ബഹുമാനപ്പെട്ട കമ്പിനിയാരുടെ കല്പന ആയതിപ്പിന്നെ ബിംബങ്ങൾ അവിടവിടേയ്ക്കുതന്നെ എഴുന്നെള്ളിച്ച് പ്രതിഷ്ഠ കഴിപ്പിച്ച് മാമൂൽപ്രകാരം പൂജ അടിയന്ത്രങ്ങളും നടത്തിച്ച് വരുന്നുണ്ടല്ലോ. 967-ാമാണ്ടിൽ തിരുമലത്തേവരെ ആലപ്പുഴയ്ക്ക് എഴുന്നെള്ളിച്ച് വച്ചിരിക്കകൊണ്ടും കലാപം കഴിഞ്ഞതിൻെറ ശേഷം തേവരെ കൊച്ചിക്ക് എഴുന്നെള്ളിക്കണമെന്നും മേലെഴുതിയ ദേവസ്വം അധികാരികളെ വരുത്തി കല്പിച്ച് അയച്ചതിൻെറ ശേഷം ഇത്രനേരവും കൊച്ചിക്ക് എഴുന്നെള്ളിക്കായ്കകൊണ്ടും ഇപ്പോൾ നമുക്ക് തേവരുടെ ക്ഷോഭം തിരിഞ്ഞിരിക്കകൊണ്ടും ഇനിയും താമസം വരാതെ കൊച്ചിക്ക് എഴുന്നെള്ളിച്ച് പ്രതിഷ്ഠ കഴിച്ച് മാമൂൽപ്രകാരം അടിയന്ത്രം തുടങ്ങി കണ്ടതിന് നമ്മുടെ നേരെ തങ്ങളുടെ പ്രീതി ഉണ്ടാകണമെന്ന് നാം എത്രയും വളരെവളരെ അപേക്ഷിക്കുന്നു. തങ്ങൾ ശരീര സൗഖ്യത്തോടുകൂടി സന്തോഷമായിരിക്കുന്ന അവസ്ഥയ്ക്കും വർത്തമാനത്തിനും എഴുതി വരുമാറാകയും വേണം.

കൊല്ലം 991-ാമാണ്ട് മിഥുനമാസം 32-ാനു-

[ആദ്യം ആലപ്പുഴയ്ക്ക് കൊണ്ടുപോയതുതന്നെ, കൊച്ചി രാജാവിനെ പററിക്കാൻ വേണ്ടി, ഒരു കപട ബിംബമാണെന്നും ശരിയായുള്ളത് അന്നും ഇന്നും കൊച്ചിയിലുണ്ടെന്നും, ആലപ്പുഴയിൽനിന്നും തിരിച്ചുകൊണ്ടുപോന്നത് അങ്ങോട്ടു പകരം കൊണ്ടുപോയ കപട ബിംബമാണെന്നും, മററും ബിംബത്തിൻെറ നിജസ്ഥിതിയെക്കുറിച്ചുള്ള മദ്ധ്യസ്ഥകാര്യത്തിൽ രസാവഹങ്ങളായ പല വാദങ്ങളും അന്ന് ഉണ്ടായിരുന്നതായി കാണുന്നുണ്ട്.]



# തിരുമലത്തേവർ ആലപ്പുഴയിൽ

ഡാക്കർ സായ്പിന് മൺറോ എഴുതിയതിന് പകർപ്പ്

991 കർക്കടകം 11

തിരുമലത്തേവരെ-കൊച്ചിയിൽ എഴുന്നെള്ളിക്കേണ്ടുന്ന സംഗതിക്കായിട്ട് കൊച്ചിയിൽ മഹാരാജാ അവർകൾ എഴുതിയ കായസത്തിൻെറ പെർപ്പ് കൊടുത്തയക്കുന്നഅവസ്ഥ കൊണ്ട് എഴുതിയ കായസവും പേർപ്പും വന്നുചേർന്ന വസ്തുത മനസ്സിലാകയും ചെയ്തു. തിരുമലത്തേവരെ ആലപ്പുഴനിന്നും കൊച്ചിക്ക് എഴുന്നെള്ളിക്കേണമെന്ന് പ്രയത്നം ചെയ്താറെ-അന്ന് യാതൊരു ഉത്തരവും മഹാരാജം അവർകൾ കൊടുത്തിട്ടും ഇല്ല. പിന്നത്തതിൽ കർണൽ മക്കാളി സായ്പ്പിൻെറ നാളിലും ഈ വകയ്ക്ക് കൊംങ്ങിണികൾ പ്രയത്നം ചെയ്തതിന് മക്കാളി സായ്പ്പും സംബന്ധിച്ച് യാതൊരു ഉത്തരവും കൊടുത്തിട്ടും ഇല്ല. നാം ഈ രാജ്യത്ത് വന്നതിൻെറശേഷവും തിരുമല ദേവസ്വം കൊങ്ങിണികൾ വന്ന് തേവരെ എഴുന്നെള്ളിച്ചു കൊണ്ടുപോകുന്നതിന് ഉത്തരവു കൊടുക്കണമെന്ന്ബോധിപ്പിക്കകൊണ്ടും അക്കാര്യം നാം നല്ലപോലെ വിചാരണ ചെയ്താറെ-മേലെഴുതിയ തേവരെ ആലപ്പുഴനിന്നും കൊച്ചീ രാജ്യത്ത് എഴുന്നെള്ളിപ്പാൻ യാതൊരവകാശവും കാണായ്കകൊണ്ടും, ആ വകയ്ക്ക് ഉത്തരവു കൊടുത്തിട്ടും ഇല്ല. ഇപ്രകാരം ഒക്കെയും കീഴിൽ നടന്നിരിക്കുന്ന അവസ്ഥ ബോധിച്ചിരുന്നുംകൊണ്ട് മഹാരാജാ അവർകൾ എഴുതിയത് വിചാരിച്ചുകണ്ടാറെ-വളരെ ആശ്ചര്യമായിട്ടു തോന്നുന്നു.

എന്ന് 991 കർക്കടകമാസം 11-ാനു- ചെങ്കോട്ട

# ഹജൂർ തിരട്ടുകൾ 4

കൊ. വ: 991

1) തിരുവല്ലാ കമ്പോളത്തിൽ ഒള്ള 'നസ്രാണിമാപ്പിളമാര്' ഉത്തരവും പ്രകാരം 'പാലിയക്കരമലയിൽ', കള്ളിക്കുളത്തു കിഴക്കേ പറമ്പിൽ പുരകെട്ടി കുരിശുവച്ചാറെ-മന്ദം, മതിപ്രം, രണ്ടു കരക്കാററും, തിരുവല്ലാ യോഗത്തുങ്കൽ പോററിമാരും, സമൂഹക്കാററിൽ ഗണപതി അണ്ണാവി മുതൽപേരും, ദേശികളും കൂടിച്ചേർന്ന് പിറത്തട്ടു കത്തനാരെയും, മാപ്പിളമാരെയും കയ്യേററം ചെയ്ത് കുരിശും ഇളക്കി പുരയും തീവെച്ച കാര്യത്തിന് സങ്കടം ബോധിപ്പിച്ച് ഹജൂർ കോർട്ടിൽ വിസ്തരിച്ച് തീർപ്പിൻപ്രകാരം പള്ളികെട്ടി ചേതം വന്ന വകയ്ക്കും കെട്ട വേണ്ടും വകയ്ക്കും, പണം അയ്യായിരവും, പള്ളി ഇടപ്പെട്ട സംഗതിക്ക് സാക്ഷിക്കാററും ഉൾപ്പെട്ടപേർക്ക് ചിലവു വകയ്ക്കു പണം രണ്ടായിരവും വക രണ്ടിൽ ഉത്തരവുംപടി കമ്പോളത്തിൽ ചാലക്കുഴി നസ്രാണി മാത്തൻ കുര്യൻ മുതൽപേർവശം കൊടുത്ത ചിലവാകപണം ഏഴായിരം.

2) മേല്പടി വകയിൽ കുരിയാത്തിക്കാററു വകയിൽ ഒള്ള ആളുകൾക്ക് അവരുടെ ജാതിമര്യാദപോലെ ഒള്ള വേദപാഠം ചെയ്യുന്നതിന് വകയും ഗതിയും ഇല്ലാ എന്നു ബോധിപ്പിച്ചാറെ-ഏറിയ കാലമായിട്ടു ഈ സംസ്ഥാനത്തു പാർത്തു വരുന്ന ആളുകളാകകൊണ്ട് ധർമ്മമായിട്ടു എണ്ണായിരം കുമ്പിനിരൂപാ കൊടുക്കത്തക്കവെണ്ണം ഉത്തരവിൻപടി കൊടുത്തപടി വികാരിപള്ളിയിൽ മാർ ദീവൻ മൈത്രാൻ പൊലീത്ത വശമാക കൊടുത്ത ചിലവു അൻപത്തി ആറായിരം പണം.



3) ചെന്നപട്ടണത്തു നിന്നും അടിയറ വകയ്ക്ക് കപ്പൽ വഴി വന്നതാക തുത്തുകുടിയിൽ നിന്നും, കുതിര സാറാട്ടു വണ്ടിയും, കിന്നരിയും, പള്ളിതട്ടുപടിയും, എടുപ്പിച്ച് കൊണ്ടു വന്ന ഹരിക്കാരൻ പാളയക്കോട്ടു സുബ്രഹ്മണ്യൻമുതൽ പേർ മൂന്നുക്ക് ഇനാം കൊടുത്തതാക ചിലവ് നാല്, മൂന്ന്, രണ്ടു രൂപാവീതം, അറുപത്തി മൂന്നുപണം.

4) ഉത്രട്ടാതി തിരുനാൾ വലിയതമ്പുരാൻ തിരുമനസ്സിലേക്ക് പള്ളിവായന വായിപ്പിക്കുന്ന കരമന നാരായണ ശാസ്ത്രിയാർക്ക് കടം വീട്ടാൻ ഇനാമായിട്ടു കൊടുത്ത പണം ആയിരത്തി അഞ്ഞൂറ്.

5) ചോതിതിരുനാൾ തിരുമനസ്സിലേക്ക് ആലസ്യമായിരിക്കുമ്പോൾ വന്നു പാർത്ത ഡാക്ടർ ബൊട്ട്ളർ, മുത്തുസ്വാമിപിള്ളക്ക് ഇനാം അറുപത്തിയഞ്ചുപണം.

6) ആശ്രാമത്ത് ബംഗ്ലാവിനു പടിഞ്ഞാറെ കായലിൽ വള്ളം മുങ്ങി ചത്ത പെണ്ണും പിള്ളയെ-വലവീശി എടുത്ത മാർഗ്ഗം കൊപ്പിളിയാൻ മുതൽ പേർക്ക് ഇനാം പന്ത്രണ്ടര പണം.

7) മാത്തുപ്പണിക്കരുടെ ആട്ടത്തിൽ വേഷം കെട്ടി വരുന്നതിന് കല്പിച്ചു കൊടുത്ത കുപ്പായം വകയ്ക്ക് പന്ത്രണ്ടര പണം.

8) അമ്പലപ്പുഴ അയണിക്കര കൊച്ചുകുഞ്ഞുപണിക്കരുടെ ആട്ടക്കാററന് പകടശാലയിൽവച്ച് കാർത്തവീര്യാർജ്ജുനൻ കഥ ആടിയതിനു സമ്മാനം അൻപതുപണം.

9) ചെന്ന പട്ടണത്തു നിന്നും വന്ന കഴക്കൂത്താടി വകയിൽ രാമകർണ്ണപ്പു മേപ്പടി മുത്തു മുതൽ പേർ-തെക്കേത്തെരുവിൽ വച്ച് കുത്താടുകയാൽ സമ്മാനം വകയ്ക്ക് ചിലവ് മുന്നൂററി ഒൻപതേകാൽ.

10) കാർത്തികപ്പള്ളി പ്രവൃത്തിയിൽ പുതുക്കണ്ടം മുറിയിൽ തട്ടാൻ 'കണ്ടൻകാളി' എന്നവൻ കള്ളക്കമ്മട്ടം അടിച്ച സംഗതിയറിഞ്ഞു കൊല്ലത്തു കോന്തുവാൾ പിടിച്ചു കൊണ്ടുവന്ന് ഹജൂർ കോർട്ടിൽ ഏൽപ്പിക്കയാൽ ഇനാം അറുന്നൂററി ഇരുപത്തിയഞ്ച്.

11) ധാര അവർകളുടെ വെള്ളിവില്ലാക്കാരരിൽ ഒരുത്തനെ ആശ്രാമത്ത് ബംഗ്ലാവിൽ വച്ച് ഒരു നായ്‌വന്ന് കടിക്കകൊണ്ട് വിവരം ബോധിപ്പിച്ചാറെ-സമീപത്തുള്ള നായ്ക്കളെ അടിച്ചുകൊന്ന് കൊള്ളത്തക്കവണ്ണം ഉത്തരവു കൊടുത്ത് പറയൻ ചാന്നാൻ മുതൽപേർ തല്ലിക്കൊന്ന പട്ടി ഇരുപത്തിരണ്ടുക്ക് ഇരുപത്തിനാലേകാൽ പണം.

12) ചാലയിൽ കടയിൽ പാക്കു പണ്ടകശാലയായി ഉപയോഗിച്ചു വന്ന കടകൾ-എട്ടിൽ-989 മുതൽ 'പാക്കു കുത്തക' നിർത്തുകയാൽ കടകൾ കൂലിക്ക് ഏൽപ്പിച്ച വകയിൽ കട ഒന്നക്ക് എഴുപത്തിരണ്ടു പണം.

13) കുമാരമംഗലത്തു നമ്പൂരി വക ചങ്ങനാശ്ശേരി വെട്ടിയടിക്കാവിലും, മേപ്പടി ആനന്ദേശ്വരത്തെ ക്ഷേത്രം രണ്ടിലും കള്ളന്മാർ കയറി മോഷ്ടിച്ച് ബിംബം രണ്ടും ഇളക്കി പോകകൊണ്ട് പ്രതിഷ്ടയ്ക്ക് നവീകരണകലശം മുതലായതിനും കൂടി കൽപ്പനപ്പടി കൊടുത്തചിലവ്-ആയിരത്തി അഞ്ഞൂറ്.

14) മണിമേസ്തിരി അന്തോണി ക്രിസ്ത്യാന് മാസം1ക്ക് നൂററി തൊണ്ണൂററിയഞ്ചു പണം.

15) പന്തളത്തു തമ്പുരാൻ നിക്ഷേപം എടുത്ത സംഗതിക്ക് പന്തളത്തു കമ്മററി കൂടി വിചാരിക്കുന്നതിന് അയച്ചിരുന്ന കാര്യക്കാററു ചെമ്പക രാമൻ ഈശ്വരന് ചിലവിനു കൊടുത്ത വകയിൽ-നൂറു പണം.



16) പത്മനാഭപുരം കൊട്ടാരത്തിൽ മുററവെളിക്ക് വടക്കുവശത്ത് മാളികയും മന്ത്രശാലയും, നാടകശാലയും, പണിക്കുറ തീരുക കൊണ്ട് അതിനു ചിലവ്-പതിനെണ്ണായിരത്തി മുന്നൂററിയറുപത്തിയഞ്ചേകാൽ. പുണ്യാഹം, വാസ്തുവെലി ചിലവ് - നൂററിരണ്ടേകാൽ.

17) മതിലകത്ത് പുഷ്പാഞ്ജലിക്ക് അവരോധിച്ചിരുന്ന ഒതല്ലൂർ പെരിയസ്വാമിയാർക്ക് വസൂരി ആലസ്യമായി തിരുവനന്തപുരത്ത് ശ്രീകണ്ഠേശ്വരത്ത് കല്ലമ്പള്ളി മഠത്തിൽ എഴുന്നെള്ളിയിരിക്കുമ്പോൾ മാശി 28-ാം തീയതി സ്വർഗ്ഗാരോഹണം ആകയാൽ കല്പന പ്രകാരം ചിലവ് അറുനൂററിമുപ്പത്തിഏഴ്.

18) മേല്പറഞ്ഞ സ്വാമിയാർ സിദ്ധി അടഞ്ഞതിന്റെ ശേഷം വലത്തിൽ (പ്രദിക്ഷണം) എഴുന്നെള്ളിച്ച് ചെറിയ ഉദേശ്വരത്ത് കോവിലിനകത്ത് കൊണ്ടുപോയ വകയ്ക്ക് വിശേഷാൽ ചിലവ് അൻപത്തിയഞ്ച്. വക രണ്ടിൽ അറുനൂററി തൊണ്ണൂററിരണ്ട്.

19) നിത്യച്ചിലവു കാര്യം വിചാരിച്ച അപ്പാക്കുട്ടി കാര്യക്കാർക്ക് വയസ്സുകാലമാക കൊണ്ട് മാസം ഒന്നിന് നൂററിയൻപതു പണവും നാൾ 1ക്ക് മൂന്നേകാൽ ഇടങ്ങഴി അരിയും, കോപ്പും വകയ്ക്ക് മാസം 1ക്ക് നാല്പത്തിയഞ്ചു പണവും, ആകെ നൂററിതൊണ്ണൂററിയഞ്ചു വീതം കൊടുപ്പാൻ നീട്ടുവന്ന് ദിവാൻ നാരായണൻ രാമൻ പങ്കുനിമാസം പതിനഞ്ചാം തീയതി എഴുതിയ സാധനത്തും പടി-ചിറയിൻകീഴ് മണ്ഡപത്തും വാതുക്കൽ നിന്നും പങ്കുനിമാസം പതിനാറാം തീയതി മുതൽ ചിലവ്.

## 992 M. E.★

# പൂഞ്ഞാറിലെ പാരമ്പര്യത്തെ കുറിച്ചുള്ള വിവരണം

992-ാമാണ്ട് കന്നിമാസം 4-ാം

അരുളി ചെയ്ത ദിവാൻ പേഷ്കാർക്ക് എന്തെന്നാൽ- പൂഞ്ഞാററിൽ നമ്മുടെ പാരമ്പര്യം ഏതു പ്രകാരമെന്നും നമ്മുടെ പൂർവ്വാശ്രമം എങ്ങനെ എന്നും തിരുവിതാംകൂർ. മഹാരാജാ അവർകളുടെ കീഴായിട്ടു നടന്നു പോരുന്നത് ഏതു കാലം മുതൽക്ക് എന്നും, കമ്പം കൂടല്ലൂർ നമ്മുടെ വക എന്നു കണ്ടിരിക്കുന്നത് ഏതു സംഗതിയാൽ എന്നും, തിരുവിതാംകൂർ മഹാരാജാ അവർകൾ കല്പിച്ച് ഏതെല്ലാം അനുഭവങ്ങൾ തന്ന് അനുഭവിച്ചു വരുന്നുവെന്നും, വിവരമായിട്ടു അറിയേണ്ടുന്നതിന് ആധാരങ്ങൾ, പഴയകണക്കുകൾ, ഒള്ളതും ശോധന ചെയ്ത് ഏൽപിച്ച് കൊടുത്തയച്ച വസ്തുക്കൾക്ക് വിവരമായിട്ടു എഴുതി കൊടുത്തയയ്ക്കണമെന്നും എല്ലോ എഴുതി വന്നത്. അതിന്മണ്ണം തന്നെ കണക്കുകൾ, ആധാരങ്ങൾ, പഴമയിൽ ഒള്ളത് എടുത്ത് ശോധന ചെയ്യിച്ചാറെ-മഞ്ഞപ്പാറ മലം പിറത്തു ആന പിടിച്ചിട്ടുള്ളതും, ഏലം, മെഴുക്, ആനക്കൊമ്പ്, മുതലെടുത്തിട്ടുള്ളതിനും, എഴുതിയിട്ടുള്ള കണക്കുകൾ, കണ്ടതിനെ മുമ്പിൽ തന്നെ കൊടുത്തയച്ചിട്ടുണ്ടല്ലോ. അല്ലാതെയും 931-ാമാണ്ട് വടക്കുംകൂറും, തെക്കുംകൂറും, രാജ്യം തിരുവിതാകൂറു മഹാരാജാ അവർകളിടെ കല്പനയിൽ ഒതുങ്ങിയതിന്റെ ശേഷം. അയിതലി നവാബിന്റെ ആളുകൾ കമ്പം മുതലായ ആറു ഗ്രാമങ്ങളും, അതിക്രമിപ്പാൻ ഭാവിക്കകൊണ്ട് അന്നു മഹാരാജാ അവർകൾക്ക് അമ്മാവന്മാരു എഴുതി അയച്ചതിന്റെ മറുപടിയായിട്ടു എഴുതി വന്ന തിരുവെഴുത്തും,



ആയതനുസരിച്ച് അമ്മാവന്മാർ പ്രയത്നം ചെയ്ത് മേലെഴുതിയ കമ്പം മുതലായ ഗ്രാമം 6-ം, നമുക്കായിട്ടു ത(പൊടിവ്) 932-ാമാണ്ട് ധാതു വർഷം ആവണി മാസം 20-ാം എഴുതിയ സാധന പട്ടയവും അതിൽ പിന്നെ 935-ാമാണ്ടത്തേക്കും മുപ്പതിനായിരം പണം കുത്തകയായിട്ട് മീനച്ചൽ സർവാധികാര്യക്കാററുടെ പക്കൽ ഒടുക്കേണ്ടുന്നതിന് 934-ാമാണ്ട് കുംഭമാസം 11-ാം എഴുതി വന്ന തിരുവെഴുത്തും കാണുകകൊണ്ട് ആയത് ഇപ്പോൾ കളരിക്കൽ മേനോന്റെ പക്കൽ കൊടുത്തയച്ചിരിക്കുന്നു. ഇനിയും ശോധന ചെയ്യിച്ചു വരിക കൊണ്ടു ആധാരങ്ങൾ, കണക്കുകൾ, കണ്ടാൽ ഉടനെ കൊടുത്തയക്കയും ആം.

നമ്മുടെ പാരമ്പര്യം പൂഞ്ഞാററിൽ തന്നെ ആകുന്നു. പൂർവാശ്രമം നെടിയിരിപ്പു നാട്ടിൽ ശാർക്കരെ കോവിലന്മാരാകുന്നു. അവിടെനിന്നും വന്നിട്ടത്രേ പൂഞ്ഞാററിൽ ഒള്ളത്. ഇപ്പഴും ശാർക്കരെയും, പൂഞ്ഞാററിലും, ഒന്നായിട്ടത്രേ കഴിഞ്ഞു പോരുന്നത്. മധുര രാജാവിന്റെ രാജ്യം ശത്രുക്കൾ അതിക്രമിക്കകൊണ്ടും, അക്കാലങ്ങളിൽ കൂടല്ലൂര്, കമ്പം, പുതുപ്പെട്ടി, അനുമന്തരായൻപെട്ടി, കുച്ചന്നൂർ, ഉത്തമപാളയം, മാക്കയിൻകോട്ട ഇങ്ങനെ ഏഴു ഗ്രാമം, കൊമ്പ മുതലായ പാളയപ്പട്ടുക്കാററുടെ സമീപമാകകൊണ്ട് അവരെ സ്വാദീനമാക്കി ശത്രുക്കളുടെ ഉപദ്രവം കൂടാതെ രക്ഷപ്പെടുത്തി കൂടല്ലൂർ പാർത്തു വരുമ്പോൾ, രാജസ്ത്രീകളും, അനന്തരവരും ഇല്ലാതെ രണ്ടു രാജാക്കന്മാരുതന്നെ ആയതിന്റെ ശേഷം തെക്കുംകൂറുരാജാവിനെ ചെന്നുകണ്ടു ക്ഷത്രിയ രാജാക്കന്മാരിൽ ഒരാളെ ദത്താക്കി കൊടുക്കണമെന്നും അപേക്ഷിക്കകൊണ്ട് അതിന്മണ്ണം ദത്താക്കണമെന്നും നമ്മുടെ അമ്മാവന്മാരോട് ചോദിച്ചതിന്റെ ശേഷം, നെടുവിരിപ്പു നാട്ടിൽ ശാർക്കരെ കോവിലന്മാരാകുന്നു എന്നും, നെടുവിരിപ്പിൽ രാജാവിന്റേയും കല്പന ഒണ്ടായാൽ ആകാമെന്നും, അങ്ങോട്ടു പറഞ്ഞതിന്റെ ശേഷം, മധുര രാജാക്കന്മാരു രണ്ടുപേരും നെടുവിരിപ്പിൽ ചെന്ന് അവിടത്തെ

(പൊടിവ്) വാങ്ങിക്കൊണ്ട് വരുമ്പോൾ എടപ്പള്ളിയിൽ വച്ച് ഒരാളു കഴിഞ്ഞു പോകകൊണ്ടും, ശേഷം ഒരു രാജാ ഉണ്ടായിരുന്ന ദേഹം വന്നാറെ- നമ്മുടെ അമ്മാവന്മാരിൽ ഒരാളെ ദത്താക്കി ഒന്നിച്ച് കൂടലൂർ ചെന്ന് പാർത്തിരുന്നു, പിന്നത്തതിൽ മധുര രാജാവ് ഉണ്ടായിരുന്ന ദേഹവും കഴിഞ്ഞു പോകകൊണ്ടും, ദത്തുകേറിയ അമ്മാവൻ ശേഷക്രിയയും ചെയ്ത് അവിടെ പാർത്തിരിക്കുമ്പോൾ വടക്കുംകൂററിൽ രാജാവിന്റെ വകയിൽ ഒരു രാജസ്ത്രീക്ക് വിശ്വാസമായിരുന്നു, അതിൽ പിറന്നുണ്ടായ വടക്കുംകൂററിൽ രാജാവിന് കമ്പം, പുതുപ്പട്ടി, അനുമന്തരായൻപ്പെട്ടി, കുച്ചെന്നൂർ, ഉത്തമപാളയം, മാക്കയംകോട്ട ഈ ആറു ഗ്രാമവും കൊടുത്തു. കൂടല്ലൂർഗ്രാമം സ്വന്തമായിട്ടും മുതലെടുത്ത് അനുഭവിച്ചു വന്നു. അതിന്റെ ശേഷം കുറേകാലം നടന്നുവന്നതിന്റെ ശേഷം തെക്കുംകൂറും, വടക്കുംകൂറും രാജ്യം തിരുവിതാംകൂർ മഹാരാജാ അവർകൾ കല്പനയിൽ ഒതുങ്ങുകകൊണ്ടും, ആ സംഗതി (പൊടിവ്) തിരുവിതാംകൂർ മഹാരാജാവു അവർകൾക്കു നമ്മുടെ അമ്മാവന്മാരു ആശ്രയ ഒത്താശകൾ ചെയ്തിരുന്ന കാരണത്താൽ മേൽ എഴുതിയ കമ്പം മുതലായ ഗ്രാമങ്ങൾ ആറും അമ്മാവന്മാർ വശത്തിലാക്കി വച്ചതിന്റെ ശേഷം അയിതരാലി നവാബു ആക്രമിപ്പാൻ ഭാവിക്കകൊണ്ട് ആയവസ്ഥയ്ക്ക് കളരിക്കൽമേ (പൊടിവ്) എഴുതി കൊടുത്തയച്ചിരുന്നാറെ - അതിനുവേണ്ടുന്ന യത്നങ്ങൾ ചെയ്തു കൊള്ളണമെന്നും മറുപടി തിരുവെഴുത്തു വരികകൊണ്ട് അതിന്മണ്ണം യത്നം ചെയ്തു. എഴുപത്തി അയ്യായിരം പൊന്നും, എഴു ആനയും (പൊടിവ്) ഗ്രാമം ആറും നമ്മുടെ അമ്മാവന്മാർക്ക് വിട്ടു കൊടുത്തു അതിന്മണ്ണം സാധനപട്ടയം എഴുതിവാങ്ങിക്കയും ചെയ്തു. അപ്രകാരം നമ്മുടെ അ മ്മാ വ ന്മാ രാ യി ട്ടു 936-ാമാണ്ടു വരേയും മേലെഴുതിയ ഗ്രാമങ്ങളിലെ മുതലെടുത്ത് പണ്ടാര വകയ്ക്ക് അടച്ചുവന്നു. 937-ാമാണ്ട് മുതലായിട്ടു പണ്ടാര വകയിൽ നിന്നും വെങ്കിടാചലം പട്ടരെ



ആക്കി മുതലെടുത്തു വരുമ്പോൾ 945-ാമാണ്ടിൽ അയിതരാലി നവാബ് മറുപടിയും മേലെഴുതിയ കമ്പം മുതലായ ഗ്രാമം ആറും കൂടല്ലൂർ ഗ്രാമവും കരേറികൊള്ളുകയും ചെയ്തു. മുൻപിനാലെ തിരുവിതാംകൂർ മഹാരാജാ അവർകളെ അമ്മാവന്മാരുടെ കാലങ്ങളിൽ ആശ്രയ ഒത്താശകൾ നടന്നുവന്നതിനാൽ കോട്ടയം പ്രവൃത്തിയിൽ കോലത്തുശേരി 3655½ കണ്ടം അനുഭവമായിട്ടും, ആണ്ടൊന്നിന് 1500 പണം അടുത്തൂണായിട്ടും, 600 തുലാം പാക്ക് തീരുവ ഒഴിഞ്ഞു മാനിഭം ആയിട്ടും 931-ാമാണ്ട് മുതൽക്ക് കല്പിച്ചു തന്ന് അനുഭവിച്ചു വരുന്നു. ഇതല്ലാതേയും നമ്മുടെ പൂർവാശ്രമം ശാർക്കര കോവിലന്മാരെന്നുള്ള അവസ്ഥ നെടിയിരിപ്പിൽ സാമൂതിരി രാജാ അവർകളും, കൊടുങ്ങല്ലൂർ രാജാവും അറിഞ്ഞിട്ടുള്ളതാകകൊണ്ട് അവർക്ക് എഴുതി അയച്ചാൽ തെര്യപ്പെടുത്തുകയും ചെയ്യും. എന്ന് കൊല്ലം 992-ാമാണ്ട് കന്നിമാസം 2-ാനു കല്പിച്ച് മേയ്ക്ക് കളരിക്കൽ മേനോൻ എഴുത്ത്.

സഭാം വാ ന പ്രവേഷ്ടവ്യാ
വക്തവ്യം വാ സമഞ്ജസം
അബ്രുവൻ വിബ്രുവൻ വാപി
നരോ ഭവതി കിൽബിഷി

[മനുഷ്യർ വാദങ്ങളെക്കുറിച്ച് കഴിയുന്നതും ന്യായസഭയ്ക്കു പോകാതിരിക്കേണ്ടതാകുന്നു. പോകുന്ന പക്ഷം സത്യത്തെ പറയേണ്ടതാകുന്നു. അറിഞ്ഞതിനെ പറയാതിരുന്നാലും അറിയാത്തതിനെ വിരോധമായി പറഞ്ഞാലും പാപികളാകുന്നു.]

അനുവുകരം

**മഞ്ഞപ്പാറമലയ്ക്കു പൂഞ്ഞാററിൽതമ്പുരാനു എഴുതി കൊടുത്ത വകയ്ക്കു ചെങ്ങമനാട്ടു ദേവസ്വം ഗ്രന്ഥവരി കണ്ടെഴുതിയ അനുവു കണക്ക്.**

992-ാമാണ്ട് തുലാമാസം 5-ാനു

കൊല്ലം 364-ാമതു മീന ഞായററിൽ പൂഞ്ഞാറുടയ കുലശേഖരപ്പെരുമാരം പണ്ടാര കാര്യത്തിലേക്ക് ചെങ്ങമനാട്ടു ദേവരു തിരുനാമപ്പേരാൽ ഊരാളർ ഒരുപത്തെൻപരും, സ്വാമി പുരുഷരും, വേണാട്ടു മനുഷ്യവും, മലമനുഷ്യവും, പൊതുവരും കൂടി ചെയ്ത കാര്യം ദേവരു തനിക്കുള്ള മഞ്ഞപ്പാറ മലമ്പുറം എഴുതി കൊടുത്തതിനു അതിരു-ആനമേട്ടിനും, പതിനെട്ടാം പടിമേട്ടിനും, ഒക്കാ പടിമേട്ടിനും, തലമല കീഴക്കോട്ടു ചാഞ്ഞതിനും പടിഞ്ഞാറു തെക്ക് പാലാററിനും, പെരിഞ്ചാകുട്ടക്കും വടക്കുപടിഞ്ഞാറു നിന്നാക്കുട്ടിക്കും, പൂതൻമങ്കാട്ടിനും, ചൂനക്കടവിനും കിഴക്കുവടക്ക് മുതിരപ്പുഴക്കും, വരിവയൽതോട്ടിനും, കൂരാൻ ചാലിമേട്ടിനും പെരുമ്പട്ടി തിരിപ്പിനും തെക്ക് ഈ അതിർത്തിക്കകത്തു മഞ്ഞപ്പാറമലയും മലയടിയാരെയും എഴുതി കൊടുത്തിരിക്കുന്നു.

[പൂഞ്ഞാററ് കോയിക്കൽ പാലുകാച്ചു വകയ്ക്ക് വച്ചെഴുത്തു വകയിൽ നിന്നും കൊടുത്തതാക പണം ആയിരമെന്നും, പൂഞ്ഞാററു തമ്പുരാന് ആണ്ടൊന്നുക്ക് പണം ആയിരത്തി അഞ്ഞൂറും, പാക്കു വകയിൽ വാണിഭം വകയ്ക്ക് പണം നാലായിരത്തി അമ്പതും, വക രണ്ടിൽ ആണ്ടൊന്നുക്ക് പണം അയ്യായിരത്തി അഞ്ഞൂററി അൻപത്.]



**കണ്ണൻദേവൻമല കീഴ്മല പെരുമാൾക്ക് ചെങ്ങമനാട്ടു ദേവസ്വം വകയിൽ നിന്നും എഴുതി കൊടുത്തിരിക്കുന്ന വകയ്ക്ക് ടി ദേവസ്വം ഗ്രന്ഥവരി കണ്ടപടിക്ക് എഴുതിയ അനുവ്.**

992-ാമാണ്ട് തുലാമാസം 5-ാനു

കൊല്ലം 375-ാമതു കന്നിഞായററിൽ കീഴ്മല നാടുടയ കോതവർമ്മരു കോവിലതികാരികരംക്ക് - ചെങ്ങമനാട്ടു ദേവരു തിരുനാമം പേരാൽ ഊരാണ്മർ-ഒരു പത്തെൺപരും സ്വാമി പുരുഷരും, വേണാട്ടു മനുഷ്യവും, കീഴ്മല മനുഷ്യവും, പൊതുവരുംകൂടി ദേവർ തനിക്കുള്ള കണ്ണൻ ദേവന്നൂർ എഴുതി കൊടുത്തതിന് അതിര്-കിഴക്കു ഒഴുകലച്ചി മേട്ടിനും, ശൂലക്കല്ലിനും, തിരിപ്പടി തോട്ടിനും പടിഞ്ഞാറു തെക്കു ദേവർ കളത്തിനും, മേട്ടിനും മൂന്നാററിനും വടക്കു പടിഞ്ഞാററ് - മൂന്നാററിനും, ആനക്കുളത്തിനും, ചിന്നാററിനും കിഴക്കുവടക്ക് ചിന്നാററി കൺപായിക്കും, അഞ്ചി ഓടക്കും, വെളിമല ചെന്നു ഒഴുകലച്ചി മേട്ടിനും കൂടിയതിനും തെക്ക് ഈ അതിർത്തിക്കകത്തു ഊരു 6-ം, തെൻകാശിനാഥ സ്വാമിയും കൂടെ എഴുതി കൊടുത്തിരിക്കുന്നു.

ശ്രീപാദം വക കിളിമാനൂർ കോയി പണ്ടാരത്തിലെ വക നിലത്തിനും, പുരയിടത്തിനും, കൂട്ടിയിരിക്കുന്ന കരവും, പൂഞ്ഞാററിൽ തമ്പുരാൻെറ വകയ്ക്ക് കൂട്ടിയിരിക്കുന്ന മേൽക്കരവും, ഒഴിഞ്ഞു കൊടുക്കത്തക്ക വണ്ണം എഴുതിവന്നത് സാധനത്തുംപടി ഒഴിഞ്ഞു കൊടുത്തതാക നെൽ 734 പറ 8 ഇട. നീക്കിയിരിപ്പു കുടിശിഖ നെൽ 25860 പറ 7½ ഇട.

### പൂഞ്ഞാററി ഗ്രന്ഥവരി കണ്ടു. ചെങ്ങമനാട്ടു വക കണ്ണൻ ദേവൻ ഊരു എഴുതി വാങ്ങിച്ചതിനു എഴുതിയ കണക്ക്.

കൊല്ലം 427-ാമതു മേടഞായററിൽ പൂഞ്ഞാറുടയ കുലശേഖരപ്പെരുമാൾ പണ്ടാര കാര്യത്തിലേക്കു കീഴ്മല നാടുടയ കോതവർമ്മ കോവിലധികാരികൾ - ചെങ്ങമനാട്ടു ദേവനോടു തെട്ടമുള്ള കണ്ണൻ ഊരു എഴുതി തന്നതിനു അതിര്:- കിഴക്ക് ഒഴുകലച്ചിമേട്ടിനും, ശൂലക്കല്ലിനും, ഒരിപ്പട്ടിതോട്ടിനും പടിഞ്ഞാറ്, തെക്ക് ദേവൻ കുളത്തിനും മേട്ടിനും മൂന്നാററിനും വടക്ക്. പടിഞ്ഞാറു മൂന്നാററിനും, ആനക്കുളത്തിനും ചിന്നാററിനും കിഴക്ക്. വടക്ക് ചിന്നാററിൽ കൺപായിക്കു അത്തി ഓടക്കും, വെളിമല ചെന്നു ഒഴുകലച്ചിമേട്ടിൽ കൂടിയതിനും തെക്ക്, ഈ അതിർത്തിക്കകത്തുള്ള ഊരു ആറും തെൻകാശിനാഥസ്വാമിയും കൂടി എഴുതി തന്നിരിക്കുന്നു.

പൂഞ്ഞാററിടവക-കണ്ണൻതേവൻമല, അഞ്ചുനാട്, ഉൾപ്പെട്ട കാന്തള്ളൂർ മന്നിട്ടമന്നാടിയും, കീഴാന്തൂർ പാണ്ടിപ്പെരുമാൾ മണ്ണാടിയും ശേഷം കുടിയാനവന്മാരും പേരിൽ മേപ്പടി കണ്ണൻ ദേവൻമല ഉൾപ്പെട്ട അഞ്ചുനാട്ടിലും മുതലെടുപ്പ് മാമൂലമായിട്ട് മേപ്പടിയാളുകൾ തന്നെ മുതലെടുത്ത് പൂഞ്ഞാററു തമ്പുരാന്റെ വകയ്ക്ക് ആണ്ടൊന്നുക്ക് മധുരകലി ആയിരം പണം വീതം 975 വരേയും കൊടുത്തു വന്നിരുന്നു.



## ഒരു സാക്ഷിമൊഴി

### കിഴക്കേമുഖത്തു വലിയ സർവാധികാര്യം വിചാരിച്ച വർക്കല കൃഷ്ണൻചെമ്പകരാമൻ എഴുതിയ വരോല

992-ാമാണ്ട് കുംഭമാസം 7-ാനു-

നാം ചെറുപ്പത്തിലെ ഈ രാജ്യത്ത് ഓരോ ഉദ്യോഗങ്ങൾ വിചാരിച്ച് ഈ സംസ്ഥാനം ഇടപെട്ടു പഴമ പരിചയം ഉണ്ടാകകൊണ്ട് 973-ാമാണ്ട് വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് (കാർത്തിക തിരുനാൾ-ധർമ്മരാജാ) നാടുനീങ്ങിയതിന്റെ ശേഷം നടന്നിരിക്കുന്ന സംഗതികൾ വിവരമായിട്ടു ബോധിപ്പിക്കണമെന്നും ഉത്താവുണ്ടായ കാര്യത്തിനു വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് 973-ാമാണ്ട് കുംഭമാസത്തിൽ നാടുനീങ്ങിയതിന്റശേഷം, 986-ാമാണ്ട് നാടുനീങ്ങിയ തിരുമനസ്സിലേക്ക് (അവിട്ടം തിരുനാൾ) തിരുമൂപ്പുംവച്ച് 974-ാമാണ്ട് തിരുമാസവും കഴിഞ്ഞാറെ കേശവപിള്ള ദിവാൻജിയും ആ ആണ്ട് മേടമാസത്തിൽ കഴിഞ്ഞു പോകകൊണ്ട് ഉദെയെരി മൂത്ത നമ്പൂരിയും, ഇളയ നമ്പൂരിയും, മൂന്നാമൻ നമ്പൂരിയും മുമ്പിൽതന്നെ 986-ാമാണ്ട് നാടു നീങ്ങിയ തിരുമനസ്സിലെ അടുക്കൽ സേവന്മാരായിട്ടു പാർത്തിരിക്കകൊണ്ടും അതിൽ മൂത്ത നമ്പൂരിക്ക് അടക്കി വലിയ സർവാധി ഉദ്യോഗം കൊടുത്താറെ - തക്കലെ ശങ്കരനാരായണൻ ചെട്ടിയെ വരുത്തി വലിയമേലെഴുത്തും കൊടുത്ത് മാത്തുത്തരകനെ വരുത്തി ഉപ്പു കുത്തക മുതലായുള്ള കുത്തകകളും വച്ച് വർത്തകന്മാരുടെ കടം വീട്ടുവാനെന്നുംവച്ച് ഉദ്യോഗസ്ഥന്മാരേയും ഒരു വിധത്തിൽ പൊറുക്കുന്ന കുടിയാനവന്മാരേയും വരുത്തി ഓരോ ദേഹണ്ഡങ്ങൾ ചെയ്യിച്ച് ഏറിയ പണത്തിന് കച്ചീട്ടുകളും എഴുതി വെപ്പിച്ച് അയച്ചു വരുന്ന സംഗതിയിങ്കൽ ദളവാ ഉദ്യോഗം വിചാരിച്ച വേലുതമ്പിക്ക് അന്ന് ശ്രീപണ്ടാരവക

വച്ചെഴുത്തു കാര്യ പ്രവൃത്തിയായകൊണ്ട് വേലുത്തമ്പി
യേയും വരുത്തി മുദ്രയും വൈപ്പിച്ച് പണത്തിന് കച്ചീട്ട്
എഴുതി വയ്പിച്ച് അയച്ച കാരണത്താൽ വേലുതമ്പി മുഖാ
ന്തിരമായിട്ട് നാട്ടുകാരരേയും നാഞ്ചനാട്ടുകാരരേയും കൂട്ടം
കൂടിച്ച് തിരുവനന്തപുരത്ത് വന്നതിന്റെ ശേഷം ആയവ
സ്ഥ അന്ന് റസിഡൻറായിരുന്ന മഹാരാജ മാന്യ രാജശ്രീ
മാനവരിംഗ്ധര അവർകൾ അറിഞ്ഞു പാളയംകോട്ടയിൽനി
ന്നും തിരുവനന്തപുരത്തു വന്നു തിരുമനസ്സറിയിച്ചു. കൂട്ട
ത്തിൽ ഒള്ളവരിടെ അപേക്ഷപ്രകാരം നമ്പൂരി വല്യസർവാധി
കാര്യക്കാരരിടെ മുദ്രയും വൈപ്പിച്ച് അദ്ദേഹത്തിനേയും അ
നുജന്മാരായിട്ടുള്ള നമ്പൂരിമാരു രണ്ടുപേരേയും വല്യസർ
വാധികാരരിടെകൂടെ ഇരുന്ന് കാര്യങ്ങൾ അന്വേഷിച്ചുവന്ന
താണുവൻ ചെമ്പകരാമൻ പിള്ള സർവാധികാര്യക്കാരരേയും
ശങ്കുപ്പിള്ള വലിയ മേലെഴുത്തു പിള്ളയേയും ആരുവാ
മൊഴിക്കോട്ടയ്ക്കു വെളിയിലും ആക്കി ശങ്കരനാരായണൻ
ചെട്ടിയേയും മാത്തൂത്തരകനേയും അടിച്ച് വിലങ്ങിൽ
പാർപ്പിച്ച് കാതറുത്തു വിട്ടു. കൂട്ടത്തിലുള്ളവരുടെ സങ്കട
ങ്ങളും തീർത്തു കൂട്ടം പിരിച്ചയക്കയും ചെയ്തു. പിന്നത്ത
തിൽ 974-ാമാണ്ട് മിഥുന മാസത്തിൽ പടിഞ്ഞാറെമുഖത്ത്
സർവാധികാര്യം വിചാരിച്ച അയ്യപ്പൻ ചെമ്പകരാമൻപിള്ള
വല്യ സർവാധികാര്യക്കാരരെ വരുത്തി അടക്കി വിചാരം
വച്ചാറെ-ഒരു സംവത്സരം തികയുന്നതിനു മുമ്പിൽ ദീന
മായി പോകകൊണ്ട് കിഴക്കേമുഖത്ത് സർവാധികാര്യം
വിചാരിച്ച പാറയിശ്ശാല പത്മനാഭൻ ചെമ്പകരാമൻപിള്ള
യെ വരുത്തി അടക്കി വിചാരത്തിന് ആക്കി. 976-ാമാണ്ട്
മീനമാസം വരേയും വിചാരിച്ചു വന്നാറെ - കേശവപിള്ള
ദിവാൻജിയുടെ അനുജൻ കുമാരൻതമ്പി ജനറാളും, ഇരയി
മ്മൻതമ്പി പേഷ്കാറും ജന്നപട്ടണത്തേക്ക് കായിതങ്ങൾ
കൊടുത്തയക്കയും ദിവാൻ ഉദ്യോഗത്തിന് ശ്രമിക്കയും
ചെയ്തുവരുന്നു എന്നും, അവരും വല്യ സർവാധികാര്യ
ക്കാരരും തമ്മിൽ സംബന്ധികളാകുന്നു എന്നും സമ്പ്രതി
കുഞ്ചുനീലൻ പിള്ള മുതൽപേരു തിരുമനസ്സറിയിച്ചു



അവരുടെ മുദ്രയും വൈപ്പിച്ച് ജനറാളേയും പേഷ്ക്കാ
രേയും പാറാവിലാക്കി വല്യ സർവാധികാര്യക്കാരരെ വീട്ടി
ലും അയച്ചതിന്റെ ശേഷം അതിനു മുമ്പിൽ അയ്യപ്പൻ
ചെമ്പകരാമൻ പിള്ളയുടെ അടക്കി വിചാരത്തിൽ, വേലു
തമ്പിയെ വരുത്തി മുളകു മടിശ്ശീല സർവാധി കൊടുത്ത്
അയച്ചിരിക്കകൊണ്ട് പിന്നത്തതിൽവേലുതമ്പിയെ വരുത്തി
രാജ്യകാര്യ.വിചാരത്തിന് ആക്കിയാറെ - ജനറാളും പേഷ്
കാരും ജന്നപട്ടണത്തേക്ക് എഴുതിയതിൽ ചില എഴുത്തുകൾ
വഴി മേൽവച്ച് പിടികിട്ടിയെന്നും അവരു രാജ്യത്തേക്കു
ദോഷങ്ങളായിട്ടു പിന്നയും പലതും വിചാരിച്ചു വരുന്നു
എന്ന് കുഞ്ചുനീലൻപിള്ളമുതൽപേര് തിരുമനസ്സറിയിച്ചു
അവരേയും കേശവപിള്ള ദിവാൻജിയുടെകൂടെ പാർത്തിരു
ന്ന ഭാഷക്കാരൻ പത്മനാഭപിള്ളയും നീലൻപിള്ള കാര്യക്കാ
രരേയും മുമ്പിൽ കാതറുത്തു വിട്ടിരുന്ന ശങ്കരനാരായണൻ
ചെട്ടിയേയും ആയാണ്ട് ഇടവ മാസത്തിൽ ശിക്ഷിപ്പിക്കയും
ചെയ്തു. പിന്നത്തതിൽ 977-ാമാണ്ട് കൃഷ്ണൻ ചെമ്പക
രാമൻ പിള്ള ദളവാ കഴിഞ്ഞതിന്റെ ശേഷം ദളവാ ഉദ്യോഗ
വും വേലുതമ്പിക്കു തന്നെ വച്ച് വടക്ക് ആലപ്പുഴ ചെന്ന്
പാർത്തിരിക്കുമ്പോൾ മുത്തുപ്പിള്ള വല്യ മേലെഴുത്തു
പിള്ളയും പുള്ളിപട്ടാളം വിചാരിച്ച നാരായണൻ ചെമ്പക
രാമൻ പിള്ള മുതലായിട്ടുള്ള ആളുകളും കൂടി വേലുതമ്പി
മുമ്പിൽ കൂട്ടംകൂട്ടിച്ച ആളാകുന്നു എന്നും ഇനിയും
അയാൾ അതിന്മണ്ണം ഓരോ കൃത്രിമങ്ങൾ ചെയ്ത് രാജ്യം
ഇല്ലായ്മ ചെയ്യുമെന്നും അയാളെ ഉദ്യോഗം മാററിശിക്ഷിച്ച്
നീലകണ്ഠൻ ചെമ്പക രാമൻപിള്ള വല്യ സർവാധികാര്യ
ക്കാരരെ വരുത്തി ആക്കണമെന്നും തിരുമനസ്സറിയിച്ച്
നിശ്ചയിച്ച് വല്യ സർവാധികാര്യക്കാരർക്ക് നീട്ടു വന്ന്
തിരുവനന്തപുരത്തേക്ക് പോയിരിക്കുന്ന പ്രകാരം കേൾക്ക
കൊണ്ടും അന്നു നാം അമ്പലപ്പുഴ കണ്ടുകൃഷി വക നില
ങ്ങൾക്ക് ദളവായുടെ പിടിപാടും എഴുതികെട്ടി കുട്ടികൾക്ക്
കൊടുപ്പിക്കുന്ന സംഗതിക്കായിട്ടു ദളവായുടെഉത്തരവും പ്ര
കാരം ആലപ്പുഴ ചെന്നു പാർക്കുന്ന സംഗതിയാകകൊണ്ടും

നാം ആലപ്പുഴത്തന്നെ പാർക്കത്തക്കവണ്ണം പറഞ്ഞുംവച്ച് വേലുതമ്പി ഉടൻതന്നെ തിരുവനന്തപുരത്തേക്കു പോകുകയും ചെയ്തു. പിന്നത്തതിൽ തിരുവനന്തപുരത്തു ചെന്നാറെ മുഖം കാട്ടുവാൻ ഇടവരാതെ കച്ചേരിയിൽ പാർക്കുമ്പോൾ അന്ന് തിരുവനന്തപുരത്ത് മതിലകത്ത് മീനമാസം തിരു ഉത്സവത്തിന് കൊടി ഏറിയിരിക്കകൊണ്ടും ആറാട്ടു കഴിഞ്ഞു ഉടനെ വേലുതമ്പിയെ ശിക്ഷിക്കത്തക്കവണ്ണം തിരുമനസ്സറിയിച്ച് കല്പന വരുത്തിയിരിക്കുന്ന പ്രകാരം അറിഞ്ഞു പരിഭ്രമിച്ച് കർണൽ മക്കാളി സായ്പിനും, രാമലിംഗ മുതലിയാർക്കും, തിരുമനസ്സറിയിച്ച് വേലുതമ്പിയുടെ അടിയന്തിരമായിട്ടു എഴുത്തും കൊടുത്ത് ആളയച്ച് മക്കാളി സായ്പിന്റെ എഴുത്തും മുതലിയാരെയും വരുത്തി നേരെയുണ്ടായ തിരുവുള്ളക്കേടും തീർത്ത് മുഖം കാട്ടിച്ച് ഈ സംഗതിക്ക് വിപരീതമായിരിക്കുന്ന നാരായണൻ ചെമ്പകരാമൻ പിള്ളയേയും നീലകണ്ഠൻ ചെമ്പകരാമൻ പിള്ളയേയും - മുത്തുപ്പിള്ള വലിയ മേലെഴുത്തുപിള്ളയേയും, പത്മനാഭൻ ചെമ്പക രാമൻ പിള്ള വല്യയജമാനനേയും, ഉദയഗിരി കോട്ടയിലും, വഞ്ചിയൂർ പത്മനാഭൻ ചെമ്പക രാമൻ പിള്ളയെ മാവേലിക്കര വെടിപ്പുരയിലും, കൂട്ടി അയച്ച് പാറാവിലും പാർപ്പിച്ച് ബുദ്ധിമുട്ടിച്ച് അതിൽ ഏതാനും പേര് മരിച്ചു പോകയും ചെയ്തു. പിന്നത്തതിൽ 980-ാമാണ്ട് മാവേലിക്കരവച്ച് പൂജവയ്പ് കഴിഞ്ഞ് തിരുവനന്തപുരത്ത് എഴുന്നെള്ളിയതിന്റെ ശേഷം കിഴക്കും വടക്കും പാർത്തിരുന്ന പുള്ളിപട്ടാളത്തിൽ ഒള്ള ആളുകൾക്ക് ശമ്പളത്തിൽ ഏതാനും വേലുതമ്പിയായിട്ട് കുറവു ചെയ്തിരിക്കുന്നു എന്നും ആയതിനു വേലുതമ്പിയേയും ശേഷം കാര്യസ്ഥന്മാരേയും മാററി അതിന്റെ അവസ്ഥപോലെയും വിചാരിച്ച് നീലകണ്ഠൻ ചെമ്പകരാമൻപിള്ളയ്ക്ക് അടക്കി വിചാരം കൊടുപ്പിക്കണമെന്നും നിശ്ചയിച്ച് കിഴക്ക് പാർത്തിരുന്ന പുള്ളിപട്ടാളത്തിൽ ഒള്ളവരു കൂടി ഉദയഗിരിയിൽ പാർപ്പിച്ചിരുന്ന നീലകണ്ഠൻ ചെമ്പകരാമൻ പിള്ളയേയും, പത്മനാഭൻ



ചെമ്പകരാമൻ പിള്ളയേയും വലിയ എജമാനനേയും, വിലങ്ങിൽ നിന്നും അഴിച്ചു കൂട്ടിക്കൊണ്ട് തിരുവനന്തപുരത്തു ശീവേലിയിൽവന്ന് കൂട്ടം കൂടി പാർത്തു ആലപ്പുഴയും, മാവേലിക്കരയും, പറവൂരും പാർക്കുന്ന പുള്ളിപട്ടാളങ്ങൾക്ക് എഴുത്തുകളും കൊടുത്തയച്ച് അവരു എല്ലാവരും കൂട്ടംകൂടി തിരുമനസ്സിലേയും മക്കാളി സായ്പിന്റേയും, വേലുതമ്പിയുടേയും നേർക്ക് ചില അക്രമങ്ങൾ ചെയ്‌വാൻ ഭാവിച്ചിരിക്കുന്നപ്രകാരം കേട്ടു മക്കാളി സായിപ്പും വേലുതമ്പി ദളവയും കൊച്ചിയിൽ മാറി പാർത്തുംകൊണ്ട് നാം കൃഷ്ണപുരത്തുചെന്ന് പാർത്ത് അവിടെയുള്ള നാട്ടുകാറരേയും ശേഖരിച്ച് പുള്ളിപട്ടാളത്തിലുള്ള ആളുകൾ തെക്കുനിന്നും വടക്കോട്ടു വരാതേയും, വടക്കുനിന്നും തെക്കോട്ടു പോകാതെയും, വിചാരിച്ചു കൊള്ളത്തക്കവണ്ണം വേലുതമ്പിയുടെ എഴുത്തു കൊടുത്തയക്കകൊണ്ട് അതിന്വണ്ണം കൃഷ്ണപുരത്തു പാർത്തിരിക്കുമ്പോൾ നാട്ടാർക്കും രണ്ടു വക ജനത്തിനും നീട്ടും തിരുവെഴുത്തും കൊടുത്തയച്ച് തിരുവനന്തപുരത്തു വരുത്തി പുള്ളി പട്ടാളത്തിൽ ഒള്ളവരിടെ തോക്കും വയ്പിച്ച് അതിൽ പ്രമാണമായിട്ടുള്ള എജമാനമാരു സുബയിദാർ മുതലായിട്ടുള്ളവരേയും, നീലകണ്ഠൻ ചെമ്പകരാമൻ പിള്ളയേയും, പത്മനാഭൻ ചെമ്പകരാമൻ പിള്ളയേയും ശിക്ഷിച്ച പ്രകാരവും, ഏററുമാനൂർ മുഖത്തുള്ള നായന്മാരേയും, ഈഴവരേയും, മാർഗ്ഗക്കാറരേയും ശേഖരിച്ച് മക്കാളി സായ്പും, വേലുതമ്പിയും, പടിഞ്ഞാറെമുഖത്ത് വല്യ സർവാധി കാര്യക്കാറരും ഒരു വാർ പട്ടാളവുംകൊണ്ട് ആലപ്പുഴവന്ന് അവിടെ പാർത്തിരുന്ന പുള്ളി പട്ടാളത്തിൽ ഒള്ളവരിടെയും തോക്കും വയ്പ്പിച്ചു എന്നും കൃഷ്ണപുരത്തു ശേഖരിച്ചിരുന്ന ആളുകളേയും ശേഖരിച്ചുംവച്ച് ആലപ്പുഴ ചെല്ലത്തക്കവണ്ണവും വേലുതമ്പിയുടെ എഴുത്തു വന്ന് ആലപ്പുഴ ചെന്നപ്പോൾ പുള്ളി പട്ടാളത്തിൽ പ്രമാണമായിട്ടു കൂടി ഇരുന്നതിൽ കൊല്ലം കൃഷ്ണപിള്ള എന്നൊരുത്തനെ ആനക്കാലിൽ കെട്ടിച്ചു കൊന്ന്, ശേഷംപേരുടെ സംഗതികൾ വിസ്ത

രിച്ചു വരികകൊണ്ട് നാമുംകൂടി ഇരുന്ന് കേട്ട് അതിൽ ഏതാനും പേരേയും ശിക്ഷിച്ചു പറവൂരു പാർക്കുന്ന ആളുകളുടെ സംഗതി വിചാരിക്കുന്നതിനായിട്ടു പടിഞ്ഞാറെമുഖത്ത് വല്യ സർവാധികാര്യക്കാററെ പറവൂരും എന്നെ മാവേലിക്കരയും പറഞ്ഞയച്ചും വച്ച് വേലുതമ്പിയും മക്കാളി സായ്പും തിരുവനന്തപുരത്തേക്കു പോകയും ചെയ്തു. അതിന്റെശേഷം ഈ നാട്ടിന്മേൽ ഒള്ള ആളുകളെ വിശ്വസിച്ചു കൂടാ എന്നും തിരുമനസ്സിലേക്കും രാജ്യത്തേക്കും രക്ഷക്കായിട്ടു ഏതാനും കുമ്പിനി പട്ടാളം കൂടെ വരുത്തി പാർപ്പിക്കണമെന്നും, ആ വകയ്ക്ക് ആണ്ടോന്നിന് 4 ലക്ഷം രൂപാ കൂടെ കപ്പത്തിൽ കൂട്ടി ഒടുക്കികൊള്ളാമെന്നും കല്പിച്ച് ഉടമ്പടി ചെയ്ത പ്രകാരവും പറഞ്ഞുകേട്ടു പിന്നത്തതിൽ വടക്കുനിന്നും ഒരു കുമ്പിനി പട്ടാളം വരുന്നു എന്നും നാം ആലപ്പുഴ ചെന്ന് പാർത്ത് പട്ടാളം അവിടെവന്നാൽ കൊല്ലംവരേയും കൂടെത്തന്നെ വന്ന് അവർക്ക് വേണ്ടുന്ന വില അരി തവണകോപ്പുകളും വരുത്തികൊടുത്ത് വേണ്ടുംപ്രകാരം വിചാരിച്ചു കൊള്ളണമെന്നും വേലുതമ്പിയുടെ എഴുത്തു വരികകൊണ്ട് ആയതിന്മണ്ണം ആലപ്പുഴചെന്ന് പട്ടാളത്തോടുകൂടെ തന്നെ കൊല്ലംവരേക്കും വന്നു വേലുതമ്പിയുമായിട്ടു പറഞ്ഞുംകൊണ്ട് തിര്യ മാവേലിക്കരെക്കു പോകയും ചെയ്തു. ഇപ്രകാരം വേലുതമ്പിക്ക് ഒന്നുരണ്ടു പ്രാവശ്യംവന്ന ആപത്തുകൾക്ക് ഒക്കെയും മക്കാളി സായ്പ് വേണ്ടുന്ന സഹായങ്ങളും ചെയ്ത് രാജ്യത്തിലേക്കും തിരുമനസ്സിലേക്കും രക്ഷക്കായിട്ട് വടക്കും കിഴക്കും നിന്ന് ഒന്നു രണ്ട് കുമ്പിനിപട്ടാളവും കൊല്ലത്തു വരുത്തി പാർപ്പിച്ച് വേലുതമ്പിയും മക്കാളി സായ്പും, വളരെ വിശ്വസമായിട്ടും അന്യോന്യമായിട്ടും 982-ാമാണ്ടുവരെ കഴികയും ചെയ്തു. പിന്നത്തതിൽ കപ്പം വകയ്ക്ക് ആണ്ടൊന്നുക്ക് 8 ലക്ഷം രൂപാ കൊടുപ്പാനുള്ളതിൽ ഏതാനും കുറവു വരുത്തിച്ചു കൊള്ളാമെന്നു വിചാരിച്ച് ഏറിയ രൂപാ മുടക്കം വരുത്തിയ സംഗതിയാൽ അവരു തമ്മിൽ കുറഞ്ഞൊന്ന് വിപരീതങ്ങൾ



തുടങ്ങി രൂപയ്ക്കു ഞെരുക്കവും വർദ്ധിച്ചു വരികകൊണ്ട് മുടക്കമുള്ള രൂപായും, മേൽനടപ്പുള്ള രൂപായും കൊടുത്തു തീർപ്പാൻ കഴിയുന്നതല്ലെന്നും ഏതു വിധത്തിലും കൊല്ലത്തു പാർക്കുന്ന പട്ടാളത്തിനെ ഇവിടെനിന്നും മാററുവാനുള്ള വഴി വിചാരിക്കണമെന്നും വേലുതമ്പിയും മുളകുമടിശ്ശീല പത്മനാഭപിള്ള മുതലായിട്ടുള്ള ആളുകളും കൂടി ആലോചന തുടങ്ങിയിരിക്കുന്ന അവസ്ഥ സ്ഥാനപതി സുബ്ബയ്യൻ അറിഞ്ഞു വേലുതമ്പിയുടെ പേരിൽ ദൂഷ്യങ്ങളായിട്ട് തിരുമനസ്സറിയിച്ചു എന്നു വേലുതമ്പി കേട്ടു സുബ്ബയ്യനെ ആലപ്പുഴെ കൊണ്ടുവന്നു അപായം വരുത്തിച്ചു വിഷം തീണ്ടി മരിച്ചു എന്നു പ്രസിദ്ധം വരുത്തുകയും ചെയ്തു. അതിന്റെശേഷം മണ്ഡപത്തും വാതുക്കൽതോറും ഒള്ള വിരുത്തിക്കാറരേയും മററുള്ള നായന്മാരേയും വരുത്തി അമ്പും എയിത്തും അഭ്യാസങ്ങൾ വശമാകത്തക്കവണ്ണം എഴുതി അയച്ചിരിക്കുന്നു എന്നും കിഴക്കേമുഖത്തും അതിന്മണ്ണം ശട്ടംകെട്ടി കൊള്ളണമെന്നും വേലുതമ്പിയുടെ സാധനം വരികകൊണ്ട് അപ്രകാരം ശട്ടംകെട്ടുകയും ചെയ്തു. ആണ്ടുതോറും വൃശ്ചികമാസത്തിൽ കാർത്തികയ്ക്ക് ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് കുമാരനല്ലൂരു അടിയന്തിരത്തിനായിട്ടു എഴുന്നെള്ളുമ്പോൾ കിഴക്കേമുഖത്ത് വല്യ സർവാധികാര്യക്കാററു വർക്കലെ ചെന്ന് മുഖംകാട്ടി എഴുന്നെള്ളത്തോടുകൂടെ കുമാരനല്ലൂരു വരേയും പോയി തിര്യെ വർക്കല എഴുന്നെള്ളിയാൽ യാത്ര അറിയിച്ചുംകൊണ്ടു പോകുന്ന പതിവുണ്ടാകകൊണ്ട് അതിന്മണ്ണം 984-ാമാണ്ട് കാർത്തിക അടിയന്തിരത്തിനായിട്ടു ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് എഴുന്നെള്ളത്തു പിറപ്പെട്ടപ്രകാരം കല്പിച്ചു നീട്ടുവന്നു ഞാൻ വർക്കലെ ചെന്ന് എഴുന്നെള്ളത്തോടുകൂടെ വരുമ്പോൾ വേലുതമ്പിയുടെ അനുജൻ ചെമ്പകരാമൻ തമ്പിയും മുളകുമടിശ്ശീല പത്മനാഭപിള്ളയും വില്ലരു മുതലായിട്ടുള്ള ആയുധക്കാറരേയും ശേഖരമായിട്ടു കൂട്ടികൊണ്ട് ഇരവിപുരത്തു കടപ്രത്തു വന്നു മുഖംകാട്ടി വളരെ ആഘോഷത്തോടുകൂടെ

കൊല്ലത്തു പുതുക്കുളങ്ങരെ കൊട്ടാരത്തിൽ എഴുന്നെള്ളിച്ചതിന്റെശേഷം വേലുതമ്പിയും വന്ന് മുഖം കാട്ടി ഞങ്ങൾ എഴുന്നെള്ളത്തു അടിയന്ത്രം വകയ്ക്ക് കോപ്പുകൂട്ടുന്ന കലവറയിൽ വന്നിരുന്ന് വിചാരിച്ച് ഒന്നിനും ഒരു കുറവുണ്ടായെന്നു വരാതെ ചട്ടംകെട്ടി കൊള്ളണമെന്ന് പറഞ്ഞയക്കകൊണ്ട് ഞങ്ങൾ പോന്നാറെ വേലുതമ്പിയും ഇളയതമ്പുരാനുംകൂടെ കൊട്ടാരത്തിനകത്ത് ചെന്ന് രണ്ടുനാലുനാഴിക രഹസ്യങ്ങളും കഴിഞ്ഞ് വേലുതമ്പി കച്ചേരിക്ക് പോകയും ചെയ്തു. പിന്നത്തതിൽ ആ ദിവസവും പിറെറ ദിവസവും കൊല്ലത്തുതന്നെ എഴുന്നെള്ളി പാർത്തു. മൂന്നാം ദിവസം അവിടെനിന്നും വടക്കോട്ട് എഴുന്നെള്ളി പുറപ്പെടുമ്പോൾ വേലുതമ്പിയും പു തു ക്കു ള ങ്ങ ര വള്ളക്കടവുവരേയ്ക്കും വന്ന് യാത്രയും അറിവിച്ചും വഴിമേൽ വേണ്ടുംവണ്ണം സൂക്ഷിച്ച് എഴുന്നെള്ളിച്ചുകൊള്ളണമെന്നും എന്നോടു പറഞ്ഞയക്കകൊണ്ട് അതിന്മണ്ണം കുമാരനല്ലൂർ എഴുന്നെള്ളിച്ച് അടിയന്തിരവും കഴിഞ്ഞ് തിരിയെ എഴുന്നെള്ളത്തു പിറപ്പെടുമ്പോൾ വേലുതമ്പികൊല്ലത്തുനിന്നും ആലപ്പുഴെ പോയപ്രകാരം കേൾക്കകൊണ്ട് വർക്കല എഴുന്നള്ളിയതിന്റെശേഷം യാത്ര അറിയിച്ചുംകൊണ്ട് പോരികയും ചെയ്തു. ആണ്ടുതോറും കാർത്തികയ്ക്ക് എഴുന്നെളളിച്ചു വരുന്നതിൽ അധികം ആഘോഷത്തോടും ആൾശേഖരത്തോടും അത്രേ ആയാണ്ടിൽ എഴുന്നെളളിച്ചിരുന്നത്: വേലുതമ്പി രഹസ്യങ്ങളായിട്ട് അറിയിച്ച സംഗതികൾ ഇന്നതെന്ന് വേലുതമ്പി നമ്മോടു പറകയും ഇളയതമ്പുരാൻ കല്പിക്കയും നാം അറിയിക്കയും ഉണ്ടായിട്ടും ഇല്ലാം. നാം യാത്ര അറിയിച്ചുംകൊണ്ട് മാവേലിക്കര പോകുന്നതിനായിട്ടു കൊല്ലത്തു വന്നപ്പോൾ ആലപ്പുഴെ ചെല്ലത്തക്കവണ്ണം വേലുതമ്പിയുടെ സാധനം എഴുതി വരികകൊണ്ട് ഉടൻതന്നെ ആലപ്പുഴക്കു ചെന്നതിന്റെശേഷം പടിഞ്ഞാറെമുഖത്തു മാതേവൻ ചെമ്പകരാമൻ പിള്ള വലിയ സർവാധികാര്യക്കാറരും, കുഞ്ചായിക്കുട്ടിപിള്ള സർവാധികാര്യക്കാറരും അതല്ലാതെ കാര്യസ്ഥന്മാരിൽ പലരും അവിടെ വന്നിരിക്ക



കൊണ്ട് എന്നേയും, മാതേവൻ ചെമ്പകരാമൻപിള്ള വല്യ സർവാധികാര്യക്കാറരേയും വേറിട്ടു വിളിച്ചു കുമ്പിനി കപ്പം വകയ്ക്ക് മുമ്പ് 4 ലക്ഷം രൂപാ കൊടുത്തു വന്നത് കൂടാതെ മക്കാളി സായ്പ് ആയിട്ട് 4 ലക്ഷം രൂപാകൂടെ കൂട്ടി രാജ്യത്തിന് നടുസ്ഥലമായിരിക്കുന്ന കൊല്ലത്തിനകത്ത് കുമ്പിനി പട്ടാളവും വരുത്തി പാർപ്പിച്ചു പല കൂട്ടംശല്യങ്ങളും തുടങ്ങിയിരിക്കകൊണ്ട് കൊല്ലത്തു പാർക്കുന്ന പട്ടാളത്തിനെ അവിടെനിന്നും മാററത്തക്കവണ്ണം കല്പിച്ചു നീട്ട് എഴുതി വന്നിരിക്കുന്നു എന്നും ആയതിന് നിങ്ങൾ എല്ലാപേരും വേണ്ടുംവണ്ണം പ്രയത്നം ചെയ്ത് കൊള്ളണമെന്നും അക്കാര്യത്തിനായിട്ടത്രേ നിങ്ങളെ വരുത്തിയതെന്നും വേലുതമ്പി പറഞ്ഞാറെ - കപ്പപണത്തിന്റെ കാര്യത്തിന് മക്കാളി സായ്പ്പിനോട് ആകുന്നപോലെയും സങ്കടം ബോധിപ്പിപ്പാനുള്ളതാകുന്നു എന്നും രാജ്യത്തേക്ക് രക്ഷക്കായിട്ട് അല്ലോ കുമ്പിനിപട്ടാളം കൊല്ലത്തു വരുത്തി പാർപ്പിച്ചിരിക്കുന്നതെന്നും ഇപ്പോൾ അവരെ മാററി അയക്കണമെന്നും കുമ്പിനിയാരോടു വിപരീതമായി വിചാരിക്കയെന്നും............(പൊടിവ്)...........തമ്മിൽ കണ്ടാറെ നാം നീണ്ടകരെ ചെന്ന് കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, രണ്ടു മണ്ടപത്തും വാതുക്കലുള്ള നായന്മാരെയും ആലപ്പുഴെനിന്നും മൂന്നു കുപ്പിണിയും നീണ്ടകരെ അഴിക്കൽ പാർപ്പിച്ച് കൊല്ലത്തു പട്ടാളത്തിലുള്ളവര് ഇങ്ങോട്ടു കടക്കാതെ മൊറിശാവും കോരിച്ച് വലിയ തോക്കുകളും വയ്പിച്ച്, വേണ്ടുംപ്രകാരം ഉറപ്പിച്ചും പാർത്തു കൊള്ളണമെന്നും, കടൽവഴി ഉരുക്കൾ പോക്കു വ ര ത്തു ള്ള തും ശോധന ചെയ്ത് വിശേഷാൽ ഉണ്ടാകുന്ന വർത്തമാനങ്ങൾക്ക് തിരുമനസ്സറിയിക്കുന്നതിനും വേലുതമ്പിക്ക് കൂടെക്കൂടെ എഴുതികൊടുത്തയക്കണമെന്നും പറഞ്ഞുംവച്ച് വേലുതമ്പി കുണ്ടറെ പോകയും ചെയ്തു. അതിന്റെശേഷം നാം നീണ്ടകരെ വന്ന് മേലെഴുതിയ പ്രകാരം ഒക്കെയും ഉറപ്പിച്ചു പാർത്തു ഉരുക്കൾ പോക്കുവരത്തുള്ളതും സൂക്ഷിച്ചു കൂടെക്കൂടെ എഴുത്തുകൾ കൊടുത്തയക്കയും ആയതിന്റെ

മറുപടി ആയിട്ടും യുദ്ധം ഇടപെട്ട സംഗതിക്ക് വേലുതമ്പിയുടെ എഴുത്തു വരുന്നതിന്മണ്ണം വേണ്ടുംപ്രകാരം പ്രയത്നം ചെയ്തു കൊള്ളണമെന്നും വിളംബരങ്ങൾ കൊടുത്തയക്കുന്ന സംഗതികൾക്കും കല്പിച്ച് നീട്ടും വേലുതമ്പിയുടെ സാധനങ്ങളും എഴുതിവരികയും ഉണ്ടായിട്ടും ഉണ്ട്. ഇതിന്മണ്ണം പാർത്തിരിക്കുമ്പോൾ ഒരു തവണ നീണ്ടകരെ പാർത്തിരിക്കുന്ന ആളുകളെ കൊല്ലത്തു യുദ്ധത്തിനായിട്ട് കൂട്ടിക്കൊണ്ടു ചെല്ലത്തക്കവണ്ണം എഴുത്തു വന്ന് അഴികടത്തി കൂട്ടി കൊണ്ടു ചെന്നാറെ - അന്ന് വളരെ അപജയങ്ങൾ വരികകൊണ്ടും ഇനിയത്തേതിൽ ആ വഴിക്ക് യുദ്ധത്തിനു ആൾ ഇറക്കി അയക്കണ്ടാ എന്നും കാവിൽ മാത്രം വേണ്ടുംവണ്ണം സൂക്ഷിപ്പിച്ചു മററുള്ള വഴിക്കുകൂടെ ചെന്ന് യുദ്ധത്തിനു കൈ കൊടുക്കുമ്പോൾ നീണ്ടകരെ ഒന്നുരണ്ടു വലിയ തോക്ക് ഇരിക്കുന്നതിൽ ഉണ്ടയിടാതെ വെടിയും വയ്പിച്ച് പാർത്തു കൊള്ളണമെന്നും എഴുത്തു വന്നു. പിന്നത്തതിൽ അതിന്മണ്ണം പാർത്തിരിക്കുമ്പോൾ ആരുവാമൊഴി വഴിക്കുകൂടെ പാളയം വരവുള്ളപ്രകാരവും നാഞ്ചിനാട്ടുകാററു ഇളക്കം തുടങ്ങിയിരിക്കകൊണ്ട് ഇളയതമ്പുരാൻതന്നെ നാഗരുകോവിലിൽ ചെന്ന് പാർത്ത് ആ ആളുകൾക്ക് ധൈര്യം വരുത്തി പാർക്കത്തക്കവണ്ണം വേലുതമ്പിയുടെ എഴുത്തു കൊടുത്തയച്ചിരിക്കുന്നപ്രകാരവും പറഞ്ഞുകേട്ടു. പിന്നത്തതിൽ കൊല്ലത്തു ചണ്ടയും കലശലായിട്ടു തുടങ്ങി ആരുവാമൊഴി വഴിക്ക് പാളയവുംവന്ന് ചണ്ട തുടങ്ങുകകൊണ്ട് കുണ്ടറ പാർത്തിരുന്നതിൽ ഒരു പട്ടാളത്തിനേയും, നാഗർകോവിലിലേക്ക് അയച്ച് കൊല്ലത്തെ കാര്യത്തിന് വേണ്ടുംവണ്ണം ഉറപ്പിച്ച് പാർക്കത്തക്കവണ്ണം അവിടെ പാർത്ത കാര്യസ്ഥന്മാരെ ഏൾപ്പിച്ചുംവച്ച് വേലുതമ്പി തിരുവനന്തപുരത്തേയ്ക്കു ചെന്ന് എല്ലാപേരിടെ പേർക്കും നീട്ടുകളും കൊടുപ്പിച്ച് അയച്ചുംവച്ച് പത്മനാഭപുരത്ത് ചെന്നപ്പോൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് പത്മനാഭപുരത്ത് എഴുന്നെള്ളി ഘൃതധാര അടിയന്തിരവും കഴിഞ്ഞ് നാഗർകോവിലിൽ എഴുന്നെള്ളുവാൻ



നിശ്ചയിച്ചപ്പോൾ പാളയം കോട്ടയ്ക്കകത്ത് കടന്നപ്രകാരം കേട്ടുസംശയിച്ചു പാർക്കകൊണ്ട് ഇനി കിഴക്കോട്ടു എഴുന്നെള്ളണ്ടാ എന്നും തിരുവനന്തപുരത്തേക്ക് എഴുന്നള്ളുകേ വേണ്ടൂ എന്നും അറിയിച്ചുംവച്ച് വേലുതമ്പി നാഗർകോവിലിൽ പോയപ്രകാരവും അവിടെ അപജയമായിട്ട് കാണുകകൊണ്ട് മടങ്ങിപോന്നു എന്നും പറഞ്ഞു കേൾക്കയും ചെയ്തു. പിന്നത്തതിൽ സമാധാനത്തിനു വെള്ളക്കൊടിയും തൂക്കി ആളുകളേയും പിരിച്ച് അയച്ച് വേഗത്തിൽ തിരുവനന്തപുരത്ത് ചെല്ലണമെന്നും കൽപിച്ച് നീട്ടു എഴുതിവരികകൊണ്ട് വേലുതമ്പി നാഗർകോവിലിൽ നിന്നും തിര്യെ വന്ന് മുഖം കാട്ടികൊണ്ട് വർക്കലവരേയും വന്നാറെ - ഒളിച്ചു പോയെന്നു കേൾക്കകൊണ്ടും നീട്ടു വന്നതിന്മണ്ണം നിദാനം വരുത്തിയുംവച്ച് എഴുന്നെള്ളിയിരിക്കുന്നേടത്തു ചെന്നാറെ വേലുതമ്പിയും മുളകു മടിശ്ശീല പത്മനാഭപിള്ള മുതൽപേരേയും അന്വേഷിച്ചു പിടിച്ചുംകൊണ്ട് വരത്തക്കവണ്ണം കൽപ്പിച്ച് അയക്കകൊണ്ട് പന്തളം വരേക്കും മലംപ്രദേശം വഴിക്ക് വന്ന് അന്വേഷിച്ച് തിര്യെ കടയ്ക്കൽ എന്ന പ്രദേശത്തു വന്നപ്പോൾ രണ്ടാമതും എഴുന്നെള്ളി ഇരിക്കുന്നിടത്തു വരത്തക്കവണ്ണം കൽപിച്ചു നീട്ടുംകൊണ്ടു പള്ളിയറക്കാററു വരികകൊണ്ട് ഉടൻതന്നെ തിരുവനന്തപുരത്തു വന്നാറെ ഉമ്മിണിതമ്പിക്ക് ദിവാൻ ഉദ്യോഗം ആക്കകൊണ്ട് നമ്മെക്കൊണ്ട് മുദ്രയും വയ്പിച്ച് പാറാവിൽ പാർപ്പിക്കയും ചെയ്തു. പിന്നത്തതിൽ വസ്തുവും വകയും കണ്ടുകെട്ടി എടുത്തു ഏതാനും പണത്തിന് കച്ചീട്ടും എഴുതി വയ്പിച്ച് പാറാവിൽനിന്നും വിട്ടയക്കയും ചെയ്തു. ഇപ്രകാരമത്രേ നടന്നിരിക്കുന്ന പരമാർത്ഥം ആകുന്നത് ഇതിന്മണ്ണം വര്യോല എഴുതിയ കൃഷ്ണൻ ചെമ്പകരാമൻ''.

# കുടിശിഖ എഴുതിതള്ളണം

നമ്പ്ര. 58.

അനുവ്

992 മീനം 9

പുത്തൻചന്ത പാളയത്തിൽനിന്നും ഉള്ളൂർവഴിക്ക് വടക്കോട്ട് പോക്കുവരത്തിന് 987-ാമാണ്ട് വഴി വെട്ടിച്ചതിൽ തിരുവനന്തപുരം മണ്ടപത്തുംവാതുക്കൽ പട്ടവും, ഉള്ളൂരും രണ്ടധികാരത്തിലും, വടക്ക് മണ്ടപത്തും വാതുക്കൽ കഴക്കൂട്ടവും, തോന്നയ്ക്കലും രണ്ടധികാരത്തിലും ഉള്ള നിലങ്ങൾ ചേർന്നിട്ടുള്ള വകയ്ക്ക് തഹശീൽദാരൻ മുതലായ ആളുകളും തടസ്ഥരും കൂടെ ചെന്ന് കണ്ടു നിശ്ചയിച്ച് കയ്യൊപ്പിട്ട് കൊടുത്തയച്ച വര്യോലപ്രകാരം തെക്കു മണ്ടപത്തും വാതുക്കൽ ചേർന്ന അധികാരം 2-ലും ഒള്ള നിലങ്ങൾക്കു പാട്ടമിച്ചവാരം വകയിൽ ആണ്ട് 1ന് ഇ. 44, പറ $2\frac{1}{4}$ ന് വിലത്തരം പണം $57\frac{5}{8}$-ം, വടക്കു മണ്ടപത്തും വാതുക്കൽ അധികാരം 2ലും മേലെഴുതിയപ്രകാരം ആണ്ടൊന്നിന് ഇ. 56, പറ 9ക്കു വിലത്തരം പണം $74\frac{1}{2}$-ം പണ വകയിൽ പണം $\frac{3}{4}$-ം, ആകവക രണ്ടിൽ പണം $75\frac{1}{2}$-ം, 987-ാമാണ്ടു മുതൽക്ക് നിർത്തൽ എഴുതി വരികകൊണ്ട് ആ വകയ്ക്ക് 991-ാമാണ്ടുവരെ തെക്കു മണ്ടപത്തും വാതുക്കൽ 289 പണവും വടക്ക് മണ്ടപത്തും വാതുക്കൽ $377\frac{1}{2}$ പണവും കുടിശ്ശിഖ എഴുതിയിരിക്കുന്നതു കുറവെഴുതിക്കൊള്ളണം.

---

അനുവ് - അനുസരിക്കേണ്ടത്



# പുത്തൻചന്തയ്ക്ക് സമീപം തിങ്കളാഴ്ചതോറും ചന്ത

992 മേടം 7-ാനു

പത്മനാഭ സേവിനി വഞ്ചിധർമ്മ വർദ്ധനി രാജരാജേശ്വരി റാണി പാർവതീബായി മഹാരാജാ അവർകൾ, സകല ജാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരമെന്തെന്നാൽ:- തിരുവനന്തപുരത്ത് പുത്തൻചന്ത നന്താവനത്തിനും, വെട്ടുവഴിക്കും വടക്ക്, വശത്തുള്ള വിളയിൽ ഒരു ചന്ത നെമിച്ച് (ഏർപ്പെടുത്തി) തിങ്കളാഴ്ചതോറും ചന്ത കൂടി നടത്തിച്ചാൽ കുടിയാനവന്മാർക്ക് ഗുണമായിട്ടും, കച്ചോടങ്ങൾ നടപ്പായിട്ടും വരുന്നതാകകൊണ്ട് ബാലരാമവർമ്മപുരത്തിനും, മേക്ക് വിഴിഞ്ഞത്തിനും, വടക്ക്. കഴക്കൂട്ടത്തിനും കിഴക്ക്, നെടുമങ്ങാടിനും തെക്ക്, ഈ പ്രദേശങ്ങളിൽ ചേർന്ന കുടിയാനവന്മാര്, കച്ചോടക്കാര്, മുതലായിട്ടുള്ള ആളുകൾ, മേലെഴുതിയ സ്ഥലത്തിൽ 992-ാമാണ്ട് ചിത്തിരമാസം 18-ാം തീയതി തിങ്കളാഴ്ചനാൾ മുതൽക്ക്-നെല്ല് അരി ഉൾപ്പെട്ട നവധാന്യവും, പാൽ,വെണ്ണ നെയ്യ്, പഞ്ചസാര, ശർക്കരയും നാരങ്ങാപ്പഴം, ഉൾപ്പെട്ട പഴവകകളും. കാകറി ഉൾപ്പെട്ട പദാർത്ഥങ്ങളും, വെഞ്ജനം ഉൾപ്പെട്ട പലചരക്കുകളും, നല്ലെണ്ണ, വെളിച്ചെണ്ണ, മുതലായ എണ്ണ വകകളും, പൊൻവെള്ളി, വെങ്കലപാത്രം, ഉരുക്ക്, ഇരുമ്പ്, മുതലായതും, നവനാണയം, നവരത്നം പൊൻവാണിഭം ഉൾപ്പെട്ട വകകളും, ജവുളി ചരക്കും, പാശിക്കടെയും, നവഭാണ്ഡവും, ആടുമാടു മുതലായ നാല്കാലികളും, കോഴിയും, മുട്ടയും, താറാവും, ഓലയും, മുളയും, മരങ്ങളും, മററും, ചന്തയിൽ വിററഴിയുന്ന ചരക്കുകൾ എപ്പേർപ്പെട്ടതും ടി മാസം 18-ാം തീയതിമുതൽ തിങ്കളാഴ്ചതോറും മേലെഴുതിയ ചരക്കുകൾ ടി ചന്തയിൽ കൊണ്ടുവന്ന് കച്ചവടക്കാററും, കുടിയാനവന്മാരുടേയും,

സമ്മതപ്രകാരം വിററുകൊള്ളത്തക്കവണ്ണവും, ഈ വകയിൽ തീരുവ ഒള്ള ചരക്കുകൾക്ക് തിരുവനന്തപുരം ചവുക്കയിൽ നിന്നും ചന്തയിൽ ആളുവന്ന് തീരുവ വാങ്ങിച്ച് കൊള്ളത്തക്കവണ്ണവും, കുടിയാനവന്മാർ മുതലായ ആളുകൾ, ചരക്കുകൾ, കൊണ്ടുവന്നാൽ അവരുടെ സമ്മതപ്രകാരം വിൽക്കുന്ന വിലയ്ക്ക് കുമ്പിനി ശിപായി ഉൾപ്പെട്ട ആളുകൾ വാങ്ങിച്ചു കൊള്ളത്തക്കവണ്ണവും കച്ചവടക്കാററരോടും കുടിയാനവന്മാരുടെ നേർക്കും, യാതൊരു ശല്യങ്ങൾ ചെയ്യാതിരിക്കേണ്ടുന്നതിന് അനന്തപുരം ചാവടിയിൽ കൊത്തുവാലും, പുത്തൻചന്ത പാളയത്തിൽ കൊത്തുവാലും, കുമ്പിനി ശിപായികളിൽ ഒരു പാറാ ജനവും, ചന്തതോറും വന്ന് പാർത്ത് ചട്ടംകെട്ടി കൊള്ളത്തക്കവണ്ണവും നാം നിശ്ചയിച്ച് നിദാനം വരുത്തിയിരിക്കകൊണ്ട് ഇപ്രകാരം കുടിയാനവന്മാർ, കച്ചോടക്കാററരുൾപ്പെട്ട സകലമാന ജനങ്ങളും അറിഞ്ഞു മേലെഴുതിയ ചന്തയിൽ ചരക്കുകൾ കൊണ്ടുവന്ന് വിൽക്കയും, വാങ്ങിക്കയും ചെയ്തുകൊള്ളുകയും വേണം. എന്ന്, 992-മേടമാസം 7-ാനു-.

ഭേഷജസ്നേഹ ലവണ ഗന്ധ ധാന്യ
ഗുഡാദിഷു
പണ്യേഷു പ്രക്ഷിപൻ ഹീനംപണാൻദാപ്യ
സ്തു ഷോഡശ

[ഔഷധങ്ങൾ, എണ്ണകൾ, ഉപ്പ്, ഗന്ധക വസ്തുക്കൾ, ധാന്യങ്ങൾ, ശർക്കര മുതലായത്, ഇങ്ങനെയുള്ള ചരക്കുകളിൽ ലാഭം എടുക്കേണ്ടുന്നതിന് മായം ചേർത്തു വിൽക്കുന്നവരെക്കൊണ്ട് പതിനാറു പണം പ്രായശ്ചിത്തം ചെയ്യിക്കണം.



# വാദ്ധ്യാന്മാർക്ക് ശമ്പളം നൽകണം

992 ഇടവം 19-ാനു-

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. കൊല്ലത്തിന് വടക്കുള്ള പ്രദേശങ്ങളിൽ ഓരോ പിള്ളരെ എഴുത്തു പഠിപ്പിക്കുന്നതിന് വാദ്ധ്യാന്മാർക്ക് ശമ്പളം കൊടുക്കാൻ ജനങ്ങൾക്ക് വകയില്ലാതേയും, പള്ളിക്കുടവും വച്ച് വാദ്ധ്യാന്മാർ വന്ന് പാർക്കാതേയും ആദിക്കിലുള്ള ആളുകൾക്ക് എഴുത്തും കണക്കും ഇടപെട്ടുള്ള അഭ്യാസം ഏററവും കുറവായിട്ടു വന്നിരിക്കുന്നു എന്നും, പണ്ടാര വകയിൽ നിന്നും ശമ്പളവുംകൊടുത്ത് വാദ്ധ്യാന്മാരെ ആക്കി പിള്ളരെ എഴുത്തും കണക്കും പഠിപ്പിച്ച് പ്രാപ്തി ആക്കിയാൽ ഓരോ ഉദ്യോഗങ്ങൾക്കും കണക്കെഴുത്തിനും ഉപകാരമായിട്ടു രാജ്യത്തേക്ക് യശസ്സും, കീർത്തിയും, ധർമ്മവും അഭിവൃദ്ധിയായിട്ടും വരുന്നതാകകൊണ്ട് ആ വകയ്ക്ക് മലയാണ്മ അക്ഷരവും വില്പത്തിയും ജ്യോതിഷവും വശം ഒള്ളതിൽ ഒരാളിനേയും തമിഴും കണക്കും വശം ഒള്ളതിൽ ഒരാളിനേയും ഇതിന്മണ്ണം ഓരോ സ്ഥലത്തേക്ക് രണ്ടു വാദ്ധ്യാന്മാർവീതം ആക്കി അവർക്ക് പേരൊന്നിന്, മാസം ഒന്നിന് 50 പണം വീതം ശമ്പളവും വച്ച് കൊടുത്താൽ പഠിപ്പിക്കുന്നതാകകൊണ്ട്, ഇപ്പോൾ മാവേലിക്കര മണ്ഡപത്തുംവാതുക്കലേക്ക് രാമവാര്യനേയും, ശങ്കരലിംഗം വാദ്ധ്യാനേയും, കാർത്തികപ്പള്ളി മണ്ഡപത്തുംവാതുക്കലേക്ക് അരിപ്പാട്ടു കൊച്ചുപിള്ള വാര്യനേയും, ശുചീന്ദ്രത്ത് വള്ളിനായകം വാദ്ധ്യാനേയും, തിരുവല്ലാ മണ്ഡപത്തുംവാതുക്കലേക്ക് വട്ടപ്പറമ്പിൽ കുഞ്ഞുകുഞ്ഞിനേയും, ചട്ടനാഥവാദ്ധ്യാനേയും, കൊട്ടാരക്കര മണ്ഡപത്തുംവാതുക്കലേക്ക് പേരൂർ കുറുപ്പിനേയും, ശിവജ്ഞാനം

പിള്ളയേയും ആക്കി അവർക്ക് പേരൊന്നിന് 50 പണം വീതം ശമ്പളവുംവച്ച് കൊടുപ്പിക്കേണ്ടുന്ന അവസ്ഥകൊണ്ടല്ലോ എഴുതി വന്നതിനാലാകുന്നു. ഇപ്രകാരം നിശ്ചയിച്ചത് യുക്തമായിട്ടുള്ളതാകകൊണ്ട് എഴുതി വന്നതിന്വണ്ണം തന്നെ ഓരോ സ്ഥലത്തേക്കും ഈരണ്ടു വാദ്ധ്യാന്മാർ വീതവും ആക്കി പേരൊന്നിന് മാസം ഒന്നിന് 50 പണം വീതം ശമ്പളവും വച്ചുകൊടുത്ത് അവരവരുടെ പിള്ളരെ പള്ളിക്കൂടത്തിൽ കൊണ്ടുവന്നു വിട്ടാൽ അവരെ ഒക്കെയും എഴുത്തും കണക്കും നല്ലപോലെ പഠിപ്പിക്കത്തക്കവണ്ണവും 15 ദിവസത്തേക്ക് ഒരിക്കൽ അതാതു മണ്ടപത്തുംവാതുക്കൽ തഹശീൽദാരനും സമ്പ്രതിക്കാറന്മാരിൽ ഒരുത്തനും പള്ളിക്കൂടത്തിൽചെന്ന് എത്ര പിള്ളര് എഴുത്തു പഠിച്ചു വരുന്നുവെന്നും അവർക്ക് എന്തെല്ലാം അഭ്യാസങ്ങൾ ആയെന്നും വര്യോല എഴുതി ഹജൂരിൽ കൊടുത്തയക്കേണ്ടുന്നതിനും ചട്ടംകെട്ടി ഓരോ മാസം തികയുമ്പോൾ ആ വകയ്ക്ക് വിവരമായിട്ട് വര്യോല എഴുതിച്ച് നാം ബോധിക്കുന്നതിന് കൊടുത്തയക്കത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 992-ാമാണ്ട് ഇടവമാസം 19-ാനു ദിവാൻ പേഷ്കാർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

രാജകർമ്മ സുയുക്താനാം
സ്ത്രീണാം പ്രേഷ്യ ജനസ്യവ
പ്രത്യഹം കല്പയോ ദൃത്തിം
സ്ഥാന കർമ്മാനു രൂപതഃ

രാജാവ്, വേലക്കാരികൾ, വേലക്കാരന്മാർ, ഇവർക്ക് അവരവരുടെ യോഗ്യതാനുസരണം നിത്യവും ശമ്പളം കൊടുക്കേണ്ടതാകുന്നു.



# ഹജൂർ തിരട്ടുകൾ 5

കൊ: വ: 992★

1) പുത്തൻചന്ത പാളയത്തിൽ നിന്നും ഉള്ളൂർവഴി വടക്കോട്ട് പയനീർപട്ടാളം വഴിവെട്ടിയ വകയ്ക്ക് എടുത്ത വസ്തുക്കൾക്ക് പട്ടം, ഉള്ളൂർ, കഴക്കൂട്ടം, തോന്നയ്ക്കൽ, അധികാരം നാലിൽ ആണ്ടൊന്നുക്ക് കരത്തിൽ കുറവ്-ആയിരത്തിമുന്നൂററിഏഴേകാൽവീതം തൊള്ളായിരത്തി എൺപത്തി ഏഴുമുതൽ കുറവ്.

2) തിരുവനന്തപുരത്ത് കിഴക്കേകോട്ട വാതലിനു വെളിയിൽനിന്നും വടക്ക് പട്ടത്തു വയൽ വരേയും, തെക്കേത്തെരുവിലും, മേക്കേത്തെരുവിലും തെരുവീഥി വെട്ടി നികത്തിയ വകയ്ക്കും, ആറാട്ടു വഴിയിൽ മണൽക്കുന്നു മുതൽ ശംഖുംമുഖം മണ്ഡപം വരേയും വഴിവെട്ടു വകയ്ക്ക് കൂലിക്കാർ ഉൾപ്പെട്ട വകയ്ക്ക് മുപ്പത്തീരായിരത്തി അറുനൂററി തൊണ്ണൂറേമുക്കാൽ.

3) പടിഞ്ഞാറെകോട്ട വാതൽ പുത്തനായിട്ട് കരിങ്കൽപ്പണിയും മുകളിൽ താക്കു വേലയും. ആയിട്ടു പണിചെയ്തതിന് എണ്ണായിരത്തി ഇരുന്നൂററി തൊണ്ണൂററി ഒന്നു പണം.

4) ചില ഏല തോട്ടങ്ങളിൽ ദിണ്ഡിക്കൽ സീമയിൽ നിന്നും ആളുകൾ കരേറി മുതലെടുത്തു വരുന്ന സംഗതി വിസ്തരിക്കേണ്ടുന്നതിന് ഗവൺമെൻറിലെ കൽപന പ്രകാരം കമ്മിഷന്മാരെ അയച്ചിരിക്കുന്നതാകകൊണ്ട് - അക്കാര്യത്തിന് 'പേച്ചുവാർത്ത' ചെയ്യുന്നതിന് മഹാരാജമാന്യരാജശ്രീ കാപ്ടൻ വ്ളാക്കർസായിപ്പു അവർകളും, കമ്മിഷന്മാർ, റയിട്ടറന്മാരും, കമ്മിഷനായിട്ടു വലിയ മേലെഴുത്തു കണക്ക് സൂര്യനാരായണൻ ശങ്കരനാരായണനും, കാര്യക്കാർ തമ്പി (പൊടിവ്) രാമനും, കമ്പത്തും, ഉത്തമപാളയത്തും പോയ വകയ്ക്ക് ചിലവ്-മൂവായിരത്തി അഞ്ഞൂറ്.

5) ഇരിങ്ങാലക്കുട കൂടൽ മാണിക്യ ക്ഷേത്രത്തിൽ ശ്രീകോവിലും, നാലമ്പലവും, പഴയതായിപ്പോകകൊണ്ട് പുത്തനായി പണി ചെയ്‌വാൻ മേപ്പടി മാണിക്യം കേരളൻ എഴുതിയ പററു ശീട്ട് ഒന്നിൽ ചിലവ്-എഴുപതിനായിരം പണം.

6) ദിവാൻ രാജാ കേശവദാസന്റെ അമ്മ മരിച്ച വകയ്ക്ക് മാർകഴിമാസം 21-ാം തീയതി കൊടുത്ത ചിലവുപണം ആയിരത്തി ഒൻപതേമുക്കാൽ.

7) ദിവാൻ പേഷ്കാർ വെങ്കിട്ടരായർക്ക് മാർകഴി 25 മുതൽ രൂപാ ആയിരം........

8) തഞ്ചാവൂർ നിന്നും വന്ന് 'ജെണ്ടുകെട്ടി' കോവാലൻ ചിദംബരം പണ്ടാരം, അരി നെല്ല്, ജീരകം, മുതലായതുകൊണ്ട് പഞ്ചവർണ്ണത്തിൽ ഒരു മാനും, പലവക പക്ഷികളും ഉണ്ടാക്കി അടിയറവച്ച് മുഖം കാണിച്ചതിന് മുന്നൂറു പണം....

9) ദിവാൻ നാരായണൻ രാമനെ മേപ്പടിയാണ്ട് മകരം (തൈ) ഇരുപത്തിയെട്ടാം തീയതിമുതൽ ഉദ്യോഗത്തിൽ നിന്നും ദളവായായിട്ട് മാസം 700 രൂപാ ശമ്പളത്തിൽ നിയമിക്കയാൽ മകരം ഇരുപത്തി ഏഴാം തീയതിവരെ രണ്ടായിരംരൂപായും, ഇരുപത്തിയെട്ടാം തീയതിമുതൽ എഴുന്നൂറു രൂപായും ക്രമത്തിന് തീരുവ.

10) അമ്പലപ്പുഴ കൃഷ്ണസ്വാമിയ്ക്ക് തൈമാസം 24-ാന്മുതൽ മാശിമാസം ആറാം തീയതിവരെ മഴ പെയ്യേണ്ടുന്നതിന് ക്ഷീരധാരയും, വരുണജപവും, കഴിച്ച് വഴിപാടു നടത്തിയതിനും, കൊയ്തു തുടങ്ങിയാൽ മഴ മാറേണ്ടുന്നതിന് വൈകാശി ഒന്നാം തീയതി മുതൽ പത്താം തീയതിവരെ വഴിപാടു നടത്തിയതിന് ചിലവ്-ആയിരത്തി എഴുപത്തിഏഴ്.


992 -ൽ പുത്തനായിട്ടു പണിയിച്ച പടിഞ്ഞാറെ കോട്ടവാതിൽ (ഫയൽ തിരട്ടുകൾ-5)

11) കാർത്തികപ്പള്ളി മണ്ഡപത്തും വാതുക്കൽ ചേർന്ന പ്രദേശങ്ങളിൽ ഒള്ള കുഞ്ഞുങ്ങളെ എഴുത്തും, വായനയും പഠിപ്പിക്കാൻ ആക്കിയിരിക്കുന്ന വാദ്ധ്യാന്മാർ പേർ രണ്ടുക്ക് മാസം 1ക്ക് നൂറു വീതം മേപ്പടിയാണ്ടു വൈകാശിമാസം ഇരുപത്തിരണ്ടാം തീയതി മുതൽ ആടി മാസം വരെ മാസം 2 നാൽ-നാരം 9ക്ക് തീരുവ. 230ക്ക് ചിലവ് നൂററി മുപ്പത്.

12) തിരുവനന്തപുരം കോട്ടയ്ക്കകത്ത് വേട്ടയ്ക്കൊരു മകൻ കോവിലിൽ വൈകാശിമാസം 28-ാംന്ത മുതൽ ആനിമാസം എട്ടാംതീയതിവരെ കാരൂർനായരെകൊണ്ട് കളം എഴുത്തുംപാട്ടും, തേങ്ങാ എറിച്ചിലും കഴിപ്പിച്ചതിന് നെല്ല് തൊണ്ണൂററിഒന്നു പറ അഞ്ചര ഇടങ്ങഴിക്ക് പണം വകയിൽ രണ്ടായിരത്തി അഞ്ഞൂററി ഇരുപത്തിയഞ്ചേകാൽ.

13) അഞ്ചുതെങ്ങിൽ പട്ടക്കാരൻ ഇട്ടീസൻ വശം വിലയ്ക്കു വാങ്ങിച്ച പൊന്നുംകൂടും, തുടലും, ഒള്ള നാഴികമണി 1 ക്ക് വില രൂപാ 125ക്ക് 812½ പണം.

14) എഴുന്നെള്ളുന്നതിന് കർണൽ മൺട്രോ സായ്പ്പ് കൊടുത്ത മേനാവിന് കീഴ്ത്തട്ടിൽ ശൂരൽ വരിയിച്ചതിന് ശൂരൽവില, കൂലി, ചിലവ് 70½.

15) ചോതി തിരുനാരം തിരുമനസ്സിലേക്ക് അക്ഷരാഭ്യാസത്തിനും, തിരുവെഴുത്തു തുടങ്ങിച്ച വകയ്ക്കും ദാനം-ദക്ഷിണ-ചിലവ് 84½.

16) വേനൽക്കാലത്ത് ശീതം കാരണം പലരും അപമൃത്യുവായിട്ട് കാണുകകൊണ്ട് ടി ദോഷനിവർത്തിക്കായിട്ട് ഇടവപ്പാതിവരെ എട്ടര ആവർത്തി 'ത്രികാലപൂജ' കഴിപ്പിച്ച വകയ്ക്ക്-1938 പണം.

## 993 M.E.★

# പന്തളം കൊട്ടാരത്തിലെ നിക്ഷേപം കണ്ടെത്തൽ

993 ധനു 16-ാനു

നീട്ട്

പന്തളത്ത് വടക്കേടത്ത് കോയിക്കലിനകത്ത് നിക്ഷേപം ഉണ്ടെന്നുംവച്ച് അവിടെ ഉള്ള ആളുകൾ തമ്മിൽ മത്സരിച്ച് കോയിക്കലിനകം വെട്ടിക്കിളപ്പിച്ച സംഗതി 991-ാമാണ്ടിൽ ഹജൂർകോർട്ടിൽ വിസ്തരിച്ച് രവിവർമ്മൻ കോവിലിന്റെ പേരിൽ 1080 പണവും. ഇട്ടിരവി കോവിലിന്റെ പേരിൽ 336പണവും,കേളപ്പ കോവിലിന്റെ പേരിൽ 540 പണവും, ഉണ്ണിരാഘവ കോവിലിന്റെ പേരിൽ 180 പണവും, പ്രായശ്ചിത്തം നിശ്ചയിച്ച് കണക്കിൽ മുതൽക്കൂട്ടിയിരിക്കുന്നതും പിരിപ്പിച്ച് കൊടുത്തയക്കത്തക്കവണ്ണം പന്തളം ഡാണാ നായ്കന് ഉത്തരവു കൊടുത്തയച്ച ശിപായിയെ മൊസൂൽ (തടവിൽ) പാർപ്പിച്ചതിന്റെ ശേഷം പണം ഒടുക്കുവാൻ സംഗതി ഇല്ലെന്നും പറഞ്ഞ് മറിപ്പോടുംകൂടെ പാർക്കുന്നു എന്നും, ഡാണാ നായകൻ എഴുതിയ സാധനത്തിന്റെ പകർപ്പും ഹജൂർ കോർട്ടുകാറരുടെ സാധനവും വന്നിരിക്കുന്ന പ്രകാരവും, തമ്മിൽ മത്സരിച്ച് അവരുടെ കോയിക്കൽ അവരുതന്നെ വെട്ടിക്കിളപ്പിച്ച സംഗതിക്ക് പ്രായശ്ചിത്തം നിശ്ചയിച്ചിരിക്കുന്നതാകകൊണ്ട് ഈ വകയ്ക്ക് പ്രായശ്ചിത്തം മുതൽ കൂട്ടിയിരിക്കുന്ന പണം 2136-ം. കണക്കിൽ കുറവെഴുതിച്ച് കൊള്ളത്തക്കവണ്ണം



നിദാനം വരുത്തേണ്ടുന്നതിന് അപ്പീൽ കോർട്ടുകാറരുടെ സാധനം എഴുതിവരികകൊണ്ട് അതിന്മണ്ണം പന്തളത്തു കോയിക്കൽ വെട്ടിക്കിളപ്പിച്ച സംഗതി പ്രമാണിച്ച് മേലെഴുതിയ നാലുപേരുടെ പേരിലും പ്രായശ്ചിത്തം മുതൽകൂട്ടിയിട്ടുള്ള പണം 2136-ം. കണക്കിൽ കുറവെഴുതിച്ചുകൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 993-ാമാണ്ട് ധനുമാസം 16-ാനു ദിവാൻ പേഷ്കാർ വെങ്കിട്ടരായർക്ക് നീട്ട് എഴുതിവിടൂ എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

തിരുവനന്തപുരത്തിന് തെക്കു, വടക്ക്, മാവേലിക്കര, ഏറ്റുമാനൂർ, ആലങ്ങാട്, കോട്ടയം, ഈ ആറു മുഖത്തേക്കും............

കോയിക്കൽ കൊട്ടാരങ്ങളിൽ ഉള്ള അടിച്ചുതളി അച്ചിമാർക്ക് അടുത്തുൺ ഉടമക്കാർ വകയ്ക്കും നെല്ലായിട്ടു പതിവു വച്ചിരിക്കുന്ന വകയ്ക്ക് അതാതു മണ്ഡപത്തും വാതുക്കൽ വിലത്തര പ്രകാരം വിവരമായിട്ടു വരിയോല എഴുതിച്ച് വേഗത്തിൽ കൊടുത്തയക്കയും വേണം.

987 മകരം 15-ാനു

കർണ്ണൻ മൺട്രോ

## കോട്ടയം സിമനാരിക്ക് സംഭാവന

നമുക്ക് സഹോദര തുല്യമായിരിക്കുന്ന മഹാരാജമാന്യ രാജശ്രീ കർണൽ സാഹേബ് അവർകൾക്ക്

കംപനി ഭെഷ്കരിഷു വകയിലും, കടൻ വകയിലും, പണ്ടാര വകയിൽനിന്നും കമ്പിനി ഖജനാ വകയ്ക്ക് ഒടുക്കിയ രൂപായിൽ 21200 രൂപായ്ക്ക് വ്യത്യാസമായിട്ട് കാണുന്നു എന്നും, അതിമ്മണ്ണം വ്യത്യാസം വന്നത് ഇന്ന സംഗതിയാൽ എന്നു നേരായി തിട്ടം വന്നിട്ടില്ലെന്നും, എങ്കിലും ഈ വക രൂപാ പണ്ടാര വകയ്ക്കു വരുവാനുള്ളതായിട്ടിരുന്നാൽ പണ്ടാര വകയ്ക്ക് ഒടുക്കേണമെന്നു കർണലിനു അപേക്ഷയായിരിക്കുന്നതിനാൽ ഈ വക രൂപ കോട്ടയത്തു സിമ്മന്നാരിയിൽ ചിലവു നടപ്പാനുള്ള വകയ്ക്ക് നമ്മുടെ മനസ്സിൻപ്രകാരം കൊടുത്താൽ-രാജ്യത്തു നമ്മുടെ പേർക്ക് അഭിവൃദ്ധിയായിട്ടു വന്നു കമ്പിനി യാരുടെ സ്നേഹവും അധികമായിട്ടു ഉണ്ടായിരിക്കുമെന്നും ശേഷം വർത്തമാനങ്ങൾക്കും എല്ലോ എഴുതി വന്നതിലാകുന്നു. നാമും കുഞ്ഞുങ്ങളും സദാ നേരവും പത്മനാഭനെ പ്രാർത്ഥിച്ചു വരുന്നതു എന്തെന്നാൽ യാതൊരു കാര്യം പ്രമാണിച്ചും ബഹുമാനപ്പെട്ട കമ്പനിയാരുടെ സ്നേഹം മേലും പൂർണ്ണമായിട്ട്.വരേണമെന്ന് നിശ്ചയത്തോടുള്ള അപേക്ഷ ഇരിക്കുന്നതിനാൽ. ആയതു വർദ്ധനയായിട്ടും നമുക്കും രാജ്യത്തേക്കും അഭിവൃദ്ധിയായിട്ടും വരത്തക്കവണ്ണം കർണൽ വിചാരിച്ചു ഇങ്ങനെയുള്ള സംഗതി അയക്കകൊണ്ട്-നമുക്ക് വളരെ സന്തോഷമാകയും ചെയ്തു. മേലെഴുതിയ പ്രകാരം കമ്പനി ഖജനാവിൽ ഒടുക്കിയ രൂപായിൽ-പണ്ടാര വകയ്ക്ക് വരുവാനുള്ള രൂപാ 21200-ം, കോട്ടയത്ത് സിമനാരിയിൽ ചിലവു വകയ്ക്ക് കൊടുക്കണമെന്ന് നമുക്ക് മനസ്സായിരിക്കകൊണ്ട്, അതിമ്മണ്ണംതന്നെ ഈ വക രൂപാ കൊടുപ്പിച്ച് സിമ്മന്നാരിയിൽ ചിലവു വേണ്ടുംപ്രകാരം നടപ്പാൻതക്കവണ്ണം നിദാനം വരുത്തികൊള്ളുകയും വേണം.

993-ാമാണ്ട് കുംഭമാസം 28-ാനു-

(തുല്യം)



## വെങ്കിട്ടരായർക്ക് ദിവാൻ ഉദ്യോഗം

നമുക്ക് സാഹോദരതുല്യ-കർണൽസാഹേബ് അവർകൾക്ക്

ഈ രാജ്യത്ത് ദിവാൻ ഉദ്യോഗം വിചാരിക്കുന്നതിന് ദിവാൻ പേഷ്കാർ വെങ്കിട്ടരായരെ ആക്കിയാൽ വേണ്ടും പ്രകാരം നടക്കുമെന്ന് നമുക്ക് തോന്നിയിരിക്കകൊണ്ടും ഇപ്പോൾ അയാൾ നാഗരുകോവിലിൽ ചെന്നു കച്ചേരിയും ഊട്ടുകാര്യാദികൾ വിചാരിച്ചു പാർക്കകൊണ്ടും ഈ ആണ്ട് മീനമാസം 1-ാനു- മുതൽക്ക് ദിവാൻ ഉദ്യോഗം ആയിട്ടു വിചാരിച്ചുകൊള്ളത്തക്കവണ്ണം ദിവാൻ പേഷ്കാരിടെ പേർക്ക് നമ്മുടെ പിടിപാടു സാധനം എഴുതി ഹരിക്കാററു വിചാരിപ്പു രാമയ്യൻ മുതൽപേരു വശം കൊടുത്ത് നാഗരുകോവിലിൽ കൊണ്ടുചെന്ന് കൊടുക്കത്തക്കവണ്ണം പറഞ്ഞു ചട്ടം കെട്ടി ഈ മാസം 29-ാനു- രണ്ടു നാഴിക പകലെ ഇവിടെ നിന്നും അയച്ചിരിക്കുന്നു. ഈ സംഗതി പ്രസിദ്ധപ്പെടുത്തേണ്ടുന്നതിനു വിളംബരവും ഉദ്യോഗസ്ഥന്മാർക്ക് സാധനവും പതിവിൻ പ്രകാരം കൊടുത്തയച്ചിട്ടുമുണ്ട്. നമുക്കും കുഞ്ഞുങ്ങൾക്കും സൗഖ്യം തന്നെ ആകുന്നു. കർണലിന്റെ സുഖസന്തോഷാദികൾക്ക് എഴുതിവരികയും ചെയ്യുമല്ലോ.

993 കുംഭം 30-ാനു-

(തുല്യം)

---

നമുക്കും കുഞ്ഞുങ്ങൾക്കും ശരീര സൗഖ്യത്തിനു വേണ്ടുന്ന ചികിത്സകൾ ചെയ്യുന്ന ഡാക്കുത്തർ പ്രോവൻ ഇവിടെ വന്നു പാർത്ത് ഔഷധങ്ങൾ തന്നു വരികകൊണ്ട്-ചിലവിന്-മാസം ഒന്നിന് 200 രൂ. വീതം ശമ്പളം വച്ച് കൊടുക്കണമെന്ന് നമുക്ക് മനസായിരിക്കകൊണ്ട് അതിമ്മണ്ണം മാസം ഒന്നിന് 200 രൂപ വീതം കുംഭമാസം മുതൽക്ക് നിത്യചെലവിൽ പതിവിൽക്കൂട്ടി എഴുതി മാസംതോറും പതിവായിട്ടു കൊടുക്കത്തക്കവണ്ണം നിദാനം വരുത്തികൊള്ളുകയും വേണം.

# നിയമനത്തിൽ സന്തുഷ്ടി

റാണി മഹാരാജാ അവർകളിടെ സന്തോഷപ്രകാരം ദിവാൻ പേഷ്കാർക്ക് ദിവാൻ ഉദ്യോഗത്തിനു നീട്ടു കൊടുത്തയച്ചിരിക്കുന്നു എന്നു എഴുതി വന്നതിനാൽ നമുക്കും വളരെ സന്തോഷമായിരിക്കുന്നു. റാണി മഹാരാജാ അവർകളിടെ ബുദ്ധിയും ശീലവും ഏററവും ഗുണമായിട്ടിരിക്കുന്നതിനാൽ മേലും ആയതിനു പ്രബലമായിട്ടും രാജ്യം സുഭിക്ഷമായിട്ടും വരേണ്ടതിന് അപേക്ഷിച്ചു ദിവാനുദ്യോഗം നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടും ദിവാൻ പേഷ്കാർ നല്ല നേരായിട്ടും ശാന്തതയായിട്ടും ഇരുന്ന് സംസ്ഥാനത്തെക്കുറിച്ച് ഏററവും ഭക്തി വിശ്വാസമായിട്ടു വിചാരിച്ചു വരുന്ന ആളാകകൊണ്ടും അതിന്മണ്ണം ഉള്ള ആളിന് ദിവാനുദ്യോഗം കൊടുത്തതിനാൽ മഹാരാജാ അവർകളുടെ ആജ്ഞയ്ക്കും ശാസനയ്ക്കും വ്യത്യാസം കൂടാതെ രാജ്യകാര്യങ്ങൾ ഒക്കെയും വേണ്ടുംപ്രകാരം വിചാരിച്ചു ഈശ്വരസേവ വഴിയൂട്ട് ഉൾപ്പെട്ട ധർമ്മ കാര്യങ്ങളും പ്രബലതയായിട്ടു നടത്തിച്ചു ബഹുമാനപ്പെട്ട കുമ്പിനിയാരും മഹാരാജാ അവർകളും തമ്മിൽ ഒള്ള സ്നേഹ വിശ്വാസത്തിനും ഒരു ഭേദം കൂടാതെ അഭിവൃദ്ധിയായിട്ടു വരേണ്ടുന്നതിനു വിചാരിക്കയും ചെയ്യും.

(മൺട്രോ)

ഈ രാജ്യത്ത് ചെമ്പ്-പിത്തള-ഓട്-ഉൾപ്പെട്ട വെംകലങ്ങൾ ചരക്കായിട്ടു കൊണ്ടു പോകുന്നതിന് മാത്രം തീരുവ വാങ്ങിക്കണമെന്നും ഉരുപ്പടികളായിട്ട് കൊണ്ടു പോകുന്നതിന് തീരുവയ്ക്ക് ചോദ്യം ചെയ്തുകൂടാ എന്നും ചവുക്കിദാരന്മാർക്ക് എഴുതി അയച്ച് ചട്ടം കെട്ടികൊള്ളണം.



# 'ഒരനുമോദനം'

മഹാരാജാ അവർകൾ സംരക്ഷണയോടുംകൂടെ രാജ്യപരിപാലനം ചെയ്ത് വരികകൊണ്ടും മേലെഴുതിയ സുറിയാനിക്കാററ് ഈ രാജ്യത്തു വന്ന് 1500 സംവത്സരമായിട്ട് ആശ്രയിച്ചിരിക്കുന്നവരാകകൊണ്ടും അതിന്മണ്ണം ഒള്ള ആളുകളുടെ പേരിൽ ഇപ്രകാരം ദയവു ചെയ്തു വിചാരിച്ചു വരുന്നതിനാൽ മഹാരാജാ അവർകളുടെ പേരും, പ്രബലതയും, കീർത്തിയും അധികമായിട്ടും വന്ന് ബിലാത്തി ശീമയിൽ വളരെ പ്രഖ്യാതി ആയിട്ടു കേൾപാനും ഇംഗിരീസ് കുമ്പനിയാരും മഹാരാജാ അവർകളും തമ്മിലുള്ള സ്നേഹ വിശ്വാസത്തിന് അഭിവൃദ്ധിയായിട്ട് വരുവാനും എടവരികയും ചെയ്യും. മഹാരാജാ അവർകളുടേയും കൊച്ചു തമ്പുരാക്കന്മാരിടേയും സുഖ സന്തോഷാദിശയങ്ങൾക്ക് എഴുതി വരികയും ചെയ്യുമല്ലോ.

993 മീനമാസം 5-ാന്തു

(മൺട്രോ)

''ഏക ഏവ സുഹൃദ്ധർമ്മോ
നിധനേപ്യനു യാതിയഃ
ശരീരേണ സമംനാശം
സർവമന്യദ്ധിഗച്ഛതി''

[ദേഹത്തോടും മററുമുള്ള സകലതും അഴിഞ്ഞുപൊകുന്നു. ധർമ്മമൊന്നു മാത്രമാണ് മരണശേഷം കൂടെ പോകുന്നത്. അതിനാൽ അതുതന്നെയാണ് ഉൽകൃഷ്ടമായ മിത്രം.]

(മനുസ്മൃതി)

# ഇടിയറമാട് മലയും-കുമ്പനിക്കടവും

കൊച്ചിയിൽ മഹാരാജാ അവർകൾക്ക്,

ഇടിയറമാട് മല തിരുവിതാംകോട്ടു സംസ്ഥാനത്തേക്ക് ഒഴിഞ്ഞു കൊടുക്കണമെന്ന് ദിവാൻ നഞ്ചപ്പയ്യന്റെ പേർക്ക് ഉത്തരവു വന്നിരിക്കുന്ന പ്രകാരവും ആയത് കീഴ്നാളിലെ പോലെ ഒഴിഞ്ഞു തരത്തക്കവണ്ണം നിദാനം വരുത്തേണ്ടുന്ന അവസ്ഥകൊണ്ടും മഹാരാജാ അവർകൾ എഴുതിയ കായസം വന്നുചേർന്ന് വസ്തുത ബോധിക്കയും ചെയ്തു. നാം തിരുവിതാംകോട്ടു സംസ്ഥാനത്ത് വന്നതിന്റെശേഷം ഇടിയറമാടുമല തിരുവിതാംകോട്ടു സംസ്ഥാനത്തേക്ക് അവകാശം ഒള്ളതാകുന്നു. എന്ന് ഇവിടെ ഒള്ള ആളുകൾ പറകകൊണ്ടും ഈ വകയ്ക്ക് ദേവസ്വം വകയിൽ മുമ്പിനാലെ ഇരുന്ന ആധാരങ്ങൾ ശോധന ചെയ്താറെ-മേലെഴുതിയ മല തിരുവിതാംകോട്ടു സംസ്ഥാനത്തേക്ക് അവകാശം ഒള്ളപ്രകാരം വെള്ളാരപ്പള്ളിൽ തീപ്പെട്ട മഹാരാജാ അവർകൾ എഴുതികൊടുത്തിട്ടുള്ള ആധാരം കാണുകകൊണ്ടും ആ മല തിരുവിതാംകോട്ടു ചേരുവാൻ ഒള്ളതത്രേ ആകുന്നു. എങ്കിലും മഹാരാജാ അവർകളുടെ രാജ്യത്തു കുമ്പിനിക്കടം ഉണ്ടായിരിക്കുന്നത് തീർന്നു തിരുവിതാംകൂർ വകയ്ക്ക് ഒഴിഞ്ഞു കൊടുപ്പിക്കാമെന്ന് വച്ചു താമസിച്ചു പാർത്തിരുന്നതാകകൊണ്ടും ഇപ്പോൾ കൊച്ചീരാജ്യത്തു കടം തീർന്നിരിക്കകൊണ്ട് ഇനി ന്യായപ്രകാർം നടത്തിപ്പാനുള്ളതാകകൊണ്ടത്രേ ഇപ്പോൾ ഇപ്രകാരം ഉത്തരവു കൊടുത്തയച്ചിരിക്കുന്നത്.

993-ാമാണ്ട് മീനമാസം 18-ാനു

റസിഡന്റ് കർണൽ മൺട്രോ



# മൺട്രോയുടെ ശീമയിലേക്കുള്ള യാത്ര

നീട്ട്

993 മീനം 19-ാനു

കൊടുത്തൂട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. ഈമാസം 17-ാനു അസ്തമിപ്പാൻ മൂന്നുമണിക്ക് കർണലിന്റെ അടുക്കൽ ചെന്നതിന്റെ ശേഷം ശീമയിൽ പാർക്കുന്ന ബീവി സായ്വിന് ദീനത്തിന് ആശ്വാസമില്ലെന്നും, അതിനാൽ കർണൽ ശീമയ്ക്കു യാത്ര ഒള്ള പ്രകാരവും 18-ാനു എങ്കിലും 19-ാനു എങ്കിലും അവിടെനിന്നും പിറപ്പെട്ടു ഇവിടെ വന്നു പറഞ്ഞുകൊള്ളാമെന്നും നമുക്കും രാജ്യത്തേക്കും ശ്രേയസ്സായിട്ടും അഭിവൃദ്ധിയായിട്ടും മററും വേണ്ടുന്ന ഗുണങ്ങളായിട്ടു വരുവാൻതക്കവണ്ണം സദാനേരവും വിചാരിക്കുമെന്നും ഈ വർത്തമാനം ബോധിക്കുന്നതിന് എഴുതി അയച്ചു കൊള്ളാമെന്നും കർണൽ പറഞ്ഞ പ്രകാരവും കാര്യാദികൾ ഇപ്പോൾ വച്ചിരിക്കുന്ന ചട്ടത്തിൻ പ്രകാരം വിചാരിച്ചു നടത്തുവാൻ തനിക്ക് സഹായത്തിന് ഒരു ആളുകൂടെ വേണ്ടുന്നതാകകൊണ്ടും അതിനു തക്ക ആളായിട്ടു വിചാരിച്ചാറെ-ഡാണാ ദറോഘാ ഉദ്യോഗത്തിൽ ഇരിക്കുന്ന ബാബുരായരു പണ്ടാര കാര്യത്തുങ്കൽ താൽപ്പര്യവും നേരും വിശ്വാസവും പ്രാപ്തിയും ഒള്ള ആളാകകൊണ്ടും ബാബുരായരെ ദിവാൻപേഷ്കാർ ഉദ്യോഗത്തിന് ആക്കിയാൽ നിങ്ങൾ രണ്ടുപേരും കൂടെ പ്രയാസപ്പെട്ടു വിചാരിച്ചു നടന്നു കൊള്ളുമെന്നും രാജ്യത്തു ആവലാതി മുതലായ കാര്യങ്ങൾ കോടുകളിൽ വിസ്തരിച്ചു തീർപ്പായി വരുന്നതു വായിച്ചുകണ്ടു ന്യായപ്രകാരം നടത്തുവാനും

രാജ്യത്തിൽ ന്യായം അക്രമങ്ങൾ നടക്കാതെയും വിചാരിച്ചു ശട്ടം കെട്ടി നടത്തുന്നതിനും അപ്പീൽ കോർട്ടുകാരരെ ചുമതലയായിട്ടു ആക്കിയിരിക്കുന്നതാകകൊണ്ടും അവർക്ക് പ്രയാസത്തിന് തക്കവണ്ണം ശമ്പളം വച്ചിട്ടില്ലായ്കകൊണ്ടും അപ്പീൽ കോർട്ടിൽ ഒന്നാം ജഡ്ജിക്ക് മാസം ഒന്നിന് 700 രൂപായും, രണ്ടാം ജഡ്ജിക്ക് 600 രൂപായും, ശാസ്ത്രികൾക്ക് 300 രൂപായും, വീതവും ബാബുരായർക്ക് മാസം ഒന്നിന് 600 രൂപാ വീതവും ഇതിൻവണ്ണം ശമ്പളവും വച്ച് ആക്കിയാൽ കാര്യാദികൾ വേണ്ടുംപ്രകാരം നടക്കുമെന്നുള്ള അവസ്ഥകൊണ്ടും എല്ലോ എഴുതി വന്നതിലാകുന്നു. കർണൽ ഈ രാജ്യത്തു വന്നതിന്റെ ശേഷം നമുക്കും കുഞ്ഞുങ്ങൾക്കും രാജ്യത്തിലുള്ള പ്രജകൾക്കും ഗുണമായിട്ട് വരേണ്ടുന്നതിന് കർണൽ പ്രയാസപ്പെട്ടു വിചാരിച്ചു നടത്തിയിരിക്കുന്ന സഹായങ്ങളും അതിൻവണ്ണം തന്നെ ഇപ്പോൾ നടന്നുവരുന്ന ഗുണങ്ങളും ഇനിമേൽ നടപ്പാനുള്ള കാര്യങ്ങൾക്ക് വച്ചിരിക്കുന്ന ചട്ടത്തിന്റെ അവസ്ഥയും നാം സദാ നേരവും വിചാരിച്ചുംകൊണ്ട് സന്തോഷമായിരിക്കുമ്പോൾ ശീമയിൽ ബീവി സാവിന്റെ ശരീരത്തിനു സൗഖ്യം ഇല്ലെന്നും അതുകൊണ്ട് കർണൽ ശീമയിൽ പോകത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്ന പ്രകാരവും എഴുതി വന്നതിന്റെശേഷം നമുക്ക് മനസ്സിൽ വളരെ വളരെ വ്യസനമായിരിക്കകൊണ്ട് അതിനാൽ കർണൽ ശീമയിൽ ചെല്ലുന്നതിന് മുൻപിൽ ബീവിസാവിന്റെ ശരീരത്തിനു സൗഖ്യവുംവന്നു താമസിയാതെ കർണലും ബീവിസാവും ഇവിടെ വരേണമെന്ന് നാം പത്മനാഭനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ വച്ചിരിക്കുന്ന ചട്ടത്തിൻപ്രകാരം കാര്യാദികൾ വിചാരിച്ചു നടത്തുവാൻ തനിക്ക് സഹായത്തിനായിട്ട് ഒരു ആളുകൂടെ വേണ്ടുന്നതിന് ഡാണാദമറാല ഉദ്യോഗത്തിൽ ഇരിക്കുന്ന ബാബുരായരെ ദിവാൻ പേഷ്കാർ ഉദ്യോഗത്തിനു ആക്കിയാൽ കാര്യാദികൾ ഒക്കെയും തന്റെ കൂടെ ഇരുന്ന് വിചാരിച്ചു വേണ്ടുംപ്രകാരം നടക്കുമെന്നും നമുക്കും തോന്നിയിരിക്കുന്നതാകകൊണ്ടും അപ്രകാരം



തന്നെ ബാബുരായരെ ദിവാൻ പേഷ്കാർ ഉദ്യോഗത്തിനും ആക്കി അപ്പീൽ കോർട്ടുകാരരിടെ പ്രയാസത്തിന് തക്കവണ്ണം ശമ്പളം വച്ചിട്ടില്ലാഴികകൊണ്ട് ഒന്നാം ജഡ്ജിക്ക് മാസം ഒന്നിന് 700 രൂപായും, രണ്ടാം ജഡ്ജിക്ക് 600 രൂപായും ശാസ്ത്രികൾക്ക് 300രൂപായും, ബാബുരായർക്ക് മാസം ഒന്നിന് 600 രൂപായും, വീതം ശമ്പളം വയ്ച്ചു കൊടുപ്പാൻ തക്കവണ്ണവും നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 993-ാമാണ്ട് മീനമാസം 19-ാനു- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

## ''ആഭരണം ധരിക്കാൻ അനുവാദം''

ശൂദ്ര ജാതിയിലും, ഈഴവര്, ചാന്നാൻ, മരയ്ക്കാന്മാർ, ഉൾപ്പെട്ട ജാതിയിലും ഒള്ള പുരുഷന്മാർക്കും, സ്ത്രീകൾക്കും, പൊന്നുകൊണ്ടും വെള്ളികൊണ്ടും ഓരോ ആഭരണങ്ങൾ ഒണ്ടാക്കിയിടണമെന്ന് മനസ്സുണ്ടായിരുന്നാൽ-മുടുക്, വീരചങ്ങല, പൊന്നുംതക്ക, ഈഴവരു മുതലായവർക്ക് കടുക്കൻ മുതലായിട്ടു പലവകയ്ക്കു അവരുടെ ജാതിമര്യാദപോലെ അടിയറ തീർപ്പിച്ച് കൊടുത്തു വന്നിരിക്കുന്നതിന് ഇപ്പോൾ അടിയറ കൂടാതെ അവരവരുടെ മനസ്സുംപ്രകാരം ഒണ്ടാക്കിയിട്ടുകൊള്ളാമെന്ന് നിദാനം വരുത്തണം.

## "ദോഷശങ്ക"

993 മേടം 28-ാം-

എലക്കാട്ടു പ്രവൃത്തിയിൽ താമരക്കാട്ടു ദേശത്തു ചങ്ങഴശ്ശേരിയുടെ ഇല്ലത്ത് 'അടുക്കളദോഷശംക' ഒള്ള പ്രകാരം എണങ്ങരു ഇവിടെ വന്ന് ദർശനം വൈക്കകൊണ്ട് താമരക്കാട്ടു അമ്പലത്തിൽ വച്ചു വിചാരം കഴിക്കേണ്ടുന്നതിന്, ''സ്മാർത്തൻ'' പട്ടച്ചോമാക്കും, അകക്കോവിൽ പുതുശ്ശേരിക്കും, മാംസകൻ വട്ടോലിക്കും, വേലിയാംകോലിനും, മൂവാററുപുഴ മണ്ടപത്തുംവാതുക്കൽ തഹശ്ശീൽ ഇട്ടിയവിരാ എന്നവനും, എഴുതി അയച്ചിരിക്കുന്നു എന്നതുകൊണ്ട് വിചാരവും ശുദ്ധഭോജനവും കഴിപ്പിച്ച് സാധനത്തെ ഏല്പിച്ചാൽ വേറിട്ടു പാർപ്പിച്ചു കാവലാക്കി സൂക്ഷിപ്പിച്ചു ആയവസ്ഥയ്ക്കു എഴുതിവരത്തക്കവണ്ണം നിദാനം വരുത്തി ആയവസ്ഥയ്ക്ക് എഴുതി വരികയും വേണം. എന്നും ഇക്കാര്യം ചൊല്ലി 993-ാമാണ്ട് മേടമാസം 28-ാം- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

ബാലയാവായുവത്യാവ
വൃദ്ധയാവാപിയോഷിത
നസ്വാതന്ത്ര്യേണ കർത്തവ്യം
കിഞ്ചിൽ കാര്യം ഗൃഹേഷ്വപി

ബാല്യമായിരുന്നാലും, യൌവനമായിരുന്നാലും, വാർദ്ധക്യമായിരുന്നാലും, സ്ത്രീകൾ തങ്ങളുടെ വീടുകളിൽപോലും തങ്ങളുടെ മനോഗതത്തെ അനുസരിച്ച് ഒരു കാര്യത്തേയും ചെയ്യരുത്. (സ്വതന്ത്ര്യമായി നടക്കരുതെന്നു സാരം.)

1) അടുക്കളദോഷശങ്ക-ബ്രാഹ്മണസ്ത്രീയുടെ ദോഷത്തെ ക്കുറിച്ചുള്ള അറിവ്
2) സ്മാർത്തൻ-ന്യായശാസ്ത്രം അഭ്യസിച്ചയാൾ



## ബഞ്ചമിൻ ബെയിലിയുടെ ബംഗ്ലാവിന് കരം ഒഴിവ്

993-10-16

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. കോട്ടയത്ത് ബഞ്ചമിൻ ബെയിലി പാതിരി കോട്ടയത്ത് ചുങ്കത്തിൽ കുന്നിൽ ഒരു ബംഗ്ലാവും തീർപ്പിച്ച് അവിടെ പാർത്ത് ധർമ്മപള്ളിക്കൂടം വച്ച് പഠിപ്പിച്ച് വരുന്നു എന്നും, ആ കുന്നിൽ ബംഗ്ലാവു കെട്ടിയിരിക്കുന്ന സ്ഥലത്തിന് അയാളുടെ പേർക്ക് പണ്ടാര വകയിൽ നിന്നും ഒരു ആധാരം കൊടുപ്പിക്കണമെന്നും ചോദിക്കുന്ന പ്രകാരവും മേലെഴുതിയ സ്ഥലം ആയക്കെട്ടിൽ പതിക്കയും പണ്ടാര വകയ്ക്ക് മുതലെടുപ്പും ഉണ്ടായിട്ടില്ലായ്കകൊണ്ടും മേലിൽ തർക്കത്തിന് ഇടവരാതെയിരിപ്പാനായിട്ടു ആധാരം വേണമെന്ന് പറയുന്നതാകകൊണ്ടും ആ സ്ഥലം കരം ഒഴിവായിട്ടു പതിച്ചു കൊടുക്കേണ്ടുന്ന അവസ്ഥകൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. മേലെഴുതിയ പാതിരി ധർമ്മപള്ളിക്കൂടംവച്ച് പഠിപ്പിച്ച് പാർത്തു വരുന്നതിനാൽ ആ സ്ഥലം കരം ഒഴിവായിട്ട് പതിച്ചു കൊടുപ്പിക്കണമെന്ന് നമുക്ക് മനസ്സായിരിക്കകൊണ്ട് അതിന്മണ്ണം തന്നെ മെസ്തർ ബെഞ്ചമിൻ ബെയിലിപാതിരി കോട്ടയത്തു ചുംകകുന്നിൽ ഇപ്പോൾ ബംഗ്ലാവു കെട്ടി പാർക്കുന്ന സ്ഥലം കരം ഒഴിവായിട്ടു പതിച്ചു അനുഭവിച്ച് കൊള്ളത്തക്കവണ്ണം നമ്മുടെ സാധനം എഴുതികെട്ടിച്ചു കൊടുത്തയച്ച് ആയവസ്ഥയ്ക്കു എഴുതി വരികയും വേണം. എന്നും ഇക്കാര്യം ചൊല്ലി 993 ഇടവം 16-ാം- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ട്.

(തുല്യം)

# കണ്ണൻദേവൻ മലയിലെ മുതലെടുപ്പ്

***മീനച്ചൽ മണ്ഡപത്തും വാതുക്കൽ***

993-ാമാണ്ട് മിഥുനമാസം 9

ഹജൂർ ഖജനാവിൽനിന്നും വരവാക-പൂഞ്ഞാററിടവക കണ്ണൻദേവൻമല അഞ്ചുനാടു ഉൾപ്പെട്ട കാന്തല്ലൂർ മന്നിട്ടു മണ്ണാടിയും കീഴാന്തൂർ പാണ്ടിപ്പെരുമാൾ മണ്ണാടിയും ശേഷം കുടിയാനവന്മാരും പേരിൽ കണ്ണൻദേവൻമല ഉൾപ്പെട്ട അഞ്ചുനാട്ടിലും ഒള്ള മുതൽ എടുപ്പ് മാമൂലമായിട്ടു ഞങ്ങൾ തന്നെ മുതലെടുത്തു പൂഞ്ഞാററു തമ്പുരാന്റെ വകയ്ക്ക് ആണ്ടൊന്നിന് മധുരകലി ആയിരംപണംവീതം പൂഞ്ഞാററു ഇടവകയ്ക്ക് 975-ാമാണ്ടുവരേയും കൊടുത്തു നടന്നു വരുമ്പോൾ 976-ാമാണ്ടു മുതൽ മധുര താലൂക്കാവിൽ ചേർത്ത് മുതലെടുക്കകൊണ്ട് അക്കാര്യത്തിന് പൂഞ്ഞാററു തമ്പുരാനേയും കുടിയാനവന്മാരേയും ഹജൂരിൽ വരുത്തി ടി നാട്ടിൽ മാമൂലമായിട്ടു നടന്നു വന്നതിന്മണ്ണം ആണ്ട് 1ക്ക് പണ്ടാര വകയ്ക്ക് മധുരകലി 1000 പണവും, പൂഞ്ഞാററു തമ്പുരാന് 500 പണവും വീതം കൊടുക്കത്തക്കവണ്ണം പൂഞ്ഞാററു തമ്പുരാനും സമ്മതിച്ചു കച്ചീട്ട് എഴുതി വയ്ക്കകൊണ്ട് അക്കാര്യം മഹാരാജ മാന്യരാജശ്രീ ഗവർമെണ്ടിലേക്ക് എഴുതി അയച്ചു നിദാനം വരുത്തി തരാമെന്നു കല്പന അയച്ചാറെ-അതിന്മണ്ണം നിദാനംവരുത്തി ഇപ്പോൾ പൂഞ്ഞാററു തമ്പുരാന്റെ ആളുകളേയും കുടിയാനവന്മാരേയും വരുത്തി മാമൂൽപ്രകാരം കണ്ണൻദേവൻമല ഉൾപ്പെട്ട അഞ്ചുനാട്ടിലും മുതലെടുത്തു തിരുവിതാംകോട്ടു സംസ്ഥാനത്തിലേക്ക് ഒടുക്കിക്കൊള്ളാമെന്നും എഴുതിവച്ച



തിന്മണ്ണം ആയിരവും, മാമൂൽപ്രകാരവും പൂഞ്ഞാററു തമ്പുരാന്റെ വകയ്ക്ക് ഒടുക്കി കൊള്ളത്തക്കവണ്ണവും പൂഞ്ഞാററു തമ്പുരാൻ 500 പണം പണ്ടാര വകയ്ക്ക് ഒടുക്കി കൊള്ളത്തക്കവണ്ണവും കൽപനപ്രകാരം മണ്ണാടിയും കുടിയാനവന്മാരും ടിയാണ്ട് അൽപ്പശിമാസം 14-ാംതീയതി എഴുതിവച്ച കച്ചീട്ടും പടിക്ക് 991-ാമാണ്ട് മുതൽക്ക് ആണ്ടൊന്നുക്ക് പതിവു മധുരകലിപണം 500 വീതം 991-ാമാണ്ട് പണം 500-ക്ക് 1¾ വിലയ്ക്ക് 875/ 992-ാമാണ്ട് 1ക്ക് 875 ആകെ ആണ്ട് രണ്ടുക്ക് പണം 1750ക്ക് ഖജനാവിൽ ഒടുക്കുപണം 875-ം, നീക്കി കുടിശ്ശിഖപണം 875 -

തൃക്കുന്നപ്പുഴ ക്ഷേത്രത്തിൽ വിചാരിപ്പ് നാരായണ പണിക്കർക്കും, ശാന്തി ശീലക്കരപോററിക്കും........

അവിടത്തിൽ വലിയതോക്കു കുഴിച്ചിട്ടിരിക്കുന്ന പ്രകാരം നമുക്കു തുപ്പു ഒണ്ടായിരിക്കകൊണ്ട്, ആയതു എടുപ്പിച്ച് കൊണ്ടു വരുന്നതിന് ആളയച്ചിരിക്കുന്നു. അവിടെ വന്നാൽ നിങ്ങൾ ആയതിന്റെ തുപ്പു ചൊല്ലി കൊടുത്തു എടുപ്പിച്ചു കൊടുത്തയക്കയും വേണം.

987 മേടം 7-ാനു  കർണൽ മൺട്രോ

# ഹജൂർ തിരട്ടുകൾ 6

കൊ: വ: 993 ★

1) ധാരഅവർകൾക്ക് ഓണക്കോടി ചെങ്കോട്ടയിൽ കൊണ്ടു ചെന്നു കൊടുത്ത ഹരിക്കാരൻ വെങ്കിടേശ്വരൻ അണ്ണാവി മുതൽപേർക്ക് 140 പണം.

2) കടൽ വഴി തിരുവല്ലം ആററിൽ-കച്ചവടം വകയിൽ നിന്നും തീർപ്പിച്ച പള്ളി ഓടം കൊണ്ടുവന്ന ശ്രാങ്കു കുഞ്ഞുമൈതീൻ മുതൽപേർ 1ക്ക് ഇനാം 72 പണം.

3) വിളവങ്കോട് ഈഞ്ചവിള അമ്പലത്തിന്റെ സമീപത്തു വച്ച് 990 മാർകഴി 18-ാം തീയതി അഞ്ചൽ പിടിച്ചു പറിച്ച പുല്ലുവിളയിൽ തീണ്ടാപറ പെരുമാൾ മുതൽ പേർ മൂന്നിനേയും പിടിച്ച് ഹജൂരിൽ ഏൾപ്പിച്ച കുഴിത്തുറ സെയ്തു മൈതീൻകണ്ണു മുതൽപേർക്ക് ഇനാം 630 പണം.

4) തിരുവനന്തപുരത്തു തെക്കേത്തെരുവിൽ വെട്ടിച്ചുവരുന്ന വഴിയുടെ ചൊവ്വിന് പണിപ്പുരയുടെ വടക്കു വശത്ത് ചെറുവള്ളി പുരയിടത്തിന്റെ നടുവിളാകത്തു കൂടെ വഴി വരികകൊണ്ട് മേപ്പടി പുരയിടത്തിൽ കെട്ടിയിരുന്ന അറപ്പുരയും, വടക്കതും, പൊളിച്ചുമാററി വയ്പാനും, മേപ്പടിയിൽ നിന്നും മൂന്നു തെങ്ങു മുറിച്ചതിനുംകൂടി ചിലവ് 165½ പണം.

5) കൽക്കുളം മണ്ഡപത്തും വാതുക്കൽ സർവാധികാര്യം വിചാരിച്ചിരുന്ന മുഞ്ചിറ ചെമ്പകശ്ശേരി വീട്ടിൽ ചെമ്പകരാമൻ ഈച്ചരൻ-കൽക്കുളം തുരം ചുങ്കം സർവാധികാര്യം വിചാരിക്കുമ്പോൾ ഇരണിയൽ ചെട്ടികളെ അടിച്ച സംഗതിക്ക്-പത്മനാഭപുരം കോർട്ടിൽ വരുത്തി കേട്ടാറെ-കച്ചീട്ട് എഴുതി വയ്ക്കയില്ലെന്നും പറഞ്ഞ്



പൊയ്കളകകൊണ്ട് 876 പണം മേപ്പടിയാൻ പേരിൽ പ്രായശ്ചിത്തം മുതൽക്കൂട്ടിയ വകയ്ക്ക് 336 പണം ഒടുക്കിയതു പോകെ 540 പണം ഒടുക്കുവാനും ഉള്ളതിന് ശമ്പളത്തിൽനിന്നും 903 പണം പിടിച്ചതിലേക്ക് തിരികെ കൊടുത്ത പണം 363/-

6) മേപ്പടിയാണ്ട് ആവണിമാസം 26-ാനു മുതൽ അപ്പീൽ കോട് നിയമിക്കയാൽ ഒന്നാം ജഡ്ജി തമ്പി ചെമ്പകരാമൻ രാമന് രൂപാ 400 വീതം പങ്കുനി 19ക്ക് മുതൽ കൂടുതൽ രൂപാ 30വീതം രണ്ടാം ജഡ്ജി പത്മനാഭൻ കാളിക്ക് പൂരുട്ടാശി 9-ാനു മുതൽ മാശി 4-ാനു വരെ 200 വീതം. മാശി 5-ാനു മുതൽ ശ്രീനിവാസരായർക്ക് 350 വീതം....നൽകാൻ....അണ്ണാസ്വാമി ശാസ്ത്രിയാർക്ക് ആവണി 26 മുതൽ കൂടുതൽ 100- ഉൾപ്പെടെ 300 രൂപാ വീതം.... ശിരസ്ഥാ സുന്ദരയ്യന് 200 വീതം പിള്ളമാർ 20 ക്ക് മാസം 135 രൂപാ വീതം മാശിമാസം മുതൽ കൂടുതൽ.

7) ഹജൂർ കോർട്ട് ഒന്നാം ജഡ്ജി ചെമ്പകരാമൻ രാമന് ആവണി 25-ാനു വരെ 400 വീതം-ആവണി 26-ാനു മുതൽ മുകുന്ദയ്യനെ നിയമിക്കയാൽ 200 വീതം.

8) ഹജൂർ കോർട്ടിൽ രണ്ടാം ജഡ്ജിയായി തൈമാസം 25-ാനു മുതൽ ചാക്കോ വറീതിനെ 150 രൂപാ വച്ച് നിയമിക്കാൻ ഉത്തരവ്.

9) ചെന്ന പട്ടണത്ത് വർത്തകൻ പുരുഷോത്തമദാസ് പണ്ടാരവകയിൽനിന്നും കടം വാങ്ങിച്ച പണം വീട്ടേണ്ടുന്നതിന് തിരുവനന്തപുരം കോർട്ടിൽനിന്നും എഴുതിയ തീർപ്പു പ്രകാരം കൊടുക്കവേണ്ടും പണം ചെല്ലം വകയിൽ നിന്നും കൊടുത്ത് ആധാരം വാങ്ങിപ്പാൻ നീട്ടു വന്നതിന്മണ്ണം പൂരുട്ടാശി 26-ാനു എഴുതി വന്ന ഉത്തര

വും പടി ടി യാൻ മകൻ ജയകൃഷ്ണദാസ് വശം കടം വീട്ടി ചിലവ് 300003}.

10) അച്ചടി ഓലയിൽ ആധാരം എഴുതി കൊടുക്കുന്ന വകയ്ക്ക് ആക്കിയ പിള്ളമാർ 59 പേർക്ക് ആവണിമുതൽ അൽപ്പശി 15-ാം തീയതി വരെ മാസം 1ക്ക് 2478പണം ചിലവ്.

11) തിരുവനന്തപുരം തെക്ക് - തൈമാസം കറുത്തവാവു നാൾ മുതൽ വൈകാശിമാസം വിശാഖം വരെ വേനൽക്കാലത്ത് പശുക്കൾക്ക് കുടിപ്പാൻ കോട്ടയ്ക്കകത്ത് കെട്ടിച്ചിരിക്കുന്ന തൊട്ടിയിൽ വെള്ളം ഒഴിപ്പാൻ പേർ ഒന്നുക്ക് മാസം 1ക്ക് പതിനഞ്ചു പണം നൽകാൻ....

12) അമ്പലപ്പുഴ കിഴക്കേനടയിൽ നാൾ 1 ക്ക് നൂററിയൻപതു കെട്ടു പുല്ല് ഇടുന്ന വകയ്ക്ക് ആണ്ടൊന്നുക്ക് ചിലവ് ആയിരത്തി തൊണ്ണൂററിഒന്നേകാൽ.

13) തേവാരത്തു കോയിക്കൽ നടയിലും, വലിയകോയിക്കൽ നടയിലും അനന്തതീർത്ഥക്കരയിലും പശുക്കൾക്ക് വെള്ളം ഒഴിപ്പാൻ മാസം 1 ക്ക് നൂററിയൻപതു പണം.

14) ധ്വര അവർകൾ സർക്കീട്ടിലായിരിക്കുമ്പോൾ-ഇരപ്പാളികൾക്ക് ധർമ്മം കൊടുത്തതാക ചിലവ് ആയിരത്തി ഇരുന്നൂററിഅൻപത്തിഒന്ന്.

15) കുഞ്ഞുങ്ങൾക്ക് എഴുത്തു പഠിപ്പിക്കാൻ ആക്കിയിരിക്കുന്ന വാദ്ധ്യാന്മാർക്ക് ചിലവിനു കൊടുത്തതാക കൊട്ടാരക്കര, തെക്ക് കുന്നത്തൂർ, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, തിരുവല്ല, മാവേലിക്കര, തെക്ക് അമ്പലപ്പുഴ, ചേർത്തല, വയ്ക്കം, കോട്ടയം, ചങ്ങനാശ്ശേരി,



ഏററുമാനൂർ, മൂവാററുപുഴ, കുന്നത്തുനാട്, ആലങ്ങാടു പറവൂർ, മണ്ഡപത്തും വാതുക്കൽ പതിനാറിൽ പേർ മുപ്പത്തി രണ്ടുക്ക് മാസം 1ക്ക് ആയിരത്തി അറുനൂറു വീതം.

16) കോട്ടയത്ത് കൃസ്ത്യാനിക്കാരരുടെ ഉപകാര സഹായത്തിന് കൽപനപ്രകാരം പള്ളിവക പണിക്ക് മഹാരാജമാന്യരാജശ്രീ ധ്വര അവർകൾ കൊടുത്ത കുമ്പിനി രൂപാ ഇരുപത്തൊരായിരവും, പററിയപ്രകാരം കോട്ടയത്ത് മാർ ദിവാനിയോസ, മെത്രാൻ പൊലീത്തായും, റവറൻറു ബഞ്ചമിൻ ബെയിലിപാതിരിയും എഴുതിയ രസീതിൻപടി ചെലവ് ഒരുലക്ഷത്തിനാൽപത്തിയൊൻപതിനായിരത്തി അറുന്നൂററി ഇരുപത്തഞ്ച്.

---

വടക്കുംകൂർ രാജാവിന് !

ഉമ്മുടയ (നിങ്ങളുടെ) ചിലവിനു വക വച്ചിരിക്കുന്നതിൽ 20 പറ നെല്ലും, 30 പണവും, കല്ലട പാർക്കുന്ന ഉമ്മുടയ അനന്തിരവർക്കു കൊടുക്കത്തക്കവണ്ണം മുമ്പിൽ ഉത്തരവു അയച്ചിരുന്നതിന് ഉമക്കു (നിങ്ങൾക്ക്) വക വച്ചിരിക്കുന്നതിൽ മേലെഴുതിയ നെല്ലും, പണവും കൊടുക്കുന്നതു സമ്മതമെന്നു എഴുതി ഹർജി എത്തി ബോധിക്കയും ചെയ്തു. പണ്ടാര വകയിൽ നിന്നും വകവച്ചിരിക്കുന്ന വകയിൽ നിന്നും നിങ്ങൾ എല്ലാവരും വീതംപോലെ വാങ്ങിച്ചുകൊള്ളണം.

# തടവുകാർക്ക് മലജലാദി സൗകര്യം

**994 M.E.★**

994-2-15

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. തിരുവനന്തപുരത്ത് വെടിപ്പുരയ്ക്കകത്ത് ബന്തോഖാനാവിൽ പുള്ളിക്കാററെ പാർപ്പിച്ചിരിക്കുന്ന സ്ഥലത്തിൽ ഒരു വശം ഒക്കെയും വെളിയായിട്ട് കിടക്കുന്നതിനാലും അവർക്ക് മലജലാദിക്ക് പോകുന്നതിന് അവിടെത്തന്നെ ഒരു കുഴി വെട്ടിക്കൊടുത്തിരിക്കുന്നതിനാലും ആ കുഴിയിലുള്ള ദുർഗ്ഗന്ധവും കാററുവാടയും, തട്ടിവിലങ്ങുകാററിൽ ഏറിയ ആളുകൾക്ക് ദീനം വർദ്ധിച്ചു വരുന്നു എന്നും കാപ്ററൻ മക്ളൊടും, ഡാക്കുത്തരും, വെടിപ്പുരയ്ക്കകത്ത് ചെന്നുനോക്കിക്കണ്ടു പറഞ്ഞിരിക്കുന്നതിന്മണ്ണം വെടിപ്പുരയ്ക്ക് അകത്തു ചുററിൽ തട്ടികെട്ടിയിടുവിക്കുന്നതിനും മലജലാദിക്കു പോകുന്നതിന് വെടിപ്പുരയ്ക്കു സമീപത്തിൽ ഒരു സ്ഥലം തീർപ്പിച്ചു കൊടുക്കുന്നതിനും കൂടി 1525 പണം അടങ്കൽ നിശ്ചയിച്ച് തിരുവനന്തപുരം മണ്ഡപത്തിൻ വാതുക്കൽ തഹശീൽദാരന്റെ സാധനവും വര്യോലയും വന്നിരിക്കുന്ന അവസ്ഥകൊണ്ടല്ലോ എഴുതി വന്നതിലാകുന്നു, അതിന്മണ്ണം തന്നെ ഈ വകയ്ക്ക് അടങ്കൽ വര്യോലപ്രകാരം ഒള്ള പണം 1525-ം, കൊടുപ്പിച്ച് മേലെഴുതിയ പണികൾ തീർപ്പിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം.

ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക്

(തുല്യം)



# ആരോഗ്യസംരക്ഷണം

## *കോളറായ്ക്ക് ചികിൽസ*

994-3-12

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. കുറെ ദിവസത്തിനു മുമ്പിൽ ബംഗാളത്തു ഒരു കൂട്ടം വ്യാധി തുടങ്ങി വയററിൽ കഴിച്ചിലും, ശർദ്ദിലും ഉണ്ടാകയും, ഉടൻതന്നെ ചത്തുപോകയും ഇപ്രകാരം ഏറിയ ആളുകൾക്ക് ചേതം വന്നിരിക്കുന്നു, എന്നും ഇപ്പോൾ ആ വ്യാധി ബാംബെ, മാങ്കളൂർ, ഉൾപ്പെട്ട പ്രദേശങ്ങളിൽ വടക്ക് നല്ലൂർവരെയും വന്നു തുടങ്ങി ആളുകൾക്ക് ഏറിയ ചേതം വന്നിരിക്കുന്നപ്രകാരവും ആയതിന്റെ ഉപശമനം വരുത്തുന്നതിനായിട്ട് കുമ്പിനിയിൽനിന്നും ടാക്കുത്തരന്മാരെ നിശ്ചയിച്ച് അയച്ച് ചികിത്സ ചെയ്യിച്ച് വരുന്നു എന്നും ആ വ്യാധി വന്നുകൂടുമ്പോൾത്തന്നെ ചികിത്സ ചെയ്യിച്ചാൽ ഭേദം വരുമെന്നും, ചികിത്സ ഇല്ലാഞ്ഞാൽ അപായം വന്നുപോമെന്ന് കേൾക്കകൊണ്ടും മേലെഴുതിയ വ്യാധി ഇവിടങ്ങളിൽ വന്നുതുടങ്ങിയാൽ ഈ രാജ്യത്ത് ജനപ്രാബല്യവും വീടും കുടിയും അധികമുള്ള സ്ഥലങ്ങളിൽ ഇവിടെയുള്ള വൈദ്യരുടെ പക്കൽ ഔഷധി കൊടുത്ത് അവരെക്കൊണ്ട് കൊടുപ്പിച്ചാൽ ജനങ്ങൾക്ക് ചേതം വരുന്നതല്ലെന്നും മേലെഴുതിയ വ്യാധി തുടങ്ങിയാൽ ഇന്ന ഇന്ന ഔഷധം ഇന്നപ്രകാരം കൊടുക്കണമെന്ന് ടാക്കുത്തെർബ്രൌൺ മുതലായിട്ടുള്ള ഡാക്കുത്തന്മാർ സ്ഥലംതോറും ചെന്ന് അവിടെയുള്ള വൈദ്യർക്ക് പഠിപ്പിച്ച് കൊടുക്കുന്നതല്ലാതെ അവരുതന്നെ രാജ്യം മുച്ചൂടും സഞ്ചരിച്ച് മരുന്നു കൊടുപ്പാൻ കഴിയുന്നതല്ലായ്കകൊണ്ടും ഈ രാജ്യത്തുള്ള ജനങ്ങൾക്കും മേലെഴുതിയ വ്യാധികൊണ്ട് ഒരു ഉപദ്രവം കൂടാതെ ഇരിക്കേണ്ടുന്നതിനായിട്ടു കൊടുപ്പാൻ മുമ്പിൽ

ക്കൂട്ടി ജന്നപട്ടണത്ത് എഴുതി അയച്ച് ഔഷധികൾ വരുത്തി വയ്പ്പിച്ചാൽ വ്യാധി വന്നു കൂടുമ്പോൾ ഇവിടെയുള്ള വൈദ്യരെക്കൊണ്ട് കൊടുപ്പിക്കയും ആയതല്ലെങ്കിൽ പിന്നത്തതിൽ ഇവിടെത്തന്നെ വിലയ്ക്ക് വിപ്പിക്കയും ചെയ്യാവുന്നതാകകൊണ്ട് എഴുതി അയച്ച് ആ വക ഔഷധങ്ങൾ വരുത്തിക്കേണ്ടുന്നതിന് ഏതുപ്രകാരം വേണ്ടൂ എന്നും എല്ലോ എഴുതിവന്നതിലാകുന്നു. ഈ രാജ്യത്തുള്ള ജനങ്ങൾക്ക് യാതൊരു വകയിലും സങ്കടം കൂടാതെ രക്ഷിക്കേണ്ടുന്നതാകകൊണ്ട് മേലെഴുതിയ വ്യാധി വന്നു തുടങ്ങുന്നതിനുമുമ്പിൽ ജന്നപട്ടണത്തുനിന്നും വരുത്തേണ്ടുന്ന ഔഷധങ്ങൾക്ക് എഴുതിവരുന്നപ്രകാരം ചിലവു വേണ്ടിവരുന്ന ബ്രാഹൻ (വരാഹൻ) ചിലവു ചെയ്ത് എഴുതി അയച്ച് ആ വക ഔഷധങ്ങളും വരുത്തി വയ്പിച്ച് മേലെഴുതിയ പ്രകാരം വ്യാധി വന്നു തുടങ്ങിയാൽ ടാക്കുത്തർ ബ്രൌൺ മുതലായിട്ടുള്ള ഡാക്കുത്തന്മാർ പറയുന്നതിന്മണ്ണം ഇവിടെയുള്ള വൈദ്യരെക്കൊണ്ട് ചികിത്സ ചെയ്യിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994 തുലാമാസം 12-ാനു- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

കർണ്ണൽ മൺട്രോ സായിപ്പ് കല്പിച്ച് മുൻ 989-മാണ്ട് മാശിമാസം 2-ാനു- കൊടുത്ത ആഭരണം വകയിൽ നവരത്നം പെരഞ്ചി 2-ക്ക് വില വരാഹൻ 730-ം, കൽവച്ച മോതിരം ഉരുട്ടക്ക് വരാഹൻ 180½-ം, ആകെ വരാഹൻ 910-ക്ക്-20 വിലയ്ക്ക് ഖജനാവിൽ ഒടുക്കിയതാക പണം 18210.



# കല്യാണത്തിന് മാററു വിരിച്ചതിൽ പ്രായശ്ചിത്തം

994 തുലാം 13-ാനു-

നീട്ട്

കരുനാഗപ്പള്ളി മണ്ഡപത്തും വാതുക്കൽ ചേർന്ന ചവറ പ്രവൃത്തിയിൽ മാമ്പുകിൽ തെക്കും ഭാഗം മുറിയിൽ കോട്ടപ്പുറത്തു മരയ്ക്കാൻ അന്തോനിയുടെ കൈനിലയിൽ കഴുത്തുകെട്ടിന് കീഴ് മര്യാദപ്രകാരം അല്ലാതെ നടമാററും വിരിച്ച് പട്ടുകുട മുതലായതും പിടിച്ചു കഴുത്തു കെട്ടു കഴിച്ചിരിക്കുന്ന സംഗതി മാവേലിക്കര കോർട്ടിൽ വിസ്തരിച്ച് മേലെഴുതിയ അന്തോനിയുടെ പേരിൽ 756 പണവും പണ്ടകശാല മരയ്ക്കാൻ പുണ്യാൻെറ പേരിൽ 378 പണവും ആദിച്ചമൂത്തരയൻെറ പേരിൽ 266പണവും ഇതിന്മണ്ണം 1400 പണവും പ്രായശ്ചിത്തം നിശ്ചയിച്ച് 991-ാമാണ്ട് തീർപ്പാക്കി പണം കണക്കിൽ മുതൽക്കൂട്ടിയതിൻെറശേഷം അന്തോനി മുതൽപേർക്ക് കീഴ്മര്യാദ കഴിച്ചു വന്നതിന്മണ്ണം നടമാററു മുതലായതും വിരിച്ചു കഴുത്തു കെട്ടിച്ചതിന് പ്രായശ്ചിത്തം കെട്ടിവയ്ക്കുന്നതിന് സങ്കടമെന്നും പറകകൊണ്ടും അക്കാര്യം അപ്പീൽകോർട്ടിൽ വിസ്തരിച്ചാറെ- അന്തോനി മുതൽപേരു നടമാററും വിചാരിച്ചു കഴുത്തു കെട്ടു കഴിച്ചിരിക്കുന്നപ്രകാരവും കാണുകകൊണ്ടും ഈ സംഗതിക്കായിട്ടു അന്തോനി മുതൽപേരു മൂന്നുപേരുടെ പക്കലായിട്ടു 1400 പണം പ്രായശ്ചിത്തം നിശ്ചയിച്ചു തീർച്ചയാക്കി മുതൽക്കൂട്ടിയിരിക്കുന്നത് കണക്കിൽ കുറവെഴുതിക്കേണ്ട സംഗതിക്ക് അപ്പീൽ കോർട്ടുകാരിടെ സാധനം എഴുതി വരികകൊണ്ട് അതിന്മണ്ണം അന്തോനി മുതൽപേരു മൂന്നുപേരുടെ പക്കലും മുതൽ കെട്ടിയിരിക്കുന്ന പണം 1400-ം കണക്കിൽ കുറവു എഴുതിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് തുലാമാസം 13-ാനു- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

# ചിത്രശേഖരം

994 തുലാം 27

നമുക്ക് സഹോദരതുല്യമായിരിക്കുന്ന മഹാരാജ മാന്യരാജശ്രീ കർണൽ സാഹേബ് അവർകരംക്ക്,

കൊടുത്തൂട്ട കടദാസു വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. പൂർവകാലത്തിൽ ശീമയിലും റോമൻ എന്ന പ്രദേശത്തിലും ഒള്ള ആളുകളിടേയും ധ ര ശാ നി മാ രി ടേ യും ദൈയ്വങ്ങളിടേയും രൂപങ്ങളും അതതു പ്രദേശങ്ങളും എഴുതീട്ടുള്ള പടങ്ങരം നമുക്കു കാണ്മാനായിട്ടു കൊടുത്തയക്കുന്ന അഡ്രസ്സും കൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. മേൽ എഴുതിയിരിക്കുന്ന പ്രകാരം ഒള്ള രൂപങ്ങളും പടങ്ങളും കർണൽ കൊടുത്തയച്ചത് നാം കണ്ടതിൻെറശേഷം നമുക്ക് വളരെ സന്തോഷമാകയും ചെയ്തു. ആ വക രൂപങ്ങളും പടങ്ങളും കണ്ണാടിയിൽ വച്ചു പതിപ്പാൻ ഒള്ളതാകകൊണ്ട് ഇപ്പോരം ആയതു കൊട്ടാരത്തിൽ വച്ച് സൂക്ഷിച്ചിരിക്കുന്നു. നമുക്കും കുഞ്ഞുങ്ങരംക്കും സൗഖ്യം തന്നെ ആകുന്നു. കർണലിൻെറ സുഖസന്തോഷാദികരംക്ക് എഴുതി വരികയും ചെയ്യുമല്ലോ.

994-ാമാണ്ട് തുലാമാസം 27-ാന്ത

(തുല്യം)

തിരുവനന്തപുരത്ത് പങ്കുനി ഉത്സവത്തിൽ എടുപ്പാൻ കരുപ്പത്തുനിന്നും അന്നവും വീമനും (ഭീമൻ) മററും വിലയ്ക്കു വാങ്ങിച്ചുകൊടുത്തയച്ച വകയ്ക്ക് വിലപ്പണ്ണം 800-ക്ക് പററുശീട്ടിൽ ചിലവുപണം-500.



# കല്ലട ആററിൽ കലുങ്കു പണി

29567 994-4-2

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. തുലാമാസം 24-ാം തീയതി കല്ലടച്ചെന്ന് വിചാരിച്ചതിൻെറശേഷം ഈയാണ്ട് ചിങ്ങമാസത്തിൽ പെയ്തമഴയിൽ ആററുവരമ്പും, കായൽവരമ്പും, മുറിഞ്ഞ് കണ്ടങ്ങളിലും കുടിയാനവന്മാരുടെ വരമ്പുകളിലും വെള്ളം കയറി പുരകരംക്കും കൃഷി ചെയ്തിരുന്ന കൃഷികരംക്കും, ചേതം വന്നുപോയപ്രകാരം കുടിയാനവന്മാര് ഏററം സങ്കടങ്ങളായിട്ട് ബോധിപ്പിക്കകൊണ്ടും ആററുവരമ്പും.കായൽവരമ്പും താൻ പോയി കണ്ടാറെയും ഏതാനും സ്ഥലങ്ങളിൽ മുറിഞ്ഞു വെള്ളം കേറിയിരിക്കുന്നതും വീടു മുതലായതു ചേതം വന്നിരിക്കുന്നതും കാണുകകൊണ്ട് ആ വർത്തമാനം കർണലിനെ ബോധിപ്പിച്ചതിൻെറശേഷം പിന്നത്തതിൽ കർണലും പോയി നോക്കി എന്നും, വെള്ളംകേറി ചേതം വന്നിരിക്കുന്ന കുടികരംക്ക് പണ്ടാരവകയിൽനിന്നും വല്ലതും സഹായങ്ങരം ചെയ്തുകൊടുപ്പാൻ ഒള്ളതാകകൊണ്ട് അതിന്മണ്ണം ചേതം വന്നിരിക്കുന്ന വീടുകരം കെട്ടിക്കുന്നതിന് അതാതു കുടികളുടെ സ്ഥിതിക്കും ഗതിക്കും തക്കവണ്ണം 30പണം മുതൽ രണ്ടു പണം വരേയും കൊടുപ്പിച്ച വകയ്ക്ക് വര്യോല എഴുതിച്ചു കൊടുത്തയക്കുന്നു എന്നും ഇനിമേൽ വെള്ളത്തിനാൽ ചേതം വരാതെ ഇരിപ്പാനായിട്ടു ഏതെല്ലാം പ്രകാരം ചട്ടം കെട്ടുവാനുള്ളതെന്ന് വിചാരിച്ചാറെ കിഴക്കേ കല്ലടയ്ക്കും, പടിഞ്ഞാറെ കല്ലടയ്ക്കും മദ്ധ്യെ തെക്കുവടക്കായിട്ടുള്ള ആററിൽകൂടെ ഭരണിക്കാവിൽ കുന്നുവരേയ്ക്കും തെക്കോട്ടും, അവിടെനിന്ന് വളഞ്ഞ് വരമ്പു വരേയ്ക്കും, പടിഞ്ഞാറോട്ടും, അവിടെനിന്നും തെക്കോട്ടും പിന്നെ പടി

ഞ്ഞാറോട്ടും വളഞ്ഞൊഴുകി അഷ്ടമണിക്കായലിൽചെന്ന് ചേരുന്നതാകകൊണ്ടും, ഈ ആററിൽ കിഴക്കേ കല്ലട ഉപ്പുകൂട്ടുപാറമുതൽ ഭരണിക്കാവു കുന്നിനു ഏതാനും ദൂരം പടിഞ്ഞാറു വരേയ്ക്കും, ആററുവരമ്പു കെട്ടിയിരിക്കുന്നതല്ലാതെ പിന്നത്തതിൽ ആററുവരമ്പു ഇല്ലായ്കകൊണ്ടും അതിനാൽ ആററിൽ വരുന്ന വെള്ളം വേഗത്തിൽ ഒഴുകി കായലിൽ ചെന്നു ചേരാതെ ആറു കവിഞ്ഞു വീടുകളിലും നിലങ്ങളിലും, വെള്ളംകേറി ചേതംവരുന്നതാകയാൽ ഭരണിക്കാവുകൽനിന്നും അതിൻെറ തെക്കേക്കുന്ന് 35 ദണ്ഡ് ദൂരത്തിലും, അതിനു തെക്കേപൊടം 140 ദണ്ഡ് നീളത്തിലും, അതിന് തെക്കെക്കുന്ന് 25 ദണ്ഡ് നീളത്തിലും. അതിനു തെക്കേവയലും, വെള്ളക്കുഴിയും, കൂടെ 240ദണ്ഡ് നീളത്തിലും, അതിനുതെക്ക് വില്ലിമംഗലത്ത് തെക്കേക്കായൽ വരേയ്ക്കും, ചുണ്ടയിൽകാടു 80 ദണ്ഡു നീളത്തിലും, 20 ദണ്ഡ് വീതിയിലും, വെട്ടിമുറിപ്പിച്ച് ആ വഴിക്ക് വെള്ളം ഒഴുകി വില്ലിമങ്ങലത്ത് തെക്കേകായലിൽകൂടെ നീണ്ടകര അഴിക്കുനേരെ പായത്തക്കവണ്ണം നിദാനം വരുത്തിയാൽ ആററിൽ വെള്ളപ്പൊക്കം വരുമ്പോൾ പുത്തനായിട്ടു വെട്ടിക്കുന്ന ആററിൽകൂടെയും, വെള്ളം പാഞ്ഞു എന്നു വരികിൽ, കിഴക്കേക്കല്ലട, പടിഞ്ഞാറെക്കല്ലട രണ്ടു പ്രവൃത്തികളിലും കുന്നത്തൂർ മണ്ടപത്തും വാതുക്കൽ ചേർന്ന പോരുവഴി പ്രവൃത്തിയിലും, ഈ മൂന്നു പ്രവൃത്തിയിലും വെള്ളം കേറുവാൻ ഇടവരുന്നതല്ലായ്കകൊണ്ടും മേലെഴുതിയ പ്രകാരം പുത്തനായിട്ടു ആറുവെട്ടി വയ്ക്കുന്നതിന് ഉദ്ദേശമായിട്ടു അടങ്കൽ കണ്ടതിൻെറശേഷം 52800 പണം ചിലവു നിശ്ചയിച്ച് എഴുതിയ വര്യോലയും ഇതല്ലാതെ കിഴക്കേക്കല്ലട ചിററുമല കിഴക്കുപിറത്തു വെംകായലിൻെറ ചിറയിൽ 35 അടി നീളം, 20 അടി വീതിയിൽ മുറിഞ്ഞു പോയതായിട്ടും, ശേഷം ചിറയ്ക്ക് ഉറപ്പില്ലാതെയും തീർന്ന അതിനാലും ആ ചിറയിൽ വെള്ളം നിക്കാതെ നിലങ്ങളിൽ പാഞ്ഞു ചേതം വരുന്നതാകകൊണ്ട് മേൽഎഴുതിയ



ചിറക്ക് 5150 അടി നീളം ഉള്ളതിൽ, ഇപ്പോൾ ഇട്ടിരിക്കുന്ന ചിറ കൂടാതെ 12 അടി വീതികൂടി കൂട്ടി ഉറപ്പായിട്ടു ചിറ വെട്ടിക്കുന്നതിന് ഉദ്ദേശം 139636 പണം അടങ്കൽ നിശ്ചയിച്ച് എഴുതിയ വര്യോലയും കൊടുത്തയക്കുന്നപ്രകാരവും ഇതല്ലാതെ ആ ചിറയിൽ കല്ലുകൊണ്ട് ഒരു കലുങ്കും, ആ കായലിൽനിന്നും ആററിലേക്ക് വെള്ളം പായുന്ന തോടും തീർപ്പിച്ച് വന്നോൻെറ കല്ലട കോട്ടകായലിൽ നീട്ടിയിരിക്കുന്ന ചിറക്കുന്ന് ചിറയ്ക്ക് ഉറപ്പില്ലായ്കകൊണ്ട് ആയതു വീതിയിൽക്കൂട്ടി ഉറപ്പായിട്ടു വെട്ടിക്കുന്നതിനും, അവിടെയും അണയും കലുങ്കും കെട്ടിക്കുന്നതിനും നോക്കി നിശ്ചയിച്ച് ആ വകയ്ക്കും അടങ്കൽ കണ്ട് വര്യോല എഴുതികൊണ്ടുവരുന്നതിന് പിള്ളമാരേയും, വേലക്കാരെയും കൂട്ടിഅയച്ചിരിക്കുന്ന സംഗതികൊണ്ടും കുന്നത്തൂർ മണ്ഡപത്തിൻ വാതുക്കൽ ചേർന്ന പോരുവഴി പ്രവൃത്തിയിൽ ചെല്ലൂർക്കായലിൽനിന്നും വെള്ളം പായുന്നതിന് വെട്ടിയിരിക്കുന്ന തോട് വെള്ളം പോവാൻ പോരാത്തതിനാൽ പിന്നെ ഒരു തോടുകൂടെ വെട്ടിയിരിക്കുന്നതിന് കലുങ്കുകെട്ടി വെള്ളം വിടുവാനുള്ളതാകകൊണ്ടും ആ സംഗതിക്ക് കുടിയാനവന്മാരു 989-ാമാണ്ട് സങ്കടം ബോധിപ്പിച്ചാറെ-തൊള്ളായിരത്തി ചില്വാനം പണം ഖജനാവിൽ നിന്നും കെട്ടിക്കൊടുത്തയച്ചതിൻെറശേഷം അതിൽ ഏതാനും പണം ചിലവിട്ടതു നീക്കി ശേഷം പണം ചിലവിട്ടു പണി തീർപ്പിക്കാതെ ആ വക പണം മണ്ഡപത്തും വാതുക്കൽ മുതൽ പിടിയിൽ ഇരിപ്പുള്ള പ്രകാരം പറഞ്ഞു കേൾക്കകൊണ്ട് കച്ചേരി കുന്നത്തുർ പോകുമ്പോൾ ആ സംഗതിയും വിചാരിച്ചു വൃശ്ചികമാസം കഴിഞ്ഞ ഉടനെ ആ വേലയും തീർപ്പിക്കത്തക്കവണ്ണം ചട്ടം കെട്ടുമെന്നും ചെല്ലൂർ കായലിനു ഇട്ടിരിക്കുന്ന ചിറയ്ക്കും, ഉറപ്പില്ലായ്കകൊണ്ടും ചെല്ലൂർ പാടത്തു 12005 കണ്ടത്തിൽ അധികം ഇല്ലായ്കകൊണ്ടുംഅതിൽ എണ്ണൂററിച്ചില്വാനം പറക്കണ്ടം പണം പണ്ടാരപ്പാട്ടവും, ശേഷം ദേവസ്വം, ബ്രഹ്മസ്വം, അർത്ഥ ഈട് മുതലായിട്ടുള്ളതും കുടികൾ അനുഭവിച്ചു വരുന്നതാകയാൽ ആയതു

കുടികരംതന്നെ വെട്ടി ഉറപ്പു വരുത്തിപ്പാനുള്ളതാകകൊണ്ട് ആയതിനു വർഷം കഴിഞ്ഞ ഉടനെ ആ പാടത്തു കൃഷിയുള്ള കുടിയാനവന്മാരേയും കൂട്ടിക്കൊണ്ട് കുന്നത്തൂർ മണ്ഡപത്തും വാതുക്കൽ തഹശീൽദാരൻ വന്നുപാർത്ത് ഇപ്പോൾ ഉള്ള ചിറയിൽ ഇരട്ടി വീതവും മൂന്നു കോൽ പൊക്കവും കൂട്ടി വെട്ടിത്തീർപ്പിച്ചുകൊള്ളത്തക്കവണ്ണം തഹശീൽദാരന് സാധനം കൊടുത്തയച്ച് ചട്ടംകെട്ടിയിട്ടുണ്ടെന്നും, കിഴക്കേ കല്ലട പ്രവൃത്തിയിൽ 'ചുണ്ടയിൽക്കാടെ'ന്ന പ്രദേശം കാടായിട്ടു കിടക്കുന്നതു വെട്ടി തിരുത്തിയാൽ പത്തുപതിനയ്യായിരപ്പറക്കണ്ടം വരെയ്ക്കും തെളിഞ്ഞു വരുമെന്നും ആയതിൽ 986-ാമാണ്ടും, 987-ാമാണ്ടും ആയിട്ടു ഏതാനും നിലം കുടികരം വെട്ടിത്തിരുത്തിയാറെ - വെട്ടൊഴിവുവച്ച് കൊടുക്കാതെ അധികപ്പാട്ടം കൂട്ടിയതിനാൽ ആ കുടികരം കൊല്ലം തങ്കശ്ശേരി ഉൾപ്പെട്ട ദിക്കുകളിൽ പാർക്കുന്നവരാകകൊണ്ട് അതിന്മണ്ണം കരം കൊടുക്ക സങ്കടമെന്നുംവച്ച് നിലം നടപ്പാൻ വരാതെ തരിശു കിടക്കുന്നു എന്നും ഇപ്പോൾ വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിന്മണ്ണം പത്താണ്ടത്തേക്ക് നിന്നം ആയിട്ടും പിന്നത്തതിൽ വെട്ടൊഴിവു ഒററിയായിട്ടും പതിച്ചു കൊടുത്താൽ നിലം തിരുത്തുന്നതാകകൊണ്ടും അതിന്മണ്ണം പതിച്ചു കൊടുക്കേണ്ടുന്ന അവസ്ഥകൊണ്ടും 994-ാമാണ്ട് വർഷത്തിൽ കൃഷിദോഷം വന്നിരിക്കുന്നതു മുൻപിലത്തെ വിളംബരപ്രകാരം കുടികരംക്ക് വകവച്ച് കൊടുപ്പാനുള്ളതാകകൊണ്ടും കുടികളുടെ പേരിൽ പതിഞ്ഞിരിക്കുന്നതിൽ കൃഷി ഇട്ടതിനും വിളവു ചേതം വന്നതിനും തിട്ടംആയിട്ടു കണക്കില്ലാതെയും ഇപ്പോൾ കുംഭപ്പൂവിലേക്ക് കൃഷി ചെയ്തിരിക്കുന്നതിനാൽ കണ്ടു നിശ്ചയിപ്പാൻ-വഹിയാതേയും, വന്നിരിക്കകൊണ്ട് അതാതു കുടിയാനവന്മാർക്ക്വന്നിരിക്കുന്ന ചേതം ഇത്രമാത്രമുണ്ടെന്ന് അവരെക്കൊണ്ട് വര്യോലയും എഴുതിച്ച് അപ്പീൽ കോർട്ടിൽ വരുത്തി ചോദിച്ച് സത്യവും ചെയ്യിച്ചു തീർപ്പാക്കിയാൽ അതിന്മണ്ണം ഒള്ളതിനെ വകവച്ച് കൊടുക്ക എന്നും, നിശ്ചയിച്ച് കർണലിനേയും ബോധി



പ്പിച്ച് കൊട്ടാരക്കര നിന്നും അപ്പീൽ കോർട്ടുകാരരേയും കല്ലടവരുത്തിച്ച് മേലൊള്ള രണ്ടു പ്രവൃത്തിയിലുള്ള കുടിയാനവന്മാരും അവരവർക്ക് വിളവു ചേതം വന്നിരിക്കുന്നതിന് പരമാർത്ഥമായിട്ടു വര്യോല എഴുതിക്കൊണ്ട് അപ്പീൽകോർട്ടിൽ വയ്ക്കത്തക്കവണ്ണം പറഞ്ഞയച്ചാറെയും പിന്നത്തതിൽ പലതവണ വരുത്തി പറഞ്ഞിട്ടും വര്യോല എഴുതിക്കൊണ്ടു വരാമെന്നും അപ്പോൾ പറഞ്ഞുംകൊണ്ടു പോകുന്നതല്ലാതെ കുടിയാനവന്മാരിൽ ഒരുത്തരും ചേതം വന്നിരിക്കുന്നതു ഇത്രയെന്നും ആയതിന് സത്യം ചെയ്യാമെന്നും വര്യോല എഴുതി വയ്ക്കാത്തതിനാൽ അവരു മുമ്പിൽ ബോധിപ്പിച്ച പ്രകാരം ചേതം ഒണ്ടെന്ന് തോന്നായ്കകൊണ്ടും 994-ാമാണ്ടയ്ക്ക് ആയാളുകളുടെ പേരിൽ പിരിവിനുള്ള കരം കുറവുകൂടാതെ ശരിവരെ പിരിപ്പിച്ച് കൊള്ളത്തക്കവണ്ണവും പടിഞ്ഞാറെ കൈഴിനപ്രവൃത്തിയിൽ ഏതാനും തോടുകരം ഒള്ളതു കുടിയാനവന്മാരെക്കൊണ്ട് വെട്ടിപ്പാനുള്ളതാകകൊണ്ടും ആയത് അവരെക്കൊണ്ട് വെട്ടിക്കത്തക്കവണ്ണവും തഹശീൽദാരന് സാധനം കൊടുത്തയച്ചു ശട്ടംകെട്ടിയിരിക്കുന്നു എന്നും കിഴക്കേക്കല്ലിട, പടിഞ്ഞാറെ കല്ലിട, രണ്ടു പ്രവൃത്തിയിലും ഉപരിക്കുന്നം, മാർത്താണ്ഡേശ്വരം, ഭരണിക്കാവ്, കുന്നത്തൂർ, മണ്ഡപത്തിൻ വാതുക്കൽ ചേർന്ന പോരുവഴി പ്രവൃത്തിയിൽ ശാസ്താംകോട്ട ഈ ദേവസ്വങ്ങൾ ഏററവും ജീർണ്ണമായിട്ടു കിടക്കകൊണ്ടും ആയതു പണികഴിപ്പിക്കേണ്ടുന്നതിന് ഇതുവരേയും മണ്ഡപത്തിൻ വാതുക്കൽ ഉദ്യോഗസ്ഥന്മാരു വിചാരിച്ചു വിവരം എഴുതി ബോധിപ്പിക്കായ്കകൊണ്ട് ഇപ്പോൾ ആ ദേവസ്വങ്ങളും ചെന്നു നോക്കി ആയതു അററകുററം തീർപ്പിക്കുന്നതിന് പിള്ളമാരേയും പണിക്കാറരേയും അയച്ച് അടങ്കൽ നിശ്ചയിച്ച് വര്യോല എഴുതിച്ചു വരുന്നതു തീർന്ന ഉടനെ കൊടുത്തയക്കാമെന്നും വർഷകാലം കഴിഞ്ഞ ഉടനെ പണിക്കൂറ തീർപ്പിക്കത്തക്കവണ്ണം ചട്ടം കെട്ടിയും വച്ച് കച്ചേരിയോടുംകൂടെ തുലാമാസം 29-ാനു- കൊട്ടാരക്കരയ്ക്ക് പോകുന്നു എന്നും കർണൽ 30-ാനു- അവിടെ വരുമെന്നും പറഞ്ഞിട്ടുള്ള അവസ്ഥകൊണ്ടും കൊട്ടാരക്കര

ചെന്നാൽ ആ രണ്ടു മണ്ഡപത്തും വാതുക്കൽ ഇടപെട്ടു കാര്യങ്ങൾ വിചാരിച്ചു ചട്ടംകെട്ടുന്ന അവസ്ഥയ്ക്കും നാം ബോധിക്കുന്നതിന് എഴുതി അയച്ചു കൊള്ളാമെന്നും കിഴക്കേകല്ലിട, പടിഞ്ഞാറേകല്ലിട, ആറും തോടും, ഉള്ളത് ഇടവപ്പാതിക്കുമുമ്പിൽ തീരേണ്ടുന്നതിന് മണ്ഡപത്തിൻ വാതുക്കൽ നിന്നും തീർപ്പിക്ക എന്നുവച്ചാൽ തീരുന്നതല്ലായ്ക കൊണ്ടു ആയതു വിചാരിക്കുന്നതിന് വേറിട്ട് ആളും ആക്കി കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, കരുനാഗപ്പള്ളി, നാലു മണ്ഡപത്തും വാതുക്കൽ തഹശീൽദാരന്മാരേയും, ആളുകളേയും വരുത്തിപ്പാർപ്പിച്ച് പങ്കുതിരിച്ചു ഇടവപ്പാതിക്കു മുമ്പിൽതന്നേ വെട്ടിതീർക്കണമെന്നും വിചാരിച്ചിരിക്കുന്ന അവസ്ഥകൊണ്ടും എല്ലോ എഴുതി വന്നതിലാകുന്നു. കൊടുത്തയച്ച വരിയോലകളും, നാം വായിച്ചു കേൾക്കയും ചെയ്തു. ഈ വർഷത്തിൽ വെള്ളംകേറി ചേതം വന്നിരിക്കുന്ന വീടുകൾ കെട്ടിക്കുന്നതിനു അതാതു കുടികളുടെ സ്ഥിതിക്കും, ഗതിക്കും തക്കവണ്ണം 30 പണം മുതൽ രണ്ടു പണംവരേയും 990-ാമാണ്ടത്തോളം കൊടുപ്പിച്ചതും നന്നാകയും ചെയ്തു. ഇപ്രകാരം പണ്ടാരവകയ്ക്കും കുടികൾക്കും ഗുണത്തിനായിക്കൊണ്ട് ഓരോരോ കാര്യാദികൾ ഇടപെട്ടു കർണലും താനും പ്രയാസപ്പെട്ടു വരികകൊണ്ടും ഈ സംഗതികൾക്കും എഴുതിവന്നിരിക്കുന്നതിന്മണ്ണം തന്നെ ഇനിമേൽ കല്ലിട ആ പ്രദേശങ്ങളിൽ വെള്ളത്തിനാൽ ചേതങ്ങൾ ഒന്നുംതന്നെ വരാതെയിരിപ്പാൻതക്കവണ്ണം ചട്ടംകെട്ടേണ്ടുന്നതിന് ഉത്തരമായിട്ടു ഇപ്പോൾ വരിയോല എഴുതി കണ്ടിരിക്കുന്നതിന്മണ്ണം ഉള്ള പണവും ചിലവിട്ട് ആറുവെട്ട്, കലുങ്കുകെട്ട് മുതലായ വേലക്കാര്യങ്ങളും ചെയ്യിച്ചുശേഷം ഉള്ള കാര്യങ്ങൾക്കും എഴുതിവന്നതിന്മണ്ണംതന്നെ ഒക്കെയും നിദാനം വരുത്തി ആയവസ്ഥയ്ക്കും വർത്തമാനത്തിനും എഴുതിവരികയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് വൃശ്ചികമാസം 2-ാനു- ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടൂ എന്നുതിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)



# "നിയമനവും നിബന്ധനയും"

994-5-25

നീട്ട്

നെടുമങ്ങാട് മണ്ഡപത്തും വാതുക്കൽ തഹശീൽദാർ ഉദ്യോഗത്തിന് 994-ാമാണ്ട് ധനുമാസം 25-ാനു- മുതൽക്ക് നിന്നെ ആക്കുകകൊണ്ട്-നാളതുമുതൽക്ക് ആ മണ്ഡപത്തിൻ വാതുക്കൽ ചേർന്ന അധികാരങ്ങളിൽ ആയക്കെട്ടുംപടി നെൽവക, പണവക, ഉൾപ്പെട്ട വകയ്ക്ക് കുടികൾ കൊടുത്തിരിക്കുന്ന പട്ടയത്തുംപ്രകാരം തവണവച്ച് എഴുതി കൊടുത്തിരിക്കുന്ന കൈകണക്കുംപടി മുതൽ ഉള്ളതും സഞ്ചായം ഉൾപ്പെട്ട വകയും തവണപ്രകാരം കുടിശ്ശിഖ വരാതെ പിരിപ്പിച്ച് പററുശീട്ടിയുംകൊടുപ്പിച്ച് പണവും ഹജൂർ ഖജനാവിൽ കൊടുത്തയച്ച് ഒടുക്കിച്ച് ദേവസ്വം ഈശ്വരസേവ നിങ്ങൾ ഉൾപ്പെട്ട വകയ്ക്കും വിശേഷാൽ അടിയന്ത്രങ്ങൾക്കും കെട്ടിവരുന്ന പണവും പാഴ്ച്ചിലവു വരാതെ ചിലവിടുവിച്ച് അടിയന്ത്രങ്ങൾക്ക് നേര നീക്കവും ആവലാതിയും വരാതെ നടത്തി മുതൽ ചിലവു വകയ്ക്ക് പിള്ളമാരെക്കൊണ്ട് നാൾവഴി കണക്കും എഴുതിച്ച് ദിവസവരിയോല മാസാന്ത വട്ടോല ആണ്ടറുതി തിരട്ട് മുതലായ കണക്കുകളും തവണപ്രകാരം ഹജൂരിൽ കൊടുത്തയച്ച് വ്യാജവ്യത്യാസം ചെയ്യാതേയും, കൈക്കൂലി, സമ്മാനം, മുതലായത് വാങ്ങിക്കാതേയും കുടി ആവലാതി വരുത്താതേയും, വച്ചിരിക്കുന്ന ശമ്പളം പററി ചട്ടവരിയോലപ്രകാരം നെടുമങ്ങാടു മണ്ഡപത്തുംവാതുക്കൽ തഹശീൽ ഉദ്യോഗം വിചാരിച്ചുകൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് ധനുമാസം 25-ാനു- ശങ്കരൻ അയ്യപ്പന് നീട്ടു എഴുതിവിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

---

ആയക്കെട്ട് - നിലംപുരയിടങ്ങളുടെ കണക്ക്.

# അപ്പീൽ കോർട്ടിലെ കൃസ്ത്യൻ ജഡ്ജി

994 ധനു 27

നീട്ട്

അപ്പീലായിട്ട് വരുന്ന വ്യവഹാരങ്ങളിൽ ക്രൈസ്തവരുടെ കാര്യങ്ങൾ ഏറി വരുന്നതാകകൊണ്ട് അവരുടെ വേദമര്യാദയുംകൂടെ അറിഞ്ഞ് വിസ്തരിക്കേണ്ടുന്നതിന് അപ്പീൽകോർട്ടിൽ ഒരു കൃസ്ത്യൻ ജഡ്ജിയെ ആക്കിയാൽ കൊള്ളാമെന്ന് തോന്നുകകൊണ്ട് അതിന്മണ്ണം ആക്കുന്നതിന് നമുക്ക് മനസ്സായിരുന്നാൽ ഹജൂർ കോർട്ടിൽ രണ്ടാം ജഡ്ജിയെ അപ്പീൽകോർട്ടിൽ 3-ാം ജഡ്ജിയായിട്ടും ആക്കണമെന്ന് കർണൽ പറഞ്ഞിരിക്കുന്ന പ്രകാരവും അപ്പീൽ കോർട്ടുകാററുടെ സാധനം എഴുതിവരികകൊണ്ട് അതിന്മണ്ണംമേലെഴുതിയ ഉദ്യോഗങ്ങൾക്ക് അവരവരുടെ പേർക്ക് പിടിപാട് നിനവു എഴുതി കെട്ടിച്ചു കൊടുത്തയച്ച് ആയവസ്ഥക്ക് എഴുതിവരികയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് ധനുമാസം 27-ാംനു ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

കാപ്ടൻ മക്ളോടിന് പാർക്കുന്നതിന് ഒരു വീട് തീർപ്പിച്ച് കൊടുക്കത്തക്കവണ്ണം നാമും കർണലുംകൂടി നിശ്ചയിച്ചിരിക്കുമ്പോൾ-തയ്ക്കാട്ടു ബംഗ്ലാവിന്റെ പണിയുടെ ദുരിശംകൊണ്ട് ഇടയായിട്ടില്ലെന്നും, മക്ളോട് സ്വന്തമായി തീർപ്പിച്ചു വരുന്ന കെട്ടിടത്തിനെ പണ്ടാര വകയ്ക്കു വാങ്ങി ഇതുവരെ ചിലവായ 6000 ചിലവാനം രൂപായും, ബാക്കി പണി മക്ളോടു മുഖാന്തിരംതന്നെ തീർപ്പിച്ചു അതിനു വേണ്ടുന്ന പണവും കൊടുപ്പിച്ച് മക്ളോടിന് പാർപ്പാൻ കൊടുത്തു കൊള്ളണം,



# "പാതിരി'ബെൻ'പേർക്ക് അനുഭവം"

994മകരം 5-ാംനു

നീട്ട്

കൊടുത്തൂട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. കിഴക്കേക്കല്ലട പ്രവൃത്തിയിൽ ചുണ്ടക്കാട്ടിൽ കാടായിട്ടു കിടക്കുന്ന സ്ഥലവും ഇപ്പോൾ ആറുവെട്ടുന്നതിനാൽ ചുണ്ടക്കാട്ടിന് കിഴക്കും,പടിഞ്ഞാറും, വടക്ക് ആറും, തെക്ക് കായലും, ഇതിന്മണ്ണം ഒരു തുരുത്തായിട്ട് തീരുന്നതാകകൊണ്ട് അതിനകത്തുൾപ്പെട്ട നിലങ്ങളും, പുരയിടങ്ങളും, ''കോട്ടയത്ത് പള്ളിക്കൂടം'', വകയ്ക്ക് അനുഭവമായിട്ട് പതിച്ചു കൊടുക്കേണ്ടുന്ന സംഗതിക്ക് സാധനം കൊടുത്തയച്ചതിന്മണ്ണം-മേലെഴുതിയ ആററിനും, കായലിനും അകത്തുൾപ്പെട്ട നിലങ്ങൾക്കും, പുരയിടങ്ങൾക്കും, എഴുതിയിരിക്കുന്ന വര്യോലപ്രകാരം നിലം 4646പറ 6 ഇടങ്ങഴിക്ക് വിലത്തരം ചാത്തക്കൂലി കലിപണം 8314-ം, പുരയിടം 371. വരമ്പു 7-ക്ക് പാട്ടം പണം 2056-ം, വക രണ്ടിൽ നിലം പുരയിടം വകയ്ക്ക് ആണ്ടൊന്നിന് മുതലുള്ള പണം 10370 അര. അതിൽ പണ്ടാര വകയ്ക്ക് ആണ്ടൊന്നിന് തിരുമുഖക്കാഴ്ച പണം 250-ം നീക്കി 10120അര പണവും, മേലെഴുതിയ എലുകയ്ക്കകത്തു കാടുകിടപ്പുള്ള ചുണ്ടക്കാടു വെട്ടിത്തിരുത്തി അനുഭോഗം വരുന്നതും കോട്ടയത്ത് പള്ളിക്കൂടം വക ചിലവിന് ''പാതിരി മെസ്തർ ബെന്റെ പേർക്ക്'', അനുഭവമായിട്ട് പതിച്ച് അനുഭവ നീട്ടു എഴുതി കെട്ടിച്ചു കൊടുത്തയക്കുന്ന പ്രകാരവും ഈ വകയിൽ പണ്ടാരവക ഒററികുടി ജന്മം മാടമ്പിമാർവക തനതുനിലം പുരയിടങ്ങൾക്ക് 4245 കലിയൻ കുടികൾക്ക്

അർത്ഥം കൊടുത്തു ഒഴിപ്പിപ്പാനുള്ളതാകകൊണ്ടും അനുഭവേനീട്ടു കൊടുത്തയച്ചാൽ പള്ളിക്കൂടം വകയിൽ നിന്നു ആ വക പണം വരുത്തി കുടികൾക്ക് കൊടുപ്പിച്ച് അർത്ഥബോധം വരുത്തി നീട്ടിൻപ്രകാരമുള്ള നിലവും പുരയിടവും അനുഭവമായിട്ട് നടത്തിച്ചു കൊള്ളാമെന്നും അല്ലോ എഴുതിവന്നതിലാകുന്നു. അതിന്മണ്ണം അനുഭവേനീട്ട് എഴുതിട്ടു ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ട് നിലം പുരയിടങ്ങൾക്ക് കുടിയാനവന്മാർക്ക് 4245 കലിയൻ അർത്ഥം കൊടുപ്പാനുള്ളത് പള്ളിക്കൂടം വകയിൽനിന്നും വരുത്തിക്കൊടുപ്പിച്ച്, അനുഭവേനീട്ടും പ്രകാരം നടത്തിച്ചു കൊള്ളത്തക്കവണ്ണം ചട്ടംകെട്ടികൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് മകരമാസം 5-ാനു ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടു എന്നു തിരുവുള്ളമായ നീട്ട്.

> ഡാക്ടർ ബ്രൌണിന് കുമ്പിനി ശമ്പളം 460 രൂപാ ഉള്ളതു കൂടാതെ വസൂരി കീറി വയ്പാൻ 200 രൂപായും, നിത്യച്ചിലവിൽ 200 രൂപായും ഉണ്ടെന്നും അയാൾ തിരുവനന്തപുരത്തു പതിവായി താമസിക്കണമെങ്കിൽ റസിഡൻറിന്റെ കൂടി കൊല്ലത്തു വേറെ ഒരു ഡാക്ടറെ നിയമിക്കണമെന്നും എഴുതിവന്ന് മാസം 900 രൂപാ ബ്രൌണിന് ശമ്പളം വച്ച് തിരുവനന്തപുരത്ത് പാർപ്പാൻ ചട്ടം കെട്ടണം.



# കോട്ടയ്ക്കകം പട്ടാള ആശുപത്രി

994-7-17

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. മലയാംകുപ്പിണിയിൽ ഒള്ള ശിപായികൾക്ക് ദീനം വന്നാൽ പാർപ്പിച്ച് ചികിത്സകൾ ചെയ്യിക്കുന്നതിന് തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് വടക്കേക്കോട്ട അരികിൽ, വലിയ സമ്പ്രതിവക കണക്കു ഇട്ടു എഴുതിവന്ന സ്ഥലം നന്നാക്കിച്ച് ആശുപത്രിയുമാക്കി മരുന്നുകൾ കൊടുക്കുന്നതിന്, ബന്തേഖാനാവിൽ ഡാക്കുത്തെർക്ക് ഒത്താശയായിട്ടു ഒരാളിനേയും ദീനക്കാരരെ പാർപ്പിക്കുന്ന സ്ഥലം അടിച്ചുവാരി ശിക്ഷ വരുത്തുന്നതിന് രണ്ടു തോട്ടിക്കാരരേയും ആക്കേണ്ടുന്ന സംഗതികൊണ്ട് കാപ്റ്റൻ മക്ലോട് എഴുതിയ സാധനത്തിന് പകർപ്പ് എഴുതിച്ചു കൊടുത്തയക്കുന്നു. എന്നും അക്കാര്യത്തിന് ഏതു പ്രകാരം വേണ്ടൂ എന്നും എല്ലോ എഴുതിവന്നതിലാകുന്നു, കാപ്റ്റൻമക്ലോട് എഴുതിയ സാധനത്തിന്റെ പകർപ്പും വായിച്ചു കേൾക്ക കൊണ്ട് എഴുതി വന്നിരിക്കുന്നതിന്മണ്ണംതന്നെ മേലെഴുതിയ സ്ഥലം നന്നാക്കിച്ച് ആശുപത്രിയുമാക്കി മരുന്നുകൾ കൊടുക്കുന്നതിന് ബന്തേഖാനാവിൽ ഡാക്കുത്തെർക്ക് ഒത്താശയായിട്ട് ഒരാളെയും, ദീനക്കാരരെ പാർപ്പിക്കുന്ന സ്ഥലം അടിച്ചുവാരി ശിക്ഷവരുത്തുന്നതിന് രണ്ടു തോട്ടിക്കാരരേയും ആക്കിക്കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് കുംഭമാസം 17-ാനു ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

# മിസ്റ്റർ 'ഇല്ലീസി'നെ സ്വീകരിക്കാൻ ശാസ്ത്രികളെ അയയ്ക്കണം

22125

994 മീനം 1

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. ജന്നപട്ടണത്തുനിന്നും മിസ്റ്റർ 'ഇല്ലീസു' ഈ രാജ്യം കാണ്മാനായിട്ടു വരുന്നപ്രകാരവും ജന്നപട്ടണത്തു വലുതായിട്ടുള്ള ഉദ്യോഗത്തിൽ ഇരിക്കുന്ന ആളാകുന്നു എന്നും. അയാൾക്ക് ഏറിയ ലിപികൾ വശമുള്ളതല്ലാതെയും സംസ്കൃതത്തിങ്കലും അധികം പരിചയം ഒണ്ടാകകൊണ്ട്, ഈ സംസ്ഥാനത്തു വലുതായിട്ടുള്ള ക്ഷേത്രങ്ങളുടെ മാഹാത്മ്യങ്ങളും, നാട്ടിൽനടപ്പും, മര്യാദകളും, ഹിന്ദുശാസ്ത്രത്തിൽ ഏതാനും പ്രമേയങ്ങളും ചോദിച്ചറിയേണ്ടുന്നതിന് അതാതു സ്ഥലങ്ങൾതോറും പോകുമ്പോൾ, ആയാൾക്ക് എതിരായിരിക്കുന്നതിൽ നല്ല സ മ ർ ത്ഥ നായിട്ടു ഒരു പണ്ഡിതരെ കൂടെ അയച്ച് ആയാൾ ചോദിക്കുന്നതിന്റെ ഉത്തരം പറയത്തക്കവണ്ണം ചട്ടംകെട്ടി മിസ്റ്റർ ഇല്ലീസ് വരുമ്പോൾ, എതിരായിട്ടു ചെന്ന് കൂടെ വരത്തക്കവണ്ണം നമ്മെ ബോധിപ്പിച്ച് നിദാനം വരുത്തണമെന്ന് റസിഡന്റ് മേജർ മക്ടോലിന്റെ എഴുത്തു വന്നിരിക്കുന്നപ്രകാരം ആക്ടിംഗ് റസിഡന്റ്, 'കാപ്റ്റൻ ഗാർഡിയൽ' പറകകൊണ്ട് അതിനുതക്ക യോഗ്യരായിട്ട് ഒള്ള 'ആളുകളെ അയക്കേണ്ടുന്നതിനു ''പന്തളം സുബ്രഹ്മണ്യ ശാസ്ത്രി''കളെ വരുത്തി മുൻപിൽകൂട്ടി ആരുവാ മൊഴിയിൽ ചെന്നു പാർത്ത് മിസ്റ്റർ ഇല്ലീസു വരുമ്പോൾ ചെന്നുകണ്ട് മേലെഴുതിയപ്രകാരം അയാൾ ചോദിക്കുന്നതിന്റെ ഒക്കെയും ഉത്തരം കൊടുക്കത്തക്കവണ്ണവും ഈ വകയ്ക്ക് അതാതു ദിക്കുകളിൽ നിന്നും ഗ്രന്ഥങ്ങൾ മുതലായതും കൊണ്ടുചെന്ന്



ശാസ്ത്രികൾ പറയുന്നതിന്മണ്ണം 'വേണ്ടുന്ന ഒത്താശകൾ ഒക്കെയും ചെയ്ത് കൊടുക്കത്തക്കവണ്ണം ചട്ടംകെട്ടേണ്ടുന്നതിന് തഹശീൽദാരന്മാർക്കും ഡാണാനായക്കന്മാർക്കും എഴുത്തു കൊടുത്തയച്ചിരിക്കുന്നതാകകൊണ്ട് ആയവസ്ഥയും പറഞ്ഞ് ശാസ്ത്രികളെ അയക്കണമെന്ന് എല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം തന്നെ സുബ്രഹ്മണ്യ ശാസ്ത്രികളെ വരുത്തി മിസ്റ്റർ ഇല്ലീസു വന്നാൽ ഉടനെ ചെന്നു കണ്ട് മേലെഴുതിയപ്രകാരം അയാൾ ചോദിക്കുന്നതിന്റെ ഒക്കെയും ഉത്തരം കൊടുക്കത്തക്കവണ്ണവും ഈ വകയ്ക്ക് അതാതു ദിക്കുകളിൽ നിന്നും ഗ്രന്ഥങ്ങൾ മുതലായതും കൊണ്ടു ചെന്ന് ശാസ്ത്രികൾ പറയുന്നതിന്മണ്ണം വേണ്ടുന്ന ഒത്താശകൾ ഒക്കെയും ചെയ്ത് കൊടുക്കത്തക്കവണ്ണം തന്റെ എഴുത്തുകൾ കൊടുത്തയച്ച് ചട്ടം കെട്ടിയിരിക്കുന്ന അവസ്ഥയും പറഞ്ഞ് സുബ്രഹ്മണ്യ ശാസ്ത്രികളെ 12-ാന്തി ഇവിടെനിന്നും കിഴക്കോട്ട് അയച്ചിരിക്കുന്നു എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് മീനമാസം 1-ാന്തി ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

മലയാംമുന പട്ടാളത്തിൽ മുമ്പേ-അഞ്ചു കുപ്പിണി ഉണ്ടായിരിക്കുമ്പോൾ വൈദ്യൻ മണികണ്ഠനെ ആക്കി മാസം 27½ പണം ശമ്പളംവച്ച് നടന്നു വരുന്നു എന്നും ഇപ്പോൾ രണ്ടു പട്ടാളത്തിലും 20 കുപ്പിണി ഒള്ളതിനാൽ മണികണ്ഠന് 12½ പണം കൂട്ടി 40പണം ശമ്പളം വച്ച് ഒന്നാം പട്ടാളത്തിലും, രണ്ടാം പട്ടാളത്തിലേക്ക് 40 പണം ശമ്പളത്തിൽ ഒരു വൈദ്യനെ ആക്കാനും ഉത്തരവ്.

കുപ്പിണി = സൈന്യവിഭാഗം (75ശിപായി, 4നായകൻ,
5 അവാൽ, 1 തവ, 1 സുബ, 1 തമ്പേർ,
1 ശീനക്കുഴൽ)

# പത്മവിലാസം പുരയിടം- പുതുമനകാളികാളിക്ക്.

994-10-9

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. ഇപ്പോൾ പുരയിടം കണ്ടെഴുതിയിരിക്കുന്നതിന്മണ്ണം വിളങ്ങി പതിവു പിടിക്കുന്നതിന് പുതുമന തമ്പിയെ (ഇരയിമ്മൻതമ്പി) വരുത്തിയതിൻെറശേഷം ആ വകയിൽ പാനപ്പിള്ള കാളിയുടെ പേർക്ക്-തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് പത്മവിലാസം എന്ന പുരയിടം 956-ാമാണ്ട് കൽപ്പിച്ച് കൊടുത്ത് അനുഭവിച്ചു വരുമ്പോൾ-വാഴത്തോപ്പു മേൽ വിചാരിപ്പു കുഞ്ചരത്തൻ പിള്ളയ്ക്ക് പാട്ടം കൊടുത്തിരുന്ന 'വലിയകോയിക്കൽ പുത്തൻവീട്ടു വിളാകം പുരയിടം' നിത്യച്ചെലവിൽ കാര്യക്കാർക്ക് മഠം വയ്ക്കുന്നതിന് എടുത്തു പോയതിനു പകരം മേലെഴുതിയ പത്മവിലാസം എന്ന പുരയിടം കണ്ടു കൃഷിയിൽ ചേർത്ത് 990-ാമാണ്ടു മുതൽക്ക് വാഴത്തോപ്പു മുതൽ വിചാരിപ്പു കുഞ്ചരത്തൻ പിള്ളയുടെ പേർക്ക് പാട്ടം പതിച്ചു കൊടുത്തിരിക്കുന്നു എന്നും, ഈ വക പുരയിടം കൽപ്പിച്ച് കൊടുത്തതിന്മണ്ണം പതിച്ചു കൊടുക്കാതെ ശേഷം ഉള്ള വകക്ക് പതിവു പിടിക്കുന്നത് സങ്കടമെന്നും ഇരയിമ്മൻതമ്പി പറഞ്ഞു പാർക്കകൊണ്ട് തമ്പിയുടെ പക്കൽ ഇരിക്കുന്ന തിരുവെഴുത്തു വരുത്തിക്കണ്ട് ആയതിന് 'പേർപ്പ്' എഴുതിച്ച് കൊടുത്തയക്കുന്ന പ്രകാരവും ഇപ്പോഴും ആ പുരയിടം അയാളുടെ പേർക്കുതന്നെ പതിച്ചു കൊടുത്ത് ഇപ്പോൾ പാട്ടം നടക്കുന്ന കുഞ്ചരത്തൻപിള്ളയ്ക്ക് സങ്കടം ഉണ്ടായാൽ



അതിനു പകരം വേറിട്ടു പതിക്കേണ്ടുന്ന അവസ്ഥകൊണ്ട് അല്ലോ എഴുതി വന്നതിലാകുന്നു. ഈ വക പുരയിടം 956-ാമാണ്ടു മുതൽക്ക് കൽപ്പിച്ചു കൊടുത്ത് ഏറിയ നാളായിട്ടു അനുഭവിച്ചു വന്നതാകകൊണ്ട് ഇപ്പോഴും പത്മവിലാസം എന്ന പുരയിടം പുതുമന കാളി കാളിയുടെ പേർക്കുതന്നെ പതിച്ച് പതിവുശീട്ടു കൊടുക്കത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 994-ാമാണ്ട് ഇടവമാസം 9-ാന്- ദിവാൻ ജനാർദ്ദന രായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

ധ്യാനേനാപിശരന്നിശാകരരു ചേസ്സുന്ദർശ
നേനാപിവാ
ലോകോയം ലഭതാംപരം പദമിതി ശ്രീപാർവതീ
സംജ്ഞയാ
ശ്രീകണ്ഠേശ്വര നാമ്നി ധാമ്നിമഹിതേ
നിത്യോത്സവശ്ശ്രാഘിതാ
ശ്രീകണ്ഠ പ്രതിമാസു ജാതസുഷമാരാജ്ഞ്യോ
പഹാരീകൃതാ

(ഇരയിമ്മൻതമ്പി)

[ഇത് തിരുവനന്തപുരത്തുള്ള ശ്രീകണ്ഠേശ്വരംക്ഷേത്രത്തിൽ-ശിവൻെറ ശ്രീബലി ബിംബം-പാർവതീറാണി പുത്തനായി തീർപ്പിച്ചതിനെപ്പററിയുള്ള ശ്ലോകമാണ്]

# റസിഡൻറ് മക്ടോലിന് അനുമോദനം

994 മീന 5

നീട്ട്

നമുക്ക് സഹോദര തുല്യമായിരിക്കുന്ന മേജർ മക്ടോൽ സായിപ്പ് അവർകൾ........ക്ക്,

മേജർ മക്ടോലിനെ തിരുവിതാംകൂർ സംസ്ഥാനത്തിലേക്ക് റസിഡൻറായിട്ട് ബഹുമാനപ്പെട്ട ഇംകിരീസു ഗവുണരുമെണ്ടാരു അവർകൾ നിശ്ചയിച്ചിരിക്കുന്ന വർത്തമാനം ആക്ടിംഗ് റസിഡൻറ് കാപ്ററൻ ഗാർഡിയൻ മുഖാന്തിരത്തിൽ നാം അറികകൊണ്ട് അതിനാൽ നമുക്ക് ഏററവും സന്തോഷമാവുകയും ചെയ്തു, മേജർ മക്ടോലിന്റെ ഗുണാതിശയങ്ങളും,, സ്നേഹ വാത്സല്യങ്ങളും നമ്മുടെ സ്നേഹിതനാൽ മുഖാന്തിരമായിട്ടും കേട്ടിരിക്കുന്നതാകകൊണ്ടും, നമുക്കും ബഹുമാനപ്പെട്ട ഗവുണരുമെണ്ടാരു അവർകളുടെ പാർശ്വത്തിൽ മേജർ മക്ടോൽ റസിഡൻറു സ്ഥാനത്തിന് വന്നു നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും രാജ്യത്തിനുംവേണ്ടി ഗുണങ്ങളും, സൗഖ്യങ്ങളും വരുത്തിച്ചുതരുമെന്ന് നാം ഉറപ്പായിട്ടു നിശ്ചയിച്ചിരിക്കുന്നു. ഏപ്രിൽമാസം 20-ാനു- നമ്മുടെ മൂത്ത കുഞ്ഞിന്റെ(സ്വാതി ഉത്രം-എന്നിവരുടെ സഹോദരി) കല്ല്യാണം നിശ്ചയിച്ചിരിക്കുന്ന വർത്തമാനം ഇതിനു മുമ്പിൽതന്നെ മേജർ മക്ടോൽ അറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. ആ സന്തോഷ ദിവസത്തിൽ മേജർ മക്ടോലും കൂടെ വന്നിരുന്നു വേണ്ടും വണ്ണം ഒക്കെയും വിചാരിച്ചു നടത്തുവാനൊള്ളതാകകൊണ്ട് കല്യാണത്തിനു മുമ്പിൽതന്നെ ഇവിടെ വന്ന് നമ്മെ കാണണമെന്ന് നാം വളരെ അപേക്ഷിച്ചിരിക്കുന്നു. ശ്രീപത്മനാഭന്റെ കാരുണ്യത്താൽ നാമും നമ്മുടെ കുഞ്ഞുങ്ങളും സൗഖ്യമായിട്ടും ഇരിക്കുന്നു. നമ്മുടെ രാജ്യ കാര്യങ്ങൾ ഒക്കെയും വേണ്ടുംപ്രകാരമായിട്ടും നടന്നുവരുന്നു. മേജർ മക്ടോൽ സൗഖ്യമായിട്ടു പാർക്കുന്ന അവസ്ഥയ്ക്കും എപ്പോൾ തമ്മിൽ കാണ്മാൻ എടവരുമെന്നും എഴുത്തും കൊടുത്തയക്കയും വേണം. ചെയ്യുമല്ലൊ. 994-ാമാണ്ട് മീനമാസം 5-ാനു-



# ഹജൂർ തിരട്ടുകൾ 7

കൊ: വ: 994★

1) കരമന പുതുമന അമ്മവീട്ടിൽ കണക്കുതമ്പി പത്മനാഭൻ ഇരയിമ്മന് അൽപ്പശി ഒന്നുമുതൽ നൂറു പണം വീതം കൊടുക്കാൻ........

2) ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് കുംഭകോണത്ത് ഒരു ഗൃഹം പണിക്ക് മുമ്പ് കൊടുത്തത് പോകെ 994 തൈമാസം ഒന്നാം തീയതിയിലെ നീട്ടുംപ്രകാരം കൊടുത്ത ഉരുപ്പടി അഞ്ഞൂററിമുപ്പത്തിഒന്നുക്ക് പരി മൂവായിരത്തി നാനൂററി നാൽപ്പത്തി ഒൻപതര.

3) ***അപ്പീൽ കോർട്ട്***

ഒന്നാം ജഡ്ജി രാമൻ തമ്പിക്ക് 700 രൂപാ

രണ്ടാം ജഡ്ജി ശ്രീനിവാസരായർക്ക് 600 രൂപാ

കൂടുതൽ:- കൃസ്ത്യാനികളുടെ കാര്യം അവരുടെ ജാതിമര്യാദപ്രകാരം അറിഞ്ഞു വിസ്തരിക്കുന്നതിന് തൈ ഒന്നാം തീയതിമുതൽ ആക്കിയ കൃസ്ത്യൻ മൂന്നാം ജഡ്ജി ചാക്കോ ശീവറീതിനെ രൂപാ മുന്നൂറു രൂപാ വീതം........

അണ്ണാ സ്വാമി ശാസ്ത്രിയാർക്ക് രൂപാ മുന്നൂറു വീതം........

അപ്പീൽ കോർട്ടു വകയ്ക്ക് ചിലവുപണം - ഒരുലക്ഷത്തിഎൺപത്തിമൂവായിരത്തി തൊള്ളായിരത്തി എഴുപത്തിനാലു പണം,

4) മതിലകത്ത് പൊന്നുംവെള്ളിയും പൊതിഞ്ഞിരിക്കുന്ന ഗരുഡവാഹനം രണ്ടിൽ-കൈ നാലിൽ-തകിടു പതിച്ച വകയ്ക്കും, പൊന്നും കൊടിമരത്തിൽ കേറി അരശീല തൂക്കം തൂക്കിയ വകയ്ക്കും ചിത്രം എഴുത്ത് ചാലയിൽ അണ്ണാക്കുട്ടിക്ക് വീരചങ്ങല ഉരുഒന്നും, സാൽവാ

ഉരുഒന്നും നീക്കി പട്ടു മുഴം പതിനെട്ടുക്ക് എഴുപത്തി
രണ്ടും, കവണി വകയ്ക്ക് ഇരുപത്തിനാലും ആകെ
ചിലവ്-തൊണ്ണൂററിയെട്ട്.

5) മതിലകത്ത് ശ്രീകോവിൽ ചെമ്പോടു പൊളിച്ച് ചെ
യ്യുന്നതിനായിട്ടു ചിലവു വന്ന പണം ആറായിരത്തി
തൊള്ളായിരത്തി തൊണ്ണൂററിമൂന്നേമുക്കാൽ.

6) പുതുമന കണക്കുതമ്പി പത്മനാഭൻ ഇരവിയുടെ
ചിററമ്മ ലക്ഷ്മിപാർവതി പങ്കുനിമാസം ഇരുപത്തി
മൂന്നാം തീയതി കഴിഞ്ഞുപോയ ചിലവിലേക്ക്-
ആയിരം പണം-

7) ചങ്ങനാശ്ശേരിയിൽ മാർഗ്ഗക്കാർ പള്ളിയിൽ പഴയകൂററു
കാററും പുത്തൻകൂററുകാററും തമ്മിൽ തർക്കമുണ്ടായി
പഴയ കൂററിലുള്ള കുഞ്ഞുങ്ങളും മാപ്പിളമാരും കൂട്ടം
കൂടി കൽപ്പനയ്ക്ക് വിരോധമായിട്ടു പാർക്കയാൽ
കൂട്ടം പിരിക്കുന്നതിനായിട്ടു കുമ്പിനിവക കൊല്ലത്തും
ആലപ്പുഴയും പാർക്കുന്നതിൽ ഇരുന്നൂററിയാറുപേരെ
അയച്ചതിന് പങ്കുനി മൂന്നാം തീയതി പുറപ്പെട്ടു
അഞ്ചാം തീയതി ചെന്ന് ചിത്തിരമാസം 5-ാനു- വരെ
പാർത്ത് എട്ടാം തീയതി കൊല്ലത്ത് എത്തിയതിന്
ചിലവ്-ആയിരത്തി അറുന്നൂററിമൂന്നര.

8) ദിവാൻ രാജാകേശവദാസന്റെ കൂടെ കഴിഞ്ഞിരുന്ന
അരത്തമ്മപ്പിള്ള തങ്കച്ചി ആനിമാസം 16-ാം തീയതി
മരിച്ച ഇഴവു ചിലവിന്-ആയിരം പണം.

9) നെടുമങ്ങാട്ട് മയിലമൂട്ടുക്കുഴിയിൽ ഇറങ്ങിയ പിടി
ആനയെ കെട്ടി കേററിക്കൊണ്ടുവരും വഴി അടവിമല
യിൽ വീണു കിടക്കകൊണ്ട് - വേലന്മാരു തുള്ളി·
ഇതിനു മുമ്പിൽ ഇതിന്മണ്ണം ഉള്ള വകയ്ക്ക് പ്രാർ
ത്ഥിച്ചിരുന്ന വഴിപാടും നേർച്ചയും കഴിപ്പിക്കായ്ക



കൊണ്ട് ആകുന്നുഎന്നും, ആയതിന് പ്രായശ്ചിത്തം
വഴിപാടു നേർച്ചയും. കൊടുത്താൽ ആന എഴിച്ചു നട
ക്കുമെന്നും പറഞ്ഞു. അപ്രകാരം അപേക്ഷിച്ച് ആന
എഴിച്ചു നടക്കകൊണ്ട് ആ വകയ്ക്കുള്ള പണം ചില
വിടത്തക്കവണ്ണം ഉത്തരവുംപടി പ്രായശ്ചിത്തം ഒൻ
പത്. വഴിപാട് മൂന്നേകാലും ആകെ പന്ത്രണ്ടേകാൽ.

10) കർണൽ മൺട്രോ സായിപ്പ് അവർകൾ തനതു വക
വെള്ളി സാമാനം, മുതലായ വകയ്ക്കു വിലയ്ക്കു
വാങ്ങിച്ച വകയ്ക്ക് രൂപാ പതിനേഴായിരത്തിതൊള്ളാ
യിരത്തിഎഴുപത്തിയഞ്ചു.

11) പാറാവിൽ പാർപ്പിച്ചിരിക്കുന്നതിൽ ഗതിയില്ലാത്തവർ
ക്ക് നാൾ ഒന്നുക്ക് ഇടങ്ങഴി അരിവീതം ചിലവ്.
അതിൽ ദീനക്കാർക്ക് അരി കൊടുക്കുന്ന ഏർപ്പാടു
നിർത്തി-ആൾ ഒന്നുക്ക് അരപ്പണം വീതം കൊടുക്കണ
മെന്ന് ഉത്തരവുംപടി ചിലവ്.

12) എഴുന്നെള്ളത്തോടു പാർത്തിരുന്ന ശുചീന്ദ്രം മുത്തു
എന്ന പവുങ്ങൻ അവകാശിയില്ലാതെ മരിച്ചു പോയ
തായും. ഭാര്യ തിരുവട്ടാററു ലക്ഷ്മി എന്നവൾ ശൂദ്ര
സ്ത്രീ ആണെന്നും, അവളെ തൊട്ടുതീററി കുഞ്ഞു
ങ്ങളും ഉണ്ടായി അവന്റെ ശേഷക്രിയയും നടത്തിയി
രിക്കുന്നുവെന്നും കണ്ട് - മുത്തു എന്നവന്റെ വക
എണ്ണൂററി തൊണ്ണൂററി മൂന്നേമുക്കാൽ പണത്തിന്റെ
മുതലിന് നൂററിഎട്ടു പണം അടിയറ തീർപ്പിച്ച്
ലക്ഷ്മിയെ അവകാശപ്പെടുത്തണമെന്ന് തീർപ്പുംപ്ര
കാരം നീട്ടുവന്ന് അടിയറ അടുക്കുവത് മുതലായത്
ഒടുക്കിച്ചതാകപണം നൂററിനാൽപത്തിമൂന്നര.

13) കൊച്ചു തമ്പുരാക്കന്മാർക്ക് കളിപ്പാൻ ദന്തം കൊണ്ട്
വിഗ്രഹങ്ങൾ തീർത്ത. 'വടശ്ശേരി ശില്പാശാരി കുള
ത്തുരാൻ' എന്നവന് മൂതപ്പാണ്ടി മുതലായ ക്ഷേത്ര

ങ്ങളിൽനിന്നും ഇറയലി പതിച്ചിട്ടുള്ളതു പാട്ടം കെട്ടിയതിനെ 'ഇറയലിയായി' തന്നെ പതിച്ചതാക പാട്ടത്തിൽ കുറവു നെൽ നൂററി തൊണ്ണൂററൊന്നു പറ ഒൻപതേമുക്കാൽ ഇടങ്ങഴി.

14) ബഞ്ചമിൻ ബെയിലി സായിപ്പ് - ബംഗ്ലാവും, ധർമ്മപള്ളിക്കൂടവും, കെട്ടി പാർക്കുന്ന 'കോട്ടയത്ത് ചുകത്തിൽകുന്ന്' മേലെഴുതിയ കുന്നിന്റെ പടിഞ്ഞാറെ എലുകയ്ക്കകത്തുള്ള കോട്ടയത്തു അങ്ങാടിയിൽ വളഞ്ഞാററിൽ തൊമ്മന്റെ പേരിൽ മുക്കാൽപണം പണ്ടാരപാട്ടം പതിഞ്ഞിരിക്കുന്നതിനും, പള്ളിയിൽ പറമ്പും പാതിരിയുടെ പേർക്ക് അനുഭവമായിട്ടു പതിച്ചുകൊടുത്ത് ആണ്ടൊന്നുക്ക് രണ്ടരേഅരയ്ക്കാൽ പണം കരം ഒള്ളത് ബംഗ്ലാവ് വിളക്കു വയ്പു വകയ്ക്ക് വകവച്ച് ചിലവെഴുതണമെന്ന് നീട്ടുംപടി...........

15) തിരുവല്ലത്ത് ബലി ഇടുന്നതിന് ആക്കിയിരുന്ന പാലക്കോട്ടു മഠത്തിൽ ഇളയത്-അന്യംനിന്ന് പോകകൊണ്ട് പകരം കടമ്പനാട്ടു ഇളയതിനെ ആക്കുന്ന വകയ്ക്ക് അടിയറ അടുക്കുവതു മുതൽ ഇരുന്നൂററിഅൻപത്തി ഒന്ന്.

16) മൺട്രോ സായിപ്പ് അവർകൾ വകയിൽ നിന്നും വാങ്ങിച്ച ബോട്ട് അററകുററം തീർത്തതിന് ആയിരത്തി മുന്നൂററിഅൻപത്തിഅഞ്ചര.

മലയാം പട്ടാളത്തിൽ ഒരു പട്ടാളത്തിലേക്ക് കമാണ്ടിംഗ് ഉദ്യോഗത്തിലേക്ക് 'കാപ്ടൻഗ്രേംനെ' മാസം 600 രൂപാ ശമ്പളം വച്ച് നിയമിച്ചും മക്ളോട് പാർക്കുന്ന വീട്ടിന്റെ സമീപത്തിൽ പണ്ടാര വകയായിട്ടു ഒരു വീടും തീർപ്പിച്ചു കൊടുക്കണമെന്നും എഴുതി വന്നതിനെ അനുവദിച്ചു.



**995M.E.★**

# "തൃക്കാരൂർ ഗ്രന്ഥവരി"

64 ഗ്രാമവും - തളിയാതിരിമാരും - ചേരമാൻ പെരുമാളും - കൂടി തൃക്കാരൂർ അപ്പന് - മലംപ്രദേശം കൽപിച്ച ഗ്രന്ഥവരിക്ക് - നക്കൽ.

995-ാമാണ്ട്

64 ഗ്രാമവും തളിയാതിരിമാരും ചേരമാൻ പെരുമാളും കൂടി തൃക്കാരിയൂർ അപ്പന് ആനെ അംശം കൽപിച്ചു- അന്നെ കലിഗോത്ര (പൊടിവ്)-കാര്യം ആനമല കോട്ടക്കും പടിഞ്ഞാറ്-തെക്കെതെലമല കിഴക്കോട്ടു ചാഞ്ഞതിനും പടിഞ്ഞാറ് - പാല സമുദ്രത്തിനും പടിഞ്ഞാറ് കണ്ണൻദേവൻ ഊരിനു പടിഞ്ഞാറ് - കിഴക്കനൊററിന് - വടക്കെ പൂന്തുറയാമയ്ക്കു വടക്കെപുറത്തെ കിഴക്കനൊററിൽകൂടുന്ന വിളാത്തോടു വടക്കോട്ടു ഒഴുകുന്നതിന് പടിഞ്ഞാറു പെരുഞ്ചേരി ദേശത്തിനു കിഴക്കെ തട്ടു നൽകാനു പടിഞ്ഞാറ് കുറുണി ആറാകുന്ന പുഴ നേരിയമംഗലത്തു കടവിനു പടിഞ്ഞാറ് എരിയാററു മൂഴിക്കു തെക്കേക്കര കിഴക്കോട്ടു ചെന്നാൽ മീനൊഴിഞ്ഞാൻ മലയ്ക്കു പടിഞ്ഞാറ് കുമ്പിളു മലക്കു വടക്ക് ഒഴുകുന്ന തൂമ്പാത്തോടു (പൊടിവ്) ദേശത്തൂടു ചെന്ന് കണ്ണാടി പുഴയിൽ കൂടുന്ന കാളിക പുഴക്കു വടക്കു പെരുവംമൂഴിക്കു വടക്കു, പെരുവംമൂഴിതോട്ടിനും കിഴക്ക് വല്ല്യത്തുമൂട്ടി കല്ലിനും പുഴ കിഴക്കോട്ടു ചെന്നാൽ കോടനാട്ടു കടവിൽ ആറാട്ടിന് എഴുന്നെള്ളിക്കുന്ന ശ്രീ നടക്കല്ലിനും കിഴക്ക് പുഴ കിഴക്കോട്ടു ചെന്നാൽ വടക്കേക്കര കൂട്ടുചാലിനു കിഴക്ക് തങ്കഴത്തു കാളി കല്ലിനു കിഴക്ക് നേരത്തങ്ങും പടിഞ്ഞാറു വടക്കോട്ടു ചാഞ്ഞതിനും തെക്കു,

നായ്ക്കതെണക്കും കിഴക്ക് അകപ്പനാട്ടിൽ മുക്കൂററിൽ ഇരുകൂററിന് തെക്ക്, കുറച്ചികോട്ടയ്ക്കു തെക്ക്, ആനമലക്കു തെക്കെതലമല കിഴക്കോട്ടുചാഞ്ഞതിനു തെക്ക്, ഈ അതിർത്തിക്കകത്തു വിഴാനൈക്കിടാവും, ചാവാനൈകൊമ്പും, തൃക്കാരിയൂർ അപ്പനാകുന്നു. 992-ാമാണ്ട് കലിയുഗവർഷം കലി 4919-ൽ ചെന്ന വരുഷം-3207-മാസം 2- നാരം 8-ം, നീക്കി ആയവർഷം 1711-മാസം 9-നാരം 22-കേരളോൽപ്പത്തി ഗ്രന്ഥത്തിൽ കലി സംഖ്യ 992-ാമാണ്ടിലെ കലി 4919-ക്കു നാരം 1796751-ാമതു മലയാള രാജ്യം ശ്രീപാശുരാമ ഋഷി ബ്രാഹ്മണർക്ക് ദാനം ചെയ്തതിൻെറ ശേഷം-രാജ്യം രക്ഷിപ്പാനായിക്കൊണ്ടു രക്ഷ പുരുഷനേയും അവരോധിച്ച നാളത്തെ കലിവിധി ''ശേഗോദേഹനാം.''

''ഇളങ്കുന്നപ്പുഴ ക്ഷേത്രത്തിൽ
മന്ദത്തു മൂത്തതിന് അവകാശം''

ഇക്കണ്ടനും, അനന്തരവരും കൂടി കണ്ടു എന്നാൽ-ഇളങ്കുന്നപ്പുഴ ക്ഷേത്രത്തിൽ സംബന്ധി മൂഴിക്കുളത്തു മേനവൻെറ തററാടികൽ ആരം അന്യംവന്നു പോകകൊണ്ട് മേപ്പടി മൂഴിക്കുളത്തു തറവാട്ടിനും സ്ഥാനമാന സംബന്ധങ്ങരംക്കും കടത്തിനും, ധനത്തിനും, വസ്തു കൃത്യങ്ങരം മററും എപ്പേർപ്പെട്ടതിനും, നിന്നെയും നിൻെറ അനന്തിരവരേയും മൂഴിക്കുളത്തു മേനവൻെറ അനന്തിരവരായിട്ടു അവകാശമാക്കുകകൊണ്ട് മേപ്പടി ക്ഷേത്രത്തുങ്കൽ കീഴ്മര്യാദപോലെ നടത്തിവരുന്ന അടിയന്തരങ്ങളും നടത്തിവച്ചിരിക്കുന്ന ഉടമ അനുഭവങ്ങളും പററി നടന്നുകൊള്ളത്തക്കവണ്ണം കൽപ്പിച്ചു നീട്ടും തന്നിത-എന്നാൽ-ഇത് വൈപ്പ് - 470-ാമത് മകരമാസം 1-ാം തീയതി അടിയിക്കൽ ഇരവിശർമ്മൻ ഇരവിശർമ്മൻ കൈ എഴുത്ത്.



# ദിവാൻ വെങ്കിട്ടരായർക്ക് ദാനശാസനം

അനുവ്

995-ാമാണ്ട് കുംഭമാസം 6-ാന്ന: 22

നമ്മുടെ കുടുംബത്തേക്കും എന്നത്തേക്കും ചിലവു കഴിവാനായിട്ടു തിരുമനസ്സുകൊണ്ട് കൽപിച്ചു ചെങ്കോട്ട കരവാശലിൽ ചേർന്ന ശാമ്പൂർ വടകര മണിയും, സർവമാനിമായിട്ടു തരികകൊണ്ട് ആ വകയ്ക്കു കൽപ്പിച്ചു തുല്യം ചാർത്തി തന്ന ദാനശാസനത്തിൻെറ പേർപ്പും (പകർപ്പും) അതിന്മണ്ണം എന്നേക്കും അനുഭവിച്ചു കൊള്ളത്തക്കവണ്ണം നമ്മുടെ പേർക്ക് എഴുതിയിരിക്കുന്ന നീട്ടിൻെറ പേർപ്പും, മേലെഴുതിയ മണിയത്തിൽ, പണ്ടാരവകയ്ക്കു മുതൽകൂട്ടിയിരിന്നുന്ന കരം 995-ാമാണ്ടുകുംഭപ്പൂ മുതൽക്ക് കണക്കിൽ കുറവെഴുതിച്ചു കൊള്ളത്തക്കവണ്ണം എഴുതിയിരുന്ന നീട്ടും ഇതിനോടുകൂടി കൊടുത്തയക്കുന്നു. അതിൽ എഴുതിയിരിക്കുന്നതിന്മണ്ണംതന്നെ എന്നേക്കും അനുഭവിച്ചുകൊള്ളത്തക്കവണ്ണം മഹാരാജ മാന്യ രാജ ശ്രീ റസിഡൻറു കർണൽ മൺട്രോ സായ്പു അവർകളും സമ്മതിച്ചു സ്ഥിരപ്പെടുത്തി കയ്യൊപ്പിട്ടു ആധാരവും തന്നിരിക്കകൊണ്ട് മേലെഴുതിയിരിക്കുന്ന പേർപ്പുകളും നീട്ടും കണക്കിൽ കൊരുത്തു കെട്ടി സൂക്ഷിപ്പിച്ചു അതിൽ എഴുതിയിരിക്കുന്നതിന്മണ്ണം ശാമ്പൂർ വടകരമണിയം-നമ്മുടെ അനുജൻ ഭീമാരായരു വശത്തിൽ ഏൽപ്പിച്ചു അതിർത്തിക്കല്ലും ഇടുവിച്ച് കൊടുത്ത് കുംഭപ്പൂ മുതൽക്ക് മുതലെടുപ്പിനു പേരുവഴി ഒള്ള കണ

കണക്കുകളും പേർപ്പു എഴുതിച്ചു കൊടുത്തയക്കത്തക്കവണ്ണവും മേലെഴുതിയ മണിയത്തിൽ കുഭപ്പ്ലൂ മുതൽക്കു പണ്ടാര വകയ്ക്ക് മുതൽ കൂട്ടിയ്യിരിക്കുന്ന കരവും കണക്കിൽ കുറവെഴുതിച്ച്, പണ്ടാരവകയിൽനിന്നും ആക്കിയിരിക്കുന്ന ശമ്പളക്കാറരേയും നിർത്തൽചെയ്ത് കൊള്ളത്തക്കവണ്ണവും ഉത്തരവും എഴുതിക്കെട്ടിച്ച് കൊടുത്തയച്ച് അതിന്മണ്ണം തന്നെ 'ജമാബന്തി' കണക്കിലും കുറവെഴുതിച്ച് ശമ്പളക്കാറരേയും നിർത്തൽ എഴുതിച്ചു കൊള്ളണമെന്നും ഉത്തരവ് എഴുതിയിരിക്കുന്നു.

(ദിവാൻ റെഡ്ഡിയാർ എന്ന വെങ്കിട്ടരായർ)

''കൊട്ടാരക്കര രാജാ'' എഴുതിയ

നീട്ടുപകർപ്പ്.

വിളംബി വരുഷം ആനിമാസം 15-ാം തീയതി തിരുവുള്ളത്തിൻ പടി-ചെമ്പക പെരുമാളുക്കും, കണക്കരുക്കും നീട്ട്. ഈശ്വരനുക്കു മേൽപിടാകയിൽ പടവെട്ടി കാട്ടിൽ ആററുക്കും തെക്ക്-പെരിയശാമിനാടാൻ തുണ്ടത്തുക്ക് മേക്ക് - കീഴ്മേൽ ഉടപ്പാൻ തയ്ക്കും കൽപത്തിമരത്തും വടക്ക്-ഉച്ചാം പുള്ളിക്കുടത്തുക്കു ഒരപ്പാന കല്ലുക്കും തിരുവാര്യൻ തോപ്പുക്കും തെൻപടലോടിയ ആററുക്കും കിഴക്ക്, ഇന്നാൽ എലുകയ്ക്കുംപ്പെട്ട നഞ്ചപുഞ്ചെ തിരുത്തികൊള്ളചൊല്ലി-ബ്രഹ്മദായമാക-ഇന്തപ്പടിക്ക് നഞ്ചയും പുഞ്ചയും ബ്രഹ്മദായകമാക നടപ്പിച്ചുക്കുടുത്തു തിരുത്തിന പേരിലെ-അയൽ ബ്രഹ്മദായത്തുക്കു തക്കപ്പടി നഞ്ചക്കുനഞ്ചപൊറുപ്പും• പുഞ്ചക്കു പുഞ്ചപൊറുപ്പും മുതലീടു വച്ചുകൊണ്ട് കൈതടിയും എഴുതികൊടുത്തു മര്യാദയാക നടപ്പിച്ചുകൊള്ളവും. ഇന്ത ഓലയെ വാശിത്തുകൊണ്ട് തിരുമ്പ കൊടുത്തു വൈക്കവും.

കൊട്ടാരക്കര രാജാ

(അടയാളം)



# പെരുമനത്തു തന്ത്രിക്ക് വേല നിരോധനം

പറവൂർ മണ്ടപത്തും വാതുക്കൽ തഹശീൽദാർക്ക് എഴുതുന്ന ഉത്തരവ് എന്തെന്നാൽ

പെരുമനത്തു ക്ഷേത്രത്തിൽ ഈ മാസം 18-ാന്തു ചോതി ആട്ടത്തിരുനാൾ പണ്ടാര വകയിൽനിന്നും വാരം കഴിപ്പിക്കുന്നതിനു പതിവിൻപ്രകാരം അരിയും കോപ്പുകളും വട്ടം കൂട്ടിച്ചു ഇല വയ്ക്കുന്ന സംഗതിയിങ്കൽ - മേലെഴുതിയ ക്ഷേത്രത്തിൽ തന്ത്രി കുന്നത്തു പടിഞ്ഞാറേടത്തു ഭട്ടതിരി ചെന്ന് പലകൂട്ടം അക്രമങ്ങളും കാണിച്ചിരിക്കുന്ന അവസ്ഥ കൊണ്ട് തഹശീൽദാരുടെ സാധനം എഴുതി വന്ന സംഗതി മഹാരാജശ്രീ റസിഡൻറു സായിപ്പു അവർകളേയും ബോധിപ്പിച്ച് തിരുമനസ്സിലും അറിയിച്ചതിന്റെ ശേഷം ഇതിന്മണ്ണം അക്രമം ചെയ്യുന്ന ഭട്ടതിരിയെക്കൊണ്ട് ഇനിയും തന്ത്രം നടത്തിപ്പാൻ യുക്തമില്ലായ്കകൊണ്ട് തന്ത്രത്തിന് വേറിട്ടു ആൾ നിശ്ചയിച്ചു വേഗത്തിൽ അയക്കാമെന്നും കൽപന ആയിരിക്കകൊണ്ട് അപ്രകാരംതന്നെ മേലെഴുതിയ ഭട്ടതിരിക്കു പകരം താമസിക്കാതെ ആൾ നിശ്ചയിച്ചുഅയക്കുന്നതാകകൊണ്ടും തന്ത്രിയുടെ അനുഭവങ്ങൾ ഇതുവരെ വിലക്കിയിരിക്കുന്നതൊക്കെയും കണക്കിൽ മുതൽകൂട്ടി മേലൊള്ളതിന് ഭട്ടതിരി തന്ത്രത്തിനു പോകാതേയും ആ വകയ്ക്കുള്ള അനുഭവങ്ങൾ കൊടുക്കാതെയും ഇരിപ്പാൻ തക്കവണ്ണം നിദാനം വരുത്തികൊള്ളുകയും വേണം. ഇച്ചെയ്‌ക്കിയ്ക്ക് എഴുതിയ

ദിവാൻ വെങ്കിട്ടരായർ (ഒപ്പ്)

995 ഇടവം 1-ാന്തു

# ആനക്കൊമ്പ് തിരികെ കിട്ടണം

നമ്പർ 4330

രായസം
995-12-9

മഹാരാജശ്രീ കാപ്റ്റൻ ഗാർഡിയൻസായ്പ് അവർകൾക്ക്
കൊച്ചി ദിവാൻ നഞ്ചപ്പയ്യൻ സലാം

എന്തെന്നാൽ-വെള്ളപൊക്കത്തിൽ ഒരു കാട്ടാന ഒഴുകിവന്നതിന്റെ കൊമ്പു രണ്ടും ഇടിയറയിൽവച്ച് കൊച്ചീ സർക്കാർ വക ആളുകൾ എടുത്തു വച്ചിരിക്കുന്ന പ്രകാരം കേട്ടിരിക്കുന്നു എന്നും, ആ കൊമ്പ് ആലപ്പുഴ കച്ചവടം വകയിൽ ഏൽപ്പിക്കേണ്ടുന്ന സംഗതിക്ക് 2-ാനു എഴുതിയത് എത്തിയത് വായിച്ചറിയുകയും ചെയ്തു. മേലെഴുതിയ പ്രകാരം ഒരു ആന ചത്ത് ഒഴുകിവന്ന് ആയതിന് ഒരു കൊമ്പുണ്ടായിരുന്നതും എടുത്തു വച്ചിരിക്കുന്ന പ്രകാരം ഇടിയറമാട് മലവിചാരിപ്പുക്കാരൻ നമുക്ക് എഴുതി ബോധിപ്പിച്ചിരിക്കകൊണ്ടും, മേലെഴുതിയ ആനക്കൊമ്പ് തിരുവിതാംകൂർ വക മലയാററൂർ ആററുവഴി അമിനാദാരൻ മുതലായവർ വശം ഏൾപ്പിച്ച് മര്യാദപ്രകാരം ഒള്ള ഇനാം വാങ്ങിച്ച് ആനക്കൊമ്പ് ബോധിച്ചപ്രകാരത്തിന് രസീതും വാങ്ങിക്കത്തക്കവണ്ണവും രണ്ടു കൊമ്പു കിട്ടിയിട്ടുണ്ടോ ഏതുപ്രകാരമെന്നും എഴുതി ബോധിപ്പിക്കത്തക്കവണ്ണം ഇടിയറമാട് മലവിചാരിപ്പുക്കാരനു ഉത്തരവ് കൊടുത്തയച്ചിരിക്കകൊണ്ട് അതിന്മണ്ണം ആനക്കൊമ്പു വാങ്ങിച്ചു കൊള്ളുന്നതിന് തങ്ങളും ഉത്തരവു കൊടുത്തയച്ചു കൊള്ളുകയും ചെയ്യുമല്ലോ. എന്ന് 995-ാമാണ്ട് കർക്കടകമാസം 9-ാനു എറണാകുളത്തുനിന്നും-



# ഹജൂർ തിരട്ടുകൾ 8

കൊ: വ: 995

1) സ്ഥാനപതി ഉദ്യോഗത്തിന് മുത്തുസ്വാമി മുതലിയാരെ മേപ്പടിയാണ്ടു ആവണിമാസം 4-ാനു കൽപ്പിച്ച് നീട്ടും പല്ലക്കും കൊടുക്കയാൽ മുതലിയാരുടെ കണക്കായിട്ടു സർവാണി കൊടുപ്പാൻ വകയ്ക്ക് ഇനാം മൂവായിരത്തി ഒരുന്നൂററി എൺപത്തിനാല്.

2) ഡാക്ടർ പ്രോവന് 994 ആടിമാസം 18-ാം തീയതി മുതൽ 995 അൽപശിമാസം പതിനാറാം തീയതി വരെ മാസം മൂന്നുക്ക് മാസം 1ക്ക് ഇരുന്നൂറു രൂപാവീതം അറുന്നൂറു രൂപാക്ക് പണം നാലായിരത്തി ഇരുന്നൂറു പണം।

3) തിരുമനസ്സുകൊണ്ട് മേപ്പടിയാണ്ട് തൈമാസം ഇരുപത്തിഒന്നാം തീയതി ആശ്രാമത്തു കൊട്ടാരത്തിൽ എഴുന്നെള്ളിയിരിക്കുമ്പോൾ ബംഗ്ലാവിൽ സദിർ കാണുന്നതിന് വരുത്തിച്ച കോവിൽ ദാസികൾക്കും, മോഹിനി ആട്ടക്കാർക്കും ഇനാം-ആയിരത്തി നാന്നൂററി അറുപത്തിരണ്ടേകാൽ പണം.

4) ദിവാനുദ്യോഗമായിരുന്ന ഉമ്മിണിത്തമ്പിയുടെ അമ്മ പാനപ്പിള്ള കാളി കാളിക്കും, ഉടപ്രന്നവൾ കാളിലക്ഷ്മിക്കും, ചിലവിന് അവരുടെ നേരത്തോളം മാസം1ക്ക് പേരൊന്നുക്ക് മുപ്പതു പണം വീതം കൊടുപ്പാൻ ഇടവം രണ്ടാം തീയതി എഴുതിയ നീട്ടുംപടി ഇടവം 2-ാംതീയതിമുതൽ കർക്കടകംവരെ തീരുവ-ആയിരത്തി എഴുന്നൂററി എൺപതുക്ക് ചിലവ്-

5) ദിവാൻ പേഷ്കാരായി ഗുണ്ടോപണ്ടിതർ വെങ്കിട്ടരായരെ 995 വൈകാശിമാസം 12-ാം തീയതി മുതൽ കൽ

പ്പിച്ച് നീട്ടു കൊടുക്കയാൽ അറുന്നൂറു രൂപാ വീതം തീരുവ.

6) 995 ആനിമാസം മുതൽ പന്തളം രാജ്യം സർക്കാരിൽ ചേർത്ത് തമ്പുരാക്കന്മാർക്ക് അടുത്തൂൺ പതിച്ചു കൊടുക്കാൻവേണ്ടി........

7) ആണ്ടിയിറക്കത്ത് കണക്കുതമ്പി ഇരവികൃഷ്ണന് പല്ലക്ക് അടുത്തൂൺ വകയ്ക്ക് മാസം 1ക്ക് പണം നൂററിഅൻപത്. ആകെ പണം ആയിരത്തി എണ്ണൂറ്. ആണ്ടിയിറക്കത്ത് പുതുമന അമ്മവീട്ടിൽ കൊച്ചമ്മമാർക്ക് പല്ലക്ക് അടുത്തൂൺ നൂററി പന്ത്രണ്ടര പണം.

8) വടശ്ശേരി വലിയവീട്ടിൽ കണക്കുതമ്പി ചെമ്പകരാമൻ കൃഷ്ണൻ പേരിൽ മേപ്പടിയാർക്കും, മേപ്പടിയാരുടെ കാരണവൻ കൃഷ്ണൻ ചെമ്പകരാമനും താണുവൻ തമ്പിക്കും, മേപ്പടിയാരുടെ അമ്മ ശിവകാമിപ്പിള്ള തങ്കച്ചിക്കും ചിററമ്മ ഉലകുപിള്ള തങ്കച്ചിക്കും, പാർവതിപിള്ള തങ്കച്ചിക്കും കൽപിച്ച് (അവിട്ടംതിരുനാൾ ബാലരാമവർമ്മ)കൊടുത്തിരുന്ന ആഭരണങ്ങൾതിരികെ വയ്പിച്ച വകയിൽ തിരുവാഭരണം മുതൽക്കൂട്ടു വകയിൽ ഏൽപ്പിച്ച ആഭരണം വക നീക്കി കൈമോശം വന്നുപോയ ഉരുപ്പടികൾക്ക് മേപ്പടിയാരെക്കൊണ്ട് വില കെട്ടി വയ്പിച്ചശാക മുതൽ അയ്യായിരത്തി തൊള്ളായിരത്തി ഇരുപത്തിഒന്ന്.

9) വലിയ മേലെഴുത്തു കണക്കു സൂര്യനാരായണൻ ശങ്കരനാരായണനും, വലിയ മേലെഴുത്തു കണക്ക് ഉടയാൻ പരപ്പനും, ഹജൂർ ഖജനാ ശ്രാപ്പു കണക്കു അണഞ്ചപ്പെരുമാൾ സുബ്രഹ്മണ്യനും ഏറിയ നാളായിട്ടു സേവിച്ചു പണ്ടാര കാര്യത്തുങ്കൽ നേരും വിശ്വാസവുമായിട്ട് പ്രയാസപ്പെട്ടു നടന്നു വരുന്നതാകകൊണ്ടും ഇതിന്മണ്ണം സേവിച്ചിരുന്ന ആളുകൾക്ക് കുഡുംബ



പ്പൊറുതി അനുഭവങ്ങളായിട്ടു നിലങ്ങളും പുരയിടങ്ങളും കൊടുത്തിരിക്കുന്നതാകകൊണ്ടും അതിന്മണ്ണം ഇവരിടെ കുഡുംബത്തിൽ ചിലവു വകയ്ക്ക് മാസം 1ന് 100 പണം വീതം നടപ്പാൻ തക്കവണ്ണമുള്ള നിലം അനുഭവമായിട്ട് പതിച്ച് കൊടുക്കുന്നതിന് മഹാരാജമാന്യരാജശ്രീ ധ്വാര അവർകളിടെ കടദാസു തിരുമനസ്സറിയിക്കുന്നതിന് എഴുതിചെന്ന പ്രകാരം മാന്നാറു പ്രവൃത്തിയിൽ കുട്ടംപേരൂർ മുറിയിൽ ചാത്തയിൽ വീട്ടിൽ പാർവതി ശിങ്കാരവുടയാൾപേർക്ക് 994 മീനം 24-ാനു- കൊടുത്ത നീട്ടുംപടി 995-ാമാണ്ട് മേടപ്പൂ മുതൽക്ക് നൽകാൻ............

10) തിരുവനന്തപുരത്തു കിഴക്കേ മഠത്തിൽ കണക്കു തമ്പി പത്മനാഭൻ ഇരയിമ്മന്റെ ചിററമ്മ കഴിഞ്ഞു പോയ മാസത്തിന് - 1000 പണം.

11) തിരുവനന്തപുരം-കൊല്ലം-ആലപ്പുഴ - ഈ സ്ഥലങ്ങളിലും രജപുട്ടു പട്ടാളം ഉൾപ്പെട്ട സ്ഥലങ്ങളിലും വകയും ഗതിയും ഇല്ലാതെ ദീനം പിടിച്ചു കിടക്കുന്ന ആളുകളെ വരുത്തി ആശുപത്രി പുര കെട്ടിച്ചു ദീനം രക്ഷിക്കുന്ന വകയ്ക്ക് ആലപ്പുഴ സ്ഥലത്തേക്ക് ''പാതിരി നാർട്ടൻ'' സായിപ്പുവശം കൊടുത്തുവരുന്നതാക മാസം 1ക്ക് 1125 വീതം ടിയാണ്ടു 1ക്ക് തീരുവ 13500ക്ക് 12068½.

12) ഹജൂർ ഇടപെട്ട ആളുകൾക്കും ബന്തേ ഖാനാവിൽ ആളുകൾക്കും മരുന്നു കൊടുപ്പാൻ പുരട്ടാശിമാസം 1-ാനു- മുതൽ ആക്കിയ ഡാക്ടർ മുത്തുസ്വാമി പിള്ളയ്ക്ക് മാസം 1ക്ക് വരാഹൻ 15ക്ക് പണം 375 വീതം........

13) മലയാം പട്ടാളത്തിൽ 'ഹുക്കുനാമാ'വു ഭാഷപ്പെടുത്തി എഴുതുന്നതിന് വൈകാശിമാസം മുതൽ ആക്കിയ

'കാപ്ടൻ ഗ്രെയിൻ' സായിപ്പു വക ദ്വിഭാഷി ഏകാമ്പര മുതലിയാർക്ക് മാസം 1ക്ക് 350 പണം വീതം.

14) നേര്യമംഗലത്തു കാവലായിരുന്ന തിരുനൽവേലി ഇരുളപ്പൻ മലംപനി പിടിച്ച് 993-ാമാണ്ട് കഴിഞ്ഞു പോയെന്നും കെട്ടിയവളും 6 വയസ്സിൽ ഒരു മകനും, ചിലവിന് ഇല്ലായ്കയാൽ മാസം 2 പേർക്കു കൂടി 15 പണം അടുത്തൂൺ പതിച്ചു കൊടുക്കണമെന്നും, മകന് 12 വയസ്സായാൽ പണ്ടാരവകയിൽ ഒരു ശേവുകം വച്ച് ആ വകയ്ക്ക് കൊടുക്കുന്നതുകൊണ്ട് ചിലവു കഴിയുന്നതാകയാൽ അതുവരെ അടുത്തൂൺ കൊടുക്കണമെന്നും കാർത്തിക29-ാനു- നീട്ടുംപടി മാർകഴി 8-ാനു മുതൽ 15 പണം വീതം ചിലവ്.

15) പാലക്കാട്ടു പരമേശ്വരൻകുട്ടിക്ക് കല്യാണത്തിന്- 2000 പണം.

ആയില്യം തിരുനാൾ വലിയ തമ്പുരാൻ (സ്വാതി-ഉത്രം-എന്നിവരുടെ മാതാവ്) 990 പുരുട്ടാശി 5-ാനു- നാടു നീങ്ങിയ അസ്ഥി കാശിയിൽ കൊണ്ടുചെന്ന് ''ഗംഗാപ്രവേശം'' ചെയ്ത് തിരിച്ചു വരുമ്പോൾ- നാലു കുതിരയിൽ 8 കുടം ഗംഗാജലം-992-ാമാണ്ട് തൈമാസത്തിൽ കൊണ്ടുവന്ന് തേവാരപ്പുരയിൽവച്ച് പൂജിച്ചു വന്നത് ടിയാണ്ട് പുരുട്ടാശിമാസം 19-ാനു- ചന്ദ്രഗ്രഹനാളും തൈ 4-ാനു- കറുത്ത വാവും നാളും അഭിഷേകം ആകയാൽ - അനുജ്ഞദാനം, തീർത്ഥ ശ്രാദ്ധം, ദശദാനം, ഹിരണ്യരൂപ്യം, ഉൾപ്പെട്ട ദാനം ദക്ഷിണ വകയ്ക്ക് 1344½.



996 M.E.★

# മോഹിനിആട്ടത്തിന് പരിശീലനം

അനുവ്

97

996 തുലാം 6-ാനു-

പാലക്കാട്ടുശ്ശേരിയിൽനിന്നും വന്നിരിക്കുന്ന മോഹിനി ആട്ടക്കാററു വകയിൽ അയ്യപ്പപണിക്കരു, എഴുന്നെള്ളിയിരിക്കുന്നിടത്ത് പാർപ്പിച്ച് നാടകശാലയിൽ ചെറുപ്പമായിട്ടുള്ളതിൽ നാലു പെണ്ണുങ്ങളെ മോഹിനിആട്ടത്തിന് കച്ചകെട്ടിച്ച് അഭ്യസിപ്പിക്കുന്നതിന് നാടകശാലയിൽ ഇപ്പോൾ ഈ വകയ്ക്ക് യരത്തിൽ ഒള്ള പെണ്ണുങ്ങൾ ഇല്ലാത്തതിനാൽ-നാലു പെണ്ണുങ്ങളെ വരുത്തി നാടകശാലയിൽ ചേർത്ത് മോഹിനി ആട്ടത്തിനു കച്ച കെട്ടിച്ചു വരുന്നു എന്നും ആ വക പെണ്ണുങ്ങൾ പേർ നാലിനും നാടകശാലക്കാർക്ക് കൊടുത്തു വരുന്ന പതിവിന്മണ്ണം ഉള്ള അരിയും കോപ്പും എണ്ണ മുതലായതും, കച്ച കെട്ടുന്ന ദിവസം രണ്ടുതുടം നെയ്യും, രണ്ടു തുടം വെളിച്ചെണ്ണയും, രണ്ടു തുടം ആവണക്കെണ്ണയും കൂടെ വേണമെന്നും അയ്യപ്പ പണിക്കര് പറയുന്ന സംഗതിക്ക് രാമസ്വാമിഅണ്ണാവി സർവാധികാര്യക്കാററുടെ സാധനം മുമ്പിൽ എഴുതി വന്നതിന്റെശേഷം ഈ വകയ്ക്ക് പതിവിൽ പണം കൊടുപ്പിപ്പാൻ ഒള്ളതിന് മാസം ഒന്നിന് എത്ര പണം ചിലവു ചെയ്യുമെന്ന് വിവരമായിട്ട് വര്യോല എഴുതിച്ച് കൊടുത്തയക്കത്തക്കവണ്ണം എഴുതി അയച്ചിരുന്നാറെ മേലെഴുതിയ വകയ്ക്ക് ശമ്പളവും അരിയും കോപ്പും പതിഞ്ഞതിനും, പതിയേണ്ടുന്നതിന് പെണ്ണുങ്ങൾ പേര് 4നും മുണ്ടുപതിയേണ്ടും വകയ്ക്കും വര്യോല എഴുതിച്ച് കൊടുത്തയക്കുന്നു. എന്നും വര്യോലപ്രകാരം പതിയേ

ളുന്ന അരിയും കോപ്പും മുതലും അതതു വകയിൽനിന്നു പതിച്ചു കൊടുപ്പാൻ നിദാനം വരുത്തണമെന്നും കൽപന പ്രകാരം സർവാധികാര്യക്കാരരുടെ സാധനവും വര്യോലയും എഴുതിവന്ന സംഗതിക്ക് തിരുമനസ്സറിയിക്കുന്നതിന് എഴുതി അയച്ചതിന്റെ ശേഷം വര്യോല പ്രകാരം പതിഞ്ഞത് നീക്കി ആണ്ടൊന്നിന് 1010 പണം നിത്യച്ചിലവിലും, നാളൊന്നിന് 8 ഇടങ്ങഴി അരിയും കോപ്പുകളും, കച്ചകെട്ടുന്ന ദിവസത്തേക്ക് 2 തുടം നെയ്യും, 2 തുടം എണ്ണയും, ¼ തുടം ആവണക്കെണ്ണയും, വിളക്കു വയ്പു വകയ്ക്ക് നാളൊന്നിന് 1 തുടം വെളിച്ചെണ്ണയും, ഭാഗവതർക്ക് ആഴ്ച മുറയ്ക്ക് 1¼ തുടം എണ്ണയും വീതം കണക്കുപടി വകയിലും, പതിവിൽകൂട്ടി എഴുതിക്കൊടുപ്പിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളണമെന്ന് കന്നിമാസം 30-ാം തീയതി കൽപിച്ചു നീട്ടു വന്നിരിക്കകൊണ്ട് അപ്രകാരം ഉത്തരവ്.

---

ശ്രീകോവിൽ മേൽനിലയിലും, കീഴ്നിലയിലും കഴുക്കോലിൽ തൂക്കിയ വെങ്കല ഉരു 234-ക്കു ചെമ്പു കൊണ്ടു കുററിയും, വളയവും തീർത്ത് അരശൂല തൂക്കം ഇട്ട് തൂക്കിയ വകയ്ക്ക് തീരുവ ചെലവ് 1898¼. ശ്രീകോവിൽ മേൽനിലയിലും, കീഴ്നിലയും, ഒററക്കൺ മണ്ഡപത്തിന്റെ മേൽനിലയിലും, ഭിത്തികളിലും, ഉത്തരം കഴുക്കോൽ, ചെമ്പലക, വാവട ഉൾപ്പെട്ട സ്ഥലത്തിൽ ചിത്രം എഴുതിയ വകയ്ക്ക് മരുന്നു വാങ്ങിച്ചു പശകൂട്ടി ചേർത്ത വകയ്ക്കും, ചിത്രം എഴുതിയ പേർ 33-ക്ക് കൂലി വകയ്ക്കും കൂടെ 7706¾ പണം.



# ഗൃഹംപണി വകയ്ക്ക് കൊടുത്ത മരങ്ങൾക്ക് ചിലവെഴുതണം

അനുവ്

85 996 തുലാം 13-ാനു

നമ്മുടെ വകയ്ക്ക് കുംഭകോണത്ത് ഗൃഹം പണി ചെയ്യിക്കുന്നതിനും, കോട്ടയത്തു പാർക്കുന്ന പാതിരി പെൻ സായിപ്പിന്റെ വകയ്ക്ക് വീടു പണി ചെയ്യുന്നതിനും, നാഗർകോവിൽ പാർക്കുന്ന പാതിരി മീഡ് സായ്പ്പിന്റെ വകയ്ക്ക് പള്ളിക്കൂടം പണി ചെയ്യിക്കുന്നതിനും, ആലപ്പുഴ പാർക്കുന്ന പാതിരി നാർട്ടൻ സായിപ്പിന്റെ വകയ്ക്ക് വീടു പണി ചെയ്യിക്കുന്നതിനും, കൽപിച്ചു നീട്ടു എഴുതി വന്നതിന്മണ്ണം ആലപ്പുഴ കച്ചവടം വകയിൽ നിന്നും കൊടുപ്പിച്ചിരിക്കുന്ന മരങ്ങൾക്കു വില വരാത്തതിനാൽ ഇതു വരെയും കണക്കിൽ ചിലവെഴുതിയിട്ടില്ലായ്കകൊണ്ട് ഇപ്പോൾ ആ വകയ്ക്ക് കച്ചവടം വകയിൽനിന്നും എഴുതി വന്ന വര്യോലയും തിരുമനസ്സറിയിക്കുന്നതിനു കൊടുത്തയച്ചു വര്യോലപ്രകാരം നമ്മുടെ വകയ്ക്കു തന്നിരിക്കുന്ന മരത്തിനു 13449½ പണവും, പാതിരി പെൻ സായ്പ്പിന്റെ വകയ്ക്ക് കൊടുത്തിരിക്കുന്ന മരത്തിന് 8597½ പണവും, പാതിരി മീഡ് സായിപ്പിന്റെ വകയ്ക്ക് കൊടുത്തിരിക്കുന്ന മരത്തിന് 7406½ പണവും, പാതിരി നാർട്ടൻ സായിപ്പിന്റെ വകയ്ക്ക് കൊടുത്തിരിക്കുന്ന മരത്തിന് 12951½ പണവും വില ഉള്ളതു കണക്കിൽ ചിലവെഴുതി കൊള്ളുന്നതിന് തിരുമനസ്സറിയിക്കുന്നതിനു എഴുതി അയച്ചതിന്റെ ശേഷം വര്യോലപ്രകാരം പണം 42405 പണം കണക്കിൽ ചിലവെഴുതിച്ച് കൊള്ളണമെന്ന് നിദാനം വരുത്തികൊള്ളണമെന്ന് 13-ാനു കൽപിച്ചു നീട്ടു എഴുതിയതിന്മണ്ണം ഉത്തരവ്.

# നെയ്യാററിൻകര ചക്കിക്ക് 'ഭഗവാൻ താലി' കെട്ടിപ്പ്

അനുവ്

ന: 119

996 കാർത്തിക 13-ാനു

നെയ്യാററിൻകര അധികാരത്തിൽ കിഴക്കേത്തെരുവിൽ പത്മനാഭൻ മുതൽപേരുടെ വകയിൽ വകയും, ഗതിയും ഇല്ലാത്ത പെണ്ണുങ്ങളെ കെട്ടുന്നതിന്, 6 പണം മുതൽ 12 പണം വരെ മണ്ഡപത്തും വാതുക്കൽ ഒടുക്കിച്ച് ''ഭഗവാൻ താലി കെട്ടി''ച്ചു ജാതിയിൽ കൂട്ടി നടത്തി വരുന്നതിൻവണ്ണം ഇപ്പഴും നിദാനം വരണമെന്നും സങ്കടം ബോധിപ്പിച്ചു ഉത്തരവു കൊടുത്തയച്ച വകയിൽ കിഴക്കേ അരത്തിങ്ങുവിളാകത്തു ചക്കിയെന്നവളെ ഭഗവാൻ താലി കെട്ടിച്ചു കലപ്പെട്ടി പത്മനാഭൻ മാതേവൻ മുണ്ടു കൊടുത്തു പാർപ്പിച്ചിരിക്കുന്നപ്രകാരം വര്യോല എഴുതി വച്ച സംഗതി തിരുവനന്തപുരം കോർട്ടിൽ ഏൽപ്പിച്ച് വിസ്തരിച്ചാറെ - വിസ്താരത്തിൽ തെളിഞ്ഞതിൻവണ്ണം അടിയറ അടുക്കുവതുചിട്ടിപണം ഉൾപ്പെടെ പത്മനാഭൻ മാതേവനെക്കൊണ്ട് 15 പണം കെട്ടിവയ്പിച്ചു നന്മതിന്മ ഗുണദോഷാദികൾക്ക് മേലെഴുതിയ ചക്കിയെന്നവളെ ജാതിയിൽകൂട്ടി നടത്തിപ്പാൻ സംഗതിയിൽ നിന്നും നിശ്ചയിച്ചു ;തീർപ്പായിരിക്കുന്ന പ്രകാരം വക്കീൽ കണക്ക് താണുപിള്ള 5-ാനു എഴുതിയ സാധനവും തീർപ്പിന്റെ പകർപ്പും വരികകൊണ്ട് തീർപ്പുംപ്രകാരം നടത്തിച്ചു അടിയറ അടുക്കുവതു വക പണം 15-ം, കെട്ടിവയ്പിച്ചു കണക്കിൽ മുതൽക്കൂട്ടിച്ചു ഖജനാവിൽ കൊടുത്തയച്ചു ഒടുക്കിച്ചു കൊള്ളത്തക്കവണ്ണം ഉത്തരവയച്ചിരിക്കുന്നു.



# കുശിനിക്കാരന് ഇനാം

നീട്ട്

996 ധനു 9-ാനു

കൊടുത്തൂട്ട സാധനവും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. റസിഡൻറായിരുന്ന കർണൽ മൺറോ ശീമക്കു പോകുമ്പോൾ കുശിനിക്കാറനായിട്ടിരുന്ന വംകാളത്തു കൽക്കത്താ മേസ്തിരി നീലു എന്നവൻ പിന്നത്തതിൽ റസിഡൻറായിട്ടു വന്ന കർണൽ മക്ടോലിന്റെ അടുക്കൽ കുശിനിക്കാറനായിട്ടു പാർത്തിരുന്നാറെ ഇപ്പോൾ മക്ടോൽ കഴിഞ്ഞു പോകകൊണ്ടും 'നീലു' എന്നവന് വയസ്സുകാലമാകകൊണ്ടും അവന്റെകുഞ്ഞുകുട്ടികളേയും കൂട്ടിക്കൊണ്ട് ഊരിൽ പോകുന്നു എന്നും ചിലവിനില്ലാതെവളരെ മനസ്സുമുട്ടുള്ളപ്രകാരവും സംകടം ബോധിപ്പിച്ചതിന്റെശേഷം അവൻ സേവിച്ചിരുന്ന ധരമാരു ഇല്ലാത്തതിനാലും ഇവിടെ വന്നു ഏറിയ നാളായിരിക്കുന്നതിനാലും ഇപ്പോൾ അവന്റെ ഊരിലേക്കു പോകുന്നതിന് ചിലവിന്എന്തെങ്കിലും എനാമായിട്ടു കൊടുപ്പിപ്പാനുള്ളതാകുന്നു എന്നും ആക്ടിംഗ് റസിഡൻറു പറകകൊണ്ട് മേലെഴുതിയ നീലു എന്നവന് 100രൂപാ ഇനാമായിട്ടു കൊടുപ്പിച്ച് അവന്റെ ഊരിൽ പോകുന്നതിന് പറഞ്ഞയച്ചിരിക്കുന്ന അവസ്ഥകൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. അതിൻവണ്ണംതന്നെ ആ വക രൂപാ കണക്കിൽ ചെലവെഴുതിക്കുന്നതിന് ഹജൂർ ഖജനാവിൽ ശ്രാപ്പുസു ബ്രഹ്മണ്യപിള്ളയുടെപേർക്ക് എഴുതിയിട്ടുള്ള നിനവ് ഇതിനോട്കൂടി കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം ഈ വക രൂപാ കണക്കിൽ ചിലവെഴുതിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തികൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 996-ാമാണ്ട് ധനുമാസം 9-ാനു ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതിവിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

# വൈക്കം ദേവസ്വത്തിലെ പ്രായശ്ചിത്ത നടപടി

അനുവ്

നമ്പർ 329 996 ഇടവം 4-ാനു

വൈക്കം പ്രവൃത്തിയിൽ വൈക്കത്തു ദേവസ്വം വകയിൽ 984-ാമാണ്ടു മുതൽ 987-ാമാണ്ടുവരെ പിഴ - പ്രായശ്ചിത്തം ചെയ്തിട്ടുള്ള പണവും 988-ാമാണ്ട് അഷ്ടമിക്കും, കാർത്തികയ്ക്കും. കാണിക്കക്കുടം വച്ച് കാണിക്ക ഇട്ട പണവും മാമ്പള്ളി പണ്ടാരത്തിലേക്ക് പണയം വെപ്പിച്ചുംകൊണ്ട് 16000 പണം പലിശകൂടാതെ കൊടുത്തിരുന്ന വകപണവും ദേവസ്വംഅകത്തു ചന്തിരം നടന്ന ലക്ഷ്മണൻ പട്ടരിടെ പേരിൽ ചുമതലയുള്ള പണം കെട്ടി വയ്പ്പിക്കുന്നതിനു വക ഇല്ലാഴികകൊണ്ടും അയാളുടെ കുററികുടി വകയ്ക്കുള്ള കണക്കോല ദേവസ്വംവകയിൽവയ്പിച്ചാറെ- ആ വകയിൽ പിരിവാനുള്ള പണവും ദേവസ്വം കാണപ്പാട്ടം ഒള്ള നിലവും പുരയിടവും കുടികാംക്ക് എഴുതികൊടുത്ത വകയിൽ കാണശിഷ്ടം വരുവാനുള്ള പണവും മണ്ടപത്തും വാതുക്കൽ കണക്കിൽ മുതൽകൂട്ടുന്നതിന് വര്യോല കൊടുക്കാതേയും കൂടുമ്മേൽ അമ്പലത്തിനു പടിഞ്ഞാറെ വശത്തു നിന്ന മാവു ദേവസ്വം സ്നാനക്കണക്കു രാമൻപിള്ളയുടെ സ്വകാര്യം വകയ്ക്കു വെട്ടിച്ചിട്ടു അമ്പലം കേടുവരുത്തുകയാൽ ആ വകയ്ക്കു ചിലവുള്ള പണം ദേവസ്വംവകയിൽ നിന്നും ചിലവിട്ടു കണക്കിൽ ചിലവെഴുതിയിരിക്കുന്നു എന്നും, വൈക്കത്തു ദേവസ്വം വലിയ ചന്തിരം നടന്ന കൃഷ്ണൻ ഗോവിന്ദൻ ബോധിപ്പിച്ച സംഗതി വൈക്കത്തു കോർട്ടിൽ ഏൽപ്പിച്ച് വിസ്തരിച്ചു - വിസ്താരത്തിൽ തെളിഞ്ഞതിന്മണ്ണം വയ്ക്കം പ്രവൃത്തിയിൽ കൊച്ചുമഠത്തിൽ കുഞ്ഞൻപിള്ള കാണശിഷ്ടം വകയിൽ ഒടുക്കു



വാനുള്ള പണം 1229¾-ം. തൊടുപുഴ - 'കുന്നനാനിക്കൻ' ചെട്ടിയുടെ കുററിക്കുടിവകയിൽ 34073½ പണവും, നെല്ല് 4381 പറ 3 ഇടങ്ങഴിയും. എണ്ണശോധന 6¾-ം, ദേവസ്വം വകയിൽ 984-ാമാണ്ടു മുതൽ 987-ാമാണ്ടു വരെ പ്രായശ്ചിത്തം വകയിൽ പണം 3399¾-ം, ഇതിന്മണ്ണം വക മൂന്നിൽ പിരിവാനുള്ള പണം 39302¾-ം. നെല്ല് 4381 പറ 3 ഇടങ്ങഴിക്കും, എണ്ണശോധന 6¾ക്കും, കുററികുടി പലിശയ്ക്കും ദേവസ്വംവകയിൽനിന്നും വൈക്കം, പിറവം, മൂവാററുപുഴ, തൊടുപുഴ, ഇങ്ങനെ നാലു മണ്ഡപത്തും വാതുക്കലേക്ക് വര്യോല എഴുതികൊടുപ്പിച്ചു അതാതുമണ്ഡപത്തുംവാതുക്കൽ തഹശീൽദാരന്മാരും, സമ്പ്രതിക്കാറന്മാരും വാങ്ങിച്ചു കണക്കിൽ മുതൽക്കൂട്ടി പിരിപ്പിച്ചു കൊള്ളുവാനും, ദേവസ്വം അകത്തു ചന്തിരം നടന്ന ലക്ഷ്മണപട്ടരിടെ പേരിൽ വഴിപാടു നമസ്കാരം വകയിൽ പിരിവുംപ്പെടെ 467¾ പണം ഇരിപ്പുള്ള പിരിപ്പിച്ചു ദേവസ്വം വകയിൽ ഏൽപ്പിച്ച് വഴിപാടു നമസ്കാരം മുടക്കം ഒള്ളതു കഴിപ്പിച്ച് കൊള്ളുവാനും സംഗതി എന്നും 987-ാമാണ്ട് ദേവസ്വം വക പണ്ടാര വകയിൽ ചെന്നതിന്റെ ശേഷം ഈ വക പണത്തിനു വര്യോല എഴുതി കൊടുത്തു കണക്കിൽ മുതൽക്കൂട്ടാതെയിരുന്നതിന് ദേവസ്വം സ്ഥാനക്കണക്കു രാമൻപിള്ളയുടെ പക്കൽ ഒള്ള പിഴക്ക് 64 പണം പ്രായശ്ചിത്തം കെട്ടിവെപ്പിക്കാനും മാമ്പള്ളി പണ്ടാരത്തിലേക്ക് 16000 പണം കൊടുത്തിരിക്കുന്ന സംഗതിക്കു വേറിട്ടു നമ്പരിൽ ചേർത്തു തീർപ്പു ചെയ്വാനും സമ്പ്രതി സുബ്രഹ്മണ്യപിള്ളയെ അപ്പീൽകോർട്ടിൻ തീർപ്പും പ്രകാരം ബന്തോഖാനാവിൽ ആക്കിയിരിക്കുന്നതിനാൽ അയാളിടെ പക്കൽ ഒള്ള പിഴ മാപ്പു ചെയ്വാനും സംഗതി എന്നും നിശ്ചയിച്ചു തീർപ്പായിരിക്കുന്ന പ്രകാരവും ആ വക തീർപ്പിനു കൈയ്യൊപ്പോടുകൂടി വാങ്ങിച്ചു കൊടുത്തയക്കുന്നു എന്നും പണ്ടാരവക വക്കീൽ എഴുതിയ സാധനവും തീർപ്പും വരികകൊണ്ട്ഈ വകയ്ക്ക് തീർപ്പും പ്രകാരം നടത്തിച്ചു കൊള്ളണം.

# ഒട്ടകം വിലയ്ക്കു വാങ്ങാൻ ഉത്തരവ്

996 മിഥുനം 13-ാനു

കൊടുത്തൂട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. റസിഡൻറു കർണൽ ന്യൂ വാലിന്റെ വക സാമാനങ്ങൾ ദാർവാറിൽ നിന്ന് എടുപ്പിച്ചുകൊണ്ടു വന്നതിൽ മൂന്നു ഒട്ടകം ഉള്ളതിന് അവിടെ ആവശ്യമില്ലായ്കകൊണ്ട് കൊല്ലത്തു പട്ടാളത്തിൽ ആർക്കെങ്കിലും വിലയ്ക്കു വിക്കത്തക്കവണ്ണം വിചാരിച്ചു വരുന്ന പ്രകാരം കേട്ടു അവിടെ വരുത്തി കണ്ടാറെ- ആയതിനെ പണ്ടാര വകയ്ക്കു വാങ്ങിച്ചാൽ 'നകരാവ്' അടിപ്പാനും, ലായത്തിൽകൂടെ നിറുത്തുവാനും കൊള്ളുന്നതാകകൊണ്ട് ഒട്ടകം ഒന്നിന് 100 രൂപാവീതം മൂന്നു ഒട്ടകത്തിനുംകൂടെ 300 രൂപാ വിലയ്ക്കു വരുന്നതാകുന്നുവെന്നും, മേലെഴുതിയ ഒട്ടകം മൂന്നും പണ്ടാരവകയ്ക്കു വാങ്ങിച്ചു കൊള്ളാമെന്നും പറഞ്ഞ് കച്ചേരിക്ക് സമീപത്തിൽ ഒരു സ്ഥലത്തു നിറത്തി തീററി മുതലായതും കൊടുപ്പിച്ചു വരുന്ന പ്രകാരവും ഏറിയ വഴി ദൂരത്തു നിന്നും ചുമടുകളും ചുമന്നു വന്നതിനാൽ ചടപ്പും ക്ഷീണവും വളരെ ഉണ്ടാകകൊണ്ടും ഒട്ടകക്കാറായിട്ട് മൂന്നുപേരു വന്നിരിക്കുന്നവർക്ക് ഇവിടെ പാർപ്പാൻ കഴികയില്ലെന്നും അവരിടെ ഊരിലേക്ക് പോകുന്നുവെന്നും പറകകൊണ്ട് ഒട്ടകത്തിന് തീററി കൊടുപ്പാനും സൂക്ഷിപ്പാനും ഇവിടെ ഉള്ള ആളുകൾക്ക് പരിചയം വരുന്നിടത്തോളവും ഒരു മാസം വരെയ്ക്കും അവരിടെകൂടെ ഇവിടെ പാർക്കത്തക്കവണ്ണവും പറഞ്ഞ് ഇവിടെ ഉള്ളതിൽ രണ്ടുപേരെ കൂടെ ആക്കി പരിചയം വരുത്തിച്ചു വരുന്നു എന്നും നകരാ അടിക്കുമ്പോൾ വേണ്ടുന്ന കോപ്പുകളും, സവാരിക്കു വേണ്ടുന്ന കോപ്പുകളും അവിടെവച്ച് തയ്പിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കകൊണ്ടും, ആയതും തയ്പിച്ച് ഒട്ടകങ്ങളുടെ ചടപ്പും തീർത്ത് താൻ ഇവിടെ വരുമ്പോൾ കൂടെ കൊണ്ടുവന്ന് നമ്മെ കാണിച്ച് ലായം വകയിൽ ഏല്പിച്ചുകൊള്ളാമെന്നും ഈ വകയ്ക്ക് വിലയൊള്ള രൂപാ 300-ം കൊടുപ്പിക്കേണ്ടുന്ന അവസ്ഥകൊണ്ടും എല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം മേലെഴുതിയ ഒട്ടകം മൂന്നിനും വിലയൊള്ള രൂപാ 300-ം കൊടുക്കുന്നതിന് ഹജൂർ ഖജനാവിൽ ശ്രാപ്പു സുബ്രഹ്മണ്യ പിള്ളയുടെ പേർക്ക് എഴുതിയിട്ടുള്ള നിനവ് ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം രൂപാ 300-ം കൊടുപ്പിച്ചു കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 996-ാമാണ്ട് മിഥുനമാസം 13-ാനു ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്ന് തിരുവുള്ളമായ നീട്ട്

(തുല്യം)



9 മുഖത്ത് സർവാധികാര്യക്കാറന്മാർക്കും

ഊട്ടുകളിൽ ഇപ്പോൾ വ്യാജങ്ങളും, വിത്യാസങ്ങളും അഴിമതികളും, ഏററമായിട്ട് തീർന്നിരിക്കകൊണ്ട് ഊട്ടുവക ചിലവിന്റെ കാര്യത്തിനു താമസിയാതെ നാം ഒരു പതിവു നിഷ്കർഷ ചെയ്കയും ചെയ്യും. അതുവരേയും ഇപ്പോൾ നടന്നുവരുന്ന പതിവിൽ-വഴി സ്ഥലം പ്രമാണിച്ചുള്ള ഊട്ടുകളിൽ മൂന്നിലൊന്നും, വഴിവീടും പോക്കുവരത്തുകുറവായുംഉള്ള ഊട്ടുകളിൽ ഒന്നുപാതിയും, പതിവിൽ നിർത്തി ശേഷം ഉള്ള മുതലുകൊണ്ട് ഊട്ടു നടത്തിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും വേണം.

# ഹജൂർ തിരട്ടുകൾ 9

കൊ: വ: 996 ★

1) മതിലകത്ത് അല്പശിമാസം (തുലാം) 27-ാം തീയതി എട്ടാം ഉത്സവത്തിൻനാൾ രാത്രി ശിവേലി കഴിഞ്ഞു നഗരാലക്ഷ്മി പിടിയാനയിൽ ആനക്കാരൻ അമ്പലപ്പുഴ കൃഷ്ണൻ മുതൽപേർ ഒരു മുളംകുററിയിലും, ഒരു മൺകുററിയിലുമായി ഏതാനും വെളിച്ചെണ്ണയും തിരിശ്ശീലയും, ആനപ്പുറത്ത് നഗരാവിൽ കൂട്ടിച്ചേർത്ത് വച്ചുകെട്ടി കൊണ്ടുപോയതിനെ-കാവൽ ശിപായിമാർ കണ്ടുപിടിച്ച് ഉത്സവ മഠത്തിൽ ഏല്പിച്ച വെളിച്ചെണ്ണ മൂന്നിടങ്ങഴിക്ക് രണ്ടേമുക്കാലും, തിരിശ്ശീല പലം പതിനാലുക്ക് അരയും, ആ വക മുതൽ മൂന്നേകാൽ പണം.

2) മതിലകത്ത് കൊടിമരമണ്ഡപത്തിനു വടക്കേവശത്ത് 40 കോൽ 8 വിരൽ ചുററിൽ അലങ്കാര മണ്ഡപം പുത്തനായിട്ടും മേപ്പടിയാണ്ടു തീർത്ത വകയ്ക്ക് കൽപ്പണി, മരപ്പണി, നീററുകുമ്മായം, കരുപ്പുകട്ടി, ചെക്കാട്ടുപേർ ഉൾപ്പെട്ട വകയ്ക്ക് 7160¼.

3) തിരുമനസ്സുകൊണ്ട് 995 തൈ (മകരം) മാസം 21-ാനു കൊല്ലം ആശ്രാമത്തു കൊട്ടാരത്തിൽ എഴുന്നെള്ളുകയാൽ ബംഗ്ലാവിൽ എഴുന്നെള്ളിയിരിക്കുന്നതിന് ആഞ്ഞിലിയും, പാലമരവുംകൊണ്ട് സിംഹാസനം തീർപ്പിച്ച് പള്ളിമെത്തയും തയ്പ്പിച്ചിട്ട വകയ്ക്ക് കൊട്ടാരത്തിൽനിന്നും വന്ന ചുവന്ന സൂര്യപടം നീക്കി മരപ്പണി-മെത്തതയ്പ് ഉൾപ്പെട്ടതിന് 79½.

4) 992 വൈകാശി (ഇടവം) മാസം 7-ാം തീയതി മുതൽക്കുള്ള ആധാരങ്ങളിൽ അച്ചടിച്ചിട്ടില്ലാത്തതിന് ആധാരം



ഒന്നിന്, ഒന്ന്-മുക്കാൽ-അര-പണം ക്രമത്തിന് മുതൽ ആയിരത്തി എണ്ണൂററി അറുപത്തിയെട്ടര....

5) കുടിയാനവന്മാരു എഴുതി വാങ്ങുന്ന ആധാരം മുതലായതു കോർട്ടിൽ കൊണ്ടുവന്ന് രജിസ്ററർ പതിപ്പാൻ- ആധാരം ഒന്നുക്ക് ഒന്നാക മുതൽ നാല്പത്തീരായിരത്തിമുന്നൂററിനാൽപത്തിയേഴ്.

6) കൊട്ടാരത്തിൽവച്ച് സീതാസ്വയംവരം വായിച്ച കരമന അയ്യാസ്വാമി ശാസ്ത്രിയാർക്കും, പുത്തൻതെരുവ് നീലകണ്ഠ ശാസ്ത്രിയാർക്കും ദക്ഷണ 143.

7) വടക്കേ കൊട്ടാരത്തിൽ രാമസ്വാമി കോവിൽ അഴിച്ചു പുത്തനായിട്ടു പണി ചെയ്യിച്ച വകയ്ക്ക് ചിലവ് 6713¼ പണം.

8) കോട്ടയ്ക്കകത്ത് പൂജനെൽപ്പുര (ഇന്നത്തെ പാഞ്ചജന്യം കല്ല്യാണമണ്ഡപം) അഴിച്ച് പുത്തനായിട്ട് തീർപ്പിച്ചതിന് ചിലവ്-13483.

9) തലശ്ശേരിയിൽ നിന്നും 988-ാമാണ്ട് കുടികളിൽ കള്ളന്മാരു മോഷ്ടിച്ചു കൊണ്ടുചെന്ന് വിററിരുന്ന 'അടിമകളെ' കർണൽ മൺറോ സായിപ്പിന്റെ ഉത്തരവും പ്രകാരം കൊല്ലത്ത് വന്നത് തിരികെ അവരവരുടെ വീടുകളിൽ ഏല്പിക്കത്തക്കവണ്ണം നിശ്ചയിച്ച് വള്ളത്തിൽകയററി ആലപ്പുഴയിൽ അയച്ചതിന് വള്ളക്കൂലി 5½ പണം.

10 **അപ്പീൽകോർട്ട്:-** സ്ഥാനപതി മുത്തുസ്വാമി മുതലിയാർ തിരുവനന്തപുരത്ത് തെക്കേത്തെരുവു കച്ചേരിയിൽ പാർത്തിരിക്കുമ്പോൾ 995-ാമാണ്ട് ആനി (മിഥുനം) മാസം 6-ാം തീയതി രാത്രിയിൽ കള്ളന്മാർ

കയറി മുതൽക്കാര്യം മോഷ്ടിച്ചു കൊണ്ടുപോയ സംഗതി-കള്ളന്മാരെ തിരക്കിപിടിക്കുന്നതിനായിട്ടു തിരുവനന്തപുരം മണ്ഡപത്തും വാതുക്കൽ തഹശീൽദാർ മുതലായ ആളുകൾ 'ശിലാഖ' ജപിച്ചു വിട്ടാറെ-വഞ്ചിയൂർ അധികാരത്തിൽ മടവിളാകത്തു കൊച്ചുനാരായണപിള്ള എന്നവന്റെ വീട്ടിൽ 'ശിലാഖ' കേറിശോധന ചെയ്തതിന്റെ ശേഷം മുതലിയാരുടെ വക മോഷ്ടിച്ചതിൽ ഏതാനും മുതലും ശീലത്തരങ്ങളും തൊണ്ടി കണ്ടതിനാൽ വീടുശോധന ചെയ്താറെ-പലരുടേയും വക മോഷ്ടിച്ചുകൊണ്ടു പോയതിൽ ഏതാനുംമുതൽ കാര്യങ്ങളും കാണുകകൊണ്ട് ആ വകകളും എടുപ്പിച്ച് കൊച്ചുനാരായണപിള്ള എന്നവനേയും, മോഷ്ടിപ്പാൻ കൂടിയിട്ടുള്ള കച്ചേരി വിചാരിപ്പു മല്ലൻപിള്ള മുതൽപേർ 23നേയും, ഹജൂർ കോർട്ടിൽ ഏല്പിച്ച് വക്കീൽവക 3862-ാമത് നമ്പരിൽ തീർപ്പും പ്രകാരം വഞ്ചിയൂർ അധികാരത്തിൽ മടവിളാകത്തു കൊച്ചുനാരായണ പിള്ളയെ തൂക്കിൽ ഇടുന്നതിനും, ദളവായ്ക്ക് എഴുതി അയച്ചാറെ-തീർപ്പുംപ്രകാരം തൂക്കിലിടത്തക്കവണ്ണം സാധനം എഴുതിവന്ന്കിളിവള്ളൂർ പ്രവൃത്തിയിൽ കുണ്ടറതെരുവിനും പടിഞ്ഞാറ്-കീഴ്മേൽ രാജവഴിക്ക് വടക്ക്-കുന്നിൻ പുറത്തു കൊണ്ടു ചെന്ന് തൂക്കിലിടുകയാൽ കുലച്ചോർ ഉൾപ്പെട്ട വകയ്ക്ക് ചിലവ് 6¼-ം, മുണ്ടുവില 3¾-ം, വെററില, പാക്കു, പുകയില 1-ം, കോഴിമുട്ട ¾-ം, ചാരായം വില 3½-ം തൂക്കിലിടാൻ വാങ്ങിച്ച പൊച്ചക്കയറ് ½-ം, ആകെ ചിലവ്-16¾ പണം.

11) സ്ഥാനപതി മുത്തുസ്വാമി മുതലിയാർ വക മുതൽ കാര്യങ്ങൾ വഞ്ചിയൂർ മടവിളാകത്തു വീട്ടിൽ കൊച്ചുനാരായണപിള്ള മോഷണംചെയ്തവകയിൽ ഏതാനും വകകൾ മേപ്പടിയാൻ വിററ് ചിലവിട്ടതിനു പകരം- അയാളുടെ വക കണ്ടുകെട്ടി വിററ വകയിൽ നിന്നും



കൊടുപ്പിച്ചതാക 509-ം. മേപ്പടിയാന്റെകൂടി മോഷണം ചെയ്ത തിരിച്ചന്തൂർ ശിവരാമൻ അണ്ണാവിയെ ബന്തോഖാനായിൽ ആക്കിയാറെ-മേപ്പടിയാന്റെ വക കണ്ടെടുത്ത വകയിൽ നിന്നും ഉത്തരവുംപടി മേപ്പടിയാന്റെ തള്ള 'ചിന്നമ്മ'യ്ക്കു തിരികെ കൊടുത്ത 200-ം, കൊച്ചുനാരായണപിള്ളയുടെ വകകൾ നാലു ചുമട്ടിലായി കൊല്ലത്തു കൊണ്ടുപോയതിന് കൂലി 18-ം, ആകെ 727-ം നീക്കി മുതൽകൂട്ട് 5264 പണം.

12) സ്ഥാനപതി ഉദ്യോഗമായിരുന്ന ചാലയിൽ സുബ്ബയ്യന്റെ ആയിമ്മപേർ 2-ം, മകൻ സുബ്ബരാമൻപേർ 1-ം, ആകെപേർ 3-ം, സേതുസ്നാനം ചെയ്ത് തിരിയെ വരാൻ മേനാവു 3-ക്ക് കൂലിപ്പണം 3000-ം, കൂടിപ്പോയവരിടെ ചിലവിനും സേതുവിൽവച്ച് (രാമേശ്വരം) ദാനം, ദക്ഷിണ, ഉൾപ്പെട്ട വകയ്ക്കും കൂടി ചിലവ്-7528½. ആകെ-10528½.

## തിരുവനന്തപുരം കോർട്ടുകാർക്ക്

കോർട്ടിൽ ശാസ്ത്രി എറത്തലശ്ശേരി പോററി-ചാലയിൽ 'ആവിട' എന്നവളോട് രണ്ടു കെട്ടു പുകയിലയും, ഒരു പണത്തിന്റെ മരുന്നും, കക്കൂലി പററിയ സംഗതിക്ക് സമ്മതിച്ച് കച്ചീട്ടു എഴുതിവച്ചപ്രകാരം നമുക്ക് എഴുതി വന്നിരിക്കകൊണ്ട് കോർട്ടിൽ ഇരിക്കുന്ന ആളുകൾ ഇതിന്മണ്ണം ചെയ്തു എന്നുവന്നാൽ-അവരെ ഉദ്യോഗത്തിൽ വയ്പാൻ ഉള്ളതല്ലാഴികകൊണ്ട് അയാളെ മാററിയിരിക്കുന്നു. അതിനുപകരം ഒരാളിനെ താമസിയാതെ നിശ്ചയിച്ചു അയക്കയും ചെയ്യും.

# റസിഡന്റിന്റെ കത്ത്

## 997M E.★

രായസം

നമുക്ക് സഹോദര തുല്യമായിരിക്കുന്ന ശ്രീ പത്മനാഭ സേവിനി വഞ്ചിധർമ്മവർദ്ധിനി രാജരാജേശ്വരി റാണി പാർവതീഭായി മഹാരാജാ അവർകൾക്ക്,

തിരുവിതാംകോട്ടു സംസ്ഥാനത്തിൽ വിപദി തെക്കൻ പനയാറുക്കും, അതിന്റെ പടിഞ്ഞാറെ മലയ്ക്കും നടുവിൽ കിടക്കുന്ന ദേശം, തിരുവിതാംകോട്ടു സംസ്ഥാനത്തേക്ക് ഒഴിഞ്ഞു കൊടുക്കത്തക്കവണ്ണവും, പടിഞ്ഞാറു ബന്ധിച്ച് നീളെ കിടക്കുന്ന മല രണ്ടു സംസ്ഥാനത്തേക്കും അതിർത്തി ആകുന്നു എന്നും ബഹുമാനപ്പെട്ട ചെന്ന പട്ടണത്ത് ഗവർണ്ണരുമെണ്ടാർ അവർകൾ നിശ്ചയിച്ച പ്രകാരമുള്ള അവസ്ഥ മഹാരാജാ അവർകളെ ബോധിപ്പിക്കേണ്ടുന്നതിനു എടവന്നു എന്നും, എത്രയും സന്തോഷത്തോടുംകൂടി നാം എഴുതികൊടുത്തയക്കുന്നു. ബ്രിട്ടീഷ് ഗവർമെണ്ടാർ അവർകളുടെ പുരാണമായുള്ള സ്നേഹിതന്റെ പേരിൽ സ്നേഹം ഒള്ളപ്രകാരം ബോധിപ്പിക്കേണ്ടുന്നതിന് ഈ എടവാട്ടിൽ ഒണ്ടായിരുന്ന സന്ദേഹങ്ങൾ ഒക്കെയും തീർച്ചയായിട്ടുള്ള വിസ്താരത്തിങ്കൽ ബഹുമാനപ്പെട്ട ഗവണർമെണ്ടാർ അവർകളിടെ അഭിപ്രായം അനുസരിച്ച് ഒഴികയും ചെയ്തു. എന്നും മഹാരാജാ അവർകൾക്ക് വിവരമായിട്ട് ബോധിപ്പിക്കവേണ്ടുന്നതിന് എഴുതി കൊടുത്തയക്കണമെന്ന് ബഹുമാനപ്പെട്ട ഗവണർമെണ്ടാർ അവർകൾ നമുക്ക് ഉത്തരവയച്ചിരിക്കുന്നു. തിരുവിതാം കോട്ടു സംസ്ഥാനത്തിന്റെ നന്മക്കായിട്ടു ബഹുമാനപ്പെട്ട ചെന്നപട്ടണത്തെ ഗവണർമെണ്ടാർ അവർകൾ പ്രത്യേകമായിട്ടുള്ള ആപ്തം കൊണ്ട് ഈ സംഗതിയിങ്കൽ ചെയ്തിരിക്കുന്ന ഗുണം എന്നെന്നേയ്ക്കും മഹാരാജാ അവർകളിടെ ചിന്തത്തിൽ



ധരിച്ചിരിക്കുമെന്നും കുറേ കാലമായിട്ടു രണ്ടു സംസ്ഥാനത്തേയും ഏകോത്ഭവിച്ച സ്നേഹം ആ ചന്ദ്രകാലത്തോളം സ്ഥിരമായിട്ട് നടന്നുവരുമെന്ന് നാം നിശ്ചയിച്ചിരിക്കുന്നു. മഹാരാജാ അവർകളും കുഞ്ഞുങ്ങളും, ഏറിയകാലം സ്നേഹമായിരിക്കണമെന്ന് നാം ഈശ്വരനെ പ്രാർത്ഥിക്കുന്നു. മഹാരാജാ അവർകളിടെ ക്ഷേമാദിശയങ്ങൾക്ക് കൂടെകൂടെ എഴുതിവന്ന് നമ്മെ സന്തോഷിപ്പിക്കണമെന്ന് നാം അപേക്ഷിക്കുന്നു. എന്ന് കൊല്ലം.

1822-ാം വർഷം മാർച്ചുമാസം 4-ാന്തു
997-ാമാണ്ട് കുംഭമാസം 24
കർണൽ-ദിവാൻ

ക്ഷുത്തൃട്ടാദികൾ തീർത്തഭീഷ്ടമഖിലം ലോകർക്കു
നൽകീടുവാൻ
വിത്തിട്ടാദിപുമാൻനിനച്ചുകൃപയാവഞ്ചീശവംശാകരേ
ഉത്രട്ടാതിയിലങ്കുരിച്ചു വളരും നല്ക്കല്പ
വല്ലിക്കുനേ-
രൊത്തിട്ടാരുലകത്രയത്തിലധുനാ: ഹാ ഹന്ത
ഭാഗ്യം നൃണാം
അസ്തം പ്രാപിച്ചു ഭാസ്വാൻ; ജഗതിവിതതമായ്
ദുഃഖമാം കൂരിരുട്ടി-
ങ്ങത്യന്തം ബാലനല്ലോ ഹിമകരനുദിതൻ സാമ്പ്രതം
ഗൂഢതേജാ!
ഉഗ്രവ്യാഘ്രങ്ങളുണ്ടിപ്പെരുവഴിയിലയം നിസ്സഹായൻ
നിനച്ചാ-
ലദ്യൂൽ സ്നേഹത്തോടേററം തെളിക ശുഭ ഗുണേ!
ദീപികേ! കൈതൊഴുന്നേൻ!

(ഇരയിമ്മൻതമ്പി)

# ദിവാന്റെ പേരിൽ അഴിമതി ആരോപണം

997-മാശി-25-ാനു

ദിവാൻ വെങ്കിട്ടരായരുടെ മേലുള്ള പലവിധമായിട്ടുള്ള കുററങ്ങളെ വിവരമായിട്ടു വിചാരണ ചെയ്യേണ്ടുന്നതിന് മേജർ ഇഷ്ടോട്ടും കാപ്ററൻ ലെഡ്ബെസ്സും കൊല്ലത്തിൽ കമ്മട്ടി കൂടുന്നതാകകൊണ്ട് ആ കമ്മട്ടിയിൽ ടിയാന്റെ മേലുള്ള കുററങ്ങളെ ഇനവിവരമായിട്ടും യഥാക്രമമായിട്ടും വിസ്താരമുറയ്ക്ക് സാക്ഷി സംഗതികളെക്കൊണ്ടും കണക്കുകളെകൊണ്ടും ഹാജരായിരുന്ന് വ്യവഹരിച്ചു കൊള്ളേണ്ടുന്നതിന് നമ്മടെ പേർക്ക് ദളവാരാമൻ മേനവൻ അതിശീഘ്രമായിട്ടു കൊല്ലത്തു വരേണ്ടതിന് ദളവായ്ക്ക് എഴുതിയ സാധനം ഇതിനോടുകൂടെകൊടുത്തയച്ചിരിക്കകൊണ്ട് തന്റെ കയ്യിൽ കിട്ടിയാൽ നാഴികയും താമസിക്കാതെ ദളവായ്ക്കു കൊടുത്തയച്ചു കൊള്ളുകയും വേണം. ദളവാ കൊല്ലത്ത് വന്നെത്തിയാൽ മേലെഴുതിയ വിസ്താരത്തിന് ഏതേതു കണക്കുകൾ വേണമെന്നു ചോദിക്കുന്നോ ആയതും- എത്ര സാക്ഷികളെ വരുത്തേണമെന്ന് പറയുന്നോ അവരെയും താമസിയാതെ വരുത്തിക്കൊടുത്തു ഒന്നിച്ചു വീഴ്ച വരുത്താതെ വേണ്ടുന്നതിന് ഒക്കെയും ഒത്താശ ചെയ്തു കൊടുത്തുകൊള്ളുകയും വേണം. ദിവാന്റെ മേലുള്ള കുററങ്ങളെക്കുറിച്ച് നാം കർണലിന് തൈമാസം 30-ാനു എഴുതിയ കടുദാസിന്റെ പേർപ്പും മാശിമാസം22-ാനു എഴുതിയ പട്ടികയുടെ പേർപ്പും കർണ്ണലിനെ ബോധിപ്പിച്ചു വരുന്ന ദളവായുടെ വശത്തിൽ ഏൾപ്പിച്ചു കൊടുത്തുകൊള്ളുകയും വേണം. ഈ സംഗതിയിങ്കൽ വേണ്ടുന്നതിന് ഒക്കെയും വിട്ടു



പോകാതെ വിസ്താരത്തിങ്കൽ ബോധിപ്പിക്കേണ്ടുന്നതിന് ബുദ്ധി എത്തുന്നിടത്തോളം വേണ്ടുംവണ്ണം ദളവായുമായിട്ടു ആലോചിച്ചും താനായിട്ടു പറയുവാനുള്ള ഹേതുക്കളെ വിവരമായിട്ടു പറഞ്ഞു ജാഗ്രതയായിട്ടു നടന്നു കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 997-ാമാണ്ട് മാശി മാസം 25-ാനു ദിവാൻ പേഷ്കാർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

ഭോഭോമാരുത! വഹിതാഖിലജഗൽ സന്താപ!ഹന്താധികം
ഗ്രീഷ്മോഷ്മപ്രസരപ്രഭൂതതൃഷയാതപാമർത്ഥയേ
ചാതകം;
ഏഷാ മേഘമതല്ലികാഖിലജഗൽപ്രാണേനനു
ന്നാതയാ
സാധോ! സാധു ദദാതുജീവനമനന്യാലംബനായാദ്യമേ

ജലാശയാഭ്യാശമുപേത്യ ചാതക-
സ്തൃഷാഭി ഭൂതോപി ജലംനയാചതേ;
ഘനേനയ ദവിഷ്ണുപദാവലംബിനാ
പ്രദീയതേ തൽഖലു വാഞ്ഛതി സ്വയം

(ഇരയിമ്മൻതമ്പി)

# ഇളങ്കുന്നപ്പുഴ ക്ഷേത്രത്തിൽ പൂജമുടക്കിയതിനെക്കുറിച്ചുള്ള വര്യോല

ഇളങ്കുന്നപ്പുഴ ക്ഷേത്രത്തിലും ദേശവഴികളിലും നെടുമങ്ങാട്ടു ദേശവഴിയിലുംപെരുമ്പടപ്പുസ്വരൂപത്തുങ്കലെ ആളുകൾ കാരണമായിട്ടു വെട്ടുംകുത്തും ഉണ്ടായി അത് സംഗതിയാൽ- 40 സംവത്സരവും-18 സംവത്സരവും ദേശം വാഴ്‌വാൻ ഇടവരുത്തി വീഴ്ചത്തും-പിന്നത്തതിൽ പെരുമ്പടപ്പുസ്വരൂപത്തിങ്കൽ നിന്നും പ്രായശ്ചിത്തം ചെയ്ത് ദേശം ഉറപ്പിച്ച് നടത്തിയിരിക്കുന്ന സംഗതികൾക്ക് പഴമയിൽ ഉണ്ടായിരുന്ന കണക്കുംപ്രകാരം വിവരമായിട്ടു അറിവെഴുതിയ വര്യോല.

997-ാമാണ്ട്

42 സംവത്സരം ദേശം വാഴ്‌വാൻ ഇടവരുത്തിയതിൻെറ വിവരം ഇളങ്കുന്നപ്പുഴ ക്ഷേത്രവും ദേശവഴികളും പെരുമ്പടപ്പു രാജ്യത്തു ഏററവും സമീപിച്ചുള്ള ദിക്കാകകൊണ്ടും ക്ഷേത്രാധീനവും ദേശാധിപത്യവും കൊല്ലുംകൊല ആദിയായിട്ടുള്ള കർത്തവ്യങ്ങൾ ഒക്കെയും പറവൂർ തമ്പുരാനു ആകകൊണ്ട് ആ ദേശവഴികളിൽ പെരുമ്പടപ്പിൽ തമ്പുരാൻ (പൊടിവ്) കൂററുകാററു കുഴപ്പള്ളിൽ കോവിലകത്തും ഞാറക്കൽകോവിലകത്തും തമ്പുരാക്കന്മാരു ദേശത്തിനകത്ത് ആയിരം പറ കണ്ടത്തോളം ദേവസ്വം ഒററി എഴുതിവാങ്ങിച്ച് അനുഭവിച്ചു വരുന്നതിനാൽ, പറവൂരെ കൽപ്പന കൂടെ അനുസരിച്ചു നടക്കേണമെന്നും വന്നിരിക്കുന്ന സംഗതിയാലും ദേവസ്വം ഇടപെട്ട കാര്യങ്ങൾ ഒക്കെയും പറവൂർതമ്പുരാനു ഒത്തപോലെ നടന്നു വരുന്നതിനാലും, പറവൂരേക്കുള്ള കോയിമ്മസ്ഥാനം തിരിയെ ഒഴിഞ്ഞു പോകേണമെന്നും,



ആയതിന് പറവൂർതമ്പുരാൻ ഇളങ്കുന്നപ്പുഴെ എഴുന്നെള്ളുക എങ്കിലും തമ്പുരാൻ കൽപ്പിച്ച് അയച്ചിട്ട് ബ്രാഹ്മണർ ഒരുത്തർ എങ്കിലും വരാതെ കൊടിയേററു അടിയന്ത്രം കഴിയുന്നതല്ലാഴികകൊണ്ടും ഉത്സവ അടിയന്ത്രത്തിന് പറവൂരെ ആളുകൾ ഇളങ്കുന്നപ്പുഴ എത്താതെയിരിക്കേണ്ടുന്നതിനു തടവുചെയ്ത് മുടക്കം വരുത്തിയാൽ, ആയതുകാരണമായിട്ടു സ്ഥാന സംബന്ധങ്ങൾ പെരുമ്പടപ്പിലേക്ക് കരേറിക്കൊള്ളാമെന്നും പെരുമ്പടപ്പു തമ്പുരാൻ കൽപ്പിച്ചു നിശ്ചയിച്ചു അരുവൂർ മുതൽ കൊടുങ്ങല്ലൂർ അഴിവരേയും കാവലിനു ആളാക്കി സൂക്ഷിപ്പിച്ചു പറവൂർനിന്നും നമ്പൂരിയെങ്കിലും, പട്ടന്മാർ എങ്കിലും വരുന്ന ആളുകളെ പിടിപ്പിച്ച് തൃപ്പൂണിത്തുറെ കൊണ്ടുചെല്ലത്തക്കവണ്ണം പെരുമ്പടപ്പിൽ തമ്പുരാൻ കൽപ്പിച്ച് ചട്ടം കെട്ടുകകൊണ്ടും ആയതു മുമ്പിൽക്കൂട്ടി പറവൂർതമ്പുരാൻ അറിവാൻ ഇടവന്നതിനാൽ പറവൂരേയ്ക്കുള്ള സ്ഥാനമാനങ്ങൾ ബലവാന്മാരായിട്ടുള്ളവര് 'കരേറുക' എന്നുവച്ചിരുന്നാൽ വളരെ സങ്കടം ഉണ്ടെന്നും, ദേവൻെറ നിയോഗം ഉണ്ടായിട്ട് നിവർത്തിക്കണമെന്നും കൽപ്പിച്ചിരിക്കുമ്പോൾ, പറവൂർ തമ്പുരാൻെറ സേവകനായിരിക്കുന്ന (പൊടിവ്) ചെന്നു ഉത്സവ അടിയന്ത്ര (പൊടിവ്') അതുകൊണ്ട് മനോവിഷാദം (പൊടിവ്)വന്നും നമ്പൂരിക്ക് കൊടുക്കണ (പൊടിവ്) റിവിക്കകൊണ്ട് ആയിരം പഴയ പണവും, നമ്പൂരിക്ക് കൊടുപ്പിച്ച് കൽപ്പിച്ച് അയക്കകൊണ്ടും, നമ്പൂരി ഒരു വാളും പരിചയും കൂടെ എടുത്തുകൊണ്ട് പോയാറെ-ഇളങ്കുന്നപ്പുഴ ഉത്സവഅടിയന്ത്രത്തിന് വാഴയില വേണ്ടുന്നവകയ്ക്ക് കുളപ്പോള അറപ്പിച്ച് വരുത്തി വാട്ടിക്കുത്തി ഇലയ്ക്കുപകരം ചിലവിട്ടു വരുന്നതാകകൊണ്ട് ഇളങ്കുന്നപ്പുഴ കൊടിയേറുന്ന ദിവസം 'കുളപ്പോള' അറുത്തുകൊണ്ട് വരുന്നതിനായിട്ടു ദേവസ്വംപിള്ളരെ വള്ളവുംകൊടുത്ത് കിഴക്കേക്കരെ പറഞ്ഞയച്ചു. അവരു 'വള്ളുവള്ളി' എന്ന ദിക്കിൽ ചെന്നപ്പോൾ അറക്കുമ്പോൾ 'കട്ടക്കോടത്തു' നമ്പൂരി അവിടെ ചെന്നു ദേവസ്വംപിള്ളരു

മായിട്ടു കണ്ടുപറഞ്ഞു സ്വാദീനമാക്കി ഒരുകെട്ടു 'കുള പ്പോള' അധികം അറത്തു കെട്ടിയതിൽ നമ്പൂരിയുടെ വാളും പരിചയും കൂടെവച്ചുകെട്ടി നമ്പൂരിയുടെപൂണൂൽ അരയിൽ താഴ്ത്തി ദേവസ്വം പിള്ളരും ഒന്നിച്ച്(പൊടിവ്) അസ്തമിക്കുന്ന സമയം (പൊടിവ്) ഇളകുന്നപ്പുഴ (പൊടി വ്) ങ്കൽവള്ളം (പൊടിവ്) എടുത്തുംകൊണ്ട് എല്ലാവരും അമ്പലത്തിനകത്തു കടന്നപ്പോൾ നമ്പൂരി കൊ ണ്ടു വ ന്ന 'പോളക്കെട്ട്' ദേവസ്വം പിള്ളർക്ക് കൊടുത്തു നമ്പൂരി 'വാളും പരിചയും' എടുത്ത് നാലമ്പലത്തിനകത്ത് ഗണ പതിയറയിൽ 'വാളും പരിചയും' കൊണ്ടുചെന്ന് വച്ച് ഗോപ്യമായിട്ടും ഇരുന്ന് വർത്തമാനംതിരക്കിയാറെ-പറവൂർ നിന്നും കൊടി ഏറിപ്പാൻ ആളുവന്നില്ലെങ്കിൽ-കൊടി ഏറി ച്ച് അടിയന്ത്രം നടത്തുവാൻ തൃപ്പൂണിത്തുറനിന്നും ബ്രാ ഹ്മണരായിട്ട് ചിലരു വന്നിട്ടുണ്ടെന്നും, അതിന്മണ്ണം കാര്യം നടത്തിക്കുമെന്നും നിശ്ചയം വരികകൊണ്ടും കൊ ടിയേററിൻെറ വട്ടങ്ങൾ ഒക്കെയും കൂട്ടി പറവൂർ നിന്നും ആളു വന്നില്ലല്ലോ എന്നും 'പാണി' കൊട്ടുന്നതിന് കോയി മ്മ പറയാതെ കഴിക ഇല്ലല്ലോ എന്നും സംസാരം ഉണ്ടായതി ൻെറ ശേഷം മന്നത്തു മൂത്തതു പറഞ്ഞ് പാണി കൊട്ടിക്കണ മെന്നും പെരുമ്പടപ്പിലെ കാര്യസ്ഥന്മാർ പറഞ്ഞ്-മൂത്ത തിനെക്കൊണ്ട് സമ്മന്തിയായിരിക്കുന്ന 'വയലിമൂഴിക്കുള ത്തു' മേനവന്മാരോടു പറയിച്ച് പാണി കൊട്ടുവാൻ ഭാവി ച്ചാറെ-മൂത്തതിൻെറ വാക്കു പ്രമാണിച്ച് പാണി കൊട്ടരു തെന്നും, നമ്പൂരി വിലക്കിയാറെ-ആയതു മറുത്തു പാണി കൊട്ടിയ മാരാൻെറ കൈ കടക്കേടെത്തു നമ്പൂരി വെട്ടിക്കളയു കയും ചെയ്തു.പിന്നത്തതിൽ ഉടൻതന്നെ പെരുമ്പടപ്പിലെ ആളുകൾ പലരുംകൂടി നമ്പൂരിയെ അമ്പ ല ത്തി ൽ വ ച്ച് കുത്തികൊന്നതു കാരണത്താൽ 42 സംവത്സരം ദേശംവീണു കൃഷിവേലക്കാര്യം പുരകെട്ട് ആദിയായിട്ടു ഒന്നും ഇല്ലാതെ കിടന്നു പോകയും ചെയ്തു. പിന്നത്തതിൽ ആയതു കാര ണത്താൽ കുറഞ്ഞോരു കാലം ചെന്നാറെ-ഭഗവൻ കോപം



കൊണ്ട് പലകൂട്ടം ദോഷവും ഉണ്ടാകയാൽ പ്രായശ്ചിത്തം കഴിച്ചു ദേശം നടത്തണമെന്നും, പറവൂർ തമ്പുരാനും സമ്മ തിച്ച് ഇളങ്കുന്നപ്പുഴ എഴുന്നെള്ളി വേണ്ടുംപ്രകാരം നിദാനം വരുത്തേണ്ടുന്നതിനായിട്ട് നമ്പൂരിമാര് പലരേയും സന്യാ സിമാരേയും പെരുമ്പടപ്പിൽ തമ്പുരാൻ കൽപ്പിച്ചു പറവൂർ അയച്ച് സമാധാനം പറയിച്ചാറെ-രണ്ടിടത്തുനിന്നും ഇളങ്കു ന്നപ്പുഴ എഴുന്നെള്ളി സന്യാസിമാരു ബ്രാഹ്മണരു മുത ലായ ആളുകൾ പലരേയും എത്തിച്ചു കൂടി വിചാരിച്ചു പെരുമ്പടപ്പിൽ തമ്പുരാൻ ആന ഇരുത്തി പ്രായശ്ചിത്ത വും ബ്രഹ്മഹത്യാ പരിഹാരവും കഴിപ്പിച്ച് കൊടിയേററി പൂജ അടിയന്ത്രം മുതലായതു ഒക്കെയും കീഴ് മര്യാദപോ ലെ നടത്തിക്കയും ചെയ്തു.

(ഇത് 441-ാമാണ്ടിടക്കാണെന്ന് 'ഊഹിക്കാൻ ലക്ഷ്യം ഉണ്ട്')

പരീരേഴാം മരത്തിന്നതിസുദൃഢമതായോരുനാരായ
വേരാം
കാരുണ്യാംഭോധി നാരായണനുടെ ചരണാം ഭോജ
മാരാധ്യനിത്യം
താരാർമാതിൻവിലാസത്തിനു ഭവനമതായോരുവഞ്ചി
ക്ഷിതീശൻ
പാരാവാരം ചുഴ നീടിന ധരണിതലാകല്പമാ
കല്പമാസ്താം
ചൊൽക്കീഴായുണ്ടു ചക്രീശ്വരനപിചകരേ ചക്ര
മുണ്ടന്തമെന്യേ
ചക്രപ്രീതിം വരുത്തുന്നവനൊരു വന ഹോ! ഹന്ത!
കണ്ണായിരിപ്പോൻ;
ചൊൽക്കൊള്ളും വഞ്ചിരാജ്യേ മലർ മകൾ കണവൻ
ചക്രവർത്തിതമാർന്നാൽ-
ച്ചക്രം വാരികൊടുക്കുന്നതു വിഷുദിവസേചിത്ര
മല്ലോർത്തുകണ്ടാൽ
(ഇരയിമ്മൻ തമ്പി)

# ഹജൂർ തിരട്ടുകൾ 10

കൊ: വ: 997★

1) ഉത്രട്ടാതി തിരുനാൾ വലിയതമ്പുരാൻ തിരുമനസ്സിലേക്ക് പള്ളിക്കെട്ടു പതിച്ചിരുന്ന കിളിമാനൂർ കോയിത്തമ്പുരാൻ മേപ്പടിയാണ്ട് അൽപ്പശിമാസം 15-ാനു തീപ്പെട്ടു പോകയാൽ മേപ്പടി വകയ്ക്ക് കൊടുത്ത കച്ചയ്ക്ക് ചിലവ് 19¼.

2) തിരുവനന്തപുരത്ത് പെരുമാൾ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ മേപ്പടിയാണ്ട് കാർത്തികമാസം (വൃശ്ചികം) 5-ാനു മുതൽ മുറജപം തുടങ്ങി തൈ (മകരം) മാസം ഒന്നാം തീയതി ലക്ഷദീപം കഴിഞ്ഞ വകയ്ക്ക് മുറജപം നാൾ 49-ം, മൃഷ്ടാന്നം നാൾ7-ം, ആകെനാൾ 56ക്ക് അഗ്രശാലയിൽവച്ച് നമ്പൂരിമാർ, പോററിമാർ, ഉൾപ്പെട്ടവർക്ക് സദ്യ കഴിപ്പിച്ച വകയ്ക്കും, അവൽ ഉൾപ്പെട്ട കോപ്പുകൾ കൂട്ടി ചിലവിട്ട വകയ്ക്കും തിരുവപ്പടി ചിലവ് നെൽ 59472പറ 4 ഇടങ്ങഴിക്ക് വിലത്തരം-87318¾.

3) ഹജൂർ ഇംഗ്ലീഷ് എഴുത്ത് റയിട്ടറായിരുന്ന 'ഇഷ്ടിവിനേശ്' 996 വൈകാശിയിൽ (ഇടവം) കഴിഞ്ഞുപോകകൊണ്ട്-ടിയാൻ ഒടുക്കം കെട്ടിയ പെണ്ണുംപിള്ളയിൽ ഒന്നര വയസ്സായ ഒരു കുഞ്ഞും, 10 മാസം ചെന്നതിൽ ഒരു കുഞ്ഞും, മേപ്പടിയാളിടെ കൂടെ പാർക്കുന്നതു പോകെ-മേപ്പടിയാൻ മുമ്പു കെട്ടിയിരുന്ന പെണ്ണുംപിള്ളയിൽ ഒള്ള കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിന് ആളില്ലാത്തതിനാൽ 10 വയസ്സിൽ ഒരാണിനേയും, 5 വയസ്സിൽ ഒരു പെണ്ണിനേയും, മിസ്തർ റയിനീസിന്റെ കൂടെയും, 6 വയസു ചെന്നതിൽ ഒരു പെണ്ണിനെ അയാൾ



ഇരിക്കുമ്പോൾതന്നെ കൊച്ചിയിൽ ഒരു ജൂതത്തിയോടു കൂടെ പാർപ്പിച്ചിരിക്കുന്നു എന്നും ഇവർക്ക് നിദാനത്തിന് ഒരു വക ഇല്ലാഴികകൊണ്ട് 'ഒടുക്കലത്തെ കെട്ടിയവളെ' വേറിട്ടു കെട്ടുന്നതുവരെ എങ്കിലും 'ഇഷ്ടിവിനേശ്' കപ്പ്പ്പായ് കച്ചവടത്തിനായി പണ്ടാര വകയിൽനിന്നും വാങ്ങിച്ചിരിക്കുന്ന മുതലിന്റെ കൈകണക്ക് തീർത്ത് പണ്ടാര വകയ്ക്ക് വരുവാനുള്ള മുതൽ ഒടുക്കി അവരുടെ വക വസ്തുവക ഒഴിപ്പിച്ച് കൊടുക്കുന്നതുവരെ എങ്കിലും അവർക്കും രണ്ടു കുഞ്ഞുങ്ങൾക്കും. ചിലവിന് മാസം 4 വരാഹനും 10 വയസ്സുള്ള ആണിനും, 6 വയസ്സുള്ള പെണ്ണിനും, 4 വയസ്സുള്ള പെണ്ണിനും 3 വരാഹനും കൊടുപ്പിക്കണമെന്ന് 997 മാർകഴി (ധനു) മാസം 19-ാംതീയതിയിലെ നീട്ടുംപടി മാർകഴിമാസം മുതൽ ചിലവ്-

4) തിരുമനസ്സുകൊണ്ട് 997 ആനിമാസം (മിഥുനം)24-ാനു ശംഖുമുഖം കടപ്രത്തു എഴുന്നെള്ളിയ സമയം 'തിരുവാരത്ത്' കുതിരയെ ഇറക്കി കളിപ്പിച്ച തുറുപ്പിൽ സുബേദാർ അബ്ദുൾ ഖാതർക്ക് ഇനാം രൂപാ 25ക്കു 6½ വിലയ്ക്ക് 162½ പണം.

5) വഞ്ചിയൂർ കാളികാളിയുടെ തള്ള 'കാളി'യെന്നവളെ വിശ്വസിച്ചിരുന്ന വഞ്ചിയൂർ മടവിളാകത്തു വീട്ടിൽ കൊച്ചുനാരായണ പിള്ള സ്ഥാനപതി മുത്തുസ്വാമി മുതലിയാരുടെ വീട്ടിൽ മോഷണം ചെയ്ത സംഗതിക്ക്-മേപ്പടിയാനെ തൂക്കിലിടുകകൊണ്ടും - മോഷണം ചെയ്തയവസ്ഥ കാളികാളിയുടെ തള്ളകൂടി അറിഞ്ഞിരിക്ക കാരണത്താൽ-അവളെ തോവാളയ്ക്കു വെളിയിലാക്കി വസ്തുവും വകയും കണ്ടുകെട്ടി എടുകകൊണ്ട് മേപ്പടിയാളിടെ മകൾ കാളി എന്ന പെണ്ണിനെ രക്ഷിക്കുന്നതിന് ഒരുത്തരെ ഏൾപ്പിച്ച് അവാൾക്ക് ചിലവിന് മാസം ഒന്നുക്ക് 15 പണം വീതം അടുത്തൂൺ

പതിച്ച് കൊടുത്തുകൊള്ളത്തക്കവണ്ണം 996 ആനിമാസം 25-ാം തീയതി കൽപ്പിച്ചു നീട്ടു വന്നപ്രകാരം കൊടുത്തു വരുന്നതാക ചിലവ്-180 പണം. (996-997)

6) അശമന്തുർ പ്രവൃത്തിയിൽ മേനലക്കരയിൽ പടിഞ്ഞാറെ ഈഞ്ചയ്ക്കൽ വീട്ടിൽ കൃഷ്ണപിള്ള എന്നവൻ- മരിച്ചു പോയതിൻെറ ശേഷം, അവൻെറ തള്ളയും, ഉടപ്രന്നവളും, ഉണ്ടായിരുന്നത് അപരാധം ഉണ്ടായി 'മാർഗ്ഗത്തിൽ' കൂടി പുറപ്പെട്ടു പൊ യ് ക്ക ള ക കൊ ണ്ട് വസ്തുവും വകയും കണ്ടുകെട്ടി കോർട്ടിൽഏറ്റപ്പിച്ച് തീർപ്പുംപ്രകാരം വിററതാക വീടൊന്നുക്ക് 107-കന്നുകാലിവിററ-117-ആകെ വിററ മുതൽ 224.

7) 995-ാമാണ്ട് പയനീർ പട്ടാളം കൊല്ലത്തു നിന്ന് ആര്യങ്കാവ് പാതയ്ക്ക് വഴി വെട്ടുമ്പോറം വെട്ടി ചേതം വന്ന വസ്തുക്കളുടെ കരം കുറവെഴുതാതെ കിടന്നത് കുറവെഴുതിയതാക പണം 700.

8) ഉത്രം തിരുനാറം തിരുമനസ്സിലെ ജാതകം ഒണ്ടാക്കികൊണ്ടുവന്ന് തിരുമനസ്സറിയിച്ച കൊട്ടാരക്കര ശേഖരൻ ആയാന് ഇനാം 300 പണം.

9) ദിവാനുദ്യോഗമായിരുന്ന ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് ദിവാനുദ്യോഗത്തിന്ആടിമാസം(കർക്കടകം) 30-ാം തീയതി നീട്ടു കൊടുക്കയാൽ അന്നുമുതൽ 2000 രൂപാ തീരുവ.

10) മതിലകത്ത് ശ്രീപത്മനാഭസ്വാമി പെ രു മാ റം ക്ക് പൊന്നുകൊണ്ട് അങ്കിയും, അനന്തന് വെള്ളികൊണ്ട് പാമ്പണയും തീർപ്പിക്കേണ്ടുന്നതിന്, ശാസ്ത്രത്തിനു പണിയിക്കുന്ന വകയ്ക്കായിട്ടു വരുത്തിയിരിക്കുന്ന കാണിപ്പയ്യൂർ നമ്പൂരിപ്പാട്ടിലേക്ക് ഇല്ലത്തേക്ക്



പോകുമ്പോറം ഇനാമായിട്ടു കൊടുത്ത രൂപാ 600ക്ക് 7 വിലയ്ക്ക് 4200 പണം.

11) ചോതി തിരുനാറം തിരുമനസ്സിലേക്ക് ഇംഗ്ലീഷു വിദ്യ അഭ്യസിപ്പിക്കുന്ന തഞ്ചാവൂർ സുബ്ബരായർക്ക് ആവർത്തന വിവാഹത്തിന് ചിലവ് 14000 പണം.

12) ആശ്രാമം അനന്ത വെങ്കിട്ടരാമജോത്സ്യർക്ക് കല്ല്യാണം വകയ്ക്ക് ചിലവ്-2000 പണം.

13) കൈമുക്ക് വൈദികന് വേളിക്ക് ഇനാമായി കൊടുത്തത് 1000 പണം.

14) സ്വാതി തിരുമനസ്സിലേക്ക് മുലകൊടുത്തിരുന്ന തിരുവനന്തപുരം കോട്ടമുക്കു വീട്ടിൽ ഈശ്വരിക്ക് പേററു ചിലവിന് 75 പണം.

15) തിരുവനന്തപുരം തഹശീൽദാർ സുബ്ബരായർ-മുറജപം വകയ്ക്ക് വെളിച്ചെണ്ണ അളന്ന വാണിയൻ ആറുമുഖം മുതൽപേരോട് കൈക്കൂലി വാങ്ങിച്ചതാക മുതൽ 700 പണം.

16) മേപ്പടി രായർ പണി വകയിൽനിന്നും തീർപ്പിച്ച 'സപ്രമഞ്ചകട്ടിൽ' ഒന്നും, കാളവണ്ടി ഒന്നും, പെട്ടകം 23ം വില 6907-ൽ മരവില- പിത്തളവില, വകയ്ക്ക് മേപ്പടിയാർ തർക്കം പറഞ്ഞ 1847-ം, നീക്കി ഏററെഴുതിവച്ച കച്ചീട്ടും പ്രകാരം മുതൽ 567.

**998M. E.** ★

# ദാസി രാമനാഥ മാണിക്യം

അനുവ്

ന: 125

998 ധനു 4-൹

തിരിച്ചന്തൂർ ദാസി രാമനാഥമാണിക്യം എന്നവൾക്ക് 994-ാമാണ്ട് കൽപ്പിച്ചു പേരു കൊടുത്തയച്ചതിന്റെശേഷം, അനുഭവം ഒന്നുംതന്നെ വച്ചു കൊടുത്തിട്ടില്ലെന്നും, പേരു കൊടുത്ത ദാസികൾക്ക് കൊടുത്തുവരുന്ന പതിവിൻവണ്ണം നാൾ ഒന്നിന് രണ്ടു പടി അരിയുടെ ചോറ് വീതം കൊടുപ്പിക്കണമെന്നും സങ്കടം ബോധിപ്പിച്ച സംഗതിക്ക് കൽപന പ്രകാരം ഉത്സവംവക ചിലവു മിച്ചം വകയിൽനിന്നും നാൾ ഒന്നിന് രണ്ടു പടി അരിയുടെ ചോറ്‌വീതം കൊടുപ്പിച്ചു കൊള്ളത്തക്കവണ്ണം 996-ാമാണ്ട് മീനമാസം 28-൹ ഉത്തരവു കൊടുത്തയച്ചാറെ-ഏതാനുംദിവസം അതിൻവണ്ണം കൊടുത്തുവന്നുഎന്നും, പിന്നത്തതിൽ കൊടുക്കാതെ തടസ്സം പറഞ്ഞു മുടക്കം വരുത്തിയിരിക്കുന്ന പ്രകാരവും പേരു കൊടുത്ത ദാസികൾക്ക് കട്ടള വകയിൽ നിന്നും ചോറു കൊടുപ്പിച്ചുവരുന്ന പതിവിൻവണ്ണം രാമനാഥമാണിക്കം എന്നവൾക്ക് കൊടുപ്പിക്കാഞ്ഞാൽ സങ്കടംഉണ്ടെന്നും അവൾ ഇവിടെവന്ന് പറഞ്ഞ് പാർക്കുന്ന സംഗതിക്ക് ഇരവിപിള്ള സർവാധികാര്യക്കാർക്ക് ഉത്തരവു കൊടുത്തയച്ചു വർത്തമാനം തിരുമനസ്സറിയിച്ചതിന്റെശേഷം കൽപ്പിച്ചു പേരു കൊടുത്തിട്ടുള്ള ദാസികൾക്ക് കൊടുത്തുവരുന്ന പതിവിൻപ്രകാരം മേലെഴുതിയ രാമനാഥമാണിക്കം എന്നവൾക്ക് നാൾ ഒന്നിന് രണ്ടുപടി അരി വീതം തിരിച്ചന്തൂർ കട്ടളവക പതിവിൽ കൂട്ടി എഴുതിച്ചു അവളുടെ പേർക്ക് ഒരു പാനയും തീർപ്പിച്ച് ആ വക അരിവച്ചു നിവേദിച്ചു മുടക്കം കൂടാതെ കൊടുക്കത്തക്കവണ്ണം നിദാനം വരുത്തികൊള്ളണമെന്നും വൃശ്ചികമാസം 25-൹ എഴുതിയ നീട്ടു വന്നതിൻവണ്ണം നടത്തിപ്പാൻ ഉത്തരവ്.



# വരദക്ഷിണയും— വിവാഹപ്രായവും

ശ്രീ പത്മനാഭ സേവിനി വഞ്ചിധർമ്മ വർദ്ധിനി രാജരാജേശ്വരി റാണി പാർവതീഭായി മഹാരാജാവ് അവർകൾ സകലമാന ജനങ്ങൾക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം

മലയാളത്ത് നമ്പൂരിമാരുടേയും, പോററിമാരുടേയും വകയിലുള്ള കന്യകമാരെ വിവാഹം കഴിച്ചു കൊടുക്കുമ്പോൾ വരദക്ഷിണ വകയ്ക്ക് ഒരു നിശ്ചയം ഇല്ലാതെ ആയിരം രണ്ടായിരവും അതിലധികവും പണം കൊടുക്കണമെന്നുള്ള ചട്ടം നടന്നുവരുന്ന കാരണത്താൽ ആയതിന് വകയില്ലാതെ സന്തതി ബ്രഹ്മസ്വമായിട്ടുള്ള ഉൽപ്പത്തികൾ വിററു നശിപ്പിക്കയും ചിലർക്ക് ആയതിന് വകയില്ലാത്തതിനാൽ കന്യകകളെ 30- , 40-ം വയസ്സുവരേക്കും വിവാഹം കഴിച്ചു കൊടുപ്പാൻ ഇടയില്ലാതെ അതിൽ ചിലതു ദോഷപ്പെട്ടുപോകയും മററും ഏറിയ നാനാവിധങ്ങളായിട്ടും തീർന്നിരിക്കകൊണ്ട് മേൽ അതിൻവണ്ണം വരാതെ രാജ്യത്തേക്കും പ്രജകൾക്കും അഭിവൃദ്ധിയായിട്ടും ശ്രേയസ്സായിട്ടും വരേണ്ടുന്നതിൽ നാം നിശ്ചയിച്ചു വിളംബരം പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ — നമ്മുടെ രാജ്യത്തിൽ ഇരിക്കുന്ന നമ്പൂരിമാരിടേയും പോററിമാരുടേയും കന്യകകളെ ഒക്കെയും പത്തു വയസ്സിനുമേൽ 14 വയസ്സിനകം വിവാഹം കഴിച്ചു കൊടുത്തുകൊള്ളുകയും വേണം. വരദക്ഷിണ അധികം കൊടുക്കണമെന്ന് ചോദിക്കുന്ന കാരണത്താൽ ആയതിനു ഗതിയില്ലാതെ വിവാഹംകഴിച്ചു കൊടുക്കുന്നതിന് താമസം വരുന്നതാകകൊണ്ട് വരദക്ഷിണ വകയ്ക്ക് കന്യക ഒന്നിന് 700 കലിയൻ അല്ലാതെ അധിലധികവും കൊടുക്കയും വാ

ങ്ങിക്കയും ചെയ്തു പോകയും അരുത്. ഇതുവരക്കും വിവാഹം കഴിപ്പിച്ചു കൊടുക്കാതെ 14 വയസ്സിലധികം പ്രായം ചെന്നിരിക്കുന്ന കന്യകകളെ ഒക്കെയും രണ്ടു സംവത്സരത്തിനകം വിവാഹം കഴിച്ചുകൊടുത്ത് മേലും ഈ നിശ്ചയിച്ചിരിക്കുന്ന ചട്ടത്തിൻപ്രകാരം നമ്മുടെ രാജ്യത്ത് പാർക്കുന്ന നമ്പൂരിമാര് പോററിമാര് എല്ലാവരും അനുസരിച്ചു നടന്നു കൊള്ളുകയും വേണം. ഈ ചട്ടത്തിന് ആരെങ്കിലും വ്യത്യാസമായിട്ടു നടക്കുകയും വിരോധങ്ങളായിട്ട് ശ്രമിക്കയും ചെയ്താൽ ആയാളുകളെ കോർട്ടിൽ ഏററുപ്പിച്ച് ധർമ്മശാസ്ത്രപ്രകാരം ഒള്ള ശിക്ഷയ്ക്ക് ഉൾപ്പെടുത്തുകയും ചെയ്യും.

എന്ന് 998-ാമാണ്ട് കർക്കടകമാസം 31-ാനു

പത്മനാഭപുരം കൊട്ടാരത്തിൽ ഇരുന്ന സരസ്വതി അമ്മനെ 984-ാമാണ്ട് കൊള്ളയിട്ടു കൊണ്ടു പോയതു പാളയം കോട്ടയിൽ മാട്ടു മേത്തിരി പെരുമാൾ പിള്ള വശം ഇരിക്കകൊണ്ട് ആയതിനെ-തിരുവനന്തപുരത്തു നിന്നും ആളയച്ചു വരുത്തുകയാൽ, ടി അമ്മനെ എഴുന്നെള്ളിച്ച് കൊണ്ടുവന്ന പുലാമുടയപിള്ളയ്ക്കു കൊടുത്ത ചിലവുപണം 65/കൂടിവന്ന മുദ്ര ശിപായി സുബ്രഹ്മണ്യന് 32½ മേത്തിരിക്ക് വെററിലപാക്ക് ചിലവിന് പുലാമുടയ പിള്ളവശം കൊടുത്ത പണം700/



# ഹജൂർ തിരട്ടുകൾ 11

കൊ: വ: 998★

1) ദിവാൻ പേഷ്കാർ ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് 997 ആടിമാസം 31-ാം തീയതി ദിവാനുദ്യോഗത്തിന് കൽപ്പിച്ചു നീട്ടു കൊടുക്കയാൽ-ആവണിമാസം 1-ാനു ബ്രാഹ്മണർക്ക് സർവാണി കൊടുത്ത വകയ്ക്ക് ഇനാമായിട്ട് കൊടുത്ത ചിലവ് 4843½ പണം.

2) ദിവാനുദ്യോഗത്തിന് വെങ്കിട്ടരായർക്ക് നീട്ടുംമുദ്രയും കൊടുക്കുമ്പോൾ വാങ്ങിച്ചു കൊടുത്ത സാൽവാ-ഉറുമാൽ-എന്നിവയ്ക്ക് ചിലവു പണം 420.

3) ഹജൂർ കോർട്ടിൽ ഏറിയ നമ്പർ കുടിശ്ശിഖയായിട്ടു കിടക്കുന്നതിനാലും കൊല്ലം-കോർട്ട് മേൽപടിയാണ്ട് ആവണിമാസം (ചിങ്ങം) മുതൽ നിർത്തൽ ചെയ്ത് പോകയാലും, ആ വ്യവഹാരങ്ങളും കൂടെ ഹജൂർകോർട്ടിൽ കേട്ടു വരുന്നതിനാലും, കൊല്ലം രണ്ടാം ജഡ്ജിയായിരുന്ന ഈപ്പൻ കൊച്ചുകുഞ്ഞിനെ തല്ക്കാലത്തേക്ക് മൂന്നാം ജഡ്ജിയായി 100 രൂപായ്ക്ക് ആക്കിയതിന്മണ്ണം കൂടുതൽ 700/.

4) എൻജിനിയർ ധ്വര പൊന്മന അണ കാണുന്നതിനായി 997 ആടിമാസം വരികയാൽ നെയ്യാററിൻകര മുതൽ പാറശാല വരെ മേനാക്കൂലി വകയിൽ 123¼.

5) തിരിച്ചന്തൂർ നാരായണൻ കവിരായർ-തിരുമനസ്സിലെ കൊണ്ട് കവിതയുണ്ടാക്കി അറിവിക്കയാൽ ഇനാം കൊടുത്ത ചിലവ് 700.

6) കവിതയുണ്ടാക്കി തിരുമനസ്സറിയിച്ച തിരുപ്പതി ശ്രീനിവാസയ്യങ്കാർക്ക് വീരചങ്ങല തീർപ്പിച്ച വകയ്ക്ക് 250

7) ധർമ്മ പള്ളിക്കൂടം സ്ഥലം 18ൽ വാദ്ധ്യാന്മാർ 34ക്കു ചിലവ് - 20133¼.

8) ***കൈവഴിച്ചെല്ലു:-*** മതിലകത്ത് പെരുമാൾ ശ്രീ പത്മനാഭസ്വാമിക്ക് നിത്യനിദാനം, നിവേദ്യം വകയ്ക്ക് നിവേദിച്ചു വന്ന ''പൊന്നുപൊതിഞ്ഞ നവരത്ന ചിരട്ട'' ജീർണ്ണം വന്നു പോയതിന് പകരം പൊന്നു പൊതിഞ്ഞ വകയ്ക്ക് ചിലവ് വിട്ടിട്ട തങ്കക്കാശ് 69ക്ക് തൂക്കപ്പടി-കാശു 67 പണമിട-1¼ക്ക് 37 വിലയ്ക്ക് 2517-ം, 9¼ മാററിൽ തങ്കം ഇട പവൻ 2¼ മഞ്ചാടി-100ക്ക് ആകെ ചിലവായ 2650¼ പണം.

9) ***നിത്യച്ചിലവ്:-*** സ്വാതിതിരുനാൾ തിരുമനസ്സിലേക്കും, ഉത്രം തിരുനാൾ തിരുമനസ്സിലേക്കും തൃക്കയ്യിൽ വച്ച് ചിലവിടുന്നതിന് ചിലവ് 686 പണം.

10) ആലപ്പുഴ കടപ്രത്ത് ചീക്കുപുരയിൽ പാർപ്പിച്ചിരിക്കുന്ന നൊണ്ടി, കുരുടൻ, ചപ്പാണി, മുതലായ ദീനക്കാർക്ക് കഞ്ഞിയും മരുന്നും, കൊടുത്ത വകയ്ക്ക് മാസം 1ക്ക് 45 പൂവരാഹൻ വീതം ആലപ്പുഴ പാതിരിവശം കൊടുപ്പാൻ പതിവു വച്ചിരിക്കുന്നതാകമാസം 1ക്ക് 1125 പണം വീതം ചിലവ് 13500.

11) കൊച്ചിയിൽ നഞ്ചപ്പയ്യൻ കൊടുത്തയച്ച പഞ്ചവർണ്ണക്കിളി കൊണ്ടുവന്ന (ശിലാഖ) ഹരിക്കാരനു ഇനാമായി കൊടുത്ത ചിലവ്-70 പണം.

12) കിളിമാനൂർ കോയിക്കലിന് കിഴക്കു വശത്ത് പുത്തനായിട്ട് മാളികയും, മുഖപ്പന്തലും, വേട്ടയ്ക്കൊരു മകൻ കോവിലും, ചെറിയ പടിഞ്ഞാററതിൽ ഭഗവതി കോവിലും, മാളികയ്ക്ക് മേക്കുവശത്ത് നാടകശാലയും, പുത്തനായിട്ടു പണി ചെയ്യിച്ച വകയ്ക്ക് -



കോയിക്കൽ ഉൾപ്പെട്ട സ്ഥലം അററകുററമുള്ളത് തീർത്ത് കഴുക്കോലും, പട്ടിയലും, കേടുള്ളത് മാററി മേപ്പടി സ്ഥലവും മാളിക ഉൾപ്പെട്ട സ്ഥലവും ഓടു മേഞ്ഞ് അററകുററം തീർത്ത വകയ്ക്ക് വാങ്ങിച്ച തേക്കു തടിയും, കുററിയും, ഉരുവ് 353ക്ക് വിലയും, ചങ്ങാടക്കൂലിയും 9642¼, തടിയും പട്ടിയലുംഅറുപ്പു വകയ്ക്ക് 4136¼, ''ചിറേറാട്'' പുത്തൻ 225559ക്ക് 5¼ വീതം അറുപ്പുകൂലി കാച്ചുകൂലി വകയിൽ12401¼, വക ഓട് 5249ക്ക് 100ക്ക് 37½ വീതം 196¼ ഓടറുപ്പ്, മണ്ണെടുപ്പ്, വിറകുവെട്ട്, ചുമട്ടുകൂലി 461¾, ആനക്കാർക്ക് കൂലി154¾, ആശാരി ഉൾപ്പെട്ടപേർക്ക് ഇനാം 477¾, ആകെ മൊത്തം കിളിമാനൂർ കോയിക്കൽ പണി വകയ്ക്ക് ചിലവ് 16310 രൂപാ.

13) ***അപ്പീൽകോർട്ട്:-*** തിരുവനന്തപുരം കോർട്ടിൽ തീർപ്പും പ്രകാരം കൊല്ലകുളത്തൂർ അധികാരത്തിൽ കിളളിയറ ഗണപതി കോവിലിൽ ശാന്തി കൃഷ്ണൻ പോററിയും, അയാൾ വിശ്വസിച്ചിരുന്ന വള്ളി അരത്തയും, കോവിലിൽ ഇരിക്കുമ്പോൾ-യാതൊരു ഹേതുവും കൂടാതെ മേൽപടി അധികാരത്തിൽ കുറുമ്പേററിൽ പുരയിടത്തിൽ ഈഴം ഭഗവതി എന്നവൻ കോവിലനകത്ത് കയറി കൃഷ്ണൻപോററിയുടെ തലയും അറുത്ത് 'അരത്ത' എന്നവളേയും കുത്തിമുറിച്ച് അപായം വരുത്തിയ സംഗതിക്ക് വിസ്തരിച്ച വിസ്താരത്തിൽ തെളിഞ്ഞതിന്മണ്ണും മേലെഴുതിയ പ്രകാരം ചെയ്ത കുററത്തിന് മേപ്പടി കോവിലിന്റെ മേലേക്കാട്ടിൽ വച്ച് തൂക്കിലിട്ടതാക പേർ 1 - ചിലവ് 14 പണം.

## 999 M E. ★

# സംശയാലുക്കളെ പുറത്താക്കാൻ നടപടി

ശ്രീ പത്മനാഭ സേവിനി വഞ്ചിധർമ്മ വർദ്ധനീ രാജരാജേശ്വരി റാണി പാർവതീഭായി മഹാരാജാവ് അവർകൾ സകലമാന ജനങ്ങൾക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം

എന്തെന്നാൽ - പര രാജ്യത്തുള്ള ആളുകളും അതിൽ പ്രധാനമായിട്ടു മുക്കാണികളും എപ്പോഴും ഓരോ കാര്യത്തിനായിട്ട് തിരുവനന്തപുരത്ത് വന്ന് പാർത്തുകൊണ്ട് ഏറിയ കൃത്രിമങ്ങൾ ചെയ്തു വരുന്നതു നാം അറിഞ്ഞു. ആയതിന് ഇപ്പോൾ വിളംബരം പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ—

1-ാമതു ഇപ്പോൾ തിരുവനന്തപുരത്ത് വന്നു പാർക്കുന്ന മുക്കാണികൾ ഒക്കെയും ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്ന നാൾമുതൽ രണ്ടു ദിവസത്തിനകം തിരുവനന്തപുരം വിട്ടു പൊയ്ക്കൊള്ളുകയും വേണം.

2-ാമത് ഇനിമേൽ മുക്കാണികളിൽ പുത്തനായിട്ടു ആരെങ്കിലും തിരുവനന്തപുരത്തു വന്നാൽ മൂന്നു ദിവസത്തിലധികം പാർപ്പാൻ ആവശ്യമില്ല. അതിന്മണ്ണം മൂന്നുദിവസം പാർക്കുന്നതിനിടയിൽ ആയാളുകൾ കൊട്ടാരം എടപെട്ടു നിൽക്കുന്ന ആളുകളുടെ വീട്ടിൽ പോകയും കാണുകയും അവരോടു സംസാരിക്കുകയും അല്ലാതെ ഓരോ കലശലിനും കൃത്രിമത്തിനും എട ഒണ്ടാക്കുകയും ചെയ്തു എന്നു വരികയും അരുത്. അതിന്മണ്ണം ആയാളുകൾ വന്നു ഇവിടെ പാർക്കുന്ന ദിവസങ്ങളിൽ ഏതുപ്രകാരം നടന്നു വരുന്നു



എന്നു അറിഞ്ഞു ബോധിപ്പിക്കേണ്ടുന്നതിന് ചട്ടം കെട്ടിയിട്ടും ഒണ്ട്.

3-ാമത്: തിരുവനന്തപുരത്ത് അഗ്രശാലയിൽ ഭക്ഷിപ്പാൻ വരുന്ന വഴിപോക്കരു മുതലായ ആളുകൾ ദിവസം പ്രതിയും മുത്താഴത്തിനും അത്താഴത്തിനും, എല വയ്ക്കുന്ന സമയത്ത് അവിടെചെന്ന് ഒരു നിലവിളിയും കലശലും അഹംകാരങ്ങളും ഒണ്ടാക്കാതെ ഭക്ഷണവും കഴിച്ചുംകൊണ്ട് ഉടനന്നെ കോട്ടയ്ക്കു വെളിയിൽ അവരവരുടെ ഗൃഹങ്ങളിൽ പൊയ്ക്കൊള്ളുകയും വേണം. ഈയാളുകൾ സ്വാമി ദർശനത്തിനെന്നും, ഊട്ടുപുരയിൽ ഭക്ഷിപ്പാനെന്നും, ദാനം വാങ്ങിപ്പാനെന്നും വ്യാജമായിട്ട് ഓരോ പേരും പറഞ്ഞ് തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് വന്ന് പാർത്തുംകൊണ്ട് ഓരോ കുസൃതിക്കും, കൃത്രിമത്തിനും എട ഒള്ള സംസാരം ഒണ്ടാക്കി വരുന്ന പ്രകാരം നാം അറികകൊണ്ടും അങ്ങനെ ഒള്ള ആളുകൾ ചെയ്യുന്നതിനെ തെരക്കിപ്പിടിക്കത്തക്കവണ്ണം പോലീസുവക ഉദ്യോഗസ്ഥന്മാർക്ക് ഉത്തരവു കൊടുത്തു ചട്ടം കെട്ടീരിക്കുന്നതാകകൊണ്ട് അതിന്മണ്ണം കുസൃതിയും കൃത്രിമവും ഒണ്ടാക്കുന്ന പ്രകാരം ചെയ്യുന്ന ആളുകളെ ഉടൻതന്നെ പിടിച്ച് അവമാനത്തോടുകൂടെ കോട്ടയ്ക്കു വെളിയിൽ ആക്കുകയും ചെയ്യും. ആയതു അറിഞ്ഞ് മേലെഴുതിയ പ്രകാരം നടന്നു കൊള്ളുകയും വേണം.

എന്ന് 999-ാമാണ്ട് തുലാമാസം 1-ാന്തി

# മുഖാമുഖം

റസിഡന്റു സായിപ്പു അവർകൾ സജ്ജനങ്ങളോടു ചോദിച്ച ചോദ്യവും അവരെഴുതിയ ഉത്തരവും.

ചോദ്യം-1:- സങ്കേതമെന്ന് പറയുന്നത് എന്താകുന്നു ?

ഉത്തരം:- രാജാക്കന്മാരുടെ യാതൊരു സമ്മന്തവും കർത്തവ്യവും ഇല്ലാതെ ഉള്ള ഗ്രാമദേശം മുതലായതിന്റെ പേരാകുന്നു.

ചോദ്യം-2:- അത് എത്രവിധത്തിൽ ഒണ്ടായിട്ടുണ്ട് ?

മുമ്പിൽ മലയാളം മുഴുവനും ബ്രാഹ്മണരുടെ സ്വന്തമായിട്ടു ഇരുന്നതിനെ രാജാക്കന്മാരെ ഏല്പിച്ചപ്പോൾ കൂടെ ഏല്പിക്കാതെ അവരുളട സ്വന്തമായിട്ടു തന്നെ വച്ചിരുന്നതൊന്നും പിന്നത്തതിൽ രാജാക്കന്മാരുടെ പുണ്യത്തിനു വേണ്ടി ബ്രാഹ്മണർക്കായിട്ടും, ക്ഷേത്രങ്ങൾക്കായിട്ടും ദാനം ചെയ്തിട്ടുള്ളതൊന്നും, ഇങ്ങനെ രണ്ടു വിധത്തിൽ സങ്കേതം ഒണ്ടായിട്ടു ഇതിൽ ക്ഷേത്രങ്ങളിലെ വക സങ്കേതങ്ങൾ ക്ഷേത്രാധീനമായിട്ടുള്ള സങ്കേതമെന്നും, ബ്രാഹ്മണരുടെ വകയായിട്ടുള്ളതിനു ചേതം നീനമായിട്ടുള്ള സങ്കേതം എന്നും അത്രേ പേരാകുന്നത്.

ചോദ്യം-3:- സങ്കേതം ഇരിക്കുന്ന രാജ്യത്തിന്റെ രാജാവിന് സങ്കേതങ്ങളിൽ ഒള്ള ഉൽപ്പത്തിയും കുടിയാനവന്മാരോടും എന്തുമാത്രം രാജശാസനകൾ നടത്താം ?

സങ്കേതങ്ങളിലെ മുതലെടുപ്പു മുതലായതു സകല കാര്യങ്ങൾക്കും കർത്തവ്യമായും അവകാശവും അതാതു



ഗ്രാമദേശങ്ങളിലേയും ക്ഷേത്രങ്ങളുടേയും ഉടയക്കാററും, അവിടേക്ക് രക്ഷകർത്താവായിട്ട് ആ ആളുകൾ സമ്മന്തമാകുന്ന രാജാക്കന്മാരും അല്ലാതെ സങ്കേതം ഇരിക്കുന്ന രാജ്യത്തെ രാജാവാകുന്നുഎന്നുള്ള ന്യായം പ്രമാണിച്ച് ആ രാജാവിന് സങ്കേതത്തിലും ഉൽപ്പത്തിയിലും കുടിയാനവന്മാരോട് യാതൊരു രാജശാസനകളും നടത്തുവാൻ മര്യാദ ഇല്ല. ഒരു വേള ആ രാജാവിനെത്തന്നെ രക്ഷകർത്താവായിട്ടും സമ്മന്തമാക്കിയിട്ടുണ്ടായിരുന്നാൽ സങ്കേതത്തിലുള്ള ഉൽപ്പത്തിയിലും കുടിയാനവന്മാരോടും ന്യായം പോലെയുള്ള രാജശാസനകൾ ഒക്കെ നടത്തുകയും ചെയ്യാം.

ചോദ്യം-4:- സങ്കേതങ്ങളിൽ ഒള്ള അദാലം പോലിസ് മുതലായ കാര്യങ്ങൾക്ക് ചുമതല സങ്കേതം ഇരിക്കുന്ന രാജ്യത്തിന്റെ രാജാവിനു തന്നെയാണോ ? അതോ അല്ലയോ ?

അദാലം പോലീസിനും മററും സകലമാന കാര്യങ്ങൾക്കും ചുമതലയും കർത്തവ്യവും സങ്കേതത്തിന്റെ ഉടയക്കാററും സങ്കേതം രക്ഷിപ്പാനായിട്ട് അവരു സംബന്ധമാകുന്ന രാജാക്കന്മാരും അല്ലാതെ സങ്കേതം ഇരിക്കുന്ന രാജ്യത്തിന്റെ രാജാവിനു സ്വതസിദ്ധമായിട്ട് സങ്കേതത്തിനകത്ത് യാതൊരധികാരവും ചുമതലയും കർത്തവ്യവും ഇല്ല. ഒരു വേള സങ്കേതം ഇരിക്കുന്ന രാജ്യത്തിന്റെ രാജാവാകട്ടെ, മററൊരു രാജാവാകട്ടെ-സങ്കേതത്തിൽ സംബന്ധം വന്നിട്ടില്ലാതെയിരിക്കുന്ന രാജാക്കന്മാർ തന്റെ സ്വശക്തി കൊണ്ട് സങ്കേതത്തിനകത്ത് ഏതെങ്കിലും രാജശാസനകൾ നടത്തുന്നു എങ്കിൽ ആ രാജാവു അതിനു തക്ക പ്രായശ്ചിത്തം ചെയ്കയും മര്യാദയുണ്ട്. ഇങ്ങനെയുള്ള സങ്കേതങ്ങളിൽ രാജാക്കന്മാരു സംബന്ധം വന്നിരിക്കുന്നതിന്റെ വിവരം മുമ്പിൽ മാടമ്പിമാര് ഏടപ്രഭുക്കന്മാര് മുതലായിട്ടുള്ള ആളുകൾ അവരുടെ ഇച്ഛാ ശക്തിയോടുകൂടെയിരുന്ന കാലങ്ങളിൽ അവര് സങ്കേതത്തിൽ കടന്ന് ഓരോ ശല്യങ്ങളും അക്രമങ്ങളും ചെയ്കയും ആ ഉപദ്രവം മാററി സങ്കേതം രക്ഷി

പ്പാൻ വേണ്ട ശക്തി അതിന്റെ ഉടയക്കാററ് ഇല്ലാതേയും ആയിട്ട് ഇരുന്നപ്പോൾ, ആ ഉപദ്രവം തീർത്ത് സങ്കേതവും ക്ഷേത്രവും രക്ഷിക്കേണ്ടുന്നതിനായിട്ടു അതാതുസമയത്തും അതിന്മണ്ണമുള്ള ഉപദ്രവങ്ങൾ ഒന്നും വരാതെയിരിക്കേണ്ടുന്നതിനു മുമ്പിൽക്കൂട്ടിയും, ഇങ്ങനെ രണ്ടു വിധത്തിൽ രാജാക്കന്മാരെ അപേക്ഷിച്ചു സമ്മതമാക്കിയിരിക്കകൊണ്ടത്രേ ചില സങ്കേതങ്ങളിലും ക്ഷേത്രങ്ങളിലും രാജാക്കന്മാരുടെ സംബന്ധം വന്നിരിക്കുന്നത്. ഇതിന്മണ്ണം സമ്മതം ആകുന്നത് സങ്കേതം ഇരിക്കുന്ന രാജ്യത്തെ രാജാവിനേയോ, മററു രാജ്യങ്ങളിലെ രാജാക്കന്മാരെയോ, രണ്ടു മഹാരാജാക്കന്മാരെയും കൂടിയോ, അതേ സങ്കേതങ്ങൾക്ക് ബോധിച്ചപോലെ ആവശ്യം ഒള്ള രാജാക്കന്മാരെ സംബന്ധമാക്കികൊള്ളാമെന്നുള്ള ന്യായവും, അതിന്മണ്ണം തന്നെ നടന്നിരിക്കുന്നതും അല്ലാതെ അതിനു ഒരു നിയമവുമില്ല. ഇങ്ങനെ സംബന്ധമാക്കിയാൽ ജനാധീനമായിട്ടുള്ള സങ്കേതങ്ങളിൽ അതാതു സങ്കേതങ്ങൾക്കും അവിടേക്ക് സങ്കേതമാകുന്ന രാജാക്കന്മാർക്കും, ക്ഷേത്രാധീനമായിട്ടുള്ള സങ്കേതങ്ങളിൽ ക്ഷേത്രത്തിന്റെ ഉടയക്കാർക്കും അവിടേക്കു സംബന്ധമാകുന്ന രാജാക്കന്മാർക്കും അല്ലാതെ മററൊരു രാജാക്കന്മാർക്ക് യാതൊരു കർത്തവ്യവും ചുമതലയും ഇല്ല. മേൽപ്രകാരം സംബന്ധമാകുന്ന രാജാക്കന്മാർക്ക് ഏതെങ്കിലും രാജഭോഗം കൊടുക്കയും ചെയ്യുന്നതാകുന്നു. ചില സ്ഥലങ്ങളിൽ ആണ്ടൊന്നുക്ക് ഇന്നതു കൊടുക്ക എന്നും, ചില സ്ഥലങ്ങളിൽ സങ്കേതത്തിലുള്ള ഉൽപ്പത്തികളിൽ നിന്നും ഇന്നപ്രകാരം ഭോഗം തിരിച്ചു എടുത്തു കൊള്ളുക എന്നും, ഇങ്ങനെ രണ്ടു പ്രകാരവും വച്ചു നടക്കുന്ന മര്യാദയുണ്ട്.

ചോദ്യം-5:- ''കോയിമ്മ'' എന്നും, ''അകകോയ്മ'' എന്നും, ''സമുദായ''മെന്നും പറയുന്നതിന്റെ വിവരം എങ്ങനെയെല്ലാമെന്നും, അവരുടെ പ്രവൃത്തി എന്തെല്ലാമെന്നും അവർക്ക് അതാതു സ്ഥലങ്ങളിൽ എന്തെല്ലാം കർത്തവ്യങ്ങൾ ഉണ്ടെന്നും അറിയിക്കണം ?



ഇതൊക്കെയും മേൽപ്പറഞ്ഞ പ്രകാരമുള്ള ഗ്രാമദേശങ്ങളിലും ക്ഷേത്രങ്ങളിലും കാര്യം വിചാരിക്കുന്ന ആളുകളുടെ പേരാകുന്നു. എന്നാൽ മേൽപറഞ്ഞ പ്രകാരം സങ്കേതവും, ക്ഷേത്രവും, രക്ഷിക്കുന്നതിന് ഈ സ്ഥാനങ്ങളായിട്ടത്രേ രാജാക്കന്മാരെ അവകാശമാക്കുന്നത്. ഇതിൽ ജനാധീനമായിട്ടുള്ള സങ്കേതങ്ങളിൽ കാര്യം വിചാരിക്കേണ്ടുന്നതിന് 'കോയിമ്മ' മാത്രവും ക്ഷേത്രാധീനമായിട്ടുള്ള സങ്കേതങ്ങളിലും ക്ഷേത്രങ്ങളിലും കാര്യം വിചാരിക്കേണ്ടുന്നതിന്, 'കോയിമ്മ, അകക്കോയ്മ, സമുദായം'', ഈ മൂന്നുകൂട്ടവും ഉള്ളതാകുന്നു. ഈ വക സങ്കേതങ്ങളിലും ക്ഷേത്രങ്ങളിലും മര്യാദയ്ക്ക് അഴിവു കൂടാതെ വിചാരിച്ചു രക്ഷിക്കയും മുതൽ എടുക്കയും ചിലവും ചെയ്യിക്കയും വച്ചിരിക്കുന്ന അടിയന്തരങ്ങൾ നടത്തുകയും അദാലംപോലീസു മുതലായ സകല കാര്യങ്ങളും വിചാരിച്ചു കുടികളെ രക്ഷിക്കയും ചെയ്ക അത്രേ അവരുടെ പ്രവൃത്തിയാൽ കൂടാതെ ഈ പ്രവൃത്തികൾക്ക് വേണ്ടുന്ന കർത്തവ്യവും അവർക്കുതന്നെ ആകുന്നു. ഈ ക്ഷേത്രത്തിൽതന്നെ കോയിമ്മയും അകകോയിമ്മയും സമുദായവുമുണ്ടായിരുന്നാൽ അവിടെ മേൽപ്പറഞ്ഞ പ്രകാരം ഒള്ള കാര്യവിചാരം സമുദായത്തിനും, മേൽ വിചാരംകോയ്മയും സമുദായവും അകകോയ്മയും മാത്രമുള്ളിടത്ത് എല്ലാ കൂട്ടവും സമുദായത്തിനും സമുദായമില്ലാതെ കോയ്മയും, അകകോയ്മയുമുള്ളിടത്ത് ആയതൊക്കെയും കോയ്മയ്ക്കും, ഈ രണ്ടു സ്ഥലത്തും ക്ഷേത്രത്തിനകത്തുള്ള അടിയന്തരങ്ങളുടെ അററകുററം നോക്കുക മാത്രവും, കോയിമ്മയും, സമുദായവും, ഇല്ലാത്ത സ്ഥലത്തു അവരു രണ്ടുപേരും വിചാരിക്കേണ്ടുന്ന കാര്യവിചാരവും അകകോയ്മയ്ക്കും ആകുന്നു. ഇതിൽ സമുദായം മൂന്നു പ്രകാരത്തിലുണ്ട്. (പൊടിവ്) കാരാഴ്മ, സുമുദായമെന്നും, പുകതോന്നിയ സമുദായമെന്നും. അന്യം നിന്ന സമുദായമെന്നും, ഇങ്ങനെയാകുന്നു മൂന്നു പ്രകാരം. ഒരിക്കലും മാററമില്ലാതെ വംശപാരമ്പര്യമായിട്ടു കൊടുക്കുന്നത്

കാരാഴ്മ സമുദായവും. ഒരാളിനെ നിശ്ചയിച്ചാക്കി യാൽ അയാൾ മരിക്കുന്നതുവരേയും മാററമില്ലാതെയുള്ളത് പുകതോന്നിയ സമുദായവും, കുററം കാണുമ്പോൾ മാററി യാക്കുന്നതും, അന്യം നിന്ന സമുദായവും, അത്രേ ആകുന്ന ത്. ഇതിൽ കാരാഴ്മ സമുദായം കോയ്മ, അകക്കോയ്മ, ഈ മൂന്നുകൂട്ടവും അല്ലാതെ പുകതോന്നിയ സമുദായവും അന്യം നിന്ന സമുദായവും രാജാക്കന്മാർക്ക് സംബന്ധം ഉണ്ടാകുന്നതുമല്ല,

999-ാമാണ്ട്

---

### ബിഷപ്പ് നിയമനം

ശ്രേഷ്ഠതമമായ 'പ്രെമനുവേൽ ദെസാന്തജ്യോയ്യാക്കി നെവീസു' അവർകളെ - കൊടുങ്ങല്ലൂരു മലംകര എട വകയ്ക്കു ഗൊവർണ്ണദൊരായിട്ടും, കൊച്ചിയിൽ രൂപ തകം ആക്ടിംഗ് ബിഷപ്പായിട്ടും, നിശ്ചയിക്കകൊ ണ്ട് - അതനുസരിച്ച് മെത്രാൻെറ ഉത്തരവ് ബഹുമാ നിച്ച് ആ സ്ഥാനത്തിലിരുന്ന് മാറിപ്പോയ അവർകൾ നടത്തിച്ചുവന്ന കീഴ് മര്യാദപ്രകാരം ആചരിച്ചു പോരി കയും വേണം.

999-ാമാണ്ട് മീനമാസം 30-ാനു

1824



## ഹജൂർ തിരട്ടുകൾ 12

കൊ: വ: 999 ★

1) കൊല്ലത്ത് ആനന്ദവല്ലീശ്വരത്തു ക്ഷേത്രം 984-ാമാണ്ട് ശണ്ഠയിൽ അഴിഞ്ഞു പൂജയുംമുടങ്ങിക്കിടന്നതിൻെറ ശേഷം കമ്പിനിയിൽ നിന്നും ശ്രീകോവിലിൻെറ മേൽ ക്കൂടും, നമസ്കാര മണ്ഡപവും പണികഴിപ്പിച്ച് ചെമ്പു ഇടുവിച്ചതു പോകെ ശേഷം ഒള്ള പണികളും പണ്ടാര വകയിൽ നിന്ന് കഴിപ്പിച്ച് 999 തൈ (മകരം) മാസം 2-ാം തീയതി പ്രതിഷ്ഠ, നവീകരണ കലശം, സദ്യ, എന്നിവ കഴിപ്പിച്ച വകയ്ക്ക് ചിലവ് 3091¾ രൂപ.

2) കൊച്ചു തമ്പുരാക്കന്മാരെ പള്ളിവായന വായിപ്പിക്കുന്ന തിന് ആക്കിയിരിക്കുന്ന ഹരിപ്പാട്ടു കൊച്ചുപിള്ള വാര്യർക്ക് മാസം 1ക്ക് 100 പണം വീതം ശമ്പളം വച്ച് പതിവിൽക്കൂട്ടി കൊടുപ്പിക്കത്തക്കവണ്ണം 998-ാമാണ്ട് മാശി (കുംഭം) മാസം 15-ാം തീയതി എഴുതിയ ഉത്തര വുംപടി കൊച്ചുപിള്ള വാര്യർക്ക് മാശിമാസം 17-ാനു- മുതൽക്ക് മാസം 1ക്ക് കൂടുതൽ 100 പണം.

3) അച്ചൻകോവിൽ ക്ഷേത്രത്തിൽ മേൽപടിയാണ്ട് വൈ കാശി (ഇടവം) മാസം 23-ാം തീയതി കർക്കടകം രാശി യിൽ കൊടിമര പ്രതിഷ്ഠ കഴിപ്പിച്ച വകയ്ക്ക് പടി ത്തരം, ദക്ഷിണ, നിവേദ്യം, സർവാണി ഉൾപ്പെട്ട വക യ്ക്ക് ചിലവ് 7009¼.

4) പാളയം കോട്ടയിൽ വെങ്കു മുതലിയാർ കൊടുത്തയച്ച താക വിലയ്ക്കു വാങ്ങി ഏല്പിച്ചതാക 'വലമ്പിരി ശംഖ്' അഞ്ചുക്ക് 9476¼ പണം.

5) തിരുമനസ്സിലേക്ക് അഭ്യാസം പഠിപ്പിക്കുന്നതിന് കന്നാൻ കേശവൻ വശം വാങ്ങിച്ച ''നടുമദ്ധ്യേ കൈപിടിയുള്ള പിത്തള ഭാരം'' (കസർത്തുകട്ട) രണ്ടുക്ക് 155 പണം.

6) ചാലയിൽ കടയുടെ സമീപത്തു വന്നിരുന്ന പുലിയുടെ കടിയേററ വകയിൽ വലിയ കുഞ്ചൂട്ടും ഈശ്വര പിള്ളക്ക് ചികിത്സാ ചിലവിനു കൊടുത്ത പണം 35/-

7) പെരുന്താന്നിമുതൽ കണിയാപുരംവരെ വെട്ടുന്നതോട് കൽപിച്ചു കാണുന്നതിനായിട്ടു എഴുന്നെള്ളുകയാൽ വള്ളം തുഴഞ്ഞ കഠിനംകുളം മാതേവൻ കുമാരൻ മുതൽ പേർ 6ക്ക് ചിലവിന് 18 രൂപ.

8) തിരുമുമ്പിൽ കോലടിച്ചു പാടിയ പുത്തൻ തെരുവ്-ചാല-ഉള്ളൂർ ഈ ഗ്രാമത്തിലെ ആയിമ്മക്കുട്ടികൾക്ക് (ബ്രാഹ്മണകുട്ടികൾ) ഇനാം 68 പണം.

9) തിരുമനസ്സിലെ രൂപം എഴുതി കണ്ണാടിയിൽ പതിച്ച് തങ്കരെക്ക്ഇട്ട് ഏൾപ്പിച്ച മിസ്തർ തേവി യോഹന്നാന് ഇനാം 3500 പണം.

10) ധാര അവർകളും, കച്ചേരിയും, മാവേലിക്കര ചെന്നു പാർക്കുമ്പോൾ പണ്ടാരവക പള്ളിക്കൂടത്തിൽ പഠിച്ചു വരുന്ന പിള്ളേരെ വരുത്തികേട്ട് കാവ്യം മുതലായതും വശമാക്കിയിരിക്കുന്ന 'കൃഷ്ണൻ' എന്നവനും, കണക്കു മുതലായതു വശമാക്കിയിരിക്കുന്ന 'നല്ലശിവം' എന്നവനും,സമ്മാനമായിട്ട് കൊടുത്ത കമ്പനിമൊഹരം 2ക്ക് രൂപാ 10ക്ക് 7 വിലയ്ക്ക് 71¼ പണം.

11) അപ്പീൽകോർട്ടുവകയ്ക്ക് മേശയിൽ വിരിക്കുന്നതിനു വാങ്ങിച്ച'പച്ചസകലാസു'ഗജം3ക്ക് ചിലവ്150പണം



12) ഹജൂർ കോർട്ടിൽ രണ്ടാം ജഡ്ജി മാത്തൻ കൊച്ചുവർക്കിക്ക് 995-ാമാണ്ട് കൽപിച്ച് മേനാവു കൊടുക്കുമ്പോൾ 'അടിയറ' വച്ചു മുഖം കാട്ടുന്നതിന് കൊടുത്തു മാറി വയ്പിച്ച 'സാൽവാ' വകയ്ക്ക് വച്ചരൂപാ 200ക്ക് കണക്കു വായിച്ചുകേട്ട് കുറവെഴുതിയ രൂപാ 60-ം നീക്കി 140ക്ക് 7 വിലയ്ക്ക് 980 പണം.

13) പറവൂർ പ്രവൃത്തിയിൽ കുലത്തറ വീട്ടിൽ ഈശ്വര പിള്ള മുതൽ പേർ ഇളന്തിക്കാര ആററിൽ നിന്നും പിടിച്ച 'മുതല' മൂന്നിൻേറയും കസ്തൂരി എടുത്ത് ഖജനാവിൽ ഏൾപ്പിക്കയാൽ ഇനാം 50 പണം.

14) ചാന്നാകര മുതൽ തിരുവനന്തപുരം ആറാട്ടുവുഴി കൽപാലംവരെ (വള്ളക്കടവ്) പുത്തനായിട്ട് തോടുവെട്ടിയതിന് മേപ്പടിയാണ്ട് ആനി (മിഥുനം) മാസം 7-ാനു മുതൽ ആടി (കർക്കടകം) മാസം വരെ ചിലവ്-97531½ പണം.

## 1000M·E·★

# കണിയാപുരം–തിരുവനന്തപുരം തോടു വെട്ട്

1000 വൃശ്ചികം 24-ാന്ന്

നീട്ട്

കൊടുത്തൂട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. തിരുവനന്തപുരത്ത് അടിയന്ത്രം വകയ്ക്ക് വടക്കുനിന്നും നെല്ല്, അരി, ചാമ, മുതിര, ഉഴുന്നു, മുതലായിട്ടു ഏറിയ കോപ്പുകൾ വരുത്തുവാനുള്ള കടൽപതം ഒള്ള സമയങ്ങളിൽ ഉരുക്കളിൽ കേററി (പൊടിവ്) യും ചെയ്തു വരുന്നതിനാൽ ഉരുക്കൊംവ് കൊററുകിലാശു ഉൾപ്പെട്ട വകയിലും ചുമട്ടുകൂലി വകയിലും ആണ്ടുതോറും ഏറിയ പണം പണ്ടാര വകയ്ക്ക് ചിലവു ചെന്നുവരുന്നതും അല്ലാ (പൊടിവ്) നെല്ലിനും അരിക്കും വളരെ മേനി കുറവായിട്ടും കണ്ടുവരികകൊണ്ടും കൊല്ലം മുതൽ തിരുവനന്തപുരം വരെയും വള്ളം വഴിക്ക് പോക്കുവരത്തിന് തക്കവണ്ണം ഒരു തോടുവെട്ടി വയ്പിച്ചാൽ പണ്ടാരവക അരി (പൊടിവ്) തല ചുമട്ടിലും വരുത്തുന്ന സാമാനങ്ങൾ ഒക്കെയും വള്ളം വഴിക്ക് വരത്തുന്നതിനും തിരുവനന്തപുരം മുതലായ പ്രദേശങ്ങളിൽ പാർക്കുന്ന കുടിയാനവന്മാർ ഉൾപ്പെട്ട ആളുകൾക്ക് നെല്ല് അരി മുതലായിട്ട് ഒന്നിനും ക്ഷാമം കൂടാതെയും (പൊടിവ്) തയും വടക്കുള്ള പ്രദേശങ്ങളിൽ നിന്നും കൈവിലക്കു വാങ്ങിച്ചു കൊണ്ടു പോകുന്നതിനും പോക്കുവരത്തായിട്ടിരിക്കുന്ന ആളുകൾ നടന്ന് അദ്ധ്വാനപ്പെടാതെ വള്ളം വഴിക്ക് പോക്കുവരത്തിനും ഇപ്രകാരം പല സംഗതി വശാലും പണ്ടാര (പൊടിവ്) കച്ചവടക്കാരുൾപ്പെട്ട ആളു



കൾക്കും വളരെ കൂടുതലായിട്ടും ഗുണങ്ങളായിട്ടും കണ്ടിരിക്കകൊണ്ടും മേലെഴുതിയ തോട് വെട്ടി കുറ തീർപ്പിച്ച് നടപ്പു വരുത്തുന്നതിന് വളരെപ്രയാസമായിട്ടുള്ളതാകുന്നു എങ്കിലും ആയതിനു വേണ്ടും പ്രകാരം പ്രയത്നം ചെയ്തു ചാന്നാൻ കരീതോടു മുഖംമുതൽ തെക്കോട്ടു തിരുവനന്തപുരത്തു ആറാട്ടുവഴി കല്പാലം വരെയും തോടുവെട്ടു വേല തുടങ്ങി നടന്നുവരുന്നത് ഇപ്പോൾ തുലാവർഷം കൊണ്ടും കുടിയാനവന്മാർക്ക് കൃഷിയുടെ പരാധീനം കൊണ്ടും വേല നിറുത്തി ഈ മാസം വേനൽക്കാലത്തിൻെറ ആരംഭത്തുംകൽത്തന്നെ വേല തുടങ്ങി അവിടെ ഇനി തീരുവാനുള്ള വേലകൾ ഒക്കെയും മുപ്പതു ദിവസത്തിനകം കുറ തീർപ്പിക്കത്തക്കവണ്ണവും പിന്നത്തതിൽ കൊല്ലം മുതൽ തെക്കോട്ടു വർക്കലയ്ക്കു കിഴക്ക് ചെറുന്നിയിൽ കായൽ വരെക്കുള്ള തോടുവെട്ടുവേല തുടങ്ങത്തക്കവണ്ണവും നിശ്ചയിച്ചിരിക്കകൊണ്ടും കണിയാപുരം മുതൽ തിരുവനന്തപുരത്തു ആറാട്ടുവഴി കല്പാലം വരെ തോടുവെട്ടു വകയ്ക്ക് 80000 രൂപായും കൊല്ലത്ത് ആശ്രാമത്തു കായൽ മുതൽ ഇരവിപുരത്ത് കായൽ വരെ തോടുവെട്ടു വകയ്ക്ക് 10928 രൂപായും ഇരവിപുരം മുതൽ പരവൂർ വരെ കായൽ ഒണ്ടായിരിക്കുന്നതിനാൽ ആയതു നീക്കി പരവൂരു മുതൽ നടയറവരെ തോടുവെട്ട് വകയ്ക്ക് 4849¼(?) രൂപായും, നടയറ മുതൽ കിടാപത്തു വിളക്കുന്നുവരെ തോടുവെട്ടു വകയ്ക്ക് 20580 രൂപായും മേലെഴുതിയ കുന്നുമുതൽ ചെറുന്നിയിൽ കായൽ വരെ തോടു വെട്ടുന്നതിന് 38036¼(?) രൂപായും അടംകൽ നിശ്ചയിച്ചിരിക്കുന്നതാകകൊണ്ടും ഈ വകയിൽ കണിയാപുരം മുതൽ തോടുവെട്ടു വകയ്ക്ക് ഇതുവരെ ചിലവായിരിക്കുന്ന പണം കണക്കിൽ ചിലവെഴുതിച്ചു കൊള്ളുന്നതിനും മേലെഴുതിയ തോടു മുഴുവനും വെട്ടി കുറ തീർപ്പിക്കുന്ന വകയ്ക്ക് ഇനി ചിലവുള്ള പണം കൊടുക്കുന്നതിനും കൊല്ലംമുതൽ തെക്കോട്ടു അതാതു സ്ഥലങ്ങളിൽ തോടു വെട്ടു വേല തുടങ്ങുമ്പോൾ ആ വകയ്ക്കും അടംകൽ പ്രകാരം ഒള്ള പണം കൊടുക്കുന്നതിനും ഹജൂർ

ഖജനാവിൽ ശ്രാപ്പിന്റെ പേർക്ക് നിനവു കൊടുത്തയക്കേണ്ടുന്ന അവസ്ഥകൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം തന്നെ കണിയാപുരം മുതൽ തിരുവനന്തപുരം ആറാട്ടുവഴി കല്പാലം വരെ തോടുവെട്ടു വകയ്ക്ക് ഇതുവരെ ചിലവായിരിക്കുന്ന പണം കണക്കിൽ ചിലവെഴുതിച്ചു കൊള്ളത്തക്കവണ്ണവും മേലെഴുതിയ തോടു മുഴുവനും വെട്ടി കുറതീർപ്പിക്കുന്ന വകയ്ക്ക് ഇനി ചിലവുള്ള പണം കൊടുക്കേണ്ടുന്നതിനും കൊല്ലം മുതൽ തെക്കോട്ടു അതാതു സ്ഥലങ്ങളിൽ തോടുവെട്ടു വേല തുടങ്ങുമ്പോൾ ആ വകയ്ക്ക് അടംകൽ പ്രകാരം ഉള്ള പണം കൊടുത്തു കൊള്ളത്തക്കവണ്ണവും ശ്രാപ്പു സുബ്രഹ്മണ്യ പിള്ളയുടെ പേർക്ക് എഴുതിയിട്ടുള്ള 'നിനവ്' ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം പണവും കൊടുപ്പിച്ച് മേലെഴുതിയതിന്മണ്ണം തോടു വെട്ടിച്ച് കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1000-മാണ്ട് വൃശ്ചികമാസം 24-ാം തീയതി ദിവാൻ ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിട്ടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)

---

ചെങ്കോട്ടക്കര വാശലിൽ ചേർന്ന ഗ്രാമ മണിയങ്ങളിൽ നിന്നും കുടിയാനവന്മാരുൾപ്പെട്ട ആളുകൾ കുമ്പിനി ഗ്രാമങ്ങളിൽ കൊണ്ടു പോകുന്ന നെല്ലിനും, കുമ്പിനി ഗ്രാമങ്ങളിൽ നിന്നും രാജകരം അതിർത്തിക്കകത്തു കൊണ്ടു വരുന്ന നെല്ലിനും, കടത്തു തീരുവ വാങ്ങിച്ചു വന്നത് ഇന്നേദിവസം മുതൽ നിർത്തൽ ചെയ്തിരിക്കുന്നു.

1000-മാണ്ട് ധനുമാസം 29-ാം തീയതി



# ഹജൂർ തിരട്ടുകൾ 13

കൊ: വ: 1000✱

1) നാടകശാലയിൽ തിരുപ്പതിസാരം രാമവർമ്മ രായർ 1000-മാണ്ട് ആവണിമാസം 1-ാം തീയതി മരിച്ച വകയ്ക്ക് പട്ടു മുഴം നാലും നീക്കി കച്ചയ്ക്ക് 51-ം, ചിലവിന് 155-ം കൊടുത്ത ചിലവ് 200¼ പണം.

2) തുലാമാസം (തുലാം) 16-ാം ആറാട്ടു ദിവസം ഉത്രം തിരുനാൾ തിരുമനസ്സിലെ കയ്യിൽ ഇട്ടിരിക്കുന്ന 'പെരഞ്ചി', ശംഖുമുഖത്തു വച്ച് കളഞ്ഞു പോകകൊണ്ട് തിരക്കികൊണ്ടുവന്ന വെള്ളിവില്ലാ കേശു മുതൽ പേർ 19ക്ക് ഇനാം 300 പണം.

3) വ്യാപാരികൾ കൊണ്ടു ശേഖരിച്ചു വിററു വരുന്ന പാക്കിന് നൂററിന് അഞ്ചുവീതം മുതലെടുത്ത്‌വരുന്നതു കൂടാതെയും തുലാം 1ക്ക് 2¾ പണം വീതം രാശി തീരുവ മുതൽ എടുത്ത് വരുന്ന വകയിൽ മുതൽ 572877¾ പണം.

4) പാണ്ടിയിൽ നിന്നും ചരക്കു പിടിപ്പാൻ വരുമ്പോൾ ആര്യങ്കാവു ചവുക്കവഴി വെററുമാട് കൊണ്ടുവരുന്നതിന് മാടു ഉരുവ് 10ക്ക് 1¼ പണം വീതം തീരുവ വാങ്ങിച്ചു വരുന്ന മുതൽ 1185 പണം.

5) ഗതിയില്ലാത്ത പെണ്ണുങ്ങളെ കെട്ടിക്കുന്ന വകയ്ക്ക് പേർ 157ക്ക് നെല്ലു വിലത്തരം ഉൾപ്പെടെ 986¾ രൂപ.

6) ഗതിയില്ലാത്ത കുഞ്ഞുങ്ങൾ 226ക്ക് ചോറൂണ് വകയ്ക്ക് നെൽ 77 പറ 3¼ ഇടങ്ങഴിക്ക്-82 പണം.

7) ബന്തേഖാനാകളിലും, കോർട്ടുകളിലും, ഡാണാവിലും, ആക്കിയിരിക്കുന്ന കള്ളന്മാർ, കുററവാളികൾ ഉൾപ്പെട്ടവർക്ക് അരിപ്പടി വകയ്ക്ക് 94286¼ പണം.

8) കൊല്ലത്ത് ആശ്രാമത്തു ബംഗ്ലാവ് ഇരിക്കുന്ന തോട്ടത്തിലും, തിരുവനന്തപുരത്ത് കൃഷ്ണൻ തോപ്പിലും, തയ്ക്കാട്ടു ബംഗ്ലാവു തോട്ടത്തിലും, ഏററുമാനൂർ ബംഗ്ലാവു തോട്ടത്തിലും, കുററാലത്തു ബംഗ്ലാവു തോട്ടത്തിലും, കൃഷി വകയ്ക്ക് ഉരം വയ്പ്, നടുതല, കൂലിച്ചിലവ് ഉൾപ്പെട്ട വകയ്ക്ക് 14007½ പണം.

9) ആറുകളിലും തോടുകളിലും വൃക്ഷങ്ങൾ വച്ച വകയ്ക്കും, വെള്ളം കോരു വകയ്ക്കും 112¼ രൂപ.

10) ദിവാനുദ്യോഗമായിരുന്ന ഉമ്മിണിത്തമ്പിയുടെ വക കോട്ടയ്ക്കകത്തുള്ള പത്മവിലാസം പുരയിടം തിരികെ ഒഴിഞ്ഞു കൊടുത്ത വകയ്ക്ക് പുരയിടം ഒന്നുക്ക് കരത്തിൽകുറവ് 50¼ പണം.

11) സ്വാതി തിരുനാൾ തിരുമനസ്സിലേക്ക് വായിക്കുന്നതിന് മുള്ളം വരിഞ്ഞ കൊച്ചുനാരായണ പണിക്കർക്ക് ഇനാം മുണ്ട് ഒക്ക് ചിലവ് 10 പണം.

12) മംഗലാപുരത്തു നിന്നും കൊണ്ടുവന്ന കുതിരയിൽ തിരുമനസ്സിലെ സവാരി ചെയ്യാൻ പഠിപ്പിച്ച കുതിരക്കാരൻ മാലിഖാന് ഇനാം 20 രൂപ.

13) സ്വാതി തിരുമനസ്സിലേക്ക് മുല കൊടുത്തിരുന്ന തിരുവനന്തപുരം കോട്ടക്കുഴി ഈശ്വരിപിള്ളക്ക് പേററുചിലവിന് 60 പണം.



14) ഉത്രം തിരുനാൾ തമ്പുരാന് മുല കൊടുത്തിരുന്ന കിളിമാനൂർ കൊച്ചു മാതേവിക്ക് 60 പണവും, ആററിങ്ങൽ വിളയിൽ വീട്ടിൽ നാരായണിക്ക് 30 പണവും നൽകിയ ചിലവ്.

15) കൊല്ലത്ത് ബന്തേഖാനായിൽ പാർക്കുന്ന വിലങ്ങരെ പാർപ്പിപ്പാൻ കൊല്ലത്ത് തേവള്ളി കച്ചേരിയിൽ തൃക്കണ്ണാപുരത്ത് ക്ഷേത്രം ഇരുന്ന പുരയിടത്തിന് കിഴക്ക് കുമ്പഞ്ഞിപട്ടാളത്തിന് ബീരങ്കി കവാത്തു പഠിപ്പിപ്പാൻ വെട്ടി നിരത്തി ഇരുന്ന സ്ഥലത്ത് 430 അടി ചുററിൽ നാലു കെട്ടായിട്ടും 39 അടി വീതിയിൽ കിഴക്കുമേക്ക് 17 അടി നീളത്തിൽ പൂമുഖവും ഓട്ടുപുരയായിട്ടും തീർത്ത വകയ്ക്കും കിണറുവെട്ടിയ വകയ്ക്കും ചിലവ്-44637 രൂപ.

16) ഹജൂർ കോർട്ടിൽ ഇംഗ്ലീഷു വാക്കറിഞ്ഞ് വിസ്തരിക്കുന്നതിന് ആക്കിയ മിസ്തർ ഗ്ലോറിക്ക് മാസം 1ക്ക് രൂപാ 25 വീതം.

17) ആണ്ടിയിറക്കത്ത് കണക്കു തമ്പി പത്മനാഭൻ ഇരയിമ്മൻെറ മകൾക്ക് കല്യാണത്തിന് 1500 പണം.

18) റവുക്ക തയ്പ് തിരുനെൽവേലി ആശവിയുടെ കെട്ടിയവൾ മരിച്ച വകയ്ക്ക്-50 പണം.

19) തഞ്ചാവൂർ നിന്നും വന്ന വെങ്കിട്ടരാമ ഭാഗവതർ തിരുമുമ്പിൽവച്ച് 'കനകരാഗം' പാടുകയാൽ മേപ്പടിയാന് ഇനാം 4200 പണം.

20) തഞ്ചാവൂർ ദാസി നാഗരത്നം പകടശാലയിൽ വച്ച് കേളിക്ക ആടുകയാൽ കൊടുത്ത ചിലവ്-2450 പണം.

21) ദിവാൻ കൊടുത്തയച്ച വെള്ളിക്കസേര കൊണ്ടുവന്ന അദാലത്തു രാമസ്വാമിക്ക് ഇനാം-70 രൂപ.

22) കൊച്ചി ദിവാൻ നഞ്ചിപ്പയ്യന്റെ മകളും മകനും അടിയറയ്ക്ക് അയച്ചതാക തങ്കക്കാശു-11-ം, പുല്പാ-6-ം, വെള്ളിക്കിണ്ണം 2-ം, കൊണ്ടുവന്ന ഹരിക്കാരന് ഇനാം-94 പണം.

23) തൊടുപുഴ മുതലായ പ്രദേശങ്ങളിൽ ആനയെ വെട്ടിവച്ച് കൊന്ന് അമർച്ച വരുത്തിയ കൃഷ്ണപുരം കോമരു തിരുമുൽപ്പാടിന്-1400 പണം.

24) പത്തനാപുരം പ്രവൃത്തിയിൽ മാമ്പിഴത്തുറ ക്ഷേത്രത്തിനും, ഊട്ടുപുരയ്ക്കു ചുററിലും കാടായിട്ടു കിടന്നതും കുതിരമല്ലി കാട്ടിൽ ''ജാതിക്കാതോട്ടം'' വയ്ക്കുന്നതിന് തടി-കാട്-വെട്ടി വെളിയാക്കി നന്നാക്കിച്ച വകയ്ക്ക്-കൊട്ടാരക്കര-കുന്നത്തൂർ-മാവേലിക്കര - ചെങ്ങന്നൂർ-കാർത്തികപ്പള്ളി-കരുനാഗപ്പള്ളി - തിരുവല്ലാ-കൊല്ലം-പത്തനാപുരം-മണ്ഡപത്തുംവാതുക്കൽ 9ലും ചെങ്കോട്ട മണിയം വകയിലും ഒള്ള കുടിയാനവന്മാരു മുതലായ ആളുകളെ ശേഖരിച്ച് വെട്ടിച്ച വകയ്ക്ക് മേപ്പടിയാണ്ട് ആവണി 13-ാനു മുതൽ വൈകാശി (ഇടവം) മാസം വരെ കൂലിക്കാർ പേർ 42935ക്ക് പേർ 1ക്ക് 1¼, 1, ¾, ½, കലേരയ്ക്കാൽ പണംവീതം തീരുവപ്പടി ചിലവ്-121455¾ പണം.

25) കൊച്ചി ദിവാനായിരുന്ന് മരിച്ചുപോയ നഞ്ചപ്പയ്യൻ ആദിയിൽ ഇവിടെ ആശ്രയിച്ച് മാനമായി രക്ഷിച്ചുവന്നതുകൊണ്ട് മകൻ ഇളയ വെങ്കിട്ടരമണയ്യനെ 70രൂപായ്ക്ക് ശിരസ്തദാരായിട്ട് നിയമിച്ച് മ രാ മ ത്തും കലാലും. കാര്യം വിചാരിപ്പാൻ ആക്കുകയാൽ ആനി, (മിഥുനം) മാസം 27-ാം തീയതി മുതൽ തീരുവ.



26) ഈ രാജ്യത്ത് വഴിവെട്ടു മുതലായ വേലക്കാര്യങ്ങൾ ചെയ്യുന്നതിന് ഇവിടെയുള്ള ആളുകൾക്ക് പരിചയം ഇല്ലാത്തതിനാൽ ആയതിന് കമ്പനി വകയിൽ പയനീർ പട്ടാളത്തിൽ ഏതാനും പേരെ വരുത്തിയതിൽ അവരു ആ വക വേലയും ചെയ്ത് ഈ ദിക്കുകളിൽ ഒള്ള ആളുകൾക്ക് പരിചയവും വരുത്തുന്നതാകകൊണ്ട് അക്കാര്യത്തിന് ബഹുമാനപ്പെട്ട ഗവർമെൻറാർ അവർകളു മഹാരാജശ്രീ റസിഡന്റു സായിപ്പ് അവർകൾ എഴുതി അയച്ച് കുമ്പിനി വകയിൽനിന്നും അടുത്തൂൺ വച്ച് പാർപ്പിച്ചിരിക്കുന്നതിൽ ഒരു ജമേദാരെയും, 20 ശിപായികളേയും വരുത്തിയിരിക്കുന്നവർക്ക് ഇപ്പോൾ കുമ്പിനി വകയിൽ നിന്നും ഒന്നുപാതി ശമ്പളം അടുത്തൂണായിട്ടു കൊടുത്തു വരുന്നതു പോകെ ആ വകയ്ക്ക് 105 രൂപായും, അവരുടെ കൂടെ വേല എടുത്തു പരിചയം വരുന്നതിന് ഇപ്പോൾ തല്കാലത്തേക്ക് ഇവിടെ ഉള്ളതിൽ 100 പേരെ കൂടി ആക്കി അവർക്ക് ചിലവിന്റെ വകയ്ക്ക് പേരൊന്നിന് മാസം ഒന്നുക്ക് പണം 40വീതവും കൊടുക്കത്തക്കവണ്ണം നിശ്ചയിച്ച് ആയാളുകളെ ഒക്കെയും തിരുവനന്തപുരം മുതൽ ആരുവാമൊഴി വരേയും നന്നാക്കുന്നതിനായിട്ട് അയച്ച് ആ സംഗതിക്ക് തിരുമനസ്സറിയിക്കുന്നതിന് എഴുതി അയച്ചിരുന്നതിന്റെ ശേഷം അപ്രകാരംതന്നെ ഇപ്പോൾ ആക്കിയിരിക്കുന്ന ജമേദാരനേയും, 20 ശിപായികൾക്കും കുമ്പണി വകയിൽ നിന്നും ഒന്നുപാതി ശമ്പളം കൊടുത്ത് വരുന്നതു കൂടാതെ പണ്ടാര വകയിൽ നിന്നും ഒന്നുപാതി ശമ്പളം കൊടുക്കേണ്ടുന്നതിന് മാസം 1ക്ക് 105 രൂപാ വീതവും അവരുടെ കൂടെ വേലയ്ക്ക് ആക്കുന്ന പേർ 100ക്ക് പേരൊന്നുക്ക് മാസം ഒന്നിന്

40 പണം വീതം ചിലവിനും കൊടുപ്പിച്ച് വേല വീഴ്ച കൂടാതെ നടത്തിച്ചുകൊള്ളണമെന്ന് ഇടവം 4-ാനു- നീട്ടുവന്ന് ആടി 17-ാനു- ഉത്തരവും വരികയാൽ ചിത്തിര 13-ാനു- മുതൽ ലാവണം പതിച്ചിരുന്ന ജമേദാർ 1-ം, ശിപായിമാർ പേർ 20-ം, ആകെ പേർ 21ക്ക് കുപ്പണി വകയിൽ കൊടുത്തു വരുന്നതു പോകെ മാസം 1ക്ക് രൂപാ 105-ക്ക് കലി 735 വീതം ചിത്തിര 13-ാനു- മുതൽ ആടിമാസംവരെ മാസം 3, നാൾ 18ക്ക് 2646 പണം.

## *മാവേലിക്കര കോർട്ട്*

## *1000 - നമ്പർ - 82*

അച്ചൻകോവിൽ ക്ഷേത്രത്തിൽ ചില വിളക്കുകളും മതിലിനു വെളിയിൽ ചെമ്പു കൊണ്ടു വാർത്തിരുന്ന കൃഷ്ണസ്വാമി ബിംബവും മോഷണം ചെയ്തതായി തൊണ്ടികളോടുകൂടി - അമ്പാ സമുദ്രം പെരിയകുളം തെരുവിൽ 'കുററാലം' എന്ന ചെട്ടിയെ പിടിച്ചു വിസ്തരിച്ച് തെളിഞ്ഞ പ്രകാരം പിഴയ്ക്ക്;

ക്ഷുദ്രമദ്യെ ദ്രവ്യഹരണേ സാരതോദമ:
യത്രനോക്താദുമസ്സർവ്വൈരം നാന്ന്യാത്തുമഹഷിഭി:
തത്രകാര്യം പരിജനായ കർത്തവ്യം
ദണ്ഡധാനണം ജനാബാ
അപരാധം ദേശശ്ചകാലം ബല മഥാവിവാവയ:
കർമ്മചവിത്തംശ്ച ദണ്ഡാദത്വെ ഷ്വാതയേൻ-

ഇതിവചനാൽ-അവനെ 6 മാസം മണ്ണു ചുമപ്പിച്ചു വിട്ടയപ്പാൻ വിധിച്ചു.

1-ാം ജഡ്ജി ഗോവിന്ദൻ ഗോവിന്ദൻ
2-ാം ,, മാത്തൻ കൊച്ചുകോശി
അണ്ണാ ശാസ്ത്രികൾ



**1001 M·E· ★**

# ആലിയക്കോട്ടു തമ്പുരാന് കടം തീർപ്പാൻ 5000 രൂപ

1001-ാമാണ്ടത്തെ കൈവഴി ചെല്ലം വക തിരട്ട്
പണവക ചിലവ്

ആലിയക്കോട്ടു കോയിത്തമ്പുരാൻ വകയ്ക്ക് കുമ്പിനി ശീമയിൽ ചേർന്ന കോഴിക്കോട് മുതലായ പ്രദേശങ്ങളിൽ വസ്തുവക ഇടപെട്ടു തർക്കം ഒള്ള സംഗതി കുമ്പിനിവക കോർട്ടിൽ വച്ചു വിസ്തരിച്ചു തീർപ്പായിരിക്കുന്നതിന്മണ്ണം ഏതാനും രൂപാ കൊടുപ്പാനുണ്ടെന്നും ആയതിന് അവധി കഴിയാറായിരിക്കുന്നതിനാൽ അവധിക്കകം രൂപാ കൊടുത്തില്ലെന്നു വരികിൽ അവിടെ ഉള്ള വസ്തുവക ലേലത്തിൽ വിപ്പിക്കുമെന്നും വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നപ്രകാരം കോയിത്തമ്പുരാൻ കൂടെക്കൂടെ കർണൽ റസിഡൻറു സായിപ്പു അവർകളെ ബോധിപ്പിച്ചു വരുന്നു എന്നും ഇതിന്മണ്ണം ഏതാനും രൂപ കൊടുപ്പാനുള്ള ഹേതുവായിട്ടു കോയിത്തമ്പുരാൻ വസ്തുവക വിൽപിക്ക എന്നു വച്ചാൽ ഈ സംസ്ഥാനത്തിനു ബഹുമാനത്തിന് ഏററവും കുറവായിട്ടുള്ളതാകകൊണ്ട് ആ വകയിൽ കടൻ വീട്ടുന്നതിന് പണ്ടാര വകയിൽ നിന്നും 5000-ം. രൂപ കടമായിട്ടു കൊടുത്തു കടമുറി എഴുതി വാങ്ങിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തിയാൽ കൊള്ളാമെന്നും ധാര അവർകൾ ഉത്തരവായിരിക്കുന്ന സംഗതി തിരുമനസ്സറിയിപ്പാൻ ദിവാൻജി അവർകളുടെ സാധനം എഴുതി വരികകൊണ്ട് 5000 രൂപാ കടൻ കൊടുത്ത് കടൻമുറി എഴുതി വാങ്ങിച്ച് കൊള്ളത്തക്കവണ്ണം കൽപനപ്രകാരം സർവാധികാര്യം തമ്പി ചെമ്പകരാമൻ കൃഷ്ണൻ എഴുതിയ വർത്തമാനചീട്ടുംപടി ടി കോയിത്തമ്പുരാൻവക മുതൽപ്പടി നീലകണ്ഠൻ താണവൻവശം കൊടുത്ത ചിലവു പണം 35000

# കോടതിവിധികൾ

### *മാവേലിക്കര കോർട്ട് വക്കീൽ നമ്പർ 60*

ഹരിപ്പാട്ടു ക്ഷേത്രത്തിലെ തന്ത്രം-കിഴക്കേ പുല്ലാങ്കുഴി നമ്പൂരിക്കും, പടിഞ്ഞാറെ പുല്ലാങ്കുഴി നമ്പൂരിക്കുംആണ്, ഇതിൽ ഒരു തന്ത്രിക്ക് പുല വാലായ്മ വന്നാൽ മറെറ തന്ത്രി നടത്തണം. ഇവർക്കു രണ്ടുപേർക്കും വന്നാൽ മേൽശാന്തി നടത്തണം. ഇങ്ങനെ ഏർപ്പാടായിരിക്കുമ്പോൾ പടിഞ്ഞാറെ പുല്ലാങ്കുഴി നമ്പൂരിക്ക് പുലവന്നു. ഉടനെ കിഴക്കേപുല്ലാങ്കുഴിയെ തെര്യപ്പെടുത്തി നടത്താതെ മേൽശാന്തിയെക്കൊണ്ട് നടത്തിച്ചു. അതിനിടയ്ക്ക് മേൽശാന്തിക്കും പുലയായി. ഉടനെ കിഴക്കേ പുല്ലാങ്കുഴി സ്ഥലത്തില്ല. പടനായർ കുളങ്ങരെ പോയിരുന്നു. രാത്രി 17 നാഴിക ഇരുട്ടിയതുവരേയും വരാത്തതുകൊണ്ട് കുളങ്ങര നമ്പൂരിയെക്കൊണ്ട് നടത്തിച്ചു. അയാൾ അവരോധം കഴിഞ്ഞവനല്ല. അയാളെക്കൊണ്ടു നടത്താതെ പൂജ മുട്ടിയാൽ അതും വലിയ ദോഷം. ഈ കേസിൽ പടിഞ്ഞാറെ പുല്ലാങ്കുഴിക്ക് 54 പണവും, കിഴക്കേ പുല്ലാങ്കുഴിക്കും, കുളങ്ങര നമ്പൂരിക്കും 24 പണം. മേൽശാന്തിക്കും, സ്ഥാന കണക്കു കുമാരൻ വേലായുധനും 56 പണം വീതവും പ്രായശ്ചിത്തം നൽകാൻ കോടതിവിധി.

### *മാവേലിക്കര കോർട്ട് വക്കീൽനമ്പർ 82*

ചെങ്ങന്നൂർ ദേവസ്വം വകയിൽ ഒരു മാൻകിടാവ് നിന്നതിനെ ആനി 18-ാനു രാമൻകുട്ടിയും, സുന്ദരം കുട്ടിയും, കല്ലെടുത്ത് തലയിലും കാലിലും എറിഞ്ഞതിന്റെ ശേഷം ആ വേദനകൊണ്ട് ഓടി മതിലിനു വെളിയിൽ ചെന്ന് കഴുത്തു കുത്തി വീണു പിറെറ ദിവസം അപായം വരികയും, ടി കുട്ടികളുടെ പേരിൽ ഒള്ള പിഴക്ക് അവനെ മേലാൽ ചെങ്ങന്നൂർ മതിലകത്ത് കയററുവാൻ ഇടയില്ലെന്നും തീർപ്പ്. 1-ാം ജഡ്ജി മിത്രദേവൻ നാരായണൻ

2-ാം ജഡ്ജി നയിനാകുഞ്ഞിക്കാണ്ടു അണ്ണാശാസ്ത്രി

അപ്പീൽ കോർട്ടു ശരി വച്ചു-1001-1-20.



# ഹജൂർ തിരട്ടുകൾ 14

കൊ: വ: 1001★

1) സ്വാതി തിരുനാൾ തിരുമനസ്സിലേക്ക് പാഴ്സി ഭാഷ പഠിപ്പിക്കുന്നതിന് ചെന്ന പട്ടണത്തു നിന്നും വരുത്തിയിരിക്കുന്ന സെയ്തുമഹമ്മദീൻഷാ മുൻഷിക്ക് 1001-ാംമാണ്ട് പുരുട്ടാശി (കന്നി) മാസം 17-ാം തീയതി മുതൽ മാസം 1ക്ക് 490 പണം.

2) ധാര അവർകൾ തിരുവനന്തപുരത്ത് പാർക്കുമ്പോൾ മേപ്പടിയാണ്ട് അല്പശി (തുലാം) മാസം 3-ാം തീയതി ആശ്രാമത്തെ ബംഗ്ലാവിൽ നിന്നും കൊടുത്തയച്ച മാട്ടിറച്ചി' വഴിമേൽ താമസിച്ച് കെട്ടു പോകകൊണ്ട് ആ വകയ്ക്ക് വില പണം 8-ം, ചുമട്ടുകൂലി 9-ം, ആകെ 17-ം കൂലി മേസ്തിരിയെക്കൊണ്ട് കെട്ടിവയ്പിച്ച് വിലയുള്ള പണം ആശ്രാമത്തെ ബംഗ്ലാവിലും ചുമട്ടുകൂലി പണം മണ്ഡപത്തും വാതുക്കലും മുതൽ വയ്പിച്ചതാക മണ്ഡപത്തും വാതുക്കൽ മുതൽ-9.

3) തിരുമനസ്സിലേക്ക് ഇംഗ്ലീഷു ഭാഷ അഭ്യസിപ്പിക്കുന്ന തഞ്ചാവൂർ ശേഷോ പണ്ഡിത ശിവൻ സുബ്ബാരായർക്ക് മാസം 1ക്ക് രൂപാ 350 ക്ക് 2450-ം മേല്പടിയാന്റെ മകൻ വെങ്കിട്ടരായർക്ക് 100ക്ക് 700-ം, വക രണ്ടിൽ 450 രൂപാക്ക് 3150 പണം വീതം ചിലവ്.

4) മാവേലിക്കര കൊട്ടാരം പണി കഴിഞ്ഞതിന്റെ ശേഷം, കുട്ടിയാനവന്മാരുടെ പശുക്കൾ കൊട്ടാരത്തിൽ കയറി തറകൾ ചവിട്ടി ഇടിക്കകൊണ്ട് പശുവിന്റെ ഉടയവരെ വരുത്തി പശു ഒന്നിന് 2 വീതം കെട്ടിവയ്പിച്ചതാക പണം 24.

5) കോട്ടുകാൽ നിന്നും വരുത്തിയ 'കരിമ്പറത്തിനെ' ക്കൊണ്ട് തമ്മിൽ വെട്ടിച്ച് കളികണ്ട വകയ്ക്കു മുറിവു ചിലവിനു കൊടുത്ത പണം 40,

6) വീണവായിപ്പ് കരമന രാമസ്വാമി ഭാഗവതരുടെ അമ്മയ്ക്ക് ശതാഭിഷേകത്തിന് ചിലവ് 500 പണം.

7) കുനിയൂർ ശേഷ ഭാഗവതർ മരിച്ചതിന് 200-ം മതിലകത്ത് സങ്കീർത്തനം ചൊല്ലി പ്രദിക്ഷണം വച്ചിരുന്ന അവനവഞ്ചേരി ഹരിഹര ഭാഗവതർ മരിച്ചതിന് 200-ം, വക 2-ൽ കൊടുത്ത ചിലവ് 400 പണം,

8) കൊച്ചിയിൽ പുരുഷോത്തമ ഭാഗവതർ തിരുമുമ്പിൽ വച്ച് വീരചങ്ങല വാങ്ങിയതിനും കൊടുത്തതിനും ചിലവ് 610 പണം.

9) വൈദ്യൻ ആലത്തുർ നമ്പൂരിക്ക് വീരചങ്ങല-മുണ്ട്-എന്നിവയ്ക്കു ചിലവ്-700 പണം.

10) തഞ്ചാവൂർ സുബ്ബാരായരുടെ കുഞ്ഞുങ്ങൾ വന്ന് മുഖം കാട്ടുകയാൽ പുടവ വാങ്ങിപ്പാൻ ഇനാമായിട്ടു 500 പണം.

11) മലയാം പട്ടാളത്തിൽ കുപ്പിണി ഒന്നക്ക് 114 പേരു വീതം ഇരുന്നതിന് വൈകാശി മാസം മുതൽ 24 പേരു വീതം കുറച്ച് 90 പേരു വീതം ആക്കുകയാൽ കുറവു പേർ 480. ഉടമച്ചിലവു ഒടുക്കു് പേരു 1155-ക്ക് 4692235½ പണം.

---



1002 M.E. ★

# ബിഷപ്പ് നിയമനം

നമ്പർ 126 1002 കുംഭം 11

ബഹുമാനപ്പെട്ട ഗൗണർമെണ്ടാര അവർകളിടെ അനുവാദത്തോടും കൂടി കൊടുങ്ങല്ലൂര മലംകര ഇടവകയ്ക്കു ഇപ്പിസ്കൊപ്പൽ ഗെവർണ്ണദൊരായിട്ട് ''റവറണ്ടു പ്രെജാൻതെപ്പൊടത്തു വെശൊദെന്നെ'' ആളിനെ നിശ്ചയിക്ക കൊണ്ട് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ- തിരുവിതാംകോട്ടു സംസ്ഥാനത്തിൽ മേലെഴുതിയ രൂപതകളെ ആചരിച്ചു പോരുന്ന എല്ലാവരും ''റവറണ്ടു പ്രജാൻതെപ്പൊടത്തു വെശാദെന്ന'' ആളിനെ മെത്രാന്റെ ഉത്തരവു ബഹുമാനിച്ച് ആ സ്ഥാനത്തിലിരുന്ന് മാറിപ്പോയ അവർകൾ നടത്തി വന്ന കീഴ്മര്യാദ പ്രകാരം ആചരിച്ചു പോരികയും വേണം. അപ്രകാരം അല്ലാതെ നമ്മുടെ സംസ്ഥാനത്തിൽ അനുവാദത്തോടും കൂടി നിശ്ചയിച്ചു നടന്നു വരുന്ന ഇനിയും ഒള്ള മാർഗ്ഗ രൂപതകളിടെ കാര്യാദികളിൽ ഇടപെടുകയും അരുത്.

പത്മനാഭപുരത്തു കോട്ടയ്ക്കകത്തു മേക്കെത്തെരുവീട്ടിൽ കണക്കു നീലകണ്ഠൻ മാർത്താണ്ഠൻ പേരിൽ ടിയാൻ തെക്കേമുഖത്തു പുള്ളിവക സർവാധിയായിരിക്കുമ്പോൾ വലിയ സമ്പ്രതിവകയ്ക്കു ചിലവിടേണ്ടുന്നതിന് 36400 പണം നാഗർകോവിൽ ലായത്തിൽവച്ച് പൂട്ടിയിരുന്നാറെ സൂക്ഷിക്കതെ മോഷണം പോയ പിഴക്ക് ഒടുക്കുവാൻ ഏററെഴുതിവച്ച കച്ചീട്ടും പടി മുതൽ കൂട്ടുപണം 41400.

1002

# വിലയ്ക്ക് വാങ്ങിയ ആഭരണങ്ങൾ

കൊല്ലത്ത് ആശ്രാമത്ത് റസിഡൻറാഫീസിൽ നിന്നും വിലയ്ക്കു വാങ്ങിച്ച് ഹജൂർ ഖജനാവിൽ നിന്നും കൊടുത്തയച്ചതാക തിരുവാഭരണം മുതൽ കൂട്ടു വകയ്ക്ക് ഏററിപ്പിച്ച ''കല്ലുവച്ച പെരഞ്ചി'' ഉരുവു 2ക്ക്. ടി ഖജനാവിൽ നിന്നും കൊടുത്തിരിക്കുന്നതാക വിലപ്പണം 3760-ം, ''പാശുപന്തു'' ഉരു 2ക്ക് പണം 26355-ം, ''കലായി'' ഒന്നുക്ക് പണം 9740-ം, ''പതക്കം'' 1ക്ക് പണം 4510-ാം, ''മുത്തുമാലപതക്കം'' 1ക്ക് പണം 17600-ം, 'വള' ഉരു 2ക്ക് പണം 17910-ം 'മോതിരം' 1ക്ക് പണം 15110-ം, 'ചെറിയ മോതിരം' 1ക്ക് പണം 500-ം, ആകെ ഉരു 11ക്ക് ഹജൂർ ഖജനാവിൽ നിന്നും കൊടുത്തിരിക്കുന്നതാക പണം 95495.

---

കലാചി - കൈത്തണ്ട്.

മാവേലിക്കര പ്രവൃത്തി കണ്ടൻ അയ്യപ്പൻ പേരിൽ മുളകുമടിശ്ശീല സർവാധി വിചാരിച്ച വയ്ക്കം പത്മനാഭപിള്ളയുടെ കെട്ടുകെട്ടായിരുന്ന ചെങ്ങന്നൂർ കേശവപിള്ള എന്നവനെ വഞ്ചിപ്പുഴ പണ്ടാരത്തിൽ പിടിപ്പിച്ച് വിലങ്ങിലാക്കിയതിൻെറ ശേഷം തിരുവനന്തപുരത്തു കൂട്ടി അയക്കത്തക്കവണ്ണം എഴുതി അയച്ചാറെ - കൂടെ താല്പര്യമായിട്ടുള്ള ആളുകളെ അയ്ക്കാതെ വഴിയിൽ വച്ച് കേശവപിള്ള ഒളിച്ചു പോകാൻ ഇടവരുത്തിയതിനും കേശവപിള്ളയോട് 2വാറു കടുക്കനും, 10 കലിയനും പണമായിട്ടു വാങ്ങിച്ചിരുന്നാറെ- കണ്ടുകിട്ടുമ്പോൾ കോയിമ്മയിൽ ബോധിപ്പിക്കാതെയിരുന്നതിനു പിഴ മുതൽ കൂട്ടു പണം 1009.



# ഹജൂർ തിരട്ടുകൾ 15

കൊ:വ:1002

1) തിരുവനന്തപുരം കണ്ടു കൃഷി ഉമ്മിണിത്തമ്പിയുടെ വക തിരുവനന്തപുരം കോട്ടയ്ക്കകത്ത് പത്മവിലാസം പുരയിടം കണ്ടു കൃഷിയിൽ ചേർത്ത് മുതലെടുത്തു കൊള്ളത്തക്കവണ്ണം ഉത്തരവുവന്ന് അപ്രകാരം മുതൽ കൂട്ടി പിരിപ്പിച്ചു വരുമ്പോൾ-993-ാമാണ്ട് വലിയ കോയിക്കൽവച്ച് പതിവു കൊടുക്കുമ്പോൾ,മേപ്പടിയാരുടെ അനുജൻ മാത്തുതമ്പി സങ്കടം ബോധിപ്പിച്ചതിൻെറ ശേഷം പുരയിടം ഒഴിഞ്ഞ് കൊടുക്കത്തക്കവണ്ണം മുഖദാവിൽ ഉത്തരവായതിൻ വണ്ണം മുതൽ;കൂട്ടിയിരിക്കുന്ന പണം കുറയ്ക്കാതെ മേലെഴുതിയ തമ്പി മുതൽ എടുത്തു വരുന്ന വകയ്ക്ക് ഉത്തരവു വന്ന് കുറവെഴുതേണ്ടുവതാക പേർ 1-ൻ പേരിൽ പുരയിടം ഒന്നുക്ക് നീർത്തൽ 50¼

2) വൈക്കത്ത് ദേവസ്വം വക കുട്ടി കൊമ്പനാനയെ മൂവാററുപുഴ ആററിൽ ആനയുടെ സമ്മതം കൂടാതെആററിൽ ഇറക്കിയതിൻെറ ശേഷം ഒഴുക്കുകൊണ്ട് തിരികെകയറി പോന്നാറെ-പിന്നത്തതിൽ ആനയെ ഒരിക്കൽ ഹേമദണ്ഡം ചെയ്ത് ആററിലിറക്കി അപായം വരുത്തിയ സംഗതിക്ക് ഭഗവൽ കോപം ഉണ്ടായിട്ട് ടി ആനയുടെ ആനക്കാരൻ രാമനെക്കൊണ്ട് വയ്ക്കത്ത് അടിയന്ത്രയോഗത്തികൽ പ്രായശ്ചിത്തം ചെയ്യിച്ചതാക മുതൽ 150 രൂപാ.

3) തിരുവനന്തപുരത്ത് ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ അഭിഷേക ശംഖ് പൊന്നു കെട്ടി കൊടുത്ത വകയ്ക്ക് പൊൻ കഴഞ്ച് 8¼ക്ക് 376¼.

4) ആണ്ടിയിറക്കത്തു പുതുമന അമ്മവീട്ടിൽ മാർത്താണ്ഡൻ തമ്പിയുടെ മകൾക്ക് കല്യാണത്തിന് 1000പണം.

5) രാജാകേശവദാസന്റെ അനന്തരവരിൽ കക്കുറിശ്ശിയിൽ പാർവ്വതിപിള്ള തങ്കച്ചിയും, പപ്പുതമ്പിയും, കഴിഞ്ഞു പോയ ചിലവിന് 500 വീതം കാർത്തിക-മാശി-എന്നീ മാസങ്ങളിൽ ചിലവ്-1000 പണം.

6) മോഹിനിയാട്ടത്തിൽ വർക്കല അനന്തരാമ ഭാഗവതരുടെ മകൾക്ക് കല്യാണത്തിനു കൊടുത്ത ചിലവ് 400 പണം.

7) ശുചീന്ദ്രം നാരായണിയേയും, മാത്തുവിനേയും. മോഹിനിയാട്ടത്തിന് കച്ച കെട്ടു തുടങ്ങുന്ന വകയ്ക്ക് പടിഞ്ഞാറക്കാർക്ക് ദക്ഷിണ 22 പണം.

8) നാടകശാലക്കാർ 20ക്ക്, അടുക്കിച്ച തങ്കവള, റെക്കുവള, കണ്ണാടിവള, ഉരു 456ക്ക് വില 33¼.

9) തഞ്ചാവൂർ പിച്ചു ഭാഗവതർക്ക് ഇനമായി കൊടുത്ത പണം 1750.

10) ശൂരത്തി പശുക്കൾക്ക് ചികിത്സ ചെയ്ത അട്ടക്കുളങ്ങര മേത്തൻ മൊയ്തീന് വീരചങ്ങല 150 പണം.

11) പത്തനാപുരത്ത് തുലക്കപ്പള്ളി ഉത്തരവും പ്രകാരം അററകുററം തീർത്ത് കൊടുത്ത വ ക യി ൽ ചിലവ് 920¼.

12) ശംഖുമുഖത്ത് എഴുന്നെള്ളുന്നതിനായിട്ട് തീർപ്പിച്ച 54 കോൽ ചുററായിട്ട് നാലുകെട്ടും മേപ്പടി മാളികയുമായിട്ട് തീർപ്പിച്ച വകയ്ക്ക് 19924¾ രൂപാ.

13) വയലാറു പ്രവൃത്തിയിൽ-ഉള്ളൂത്തലമുറിയിൽ-ചെറുവള്ളിപ്പുരയ്ക്കൽ ഈഴം അയ്യപ്പൻ എന്നവൻ-മേപ്പടിയാന്റെ തനതു ചക്കിയെന്നവളെ കെട്ടിതൂക്കി അപായം വരുത്തിയ വകയ്ക്ക്- അവന്റെ പുരയ്ക്കൽ പടിഞ്ഞാറെ വെളിയിൽ കൊണ്ടു ചെന്ന് തൂക്കിലിട്ട വകയ്ക്ക് കുലച്ചോറ്, മുണ്ട്, ഉൾപ്പെട്ട വകയ്ക്ക് ചിലവ് 7 പണം.



**1003 M E.☆**

# ചക്രം അടിപ്പിക്കുന്നതിന് വേണ്ടുന്ന വ്യവസ്ഥകൾ

ഈ രാജ്യത്തു കമ്മട്ടം വച്ച് ചക്രം അടിപ്പിച്ചു വന്നത് നിറുത്തിയതിന്റെ ശേഷം കച്ചവടക്കാററു കുടിയാനവന്മാരുൾപ്പെട്ട ആളുകളിടെ ആവശ്യത്തിനു ചക്രം കിട്ടാതെ മുട്ടായിട്ടു തീർന്നിരിക്കുന്ന പ്രകാരം കേൾവിപ്പെടുകകൊണ്ട് മുൻപിൽ നടന്നു വന്നതിന്മണ്ണം ഇപ്പഴും കമ്മട്ടംവച്ച് ചക്രം അടിപ്പിക്കുന്നതിനും വെള്ളി കൊണ്ടു വരുന്ന കച്ചവടക്കാറർക്കും ലാഭം ആയിട്ടു വരത്തക്കവണ്ണം ഒരു ചട്ടം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ-

(1) കമ്മട്ടത്തിൽവച്ച് ചക്രം അടിപ്പിച്ചു കൊണ്ടുപോകുന്നതിന് ഏത് കച്ചവടക്കാററെങ്കിലും ത ടി പ്പ ത്താ ക്കു കൊണ്ടു വന്നാൽ 1000 തടിപ്പത്താക്കിനു എട്ടേമുക്കാലെ മാകാണിമാററും, നിറയിൽ 5333 അരെ മാകാണി കഴഞ്ചും, മുക്കാൽ മഞ്ചാടിയും കാണ്മാനുള്ളതാക കൊണ്ടും ആ വക വെള്ളി ഒൻപതേ കാലെ മുണ്ടാണി കാണിമുന്തിരി മാററാകുന്നതുവരെക്കും ചെയ്യുന്ന വേലകൾക്കുള്ള ചിലവുകൾ ഒക്കെയും അതാതു കച്ചവടക്കാററുതന്നെ ചെയ്‌വാനുള്ളതാകകൊണ്ട് ആ വകയ്ക്കുള്ള ചിലവുകൾ നല്ലവണ്ണം തിട്ടം വരുത്തിയാറെ- 1000 പത്താക്കിന്-695 അര ചക്രം വീതം കണ്ടിരിക്കുന്നതല്ലാതെ അതിലധികമായിട്ടു ചിലവു വരുന്നതും അല്ല.

(2) ചരവ ഉരുക്കു കൂലിക്കും അരിമ്പു ഉരുക്കിനും, ചക്രം അടിക്കുന്നതിനും, മററും അതിൽ ചേർന്നിട്ടുള്ള ചില

വുകൾക്കും കൂടെ മുൻപിൽ കമ്മട്ടം അടിച്ചു വന്നപ്പോൾ 1000 പത്താക്കിന് 1830 ചക്രം വീതം കച്ചവടക്കാററു പണ്ടാര വകയിൽ കൊടുത്തു വന്നതിന് ഇപ്പോൾ 1311 ചക്രം വീതം കൊടുക്കത്തക്കവണ്ണം വച്ചിരിക്കുന്നതിനാൽ ആ വകയിൽ 519 ചക്രം കച്ചവടക്കാററിടെ ഉത്സാഹത്തിനു വേണ്ടി ലാഭത്തിനു വിട്ടിരിക്കുന്നു എന്ന് സ്പഷ്ടമായിട്ടു അറിയുന്നതല്ലോ ആകുന്നു.

(3) മേൽ എഴുതിയ ചിലവുകൾ അല്ലാതെ 1000 പത്താക്കിന് 72½ അരചക്രംവീതം പല വകയിലും ചേതാരം വക വയ്പാനുള്ളതാകകൊണ്ടും ആയതു നീക്കി ഈ വിളംബരത്തിന്റെ ഒന്നാമതു സംഗതിയിൽ എഴുതിയിരിക്കുന്നതിന്മണ്ണം 1000 പത്താക്കിന് നിർണ്ണയം ചെയ്തിരിക്കുന്ന ഒൻപതേകാലേമുണ്ടാണി കാണിമുന്തിരി മാററിൽ 63523 അരചക്രം കച്ചവടക്കാററക്ക് വരികയും ചെയ്യും. ആയതു ഏതു പ്രകാരമെന്നാൽ ആയിരം പത്താക്കിനു തീരുമാനം ചെയ്യുന്ന ഒൻപതേകാലേ മുണ്ടാണി കാണി മുന്തിരി മാററിൽ ഉണ്ടാകുന്ന ചക്രം 6625½ അരക്കു വെള്ളി ഊതി നന്നാക്കി മേലെഴുതിയ മാററാകുന്നതുവരക്കും ചിലവുള്ള ചക്രം 695 അരയും ചരവു അരിമ്പു ഉരുക്കു കൂലി ഉൾപ്പെട്ട വകയ്ക്ക ചക്രം 1311-ം, ചേതാരം ചക്രം 72½അരയും ഇപ്രകാരം 2731 ചക്രം ചിലവുള്ള പോകെ 63523അരചക്രം കച്ചവടക്കാററക്ക് വരുന്നതാകുന്നു, ഈ എഴുതിയിരിക്കുന്ന മുറപ്രകാരംതന്നെ മററു ഏതു വിധത്തിലും ഒള്ള വെള്ളിയെങ്കിലും നാണയം മുതലായതെങ്കിലും വന്നാൽ ഇതിന്മണ്ണം നോക്കി തിട്ടം വരുത്തുകയും ചെയ്യും. ചക്രം അടിക്കുന്ന വകയ്ക്ക് വെള്ളി ഉരുക്കി ഒൻപതേകാലേ മുണ്ടാണി കാണി മുന്തിരി മാററു ആകുന്നതു വരെയും ഒള്ള ചിലവ് ചരവു അരിമ്പു ഉരുക്കുകൂലിയും ചക്രം അടി കൂലിയും ചേതാരവും, ഇതിന്മണ്ണം



ഉള്ള വിവരങ്ങൾ ഒക്കെയും നല്ലവണ്ണം തിരിച്ച് കടലാസ്സിൽ ഒരു കണക്കെഴുതി ആ കണക്ക് എല്ലാവരും വായിച്ചറിവാൻ തക്കവണ്ണം കൊല്ലത്തു കമ്മട്ടം കച്ചേരിയുടെ വാതലിൽ പതിപ്പിക്കയും ചെയ്യും. അതുകൊണ്ട് കച്ചവടക്കാററു വെള്ളികൊണ്ടുവന്നു കമ്മട്ടത്തിൽ ഏല്പിച്ച് ചക്രം അടിപ്പിച്ചാൽ ഈ വിളംബരപ്രകാരം വരുവാനുള്ള ലാഭം ശരിയായിട്ടു കിട്ടുമെന്നും ആയാളുകൾക്ക് നല്ലവണ്ണം ബോധം വരുവാൻ ഇടയുള്ളതാകകൊണ്ട് ആയതു സകലമാനപേരും അറിഞ്ഞു മേലെഴുതിപ്രകാരം നടന്നു കൊള്ളുകയും വേണം.

എന്ന് 1003-ാമാണ്ട് കുംഭമാസം 30-ാനു

---

പത്താക്ക് - ഒരു വക നാണയം (പൊൻപത്താക്ക്, വെള്ളിപ്പത്താക്ക്, തടിപ്പത്താക്ക്, തലപ്പത്താക്ക് മുതലായവ)

ചരവ്-കുറവ്. ചേതാരം-നഷ്ടം, നാശം

കമ്മട്ടം-നാണയമടിക്കുന്ന സ്ഥലം

അരിമ്പ് - നാണയങ്ങളുടെ ഭംഗിക്കായി വക്കിലും മററും കൊത്തിവച്ചിട്ടുള്ളത്.

മാഹാണി - ഒന്നിന്റെ 1/16 അംശം.

മുണ്ടാണി- മാഹാണിയുടെ ⅓ അംശം.

# ഹജൂർ തിരട്ടുകൾ 16

കൊ; വ: 1003

1) സ്ഥാനപതി മുത്തുസ്വാമി മുതലിയാർക്ക് മാസം 1ക്കു 700ക്ക് 4900വീതം മേപ്പടിയാൻ-തിരുമനസ്സിലെ സമ്മതപ്രകാരം വിചാരിച്ച് നടത്തായ്കകൊണ്ട് മേപ്പടിയാണ്ട് പുരട്ടാശിമാസം 16-ാം തീയതി മുതൽക്ക് ഉദ്യോഗത്തിൽ നിന്നും മാററിയപ്രകാരം പുരട്ടാശി 15-ാം തീയതി വരെ തീരുവ രൂപാ 1050ക്ക് ചിലവ്-

2) ചെങ്കൽപ്പെട്ടയിൽ എഴുന്നെള്ളി പാർത്തിരുന്ന വിശാഖം തിരുനാരം തമ്പുരാൻ മേപ്പടിയാണ്ട് കാർത്തികമാസം (വൃശ്ചികം) 15-ാംതീയതി തലശ്ശേരിയിൽവച്ച് നാടുനീങ്ങിപ്പോകയാൽ 25-ാംതീയതി മാവേലിക്കര കൊട്ടാരത്തിൽവച്ച് പുണ്യാഹം കഴിപ്പിച്ചതിനും, ബ്രാഹ്മണസദ്യയും, തിരുബലിദാനം, സർവാണി, ഉരംപ്പെട്ടതിന് ചിലവുനെൽ 1075 പറ $6\frac{1}{2}$ ഇടങ്ങഴിക്ക് 1210 പണം.

3) ചോതി തിരുനാരം വലിയ തമ്പുരാൻ തിരുമനസ്സിലേക്ക് മേപ്പടിയാണ്ട് തൈമാസം (മകരം) 6-ാം തീയതി വ്യാഴാഴ്ചയും, ഉത്രാടം നക്ഷത്രവും പൂർവ പക്ഷത്ത് പ്രതിപദവും, നാരം ഉദിച്ച് 10 നാഴികയ്ക്ക് മീനം രാശി നേരത്ത് തിരുമാടമ്പു കൊള്ളുകയാൽ കാണിക്ക ഈശ്വരസേവ- വഴിപാടുവകയ്ക്ക് 10956 പണം.

4) ചോതി തിരുമനസ്സിലേക്ക് മണ്ണൻെറ ആലസ്യമായിരിക്കുമ്പോരം വേഗത്തിൽ ശാന്തിവരുത്തുന്നതിനായിട്ടു മാശിമാസം (കുംഭം) 3-ാം തീയതി ശിവരാത്രി നാരം ശ്രീകണ്ഠേശ്വരത്ത് മഹാദേവർക്ക് അഭിഷേകവും പൂജയും കഴിപ്പിച്ച വകയ്ക്ക് ചിലവ് 1000 പണം.



5) വയ്ക്കത്ത് ഉദയനാപുരത്ത്സുബ്രഹ്മണ്യസ്വാമിക്ക് ശ്രീബലി എഴുന്നെള്ളിക്കുന്ന തിടമ്പിന് പൊന്നുകൊണ്ട് അങ്കിയും, വെള്ളികൊണ്ട് കുടയും, വേലും, ആലിലയും, ചന്ദ്രക്കലയും, തീർപ്പിച്ച വകയ്ക്കും, അങ്കി ചിലവു വകയ്ക്ക് 7 മാററിൽ പൊൻപണമിട $881\frac{3}{4}$ക്കു വില-$23351\frac{1}{2}$ പണം.

6) ഖജനാവിൽനിന്നും പുത്തനായിട്ടു തീർപ്പിച്ച വെള്ളിയ ബാരി തിരുവനന്തപുരത്ത് കൊണ്ടു വന്നതിന് വള്ളക്കൂലി - ചുമട്ടുകൂലി ചിലവ് $81\frac{1}{2}$ രൂപാ. വെള്ളിയ ബാരിക്ക് ചുവന്ന സകലാസിൽ പൊതിഞ്ഞതിന് $77\frac{1}{4}$ പണം.

7) രാജാ കേശവദാസൻെറ മകൻ പപ്പുതമ്പി കഴിഞ്ഞു പോയതിന് ചിലവ് 1000 പണം.

8) കുംഭകോണം വാസുദേവാചാര്യർ തിരുമുമ്പിൽ വന്ന് മുഖം കാട്ടുകയാൽ ഇനാം 3500 പണം.

9) ചിത്രമെഴുത്ത് ഉള്ളൂർ ശുപ്പനണ്ണാവിക്ക് 17 രൂപ.

10) 'അംഗുല്യാശം' കൂത്തു കളിച്ച കഴക്കൂട്ടം ശങ്കരനാരായണൻ ചാക്യാർക്ക് വീരചങ്ങലക്ക് ചിലവ്- 200 പണം.

11) എഴുന്നെള്ളത്തോടു കൂടിനിന്ന കുട്ടികരക്ക് വസൂരി കീറിവച്ച ചിന്നക്കണ്ണുപിള്ളയ്ക്ക് ഇനാം 100 പണം.

12) ശ്രീപാദത്ത് കെട്ടിയിരിക്കുന്ന മ്ലാവിനെ വണ്ടിയിൽ കെട്ടി പഴക്കുന്ന വകയ്ക്ക് ചെമ്മാൻ വശം വാങ്ങിച്ച ആട്ടിൻ തുകൽ 2-ക്ക് 10 പണം.

13) ഡാക്ടർ ബ്രൌണിന് ചിത്തിര മാസം (മേടം) വരെ 900 രൂപാ വീതം ചിലവ്.

14) മലയാം പള്ളിക്കൂടത്തിൽ ബാൻറുവാദ്യം പഠിക്കുന്ന വകയ്ക്ക് 'ഗ്രെയിൻ സായിപ്പ്' മുഖാന്തിരം ബിലാ

ത്തിയിൽനിന്ന് വരുത്തിയ വലിയ തമ്പേറു മുതലായി 11 ഇനം സാമാനങ്ങൾക്ക് 92 പൗണ്ട്, 9 പെനിക്ക് രൂപാ 1051, അണ 13, പൈസാ 8¼ക്ക് പണം 7494¼.

15) ആറാട്ടുവഴി കൽപാലക്കടവിൽ (വള്ളക്കടവ്) 40കോൽ 8 വിരൽ ചുററിൽ പള്ളിബോട്ടുപുര തീർപ്പിച്ചതിന് 5920 രൂപാ.

16) പുത്തൻചന്തയിൽ മലയാം പട്ടാളം വകയ്ക്ക് തോക്കു ചാരി പാർക്കുന്നതിന് മേപ്പടിയിൽ പരുത്തിവിളയിൽ (കാട്ടൻഹിൽ) 120 കോൽ 8 വിരൽ ചുററിൽ കോന്തു പണി വകയ്ക്ക് ചിലവ്-14534 രൂപാ.

17) തിരുവനന്തപുരം ആറാട്ടു വഴിയിൽ വെള്ളക്കുന്നു മുതൽ ശംഖുംമുഖം വരെ നട്ടിരിക്കുന്ന തെങ്ങിനും പനയ്ക്കും മൂടു വെട്ടി ഇളക്കി ഉരംവാരി ഇട്ടു സൂക്ഷി ക്കുന്ന വകയ്ക്കും, പുത്തൻചന്ത, തയ്ക്കാട്, കരമന, പഴവങ്ങാടി, കോട്ടയ്ക്കകം, ഉൾപ്പെട്ട റോഡുകളിൽ മണ്ണും മണലും വാരിയിട്ട് വഴികൾ യോഗ്യമാക്കി തീർത്ത വകയ്ക്കും, വഴികളിൽ കലുങ്കും, മടയും, തോണ്ടി കെട്ടിയ വകയ്ക്ക് ചിലവ് 20195¼ പണം.

18) വിദ്യാർത്ഥികൾക്ക് ശാസ്ത്രം ചൊല്ലി കൊടുക്കുന്ന താണുമാലയ അയ്യങ്കാർ ശാസ്ത്രി മുതൽപേർ 2-ക്ക് വൈകാശിമാസം (ഇടവം) 1-ാം തീയതി മുതൽ മാസം 1ക്ക് 200 പണം വീതം ചിലവ്.

19) ആണ്ടിയിറക്കത്ത് പുതുമന അമ്മവീട്ടിൽ കണക്കു തമ്പി പത്മനാഭൻ ഇരയിമ്മൻെറ ഇളയമകൾ, ഇടയ്ക്കോട്ടു ലക്ഷ്മിപ്പിള്ള തങ്കച്ചിക്ക് കല്യാണം വകയ്ക്ക് ആടി മാസം 6-ാം തീയതിയിലെ തിരുവെഴുത്തുംപടി ചിലവ്-1500 പണം.



**1004 M.E.★**

# ദേവസ്വം ഉദ്യോഗങ്ങൾക്ക് നീട്ടും പിടിപാടും കൊടുപ്പാൻ

ജമാബന്തി

1004-ാമാണ്ട് ആവണിമാസം 31-ാനു-

ഇവിടത്തെ ച്ചെയ്തി ആവിത് ദേവസ്വം വകയിൽ ആന വാരം-ശ്രീകാര്യം-കോയിമ്മ, സമുദായം, ഊട്ടിൽരേിപ്പ്, മുതലായിട്ടുള്ള ഉദ്യോഗങ്ങൾക്കും കണക്കെഴുത്തുക ൾക്കും, കൽപിച്ച് നീട്ടും തിരുവെഴുത്തും കൊടുത്തിരിക്കുന്നത് പോകെ-ശേഷം പേർക്ക് നീട്ടും തിരുവെഴുത്തും കൊടുപ്പാനുള്ളതാകകൊണ്ടും ഇപ്പോൾ നടന്നു വരുന്ന ആളുകളിൽ ആർക്കെല്ലാം നീട്ടും തിരുവെഴുത്തും കൊടുത്തിരിക്കുന്നു എന്നും ഇനിയും ആർക്കെല്ലാം കൊടുപ്പാനുണ്ടെന്നും പേരുവഴി വരേ്യാല എഴുതിച്ചു കൊടുത്തയച്ചു മേലുള്ളതിന് ഇപ്പോൾ ആക്കിയിരിക്കുന്ന ആളുകളുടെ പേരിൽ കുററവും കാര്യവീഴ്ചയും ഉണ്ടായിരുന്നാൽ ആ സംഗതിക്ക് സാക്ഷിയോടുംകൂടി കച്ചീട്ടും എഴുതിവയ്പിച്ച് എഴുതി ബോധിപ്പിച്ച് മാററി ആക്കുന്നതിന് ഉത്തരവു കൊടുത്തയക്കുന്ന വകയ്ക്ക് പകരം മുമ്പിൽ ഉദ്യോഗം മുതലായതു വിചാരിച്ചു കുററം ചെയ്തു മാററാതെ ഒള്ളതിൽ പരിചയവും പ്രാപ്തിയും ഒള്ള ആളുകളെ നിശ്ചയിച്ച് മുറപ്രകാരം യാമ്യവും വാങ്ങിച്ച് ആ വക യാമ്യവും എഴുതി വയ്പിക്കുന്ന മുച്ചിലിക്കയും വസ്തു വകയ്ക്ക് വരേ്യാലയും മുറയ്ക്കു സാധനവും എഴുതി തഹശീൽദാരനും സമ്പ്രതി

ക്കാരനും, കൈയ്യൊപ്പിട്ട് വരുത്തി ബോധിപ്പിച്ചാൽ വർത്തമാനം തിരുമനസ്സറിയിപ്പാൻ എഴുതിഅയച്ച് തിരുവെഴുത്തു കൊടുപ്പിക്കുന്നതാകകൊണ്ടും അതിന്മണ്ണം തിരുവെഴുത്തു വാങ്ങിച്ചു കൊണ്ടുവരുന്ന ആളുകളെക്കൊണ്ട് നടത്തിച്ച് ശമ്പളവും കൊടുപ്പിച്ചുകൊള്ളണം. നീട്ടും തിരുവെഴുത്തും കൂടാതെ ഒരുത്തരെക്കൊണ്ടെങ്കിലും ഉദ്യോഗം നടത്തിപ്പാനും ശമ്പളം കൊടുപ്പിപ്പാനും ആവശ്യവും ഇല്ല. ഇച്ചെയ്തി എല്ലാം രംഗനാഥപിള്ള വായിപ്പ് ദിവാൻ പേഷ്ക്കാരെ കേൾപ്പിച്ചു വയ്ക്കയും വേണം. ഇച്ചെയ്തിക്ക് എഴുതിയ ദിവാൻ വെങ്കിട്ടരായർ (ഒപ്പ്)

കുമാരപിള്ള-കൊല്ലം

## ക്ഷേത്രത്തിൽ തൂങ്ങിമരണം

വയ്ക്കത്ത് പെരുന്തിരുക്കോവിൽ മതിലകത്ത് ഊട്ടുപുര വാതുക്കൽ വർക്കലെക്കാരൻ വെങ്കിടേശ്വരൻ എന്ന പട്ടര് - വൃശ്ചിക മാസം 28-ാനു- തൂങ്ങിച്ചാക കൊണ്ട് തന്ത്രി മനയത്താനത്ത് നമ്പൂരിയും, യോഗത്തിങ്കൽ ഒള്ള ആളുകളും കൂടി വിചാരിച്ച് ബ്രഹ്മഹത്യാ വന്നതിന്റെ ശേഷം, തീരുന്നതിനു ചെയ്യേണ്ട പ്രതിവിധി ക്രിയകൾ നിശ്ചയിച്ച് വര്യോല കൊടുത്തയച്ചിരിക്കകൊണ്ട് അതിന്മണ്ണം കുംഭ മാസത്തിൽ തന്നെ പ്രതി ക്രിയകളും ചെയ്യിച്ച് സ്വർണ്ണംകൊണ്ട് പ്രതിമയും തീർപ്പിച്ച് 17-ാനു- മുതൽക്ക് തിലഹോമം തുടങ്ങി 27-ാനു- കറുത്ത വാവും നാൾ പ്രതിമയും നടയ്ക്കു വയ്പിച്ച് അന്ന് കാലു കഴുകിച്ചൂട്ടും, മുറജപവും 61 പറ അരി വച്ചു സദ്യയും, ഭഗവാനു വഴിപാടും കഴിപ്പിച്ചു കൊള്ളണമെന്ന് എഴുതി വന്നതിന്മണ്ണം നെൽച്ചിലവ് 241 പറ 8¾ ഇടങ്ങഴി.



## സാക്ഷികൾക്ക് സമൻസ്

രായസം

1004 മകരം 11-ാനു-

ൠ891-ാമതു ഇസ്ത്യാർ നാമാവനാമെ ആംകി എല്ലാവർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം

എന്തെന്നാൽ-കൽകുളം മുതലായ മണ്ഡപത്തും വാതുക്കൽ കളിൽ കിരസ്ത മാർഗ്ഗത്തിൽ ചേർന്നിരിക്കുന്ന ചാന്നാന്മാരും മററുള്ള കുടിയാനവന്മാരും തമ്മിൽ ചില്ലറ ഒണ്ടായിരിക്കുന്ന കാര്യം വിചാരണ ചെയ്തു ഇനിമേലാൽ അപ്രകാരം വരാതെയിരിക്കത്തക്കവണ്ണം ചട്ടം കെട്ടേണ്ടുന്നതിന് നാം ഇവിടെ വന്നിരിക്കുന്നതിനാൽ എല്ലാവർക്കും പരസ്യം ചെയ്യുന്നതെന്തെന്നാൽ ഏതു ജാതിയായാലും ഏതു മതത്തിൽ ഉൾപ്പെട്ടവരായിരുന്നാലും അവർക്ക് എന്തെങ്കിലും സങ്കടം ഒണ്ടായിരുന്നാൽ അവരവരുടെ സാക്ഷിക്കാററരോടും കൂടെ അഞ്ചു ദിവസത്തിനകം ഇവിടെ ഹാജരായിക്കൊള്ളുകയും വേണം. അവരിടെ കാര്യങ്ങൾ ഇവിടെ ഹജൂർ കച്ചേരിയിൽ പരസ്യമായിട്ട് വിചാരണ ചെയ്യുകയും ചെയ്യും.

ഈ സംഗതികളിൽ സാക്ഷി മുതലായ വഹക്കു ഏതാനും ആളുകൾ വരുവാൻ ആവശ്യം ഒണ്ടായിരുന്നു. ആയാളുകൾക്ക് സമൻ കൊടുത്തയച്ചാൽ ഏതു വകക്കാററരായിരുന്നാലും സമൻപ്രകാരം ശരിയായിട്ടു കച്ചേരിയിൽ ഹാജരായികൊള്ളുകയും വേണം.

എന്ന് 1004-ാമാണ്ട് മകരമാസം 11-ാനു- പത്മനാഭപുരത്തുനിന്നും എഴുതിയത്.

ദിവാൻ വെങ്കിട്ടരായർ

# ശ്രീകണ്ഠേശ്വരം ക്ഷേത്രത്തിൽ ഇടയ്ക്ക കൊട്ടി പാട്ടുസേവ

154 നീട്ട്

1004 മകരം 15-ാം ശേഖരിപ്പ്

കൊടുത്തൂട്ട സാധനവും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. ശ്രീകണ്ഠേശ്വരത്തു ക്ഷേത്രത്തിൽ ദിവസം പ്രതിയും ദീപാരാധന സമയത്തു കട്ടിയം കൂറുന്നതിനും ഇടയ്ക്കയും കൊട്ടി പാട്ടുസേവ കഴിക്കുന്നതിനും ആളുകളെ ആക്കുവാനുള്ളതാകുന്നു എന്നും നിശ്ചയിച്ചു കട്ടിയം കൂറുന്നതിനു 1003-ാമാണ്ട് ആനിമാസം 15-ാം മുതൽക്ക് കേരളപുരത്ത് കൃഷ്ണനേയും ഇടയ്ക്കയും കൊട്ടുപാട്ടു സേവകഴിക്കുന്നതിന് കോട്ടയം മണ്ഡപത്തുംവാതുക്കൽ വിജയപുരം പ്രവൃത്തിയിൽ തെക്കും ഭാഗത്തു നിന്നും തിരുവനന്തപുരത്തു വലിയകോയിക്കൽ വന്നു പാർക്കുന്ന നാരായണനേയും ആനിമാസം 1-ാം മുതൽക്ക് ആക്കി പ്രവൃത്തിക്ക് വീഴ്ച വരാതെ നടന്നു വരുന്നു എന്നും മേലെഴുതിയ പേരൊന്നിന് നാളൊന്നുക്ക് ഇടങ്ങഴി അരിയും മാസം ഒന്നിന് 15 പണവുംവീതം പതിവിൽകൂട്ടി കൊടുപ്പിക്കേണ്ടുന്നതിന് നിദാനം വരണമെന്നും നാം പറഞ്ഞപ്രകാരം കൈവഴി ചെല്ലും കാര്യം വിചാരിക്കുന്ന മാതേവൻപിള്ള ധനുമാസം 4-ാം-എഴുതിയ സാധനം വന്നതിന്റെ ശേഷം അപ്രകാരം അരി കൊടുപ്പിക്കുന്നതിന് എഴുതി അയച്ചിരിക്കുന്നതിനാൽ പണം പതിവിൽകൂട്ടി കൊടുപ്പിക്കേണ്ടുന്ന അവസ്ഥ കൊണ്ടല്ലോ എഴുതി വന്നതിനാലാകുന്നു.



അതിന്മണ്ണം മേലെഴുതിയ ക്ഷേത്രത്തിൽ കട്ടിയത്തിന് കൃഷ്ണനേയും, ഇടയ്ക്ക കൊട്ടുന്നതിന് വലിയകോയിക്കൽപാർക്കുന്ന നാരായണനേയും കൃഷ്ണനേയും ആക്കിയ നാം മുതൽക്ക് പേരൊന്നിന് മാസം 1ക്ക് 15 പണം വീതം പതിവിൽ കൂട്ടി എഴുതി ശമ്പളം കൊടുപ്പിച്ചു കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1004-ാമാണ്ട് മകരമാസം 15-ാം തീയതി ദിവാൻ ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

ചത്തവനെ തിരിച്ചറിയുന്നതിന് ഇനാം

തിരുവനന്തപുരം തെക്കേകോട്ട വാതലിനു വെളിയിൽ തെക്കേവശത്ത് ഒരു പ്ലാമരത്തിൽ ഒരുത്തൻ കെട്ടി തൂങ്ങി ചത്തുകിടക്ക കൊണ്ട് അവൻ ആരാണെന്നും, പേര് ഇന്നതെന്നും, അറിയുന്നതിന് സങ്കടം വിചാരിച്ചിരുന്ന സർവാധികാര്യം ശങ്കരൻ പത്മനാഭൻ മുതൽ പേരേയും, അനന്ത സുബ്ബാ ദീക്ഷിതരേയും അയച്ച് അക്കാര്യം വിചാരിച്ചതിൽ തിട്ടം വരാഴികകൊണ്ട്, വെളിപ്പെടുത്തുന്നവർക്ക് 25 രൂപാ ഇനാം കൊടുക്കാമെന്ന് വിളംബരം പ്രസിദ്ധപ്പെടുത്തിയാറെ-ചത്തവൻ പത്മനാഭപുരത്തുകാരൻ എന്നും, പേരു കുമാരപിള്ള എന്നും, മുമ്പ് പുള്ളിയിൽ സേവിച്ച് നിന്നവനെന്നും ശ്രീരംഗപട്ടണം ശ്രീനിവാസയ്യങ്കാർ കച്ചേരിയിൽ ചെന്നു പറയുകയാൽ ഇനാം കൊടുത്ത പണം 175/

## കല്യാണചിലവിന് അനുവാദം

184

നീട്ട് ശേഖരിപ്പ്
1004 മകരം 27-ാം

കൊടുത്തൂട്ട സാധനം വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. വടശ്ശേരി അമ്മാവിയുടെ ജേഷ്ഠത്തിയുടെ മകൾ വള്ളിപ്പിള്ള തങ്കച്ചിയുടെ ഇളയ മകളെ മകരമാസം 4-ാം വടശ്ശേരിവീട്ടിൽവച്ച് കല്യാണം കഴിപ്പിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നപ്രകാരം വള്ളിപ്പിള്ള തങ്കച്ചി വന്നു ബോധിപ്പിച്ചതിൻെറ ശേഷം കണക്കു ശോധന ചെയ്യിച്ചാറെ- വള്ളിപ്പിള്ള തങ്കച്ചിയുടെ മൂത്തമകൾ കൃഷ്ണമുത്തു തങ്കച്ചിയുടെ കല്യാണത്തിന് ഖജനാവിൽനിന്നും 1250 പണവും നിത്യചിലവിൽ കെട്ടി വന്നു 991-മാണ്ട് ചിത്തിര മാസം 3-ാം കൊടുത്തിരിക്കുന്നപ്രകാരം കണക്കു കാണുകകൊണ്ട് ഇപ്പോഴത്തെ കല്യാണച്ചിലവിൻെറ വകയ്ക്കും 1250 പണം കൊടുപ്പിച്ചും കൈവിലയ്ക്കു വേണ്ടുന്ന കോപ്പുകളും കൂട്ടിച്ചുകൊടുത്ത്-പുരകൾ വേണ്ടുന്നതും കെട്ടിച്ച് തഹശീൽദാരനുംകൂടി ചെന്നിരുന്ന് അടിയന്തിരം വേണ്ടുംപ്രകാരം കഴിവാൻതക്കവണ്ണം നിദാനം വരുത്തണമെന്ന് നാം പറഞ്ഞപ്രകാരം കൈമാഴിചെല്ലം കാര്യംവിചാരിക്കുന്ന മാതേവൻപിള്ള വൃശ്ചികമാസം 27-ാം എഴുതിയ സാധനം വന്നിരിക്കകൊണ്ട് അപ്രകാരം പുരകളും കെട്ടിച്ചു കോപ്പുകളും വരുത്തിക്കൊടുത്തു അടിയന്തിരം കഴിപ്പിക്കേണ്ടുന്നതിന് അഗസ്തീശ്വരം മണ്ഡപത്തും വാതുക്കൽ തഹശീൽദാരനു എഴുത്തു കൊടുത്തയച്ചിരിക്കുന്നു എന്നും പണം കൊടുക്കേണ്ടുന്നതിന് ഹജൂർ ഖജനാവിൽ ശ്രാപ്പു



സുബ്രഹ്മണ്യ പിള്ളയുടെ പേർക്ക് നിനവും കൊടുത്തയക്കണമെന്നും എല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം മേലെഴുതിയ കല്യാണച്ചിലവിൻെറ വകയ്ക്ക് 1250 പണം കൊടുക്കുന്നതിന് ശ്രാപ്പു സുബ്രഹ്മണ്യപിള്ളയുടെ പേർക്ക് എഴുതിയിട്ടുള്ള നിനവ് ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം പണം കൊടുപ്പിച്ചു കൊള്ളുകയും വേണം എന്നും ഇക്കാര്യം ചൊല്ലി 1004-ാമാണ്ട് മകരമാസം 27-ാം ദിവാൻ ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

### കൊമ്പഞ്ഞിക്ക് അപജയം

984 മകരം 28

കൊടുത്തൂട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. വർത്തമാനങ്ങൾക്കൊക്കെയും എഴുതിവന്നു എല്ലോ. 26-ാം കൊമ്പഞ്ഞി പട്ടാളത്തിൽ ഒള്ള ആളുകൾ കിളികൊല്ലൂർക്ക് തെക്കുവന്ന് യുദ്ധം ചെയ്ത് അവർക്ക് അപജയംവന്ന് തിരികെപോയവസ്ഥകൊണ്ട് ഒക്കെയും ദളവാ തമ്പി വേലായുധൻ ചെമ്പകരാമൻ പിള്ളയുടെ സാധനം ഇവിടെ എഴുതി വരികയും ചെയ്തു. നീണ്ടകര പാർക്കുന്ന കുപ്പിണിയിൽ ഒള്ളവരേയും, ശേഷം വില്ലരു ഉൾപ്പെട്ട ആയുധക്കാരരേയും, വലിയ വെടിക്കാരരേയും, തയ്യാറാക്കി രാപകൽ കാവൽ നല്ല സൂക്ഷ്മമായിട്ട് പാർക്കത്തക്കവണ്ണം ചട്ടവുംകെട്ടി ഇനിയും കൊല്ലത്തെ വർത്തമാനങ്ങൾ കൂടെക്കൂടെ വിചാരിച്ചറിഞ്ഞ് എഴുതിവരികയും വേണം. ഇക്കാര്യം ചൊല്ലി കൃഷ്ണൻ ചെമ്പകരാമന് നീട്ടു എഴുതി വിടു എന്നു തിരുവുള്ളമായ നീട്ട്.

# ശ്രീ സ്വാതി തിരുനാളിന് രാജ്യഭാരം

നമ്പർ. 134

വിളംബരം

എന്തെന്നാൽ-ഈ തിരുവിതാംകോട്ടു സമസ്ഥാനത്തേയ്ക്ക്

അവകാശി ആയിട്ടൊള്ള രാജാവ് നാം ആകുന്നു എന്നും നമുക്ക് ശൈശവമായിരിക്കുന്നതിനാൽ പതിനാറു വയസ്സു കഴിയുന്നതു വരയ്ക്കും നമ്മുടെ മാതാവായിരുന്ന പത്മനാഭവല്ലഭീ വഞ്ചിധർമ്മ വർദ്ധനീ രാജരാജേശ്വരീ റാണി ലക്ഷ്മീഭായി മഹാരാജാവ് അവർകൾ രാജ്യകാര്യങ്ങൾ വിചാരിച്ചു കൊള്ളത്തക്കവണ്ണവും ബഹുമാനപ്പെട്ട കുമ്പിനിയാർ അവർകളുടെ ഉത്തരവിൻപ്രകാരം 989-ാമാണ്ട് ചിങ്ങമാസം 15-ാനു- അന്നിരുന്ന റസിഡൻറിൻെറ വിളംബരവും പിന്നത്തതിൽ അവരിടെ സഹോദരി പത്മനാഭസേവിനീ വഞ്ചിധർമ്മ വർദ്ധിനീ രാജരാജേശ്വരീ റാണി പാർവതീ ഭായി മഹാരാജാവ് അവർകൾ നമ്മുടെ പേർക്കായിട്ടു രാജ്യ വിചാരം-ഏററിരിക്കുന്ന സംഗതിക്ക് 990-ാമാണ്ട് തുലാ മാസം 30-ാനു- പത്മനാഭസേവിനീ വഞ്ചിധർമ്മ വർദ്ധിനീ രാജരാജേശ്വരീ റാണി പാർവതീഭായി മഹാരാജാവ് അവർകളിടെ വിളംബരവും പരസ്യം ചെയ്തിട്ടുണ്ടല്ലോ.ഇപ്പോൾ നമുക്ക് പതിനാറു വയസ്സു തികഞ്ഞിരിക്കുന്ന തിനാൽ ഇന്നേദിവസം രാജ്യ വിചാരങ്ങൾ നാം ഏററിരിക്കകൊണ്ട് ഈ രാജ്യത്തൊള്ള സകലമാനപേരും ആയതറിഞ്ഞു നമ്മുടെ ആജ്ഞ ശാസനയിൽ ഉൾപ്പെട്ടു നടന്നു കൊള്ളുകയും വേണം.

എന്ന് 1004-ാമാണ്ട് മേടമാസം 10-ാനു-

---



# ഹജൂർ തിരട്ടുകൾ 17

കൊ: വ: 1004 ★

1) സ്വാതി തിരുനാൾ തിരുമനസ്സുകൊണ്ട് രാജ്യകാര്യം വിചാരിക്കുന്നതിന് ചിത്തിര മാസം (മേടം) 10-ാനു- നീട്ടു തുല്യംചാർത്തുന്ന വകയ്ക്ക് വിശേഷാൽ കെട്ടി വരവ്-2292 രൂപ.
   മതിലകത്ത് ശ്രീപത്മനാഭപ്പെരുമാൾ സ്വാമിയ്ക്ക് കാണിക്ക വകയ്ക്ക് തങ്കമൊഹരം അഞ്ചുക്ക്-564.
   ചുവന്ന പട്ടുകുത്ത്-1ക്ക് മുഴം 18ക്ക് 55¾.
   കാണിക്ക കഴിഞ്ഞതിൻെറ ശേഷം കൊട്ടാരത്തിൽ പകട ശാലയിൽ സിംഹാസനത്തിൽ എഴുന്നെള്ളിയിരുന്നു നീട്ടു തുല്യം ചാർത്തുന്ന സമയത്ത് കന്യകാ ദാനം പേർ 2ക്ക്-1400 പണം.

2) യാത്രക്കളിയിൽ വേഷംകെട്ടിയ നമ്പൂരിമാർ പേർ 4ക്ക് ചീല വില 13¾.

3) കൊട്ടാരം വകയ്ക്ക് കണ്ണൂർ വടക്കൻ മൊയ്തീൻവശം വാങ്ങിച്ച സംഗീതപടം 2ക്ക് 3085½ പണം.

4) ശ്രീപാദത്തു കൊട്ടാരത്തിൽ ഇരുന്ന നാഴികമണി 10-ം, സംഗീതപ്പെട്ടി 1-ം, ആകെ ഉരു 11-ം, അററകുററം തീർത്ത വകയ്ക്ക് ചിലവ് 2201½ പണം.

5) പാലക്കാട്ടു വൈദ്യനാഥ ഭാഗവതരുടെ മകന് കല്യാണത്തിന് ഇനാം 500 പണം.

6) ജോത്സ്യർ കരമന ചാന്ന കുഞ്ചുമാത്തൻെറ മകന് ചരടു ചേർപ്പാൻ ഇനാം 100 പണം. കുഞ്ചു മാത്തന് വീര ചങ്ങല സമ്മാന വകയിൽ ചിലവ്-300 പണം.

7) കൊല്ലത്ത് സുലൈമാൻ എന്നയാൾ ഉണ്ടാക്കുന്ന കടദാസിൽനിന്നും റസിഡന്റു ധാര അവർകൾക്ക് കൊടുത്തയച്ച കടദാസ് 25 കെട്ടുക്ക് കെട്ടു 1ക്ക് $1\frac{3}{4}$ വീതം കുമ്പിനി ഖജനാവിൽ നിന്നും കൊടുത്തയച്ചതാക മുതൽ $43\frac{1}{4}$ രൂപ.

8) ഭാഗവതം വായിക്കുന്ന അവനവഞ്ചേരി കുളത്തൂരാൻ ജടാ വല്ലഭർക്ക് തീർപ്പിച്ച വീരചങ്ങലയ്ക്ക് ചിലവ്-168 പണം.

9) ചോതി തിരുനാൾ തിരുമനസ്സിലെ ജാതകം എഴുതി അറിയിച്ച തിരുനെൽവേലി കൃഷ്ണ ജോത്സ്യർ മുതൽപേർ 2ക്ക് $723\frac{1}{2}$ പണം.

10) കടദാസ് വാങ്ങിച്ചതിനും, കടദാസുണ്ടാക്കുവാൻ പല വകയും വാങ്ങിച്ചതിനും ചിലവ്-$15818\frac{3}{4}$ പണം.

11) അന്തോണി മാർട്ടിൻ മേസ്തിരിയെക്കൊണ്ട് പുത്തനായിട്ടു തീർപ്പിച്ച ക്ലാക്ക്പോക്കു മണി ഉരു 1ക്ക് വില രൂപാ 449. മ്യൂസിക്കൽ ക്ലാക്ക് മണി അററകുററം തീർത്ത വകയ്ക്ക് രൂപാ $287\frac{1}{2}$ വക 2-ൽ രൂപാ 737ക്ക് 5251 പണം.

12) തലശ്ശേരിയിൽ വച്ച് നാടു നീങ്ങിയ വിശാഖം നാൾ തമ്പുരാന്റെ മുതൽകാര്യം ഏററു വാങ്ങിച്ച് കൊണ്ടുവരാൻ അയച്ചിരുന്ന മലയാം പട്ടാളത്തിൽ നിക്സൺ സായ്പ്പിന് പടി ചിലവ് 3035 പണം.

13) മേപ്പടി തമ്പുരാൻ വിശ്വസിച്ചിരുന്ന കനക വല്ലിക്ക് ചിലവിനു കൊടുത്ത പണം 980 പണം.

14) കനകവല്ലിയും കുഞ്ഞുങ്ങളും വൈകാശി 3-ാം യാത്ര അറിയിച്ചുകൊണ്ട് വടക്കു പോകുമ്പോൾ കൊടുത്ത ഇനാം പണം 1350.



ശ്രീ പത്മനാഭദാസ വഞ്ചിപാല രാമവർമ്മ കുലശേഖര കിരീടപതി സ്വാതി രാമരാജമന്നെ സുൽത്താൻ മഹാരാജരാജ ബഹദൂർ ഷംഷേർ ജങ് മഹാരാജ

15) ശ്രീപത്മനാഭദാസ വഞ്ചീബാലരാമവർമ്മ കുലശേഖര കിരീടപതി മന്നേ സുൽത്താൻ മഹാരാജരാജ രാമരാജ ബഹദൂർ ഷംഷെർജംങ്ചിറവായ്മൂത്ത പണ്ടാരത്തിൽ നിന്നും മേപ്പടിയാണ്ട് ആനി മാസം (മിഥുനം) 28-ാനു- വെള്ളിയാഴ്ചയും, ചോതി നക്ഷത്രവും, പൂർവ പക്ഷത്ത് നവമിയും, സിദ്ധ നിത്യയോഗവും, ബാലക്കരണവും അന്നുദിച്ച് 6 നാഴികയ്ക്കു മേൽ ചിങ്ങം രാശി നേരത്ത് മതിലകത്ത് കുലശേഖര മണ്ഡപത്തിനു പടിഞ്ഞാറു വശത്ത് പുത്തനായിട്ടു കെട്ടിയ ഓലപ്പുരദാന മണ്ഡപത്തിൽ എഴുന്നെള്ളിയിരുന്ന് കൽപിച്ച് തുലാ 'പുരുഷദാനം' ചെയ്കയാൽ മേപ്പടി വകയ്ക്ക് ദാനം, ദക്ഷിണ, ക്രിയാ പടിത്തരം, കന്യകാദാനം, ഉൾപ്പെട്ട വകയ്ക്കും, തുലാതട്ടിൽ ഇട്ട പൊൻ ചിലവു വകയ്ക്കും, തന്ത്രി, ആഢ്യന്മാർ, ദീക്ഷിതർമാർ, ശാസ്ത്രിമാർ, ഉൾപ്പെട്ട പേർക്ക് സർവാണി പ്രതിഗ്രഹം ഉൾപ്പെട്ട ചിലവു വകയ്ക്കും വടക്കുനിന്നും വാദ്ധ്യാന്മാർ, വൈദികന്മാർ, ഉൾപ്പട്ട വർക്കും, കിഴക്കുനിന്നും വരുന്ന ബ്രാഹ്മണർക്കും, ഊട്ടുകളിൽ ഭക്ഷണം കൊടുപ്പിച്ച വകയ്ക്കും വള്ള ക്കൂലി, ഊന്നുകൂലി, ചുമട്ടുകൂലി, വകയ്ക്കും മേപ്പടി വകയ്ക്ക് അഗ്രശാലയിൽവച്ച് സദ്യയും, വലിയശാലയിൽ വച്ച് തമ്പാദി വൈഷ്ണവർ ഉൾപ്പെട്ടവർക്ക് സ്വയം പാകവും, പള്ളിതേവാരം, ഈശ്വര സേവ, കോപ്പുകാറർ ഉൾപ്പെട്ട വകയ്ക്കും, അരി, കാകറി, പലവെഞ്ജനം, ഉൾപ്പെട്ട ചിലവുവകയ്ക്കും ചിലവുനെൽ **59751** പറ 1⅜ ഇട.

1005 വൃശ്ചികം 9-ാം ശേഖരിപ്പ്

**1005 M.E.★**

## "പുത്തൻകോട്ട ശ്മശാനത്തിലെ വികസനം"

നമ്പർ 123. നീട്ട്

കൊടുത്തൂട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. തിരുവനന്തപുരത്ത് പുത്തൻകോട്ടയ്ക്കു തെക്കുവശത്ത് 'രുദ്രഭൂമിയിൽ' ഒള്ള തറകളിൽ ഏതാനും ഒക്കെയും അവിടെ പാർക്കുന്ന കുടിയാനവന്മാര് അടച്ചുകെട്ടി പുരയിടമാക്കിയിരിക്കുന്നതിനാൽ ആ തറകൾ ഒഴിപ്പിച്ച് കൊടുക്കുന്നതിനും കുടിയാനവന്മാരുടെ തനതു വകയായിരുന്നാൽ ആ വകയ്ക്ക് അർത്ഥം എത്രയുണ്ടെന്നു തിട്ടം വരുത്തി അക്കാര്യത്തിനും, കർമ്മം ചെയ്യുന്ന വകയ്ക്ക് ആററിൽനിന്നും വെള്ളം കോരുന്നതിന് കൽപ്പടയും, ഇരുന്നു കർമ്മാദികൾ കഴിക്കുന്നതിന് ഓടുപുരയായിട്ടു ചവുക്കമാതിരിയിൽ ഒരമ്പലവും, കെട്ടിക്കുന്നതിനും നിദാനം വരുത്തണമെന്നും നാം പറഞ്ഞപ്രകാരം സർവാധികാര്യം വിചാരിക്കുന്ന കുമാരപിള്ളയുടെ സാധനം വന്ന സംഗതിക്ക് തിരുവനന്തപുരം മണ്ഡപത്തുംവാതുക്കൽ ഒന്നാം തഹശീൽദാരനു എഴുത്തു കൊടുത്തയച്ചാറെ-പുത്തൻ കോട്ടയ്ക്കു തെക്കുവശത്തു പത്തുതട്ടു പുരയിടം ഒള്ളതു പണ്ടാരവക പാട്ടമായിട്ടു മുമ്പിനാലെ-കിഴക്കേപ്പൊടുവീട്ടിൽ കണക്കു നാരായണൻ കാളിയുടെ പേർക്ക് പതിച്ചു കൊടുത്തിരിക്കുന്നതിൽ-മൂന്നു തട്ടു പുരയിടത്തിൽ വൃക്ഷം ഇല്ലാതെ രുദ്രഭൂമിക്കായിട്ടു അവന്റെ സമ്മതപ്രകാരം വിട്ടു കൊടുത്തിരിക്കുന്നതുകൊണ്ട് സ്ഥലം മുഴുക്കാഴികയാൽ മേലെഴുതിയ വകയിൽ 'വട്ടവിള' ഉൾപ്പെട്ട മൂന്നു പുരയിടത്തിൽ 993-ാമാണ്ടേക്കിപ്രം 27 മൂടു മാവു നട്ടിരിക്കുന്ന



തിനു കരം പതിഞ്ഞിട്ടില്ലായ്കകൊണ്ട് ആ പുരയിടം കൂടെ രുദ്ര ഭൂമിക്കായിട്ടു കയ്യാല നിരത്തിയിട്ടാൽ വൃക്ഷങ്ങൾക്ക് ചേതം വരാതെ സ്ഥലം മുഴുക്കുന്നതാകുന്നു എന്നും, കർമ്മം ചെയ്യുന്നതിന് ആററിൽനിന്നും വെള്ളം കോരുന്ന വകയ്ക്ക് കൽപട കെട്ടുന്നതിന് 1935 പണവും ഓട്ടുപുരയായിട്ടു അമ്പലം തീർപ്പിക്കുന്നതിന് 1678¼ പണവും, ഇതിന്മണ്ണം 3613¼ പണം ചിലവു ചെല്ലുമെന്നും തഹശീൽദാരന്റെ സാധനവും, അടങ്കൽ വര്യോലയും വന്നു കുമാരപിള്ളയ്ക്ക് എഴുത്തു കൊടുത്തയച്ച് നമ്മെ ബോധിപ്പിച്ചതിന്റെശേഷം മേലെഴുതിയ രുദ്രഭൂമി സ്ഥലം നന്നാക്കിപ്പാനുള്ളതാകയാൽ വൃക്ഷങ്ങൾക്ക് ചേതം കൂടാതെ ആ പുരയിടങ്ങളുടെ കയ്യാലയും ഇടിച്ചു നിരത്തിച്ച് അടങ്കൽ പ്രകാരം ഒള്ള പണം ചിലവു ചെയ്ത് കൽപടയും കെട്ടിച്ച്, ഓട്ടുപുരയും പണികഴിപ്പിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തണമെന്നും, പറഞ്ഞ സംഗതിക്ക് കുമാരപിള്ള അർപശി മാസം 23-ാം എഴുതിയ സാധനം വരികകൊണ്ട് ആ വക പണം കൊടുക്കേണ്ടുന്നതിന് ഹജൂർ ഖജനാ ശ്രാപ്പു സുബ്രഹ്മണ്യപിള്ളയുടെപേർക്ക് നിനവ് കൊടുത്തയക്കേണ്ടുന്ന അവസ്ഥ കൊണ്ടല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം മേലെഴുതിയ വകയ്ക്ക് അടങ്കൽ പ്രകാരം ഒള്ള പണം 3613¼-ം, കൊടുക്കുന്നതിന് ശ്രാപ്പു സുബ്രഹ്മണ്യ പിള്ളയുടെ പേർക്ക് എഴുതിയിട്ടുള്ള നിനവ് ഇതിനോടുകൂടെ കൊടുത്തയച്ചിരിക്ക കൊണ്ട് അപ്രകാരം പണവും കൊടുപ്പിച്ച് മേലെഴുതിയ പണികൾ തീർപ്പിച്ച് കൊള്ളത്തക്കവണ്ണം നിദാനം വരുത്തി കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1005-ാമാണ്ട് വൃശ്ചികമാസം 9-ാംതീയതി ദിവാൻ ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടൂ എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

## മുറിവേററയാളിന് ദീന ചിലവ്

3234 ജമാബന്തി
1005-5-13

പറവൂർ മണ്ഡപത്തും വാതുക്കൽ മുതൽപിടിക്കാറന് എഴുതുന്ന ഉത്തരവ് എന്തെന്നാൽ —

വാരാപ്പുഴ പ്രവൃത്തിയിൽ നിന്നും കൊച്ചി സർക്കാരിലേക്ക് ഉടമ്പടിപ്രകാരം അല്ലാതെ അധികം ഒഴിഞ്ഞു കൊടുത്ത നിലത്തിനും, പുരയിടത്തിനും. ഇവിടെ വരുവാനുള്ള രാജകരം മുതലായതു കണക്കു വായിച്ചു കേട്ട് ഉത്തരവും പ്രകാരം പണംപിരിച്ച് വരുമ്പോൾ കൊച്ചിയിൽ കോലകത്തും വാതുക്കൽ തഹശീൽദാരും, സമ്പ്രതി മേനവനും. ഡാണാ നായക്കനും, 20 ചില്വാനം ശിപായിമാരും, 500 ചില്വാനം ആളുകളും കൂടി ഈ മാസം 6-ാനു വാരാപ്പുഴ മണപ്രത്തുവന്ന് ഇവിടെനിന്നും കെട്ടിച്ചിരുന്ന ദേശകാവൽപ്പുരയും പൊളിച്ച് കളഞ്ഞതിന്റെ ശേഷം കരക്കാററും ഡാണാ ശിപായികളും കൂടെ ചെന്ന് ആണയിട്ട് വിരോധിച്ചാറെ-ആണയും മറുത്ത് ശിപായികളേയും കരക്കാററേയും അക്രമങ്ങളും ചെയ്ത് വെട്ടിമുറിച്ച് മാരാപ്പറമ്പിൽ മത്തായി എന്നവൻ മുറിവേററു അപജയം വരുവാനായി കിടക്കുന്ന പ്രകാരവും അവനു കൂടെക്കൂടെ ബോധക്കേടും ചെന്നു അധികമായിട്ടും കാണുന്നതിനാൽ 200 പണം വരേയും ചിലവിട്ടാൽ ഭേദം വരുത്താമെന്നും വൈദ്യന്മാർ പറഞ്ഞിരിക്കുന്നപ്രകാരം അവന്റെ കുഞ്ഞുകുട്ടികൾ വര്യോല എഴുതി വച്ചിരിക്കുന്നു. എന്നും തഹശീൽദാരു 8-ാംതീയതി എഴുതിയ സാധനം വന്നിരിക്കകൊണ്ട് ഇവന്റെ മുറിവ് ചിലവു വകയ്ക്ക് 200 പണം കൊടുക്കുന്നതിനു കയ്യൊപ്പു വര്യോലയും വാങ്ങിച്ചു പണം ചിലവിട്ടു പററുശീട്ടി വാങ്ങിച്ചു കൈമാറി വരുത്തി കണക്കിൽ ചിലവെഴുതിച്ചു കൊള്ളുകയും വേണം. ഇപ്പടിക്കു എഴുതിയ ദിവാൻ പേഷ്കാർ ബാപ്പുരായർ

1005-ാമാണ്ട് മാർകഴിമാസം 13-ാനു



## 'കരം പിരിവിൽ കശപിശ'

1005

1830-ാം വർഷം അക്ടോബർമാസം 6-ാനു ആക്ടിംഗ് റസിഡൻറ് കടകൻ സായിപ്പ്-ദിവാൻജിക്ക് എഴുതിയ കടദാസിന് പെർപ്പ്

വാരാപ്പുഴ നിലംപുരയിടത്തിന്റെ കരം പിരിക്കേണ്ടുന്നതിന് ഇനിയും തിരുവിതാംകൂർ സംസ്ഥാനത്തുള്ള ഉദ്യോഗസ്ഥന്മാർ വിരോധം ചെയ്യുന്ന പ്രകാരം - കൊച്ചിയിൽ ആക്ടിംഗ് ദിവാൻ എഴുതി അയച്ചിരിക്കുന്നു. അപ്രകാരം കരം പിരിക്കുന്നതിന് വിരോധം ചെയ്യരുതെന്ന് കഠിനമായിട്ട് ഉത്തരവുകൾ കൊടുത്തയച്ച പ്രകാരം തങ്ങൾ പല പ്രാവശ്യവും നമ്മെ എഴുതി ബോധിപ്പിച്ചിട്ടുണ്ടല്ലോ. എങ്കിലും തങ്ങൾ കൊടുത്തയക്കുന്ന ഉത്തരവുകൾ ബഹുമാനിക്കേണ്ടുന്നതിന് വാരാപ്പുഴ പാർവത്യക്കാറനു മനസ്സില്ലാത്ത പ്രകാരം കാണുകകൊണ്ട് തങ്ങളിടെ ഉത്തരവുകൾ ബഹുമാനിക്കാതെ ഇരിപ്പാനുള്ളതല്ലെന്ന് വേറെ ആളുകൾ അറിവാൻ വേണ്ടി വാരാപ്പിഴെ പ്രവൃത്തിക്കാറനെ തക്കവണ്ണം ശിക്ഷ ചെയ്യിക്കയും വേണം. ഈ ആവലാധി സംഗതി കൊണ്ട് വേഗത്തിൽ മറുപടി കൊടുത്തയക്കയും വേണം. ഇപ്പോൾ തർക്കം ഒള്ള അതിർത്തി സമീപത്തു പാർക്കുന്ന ആളുകളോടു ഹേമങ്ങൾ ചെയ്ത് കച്ചീട്ടു വാങ്ങിച്ചാൽ തന്റെ എജമാനന്റെ അവകാശത്തിനു ചില ദോഷമായിട്ടു തീരുമെന്ന് ദയവു ചെയ്ത് കുഞ്ചു പണ്ടാലയ്ക്ക് എഴുതി അയക്കയും വേണം. ഈ വക കച്ചീട്ടുകൊണ്ടുതന്നെ ഇക്കാര്യം നല്ല ഉറപ്പല്ലെന്നു ഞാൻ നിശ്ചയിപ്പാനിടവരികയും ചെയ്യും. ഇതല്ലാതെ കൊച്ചീ രാജാവിന്റെ കുടിയാനവനായിരിക്കുന്ന വിളാവേലി കയ്മളെ കുഞ്ചു പണ്ടാല പിടിപ്പിച്ചു പറവൂർ കൊണ്ടുപോയി പാറാവിൽ ഇട്ടിരിക്കുന്നപ്രകാരം കേട്ടിരിക്കുന്നു. ആയതു നേരല്ലാ എന്നു ഞാൻ നിശ്ചയിച്ചിരിക്കുന്നു. എങ്കിലും തങ്ങൾ അക്കാര്യം കൊണ്ട് വേണ്ടുംവണ്ണം വിചാരണ ചെയ്തു നമ്മെ അറിയിക്കയും വേണം.

## ''ചക്രം അടിപ്പിക്കാൻ നിയമം''

രായസം

1635-ാമത് 1005-11-5-ാനു-

ഇസ്ത്യാർ നാമാവനാമെ ആംകി സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംമ്പരം

എന്തെന്നാൽ ഈ രാജ്യത്തു കമ്മട്ടം വകയിൽ ചക്രം അടിക്കുന്നതിന് 998-ാമാണ്ടുവരേയും നടന്നു വന്നതിന്മണ്ണം അല്ലാതെ ചക്രത്തിന് ഒൻപതര മാററുള്ളതിൽ മുക്കാണി. അരയ്ക്കാണി, മുന്തിരിമാററ് കുറച്ച് ഒൻപതേകാൽ മുണ്ടാണി കാണിമുന്തിരി മാററു വച്ചു ചക്രം അടിപ്പിക്കത്തക്കവണ്ണവും പത്താക്കു ഉറംപ്പെട്ട നാണയങ്ങളും വെള്ളിയും ഒൻപതേമുക്കാൽ അര മാകാണി മാററു ആകുന്നതുവരേയും അറ വയ്പിച്ച് ശരിയിട്ടു കണ്ടാൽ ചക്രത്തിന് ഒൻപതേകാൽ മുണ്ടാണി കാണിമുന്തിരി മാററും നീക്കി അധികം ഒള്ള മാററു കാലേ മാകാണി കാണിമുന്തിരിക്കും കണക്കുപ്രകാരം തടിക്കാശു 8 മുക്കാൽ മാകാണി മാററു വച്ചു മട്ടം ചേർത്തു ശരിയിട്ടു ചക്രം അടിപ്പിക്കത്തക്കവണ്ണവും 1003-ാമാണ്ടു മുതൽക്ക് ചട്ടം വച്ചതിൻെറ ശേഷം 'യാപാരികറം' കൊണ്ടുവരുന്ന 'പത്താക്കു' മുതലായതു 9 മുക്കാൽ അര മാകാണിമാററു ശരിയായിട്ടു കാണുന്നവരേയും അറ വയ്പിച്ച് വരുന്ന കാരണത്താൽ കച്ചവടക്കാർക്ക് വളരെ നഷ്ടമായിട്ടും അരിപ്പന്മാരിടെ പക്കൽ ഏറിയ വെള്ളി ചുമതലയായിട്ടും കമ്മട്ടത്തിൽചക്രം അടിക്കുന്നതിന് നടപ്പില്ലാതെയും തീർന്നിരിക്കകൊണ്ടും ഖജനാവിൽനിന്നും 150 തടിപ്പത്താക്കു കമ്മട്ടം വകയിൽ കൊടുപ്പിച്ച് അതിൽ 'പത്താക്കു' അരിപ്പന്മാരിടെ പക്കൽ ഏറംപ്പിച്ച് അറ വയ്പിച്ചാറെ - 9 അര മുണ്ടാണികാണി മുന്തിരിമാററിൽ 482¼ മുണ്ടാണിക്കുഴഞ്ചും മുക്കാ മാഹാണി മഞ്ചാടിയും, വെള്ളി ഏറംപ്പിക്കകൊണ്ട് അതിന്മണ്ണം കണ്ട മാററിൽ ചക്രത്തിൻെറ മാററു ഒൻപതേകാലേ മുണ്ടാണി കാണി മുന്തിരിയും നീക്കി അധികം കണ്ടമാററിന് തടി



ക്കാരു എട്ടേമുക്കാ മാഹാണി മാററുവച്ചു മട്ടവും ചേർത്ത് മട്ടം ഉറംപ്പെടെ കണക്കെഴുതിക്കണ്ടാറെ പത്താക്കു നൂററി മുപ്പത്തി അഞ്ചേകാൽ അരയ്ക്കാൽ മുക്കാണി അരക്കാണി മുന്തരിക്കു ചേതാരവും, പാടുവാശിയും, നിരക്കുംപ്രകാരം ഒള്ള കൊറംവിലയും നീക്കി 131¾ പണം ലാഭം കണ്ടിരിക്കകൊണ്ട് ഇപ്രകാരം മാററ് ശരിയിട്ട് ചക്രം അടിപ്പിക്കുന്നതിനാൽ കച്ചവടക്കാർക്ക് നഷ്ടംകൂടാതെയും വേലക്കാർക്ക് സങ്കടം കൂടാതേയും ചക്രത്തിന് മാററു കുറവില്ലാതെയും കമ്മട്ടത്തിൽ ചക്രം അടിക്കുന്നതിന് നടപ്പായിട്ടു തീരുന്നതല്ലാതെയും ഇതിനാൽ കച്ചവടക്കാർക്ക് വളരെ ലാഭം ഒള്ളതാകകൊണ്ടും ഈ വിവരം കച്ചവടക്കാററു മുതലായ സകലമാനപേരും അറിഞ്ഞു മനസ്സുള്ള ആളുകറം തടിപ്പത്താക്കു മുതലായ നാണയങ്ങളും, തലപ്പത്താക്കു മുതലായ നാണയങ്ങളും, വെള്ളിയും കമ്മട്ടം വകയിൽ കൊണ്ടുവന്നു ചക്രം അടിപ്പിച്ചു കൊള്ളുകയും വേണം.

എന്ന് 1005-ാമാണ്ട് മിഥുനമാസം 5-ാനു-

ദിവാൻ സുബ്ബാരായർ (ഒപ്പ്)

---

മുക്കാണി-ഒരു കീഴ് കണക്ക് 3/80 ഭാഗം

(മാഹാണിയുടെ ⅓ അംശം)

മുണ്ടാണി-മാഹാണിയുടെ മൂന്നിലൊരംശം

മാഹാണി-1/16 അംശം,

മുന്തിരി-1/320 ഭാഗം

മട്ടം-സ്വർണ്ണത്തിൽ ചേർക്കുന്ന ഒരു ചേരുവ

മട്ടപ്പണം-ചേരുവയുള്ള ഒരു വക നാണയം

കാണി-ഒന്നിൻെറ എൺപതിൽ ഒരു പങ്ക്

തടിക്കാശു-വണ്ണമുള്ള കാശ്

പാടുവാശി-അയോഗ്യത

തടിപ്പത്താക്ക്-ഒരു വക നാണയം

കഴഞ്ച്-10 പണമിട കൂടിയ തൂക്കം

അറവെയ്പ്-പണം സൂക്ഷിക്കുന്ന സ്ഥലം

അരയ്ക്കാണി-ഒന്ന് നൂററുപതായി ഭാഗിച്ചത് 1/160.

അരയ്ക്കാൽ-ഒന്ന് എട്ടായി ഭാഗിച്ചത് ⅛

## ഹജൂർ തിരട്ടുകൾ 18

കൊ: വ: 1005 *

1) മതിലകത്ത് നെയ്യുകുററി തീർത്ത് നടയ്ക്കു വച്ചതിന് രൂപാ മാററിൽ വെള്ളിക്കഴഞ്ച് 288¼ മഞ്ചാടി ¼ക്ക് 936¼. കുഴഞ്ച് ഒന്നുക്ക് പണം ¼ വീതം കൂലി 70¼. വക 2-ൽ 10007 പണം.
2) ഇംഗ്ലീഷു പുസ്തകം എഴുതുന്ന കന്നി മുതലിക്ക് 420 പണം.
3) വിളവങ്കോട് തമ്പിച്ചക്കുറുപ്പ് ഒരു പുലിയെ പിടിച്ച് കൂട്ടിൽ അടച്ചു തിരുമുമ്പിൽ കൊണ്ടുവന്നതിന് ഇനാം 117½ പണം.
4) ചങ്ങനാശ്ശേരി ആട്ടക്കാർ വകയിൽ കൊച്ചു പണിക്കർ മുതൽപേർ തിരുമുമ്പിൽ ആടിയ വകയ്ക്ക് ഇനാം ചിലവ്-
5) തഞ്ചാവൂർ ത്യാഗരാജൻ മുതൽപേർ 2ക്ക് 2100 പണം.
6) തിരുമുമ്പിൽ പാടുന്ന നരസു രാമന്-2500 പണം.
7) ഹൈദ്രാബാദുനിന്നും വന്ന പാട്ടുകാരി കാശി ഗംഗാ മുതൽപേർക്ക് 350/.
8) കഴക്കൂത്താടി ഹരിപ്പാട്ടു അനന്ത ലക്ഷ്മി ആകാശ മാണിക്യത്തിന്-850
9) തഞ്ചാവൂർ ശേഷോ പണ്ഡിതർ സു ബ്ബ രാ യ ർ ക്ക് മാശിമാസം (കുംഭം)25-ാനു- കൽപിച്ച് ദിവാനുദ്യോഗം കൊടുക്കയാൽ മേപ്പടിയാർ ദക്ഷിണ, സർവാണി ഉം പ്പെട്ടതിന് 4457½ പണം.
10) എഴുന്നെള്ളത്തോടു പാർക്കുന്ന കരമന വാസുദേവ ശാസ്ത്രിയാർക്ക് ദീനച്ചിലവിന് 350/ പണം.
11) മേപ്പടി ശാസ്ത്രികരം സന്യസിച്ച് സിദ്ധിയടഞ്ഞ വകയ്ക്ക് 150 പണം, മുണ്ട് 4ക്ക് 4½ ആകെ 159¼.
12) പുതുമന അമ്മവീട്ടിൽ പാനപ്പിള്ള ലക്ഷ്മീ പാർവതി മരിച്ചതിന്-31½.



13) മണി മേസ്തിരി അന്തോണി മാർട്ടിൻെറ കെട്ടിയവരം മരിച്ചതിന് കറുത്ത പട്ടു കുത്തു 1ക്ക് മുഴം 18ക്ക് ചിലവ്-36¼.
14) കരമന ചാന്ന കുഞ്ചുമാത്തന് ''മാർത്താണ്ഡൻ അനന്തപത്മനാഭൻ'' നാടാർ എന്നപേരും പിരമ്പും കൊടുക്കയാൽ മേപ്പടിയാന് കൊടുത്ത പട്ടു മുഴം 8ക്ക് 24½ പണം.
15) ഗ്രന്ഥം എഴുത്ത് ചിറയിൻകീഴ് കുററിക്കാട്ടു വീട്ടിൽ ശങ്കരനാരായണപിള്ളയ്ക്ക് ഇനാം കൊ ടു ത്ത ത് 170 പണം.
16) പഴവങ്ങാടി പള്ളിക്കൂടത്തിൽ അടിച്ചുതളി മാവേലിക്കര ചക്കിക്ക് അൽപശിമാസം മുതൽ 7½ പണംവീതം കൂടുതലുള്ളത് - ചിത്തിരമാസം കൊടുത്ത ചിലവ്- (7 മാസം) 52½.
17) ചെന്ന പട്ടണത്തു നിന്നും വന്ന ന്യൂസ് പേപ്പർ 52ക്ക് 370¼പണം.
18) ഹിന്ദുസ്ഥാനി പാടുന്ന നാഥുറാമിന് 2500 പണം.
19) ചങ്ങനാശ്ശേരി ലക്ഷ്മിപുരത്തു കൊട്ടാരത്തിൽ പുത്തനായി ഒരു ക്ഷേത്രം പണിക്ക് തടി വകയിൽ ചിലവ് 5234 പണം.
20) സുന്ദരപാണ്ടിപുരം ഗണപതി രാഘവതർക്ക് കല്യാണത്തിന്-300.
21) അപ്പീൽ മൂന്നാം ജഡ്ജിയുടെ ജേഷ്ടൻ മകൻ തൊമ്മന് പെണ്ണു കെട്ടുന്നതിന് 500 പണം.
22) പുതുമന അമ്മവീട്ടിൽ കണക്കുതമ്പി നാരായണൻ മാർത്താണ്ഡൻെറ ചിററമ്മ പാനപ്പിള്ള കാളിഅനന്തമ്മ കഴിഞ്ഞതിന്-1000 പണം.
23) ഇൻജിനീയർ കപ്പിത്താൻെറ വകയിൽ വലിയതുറ പാർത്തിരുന്ന പീററർ മരിച്ചതിന്-700 പണം.
24) ഉത്രം തിരുനാരം ഇളയതമ്പുരാൻ തിരുമനസ്സിലെ മേടം 18-ാനു- തിരുമാടമ്പിലും, പൂരാടം തിരുനാരം പെൺവഴി കൊച്ചുതമ്പുരാന് വൈകാശി 20-ാനു- ചോറൂണു മൃതേത്ത് വകയ്ക്കും ഉദ്യോഗസ്ഥന്മാർ ഉരംപ്പെട്ട പേർ പൊലിച്ച വകയിൽ വരവു പണം 9270.

## 1006 M·E· *

## കൊച്ചിവക വസ്തുവിനെക്കുറിച്ചുള്ള പരസ്യം

5457 രായസം

1006-3-25

ഇസ്ത്യാർനാമമാവുനാമെ ആക്ടിംഗ് വാരാപ്പുഴ, ഏഴിക്കര, രണ്ടു പ്രവൃത്തിയിലും കൊച്ചിയിൽ സർക്കാർ വക നിലം പുരയിടം അനുഭവിക്കുന്ന കുടികൾ മുതലായ സകലമാന പേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം എന്തെന്നാൽ-

തിരുവിതാംകൂർ കൊച്ചി രണ്ടു സംസ്ഥാനത്തേക്കും തമ്മിൽ തർക്കം ഒള്ള കാര്യങ്ങൾക്ക് 999-ാമാണ്ട് എഴുതിപ്പിടിച്ച ഉടമ്പടിയിങ്കൽ കൊച്ചിയിൽ സർക്കാർ നിന്നും ബോധിപ്പിച്ച സംഗതികളിൽ ആറാം കാളത്തിൽ എഴുതിയിരിക്കുന്നപ്രകാരം വാരാപ്പുഴ ഏഴിക്കര രണ്ടു പ്രവൃത്തിയിൽ നിന്നും 969 പറ കണ്ടവും-64 മുറി പുരയിടവും വിട്ടു കൊടുത്തിരിക്കുന്നതിൻെറ രാജകരം നീക്കി ശേഷം മിച്ച വാരം, മുതലായ കരങ്ങൾ, കൊച്ചിയിൽ സർക്കാർ വകക്ക് വാങ്ങിക്കുന്നതിന് വിരോധം കൂടാതെയിരിക്കത്തക്കവണ്ണം, പല പ്രാവശ്യവും ഉത്തരവു കൊടുത്തയച്ചിട്ടും അതിന്മണ്ണം നടത്തിക്കാതെ ഇവിടെ ഒള്ള ഉദ്യോഗസ്ഥന്മാരു കുടികളോട് തടങ്കൽ ചെയ്യുന്നപ്രകാരം കൊച്ചിയിൽ സർക്കാരു വകയിൽ നിന്നും കൂടെക്കൂടെ എഴുതി അയച്ച് വരികകൊണ്ടും, ഇനി ഒരു ഉത്തരവു കൊടുത്തയക്കുന്നതുവരേയും മേലെഴുതിയ നിലം പുരയിടങ്ങളുടെ രാജകരം നീക്കി മിച്ച വാരം മുതലായിട്ടുള്ള കരങ്ങൾ കൊച്ചിയിൽ സർക്കാർ വകയ്ക്ക് വാങ്ങിക്കുന്നതിന് വിരോധം ചെയ്‌വാൻ ആവശ്യം ഇല്ലെന്നും മഹാരാജമാന്യരാജശ്രീ ആക്ടിംഗ് റസിഡൻറു സായിപ്പു അവർകളുടെ ഉത്തരവായിരിക്കുന്നതാകകൊണ്ട് ആയതു മേലെഴുതിയ കുടിയാനവന്മാരുൾപ്പെട്ട സകലമാന പേരും അറിഞ്ഞു ഉടമ്പടിയിൽ ആറാം കാളത്തിൽ എഴുതിയിരിക്കുന്നപ്രകാരം 969 പറ കണ്ടത്തിൻെറയും 64 മുറി പുരയിടത്തിൻേറയും രാജകരം നീക്കി മിച്ചവാരം മുതലായിട്ടു ശേഷം ഒള്ള കരങ്ങൾ കൊച്ചിയിൽ സർക്കാർ വകയ്ക്ക് കൊടുത്തു കൊള്ളുകയും വേണം.

എന്ന് ദിവാൻ സുബ്ബാരായർ

1006-ാമാണ്ട് തുലാമാസം 25-ാനു-



## പുതിയ ചെമ്പു കാശ്

വിളംബരം

ഈ രാജ്യത്ത് മാമൂലായിട്ട് മുദ്ര മാററി ചെമ്പു കാശു അടിപ്പിച്ചു വന്ന പതിവിന്മണ്ണം ഇപ്പോൾ ഒരു വശത്തു ശംഖും ഒരു വശത്ത് ശിവലിംകവും 1005-ാമാണ്ട് എന്നു ആണ്ടും മുദ്രവച്ച് പണം ഒന്നിന് 64 വിലക്കു അടിപ്പിച്ചിരിക്കുന്ന ചെമ്പു കാശ് 1006-ാമാണ്ട് മാർകഴിമാസം 1-ാനു- മുതൽക്ക് എല്ലാവടത്തും വിററുകൊള്ളത്തക്കവണ്ണം നിശ്ചയിച്ചു കാശ് അതാതു മണ്ഡപത്തും വാതുക്കൽകളിൽ കൊടുത്തയച്ചു ഇപ്പോൾ വിററഴിഞ്ഞു വരുന്ന ചെമ്പുകാശ് വെളിയിൽ എടുത്തു വിററു എന്നു വരാതെ നിർത്തൽ ചെയ്തു കൊള്ളത്തക്കവണ്ണം ചട്ടം കെട്ടി ഇരിക്കകൊണ്ട് ഈയവസ്ഥ കച്ചവടക്കാരു കുടിയാനവന്മാരു ഉൾപ്പെട്ട സകലമാനപേരും അറിഞ്ഞു മേൽ എഴുതിയപ്രകാരം മാർകഴിമാസം 1-ാനു- മുതൽക്ക് മണ്ഡപത്തും വാതുക്കൽ ചെന്ന് പുത്തൻ ചെമ്പുകാശു വാങ്ങിച്ചു വിററഴിച്ചു കൊള്ളുകയും വേണം.

എന്ന് 1006-ാമാണ്ട് വൃശ്ചികമാസം 20-ാനു-

1831

## അനധികൃതമായുള്ള കട കെട്ടൽ

നമ്പ്ര. 625 അനുവ്

1006 വൈകാശി 21-ാനു

ഹജൂർ കച്ചേരി തിരുവനന്തപുരത്തു വന്നതിന്റെ ശേഷം വഞ്ചിയൂർ അധികാരത്തിൽ പലരും ഉറപ്പായിട്ടു കടകളും കെട്ടി ജവുളി മുതലായ ചരക്കുകളും വരുത്തി കച്ചവടം ചെയ്തു വരുന്നതിനാൽ ആ വക കടകൾക്കും അട്ടക്കുളങ്ങരയും കൽപ്പാലക്കടവിലും ഇതിന്മണ്ണംതന്നെ എറിയ കടകളും കെട്ടി കച്ചവടം ചെയ്തു വരുന്നതാകയാൽ - അനന്തപുരം പേട്ടയിൽ ഒള്ള കടകൾക്ക് പാട്ടം മുതൽകൂട്ടി പിരിപ്പിച്ച് വരുന്നതിന്മണ്ണം ഈ വക കടകൾക്കും പാട്ടം മുതൽക്കൂട്ടി പിരിപ്പാൻ ഒള്ളതാകകൊണ്ടും ഏതുപ്രകാരം വേണ്ടൂ എന്നു തിരുവനന്തപുരം മണ്ഡപത്തും വാതുക്കൽ ആക്ടിംഗ് ഒന്നാം തഹശീൽദാരന് 18-ാനു എഴുതിയ സാധനം വരികകൊണ്ട് അതിന്മണ്ണം ഒള്ള കടകൾ കണ്ടെഴുതിച്ചു വര്യോലയും കൊടുത്തയച്ചു ആ വക പണവും കണക്കിൽ മുതൽക്കൂട്ടി പിരിപ്പിച്ചു കൊള്ളത്തക്കവെണ്ണം ഉത്തരവു കൊടുത്തിരിക്കുന്നു എന്നും എഴുതി വന്നിരിക്കുന്നു.

### "മദാമ്മയുടെ മരണം"

[ഉദയഗിരി കോട്ടയിൽ വലിയ കപ്പിത്താന്റെ കെട്ടിയവൾ മദാമ്മ ഉഹുപർപ്പ് തിരുവനന്തപുരത്തു തിരുമധുര പേട്ടയിൽ പാർത്തിരിക്കുമ്പോൾ കഴിഞ്ഞു പോയതിനു പട്ടു കുത്തു ഒന്നും നീക്കി കച്ചയ്ക്ക് 15 പണം ചിലവായത് ചിലവെഴുതണം.]



1005-ൽ സ്വാതി പുറത്തിറക്കിയ ചെമ്പുകാശ് — ഇരുവശവും
(1006 ലെ നീട്ട്)

## ഹജൂർ തിരട്ടുകൾ 19

കൊ: വ: 1006 *

1) തിരുവട്ടാററു പാനപ്പിള്ള ഭഗവതി ലക്ഷ്മിക്ക് മക്കളായിട്ട് പരവൂർ തമ്പിച്ചം വീട്ടിൽ നീലമ്മ അയിക്കുട്ടിയേയും, മകരം നാരായണിയേയും തലക്കുളത്ത് നീലകണ്ഠൻ മുതൽപേരേയും ആവണിമാസം 3-ാംതീയതി ദത്തവകാശമാക്കിയതിന്-467 പണം.

2) ഭഗവതി ലക്ഷ്മി പാർവതിയുടെ മകരം പാർവതി നാരായണിക്ക് ആവണിമാസം (ചിങ്ങം) 18-ാംതീയതി അവിട്ടം നാരം പട്ടും പരുവട്ടവും ഇട്ട വകയ്ക്ക് ചിലവ്-397½.

3) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിക്ക് അടുത്തൂൺ വകയ്ക്കും ദാനം, ദക്ഷിണ വകയ്ക്കും 1006 അൽപശി മാസം (തുലാം) 1ക്ക് 1024½ വീതവും മേപ്പടി വകയ്ക്ക് ഓണക്കോടിയ്ക്ക് കൂടുതൽ 150 പണവും നൽകുന്നതിൽ ചിലവ്-

4) നീല വർണ്ണക്കൊടി കെട്ടിവന്ന 'മാളയവനാ' എന്ന കപ്പൽ 1006 അൽപശി മാസം 22-ാം തീയതി ശംഖുംമുഖത്തു വന്ന് കാററടിച്ച് ചേതം വന്നുപോകകൊണ്ട് ആ കപ്പലിൽ ഒള്ള സാമാനം കരക്കിറക്കിച്ച് സൂക്ഷിച്ച സ്ഥലത്ത് വിളക്കു വയ്പിന് ചിലവ് വെളിച്ചെണ്ണ പറ 24 ഇടങ്ങഴി 8ക്ക് ചിലവ്-191 പണം.

5) ആര്യനാട് അധികാരത്തിൽ പൊൻമുടിയിൽ പല സ്ഥലങ്ങളിൽ നിന്നും വന്നു പാർക്കുന്ന വേലന്മാർ നട്ടുണ്ടാക്കുന്ന വാഴയ്ക്ക് ചുമടു കെട്ടിയതാക പടററുകാ 1400ക്ക്-179-ം, ഇല 350ക്ക് 1¾-ം, പണം ചിലവ്.

6) ശുചീന്ദ്രം കോവിൽ ആടും പാത്രം വകയിൽ (നാട്യക്കാർ) കീഴിലങ്കത്ത് ലക്ഷിമിക്ക് അനന്തലക്ഷ്മിപ്പിള്ള രായർ എന്നും, പേരു കൊടുത്ത വകയ്ക്ക് മുറത്തരം വകയിൽ പിരിവ്-64 പണം.

7) മണ്ടയ്ക്കാട്ടു ദേവസ്വം വകയിൽ പങ്കുനിമാസം ഭരണി നാൾ കൽപിച്ച് 995-ാമാണ്ടുമുതൽ തൂക്കം കഴിപ്പിച്ചു വരുന്ന വകയ്ക്ക് അമ്മന് മുഴുക്കാപ്പു ചിറപ്പു വകയ്ക്ക് കൂടുതൽ-71¼.

8) ലന്തക്കുമ്പഞ്ഞി വക കന്യാകുമാരിയിൽ ഒഴിഞ്ഞു കൊടുത്തിരുന്ന പുരയിടം 1001-ാമാണ്ട് മുതൽ അവർ ഇട്ടേച്ചു പൊയ്കളക കൊണ്ട് കോൾവിയിൽ നിന്നും പാട്ടം കെട്ടി മുതലെടുത്ത് വരുന്നതാക മേപ്പടിയാണ്ട് പാട്ടം കൊടുത്ത വകയിൽ മുതൽ 18¼.

9) മതിലകത്ത് നാടകശാലയിൽ വച്ച് ശാസ്ത്രം വായിപ്പിക്കുന്ന തിരുക്കുറുംകുടി താണു മാലയ്യങ്കാർ ശാസ്ത്രികളുടെ അനുജൻ വെങ്കിട്ടരായ അയ്യങ്കാർക്ക് ആവർത്തന വിവാഹത്തിന് 500 പണം.

10) പുതുമന അമ്മവീട്ടിൽ പാനപ്പിള്ള കാളി കാളിയുടെ മകൾ കാളിപ്പിള്ളകൊച്ചമ്മ കഴിഞ്ഞുപോയ വകയ്ക്ക് 31¼ പണം.

11) തഞ്ചാവൂർ നിന്നും വന്ന ദാസി കോതയും, നട്ടുവൻ സുബ്ബരായനും തിരുമുമ്പിൽ വന്ന് കേളിക്ക ആടുകയാൽ ഇനാം 6369¾ പണം.

12) കരമനയാററിൽ വെള്ളപ്പൊക്കം കാണുന്നതിന് തിരുമനസ്സുകൊണ്ട് മേപ്പടിയാണ്ട് അൽപശിമാസം 30-ാനു-കരമന പത്മനാഭ ശാസ്ത്രികളുടെ അകരത്തിൽ എഴുന്നെള്ളുകയാൽ മേപ്പടി ശാസ്ത്രികളുടെ ആയിമ്മക്ക് ഇനാമായിട്ടു കൽപിച്ചു അൽപശി (തുലാം) 30-ാനു-കൊടുത്ത പട്ടുകുത്തു 1ക്ക് വില 100/-

13) തൃശ്ശിനാപ്പള്ളിയിൽ നിന്നും വന്ന ഭാരത ഭൂഷണൻ തിരുമുമ്പിൽ വീണ വായിക്കയാൽ മേപ്പടിയാന് കാർത്തിക മാസം (വൃശ്ചികം) 20-ാം തീയതി ഇനാം ചിലവ്-1400 പണം.

14) കൊച്ചിയിൽ നിന്നും വന്ന കൊങ്ങിണി ദാസി നാരായണി മുതൽപേർ തിരുമുമ്പിൽ കേളിക്ക ആടുകയാൽ കാർത്തികമാസം (വൃശ്ചികം) 30-ാം തീയതി ഇനാം ചിലവ്-350 പണം.



15) ചോളദേശം അണ്ണാസ്വാമി ശാസ്ത്രികൾക്ക് സോമനും രത്നക്കമ്പളിയും, വാങ്ങിച്ചു കൊടുത്തതിന് 373½.

16) തിരുമുമ്പിൽ പാടിവരുന്ന ബാലമുകുന്ദരായർ മുതൽ പേർക്ക് 332 പണം.

കിത്തിരി വായിക്കുന്ന ഹിന്ദുസ്ഥാനത്തു നാസ്സുരാമന് നിലവിളക്ക് വകയ്ക്ക് 67¼.

17) കുമാരമംഗലത്തു നമ്പൂരിക്ക് സാളഗ്രാമംവച്ചു പൂജിക്കുന്നതിന് കൊട്ടാരം വകയിൽ നിന്നും സാളഗ്രാമം ഉരു 1-ം, നീക്കി വെങ്കലപിടം, കിണ്ടി, എന്നീ വകയ്ക്ക് 27¼.

18) കരമന ശുപ്പു ഭാഗവതർ മുതൽപേർക്ക് വിലയ്ക്കു വാങ്ങിച്ചു കൊടുത്ത തലപ്പാവ് 4ക്ക് 12½ പണം.

19) ശ്രീപാദത്ത് കിഴക്കേതോപ്പിൽ നടുന്നതിന് 'കൊഴുന്തുതൈ' പതിനായിരത്തിന് വിലയായി 30 പണം ചിലവ്.

20) ദിവാൻ സുബ്ബരായർക്ക് കൽപിച്ച് പല്ലക്കു കൊടുത്തതിന് കോപ്പുകൾ തയ്പിച്ച വകയ്ക്ക് 67½.

21) തിരുവനന്തപുരം കൊട്ടാരം വകയ്ക്ക് തിരുമനസ്സുകൊണ്ട് എഴുന്നെള്ളി ഇരിക്കുന്നതിന് പുത്തനായിട്ട് ''ദന്തംകൊണ്ട് സിംഹാസനം'' തീർപ്പിച്ച-ഹജൂർകച്ചേരിയിൽ ഗുമസ്ഥാ തഞ്ചാവൂർ അപ്പാജിരായർക്ക് ഇനാം - വീരചങ്ങല വിലയ്ക്കും - ആനി മാസം (മിഥുനം) 14-ാനു- കൊടുത്ത ചിലവ് 500 പണം.

22) ഹൈദ്രാബാദ് ഖാൻസാബ് എന്നയാൾ തിരുമുമ്പിൽ പൊടിവിദ്യ കളിച്ച വകയ്ക്ക് 190 പണം.വീരചങ്ങലയ്ക്കു 1ക്ക് 170¾.

23) പൂനാദേശത്തു നിന്നും വന്ന സച്ചിദാനന്ദ ഭാഗവതരും അണ്ണാസ്വാമി ഭാഗവതരും, രാമചന്ദ്ര ഭാഗവതരും, തിരുമുമ്പിൽ പാടുകയാൽ പേർ 3നും, ഇനാം ചിത്തിര (മേടം) മാസം 29-ാം തീയതിയ്ക്ക് 1000 പണവും, വീരചങ്ങല 2ക്ക് 400-ം, സോമൻ 2ക്ക് ഉത്തരീയം2ക്ക് 158½, ആകെ ചിലവ് 1558¼.

24) ചോളദേശം മധ്യാർജ്ജുനം ഗോവിന്ദ ദീക്ഷിതർ തിരുമുമ്പിൽ വീണ വായിക്കയാൽ മേപ്പടിയാർക്ക് ചോതി ആട്ടത്തിരുനാളിന് പതിവായിട്ട് വർഷാശനം കൊടുത്തു വന്നതിനെ - 1005-ാമാണ്ട് നിർത്തൽ ചെയ്തു പോകയാൽ മേപ്പടിയാന് ആനി 24-ാം തീയതി ഇനാം കൊടുത്ത പണം 250.

25) തഞ്ചാവൂർ രാജ്യത്ത് തൊണ്ടമാൻ പുതുകോട്ടയിൽ നിന്നും വന്ന ദാസി കോതയും, നട്ടുവൻ സുബ്ബരായനും, ചിത്തിര 4-ാം തീയതി മുതൽ തിരുമുമ്പിൽവന്ന് കേളിക്ക ആടുകയാൽ ഇനാം വകയ്ക്ക് ആടിമാസം 10-ാം തിയതി കൊടുത്ത ചിലവ് 350.

പുതുകോട്ടയിൽനിന്നും തിരുവനന്തപുരത്തു വന്നതിനും, തിരികെ പോകുന്നതിനും വഴിച്ചിലവിനു കൊടുത്തത് 2400 പണം.

മേപ്പടി ദാസി ചെല്ലത്തിന് അരയ്ക്കു ചേല 1ക്ക് വില 52¼ പണം.

മേപ്പടി അലമേലുവിന് ചേല 1ക്ക് 70 പണം.

മേപ്പടി കോത മുതൽപേർ 2ക്ക് ചേല 112 പണം.

പെരിയ നായകിക്ക് മുക്കമ്പിപ്പെട്ടി 1ക്ക് 25 പണം.

നട്ടുവൻ സുബ്ബരായന് കസവു തുപ്പട്ടാ 1ക്ക് 31¼.

മദ്ദളം കന്തസ്വാമിയ്ക്കും, കുഴൽ കൃഷ്ണനും, രാമസ്വാമിയും പേർ 3ക്ക് തുപ്പട്ടാ 3ക്ക് 84 പണം.

തുത്തി സഭാപതിക്ക് 15 പണം.

ദാസി ചെല്ലമുത്തുവിന് വീരചങ്ങല 2ക്ക് 1000.

ആകെ ഈ വകയ്ക്ക് ചിലവ്-3139 പണം.

26) മഹാരാജമാന്യരാജശ്രീ ഗവർണ്ണർ സായിപ്പ് അവർകൾ 1005-ാമാണ്ട് ആടിമാസം 25-ാനു- കൊല്ലത്തു വന്ന് തിരികെ പോകുമ്പോൾ കൽപിച്ച് ഇനാംകൊടുക്കുന്നതിന് മണി മേസ്തിരി മാർട്ടിൻ വശം പഞ്ചവർണ്ണപ്പക്ഷി മുതലായ വകകൾ വിലയ്ക്കു വാങ്ങിച്ചതിനു ചിലവ്-1637¼ പണം.

27) വർക്കല ക്ഷേത്രത്തിൽ ജനാർദ്ദനപ്പെരുമാൾ സ്വാമിയെ എഴുന്നെള്ളിക്കുന്നതിന് കമ്മട്ടം വകയിൽനിന്നും, 1005 ആടി മാസത്തിൽ വെള്ളികൊണ്ടു തീർപ്പിച്ച് കൊടുത്തയച്ചിരിക്കുന്ന 'ഗരുഡവാഹനം' 1006-ാമാണ്ട് ആടി മാസം 31-ാനു- കൽപ്പിച്ച് നടയ്ക്ക് വച്ചിരിക്കുന്നു.



**1007 M. E. *** 1007 കുംഭം 3-ാനു-

## വാരാപ്പുഴ ബിഷപ്പ്

ന : 351

വാരാപ്പുഴ രൂപതയിൽ ചേർന്നിരിക്കുന്ന കിരസ്തവരുമപ്പെട്ട ആളുകൾക്കു അവരിടെ വേദം മുതലായത് പഠിപ്പിക്കുന്നതിന് ഇപ്പോൾ പ്രെപ്പാൻസീസുസബിയർ എന്ന ആളിനെ മെത്രാനായിട്ടു നിശ്ചയിച്ചിരിക്കുന്നു എന്നും ബഹുമാനപ്പെട്ട ഗൗണർ മെണ്ടോര അവർകളുടെ എഴുത്തു വന്നിരിക്കുന്ന പ്രകാരം ആക്ടിംഗ് റസിഡണ്ടു മേജർ കടകൻ സായിപ്പിൻെറ എഴുത്തുവരികകൊണ്ട് ആയതിനു പ്രസിദ്ധപ്പെടുത്തുന്നത് എന്തന്നാൽ— ഇതുവരേയും നടന്നു വന്നതിന്മണ്ണം വേദം മുതലായത് വശമാക്കി നടത്തിക്കുന്നതിനുമേൽ എഴുതിയ രൂപതയിൽ ചെന്നിരിക്കുന്ന പ്രെപ്പാൻസിസുസബിയർ എന്ന മെത്രാൻെറ ആജ്ഞയിൽ ഉൾപ്പെട്ടു നടന്നുകൊള്ളുകയും വേണം.

എന്ന് 1007 കുംഭം 3-ാനു-

[ഏറ്റുമാനൂർ "ഏഴരപ്പൊന്നാന"മാര്, തകിട് ഉൾപ്പെടെ തൂക്കം]

1 — 10 തുലാം.
2 — 9½ ,,
3 — 9- ,,
4 — 8¾ ,,
5 — 8¼ ,,
6 — 8½ ,,
7 — 8- ,,
½ — 2½ ,,

ആകെ 7½ ആനയ്ക്ക് 65½ തുലാം.

വിളംബരം

# കോടതിയും ശിക്ഷാവിധിയും

1007 ഇടവം 19-ാംനു

ഈ രാജ്യത്തൊള്ള കുടിയാനവന്മാരു കച്ചവടക്കാരു ൾപ്പെട്ട ആളുകൾക്ക് അദാലം പോലീസു ഇടപെട്ടു ഒണ്ടാകുന്ന സങ്കടക്കാര്യങ്ങളും പണ്ടാരവക ഇടപെട്ടു വക്കീൽവക സംഗതികളും വിസ്തരിച്ച് തീർപ്പാക്കുന്നതിന് ഒരു അപ്പീൽ കോർട്ടും ഒരു ഹജ്ജൂർകോർട്ടും 6 ജില്ലാകോർട്ടും വച്ചിരിക്കുന്നതും ഓരോ കോർട്ടുകളിൽ അഞ്ചും, ആറും, മണ്ഡപത്തും വാതുക്കൽ ചേർന്നിരിക്കുന്നതും ആകയാൽ അൽപമായിട്ടും വലുതായിട്ടും ഒണ്ടാകുന്ന സംഗതികൾ ഒക്കെയും ഈ കോർട്ടുകളിൽത്തന്നെ വിസ്തരിച്ചും തീർപ്പാക്കുന്നതുകൊണ്ട് കുടികളുടെ സങ്കടത്തിനു തീർച്ച ഇല്ലാതെയും അൽപകാര്യങ്ങൾക്കും വലിയ കാര്യങ്ങൾക്കും ഒന്നുപോലെ കോർട്ടുകളിൽ ചെന്നുവിററുണ്ടുബുദ്ധിമുട്ടിപാർപ്പാൻ ഇടയായിട്ടും തീർന്നിരിക്കകൊണ്ട് മേലൊള്ളതിന് അതിൻവണ്ണം വരാതെ അദാലം പോലീസു വക്കീൽവക ഇടപെട്ടു അൽപമായിട്ടു ഒണ്ടാകുന്ന സംഗതികൾ അതാത് മണ്ഡപത്തും വാതുക്കൽ വച്ചു കേട്ടു തീർക്കുന്നതിന് മണ്ഡപത്തും വാതുക്കൽ കോർട്ടുനിശ്ചയിച്ചു ആ കോർട്ടിൽ വച്ചു കാര്യം വിസ്തരിച്ചു തീർക്കുന്നതിന് തഹസീൽദാരേയും ഒരു മുൻസിപ്പിനേയും പിള്ളമാരേയും നിശ്ചയിച്ചു അവർ നടക്കേണ്ടും പ്രകാരത്തിനു ഹുക്കുനാമാ മുതലായതും കൊടുത്തു ആക്കിയിരിക്കുന്നതിനാൽ ആയത് സകല മാനപേരും അറിഞ്ഞു നൂറുപണംവരേക്കും കൊടുക്കൽ വാങ്ങൽ ഇടപെട്ടുള്ള അദാലം സംഗതികളും തേങ്ങാ, ചക്ക, പാക്ക് വാഴക്കാ, ചേമ്പ് ചേന, നെല്ല് ഉഴവെററിനം,



മുതലായിട്ടു 25 പണംവരെ ഒള്ളമോഷണം, വാക്കിലേററം പറക, കൈകൊണ്ടടിക്ക, ഇടിക്ക, തലകൊണ്ടുമുട്ടുക, നഖം കൊണ്ടുകീറുക, പല്ലുകൊണ്ടുകടിക്ക, കാലുകൊണ്ടു ചവിട്ടുക, അൽപമായിട്ടൊള്ള അപമാനങ്ങൾ ചെയ്ക, അപവാദങ്ങൾ പറക, ചെറിയവടികൊണ്ട് ചോര കണാതെ രണ്ടും നാലും അടിക്ക നിലത്തിലും പുരയിടത്തിലും വിളവിലും വിരോധിക്ക, ഒരുത്തൻ ഇട്ട കൃഷി മറെറാരുത്തൻ എടുപ്പിക്ക ഒരുത്തൻ ഉഴവ ഒരുക്കിയ നിലത്തിൽ മറെറാരുത്തൻ കൃഷിയിടുക, വരമ്പു നീക്കുക, അതിരു നീക്കുക എല്ലുകകല്ലു നീക്കുക, പുരയിടങ്ങളിൽ കേറി ഉഭയചേതം വരുത്തുക, കല്യാണം മുതലായ അടിയന്തിരങ്ങൾ മുടക്കുക, വിരോധിക്ക, പുരവാതൽ അടച്ചു കെട്ടുക, ആണയിട്ടു മറുക്ക, തീമൂട്ടു വിരോധിക്ക, കഴുത്തിൽ മുണ്ടിട്ടു വലിക്ക, കുളത്തിലും കിണററിലും പലവിധമായിട്ടുള്ള അക്രമങ്ങൾ ചെയ്ക, പുരകളുടെ ഓല പൊളിക്ക, വീട്ടിൽ കല്ലെറിക, വൃക്ഷങ്ങൾ വെട്ടി അഴിക്ക, ആറ്, കുളം, കാൽ, അണ മുതലായതു മുറിച്ചു വെള്ളം കൊണ്ടു പോക, കുഴ അരക്കിക്ക, ഉരം കൊണ്ടുപോക, കന്നുകാലിയെ വിട്ടു വിളവു ചേതം വരുത്തുക, നായെ വിട്ടു കടിപ്പിക്ക ഇങ്ങനെയുള്ള സംഗതികളിൽ രണ്ടു ഡസൻ അടിപ്പാനും 24 പണം വരെ പ്രായശ്ചിത്തം വാങ്ങിപ്പാനും തക്കവണ്ണം പിഴ ഒള്ള പോലീസു സംഗതികളും ഇന്നേദിവസം മുതൽക്ക് അതാതു മണ്ഡപത്തും വാതുക്കൽ കോർട്ടുകളിൽ ചെന്നു മുറപ്രകാരം അച്ചടി ഓലയിൽ സങ്കടം എഴുതിവച്ച് ബോധിപ്പിച്ചു കൊള്ളുകയും വേണം.

എന്ന് 1007-ാമാണ്ട് ഇടവമാസം 19-ാനു

# ഹജൂർ തീരട്ടുകൾ 20

കൊ: വ: 1007 *

1) കരുവേലിപ്പുര മാളികയിൽ വച്ച് ''കൃഷ്ണനാടകം'' ആടിയ ഗോസായി മദ്ധ്യാർജ്ജുനം ഗോപാലറാവു മുതൽപേർക്ക് പുരട്ടാശി (കന്നി) മാസം 7-ാം തീയതി ഇനാം വെററില പാക്ക് ഉൾപ്പടെ ചിലവ്-350¼.

2) നെൽ ഉമിക്കൊണ്ട് പൊന്നുകൊണ്ടു കൃഷ്ണ രൂപവും ഒരു കടുക്കയിൽ അനന്തശയനവും ഉണ്ടാക്കി കൊണ്ടു വന്ന് അടിയറ വച്ച വയ്ക്കത്ത് തട്ടാൻ കൃഷ്ണനും, ശങ്കരനും, അർപശി (തുലാം) മാസം 14-ാം തീയതി കൊടുത്ത ഇനാം പണം 60/-

3) പകടശാലയിൽവച്ച് നവരാത്രിനാൾ 9-നും തർക്കം, വ്യാകരണം മുതലായ ശാസ്ത്രം ചൊല്ലിയ ചോളദേശം കൃഷ്ണശാസ്ത്രി മുതൽപേർ 11ക്ക് സോമനും ഉത്തരീയവും കൊടുത്ത ചിലവ്-337¼.

4) പാലക്കാട് ശേഷഭാഗവതർക്ക് ദിനച്ചിലവിന് 150 പണം.

5) തഞ്ചാവൂരിൽനിന്ന് തിരുവനന്തപുരത്ത്‌വന്ന് തിരുമുമ്പിൽ നാട്യം ആടി വരുന്ന ദാസി നീലാം മുതൽ പേർക്ക് നാൾ ഒന്നുക്ക് 22¼ വീതം 163ക്ക് ചിലവ്-3708¼.

6) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിയുടെ അമ്മ അയിക്കുട്ടിപ്പിള്ളതങ്കച്ചി കഴിഞ്ഞ 16 അടിയന്തിരത്തിന് ചിലവിന് നെല്ലു വിലത്തരം പണം വക ഉൾപ്പടെ 940¼.

7) കൊച്ചി അതിർത്തിതർക്കത്തിനായിട്ട് വരുത്തിയ തോട്ടപ്പായ് നമ്പൂരിക്ക് 300/ രൂപ.

8) തിരുമുമ്പിൽ സാരങ്കി വായിക്കുന്ന കല്ലടക്കുറിച്ചി ഗുരുസ്വാമി ഓതുവാന് 400 പണം.



9) ഇംഗ്ലീഷു ഭാഷക്കാരൻ തഞ്ചാവൂർ വെങ്കിട്ടരായർക്ക് ഇനാം 700 പണം.

10) ആര്യശാലയും മിത്രാനന്ദപുരത്തും ഉള്ള കുളങ്ങൾ ഇറപ്പിച്ച് ചെളി വാരിയതിന് 2187¼ പണം.

11) പത്മനാഭപുരം കൊട്ടാരം വക ചില പണികൾക്ക് 173577 പണം.

12) ചാന്നാങ്കര മുതൽ കല്പാലക്കടവുവരെ തോട്ടിൽ കരകൾ ഉറപ്പിപ്പാൻ വച്ചിരിക്കുന്ന 'നാണൻപുല്ല്' സൂക്ഷിച്ച് നടുതലകൾക്ക് വെള്ളം കോരാൻ ആക്കിയ വിചാരിപ്പ് 70 പണം ഉൾപ്പടെ - പേർ 83ക്ക് മാസം 1ക്ക് 1001¼ ആകെ ഈ വകയിൽ ചിലവ്-11969പണം.

13) തഞ്ചാവൂർ നിന്നും വരുത്തി പാർപ്പിച്ചിരിക്കുന്ന ആട്ടക്കാർക്ക് ഗോസായിപ്പുരയ്ക്ക് പടിഞ്ഞാറു വശത്ത് 32 കോൽ നീളത്തിൽ പുര കെട്ടിച്ചതിന് ചിലവ്137¼

14) കൊട്ടാരത്തിൽ പുത്തനായിട്ടു രം ഗ വി ലാ സ ത്തു ബംഗ്ലാവ് 40 കോൽ 8 വിരൽ ചുററിൽ ആരൂഢവും, 59 കോൽ ചുററിൽ വരാന്തയും മേൽനിരയും പണിയുമായി തീർത്ത വകയ്ക്ക് 57770¼ രൂപ.

15) വടക്കേ കൊട്ടാരത്തിൽ തറമേട അററകുററം തീർത്ത വകയ്ക്കും കിഴക്കുവശത്ത് 48 കോൽ 8 വിരൽ ചുററിൽ പുര പണിയിച്ചതിനും 3208¼ രൂപ.

16) തെക്കേത്തെരുവു കച്ചേരിയിൽ മേക്കേ വശത്ത് പുത്തനായിട്ട് 'ദിവാൻഖാനാ' 64 കോൽ 8 വിരൽ ചുററിൽ ആരൂഢവും, 38 കോൽ 8 വിരൽ ചുററിൽ പാരവുമായിട്ട് പണി ചെയ്ത വകയ്ക്കും മേപ്പടിയിൽ തെക്കുവശത്തും വടക്കു വശത്തും പൂമുഖമായിട്ട് പണി ചെയ്ത വകയ്ക്കും ചിലവ്-19619¼ രൂപാ.

മേപ്പടി തെക്കുവശത്ത് കിഴക്കു മേക്കായിട്ട് നാലുകെട്ടു കച്ചേരിയിൽകൂട്ടി 104 കോൽ 8 വിരൽ ചുററിൽ മേപ്പടിക്ക് മേക്കു വശത്ത്-തെക്കു വടക്ക് 52 കോൽ 8 വിരൽ ചുററിൽ കച്ചേരിയും, 24 കോൽ 8 വിരൽ

ചുററിൽ മാളികയും ഇതിന്നണ്ണം വടക്കേവശത്തും കച്ചേരിയും മാളികയുമായിട്ട് പണി ചെയ്ത വകയ്ക്ക്-28648¾ രൂപ.

മേപ്പടിയിലെ പഴയ നാലുകെട്ടു കച്ചേരി അററകുററം തീർത്ത വകയ്ക്കും ഓടുമേയിച്ച വകയ്ക്കും ചിലവ്-703 രൂപ.

17) അപ്പീൽകോർട്ട് ഒന്നാം ജഡ്ജി നാരായണൻ കേശവന് മാസം ഒന്നുക്ക് രൂപാ 700ക്ക് 4900 പണം വീതം.

18) തി രു വ ട്ടാ ററ മ്മ യ് ക്ക് ശൂലക്കാപ്പ്, യന്ത്രത്തകട്, മോതിരം, മുതലായവയ്ക്കും ചിലവ്-576 രൂപാ.

തിരുവട്ടാററ് പാനപിള്ളപാർവതി നാരായണിക്ക്ദാനം ദക്ഷിണ, ഉൾപ്പെട്ട വകയ്ക്ക്-1613¼ രൂപാ.

19) തിരുവനന്തപുരത്ത്-കേട്ടയ്ക്കകം, ശ്രീവരാഹം, പെരുന്താന്നി, വഞ്ചിയൂർ, പുത്തൻചന്ത, ചാല, മണക്കാട്, ഉൾപ്പെട്ട സ്ഥലത്ത് പേ നായുടെ (പേപ്പട്ടി) ശല്യം, ഒണ്ടാകകൊണ്ട് ഉത്തരവുംപ്രകാരം അടിച്ചു കൊന്നതായ ഉരു 288ക്ക് നായ് 1 ക്ക് ½ വീതംപേർ 72-ക്ക് ചിലവ്-144 പണം.

20) ശബരിമലക്ഷേത്രത്തിൽ 1006 മേടമാസത്തിൽ കള്ളന്മാർ കയറി മോഷണം ചെയ്ത കള്ളന്മാരെയും മുതൽ കാര്യങ്ങളെയും തെളിയിക്കുന്നതിനായിട്ടു റാന്നി പ്രവൃത്തിയിൽ കുരുവിക്കാട്ടു അയ്യപ്പൻപിള്ള മുതൽ പേരെ അയച്ച് കമ്പം ഊരിൽ ചെന്ന് തിരക്കി തൊണ്ടിയും കള്ളന്മാരെയും പിടിച്ച് മധുരയിൽ മജിസ്ട്രേട്ട് ധരയുടെ വരുതി പ്രകാരം ക്രമിനൽ കോർട്ടിൽ ഏൽപിച്ച വാമൊഴി എഴുതിവച്ച് തെളിഞ്ഞിരിക്കുന്ന വിവരങ്ങൾ ഹജൂരിൽ വന്ന് ബോധിപ്പിച്ചും വച്ചു ചെന്നതിൻെറ ശേഷം കണ്ടെടുത്ത മുതൽ കാര്യങ്ങൾ വച്ചു സൂക്ഷിക്കുന്ന വകയ്ക്ക് കാവൽ കാത്ത മന്നാൻമാർക്ക് ചിലവിനും വിളക്കുവയ്പിനും ചുമടുകൾ മധുരയിൽ കൊണ്ടു പോയതിനും ചുമട്ടു



കൂലി വണ്ടിക്കൂലി വകയ്ക്ക് 1007 കാർത്തിക മാസത്തിൽ ചിലവ്-133 രൂപ .

21) എഴുന്നെള്ളത്തോടു പാർക്കുന്ന കാശിയിൽ വാസുദേവശാസ്ത്രിയാർക്ക് കാർത്തിക (വൃ ശ് ചി കം) മാസം 3-ാം തീയതി 'തലപ്പാവ്' വാങ്ങിയ വകയ്ക്ക് ചിലവ്-45 പണം.

22) തിരുമുമ്പിൽ വച്ച് ഹിന്ദുസ്ഥാനി നാട്യം ആടിയ ഉത്തരാധി മുതൽപേർക്ക് മാർകഴി (ധനു) മാസം 17-ാം തീയതി കൊടുത്ത ഇനാം ചിലവ്-700/പണം.

മൈസൂർ രാജ്യത്തു നിന്നും വന്ന അ ന ന്ത രാ മ നും, മുകുന്ദരാമനും, പേർ 2ക്ക് മാർകഴി മാസം 17-ാനു- കൊടുത്ത രൂപാ 250ക്ക് പണം 1750.

23) മോഹിനിയാട്ടത്തിൽ വർക്കല അനന്തരാമ ഭാഗവതർക്ക് തൈമാസം 5-ാം തീയതി പട്ടു മുഴം 19¼ക്ക് 58 പണം.

24) ഹിന്ദുസ്ഥാനി നാട്യം അയോദ്ധ്യാ പട്ടണം സൂര്യദേവന് ഇനാം-തൈമാസം (മകരം) 29-ാംതീയതിയിലെ ചിലവ്-245/-

25) തിരുമുമ്പിൽവച്ച് സാരങ്കി, കിന്നരി, തവിൽ, മദ്ദളം മുതലായ വാദ്യം സേവിച്ച തുലുക്കു പാടിയ പഞ്ചാബു ദേശത്തു ലാഹോർ രാജ്യത്തു ഇമാൻ പാർക്കീശു മുതൽപേർക്ക് മാശി 13-ാം തീയതി കൊടുത്ത 500.

26) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിക്ക് തിരുവനന്തപുരത്ത് പെരുന്താന്നിയിൽ വീടു വയ്ക്കുന്നതിന് കടയ്ക്കാവൂർ പണ്ടാരവിളാകത്തു വീട്ടിൽ കൊച്ചുനാരായണപിള്ള സർവാധികാര്യക്കാർ വക വീട് വിലയ്ക്ക് വാങ്ങിച്ചതിന് ടി വീട്ടിൽ നാരായണൻ ഈശ്വരൻ എഴുതിയ പററുശീട്ട് ഒന്നിൽ മാശി 26-ാനു- (കുംഭം) കൊടുത്ത 794½ പണം. മേപ്പടിയിൽ അറപ്പുരയ്ക്ക് 203¾, തെക്കത് 1ക്ക് 351 പണം. ആകെ ചിലവ്-1349¼ പണം.

27) ബംഗാളത്തു ഗോസായി ഹരിദാസ് മുതൽപേർക്ക് ചിത്തിര 21-ാം തീയതി കൊടുത്ത 420 പണം.

തിരുമുമ്പിൽ വച്ച് പാടിയ ഗോസായി പഞ്ചാബു

രാജ്യത്തു രാമാർജ്ജുനന് ഇനാം ചിത്തിര(മേടം) 23-ാന്-കൊടുത്ത പണം 200.
ചെമ്പു തമ്പലയ്ക്ക് 15¼, ആകെ 215¼ പണം.

28) തഞ്ചാവൂർനിന്നും വരുത്തി പാർപ്പിച്ചിരിക്കുന്ന ദാസി നീലാം പേർ 1ക്ക് മാസം 1ക്ക് 12 വരാഹന് 42 രൂപായും, നട്ടുവൻ പേർ 2ക്ക് 30 വരാഹന് 105 രൂപായും, മദ്ദളക്കാരൻ പേർ 1-ം, പുല്ലാങ്കുഴൽ പേർ 1-ം, ആകെ പേർ 2ക്ക് 14 വരാഹന് 49 രൂപായും, തുത്തിക്കാരൻ 1ക്ക് 4 വരാഹന് 14 രൂപായും, ഇതിന്മണ്ണും പേർ 6ക്ക് മാസം 1ക്ക് 60 വരാഹന് 210 രൂപായ്ക്ക് 1470 പണം വീതം ആനിമാസം 1-ാം തീയതി മുതൽക്ക് പതിവിൽകൂട്ടി പതിപ്പാൻ ഉത്തരവുംപടി ആനി-ആടി മാസം 2ക്ക് 2940 പണം.

29) ഈ രാജ്യത്ത് കുടിയാനവന്മാര്, കച്ചവടക്കാററ്, ഉൾപ്പെട്ട ആളുകൾ അദാലം പോലീസു ഇടപെട്ടു അല്പമായിട്ടു ഉണ്ടാകുന്ന സങ്കടം തീർത്ത് കൊടുക്കേണ്ടുന്നതിന് 1007-ാമാണ്ട് ആനിമാസം മുതൽക്ക് മണ്ഡപത്തും വാതുക്കൽതോറും മുൻസിഫ് കോടതി നിശ്ചയിച്ച് മുൻസിഫന്മാരേയും, പിള്ളമാരേയും ആക്കിയിരിക്കുന്നതിനാൽ കോർട്ടുകാർക്ക് മുമ്പിലത്തെപ്പോലെ വേല ഇല്ലാഴികകൊണ്ട് അവരുടെ ശമ്പളത്തിൽ അസാരവൃത്തിക്കുറവു ചെയ്വാനുള്ളതിന് വര്യോലയും എഴുതി തിരുമനസ്സറിയിപ്പാൻ എഴുതി അയച്ചതിൻെറ ശേഷം അതിന്മണ്ണുംതന്നെ വര്യോല പ്രകാരം 2081 രൂപായും, അഞ്ചു പണവും, ഹജൂരിലും, കോർട്ടു വകയിലും കുറവെഴുതിക്കുന്നതിന് നിദാനം വരുത്തി കൊള്ളണമെന്നും ആനിമാസം 21-ാംതീയതി കൽപിച്ചു എഴുതിയ നീട്ടും പ്രകാരം കുറവു പേർ 27ക്ക് മാസം 1ക്കു രൂപാ 2081½ പണം. 1½ക്ക് ഏഴു വിലയ്ക്കു കുറവ് - 14572-ം നീക്കി പേർ 289ക്ക് മാസം 1ക്കു രൂപാ 4655 പണം 2ക്ക് 7 വിലയ്ക്ക് 32587 പണം.



30) തിരുവനന്തപുരത്ത് വന്നു പാർത്ത് തിരുമുമ്പിൽ നാട്യം ആടി വരുന്ന ദാസി നീലദാക്ഷി പേർ 1-ം, സത്യഭാമ പേർ 1-ം, നട്ടുവൻ ചിദംബരം പേർ 1-ം, ടി ചിന്നയ്യൻ പേർ 1-ം, വടിവേലു പേർ 1-ം, സുബ്ബരായൻ പേർ 1-ം, മദ്ദളം ചിതംബരം പേർ 1-ം, പുല്ലാങ്കുഴൽ ശേഷൻ പേർ 1-ം, തുത്തി വെങ്കിടസ്വാമി പേർ 1-ം, കൂടി വന്നു പാർക്കുന്ന വേലക്കാർ 12-ം, ആകെ പേർ 21ക്ക് ഇനാം വകയ്ക്ക് ആനി 25-ാന്- രൂപാ 1000 ക്ക് 7¼ വിലയ്ക്ക് 7125 പണം.

31) ദാസികൾക്ക് പാടുവാൻ നട്ടുവൻ ഉൾപ്പെട്ട പേർ 6ക്ക് ആടിമാസം 1-ാന്- മുതൽക്ക് മാസം 1ക്ക് രൂപാ 210 വിതം ചിലവ്.

32) തഞ്ചാവൂർ പുതുകോട്ടയിൽ നിന്നും വന്ന ദാസി മീനാക്ഷി മുതൽപേർ - വാളും പരിചയും എടുത്ത് നാട്യം ആടി കളിക്കയാൽ ഇനാം വകയ്ക്ക് ആടി 15-ാം തീയതി 350 പണം.

33) ചെന്നപട്ടണത്ത് തങ്കശാലയിൽ ശമ്പരിമുത്തു മേസ്തിരി പനിനീർ കുപ്പിയിൽ ജലസ്തത്രമായിട്ടു ഒരു കുപ്പിയും, ചാമരം മുതലായതും അടിയറ വച്ചു മുഖം കാട്ടുകയാൽ ആടി 26-ാന്- ഇനാമായി കൊടുത്ത പണം 105/-.

34) തിരുമുമ്പിൽ വീണ വായിച്ച മധ്യാർജുനം അയ്യങ്കാർ ഭാഗവതർക്ക് ആടി 31-ാന്-ഇനാം കൊടുത്ത പണം 105

35) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിക്ക് പെരുന്താന്നിയിൽ വീടു വയ്ക്കുന്നതിന് കുപക്കരമൂം വക പുരയിടം വില എഴുതി വാങ്ങിച്ച വകയ്ക്ക് മൂം വക മുതൽപിടി കുളത്തൂരാൻ രഘുപതി വശം ആടി മാസം 32-ാന്- കൊടുത്ത ചിലവ് 945¼ പണം.

(1833)

1008 M. E. *

## തൊട്ടു തീററിച്ചു വിററതിനു ശിക്ഷ

കൊല്ലം കോർട്ടുവക - പെരുനാടു പ്രവൃത്തിയിൽ, കുമ്പളത്തു മുറിയിൽ-മണ്ണാന്റെ കൈനിലയിൽ പാർക്കുന്ന മാർഗ്ഗം ഇന്നാം 'മര്യാന' എന്നവം, കിഴക്കേകല്ലിട പ്രവൃത്തിയിൽ കക്കോട്ടുവിള മുറിയിൽ കാരോട്ടുവിള വീട്ടിൽ കുഞ്ഞു കൊച്ചൂട്ടിയുടെ മകം കുഞ്ഞിനെ തൊട്ടുതീററി തങ്കശ്ശേരിയിൽ കൊണ്ടുചെന്ന് പേരറിയാത്തതിൽ ഒരു ചട്ടക്കാറന് വിററ സംഗതിക്ക് പോലീസ് 209-ാം നമ്പർ തീർപ്പുംപ്രകാരം മര്യാളെ കൊല്ലംകമ്പോളത്തിലും വാദി പ്രതികം പാർക്കുന്ന സ്ഥലത്തുംപ്രസിദ്ധപ്പെടുത്തി ചിത്തിര മാസം 14-ാം തീയതി ഡാണാവഴി അയച്ച് വെട്ടിയ കോട്ടയ്ക്കു വെളിയിൽ ആക്കിയ വകയ്ക്ക് വഴിച്ചിലവിന് 4 പണം കൊടുത്തയക്കാനും ഉത്തരവ്.

[ *കരം ഒഴിവ്* ]

പണ്ടാര വകയിൽ നിന്നും മണ്ണടി ഭഗതിക്ക് ചെന്നീർക്കര അമ്മ പോററിമാർ വകയ്ക്കും, പണ്ടാരത്തിമാർ വകയ്ക്കും, വടയാററു വകയ്ക്കും, നമ്പിയാതിരിമാർ വകയ്ക്കും, മാടമ്പിമാർ വകയ്ക്കും, മലഞ്ചാവന്മാർ വകയ്ക്കും, പറവൂർ അള്ളാദയ്വം വകയ്ക്കും, മുഖത്തല മൂത്തതിന്മാർ വകയ്ക്കും, ഉദയമാർത്താണ്ഡൻ നാഗൻ വകയ്ക്കും, ജോനക പള്ളി, നസ്രാണിപ്പള്ളി, മുക്കുവർപള്ളി, വകയ്ക്കും കൽപനപ്പടി കരം ഒഴിവ് പേർ 125-ൽ പേരിൽ പുരയിടം 337, വരമ്പ് 15, തറ 1ക്ക് പാട്ടം പണം 3710.



## ഹജൂർ തിരട്ടുകൾ 21

കൊ: വ: 1008 *

1) ദിവാൻ ഉദ്യോഗമായിരുന്ന ഉമ്മിണിത്തമ്പിയുടെ അമ്മ പുതുമന അമ്മ വീട്ടിൽ കാളി-കാളി കഴിഞ്ഞു പോയ വകയ്ക്ക് ആവണി 27-ാന്ത- പട്ടും കച്ചയ്ക്കും ചിലവ് 688 പണം.
2) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിയുടെ അമ്മ കഴിഞ്ഞ 12-ാമാസം (ആണ്ടുബലി) വകയ്ക്ക് നെല്ലു വിലത്തരം ഉരംപ്പെട്ട വകയ്ക്ക് 1192¼ പണം.
3) പുതുമന അമ്മ വീട്ടിൽ കാളികാളിയുടെ ഇളയമകൻ അനന്തകൃഷ്ണൻ തമ്പി പുരുട്ടാശി (കന്നി) 7-ാന്ത- കഴിഞ്ഞതിന് പട്ടും കച്ചയും 29½.
4) ദിവാനുദ്യോഗമായിരുന്ന ഉമ്മിണിത്തമ്പിയുടെ അമ്മ പാനപ്പിള്ള കാളി കാളിക്ക് 300 പണം പതിവുള്ളത് മേപ്പടിയാർ കഴിഞ്ഞുപോയ നാരം മുതൽക്ക് പിടിത്തം എഴുതി വരുന്നതിൽ-150 പണം കുറച്ച് 100 പണം മകൻ മാത്തു തമ്പിയ്ക്കും, 50 പണം മാത്തു തമ്പിയുടെ അനന്തിരവൻ പപ്പു തമ്പിയ്ക്കും, പുരുട്ടാശി മാസം 19-ാം തീയതി മുതൽ പതിച്ച തീരുവ.
5) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിക്ക് ദാനം, ദക്ഷിണ ഉരംപ്പെട്ടവകയ്ക്ക് ആണ്ടൊന്നുക്ക് 24210 പണം.

   മേപ്പടിയാർ മകൻ അനന്തപത്മനാഭൻതമ്പിക്ക് മേപ്പടി വകപ്പടി 925 പണം.
6) മലയാം പട്ടാളം 2-ൽ ഒള്ള ഉദ്യോഗം ശിപായിമാർ ഉരംപ്പെട്ടവർ കമാൻ കവാത്ത് നല്ലതിന്മണ്ണം വശമാക്കിയതിന് തിരുമനസ്സുകൊണ്ട് മാർകഴിമാസം(ധനു) 5-ാന്ത- വരുത്തി 'പള്ളിക്കോത്തിൽ' എഴുന്നെള്ളി തൃക്കൺ പാർത്ത വകയ്ക്ക് ടി ശിപായിമാർക്ക് ഇനാം രൂപ 500ക്ക് 3500 പണം.

7) തഞ്ചാവൂർ രങ്കയ്യങ്കാർ ഭാഗവതർ പേർ 1ക്ക്മാസം 1ക്ക് 200 വീതം തൈമാസം (മകരം) 10-ാന്തു മുതൽ ആകെ പേർ 10ക്ക് 383 പണം വീതം.

8) മോഹിനി ആട്ടം പേർ 6ക്ക് 203 വീതം 1218 പണം.

9) 961 മുതൽ 987 വരെ ജീർണ്ണം വന്ന ഓലകൾ പകർത്തി എഴുതാൻ ആക്കിയ പേർ 9ക്ക്-എഴുതിയ ഏട് 9051ക്ക്-ഏട് 1000ക്ക്-50 വീതം ചിലവ്-452½ മഷി കൂട്ടുന്ന വകയ്ക്ക് കോലരക്ക്-132 പണം.

10) കുമാരനല്ലൂർ പാത്തിയപ്പള്ളി ഇല്ലത്തിൽനിന്നും ദോഷശങ്കയുണ്ടായി പടനായർ കുളങ്ങര ഊട്ടിൽ നിന്നും ഉത്തരവും പ്രകാരം ചോറു കൊടുത്തു വരുന്ന 'നങ്ങേലി' എന്നവൾക്ക് തൈമാസം 18-ാം തീയതി വാങ്ങിച്ചു കൊടുത്ത പുടവമുറി 2ക്ക' ചിലവ് 7½ പണം.

11) കമാൻറിംഗ് ഉദ്യോഗം വിചാരിക്കുന്ന കാപ്ററൻ വെരിസൺ മലയാംപട്ടാളത്തുകാർക്ക് നല്ലപോലെ കവാത്തു വശമാക്കിച്ചതിന് തൈമാസം 20-ാം തീയതി ഇനാം കൊടുത്ത രൂപാ 350ക്ക് 2493¾ പണം,

12) തഞ്ചാവൂർ നാട്യക്കാർ വകയിൽ നട്ടുവൻ വടിവേലുവിനും ചിന്നുവിനും മാശിമാസം (കുംഭം) തഞ്ചാവൂർ പോയി വരുന്നതിന് 70 രൂപാ വീതം കൊടുത്ത ചിലവ് 980 പണം.

13) തഞ്ചാവൂർ നിന്നും വന്ന ദാസി മംഗാരം എന്നവൾ ഹിന്ദുസ്ഥാനിയിലും കന്നട മുതലായതിലും നല്ലപോലെ പാടുകകൊണ്ട് മേപ്പടിയാൾക്ക് ഇനാം രൂപാ 300ക്ക് പണം 2100.

14) വേഷധാരി മധ്യാർജുനം ത്യാഗരാജനും, ശ്രീനിവാസനും യാത്രയായപ്പോൾ മാശിമാസം 15ന് ഇനാം കൊടുത്ത പണം 1400.



15) ആറന്മുള കല്പൻ ശിവരാമകൻ-കരിങ്കല്ലുകൊണ്ട് പിടിമൊന്ത ഉണ്ടാക്കി അടിയറ വയ്കയാൽ പങ്കുനി 1-ാന്തു ഇനാം കൊടുത്ത ചിലവു പണം 100.

16) മലയാം പട്ടാളം ബാൻറുകാർ പങ്കുനിമാസം തിരുമുമ്പിൽ വന്ന് സേവിക്കയാൽ ഇനാം 126 രൂപ.

17) അഞ്ചുതെങ്ങിൽ ഫ്രാൻസിസ് മേസ്തിരിയേയും, തഞ്ചാവൂർ ചിത്രകാരൻ രാമസ്വാമി നായ്കനേയും കൊണ്ട് ഒരു പടംഎഴുതിച്ച് കൊട്ടാരത്തിൽ വച്ചിരിക്ക കൊണ്ട് ചിത്തിരമാസം 7-ാംതീയതി കൊടുത്ത ഇനാം 150 രൂപായ്ക്ക് 1059 പണം.

18) പാലക്കാട്ടുശ്ശേരി പരദേശഭാഗവതർക്ക് ചിത്തിരമാസം 15-ാന്തു മുതൽക്ക് 20 രൂപാവീതം നൽകാൻ....

19) ദിവാൻ സുബ്ബരായരുടെ അമ്മ കഴിഞ്ഞ വകയ്ക്ക് ചിത്തിരമാസം 24-ാന്തു ചുവന്ന പട്ടുകുത്തു 1ക്ക് മുളം 19¼ക്ക് വില 65¾, ഇപ്പടി 1ക്ക് 19½, ആകെ ചിലവ്. 85¼. പുണ്യാഹം വകയ്ക്ക് ആടി 23-ാന്തു ചിലവ്-1000 പണം. ആകെ ഈ വകയിൽ ചിലവ്-1085¼.

20) ഹജൂർ കോർട്ട് നിർത്തൽ ചെയ്ത് തിരുവനന്തപുരം കോടായിട്ട് ആക്കത്തക്കവണ്ണം നിശ്ചയിച്ച് ആടി 7-ാന്തു മുതൽ നടപ്പാക്കി ഇതുകൂട്ടി ജില്ലാകോർട്ട് 7ലും ഒന്നാം ജഡ്ജി പേർ 7ക്ക് 100 രൂപാ വീതം-700 രൂപ

**1009 M.E.** *

## പന്തളത്ത് പാർവത്യക്കാർ നിയമനം

327 1009-8-31

നീട്ട് രായസം

കൊടുത്തൂട്ട സാധനം വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. പന്തളം പ്രവൃത്തിയിൽ 28 മുറിലയും, എൺപതിനായിരത്തി ചില്വാനം പണം മുതലെടുപ്പും, ഒണ്ടായിരിക്കുന്നതിനാൽ ഒരു പാർവത്യക്കാറനെ കൊണ്ടുതന്നെ ആ വക പണവും പിരിപ്പിച്ചു തീർത്തു മററുള്ള അടിയന്തിരങ്ങളും നടത്തിക്കുന്നതിന് കഴിഞ്ഞു വരാതെ വളരെ പ്രയാസമായിട്ടു തീർന്നിരിക്കുന്നു എന്നും, ആററിനു തെക്കേക്കരയും, വടക്കേക്കരയും, രണ്ടു പ്രവൃത്തിയായി തിരിച്ചു ഏട്ടു പാർവത്യക്കാറന്മാരുടെ ശമ്പളത്തിൽ അയ്യഞ്ചു പണം വീതം പിടിച്ചു 40 പണവും, നൂറനാടു പ്രവൃത്തി ചുരുങ്ങിയ സ്ഥലമാകകൊണ്ട് അവിടെ മൂന്നു പിള്ളമാരുള്ളതിൽ ഒരു പിള്ളയെ നിർത്തൽ ചെയ്ത് ആ വകയിൽ 30 പണവും, വെഞ്ഞനപ്പുര ചന്തിരം നിർത്തൽ ചെയ്തിരിക്കുന്നതിനാൽ പിടിത്തം എഴുതി വരുന്ന പണം 129-ം, പന്തളം പ്രവൃത്തിയിൽ മാസപ്പടി വകയിൽ പിടിത്തം എഴുതി വരുന്ന പണം 4-ം, ഇതിന്മണ്ണം 86½ പണം ഒള്ളതിൽ 60 പണം വച്ച് ഒരു പാർവത്യക്കാറനേയും, 26½ പണം ശമ്പളംവച്ച് ഒരു ചന്തിരക്കാറനേയും, പന്തളത്ത് ഇപ്പോൾ നാലു പിള്ളമാർ ഒള്ളതിൽ രണ്ടു പിള്ളമാരേയും. ആറു മാസപ്പടിക്കാറരു ഒള്ളതിൽ മൂന്നു മാസപ്പടിക്കാറരേയും വീതം ആക്കുന്നതിന് നിദാനം വരണമെന്നും മാവേലിക്കര മണ്ഡപത്തും വാതുക്കൽ തഹശീൽദാരന്റെ സാധനം

1834



വന്നിരിക്കുന്ന പ്രകാരവും, ചന്തിരക്കാറനു 3½ പണം കൂടെ കൂട്ടി 30 പണമായിട്ട് ശമ്പളംവച്ചു കൊടുപ്പാനുള്ളതെന്നും ആയതിനു 26½ പണം മുതൽ ഒള്ളതു പോകെ മാസം ഒന്നിന് 3½ പണം കൂടെ പതിവിൽ കൂട്ടിയും എഴുതി കൊടുപ്പിച്ചു രണ്ടു പ്രവൃത്തിയായിട്ടു തിരിച്ചു മേലെഴുതിയതിന്മണ്ണ- ശമ്പളം വച്ചു ആക്കി നടത്തിക്കേണ്ടുന്നതിനു ഏതു പ്രകാരം വേണ്ടു എന്നും എല്ലോ എഴുതി വന്നതിലാകുന്നു. അതിന്മണ്ണംതന്നെ മേലെഴുതിയ പ്രകാരം ചട്ടംകെട്ടി ആററിനു തെക്കേക്കരയും രണ്ടു പ്രവൃത്തിയായിട്ടു തിരിച്ചു 26½ പണം വച്ചു ഒരു പാർവത്യക്കാരനേയും, ശേഷം 26½ പണം ഒള്ളതുപോകെ മാസം ഒന്നിന് 3½ പണംകൂടെ പതിവിൽ കൂട്ടി എഴുതിക്കൊടുപ്പിച്ചു. ആയതും ഉൾപ്പെടെ 30 പണം ശമ്പളം വച്ച് ഒരു ചന്തിരക്കാരനേയും ഇപ്പോൾ കൂട്ടിയും പന്തളത്തുള്ള നാലു പിള്ളമാരുള്ളതിൽ ഈ രണ്ടു പിള്ളമാരേയും ആറുമാസപ്പടിക്കാററുള്ളതിൽ മൂന്നു മാസപ്പടിക്കാറരേയും വീതവും ആക്കി നടത്തിച്ചുപണപിരിവു മുതലായ കാര്യങ്ങൾക്കു വീഴ്ച കൂടാതെയിരിപ്പാൻ തക്കവണ്ണം നിദാനം വരുത്തികൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1009-ാം മാണ്ട് മീനമാസം 31-ാനു- ദിവാൻ ശേഷോപണ്ഡിതർ സുബ്ബരായർക്ക് നീട്ടു എഴുതി വിടു എന്നു തിരുവുള്ളുമായ നീട്ട്.

(തുല്യം പാർത്ത്)

## "റോബർട്ട്" എന്ന ഇംഗ്ലീഷ് അദ്ധ്യാപകൻ

1009 മിഥുനം 10-ാം തീയതി

നീട്ട്

ഇംകിരീസു പഠിപ്പാൻ മനസ്സുള്ള ആളുകളെ ധർമ്മത്തിനായിട്ടു അഭ്യസിപ്പിക്കേണ്ടുന്നതിന് പിടിപ്പതായിട്ടുള്ള ആളിനെ ഇവിടെ ആക്കിയിട്ടില്ലായ്കകൊണ്ട് ഇപ്പോൾ ആ വകയ്ക്ക് നാഗർകോവിലിൽ പാർത്തിരിക്കുന്ന മെസ്തർ റോബർട്ടിനെ ആക്കിയാൽ ജാഗ്രതയായിട്ടും ഇംകിരീസ് അഭ്യസിപ്പിക്കുന്നതാകകൊണ്ടും അതിൻവണ്ണം മെസ്തർ റോബർട്ടിനെ ആക്കി മാസം ഒന്നിന് രൂപാ 100 വീതം പതിവിൽ കൂട്ടി എഴുതികൊടുപ്പിച്ചു ഇംകിരീസു അഭ്യസിപ്പിച്ചു കൊള്ളത്തക്കവണ്ണം നിദാനം വരുത്തികൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1009-ാമാണ്ട് മിഥുന മാസം 10-ാനു- ദിവാൻ ശേഷോ പണ്ഡിതർ സുബ്ബാരായർക്ക് നീട്ടു എഴുതിവിടൂ എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം)



## ഹജൂർ തിരട്ടുകൾ 22

കൊ: വ: 1009 *

1) ശ്രീപാദത്തു കൊട്ടാരത്തിൽ വച്ച് തഞ്ചാവൂർ നിന്നും ആര്യശാല വന്നു പാർക്കുന്ന ദാസിമംഗാരം ആവണി 18-ാം തീയതി കേളിക്ക ആടുകയാൽ ടിയാർക്ക് ഇനാമായിട്ടു കൽപ്പിച്ച് ആവണി 19-ം തീയതി കൊടുത്ത രൂപാ 25 ക്കു 175 പണവും, ചേല 1 ക്ക് 91-ം, ആകെ ചിലവുപണം 266/

2) കൊട്ടാരത്തിൽ പുത്തനായിട്ട്വച്ച ഭജനപ്പുര തച്ചുബലി 1009 ആവണി 25-ാം തീയതി കഴിച്ചവകയ്ക്ക് ചിലവ് - പട്ടും, മൂത്താശാരിക്ക് ഉറുമാലും, വകയിൽ - 22¼

3) **ഭജനപ്പുരക്കൊട്ടാരം പണി വകയ്ക്ക്** - വലിയ കൊട്ടാരത്തിൽ ഭജനപ്പുര പുത്തനായിട്ടുപണി ചെയ്യിച്ച വകയ്ക്ക്, മേപ്പടി ഭജനപ്പുരയിൽ തായ്പുരവശം 4 നും, ചുററളവുകോൽ 23-ം, മേപ്പടിക്കു കിഴക്കു 20 കോൽ 8 വിരൽ ചുററിൽ അങ്കണവും, അങ്കണത്തിന് 4 വശവും 64 കോൽ 8 വിരൽ ചുററിൽ നാലുകെട്ടും, മേപ്പടിക്ക് മേക്കുവശത്ത് 60 കോൽ 8 വിരൽചുററിൽ അറപ്പുരയും, നാലുകെട്ടിനു തെക്കുവശത്ത് 83 കോൽ 8 വിരൽ ചുററിൽ മാളികയും മേപ്പടി വകപ്പടി കീഴ്നിലയും, മേപ്പടി മാളികയിൽ തെക്കുവശത്തും, കിഴക്കേ അററത്തും, മേക്കേ അററത്തും 21 കോൽ ചുററിൽ ഏണിമുറിയും, നീർക്കാപ്പു പുരയും, നാലുകെട്ടിന് വടക്കു വശത്ത് 73 കോൽ 16 വിരൽ ചുററിൽ മടപ്പള്ളിയും, വെളിത്തിണ്ണയും, 13 കോൽ ചുററിൽ കിണററുപുരയും, ഓടുപണിയായിട്ടു തീർപ്പിച്ച വകയ്ക്ക് 89357¼ രൂപാ.

4) മതിലകത്ത് കൊടിമരമണ്ഡപത്തിൽ കിഴക്കേനടയിൽ തെക്കു വടക്ക് രണ്ടു വശത്തും നിറുത്തുവാൻ

വിലയ്ക്കു വാങ്ങിച്ചതാക-തഞ്ചാവൂർനിന്നുംവ്യാപാരി സഭാപതി കൊണ്ടുവന്ന കൈവിളക്കു പിടിച്ച പിത്തള സ്ത്രീരൂപം രണ്ടും തൂക്കിക്കണ്ട പിത്തള തുലാം 69 പലം 2½ ക്കു ഇരുമ്പുതുലാം 8 പലം 2½ നീക്കി വാർപ്പ് പിത്തള തുലാം 68¾ വില-6870¼ പണം.

5) ഇരിങ്ങാലക്കുട ശ്രീകോവിൽ അററകുററപ്പണിക്കു കൊടുത്ത തേക്കുതടി 65 ക്ക് കണ്ടി 100-പെരുക്കം 400000 ക്ക് ചിലവുപണം-4904

6) പുതുമന അമ്മവീട്ടിൽ കണക്കുതമ്പി ഇരയിമ്മന്റെ മകൾ രുഗ്മിണിയെ കല്യാണം കഴിപ്പിക്കാൻ - 700 പണം.

7) നട്ടുവൻ വടിവേലുവിന്റെ മകൾക്കു കല്യാണത്തിന് ചിലവ് - 4987½

8) തമ്പി പത്മനാഭൻ ഇരയിമ്മന്റെ മകൾ കുട്ടികുഞ്ഞു തങ്കച്ചിയുടെ തിരണ്ടുകല്യാണത്തിന് കൊടുത്ത ചിലവ്-100 പണം.

9) നാഗർകോവിൽ ശ്രീകൃഷ്ണൻതമ്പി വിശ്വസിച്ചിരുന്ന കേശവപ്പെരുമാൾ തങ്കച്ചിക്ക് വയററുപൊങ്കാലയ്ക്ക്-300/-

10) എഴുന്നെള്ളത്തോടുകൂടി പാർക്കുന്ന-സാരംഗി വായന തിരുവാടുതുറ ഗുരുസ്വാമി ഓതുവാരുടെ അമ്മയ്ക്ക് ഷഷ്ഠിഅബ്ദപൂർത്തിയ്ക്ക് പ ട്ടു ക ു ത്ത് ഒന്നുക്ക് 67½ പണം.

11) ആയില്യംതിരുനാൾ ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ രൂപം ദന്തത്തിൽ എഴുതി കൊണ്ടുവന്ന തഞ്ചാവൂർ ചിത്രം എഴുത്ത് രാമസ്വാമിയ്ക്ക് അല്പശി 3-ാം തീയതി കൊടുത്ത ഇനാം-40 രൂപായ്ക്ക്-280 പണം.

12) ചോതി ആട്ടത്തിരുനാൾ തിരുഅവതാരം ചെയ്തരുളിയ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് കല്പിച്ച് മേപ്പടിയാണ്ട് തൈമാസം (മകരം) 6-ാം തീയതി



വെള്ളിയാഴ്ചയും രേവതി നക്ഷത്രവും പൂർവപക്ഷത്ത് സപ്തമിയും നാരം മകരം രാശിനേരത്ത് മതിലകത്ത് ഭദ്രദീപമണ്ഡപത്തിൽ വച്ച് ഹിരണ്യാഗർഭദാനം നിർവഹിച്ച വകയ്ക്ക് ദാനം ദക്ഷിണ കാണിക്ക സർവാണി. പ്രതിഗ്രഹം. സദ്യ, ഉൾപ്പെട്ട വകയ്ക്ക് ചിലവു മുതൽ 17360 പാ 5¼ ഇട: വില-28200¾

13) 1009 തൈ 6-ാംനു ഹിരണ്യഗർഭദാനം കഴിഞ്ഞ് 7-ാം തീയതി മതിലകത്ത് എഴുന്നള്ളുകയാൽ ചെല്ലം വക ഇരുപ്പിൽ നിന്നും നടയ്ക്കു വച്ച ചന്തമുള്ളു രൂപാ 100000 ക്ക് 6¾ക്കു വിലപണം. 681250/

14) തിരുമുമ്പിൽ വച്ച് വീണവായിച്ച തഞ്ചാവൂർ-തിരുവാലൂർ രാമസ്വാമി ഭാഗവതർ മകൻ ബാലസ്വാമി ഭാഗവതർക്ക് തൈമാസം 29-ാം തീയതി ഇനാമായി കൊടുത്ത പണം 210/-

15) അപ്പീൽ ഒന്നാം ജഡ്ജി നാരായണൻ കേശവനു രൂപാ 700 വീതം രണ്ടാം ജഡ്ജി ശിവൻ നാരായണൻ-400 രൂപാ വീതം മൂന്നാം ജഡ്ജി തൊമ്മൻ കൊച്ചുതൊമ്മന്-200 രൂപാ വീതം ശാസ്ത്രി-അപ്പാശാസ്ത്രിയ്ക്ക്-150 രൂപാ വീതം. മേപ്പടിയാർ മാർകഴി 17-ാം തീയതി കഴിഞ്ഞു പോകയാൽ പങ്കുനി 3-ാം തീയതി മുതൽ തിരുവനന്തപുരം കോർട്ട് ശാസ്ത്രി കൃഷ്ണശാസ്ത്രിയെ നിയമിച്ചു. അപ്പീൽ കോർട്ട് പേർ 61 ക്ക്-168227¼

16) ഉത്രം തിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സിലേക്കു 1834 ഏപ്രിൽ 29-ാം തീയതി ചെന്നപട്ടണത്തുനിന്നും ഡാക്ടർ ബ്രൌൺ മുഖാന്തിരം വരുത്തിയ മരുന്നുകൾക്ക് ചിലവു രൂപാ 126-അണ 5.

17) തിരുമുമ്പിൽവച്ചു പാടിയ പീർമുഹമ്മദിന് വൈകാശി ചിത്തിര മാസം 17-ാം തീയതി കൊടുത്തപണം 350/

18) തിരുവട്ടാററു പാർവതി നാരായണി-ആററങ്ങൽ ഇളയതമ്പുരാൻ തിരുവയർ വാണ ആയില്യം തിരുനാൾ കൊച്ചു തമ്പുരാനെ മുഖം കാട്ടുന്ന വകയ്ക്ക് ചുവന്ന പട്ടുകുത്ത് 1 ക്ക് മുഴം 18¼-ക്ക് 78½.

19) ഉത്രംതിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് ചിത്തിരമാസം 29-ാം തീയതി ശനിയാഴ്ച രോഹിണിനാൾ ഉളിയാഴത്തുറ അയ്യറത്തലവീട്ടിൽ കാളി മാധവിയ്ക്ക്-തേവാരത്തു കോയിയ്ക്കൽ വച്ച് പട്ടും പരുവട്ടവും കൊടുത്ത് പാനപ്പിള്ളയാക്കുകയാൽ മുൻ 950 ആവണി 16-ാം തീയതി അശ്വതിതിരുനാൾ ഇളയതമ്പുരാൻ കേരളപുരം പാനപ്പിള്ള ജാനകി പാർവതിക്ക് പട്ടും പരുവട്ടവും ഇട്ട കണക്കുംപടി കണ്ടുകൃഷി ചിലവുപോകെ ചിലവ്-102¾ രൂപാ.

20) ഇങ്കിരീസു പഠിപ്പിക്കുന്നതിന് മനസ്സുള്ള ആളുകളെ ധർമ്മമായിട്ട് അഭ്യസിപ്പിക്കേണ്ടുന്നതിനും പഠിപ്പതായിട്ടുള്ള ആളുകളെ ആക്കിയിട്ടില്ലായ്ക കൊണ്ടും ഇപ്പോൾ ആവകയ്ക്ക് മിസ്റ്റർ റോബർട്ടിനെ വരുത്തി ആക്കിയാൽ ജാഗ്രതയായിട്ടു ഇംകിരീസു വശമാക്കി കൊടുക്കുന്നതാക കൊണ്ടും അതിൻവണ്ണം മിസ്റ്റർ റോബർട്ടിനെ മാസം ഒന്നിന് 100 രൂപാ വീതം പതിവിൽ കൂട്ടികൊടുപ്പിച്ചു കൊള്ളത്തക്കവണ്ണവും ആനിമാസം 10-ാം തീയതി എഴുതിയ നീട്ടുവരിക കൊണ്ട് മേപ്പടിയാൻ ആനിമാസം 1-ാം തീയതി മുതൽക്ക് തന്നെ തിരുവനന്തപുരത്ത് വന്നുപാർത്ത് വേല നോക്കി വരുന്നതിനാൽ അതിന്മണ്ണം ശമ്പളം കൊടുപ്പിച്ച് കൊള്ളത്തക്കവണ്ണം ആടിമാസം 2-ാം തീയതി എഴുതിയ ഉത്തരവുംപടി മിസ്റ്റർ റോബർട്ടിന് ആനി-ആടി മാസം 2ക്ക്-മാസം 1ക്ക് രൂപാ 100 ക്ക് 700 പണം വീതം ചിലവ്-1400/

21) മേപ്പടി പള്ളിക്കുടത്തിൽ ഇംഗ്ലീഷും മലയാളവും വശം ഉള്ളതിൽ ഒരാൾകൂടി വേണ്ടുന്നതിന് രണ്ടുവകയും എഴുത്തും വാക്കും വശമുള്ളതായ ശങ്കരമേനവനെ 70 പണം വച്ച് ആടിമാസം മുതൽ ആക്കി 21-ാം തീയതിയിലെ നീട്ടും പടി നിയമിക്കാൻ.

22) തിരുമുമ്പിൽ കൊലിശുനാട്യം ആടിയ തഞ്ചാവൂർ വല്ലഭനോർക്ക് ആടി 31-ാനു- ഇനാം 100 പണം.



**1010 M. E. ***

## ഇംഗ്ലീഷുപള്ളിക്കുടത്തിനു സ്ഥലം

218-ാംമത് രായസം

അനുവ് 1010 വൃശ്ചികം

ഇംഗ്ലീഷുപള്ളിക്കുടം വയ്ക്കുന്നതിന് വഞ്ചിയൂർ അധികാരത്തിൽ പുത്തൻചന്തയിൽ കുടികളുടെ പേരിൽ പതിഞ്ഞിരിക്കുന്നതിൽ നിന്നും 6-മുറി പുരയിടം ഒഴിപ്പിക്കത്തക്കവണ്ണം നിശ്ചയിച്ച് ആ വക പുരയിടത്തിനു അർത്ഥവും പൊന്നും വിലയും കണ്ടു വരേ്യാല കൊടത്തയക്കുന്നതിന് എഴുത്തു കൊടുത്തയച്ചിരുന്നതിന്മണ്ണം വരേ്യാല എഴുതിച്ചു കൊടുത്തയക്കുന്ന പ്രകാരം തിരുവനന്തപുരം ഒന്നാം തഹസീൽദാരുടെ സാധനം വന്ന് വരേ്യാല ശോധന ചെയ്യിച്ചതിന്റെ ശേഷം പണ്ടാരവകപാട്ടം കല്ലുവെട്ടാൻകുഴി ശാസ്താൻകോവിൽ വിളാകം മുതലായിട്ട് 4 മുറിപുരയിടത്തിൽ ഒള്ളവൃക്ഷങ്ങൾക്ക് 342¼ പണം പൊന്നും, വീടും പടിപ്പുരയും കിണറും വകയ്ക്ക് 541 പണം വിലയും, ഒററി കോണത്തുവിള 4 തട്ടുപുരയിടത്തിൽ കിഴക്കേ അററം തട്ട് ഒന്നിലും പനങ്കോട്ടുവിളാകം കിഴക്കും മുറി പുരയിടത്തിലും ഒള്ളവൃക്ഷങ്ങൾക്ക് 593¾ പണം പൊന്നും, വീടും പടിപ്പുരയും, കിണറും വകയ്ക്ക് 36 പണം വിലയും, ഒററിയർത്ഥം വകയ്ക്ക് 24 പണവും ഇതിന്മണ്ണം പാട്ടവും ഒററിയും വകപുരയിടം 6 ക്ക് അർത്ഥവും വിലയും പൊന്നും വകക്ക് 1537½ പണംകൊടുപ്പാനുള്ള പ്രകാരം കണ്ടിരിക്കുന്ന സംഗതിക്ക് തിരുമനസ്സറിയിക്കുന്നതിന് എഴുതി അയച്ചതിന്റെ ശേഷം ആ വക പണം കൊടുത്തയക്കുന്നതിന് ഹജൂർഖജനാവിൽ ശ്രാപ്പു മുത്തുസ്വാമിപ്പിള്ളയുടെ പേർക്ക് കല്പിച്ച് എഴുതി വന്നതിരുവെഴുത്തും നമ്മുടെ ഉത്തരവും കൊടുത്തയച്ചിരിക്ക കൊണ്ട് അതിന്മണ്ണം പണം വരുത്തി കൊടുപ്പിച്ച് പുരയിടം ഒഴിപ്പിച്ച് ആധാരങ്ങളും വയ്പിച്ച് കൊടുത്തയക്കത്തക്കവണ്ണം ഉത്തരവ് എഴുതി കെട്ടിച്ചു കൊടുത്തയച്ചു ആധാരങ്ങളും വരുത്തി കൊള്ളണമെന്ന് ഉത്തരവു വന്നിരിക്കുന്നു.

## "വിദ്യാർത്ഥികളുടെ ഫീസും അദ്ധ്യാപകൻെറ ശമ്പളവും

നമ്പർ-87 രായസം.

അനുവ് 1010 മിഥുനം 15

ഇങ്കിരീസു പള്ളിക്കുടത്തിൽ പഠിക്കുന്നതിന് 20 പിള്ളേരെ അയച്ചതിൻെറ ശേഷം അവരെ മിസ്ററർ റോബർട്ട് ഇങ്കിരീസു അഭ്യസിപ്പിച്ചു വരുന്നതിനാൽ അവർക്ക് പേരൊന്നിന് 5 രൂപാ വീതം മാസം ഒന്നിന് 100 രൂപാ കൂട്ടി മിസ്ററർ റോബർട്ടിന് കൊടുപ്പാനുള്ളതായിട്ടു കണ്ടിരിക്കകൊണ്ട് അപ്രകാരം 100 രൂപാ വീതം വൈകാശി മാസം 1-ാം തീയതി മുതൽക്ക് പതിവിൽകൂട്ടി കൊടുപ്പിക്കുന്നതിന് നിദാനം വരേണ്ടുന്ന സംഗതിക്ക് തിരുമനസ്സറിയിപ്പാൻ എഴുതി അയച്ചതിൻെറ ശേഷം അതിൻവണ്ണം മേലെഴുതിയ വകയ്ക്കായിട്ട് വൈകാശി മാസം 1-ാംനു മുതൽക്ക് മാസം ഒന്നുക്ക് 100 രൂപാ വീതം പതിവിൽ കൂട്ടി എഴുതിച്ച് കൊടുപ്പിച്ച് കൊള്ളണമെന്ന് 13-ാം തീയതി കല്പിച്ച് നീട്ടുഎഴുതി വന്നതിൻവണ്ണം നടത്തിപ്പാൻ ഉത്തരവ്.



## "റോബർട്ടിന് താമസസ്ഥലം"

628 രായസം

നീട്ട് 1010-12-20

കൊടത്തൂട്ട സാധനവും വായിച്ചു കേട്ടവസ്ഥയും അറിഞ്ഞു. തിരുവനന്തപുരത്ത് ഇംഗിരീസ് പള്ളിക്കുടം ഉണ്ടാക്കുന്നതിന് സ്കൂൾ മാസ്ററർ റോബർട്ടിനെ വരുത്തിയതിൻെറ ശേഷം-പാർക്കുന്നതിന്-കോട്ടയം മണ്ടപത്തുംവാതുക്കൽ മുനിസിഫായിരിക്കുന്ന കുട്ടിയപ്പ മുതലിക്ക് പുത്തൻചന്തയിൽ കൻേറാൺമെൻറിൽ ഒരു ബംഗ്ലാവ് ഉള്ളതു മാസം ഒന്നിന് ഏഴുരൂപാ വീതം കൂലിപറഞ്ഞു കൊടുപ്പിച്ചിരുന്നതിന് 1009-ാമാണ്ട് ആനിമാസം 1-ാനു മുതൽ 1010-ാമാണ്ട് വൈകാശിമാസം 30-ാനു വരെ കൂലി ചെല്ലുവാനുള്ള രൂപാ 84-ം. ഇപ്പോൾ റോബർട്ടിനു പാർക്കുന്നതിന് പുത്തനായി ബംഗ്ലാവ് തീർപ്പിച്ച് കൊടുത്തിരിക്കുന്നതും കുട്ടിയപ്പമുതലിയുടെ ബംഗ്ലാവ് 200 രൂപായ്ക്ക് വിലയ്ക്ക് തരാമെന്ന് സമ്മതിച്ചിരിക്കുന്നതും ആയതിനെ വാങ്ങിച്ചാൽ പോക്കുവരത്തുള്ള ധൊരമാർക്ക് പാർക്കുന്നതിന് കൊള്ളാവുന്നതും ആക കൊണ്ട് ആ ബംഗ്ലാവ് വില വാങ്ങിക്കുന്ന വകയ്ക്കു 200 രൂപായും. ഇതിൻവണ്ണം 284 രൂപായ്ക്ക് 7 വിലയ്ക്ക് 1988 പണം കൊടുക്കുന്നതിന് ഹജൂർ ഖജനാവിൽശ്രാപ്പിൻെറ പേർക്ക് നിനവു കൊടുത്തയക്കേണ്ടുന്ന അവസ്ഥകൊണ്ടല്ലോ എഴുതിവന്നതിലാകുന്നു. ഇതിൻവണ്ണം തന്നെ മേലെഴുതിയ രണ്ടുവകയ്ക്കും കൂടെ 284 രൂപായ്ക്ക് 1988 പണം കൊടുത്തയക്കത്തക്കവണ്ണം ശ്രാപ്പ് മുത്തുസ്വാമിപിള്ളയുടെ പേർക്ക് എഴുതിയിട്ടുള്ള നിനവു ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം പണവും കൊടുപ്പിച്ച് ബംഗ്ലാവു വാങ്ങിച്ചു കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1010-ാമാണ്ട് കർക്കടകമാസം 20-ാനു ദിവാൻ ശേഷൊ പണ്ഡിതർ സുബ്ബരായർക്ക് നീട്ടുഎഴുതി വിടു എന്ന് തിരുവുള്ളമായ നീട്ട്.

(തുല്യം)

## ഹജൂർ തിരട്ടുകൾ 23

കൊ: വ: 1010

1) കൊച്ചിയിൽ തോമസ് ഒഴിററിനെ 1010 കന്നി 13-ാം തീയതി മുതൽ 200 രൂപാ ശമ്പളം വച്ച് ദിവാൻ സെക്രട്ടറിയായിട്ടു വൃശ്ചികം 8-ാം തീയതിലെ നീട്ടും പടി തീരുവ.

2) ദിവാൻ പേഷ്കാരായി ചാലപ്രത്ത്, ഇട്ടിയാതിച്ചൻ കണ്ടപ്പന് കാർത്തിക (വൃശ്ചികം) മാസം 8-ാന്മുതൽ 400 രൂപാ വച്ച് നിയമനം.

3) ശ്രീപാദത്തു കൊട്ടാരത്തിൽ അകത്തെ പ്രവർത്തി അച്ചിമാര് മാർകഴി മാസം 4-ാം തീയതി തിരുവാതിരനാൾ പാട്ടുപാടി കളിക്കയാൽ വെററ, പാക്ക്, പുകയില, വിലയ്ക്ക് ചിലവ്-8¾ പണം.

4) ഇട്ടിയാതിച്ചൻ കണ്ടപ്പന് മാർകഴി (ധനു) മാസം 21-ാം തീയതി മുതൽ 200 രൂപാ കൂട്ടി 600 രൂപാ വീതം.

5) ദിവാനുദ്യോഗമായിരുന്ന ഉമ്മിണിത്തമ്പി 1834-ാ വർഷം അക്ടോബർ മാസം 31-ാം തീയതി കഴിഞ്ഞുപോയതിന്റെ ശേഷം അടുത്തൂൺ വകയിൽ കെട്ടികൊടുത്തയച്ചതിൽ 90 രൂപായ്ക്ക് 'ഉണ്ടിയൽ' വന്നിരിക്കുന്നതും കണക്കിൽ മുതൽ കൂട്ടുന്നതുമല്ലാതെ മാസം മുതൽക്ക് ആ വകയ്ക്കു പതിവുള്ള പണം കൊടുത്തയപ്പാൻ ആവശ്യം ഇല്ലെന്നും തൈമാസം (മകരം) 10-ാം തീയതി എഴുതി വന്ന ഉത്തവും പടിക്ക് തൈമാസം മുതൽക്ക് ആടിമാസം വരെ മാസം 1ക്ക് 70 രൂപാ വീതം കുറവുരൂപാ 490 ക്ക് 7⅛ വിലയ്ക്ക് 3491¼-ം നീക്കി ഉണ്ടിയലുംപടി വകവച്ചരൂപ 90 ക്ക് 7¾ വിലയ്ക്ക് 641¼

6) ശങ്കരനാഥ ജോത്സ്യപണ്ടാലയെ 1010 മകരം 20-ാം തീയതി മുതൽ പൗസ് ദാർ കമ്മീഷണറായി മാസം 150 രൂപാ ശമ്പളത്തിൽ നിയമനം..



7) തഞ്ചാവൂർദാസി നീലാംക്കുവേണ്ടി-തിരുവനന്തപുരം കോട്ടയ്ക്കകത്ത് വടക്കെത്തെരുവിൽ ഒരു പുരയിടം ചേർത്തല പേരകത്തു തിരുമുൽപ്പാട് മാതേവൻ കോതവർമ്മനോട് 375 പണം അർത്ഥം കൊടുത്ത് വാങ്ങിച്ചത് പണ്ടാര വകയ്ക്ക് മേപ്പടി പുരയിടം എടുത്തു പോകകൊണ്ട് മേപ്പടിയാർക്കു വില കൊടുത്ത ചിലവു വന്നപണം-375/

8) ശങ്കരനാഥപണ്ടാല ജോത്സ്യരെ തൈമാസം (മകരം) 28-ാം തീയതി മുതൽക്ക് അപ്പീൽ കോർട്ട് രണ്ടാം ജഡ്ജിയായി നിയമിക്കാൻ....

9) കോതയാററിൽ കൈതലച്ചിറയിൽ പാറയിൻ കല്ലണയിട്ടാൽ പൊന്മന പുത്തനണയിൽ വന്നുപറയുമോ എന്നറിയുന്നതിന് അമിനാവട്ടം വച്ചുനോക്കിയ കുന്നുകൽ മൂത്താശാരി കുമാരവേലു അനന്തപത്മനാഭൻ മുതൽ പേർ 4ക്ക് മാർകഴി 21-ാം തീയതി മുതൽ തൈമാസം 28-ാം തീതതി വരെ നോക്കിയനാൾ 35 ക്ക് അച്ചടിച്ചിലവ്-158¼

10) വെമ്പയിൽ (ബോംബെ) ജഗന്നാഥൻ എന്നവൻ വെമ്പയിൽ ദേശത്തുള്ള വർത്തമാനം അറിയിച്ച വകയ്ക്ക് ഇനാം-280 പണം.

11) മേപ്പടിയാർ ചെന്നപട്ടണത്തുനിന്നും വരുത്തിയ ശീമപിററിൽ തിരുമുമ്പിൽ കൊണ്ടുവന്ന് അടിയറവച്ച വെള്ളിത്തടി രാമസ്വാമിക്ക് ഇനാം-84 പണം.

12) ആലപ്പുഴ കച്ചവടക്കാര്യം വിചാരിക്കുന്ന "കാൽടിക്കട്ട്" സായിപ്പ് മുഖാന്തിരം കൊണ്ടുവന്ന 'ഇരുമ്പുഎടുക്കുന്ന സാമാനം. വന്നത് കല്പാലക്കടവിൽ നിന്നും വണ്ടിയിൽ കയററി തെക്കെത്തെരുവിൽ കൊണ്ടുവന്നതിനും, കന്യാകുമാരിയിൽ കൊണ്ടു പോയതും വകയ്ക്ക് വണ്ടി 20 ക്ക് വണ്ടി 1 ക്ക് 34½ വീതം കൂലി 690

13) കോഴിക്കോട്ടുനിന്നും വരുത്തിയ ആട്ടക്കാർക്ക് ചിലവിനു കൊടുത്ത പണം 1400/

14) ചെന്നപട്ടണത്ത് ''ഗസററു'' എന്ന ന്യൂസുപേപ്പർ അടിക്കുന്ന ഗസററിൽ-എഡിററർ ധാരയുടെ പേരിൽ വക്കീൽ മുഖാന്തിരം സുപ്രീംകോർട്ടിൽ ആവലാതി ബോധിപ്പിച്ച സംഗതിക്ക് മുളകുമടിശ്ശീലയിൽ നിന്നും മുതൽ ചിലവ് പതിഞ്ഞതാക 2901 പണം.

15) കൊല്ലം കൊച്ചുപ്പാമൂട്ടിൽ പറ കുമാരവേലുവിൻെറ പുരയിടത്തിൽ പാർക്കുന്ന പറ-ചുടലമുത്തുവിൻെറ കെട്ടിയവരം അങ്കു എന്നവരം-കുഞ്ഞിനെ എടുത്തു കൊണ്ട് കടലിൽ ചാടി കുഞ്ഞിനെ അപായം വരുത്തിയ സംഗതിക്ക് തീർപ്പും പ്രകാരം തോവാള കോട്ടയ്ക്കു വെളിയിൽ ആക്കുകയാൽ വഴിച്ചിലവിന് കൊടുത്ത പണം $2\frac{1}{2}$

16) കരമന ആററിൽ പാലത്തിന് കിഴക്കുവശത്ത് കരനികന്ന് ആററിനകത്ത് ഇറങ്ങി വന്നതിനാൽ വെള്ളം മേക്കേക്കര പററി പാഞ്ഞ് മേക്കേക്കര ഇടിഞ്ഞ് പാലത്തിന് കേടുവരുന്നതിനാൽ മേപ്പടി വെള്ളം കിഴക്കേ അരികുപററി പായുന്നതിന് കിഴക്കേ അരികിൽ തെക്കും വടക്കും 40 ദണ്ഡു നീളം $1\frac{1}{2}$ ദണ്ഡു വീതി ആററിന് സമൻ വെട്ടി താഴ്ത്ത വകയ്ക്ക് പേർ 2138 ക്ക് പേർ 1 ക്ക് കാലും അഴയ്ക്കാലും വീതം ചിലവ് $490\frac{1}{4}$ രൂപ.

17) ആലപ്പുഴ കച്ചവടം വക പണ്ടകശാലയുടെ പടിഞ്ഞാറുവശത്ത് പാലം 24 കോൽ നീളം 8 കോൽ വീതിയിൽ പുത്തനായി തീർപ്പിച്ച പാലത്തിന് 1474 പണം.

18) ശുചീന്ദ്രം വേമ്പടിക്കൊട്ടാരം ജീർണ്ണം വന്നു പോയതിനാൽ കൊട്ടാരം $56\frac{1}{4}$ കോൽ ചുററിൽ പുത്തനായിട്ട് തീർപ്പിച്ച വകയ്ക്ക് ചിലവ്-8605 പണം.



19) വലിയ കൊട്ടാരം വകയക്ക് പുത്തനായിട്ട് തീർപ്പിച്ച തമ്പുരു ഉരു 5 ക്ക് സുരബിത്ത് ഉരു 8-ം, തീർപ്പിച്ചതിന്-644 പണം.

20) തെക്കേത്തെരുവിൽ വച്ച് കടുവാനായാട്ടു കഴിപ്പിച്ച വകയ്ക്ക് പന്നിക്കൂടും കടുവാക്കൂടും തീർപ്പിച്ചതിന് ചിലവ്-$43\frac{3}{4}$

21) തിരുവനന്തപുരത്ത് പെരുന്താന്നി തിരുവട്ടാററമ്മ വീട്ടിൽ വടക്കേ വശത്ത് 29 കോൽ 16 വിരൽ ചുററിൽ ആരൂഢവും, 49 കോൽ 8 വിരൽ ചുററിൽ പാരവുമായിട്ട് തറമേട തീർപ്പിച്ച വകയ്ക്ക് വലിയതുറ നെൽപ്പുര വകയ്ക്ക് ആലപ്പുഴ കച്ചവടം വകയിൽ നിന്നും വരുത്തിയതിൽ നിന്നും ചിലവു തേക്കുതടി കണ്ടി $7\frac{3}{4}$ ക്ക് വിലയുള്ള പണം കച്ചവടം വകയ്ക്ക് കൈമാറി കൊടുത്ത് ചിലവു വരുത്തുവാനുള്ള നീക്കിച്ചിലവ്-$7381\frac{1}{4}$ പണം.

22) തിരുവനന്തപുരത്ത് ഇംകിരീസു പള്ളിക്കൂടം വയ്ക്കുന്നതിന് വിലയ്ക്കു വാങ്ങിയതാക-വഞ്ചിയൂർ അധികാരത്തിൽ ശാസ്താംകോവിൽവിളാകത്തു'വീട്ടിൽ അയ്യപ്പൻ പത്മനാഭൻ പേരിൽ പണ്ടാരവക പാട്ടം59-ൽ കല്ലുവെട്ടാംകുഴി തെക്കുംമുറിയിൽ തട്ട് 1ക്ക് വൃക്ഷത്തിനും, ടിയിൽ വച്ചിരിക്കുന്ന പടിപ്പുരയ്ക്കും വില $39\frac{1}{2}$ -ം, ടിയിൽ പുൽപ്പാ അയ്യപ്പൻ കൃഷ്ണൻ പേരിൽ പണ്ടാരവകപാട്ടം 60-ൽ ടി മുറി 1 ക്ക് ടി വകപ്പടി വില $80\frac{1}{2}$-ം ടിയിൽ പുൽപ്പാ ആദിച്ചൻ മാടൻ പേരിൽ ടി 61-ൽ ടി വക പുരയിടം മുറി 1 ക്ക് വില $171\frac{1}{2}$-ം, വാറുവിളാകം അകമ്മത് നാച്ചി ഉമ്മാരം ടി 61-ൽ ടി വക പുരയിടം 1 ക്ക് വൃക്ഷത്തിനും വീട്ടിനും വില $527\frac{1}{4}$-ംമേലെ വീട്ടിൽ ഈശ്വരൻ പത്മനാഭൻ പേരിൽ പണ്ടാരവക ഒററി കോണത്തുവിളയിൽ തട്ട് 4-ൽ കിഴക്കേത്തട്ട് 1 ക്ക് ടി വകപ്പടി വൃക്ഷത്തിനും $259\frac{3}{4}$-ം ടിയിൽ നീലമ്മ വള്ളി പേരിൽ പനങ്ങോട്ടു

കിഴക്കുംമുറി 1ക്ക് 355-ം, ആകെ പേർ 6-ൽ പേരിൽ നിന്നും പുരയിടവും വീടും വാങ്ങിച്ച വകയ്ക്ക് തിരുവപ്പടി ചിലവ്-1433¼

23) ബംഗാളത്തും ബോംബെയിലും, മദിരാശിയിലും, 'ഒലക്കാ' വിക്കേണ്ടുന്ന സംഗതിക്ക് മേപ്പടിസ്ഥലങ്ങളിൽ ന്യൂസുപേപ്പറിൽ പതിച്ച് പ്രസിദ്ധപ്പെടുത്തിയവകയ്ക്ക് ചിലവ്--3482¾ പണം.

24) പുത്തൻചന്തയിൽ തീർപ്പിച്ചിരിക്കുന്ന ഇങ്കിരീസു പള്ളിക്കൂടത്തിൽ പഠിക്കുന്ന പിള്ളേർക്ക് ഇനാമായിട്ടു കല്പിച്ചുകൊടുത്ത വില്ലിട്ട തങ്കക്കാശു ഉരു 6 ക്ക് ഇടകഴഞ്ച് 3¾ ക്ക് മഞ്ചാടി ¾ ക്ക് വിലചിലവ്-219 പണം.

25) തഞ്ചാവൂർ രങ്കയ്യങ്കാർ ചിത്തിര 7-ാനു- കഴിഞ്ഞു പോകകൊണ്ട് മേപ്പടിയാർ മാസം 1ക്ക് 250 പണം ഉണ്ടായിരുന്നതിൽ മേപ്പടിയാരുടെ ആയിമ്മ രംഗമ്മാൾക്ക് ആനി 25-ാം തീയതി മുതൽ പതിച്ചതാക മാസം 1 ക്ക് 49 പണം.

### [നാണയ നിരക്ക്]

1 രൂപാ-3½ അനന്തരായൻ പണം-7 കല്ലിൻ പണം-28 ചക്രം-448 കാശ്

1 അനന്തരായൻ പണം-2 കല്ലിൻ പണം-8 ചക്രം-128 കാശ്

1 കല്ലിൻ പണം-4 ചക്രം-64 കാശു

1 ചക്രം-16 കാശ്



## 1011 M.E. *

### "കൊച്ചമ്മ വകയ്ക്ക് ചിലവ്"

റവന്യൂ 22 1011-ആവണി 28

അനുവ്

ഇളയതമ്പുരാൻ (ഉത്രംതിരുനാൾ) തിരുമനസ്സുകൊണ്ട് പട്ടും കച്ചയും ഇട്ടിരിക്കുന്ന പാൽക്കുളങ്ങര പുത്തൻ വീട്ടിൽ പാനപ്പിള്ളകാളി മാധവിപ്പിള്ള കൊച്ചമ്മവകയ്ക്ക്-ചിലവിന് ഇന്നവണ്ണമെന്ന് പതിച്ചുവച്ചു കൊടുത്തിട്ടില്ലാഴികകൊണ്ട്, കൊച്ചമ്മവകയ്ക്കും, ആ വക വിചാരിപ്പുകാരൻ, കുട്ടികൾ, പിള്ളമാര്, അച്ചിമാർ ഉൾപ്പെട്ടവർക്കും, വിശേഷാൽ ഉള്ള ചിലവുകൾക്കും കൂടെ മാസം ഒന്നിന് 100 രൂപാക്ക് 7 വിലയ്ക്ക് 700 പണം പതിവു വച്ചു കൊടുപ്പിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നതിനാൽ അതിന്മണ്ണം 1010-ാ മാണ്ട് കന്നിമാസം ഒന്നാം തീയതി മുതൽ കൊടുപ്പിക്കണമെന്ന് 26-ാം തീയതി എഴുതിയ നീട്ടുംപടി ഉത്തരവു വന്നിരിക്കുന്നു.

### "തിരുമാസ അടിയന്തിരം"

1011 തുലാം 11-ാം തീയതി

നമ്പർ 55. അനുവ്

കൊച്ചി വലിയ തമ്പുരാൻ തീപ്പെട്ടുപോയ തിരുമാസ അടിയന്തിരം 1010-ാമാണ്ട് മീനമാസം 16-ാം തീയതി കഴിഞ്ഞതിന് 979-ാമാണ്ടത്തെ പതിവിൻ പ്രകാരം 500 റാത്തൽ പടി-30 കണ്ടി പഞ്ചസാര തൃപ്പൂണിത്തുറ കൊടുത്തയച്ച്-ഏല്പിച്ചതിന് വിലയുള്ള രൂപാ 2340 ക്ക് 7¼ വിലയ്ക്ക് 16672½ പണവും, പാവില, കയറുവില, വള്ളക്കൂലി, ചുമട്ടുകൂലി, ഉൾപ്പെട്ട വകയ്ക്ക് 77¾ പണവും, ഇതിന്മണ്ണം 16750¼ പണം ചിലവെഴുതാൻ ഉത്തരവായിരിക്കുന്നു.

## ഹജൂർ തിരട്ടുകൾ 24

കൊ: വ: 1011 *

1) കോട്ടയത്ത് സിറിയാനിക്കാരുടെ വകയ്ക്ക് കല്പന പ്രകാരം മഹാരാജ മാന്യരാജശ്രീധര അവർകൾ കൊടുത്ത 21000 രൂപാ പററിയ പ്രകാരം കോട്ടയത്ത് മാർ ദിവാനിയോസ് മെത്രാൻ പവുത്രയും, റവറൻറു മിസ്ററർ ബെഞ്ചമിൻ ബെയിലി പാതിരിയും, 993-ാമാണ്ട് മീനമാസം 1-ാം തീയതി എഴുതിയ രസീതുപ്രകാരം ഖജനാവിൽ കൊടുത്ത കുമ്പിനി രൂപാ 21000-ക്ക് 73$\frac{3}{4}$ വിലയ്ക്ക് പണം-149625/-

2) സിറിയാനിക്കാർക്ക് പഠിക്കുന്നതിനായിട്ട് പാതിരി നോർട്ടൺ സായിപ്പ് ആലപ്പുഴവച്ച് പുത്തനായിട്ട് പള്ളിപണി ചെയ്യുന്ന വകയ്ക്ക്കച്ചവടം വകയിൽ നിന്ന് കൊടുത്ത തളുത പലക വകയ്ക്ക് 10414$\frac{3}{8}$.

3) വടക്ക് എഴുന്നെള്ളത്തോടുകൂടി കൊണ്ടുവന്ന ഭീരങ്കി രണ്ടും, മരുന്നു മുതലായ സാമാനങ്ങളും ആലപ്പുഴ നിന്നും 14 വള്ളത്തിൽ കയററി മാവേലിക്കര അയച്ചതിന് 21 പണവും, ടിയിൽനിന്ന് കൊല്ലത്ത് ഇറക്കിയതിന് 20-ം കൂടി, ആകെ 41 പണം.

4) സവാരിക്ക് കൊള്ളാതെയും, മാവിനു വിടുവാൻ കൊള്ളാതെയും ഉള്ളതിൽ കാട്ടിൽ അടിച്ചുവിട്ട കുതിര മൂന്നും ഇനാം കൊടുത്ത കുതിര ഒന്നും, നീക്കി കുതിര എഴുപത്. തുറുപ്പു കുതിര മുപ്പത്തിയഞ്ച്, തിരിച്ചന്തൂർ തിരുമഞ്ജനം എഴുന്നെള്ളിപ്പിന് അയച്ച കൊമ്പനാന ഒന്ന്, ആകെ ലായംവകയിൽ നിൽപ്പുള്ള കുതിരകൾ 105-ം മൊത്തം ആന 191-ം.

5) തഞ്ചാവൂർ 'ദാസിരി' എന്നവൻ രണ്ടുകൃഷ്ണ പടവും ചെറുതരത്തിലും പലമാതിരിയിലും ഏതാനും പടങ്ങളും കൊണ്ടുവന്നു കാണിക്കയാൽ ഇനാം കൊടുത്ത പണം-5600/.



6) ഡാക്ടർ ബ്രൌൺ ശീമയ്ക്കു പോകുമ്പോൾ ഇനാം കൊടുത്ത ചിലവ് 7000/

7) ഇംഗ്ലീഷു പള്ളിക്കുടം മിസ്ററർ റോബർട്ട് താമസിക്കുന്ന കുട്ടിയപ്പ മുതലിയാരുടെ വക പുത്തൻചന്ത ബംഗ്ലാവ് വിലയ്ക്കു വാങ്ങിയതിന്-200 രൂപായും, 1009 ആനി മുതൽ 1010 വൈകാശിവരെ 12 മാസത്തേയ്ക്ക് വാടക രൂപാ 84-ം കൊടുപ്പാൻ ഉത്തരവുംപടി ചിലവ് 1988 പണം.

8) മലയാംപട്ടാളത്തിൽ ഉള്ള ഉദ്യോഗക്കാറർ, ശിപായിമാർ, ഉൾപ്പെട്ടപേർ 1737 ക്ക് ആൽബർട്ട് നോർട്ടൺ കമ്പനിയിൽ നിന്നും വരുത്തി കൊടുത്ത പത്രാസ്, കാൽ ഉടുക്കി, 174/ ക്കും തലപ്പാവു പൊതിയാൻ വരുത്തിയ നീലസകലാസും, 'ചുവന്ന സകലാസും' ഗജം 346$\frac{1}{4}$ ക്ക് ഉദ്യോഗക്കാർക്ക് കൊടുപ്പാൻ വരുത്തിയ കസവു കുഞ്ചവും, നാടായും, കൂട്ടം 41ക്കും ചിലവ്-62945 പണം.

9) കൊട്ടാരം സമ്പ്രതിക്ക് 280 പണം വീതം തൈ 16-ാം തീയതി മുതൽക്ക് ചിലവ്.

10) ഇങ്കിരീസും, മലയാൺമയും, എഴുത്തും വാക്കും വശമാക്കിയിരിക്കുന്ന ശങ്കരമേനവന് രൂപാ 10 ക്ക് 70 വീതം ആകെപേർ 3ക്ക് 210 വീതം.

11) ശ്രീപാദത്ത് കാര്യക്കാർ നാരായണന് ഷഷ്ടിബ്ദ പൂർത്തിക്ക് കൊടുത്ത പണം-350/-

12) ദിവാൻ രാജാകേശവദാസൻെറ അനന്തരവൾ കക്കുറിച്ചി പുത്തൻ വീട്ടിൽ മാടമ്മ പിള്ള തങ്കച്ചി കഴിഞ്ഞുപോയതിന് പട്ടും കച്ചയും 19$\frac{1}{2}$

13) കരമനപാലത്തിനു തെക്ക്, ഗ്രാമത്തിന് കിഴക്ക് ആറുകടവിൽ കെട്ടിയിരുന്ന കല്പട ഇളകിപ്പോകയാൽ- കരമന ഗ്രാമക്കാർക്ക് ആററുകടവിൽ കല്പട നന്നാക്കുന്ന വകയ്ക്ക് കൊടുത്ത ചിലവ്-1200/പണം.

14) ദിവാൻ സുബ്ബാരായർക്ക് മേനാവിന് മെഴുശീല കവിയണ തയ്പ്പിച്ചതിന്-31¼ പണം.

15) ആരാച്ചാർ പേർ 1 ക്ക് മാസം 1 ക്ക് നെൽ 51 പറയ്ക്ക് മാസം 1ക്ക് നെൽ 51 പറയ്ക്ക് വിലപണം 66¾ വീതം ആണ്ടൊന്നുക്ക് നെൽ 612 പറയ്ക്ക് വിലത്തരം 803¼

16) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിയുടെ അനുജത്തി അപ്പിതങ്കച്ചി കഴിഞ്ഞതിന് പട്ടും കച്ചയും വകയ്ക്ക് 71 പണം.

17) 4000 തുണ്ടു യാപ്പാണം പുകയില വരുത്തി ഏറ്റപ്പിപ്പാൻ ദർഘാസു ബോധിപ്പിപ്പാനും, മുളകുവകയ്ക്ക് ഉടമ്പടി ചെയ്തു വാങ്ങിപ്പാൻ ദർഘാസു ബോധിപ്പിപ്പാനും ദിവാൻ എഴുതിയ പരസ്യം മദ്രാസ്, ബോംബെ, ബംഗാൾ, ന്യൂസുപേപ്പറിലും ഗസററിലും ഇടാൻ 2038/¼ പണം ചിലവായത് ചിലവെഴുതണം.

18) കൊല്ലത്തു പാർക്കുന്ന ആക്സൺ ധാരയുടെ വകയ്ക്ക് ഉരുവിൽ വന്ന് തങ്കശ്ശേരി ചവുക്കയിൽ തീരുവ തീർത്ത അമേരിക്കൻ ചാരായം ഈ രാജ്യത്ത് വില പോകായ്കകൊണ്ട് തിരികെ കൊണ്ടുപോകുന്നതിനും തീരുവ തീർത്തപണം തിരികെ കൊടുപ്പാനും ചിത്തിര 14-ാം തീയതി എഴുതിയ ഉത്തരവും പടി ചിലവ് -1910½ പണം.

19) ദിവാനുദ്യോഗമായിരുന്ന ഉമ്മണിതമ്പിയുടെ വക കോട്ടയ്ക്കകത്ത് വടക്കെത്തെരുവിൽ പത്മവിലാസം പുരയിടം കണ്ടുകൃഷിയിൽ ചേർത്ത് മുതലെടുത്ത് വന്നത് ഒഴിഞ്ഞുകൊടുത്തതാക പേർ 1-ൻ പേരിൽ പുരയിടം ഒന്നുക്ക് നിർത്തൽ വകയിൽ 50½ പണം.

20) നാടകശാലപേർ 12 ക്ക് മാസം 1ക്ക് 116¼ അരയ്ക്കാൽ വീതം 1397¼ മോഹിനിയാട്ടക്കാർ 6 ക്ക് മാസം 1ക്ക് 203 പണം വീതം 1218,



21) തഞ്ചാവൂർ ദാസിപേർ 1ക്ക് മാസം 294 പണം.
നട്ടുവൻ 3 ക്ക്-857½, മദ്ദളം 1 ക്ക്, 122½.
തുത്തി ഒന്നുക്ക്-73½, ആകെപേർ 6ക്ക് മാസം 1ക്ക് പണം 1347½

22) തഞ്ചാവൂർ ദാസി ബാലാമ്പാൾക്ക് മാസം 1ക്ക് 300 പണം. കനകമ്മാൾക്ക് മാസം 1ക്ക് 75 പണം, കൂടെ കച്ചകെട്ടിന് ആക്കിയിരിക്കുന്ന തിരുവനന്തപുരം ഭഗവതിക്ക് മാസം 1ക്ക് 35 പണം, ആകെപേർ മൂന്നുക്ക് 410 പണം,

23) നട്ടുവൻ അപ്പാക്കുട്ടിക്ക് മാശിമാസം മുതൽക്ക് 73½ പണവും, പാലക്കാട് ഗോവിന്ദന് 98 പണവും, ആകെ പേർ 2ക്ക് 171¼ പണം.

24) തഞ്ചാവൂർക്കാറർ പേർ 12 ക്ക് മാസം 1ക്കു പണം 2051½

25) കല്ലിക്കോട്ടുദാസിപേർ 3 ക്ക് മാസം 375 പണവും, സാരങ്കി 2 ക്ക് 250 പണവും, പാട്ട് 2ക്ക് 250 പണവും, മദ്ദളം 1ക്ക് 125 പണവും, ആകെപേർ 8 ക്ക് മാസം 1 ക്ക് 1000.

26) പാലക്കാട് പരമേശ്വര ഭാഗവതർക്ക് വാങ്ങിക്കൊടുത്ത പിററിൽ ഒന്നുക്ക് 105 പണം.

27) പാലക്കാട് പരമേശ്വര ഭാഗവതർ വടക്കുപോയി വരാൻ ചിലവ്-700, പാലക്കാട് ശേഷ ഭാഗവതർക്ക് ഇനാം 700/

28) തഞ്ചാവൂർ മേരുവയ്യൻ ഭാഗവതർക്ക് തഞ്ചാവൂർ നിന്നും വന്നവഴിച്ചിലവിന് 3500/പണം.

29) തിരുമുമ്പിൽ പാടിവന്ന ദാസി മുത്തു മുതൽപേർക്ക് ചിലവിന് 420 പണം, ശ്രീരംഗം അനന്താചാര്യർക്ക് കിഴക്കുപോയി വരാൻ ചിലവ്-4200 പണം, ഹിന്ദുസ്ഥാനി പാടിവരുന്ന ഉത്തരായദേശത്ത് അമ്പാരാമൻ മുതൽപേർക്ക് 420 പണം, കല്ലിക്കോട്ടുനിന്നും വന്നിരിക്കുന്ന പാട്ടുകൃഷ്ണന് 490 പണം,

തഞ്ചാവൂർ നിന്നും വന്നിരിക്കുന്ന കനകമാല മുതൽ പേർക്ക് ചിലവ്-764 പണം,

കൃഷ്ണപുരത്ത് അതിർത്തിക്കുളങ്ങര സർപ്പക്കാവിൽ നിന്നും വന്ന നന്തുണി പാടിയ പരമേശ്വര പണിക്കർ മുതൽ പേർക്ക് 69¾ പണം.

പാലക്കാട് മുത്തുസ്വാമി ഭാഗവതർക്ക് ഇനാം 500 പണം.

ഹരിപ്പാട് അനന്തലക്ഷ്മി ആകാശമാണിക്യം എന്നവരം കഴകൂത്ത് ആടുകയാൽ ഇനാം 105 പണം. ആകെ ഈ വകയിൽ ചിത്തിരമാസം ചിലവായ പണം-6968¼.

30) തഞ്ചാവൂർ ദാസി വകപേർ പന്ത്രണ്ടുക്ക് മാസം ഒന്നുക്ക് 1000 പണവും ക്രമത്തിന് ആണ്ടൊന്നുക്ക് 29741ക്ക് പിടിത്തം നീക്കിത്തീരുവ.

31) തഞ്ചാവൂർ നട്ടുവൻ വടിവേലു മുതൽ പേർക്ക് ഇനാം കൊടുത്ത ചിലവുപണം 4500/

32) കല്ലിക്കോട്ടുനിന്നും തിരുവനന്തപുരത്തുവന്നു പാർക്കുന്ന ദാസി ഭാഗീരഥിക്ക് വീടുപണിക്കു കൊടുത്ത പണം-2100-ം, അരയ്ക്ക് ശീല ഒന്നുക്ക് 44 പണവും ആകെ 2144 പണം,

33) തഞ്ചാവൂർ നാട്യ വകയിൽകുന്നുംപുറത്ത് ഭഗവതിയെ കച്ചകെട്ടിച്ച വകയ്ക്ക് ചിലവുപണം 140½

34) പഞ്ചിവായന ഹരിപ്പാട്ടു കൊച്ചുപിള്ള വാര്യരുടെ മകളെ കെട്ടിക്കുന്നതിന് 1000 പണവും, സാരംഗി വായിച്ചുവരുന്ന തഞ്ചാവൂർ ചിന്താമണിയുടെകെട്ടിയവരാക്ക് തിരണ്ടുകല്യാണത്തിന് 700 പണവും, തഞ്ചാവൂർ നാട്യത്തിൽ തുത്തി വെങ്കിടസ്വാമിയുടെ കെട്ടിയവളുടെ തിരണ്ടുകുളിക്ക് 140-ം, പാലക്കാട് പരമേശ്വര ഭാഗവതർക്ക് സീമന്തത്തിന് 300-ം, ആകെ ചിലവ്-2140 പണം.



**1012 M. E. ***

## റോബർട്ടിന് യാത്രപ്പടി

നമ്പ്ര: 115 രായസം

നീട്ടുചുരുക്കം 1012-2-16

ഇംഗ്ലീഷുസ്കൂൾ മിസ്റ്റർ റോബർട്ടു കാതകുളം, കോട്ടാറ്, ഉൾപ്പെട്ട സ്ഥലങ്ങളിൽ ഇംഗ്ലീഷു പള്ളിക്കൂടം വയ്ക്കുന്നതിനു സ്ഥലംനോക്കി നിശ്ചയിക്കുന്നതിനായി പോയി തിരികെ വന്നതിന് 308 പണം വിവരത്തിൽ കൊടുത്തിരിക്കുന്നതു ചിലവെഴുതിക്കുന്നതിനും ആഗസ്റ്റുമാസം 8-ാംനു ചിറയിൻ കീഴിലും കായങ്കുളത്തും 24-ാംനു പത്മനാഭപുരത്തും കോട്ടാറും ചെന്ന് സ്കൂളുകൾ നോക്കി പഠിപ്പിക്കുന്നതിന് ആളുകളെ ആക്കി ചട്ടം കെട്ടിയും വച്ച് പോന്നതിന് 290 പണം ചിലവായതു കൊടുപ്പിക്കണമെന്ന് മിസ്റ്റർ റോബർട്ടിന്റെ കായിതം വന്ന് റസിഡന്റിന് എഴുതി അയച്ചിരുന്നതിന് ഇനിമേൽ സ്കൂൾ നോക്കുന്നതിന് മിസ്റ്റർ റോബർട്ട് ഹജൂരിൽ ബോധിപ്പിച്ച് കൊണ്ടുപോകത്തക്കവണ്ണം എഴുതി അയച്ചിരിക്കുന്നതിനാൽ ചിലവായ പണം കൊടുപ്പിക്കണമെന്ന് മറുപടി വന്നിരിക്കുന്നതിനാൽ ആ വക പണം കൊടുപ്പിക്കുന്നതിന് നിദാനം വരണമെന്ന് എഴുതിവന്നതനുസരിച്ച് അനുവദിച്ചും, മേലാൽ പണ്ടാരവകയിൽ നിന്നും ചിലവും വാങ്ങിച്ചു ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പോകണമെന്ന് അപേക്ഷയുണ്ടായിരുന്നതിനാൽ മുൻപിരികുട്ടി ഹജൂരിൽ ബോധിപ്പിച്ച് ആവശ്യം ഒള്ള കാര്യങ്ങൾക്ക് പോയികൊള്ളത്തക്കവണ്ണം ചട്ടംകെട്ടികൊള്ളണമെന്ന് 1012 കന്നി 16-ാംനു ലെ നീട്ട്.

(തുല്യം)

## 1012 ലെ കണ്ടെഴുത്ത്

പുരയിടം കണ്ടെഴുതുന്നതിന് 1012-ാമാണ്ട് അല്പശി മാസം 13-നും, 15-നും ദിവസം നിശ്ചയിച്ചു. ഹജൂരിൽ നിന്നും പേഷ്കാർ രംഗരായർ അവർകളും പേഷ്കാർ നാരായണൻ ശങ്കരനും, കണ്ടെഴുത്ത് ശിരസ്താ ശ്രീനിവാസരായരും, കണ്ടെഴുത്ത് മേലെഴുത്ത് രാമൻ പിള്ളയും, ഒന്നാം തഹശീൽദാർ മാതേവൻപിള്ളയും സമ്പ്രതി പത്മനാഭപിള്ളയും, ജമാബന്തികണക്ക് മാവേലിക്കര മാതേവൻപിള്ളയും അധികാരത്തിൽ കണക്ക് നല്ലതണ്ണി പിള്ളയും, പാർവത്യക്കാറൻ, തൻപിടാക-മറുപിടാക-8 തടസ്ഥന്മാരും, മുന്നിലക്കാറന്മാരു മുതലായ പേരും കൂടി വഞ്ചിയൂർ അധികാരത്തിൽ തിരുവനന്തപുരം ദേശത്ത് പാതിരിക്കരി മുറിയിൽ പുത്തൻ തോപ്പുവട്ടത്ത് കടയ്ക്കാവൂർ അധികാരത്തിൽ കണ്ണച്ചൻ വീട്ടിൽ കാളി കണ്ണമ്മ മുതൽ പേരു പേരിൽ പതിഞ്ഞിരിക്കുന്ന പണ്ടാരവകപ്പാട്ട പുരയിടം-33-ാമതു ലക്കംമുതൽ 36-ാമതു ലക്കംവരെ ടി രണ്ടു തീയതിയിലുമായിട്ടു കണ്ടെഴുതിയിരിക്കുന്നു.

1012 ധനു 1-ാം തീയതി.



## 1012-ലെ ജനസംഖ്യാ കണക്ക്

തിരുവിതാംകോട്ടു സംസ്ഥാനത്തു ഇങ്കിരീസു 1836-ാം വർഷത്തിന് കൊല്ലവർഷം 1012-ാമതിൽ എഴുതി കണ്ടകാനീശു കണക്കും പ്രകാരം ഉള്ള ജാതിവിവരം ഇതിനു കീഴ് പറയുന്നു;

| | | |
|---|---|---|
| മലയാള ബ്രാഹ്മണർ | — | 90843 |
| പരദേശ ബ്രാഹ്മണർ | — | 18751 |
| ക്ഷത്രിയർ | — | 1319 |
| അംപലവാസികൾ | — | 7231 |
| സാമന്തർ | — | 496 |
| വൈശ്യർ | — | 173 |
| ശൂദ്രർ | — | 365470 |
| ചെട്ടികൾ | — | 15193 |
| കൊങ്ങിണികൾ | — | 4563 |
| നെയ്തുകാറർ | — | 6046 |
| ഇടയർ | — | 13270 |
| ഓടന്മാർ | — | 68 |
| വെള്ളക്കാറർ | — | 81 |
| ചട്ടക്കാറർ | — | 1484 |
| ചീന്തിക്കാറർ | — | 477 |
| പുത്തൻകൂററുകാറർ | — | 18382 |
| പഴെകൂററുനസ്രാണികൾ | — | 56184 |
| മുസൽമാൻമാർ | — | 60291 |
| പാരസുകാറർ | — | 2 |
| ജൂതന്മാർ | — | 39 |
| മലവേലന്മാർ | — | 16226 |
| കുറവർ | — | 31891 |
| ഉപ്പിളവർ | — | 724 |
| കമ്മാളൻ ആശാരിമാര് | — | 24135 |
| കല്ലാശാരിമാർ | — | 2950 |
| കൊല്ലന്മാർ | — | 10777 |

| | | |
|---|---|---|
| തട്ടാന്മാര് | — | 11174 |
| കന്നാന്മാര് | — | 2046 |
| ചെമ്പുതട്ടികൾ | — | 190 |
| വാണിയന്മാർ | — | 22080 |
| പാണന്മാർ | — | 1901 |
| മുച്ചികൾ | — | 1472 |
| വേളാന്മാർ | — | 4207 |
| വണ്ണാന്മാർ | — | 11633 |
| ക്ഷുരകന്മാർ | — | 12539 |
| കണിയാന്മാർ | — | 4960 |
| ചാന്നാന്മാർ | — | 3515 |
| ഈഴവർ | — | 180956 |
| പള്ളൻ | — | 3750 |
| പുലയൻ | — | 9598 |
| പറയൻ | — | 38625 |

ആകെ 12 ലക്ഷത്തി 80668

**[നാണയ നിരക്ക്-കൊച്ചി]**

1രൂപാ-3½ വീരരായൻ പണം-19¼ പുത്തൻ-211¾ പൈസാ
1 വീരരായൻ പണം- 5½ പുത്തൻ- 60½ പൈസാ
1 പുത്തൻ-11 പൈസാ



# "വസ്തുക്കളുടെ ഇനവിവരം"

## പാട്ടം

1) കുത്തകപാട്ടം-പണ്ടാരവകയായിട്ടുള്ള ഭൂമികളെ കുത്തകയായി ഏല്പിച്ചിട്ടുള്ളത്.
2) വെൺപാട്ടം - മേൽപ്രകാരം....
3) വിരുത്തിപാട്ടം-കുടിയാനന്മാർക്ക് കരം കൂടാതെ വിരുത്തിയായിട്ടു പതിച്ചുകൊടുത്തിട്ടുള്ളതും പാട്ടം കെട്ടി പതിച്ചതിനെയും വിരുത്തി പാട്ടമെന്നു പറയാറുണ്ട്.
4) മാറാപാട്ടം - കുടുംബത്തിലേക്ക് സർക്കാരിൽ നിന്നും കൊടുത്തിട്ടുള്ളത്.
5) മാരാപാട്ടം - സ്വല്പ അർത്ഥം ഉണ്ട്. ഉഭയം ഇല്ല.
6) കാരാൺമപാട്ടം - ദേവസ്വം കാരാൺമയ്ക്ക് സർക്കാരിൽ നിന്നും കൊടുത്തത്.
7) ഉഴവുപാട്ടം - കരം ഉള്ളനിലംകൃഷിക്കായിട്ടു ഏൽപ്പിച്ചത്.
8) കഴകപാട്ടം - ക്ഷേത്രങ്ങളിൽ പൂമാല കെട്ടുന്നതിനും അടിച്ചുതളിയ്ക്ക് കൊടുത്തതും.

## ഒററി

1) വെട്ടൊഴിവു പാട്ടം/- കുടിയാനവന്മാര് തനതു മുതൽ ചിലവു ചെയ്ത് സർക്കാർ ഭൂമി വെട്ടി തെളിച്ചത്. സർക്കാരിൽ നിന്നും വകവച്ചു കൊടുത്തത്.
2) ഇടുപാതിപാട്ടം:- കുടികൾ ചിലവു ചെയ്തതിൽ പാതി വകവച്ചത്.
3) വച്ചുപാതിപാട്ടം - മേൽപ്രകാരം.
4) നേർപാട്ടം- ചിലവു ചെയ്ത മുതലിനു പത്തിനൊന്ന് കൊടുക്കുന്നത്.

5) ഒററി - സർക്കാരിലേയ്ക്ക് കുടികൾ മുൻപിൽകൂട്ടി പണം കൊടുത്തിട്ടുള്ളത്.
6) പാട്ടഒററി. മേൽപ്രകാരം.
7) കാരാൺമ ഒററി-മുതലിനു ഈടായിരിക്കുന്ന നിലം കുടികളെ ഏൾപ്പിച്ചു വാങ്ങിക്കുന്നത്.
8) ഇരക്കാരായ്മ ഒററി- ,,
9) കുഴിക്കാരായ്മ ഒററി - വൃക്ഷങ്ങൾ നട്ടുണ്ടാക്കുന്നതിനു കൊടുത്തത്.
10) അഞ്ചുരണ്ടുകാരാഴ്മ ഒററി - കുടികൾ വച്ചുണ്ടാക്കുന്ന വൃക്ഷങ്ങൾക്ക് കണ്ടപാട്ടത്തിൽ അഞ്ചിന് രണ്ടു വീതം നിശ്ചയിച്ചു വാങ്ങിക്കുന്നത്.
11) കയ്ക്കുറുപാതി ഒററി:- കാടായിട്ടുള്ള ഭൂമികൾ കുടികൾ വെട്ടി തെളിച്ചാൽ സർക്കാരിൽനിന്നും വക വച്ചുകൊടുക്കുന്നത്.
12) വയ്പ്പാക്കാണം - വൃക്ഷങ്ങൾ നടുന്നതിനായിട്ടു കുടികൾക്ക് കൊടുത്തത്. ഭൂമികൾക്ക് സർക്കാരിൽ നിന്നും വാങ്ങിക്കുന്നത്.
13) കോടാലിക്കാണം - മരാമത്തു ചെയ്ത ഭൂമി ജന്മമായിട്ടു എഴുതി കൊടുത്തത്.
14) നിലംവലം കുഴിക്കാണം - വൃക്ഷങ്ങൾ വച്ചുണ്ടാക്കുന്നതിനു കൊടുത്തത്.

## വിരുത്തി

1) നായരു വിരുത്തി:- സർക്കാർ ഊഴിയത്തിനു കൊടുത്തത്,
2) പെരുമ്പടപ്പുസ്വരൂപ വിരുത്തി-ഇവിടത്തെ കുടികൾക്ക് പെരിമ്പടപ്പിൽ നിന്നും കൊടുത്തത്



3) കൊടുങ്ങല്ലൂർ പടിഞ്ഞാറുസ്വരൂപംവക വിരുത്തി.
4) ഇളങ്കല്ലൂർ വിരുത്തി } മേൽ പ്രകാരം
5) പാലിയത്തു മേനവൻ വിരുത്തി
6) മടമ്പിമാരു വിരുത്തി
7) ചാവേററു വിരുത്തി - പടയിൽപ്പെട്ടവർക്ക് അനുഭവത്തിനായി കൊടുത്തത്.
8) കച്ചവിരുത്തി - സേവന്മാർക്ക് കൊടുത്തത്.
9) പരിശവിരുത്തി- നായന്മാർക്ക് അനുഭവത്തിനു കൊടുത്തത്.
10) ആനവിരുത്തി- ദേവസ്വംങ്ങളിൽ ആനക്കാർക്ക് കൊടുത്തത്.
11) വഞ്ചിവിരുത്തി:- പണ്ടാര അടിയന്ത്രം നടത്തുന്നതിന്കൊടുത്തത്.
12) പള്ളവിരുത്തി:- ,,
13) കളരികെട്ടു വിരുത്തി:-കളരികെട്ടിമേയിച്ച വകയ്ക്ക് കൊടുത്തത്.
14) തളിവിരുത്തി- അടിച്ചുതളി വകയ്ക്ക് കൊടുത്തത്.
15) കാരാൺമവിരുത്തി:- കാരാൺമക്കാർക്ക് എന്നന്നേക്കും അനുഭവിക്കാൻ കൊടുത്തത്.
16) പാട്ടുവിരുത്തി:- ദേവസ്വംങ്ങളിൽ പാടുന്നതിനും കോലം ഇടുന്നതിനും കൊടുത്തത്.
17) പാലുവിരുത്തി:- ദേവസ്വംങ്ങളിൽ പാൽ അളക്കാൻ കൊടുത്തത്.
18) പാൽകുടം എടുപ്പു വിരുത്തി:- ,,
19) ചെമ്പുപണി വിരുത്തി:- പാത്രം തീർക്കാനായികൊടുത്തത്.
20) ഓടന്മാരു വിരുത്തി:- കോയിക്കൽ-കൊട്ടാരം-മുതലായ സ്ഥലം ഓടു മേയുന്നതിന് കൊടുത്തത്.
21) കൂറവിരുത്തി:- കൊടിക്കൂറകൊണ്ടു വരുന്നതിനായിട്ടു കൊടുത്തത്.

22) കിഴങ്ങുവിരുത്തി:-മടപ്പള്ളിപോററിമാർക്ക് അനുഭവ
ത്തിന് കൊടുത്തത്.
23) അരുളിഇറയിലി:-ആരാച്ചാർക്കു അനുഭവത്തിന് കൊ
ടുത്തത്.
24) തിരുമുഖം ഇറയിലി:-തമ്പിമാർക്ക് ഊഴിയം കൂടാതെ
കൊടുത്തത്.
25) ശംഖു വിരുത്തി:- ദേവസ്വത്തിൽ ശംഖ് ഊത്ത് വക
യ്ക്ക് കൊടുത്തത്.
26) കൊടുവിരുത്തി:- ,, വാദ്യം ,, ,,
27) തുത്തിവിരുത്തി:-തുത്തി ഊതുന്നതിന് ,,
28) മാലവിരുത്തി:-മാലകെട്ടാനും, നന്താവനം സൂക്ഷിക്കാ
നും വേണ്ടി
29) തന്ത്രിവിരുത്തി:-തന്ത്രത്തിനായിട്ട്
30) ശാന്തിവിരുത്തി:-ശാന്തിക്കായിട്ട്
31) മഹാഭാരതംവായന വിരുത്തി-വായന
32) കഴകവിരുത്തി-കഴകത്തിന്
33) കയററുവിരുത്തി-കൊടിക്കയററു, കിണററുവടം, ഇതു
കറം കൊണ്ടുവരാൻ.
34 കാവൽവിരുത്തി-കാവൽ
35) വെടിവിരുത്തി-വെടിവയ്ക്കാൻ
36) തിരുവുടയാട **അലക്കുവിരുത്തി**-അലക്കണം
**അടിമ**-ദേവസ്വം മുതലായ സ്ഥലങ്ങളിൽ അടിമ
പെണ്ണുങ്ങറക്ക് എഴുതികൊടുത്തത്.
2) തിരുവിളം- ഓരോവകയ്ക്ക് അനുഭവമായി
കൊടുത്തത്.
3) അനുഭോഗം-
4) തിരുമുഖം- തമ്പിമാരുമുതലായവർക്ക് കൊടുത്തത്.
5) കല്പനപ്പടി- ഓരോ കുടുംബത്തിലേയ്ക്ക്
6) നീട്ടുംപടി- മേൽപ്രകാരം



## കരമന ബംഗ്ലാവ്

ജാ 578 1012 മീനം 15

അനുവ്

വേനൽക്കാലങ്ങളിൽ ചിലപ്പോറം എഴുന്നെള്ളിയിരി
ക്കുന്നതിനും കടവിൽ എഴുന്നെള്ളത്തുവകയ്ക്കും, കരമന
ആററുവാരം സമീപിച്ച് ഒരു ബംഗ്ലാവും, കുളപ്പുര മുത
ലായതും തീർപ്പിക്കണമെന്ന് കല്പനവന്നു വിചാരിച്ചാറെ,
കരമനപാലത്തിന് വടക്ക്-ചെങ്കൽചൂളയ്ക്കു പോകുന്ന
ഇടവഴിയ്ക്കും തെക്ക്-പാർവതിപുരം ഗ്രാമത്തിൻെറ ഇട
വഴിയ്ക്കും കിഴക്ക്-ചെങ്കൽ ചൂളയ്ക്കും, പടിഞ്ഞാറ്-ഉറം
പ്പെട്ട പുരയിടം തട്ട് 4-ം. ഈവകയ്ക്കായിട്ട് എടുത്താൽ
സ്ഥലം മുഴുത്തു വരുന്നതും, വർഷകാലങ്ങളിൽ വെള്ളം
കേറുന്നതല്ലാത്തതും ആകയാൽ ആ വക പുരയിടങ്ങറം ഇര
യിമ്മൻതമ്പി മുതൽപേരുടെ പേർക്ക് പതിഞ്ഞിരിക്കുന്ന
പ്രകാരം കണ്ടിരിക്കുന്നതിനാൽ വർത്തമാനം തിരുമനസ്സറി
യിച്ചതിൻെറ ശേഷം ഈ വക പുരയിടങ്ങറക്കുള്ള ആധാര
ങ്ങളും എടുപ്പിച്ച് കണക്ക് ശോധന ചെയ്ത് നീട്ടുംവരു
ത്തി മര്യാദപോലെഒള്ള അർത്ഥവും പൊന്നും കൊടുപ്പി
ച്ച് പുരയിടം ഒഴിപ്പിച്ച് അതിൽ ബംഗ്ലാവ് മുതലായതു
പണിക്കുറ തീർപ്പിച്ച് കൊള്ളർത്തക്കവണ്ണം കൽപന വന്നിരി
ക്കുന്ന സംഗതിക്ക് എഴുതി വന്ന് ഉത്തരവു ചെന്നതിന്മണ്ണം
പാർവതക്കാറൻ പിള്ളമാരു തടസ്ഥരു മുതലായ ആളുകറ
കുടിമേലെഴുതിയ പുരയിടത്തിൽ ചെന്ന് ഉടയക്കാററാകു
ന്ന ഇരയിമ്മൻതമ്പി മുതൽപേരെയും വരുത്തി ആധാരങ്ങ
ളും എടുപ്പിച്ച് കണ്ടു വൃക്ഷത്തിനു പൊന്നും, പുര മുത
ലായതിന് വിലയും കണക്കുംപ്രകാരമുള്ള അർത്ഥവും
ശിട്ടം വരുത്തിയാറെ-1033 പണം കാൺക കൊണ്ട് ആവക
യ്ക്ക് വിവരമായിട്ട് വര്യോല എഴുതി കയ്യൊപ്പിട്ടു കൊടു
ത്തയക്കുന്നതിനും തിരുവനന്തപുരം മണ്ടപത്തും വാതുക്കൽ

ഒന്നാംതഹശീൽദാര് 14-നു എഴുതിയ സാധനം വരികകൊണ്ട് അതിന്മണ്ണം ആയിരുന്നാൽ ഈ വകപുരയിടങ്ങൾക്കുള്ള അർത്ഥം പിരിഞ്ഞവകയിൽ നിന്നും കൊടുപ്പിച്ച് കൈമാറി വരുത്തി മേലെഴുതിയ പുരയിടങ്ങൾ തെട്ടത്തിൽ കുറച്ച് കണ്ടുകൃഷിയിൽ ശ്രീപണ്ടാരകാര്യം ചെയ്വാർകൾ പേരിൽ പാട്ടമായിട്ട് കണക്കിൽ പതിച്ച് ആ വക പുരയിടവും പാട്ടവും കണ്ടുകൃഷി വകക്കായിട്ടു പോകെഴുതിച്ചുകൊള്ളത്തക്കവണ്ണം തിരുവനന്തപുരം ഒന്നാം തഹശീൽദാർക്കും അപ്രകാരം വരവെഴുതിച്ചു കണ്ടുകൃഷിവക പാട്ടമായിട്ടു കണക്കിൽ മുതൽകൂട്ടി സംഖ്യായത്തിൽ മുതൽ എടുപ്പിക്കുന്നതിന് തിരുവനന്തപുരം ഉൾപ്പെട്ട കണ്ടുകൃഷി മേൽ വിചാരിപ്പുകാറനും ഉത്തരവു കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം ജമാബന്തി കണിക്കിലും എഴുതിച്ചു കൊള്ളണമെന്നുംഉത്തരവു എഴുതി വന്നിരിക്കുന്നു. മേലെഴുതിയ വസ്തുക്കൾക്ക് $54\frac{3}{4}$ പണം കരം ഉള്ളത് കുറവായിട്ടും 993-ാമാണ്ട് കണ്ടെഴുതിയതിന്മണ്ണം പാട്ടപ്പണം $48\frac{1}{4}$ അരയ് കാൽ-ം. കൂടുതലായിട്ടും 1012-ാമാണ്ട് കണക്കിൽ എഴുതി ആവകപ്പണം പിരിവുവന്നിട്ടില്ലാത്ത സംഗതിക്ക് അറിവെഴുതി ബോധിപ്പിച്ചാറെ നിർത്തൽ എ ഴ ു ത ി ക ൊ ള്ളത്തക്കവണ്ണം ഉത്തരവുവന്നിരിക്കുന്നു.



# ഏഷ്യാഭൂഖണ്ഡത്തെകുറിച്ച് വിവരണം

ഭൂമിയെ നാലു ഖണ്ഡമായിട്ടു വിഭജിച്ചിരിക്കുന്നതിന്റെയും അതിൽഏഷ്യാ ഖണ്ഡത്തിന്റെവിവരവും സംക്ഷേപമായിട്ടു ഇതിനു കീഴ്ം പറയുന്നു.

ഏഷ്യാ-യൂറോപ്പ്-ആഫ്രിക്കാ - അമ്രിക്ക - ഇങ്ങനെ 4 ഖണ്ഡമായിട്ടുഭൂമിയെ വിഭജിച്ചിരിക്കുന്നു. ഇതിൽഏഷ്യാ ഖണ്ഡം തെക്കും വടക്കും സമുദ്രപര്യന്തവും, കിഴക്ക് തിായടി കുറയും കടലുവരേയും, പടിഞ്ഞാറ് ആഫ്രിക്കാ ഖണ്ഡത്തിന്റേയും, യൂറോപ്പുഖണ്ഡത്തിന്റേയും, കിഴക്കേ അതിർത്തിവരേയും, ആകുന്നു. ഏഷ്യാഖണ്ഡം കിഴക്കുപടിഞ്ഞാറു 4235 നാഴികയും തെക്കു വടക്ക് 3822 നാഴികയും വഴി ദൂരം ഉണ്ട്. ഈ ഖണ്ഡത്തിൽ 148 കോടി 80 ലക്ഷം ജനം വരേയും കുടിയിരിക്കുന്നുണ്ട്. ഏഷ്യാഖണ്ഡത്തിന് പടിഞ്ഞാറു ആഫ്രിക്കയും, അതിനു വടക്ക് യൂറോപ്പുഖണ്ഡവും ഏഷ്യായ്ക്കും കിഴക്കേ സമുദ്രത്തിനും കിഴക്ക് ആഫ്രിക്കാഖണ്ഡവും ആകുന്നത്. ഈ നാലു ഖണ്ഡവും പ്രദക്ഷിണഗതിക്ക് 24872 നാഴിക ഉണ്ട്. ഏഷ്യാഖണ്ഡത്തിൽ തുറുക്കിദേശം, അറബിദേശം, പാരസിദേശം, ഹിന്ദുദേശം, ആസാംദേശം ബർമ്മാദേശം, മലാക്കാദേശം, സയാംദേശം, കൊങ്കൻദേശം, ചീനാദേശം, തിബത്തുദേശം, ചീനാട്ടാട്ടെറിദേശം, വലിയട്ടാട്ടെറിദേശം, സൈബീര്യാദേശം, ഇങ്ങനെ 14ദേശങ്ങൾ പ്രധാനമായി ഉണ്ട്. ഈ 14 ദേശത്തിനകത്ത്അനേകം രാജ്യങ്ങളും ഉണ്ട്. ഇതിൽ ഹിന്ദുദേശത്തെ ഭാരതഖണ്ഡം എന്നും 'ഇൻഡ്യാകെട്ട്' എന്നും പറയുന്നു.

***ഹിന്ദുദേശം***:- ഹിമവൽ പർവതം ഇരിക്കുന്നതിബററ് എന്ന ദേശത്തിന് തെക്കും വംകാള കടലിനു പടിഞ്ഞാറും, തെക്കേസമുദ്രത്തിനു വടക്കും പടിഞ്ഞാറു ഹിന്ദുസമുദ്രത്തിനു കിഴക്കും ആകുന്നത്. ഈ ഹിന്ദുദേശംതെക്കു വടക്ക് 1323 നാഴികയും, കിഴക്ക്പടിഞ്ഞാറ് 1085 നാഴിക

യും വഴിദൂരം ഒണ്ട്. ഇതിൽ മുഖ്യ ദേശമായിരിക്കുന്ന ബം ഗാളത്തു നിന്നും ശ്രീമഹാരാജാ വിരിക്കുന്ന ദേശത്തേ യ്ക്ക് സ്ഥലമാർഗ്ഗം 4928 നാഴിക വഴിദൂരംഒണ്ട്. ഹിന്ദു ദേശത്തിൽ ഹിമവൽ പർവതത്തിങ്കൽ നിന്നും 1470 നാഴിക വഴിദൂരം ഒള്ള വംകാളത്തു സമുദ്രംനരെ ഗംഗാപ്രവാഹി ച്ചിരിക്കുന്നതിനാൽ ഈ ഹിന്ദുദേശത്തിൽ ഗംഗാ, യമുന, സരസ്വതി, കാവേരി, താമ്രവർണ്ണി, ഗോദാവരി, മുതലായ ഏറിയ നദികളും പുണ്യ സ്ഥലങ്ങളുംഒണ്ട്. ഹിന്ദുദേശ ത്തിൽ 13 കോടി ജനങ്ങരംവരേയും കുടിയിരിക്കുന്നു. അ തിൽ ഒരുകോടി ജനം മുഹമ്മദുകാററും, 15 ലക്ഷം ജനം ക്രി സ്തുമതക്കാററും, ശേഷം 11 കോടി 85 ലക്ഷം ജനം പ്രതിമാഭജനക്കാററും ആകുന്നു. യൂറോപ്പുഖണ്ഡ ത്തിൽ നോർവേ മുതലായിട്ടു 16 ദേശങ്ങരം പ്രധാനമായിട്ടു ള്ളതിൽ ഇംഗ്ലാൻറ് എന്ന ദേശത്തിൽ ലണ്ടൻ എന്ന നഗര ത്തിൽ ശ്രീമഹാരാജാവിൻേറയും മന്ത്രിമാരുടേയും,പാർ ലമെൻററു-സഭാജനങ്ങളുടേയും നിവാസ സ്ഥാനമാകു ന്നത്. അവിടത്തെ വിശേഷങ്ങരം വളരെ വിസ്താരമായിട്ടു പറവാനുമുണ്ട്.

****



1837

## ഹജൂർ തിരട്ടുകൾ 25

കൊ: വ: 1012 *

1) സ്വാതിതിരുനാരം തിരുമനസ്സിലേക്ക്-തിരുമേനി സൗ ഖ്യത്തിനായിട്ട് മതിലകത്ത് പ്രാർത്ഥിച്ച് 1012 ധനു മാസം 16-ാം തീയതി കൽപിച്ച് നടയ്ക്കുവച്ച കുമ്പി നി രൂപ 12000 ക്ക് പണം 85500/-
2) ടിയാണ്ട് മകരമാസം 25-ാം തീയതി ഞായറാഴ്ചയും തിരുവോണവും വാവുംനാരം അർദ്ധോദയ പുണ്യകാ ലമാകകൊണ്ട് അർത്ഥപ്രായശ്ചിത്തക്രിയ, ഗോദാനം, തിലപർവദാനം ഉരംപ്പെട്ടതിന് ചിലവ് 18873 പണം.
3) ഹിന്ദുസ്ഥാനി നാട്യക്കാർ വകയിൽ കല്ലിക്കോട്ടുദാസി ഗങ്കുവിന് തിരണ്ടുകല്യാണം വകയ്ക്ക് കൊടുത്ത പണം 3500/
4) വട്ടപ്പള്ളി മൂത്തതിൻെറ കുഞ്ഞിൻെറ ചോറൂണിന് കൊ ടുത്ത പണം. 100/
5) പാലക്കാട്ടുശ്ശേരി വൈദ്യനാഥഭാഗവതരുടെ മകൻെറ കുഞ്ഞിന് അന്നപ്രശ്നം വകയ്ക്ക് ചിലവ് പണം 100 -
6) നീർക്കാപ്പുകാച്ചു അവണവഞ്ചേരി മഹാലിംഗത്തിൻെറ കുഞ്ഞിന് പുറന്നാരം ഉരംപ്പെട്ട ചിലവിന് പണം 500/
7) പാലക്കാട്ടുശ്ശേരി വൈദ്യനാഥ ഭാഗവതർക്ക് ഷഷ്ടി ബ്ദപൂർത്തിയ്ക്ക് ചിലവ്-1400/
8) തെങ്കാശി വെങ്കിടാചല ഭാഗവതർക്ക് അകരം പണി യാൻ ചിലവ്-2100/
9) നടുവിലേ കോവിലകത്ത് കുഞ്ഞുണ്ണി തമ്പാൻെറ കടം വീട്ടുവകയ്ക്ക്-2250/
10) തിരുമുമ്പിൽ പാടിയ തഞ്ചാവൂർ വെങ്കിടകൃഷ്ണ ഭാഗവതർക്ക് ചെല്ലംവകയിൽ നിന്നും കൊടുത്ത 'ശര പ്പൊളി' ഒന്നും, സാൽവാ ഒന്നും നീക്കി രൂപാ 100 ക്ക് 700 പണം.

11) തിരുവട്ടാററു പാനപ്പിള്ള പെൺകുഞ്ഞു പ്രസവിച്ച അവസ്ഥ മൂത്തതമ്പുരാനെ അറിയിച്ച കരമന വൈകുണ്ഠം കുട്ടിക്ക് പട്ടുമുണ്ട്-88¾.

12) മോഹിനി ആട്ടക്കാർ വകയിൽ നട്ടുവൻ ശങ്കരമേനോൻെറ ശമ്പളം തൈമാസം (മകരം) 28-ാം തീയതി മുതൽക്ക് രണ്ടു പേർക്കായിട്ടു പതിച്ചു കൊടുത്തതിന്-

13) ദിവാൻ പേഷ്കാരായിരുന്ന കോഴിക്കോട് ഇട്ടിയപ്പൻ കണ്ടപ്പൻ മരിച്ച (അല്പശി 14-ാം തീയതി) പട്ടും തുപ്പട്ടിയും വാങ്ങിയ വകയ്ക്ക് ചിലവ്-84

14) ദിവാൻ സുബ്ബാരായരെ മാശി (കുംഭം) 15-ാം തീയതി മുതൽ മാററി ടി മാസം 26-ാം തീയതി മുതൽ ദിവാൻ പേഷ്കാർ ശങ്കരായരെ ആക്ടിംഗ് ദിവനായിട്ട് ഒന്നുപാതി ശമ്പളംവച്ച് ആക്കുകയാൽ തീരുവ.

15) ഈ രാജ്യത്ത് ഇരിക്കുന്ന കുടിയാനവന്മാരു, കച്ചവടക്കാരുമുൾപ്പെട്ട ആളുകളുടെ ക്ഷേമത്തിനായിട്ടു ഈ രാജ്യത്ത് തൻനാട്ടിൽ അഴിവുള്ള ചരക്കിനു തീരുവ വാങ്ങിച്ച് വരുന്നത് ഈയാണ്ടുമുതൽ മാപ്പുചെയ്തു കൊടുത്തിരിക്കുന്നു എന്നും അതിർത്തിയും, തുറമുഖവും ഒഴികെ സ്ഥലം ചവുക്ക 52-ം, നിർത്തൽ ചെയ്തിരിക്കുന്ന പ്രകാരവും 1012 ധനു 29-ാം തീയതി കൽപ്പിച്ചു വിളംബരം പ്രസിദ്ധപ്പെടുത്തിയിക്കുന്നതിന്മണ്ണം തൈ 1-ാം തീയതി മുതൽ കുറവുസ്ഥലം ചവുക്ക 52-ൽ പേർ 619 ക്ക് നിർത്തൽ 13162-നീക്കി-

16) അപ്പീൽ ഒന്നാം ജഡ്ജി കൃഷ്ണൻ ഗോവിന്ദന് മാസം 1ക്ക് 4200 പണം വീതം ടിയാർക്ക് തൽക്കാലം ഒന്നുപാതി ശമ്പളം കൊടുത്തു വരവേ ആവണി 20-ാന്ധ-മു ത ൽ ക്ക് സ് ഥി രപ്പെടുത്തിയതനുസരിച്ച് 4200 പണം വീതം തീരുവ.

17) വയ്ക്കംക്ഷേത്രത്തിൽ ശാന്തിക്കാരൻ കുളിക്കുന്ന വടക്കേപെരും കുളത്തിൽ 1011 ആടി 26-ാന്ധ- അസ്തമിച്ച് അഞ്ചൽശേവുകം കണ്ടൻപിള്ള വീണ് കുളവും



ക്ഷേത്രവും അശുദ്ധിവന്ന സംഗതിക്ക് 108 കലശമായിട്ട് ദ്രവ്യാംശം കഴിപ്പാൻ എഴുതി അയച്ചാറെ-988-ൽ ഒരു ചെട്ടിവീണ് ചത്തസമയം തൽക്കാലത്തേയ്ക്ക് 49 കലശമായിട്ട് കഴിഞ്ഞിരിക്കുന്ന പതിവും പ്രകാരം 547¼ പണത്തിനകം ചിലവു ചെയ്ത് നടത്താൻ ഉത്തരവുവന്ന പ്രകാരം കലശം കഴിപ്പിച്ചതിന് ചിലവ്-547¼.

18) ചോളദേശം അയ്യാസ്വാമി ശാസ്ത്രികളഠക്ക് പങ്കുനിമാസം (മീനം) 10-ാം തീയതി ഇനാം കൊടുത്തതിൽ ചിലവുപണം-2100/

19) ഗുരുവായൂർ വെങ്കടേശ്വര ഭാഗവതർക്ക് പട്ടക്കര സോമൻ ഉത്തരീയം, ഉൾപ്പെട്ട വകയ്ക്ക് 736¼

20) കുരുത്തോലകൊണ്ട് തേരുണ്ടാക്കി കൊണ്ടുവന്ന് അടിയറവച്ച തിരിച്ചന്തൂർ കുളച്ചെപിയാൻ അലങ്കാരത്തിന് 420/

21) പൂനാ നാരായണസിംഗിന് 700 പണവും, മതിലകത്ത് എഴുന്നെള്ളുമ്പോഠ കൊട്ടിപാടിയ ഗോസായിമാർക്ക് 504 പണവും ചിലവ്-

22) പങ്കുനിമാസം 22-ാം തീയതി മതിലകത്ത് നടയ്ക്കുവച്ച അനന്തരാമൻ 700000-ക്ക് 1400000/

23) സാരങ്കി വായിക്കുന്ന തിരുവാടുതുറ ഗുരുസ്വാമി ഓതുവാരിടെ മകന് കല്യാണത്തിന് ചിലവുപണം 3500/ ചുവന്നപട്ടുമുഴം 17 ക്ക് 72¼-ആകെ3572¼

24) 1012 ചിത്തിരമാസം 11-ാന്ധ- ചോതി ആട്ടത്തിരുനാളിന് ചന്ദ്രഗ്രഹണം ആകയാൽ ഷൽ ഗുണിതസർവ പ്രായശ്ചിത്തം 1080. ഗോദാനം ഉൾപ്പെട്ട വകയ്ക്ക് ചിലവ്-58455¼

അന്നേ ദിവസം മതിലകത്ത് നടയ്ക്കു വച്ച അനന്തരാമൻ 5000 ക്ക് 10000 പണം.

25) പട്ടാളം വകയ്ക്ക് മദിരാശി ഗവൺമെൻറിൽ നിന്നും

രണ്ടുവലിയതോക്കും (ഭീരങ്കി) ആയതിൻെറ സമാനങ്ങളും വന്നവകയ്ക്ക് റസിഡൻറ് 1837 മേ 31-ാം തീയതി എഴുതിയ കായിതപ്പടി ചിലവ് 21801¾

26) തിരുവനന്തപുരത്ത് പബ്ലിക്ക് ലൈബ്രറി വകയ്ക്ക് സിക്രട്ടറി മിസ്റ്റർ റോബർട്ടിൻെറ വശം ഇനാം കൊടുത്തതാക പണം 7000

27) പുത്തൻ ചന്തയിൽ ഇംഗ്ലീഷ് പള്ളിക്കുടത്തിനോടടുത്ത് അച്ചുകൂടം കെട്ടിക്കുന്നതിന് പുത്തൻചന്ത കല്ലുവെട്ടാൻകുഴി വീട്ടിൽ വിനായകമൂർത്തി മുത്തു മുതൽ പേർക്ക് പണ്ടാരവക പാട്ടവും ഒററിയും പുരയിടം ചിലവുവകയ്ക്ക്-394½.

28) വേനൽക്കാലങ്ങളിൽ ചിലപ്പോരം എഴുന്നെള്ളിയിരിക്കുന്നതിനും, കടവിൽ എഴുന്നെള്ളുന്നതിനും, കരമന ആററുവാരത്ത് ഒരു ബംഗ്ലാവും, കുളപ്പുരയും തീർപ്പിക്കണമെന്ന് കൽപ്പനവന്ന്-ആണ്ടിയിറക്കത്ത് ഇരയിമ്മൻ തമ്പി മുതൽ പേർക്ക് പണ്ടാരദററി പതിഞ്ഞിരിക്കുന്ന കരമനപാലത്തിന് വടക്കുവശത്ത് (നീറമൺകര) നാലു തട്ടുപുരയിടം എടുത്ത് ആ വകയ്ക്ക് ആധാരത്തും പടി അർത്ഥവും നട്ടനടുവലിന് പൊന്നും, വീടു മുതലായതിന് വിലയും കൊടുപ്പിച്ച് കൊള്ളത്തക്കവണ്ണം ഉത്തരവുംപടി 1033½ പണം വിലകണ്ട വകയിൽ കുടിയാനവന്മാർ വയ്പിച്ചിരിക്കുന്ന പുര പൊളിച്ചു കൊണ്ട് പോയവകയ്ക്കും മരങ്ങരം മുറിച്ചവകയ്ക്കും 196½ നീക്കി ചിലവ് 841¾.

29) തിരുമനസ്സുകൊണ്ട് ഇംഗ്ലീഷുപള്ളിക്കൂടത്തിൽ എഴുന്നെള്ളിയതിൻെറ ശേഷം ടി പള്ളിയിൽ പഠിക്കുന്ന പിള്ളരിൽ 4 പിള്ളേർക്ക് 4 മോതിരം തീർത്തു കൊടുത്തതിന്-നിരക്കു കൂലി വച്ചുകൊടുത്ത വിപ്പിട്ട തങ്കക്കാശു 4 ക്ക് കഴഞ്ചു 2½ മഞ്ചാടി ½ക്ക് വില 145/-

30) ഓമല്ലൂർ അനന്തകണ്ടർ സ്വാമിക്ഷേത്രത്തിൽ മേടമാസം ഉത്രംനാരം കൊടിയേറി എട്ടാം ഉത്സവത്തിൽ



പൂജ, സദ്യ, വിളക്ക്, ഉരംപ്പെട്ടഅടിയന്തിരം വാക്കാ-ഇലഞ്ഞിമന്ത്രാ - കുഴിച്ചിലാ-മൂന്നു പണ്ടാരത്തിമാരും മൂവാണ്ടയ്ക്ക് ഒരിക്കൽ വീതം പോലെ കഴിപ്പിച്ചു വരുന്ന പതിവായിരിക്കുമ്പോരം അതിൽ കുഴിച്ചിലിവക ഒക്കെയും 933-ാമാണ്ട് പണ്ടാര വകയിൽ ചേർന്ന നാരം മുതൽ ഈ വകയ്ക്ക് പതിവുള്ള നെല്ലും പണവും പണ്ടാരവകയിൽ നിന്നും ചെലവു ചെയ്ത് വരുന്നപ്രകാരവും 987-ാമാണ്ട് ദേവസ്വം പണ്ടാരവകയിൽ ചേർന്നപ്പോരം ഈ വക ഇനം പതിവിൽ വിട്ടുപോയത് പിന്നീട് എഴുതി ബോധിപ്പിച്ച് ഉത്തരവു വന്നതിന്മണ്ണം ചിലവെഴുതി വരുന്നതും ഈയാണ്ട് എട്ടാം ഉത്സവം ഇഴിച്ചാലം പണ്ടാരത്തിലെ അഹസ്സായിരിക്കുന്നതും ആകയാൽ ഈ വകയ്ക്ക് 1006-ം, 1009-ം, ആണ്ടുകളിലെ കണക്കും പ്രകാരം 75 പറ 5 ഇടങ്ങഴി നെല്ല് 95½ പണവും ചിലവുള്ളത് ചിലവിട്ട് നടത്തണമെന്ന് ചിത്തിരമാസം 3-ാം തീയതി എഴുതിവന്ന ഉത്തരവുംപടി ചിലവു നെൽ 67 പറ 5 ഇടങ്ങഴിയ്ക്ക് 75¾ പണം വകയിൽ 92½-യും വക 2-ൽ ചിലവ്. 168½ പണം.

31) ഹജൂർ ഖജനാശ്രാപ്പുധർമ്മപ്പെരുമാരം പലകൂട്ടം വ്യാജവിത്യാസവും അഴിമതിയും ചെയ്ത സംഗതിക്ക് ചിത്തിര 12-ാം തീയതി മുതൽ മാററിആനി 27-ാന്തു മുതൽ കണക്ക് ദാമോദര നായ്ക്കൻ കൃഷ്ണനായ്ക്കനെ നിയമിക്കാൻ ഉത്തരവ്.

32) ദിവാൻ പേഷ്കാർ ഉദ്യോഗത്തിന് കുംഭകോണം രംഗാരായർക്ക് 600 രൂപ നീട്ടു കൊടുത്തതിന്മണ്ണം ചിലവ്.

33) തഞ്ചാവൂർ മേരുസ്വാമിയുടെ കൂടെ വന്ന നാരായണ ഭാഗവതർ ശമ്പളം ഒഴിവുള്ള 122½-ം, ആനി 20-ാന്തു മുതൽ തഞ്ചാവൂർ വെങ്കട സ്വാമി നായിക്കന് പതിച്ചു കൊടുക്കാൻ ഉത്തരവ്.

34) അമ്പലപ്പുഴ കൊട്ടാരത്തിൽ ഇരിപ്പുള്ള ഗ്രന്ഥപുസ്തകം ഉരു 559ക്ക് അലകയും, ചരടും മാററി ഇടുവിച്ച വകയ്ക്ക്-70½ പണം.

35) കോട്ടാർ-തക്കല-ചിറയിൻകീഴ്-കായങ്കുളം-സ്ഥലം നാലിൽ ഇംഗ്ലീഷുപള്ളിക്കൂടം നാലിനും വാങ്ങിച്ചുകൊടുത്ത ഒന്നാമത്തെ പുസ്തകം 500-ം അച്ചടിച്ചതിനും ആ വകകടലാസിനും, ടി പുസ്തകം തയ്ക്കുന്നതിനും, പൊതിയുന്നതിനും കൂടി ചിലവ്-244¼ പണം, 60 പുസ്തകവും അതു കൂടാതെ 35 പുസ്തകവും കൂടി കെട്ടിയതിന്-2½ ഗ്രാമർ പുസ്തകം 250 ക്ക് 1ക്ക് അണ 6 വീതം-1500

ആകെപുസ്തകം വകയ്ക്ക് ചിലവായപണം-1763¼.

36) തക്കാട്ടു ബംഗ്ലാവിനു സമീപമുള്ള മലവിളക്കുന്നിൽ പരുത്തി കൃഷി ഇടത്തക്കവണ്ണം റസിഡൻട് സായിപ്പ് അവർകൾ ഉത്തരവായതിന്മണ്ണം ടി സ്ഥലം കാടുവെട്ടി കിളച്ച് ശിക്ഷവരുത്തി കശാല മുതലായതു വച്ച് പരുത്തികൃഷി ഇട്ടവകയ്ക്ക് വേലക്കാർ പേർ 1551 ക്ക് ½ അരയ്ക്കാൽ വീതം ചിലവ് 652¼

37) ആയില്യംതിരുനാൾ ആററിങ്ങൽ ഇളയതമ്പുരാൻ (സ്വാതി-ഉത്രം എന്നിവരുടെ സഹോദരി) തിരുമനസ്സുകൊണ്ട് വൈകാശി (ഇടവം) മാസം 8-ാം തീയതി തേവാരത്തു കോയിക്കൽ വച്ച് വിശാഖം തിരുനാൾ ആൺവഴി കൊച്ചു തമ്പുരാനെ തിരുവയർ വാഴ്കയാൽ ചിലവുപഞ്ചസാര തുലാം 43½ ക്കു വില ചിലവ്-696 പണം.

38) ആയില്യം തിരുനാൾ ആററങ്ങൽ ഇളയതമ്പുരാൻആടി മാസം 3-ാം തീയതി തേവാരത്തുകോയിക്കൽ വച്ച് നാടുനീങ്ങുകയാൽ പള്ളിയടക്കിയ വകയ്ക്ക് ചിലവ് ചന്ദനം തുലാം 5ക്ക് 100 പണം, തേയ്പ് ചന്ദനം തുലാം 15ക്ക്, 270 പണം, രാമച്ചം തുലാം 1ക്ക് 11പണം ഇരുവേലി തുലാം 1ക്ക് 1¼. അഷ്ടഗന്ധപ്പൊടി ഇടങ്ങഴിക്ക് 1¾ പണം, പശുവിൻ നെയ്യ് 5 പറയ്ക്ക് 137½ പണം, നെൽ ½ ഇടങ്ങഴിക്ക് ¾പണം, വേമ്പരമ്പ് 21ക്ക് 7പണം, പനനാർവട്ടി 4ക്ക്1പണം, കുടം 30ക്ക് 7½ക്ക് പണം, കിണററുവടം 1ക്ക് 2പണം, പൊച്ചം



ആലപ്പുഴയിലെ വാണിജ്യ പ്രതിനിധിയും, ജ്യോതിഷശാലയുടെ ആദ്യത്തെ ഡയറക്ടറുമായിരുന്ന മിസ്റ്റർ ജെ. കോൾഡക്കോട്ട് (AD 1836)



തിരുവനന്തപുരത്തെ ജ്യോതിഷശാല അഥവാ ഒബ്സർവേറ്ററി (1837)



തിരുവനന്തപുരം നക്ഷത്ര ബംഗ്ലാവിലെ ഉപകരണങ്ങൾ

1. ദൂരദർശിനി (1840) 2. നക്ഷത്രഗതിക്കനുസാരമായ ഘടികാരം SIDE REAL CLOCK 3. മറ്റൊരു ഘടികാരം



മുടി 250ക്ക് 3¾ പണം ,ആനക്കാൽവട്ടി 12ക്ക് ¾പണം, കരിമ്പൊളിവട്ടി 16ക്ക് ¾ പണം, മുറം 2ക്ക് അരയ്ക്കാൽ പണം, വേവട്ടി 16ക്ക് ½ അരയ്ക്കാൽ പണവും പള്ളിയടക്കിയവകപ്പടി ചിലവ്-

39) ആയില്യംതിരുനാൾ ആററിങ്ങൽ ഇളയതമ്പുരാൻ ടി യാണ്ടു നാടുനീങ്ങുകയാൽ പള്ളിയടക്കിയവകയ്ക്ക് ഒന്നാംദിവസം മുതൽ പുണ്യാഹം വരെ ചിലവു വകയ്ക്കും, സർവാണി, പ്രതിഗ്രഹം, ശാസ്ത്രക്കളി, ഉൾപ്പെട്ടതിനും ചിലവു നെൽ 4474 പറ 2¼ ഇടങ്ങഴിക്ക് 7162½പണം,

## ഹജൂർരായസം:- (1012)

തിരുവനന്തപുരത്ത് ഇപ്പോൾ ഉണ്ടാക്കുന്ന ജ്യോതിഷശാല വകയ്ക്ക് ബിലാത്തിയിൻ നിന്നും വരുത്തേണ്ടുന്ന കണ്ണാടി മുതലായ സാമാനങ്ങൾക്ക് ഉദ്ദേശം 27600 കുമ്പിനി രൂപായും, കൊടുപ്പിച്ച് മെസ്തർ കാൽഡിക്കററിന് അസിസ്റ്റൻറായി ചെന്നപട്ടത്തു നിന്നും വരുത്തിയിരിക്കുന്ന അനന്താചാര്യക്ക് അയാൾ വന്നു ചേർന്നനാൾമുതൽക്ക് 150 രൂപാവീതവും, മൂന്നു ശിപായികൾക്ക് 3½ രൂപാ വീതം 10½ രൂപായും രണ്ടുക്ലാസ്സുകാർക്ക് 6 രൂപാ വീതം 12 രൂപായും ഒരു റയിട്ടർക്ക് 20 രൂപയായും, രണ്ടാമനായിട്ട് ഒരു റയിട്ടർക്ക് 15 രൂപായും, ഒരു രായസക്കാറന് 12 രൂപായുംഇതിന്മണ്ണം മാസം 1ന് 224½ രൂപാവീതവും കൊടുപ്പിക്കണമെന്ന് കാൽഡിക്കററ് സായിപ്പിൻെറ ലട്ടർ വന്ന് റസിഡൻറു സായിപ്പ് അവർകൾക്ക് എഴുതി അയച്ചതിന്-കൽപ്പിച്ച് നിശ്ചയിക്കുന്നതു സായിപ്പ് അവർകൾക്കും സമ്മതമെന്ന് മറുപടിവന്നിരിക്കുന്നതിനാൽ അനുവാദം ഉണ്ടാകണമെന്ന് 7524/1012-6-28 ലെ........

## 1013 M. E. *

പറവൂർ തമ്പുരാൻെറ പട്ടോലക്കാരൻ തെയ്ക്കാനത്തു മേനോൻെറ കയ്യിലിരുന്ന ഗ്രന്ഥവരി ചോധന ചെയ്തതിൽ ഇളങ്കുന്നപ്പുഴ ദേവസ്വം എടപെട്ട സംഗതികൾ കണ്ടിരിക്കുന്ന വിവരത്തിന് എടുത്തെഴുതിയ അറിവ്:

### 1013-ാമാണ്ട് കന്നിമാസം

1-ാമത്. പറവൂർ സ്വരൂപത്തുംകൽ തിരുമാടമ്പു മുതലായ അടിയന്ത്രങ്ങൾക്ക് എളങ്കുന്നപ്പുഴ കോയിമ്മ രണ്ടുംകൂടി 32 പണവും, വിളക്കാട് പടനായർ-64 പണവും വച്ചുകാണണ മെന്ന് എഴുതിയിരിക്കുന്നു.

2-ാമത്:- പറവൂർ സ്വരൂപത്തുങ്കൽ നിന്നുംനെടുങ്ങാട്ടുദേശത്തേക്ക് കാര്യക്കാററെ ആക്കിയിരിക്കുന്ന പ്രകാരം കണ്ടിരിക്കുന്നു.

3-ാമത്:- പറവൂർ തമ്പുരാൻ മുടിഞ്ഞരുളിയാൽ ശർക്കരത്തട്ടു വയ്ക്കേണ്ടുന്നതിൽ ഇളങ്കുന്നപ്പുഴ അധികാരികളും മന്നത്തു മൂത്തതും കൂടെവന്ന് മൂത്തത് ശർക്കര തട്ടുവയ്ക്കണമെന്ന് കണ്ടിരിക്കുന്നു.

4-ാമത്:- പറവൂർ സ്വരൂപത്തിങ്കൽ തിരുവന്തളിക്ക് ഇളങ്കുന്നപ്പുഴ മൂത്തതിന്മാരു നാലപേരുംകൂടിവന്ന്മന്ദത്തു മൂത്തതു ശർക്കരത്തട്ടുവയ്ക്കണമെന്ന് കണ്ടിരിക്കുന്നു.

5-ാമത്:- ഓഹരിക്കാററെ അയക്കുമ്പോൾ നെടുങ്കാട്ടുവരെയ്ക്കാപ്പിള്ളി മേനോനു നാലുപണം കൊടുത്തയക്കണമെന്നുംഎഴുതിയിരിക്കുന്നു.

6-ാമത്:- പറവൂർ സ്വരൂപത്തിങ്കൽ നിന്നും പെരും പുടവയും കൊടുക്കേണ്ടത് ഓച്ചം തുരുത്തിൽ പതിസ്ഥാനത്തിനു പുല്ലംപിലായി കയ്മളായിട്ടു 500 പണവും അടുക്കുവത് ഏൽപ്പിച്ച് മേപ്പുടവയും കൊടുത്ത് പുല്ലംപിലായി കയ്മളെന്ന് പേരു കൊടുത്തയയ്ക്കണമെന്ന് പുളിയേഴത്തു മൂത്തേടമായി കല്പിക്കുമ്പോൾ 500 പണവും. അടുക്കുവതു ഏൽപ്പിച്ച് മേപ്പുടവയുംകൊടുത്ത് പുളിയേഴത്തു മൂത്തേടമെന്ന് പേരുകൊടുത്തയക്കണമെന്ന് എഴുതിയിരിക്കുന്നു.



7-ാമത്:- വിളാവേലി കയ്മകൾ പുരുഷാന്തരത്തിൽ തൊഴുവാൻ വരുമ്പോൾ ശർക്കരത്തട്ടും. പഴക്കുലയും വച്ച് 240 പണം അടുക്കുവതു ഏൾപ്പിച്ച് മേപ്പുടവ കൊടുത്തു വിളാവേലി കയ്മളെന്നു അരുളി ചെയ്യണമെന്ന് ഇളങ്കുന്നപ്പുഴ തണ്ടേററവും സ്ഥാനങ്ങളും ഇങ്ങുന്നു കൊടുത്തതെന്നും കണ്ടിരിക്കുന്നു.

8-ാമത്:- വെടുങ്ങോട്ടെ പതിസ്ഥാനത്തിനു അന്നന്നു കൽപ്പിച്ചയയ്ക്കണമെന്നും തറവാട്ടു വ്യവസ്ഥ ഇല്ലെന്നും 720 പണവും അടുക്കുവതും ഏൾപ്പിച്ച് ഏഴുശ്ശേരി പടനായരെന്നു പേരും. മേൽപ്പുടവയും കൊടുക്കണമെന്നും വളങ്ങോട്ടു കയ്മളായിട്ടു അയയ്ക്കുമ്പോൾ 720 പണം അടുക്കുവതും ഒപ്പിച്ച് മേൽപുടവയും കൊടുത്ത് പഴങ്ങാട്ടുകയ്മളെന്നു അരുളി ചെയ്യയ്ക്കണമെന്നും ഏഴശ്ശേരി പടനായരെ മററുള്ളവരു ഏഴിക്കര കയ്മളെന്നു പറയണമെന്നും കണ്ടിരിക്കുന്നു. ഇപ്രകാരം ഒക്കെയും ഗ്രന്ഥത്തിൽ എഴുതി കണ്ടിരിക്കുന്നു.

## ഹജൂർ തിരട്ടുകൾ 26

കൊ: വ: 1013. *

1) ചോതിതിരുമനസ്സിലേയ്ക്കുവേണ്ടി കൊട്ടാരത്തിൽ വച്ച് കല്ലൂർനമ്പൂതിരിപ്പാടിനെക്കൊണ്ട് 1012 ആടി 17-ാം തീയതി മുതൽ 1013 ആവണി 25-ാനു- വാരാനാം 41ക്ക്-തളത്തിൽ പത്മം ഇട്ട്നടുവിൽ വിളക്ക്, 1-ം, ചുററിലും വിളക്ക് 12-ം, ആകെ വെള്ളി വിളക്ക് 13-ം, വച്ച് നല്ലെണ്ണഒഴിച്ച് നൂൽത്തിരിയും ഇട്ട് പൂജയ്ക്ക് തൃകാലപൂജ കഴിപ്പിച്ച വകയ്ക്ക് തന്ത്രിയ്ക്ക് ദക്ഷിണ ഉരംപ്പെട്ട വകയ്ക്ക് $7452\frac{1}{4}$ പണം.

2) മതിലകത്ത്വിശേഷാലായികഴിപ്പിച്ചുവരുന്ന 12തുലാപ്പായസം, ഒററയട, അവൽ, പാനകം, മുതലായ വഴിപാടുകരംക്കും, വിശേഷാൽ ദിവസങ്ങളിൽ സ്വാമിയെ എഴുന്നെള്ളിപ്പാനും, 1005 തുലാംവരേയും ജപം ദക്ഷിണവകയിൽ നിന്നും ദക്ഷിണ മുതലായതു കൊടുത്തതുപോകെ ആയാണ്ടു വൃശ്ചികം മുതൽ 1012 ആടി വരെ ചെല്ലുവാനുള്ള പണം കൊടുപ്പാനുള്ളതെന്ന് ബോധിപ്പിച്ച് തിട്ടം വരുത്തിയതിൽ-ആണ്ട് 7, മാസം 9 ക്ക് 54829 പണം ചെല്ലുവാനുള്ളത് കൊടുത്ത് ചെലവെഴുതാനും 1013-ാമാണ്ടുമുതൽ ആണ്ട് 1ക്ക് 2555 പണം പതിവിൽ കൂട്ടാനും നീട്ടുവന്ന് ചിലവെഴുതിയതാക 54829 പണം.

3) പത്മനാഭപുരത്ത് വടക്കേകോട്ട വാതലിൻെറ സമീപത്ത് ഇരുന്ന മരുന്നുപ്പുര (വെടിമരുന്ന് സൂക്ഷിക്കുന്ന സ്ഥലം) പൊളിച്ച് ഓടും ഇറക്കി ഉത്തരം, കഴുക്കോൽ, തൂൺപടി മുതലായതു പൊളിച്ചവകയിൽ 25 ഉത്തരവും, 14 ചതുരക്കാലും, 59 പലകയും, വണ്ടിയിൽ കയററി തിരുവനന്തപുരത്ത് അയച്ചതിനുശേഷം ഉരുപ്പടി അടുക്കിയതിന് ചിലവ് 565/

4) ഇരിങ്ങാലക്കുട ദേവസ്വം കൂത്തമ്പലം പണിക്ക് കൊടുത്ത തേക്കുതടി 37-ക്ക് കണ്ടി $199\frac{3}{4}$-വിരൽ $124\frac{1}{2}$- എന്നിവയ്ക്കു ചിലവിനായിട്ട് 10000 വക 2-ൽ ചിലവ്. $23002\frac{3}{4}$.



5) ദേവസ്വം ഉത്തരവു മുതലായവ മുദ്രയിടുന്നതിന് വെള്ളികൊണ്ട് തീർപ്പിച്ച മുദ്രയ്ക്ക് കൂലി ഉരംപ്പെടെ $10\frac{3}{4}$.

6) ആലുവാ പാർക്കുന്ന മിസ്റ്റർ 'ജോൺ പന്തളോസ്' എന്നവരയുടെ അടുക്കൽ കൈവിലയ്ക്ക് വാങ്ങിച്ച കാപ്പിവിത്ത് 60 പറയ്ക്ക്-പറ 1ക്ക് വില 2 രൂപാവീതം 120 രൂപാ പണംവകയിൽ ചിലവ്-840.

7) കൊട്ടാരത്തിലുള്ള വെള്ള ശികളത്തിന് വെള്ളത്തുടൽ തീർപ്പിച്ചതിന് $167\frac{3}{4}$ പണം.

8) വാസുദേവരായർ മുഖാന്തരം വരുത്തി കൊട്ടാരത്തിൽ ഏൽപ്പിച്ച മേനാ 2-ക്ക് 5102 പണം.

9) തമ്പുരു വാദ്യങ്ങരംക്ക് വാങ്ങിച്ച ഉരുക്കുതന്തി-രൂപായിട, 257ക്ക് വില-113.

10) ചിത്രങ്ങരം നോക്കുന്ന സ്പടിക വിളക്ക് 1 ക്ക് 1888/
ഭൂമിയിലുള്ള വിളവുകൂട്ടം കെട്ട് 1ക്ക് $3562\frac{1}{4}$
തുലക്കണ്ണാടി 1ക്ക് $1567\frac{1}{4}$.
വായുസൂത്രം, കടച്ചിൽസൂത്രം, പെർപ്പുസൂത്രം, വക 3ക്ക് ചിലവ് $20306\frac{1}{4}$

ആകാശഗോളവും. ഭൂഗോളവും, കടുദാസ്, മണി, ഉരംപ്പെട്ട വകയ്ക്ക് $10687\frac{1}{2}$.

11) തിരുമനസ്സിലെ രൂപം എഴുതിയപടം ചെന്നപട്ടണത്തു നിന്നും തിരുവനന്തപുരത്തു കൊണ്ടുവന്നതിനു കൂലി ചിലവ്-91

12) വർക്കലെ ക്ഷേത്രത്തിൽ ആവണി 25-ാനു- ബിംബം ഇളക്കി പ്രതിഷ്ഠിച്ച് 25-ാനു- അഷ്ടബന്ധവും ചാർത്തി 28-ാനു- സഹസ്രകലശവും, നവീകരണ കലശമായിട്ടു ആടിയരുളിയ വകയ്ക്ക് $10574\frac{3}{4}$.

13) പാലക്കാട്ടുശ്ശേരി പരമേശ്വരഭാഗവതർക്ക് കടംവീട്ടു

വകയ്ക്ക് ആവണി 27-ാനു- ചിലവ്-2450/.

14) പാലക്കാട്ടുശ്ശേരി വൈദ്യനാഥഭാഗവതർക്ക് അകരം പണിക്ക്-1050/

,, മോഹിനിയാട്ടത്തിൽ കച്ചകെട്ടിപാർക്കുന്ന പരവൂർ ലക്ഷ്മിയ്ക്ക് വീട്ടുപണിയ്ക്ക് 350 രൂപാ.

,, പള്ളിവായന ഹരിപ്പാട്ടുകൊച്ചുപിള്ള വാര്യർക്ക് കടം വീട്ടാൻ 2100 പണം. തിരുവട്ടാററമ്മവകയ്ക്ക് ''വെററില എടുപ്പ്'' പാച്ചല്ലൂർ രാമൻപിള്ളയ്ക്ക് 450 പണം.

,, നാടകശാല ഭൂതപ്പാണ്ടി മുത്തുസ്വാമി ഭാഗവതർ മരിച്ചതിന് 219½

,, വീണ കരമന രാമസ്വാമി ഭാഗവതർ മരിച്ചതിന്-200/

,, കൊച്ചുതമ്പുരാക്കന്മാരെ പള്ളിവായന വായിപ്പിക്കുന്ന ഒററൂർ രാമവാര്യരുടെ ജേഷ്ടൻ ശങ്കരനാരായണ വാര്യർ മരിച്ചതിന് ചിലവ്-1033 പണം.

,, മണിമേസ്തിരി അന്തോണി കൃസ്ത്യൻെറ മകളെ കെട്ടിക്കുന്ന വകയ്ക്ക്-2100/

,, പന്തളത്ത് 4 പെൺവഴി കൊച്ചുതമ്പുരാക്കന്മാർക്ക് പള്ളികെട്ടിന് ചിലവായ പണം-7000/-

,, ദിവാനുദ്യോഗമായിരുന്ന സുബ്ബാരായരുടെ മകൻ തുളസാരാമരായർക്ക് ഇനാം 3500/ പണം.

,, ആററങ്ങൽ മൂത്തതമ്പുരാൻെറ തൃക്കയ്യിൽ ചാർത്തിയിരുന്ന തിരുവാഴി കളഞ്ഞതിനെ എടുത്ത് ഏൽപിച്ച പാച്ചല്ലൂർ മാതേവൻ പിള്ളയ്ക്ക് ഇനാം 100 പണം.

,, ടി പാനപ്പിള്ള പാർവതി നാരായണിപിള്ളയുടെ മകൻ ശ്രീപത്മനാഭൻതമ്പിക്ക് പുരുട്ടാശിമാസം ചിത്തിര നക്ഷത്രം പുറന്നാളിന് 172½

,, തിരുവട്ടാററ് പാനപ്പിള്ള നാരായണിയുടെ മകറം കുഞ്ഞു 1013 ആവണി 21-ാനു- ലക്ഷ്മിവിലാസത്തുവച്ച് മരിച്ചു പോവുകയാൽ എടുത്തുകൊണ്ടു പോകുന്ന



മേനാവിൽ വിരിപ്പാൻ കൊടുത്ത തുപ്പട്ടി 1ക്ക് 9½. തിരുമുമ്പിൽ വന്ന് ദേശവർത്തമാനം അറിയിച്ച ഹൈദ്രാബാദ് രാജ്യത്ത് ഗോസായി ഫക്കീർ സിംഗിന് പൂരുട്ടാതി 2-ാനു- നൽകിയത്-700

15) ഇങ്കിരീസു പള്ളിക്കൂടം വകയ്ക്ക് പുസ്തകം വാങ്ങിച്ചതിന് 1087.

,, കാപ്പികൃഷിയെപ്പററി ''ചട്ടം'' അച്ചടിപ്പിക്കുന്ന വകയ്ക്ക് കോട്ടയം സിമനാരിയ്ക്ക് (6008 എണ്ണം) ചിലവ്-1121¾

,, സർക്കാർ അച്ചുക്കൂടം വകയ്ക്ക് കോട്ടയത്തു സിമനാരിവകയിൽ നിന്നും ഇങ്കിരീസും, മലയാളവും, അച്ചു മുതലായതു വാങ്ങിച്ചതിന് വിലയിൽ ചിലവായത്.-5258½

വക 3-ൽ മിഷ്യൻ വ ക യ ് ക്ക ് കൊടുത്ത ചിലവ്-8367¼ പണം.

16) ദിവാനുദ്യോഗമായിരുന്ന സുബ്ബാരായർക്ക് ഈ രാജ്യത്തു വന്നതിൻെറ ശേഷം തിരുമനസ്സിലേയ്ക്ക് ഇങ്കിരീസു മുതലായ വിദ്യ അഭ്യാസങ്ങളും ചെയ്യിച്ച് കൊടുത്ത്-പിന്നത്തതിൽ ഉദ്യോഗം വിചാരിച്ച് വരുമ്പോറം ശരീരത്തിൻെറ അശക്തികൊണ്ട് ഉദ്യോഗം വേണ്ടാ എന്നും, തിരുമനസ്സറിയിച്ചതിൻെറ ശേഷം മാററിപാർപ്പിച്ചിരിക്കുന്നതും സുബ്ബാരായർക്കും മകനും കൂടി മുമ്പിൽ മാസം ഒന്നിന് 450 രൂപാവീതം ശമ്പളം വച്ചു കൊടുത്ത് പിന്നത്തതിൽ ഒന്നുപാതി 225 രൂപാ അടുത്തൂൺപതിച്ച് സുബ്ബാരായരുടെ നേരത്തോളവും കൊടുക്കത്തക്കവണ്ണം കൽപ്പിച്ച് തുലാമാസം 3-ാനു- നീട്ടു എഴുതിവന്ന് അപ്രകാരം എഴുതിയ ഉത്തരവുംപടി കൂടുതൽ. ദിവാനുദ്യോഗമായിരുന്ന സുബ്ബാരായർക്ക് ടിയിൽനിന്നും മാസം 1 ക്ക് 1750 വീതം അൽപശി മാസം 3-ാംനു- മുതൽ ആടിമാസം വരെ മാസം 9 നാറം 28 ക്ക് തീരുവപ്പടി ചിലവ്-17383¼

17) പണ്ടാരവകയ്ക്കു വരുന്ന അക്ഷര അച്ചുകളുടെ വേല പരിചയം വരുത്തുന്നതിനായിട്ട് 4 പേരെ മൂന്നുരൂപാ വീതം ശമ്പളം വച്ചുആക്കി അവർക്ക് കാർത്തികമാസം വരെ (തഞ്ചിലവിൽ) ചിലവ്.

18) കപ്പിത്താൻ റൂമിയാൻ എന്നവൻ മെക്കയിൽ നിന്നും കപ്പലിൽ ആലപ്പുഴ തുറമുഖത്തു കൊണ്ടുവന്ന സിംഹത്തിന് ഒരു വർഷത്തെ തീററിവകയ്ക്ക് ചിലവ്-6157¼

തിരുവനന്തപുരത്ത് പേ-നായ് പട്ടികളെ അടിച്ചു കൊന്ന വകയ്ക്ക് 527/

19) മേരുസ്വാമികൾ അടിയറവച്ചതാക കാർത്തികമാസം 21-ാനു- മുതൽ കൂടുതൽ കുതിര-1

20) ഹെഡ് അച്ചടിക്കാരനായി 42 രൂപാ ശമ്പളം വച്ച് ചെന്നപട്ടണത്ത് ''മാർക്കോസ് അന്തോണി സാൽസുബെറി'' എന്ന ആളിനെ മാശി 16-ാനു- മുതൽ ആക്കി ടിയാന്റെ വഴിച്ചിലവിന് 53 രൂ. 14 അണ.

21) അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രത്തിൽ 12 വർഷത്തിലൊരിക്കൽ പള്ളിപ്പാനയും, ദ്രവ്യകലശവും, കഴിപ്പിച്ച് വരുന്ന പതിവിന്മണ്ണം 991-മാണ്ട് നടത്തിയതിൽപ്പിന്നെ നടത്താത്തതുകൊണ്ട് ഉത്തരവുംപ്രകാരം വൈകാശി 15-ാം തീയതി മുതൽ 20-ാനു- വരെ കഴിച്ചതിന് ചിലവ് 2011-

22) കവളപ്പാറ പുൽപ്പാ കൊണ്ടുവന്ന് അടിയറവച്ച കോഴിക്കോട്ടു രാജ്യത്തു വള്ളാട്ടുകര ചെവ്വൂർ നമ്പൂതിരിപ്പാടിന് ഇനാം 717/-

,, തിരുമുമ്പിൽ ഗോസായി വേഷം കെട്ടിയ താനാട്ട് നമ്പൂതിരിയ്ക്ക് 523½

,, തിരുമുമ്പിൽവച്ച് വ്യാകരണം മുതലായ ശാസ്ത്രം പ്രബന്ധം ചെയ്ത ചോളദേശം വീശേശശര ശാസ്ത്രികൾക്ക് ഇനാം മാശി 2-ാനു- 3500/-



23) കൽപിച്ചുണ്ടാക്കിയ കുചേലോപാഖ്യാനം തിരുമുമ്പിൽ വച്ച് പ്രബന്ധം ചെയ്ത മേരുസ്വാമി ഗോസായിക്ക് ഇനാം വകയ്ക്ക് തൈമാസം 28-ാനു- കൈവഴി ചെല്ലം വകയിൽ നിന്നും കൊടുത്ത വീരചങ്ങല 2-ം, ശരപ്പൊളി 1-ം. സാൽവ 2-ം നീക്കി ചിലവ് 3500/-

24) വീണവായിച്ച ചോളപുരം രഘുനാഥരായർക്ക് ചിത്തിര 24-ാനു- 1400/ പണം.

,, തിരുമുമ്പിൽ വച്ച് ഹിന്ദുസ്ഥാനി പാടിയ കുളത്തൂർ കാളിപ്പിള്ളയ്ക്ക്. ആനിമാസം 14-ാനു- കൊടുത്ത ഇനാം. 300/

,, തിരുമുമ്പിൽ കുടംതട്ടി പാടിയ തൃശ്ശിനാപ്പള്ളി നദ്രാസാവും-നത്തുമീസാവും 2ക്ക് 700/

25) കോത്തുലായം വകയ്ക്ക്-കച്ചവടക്കാര്യം മേപ്പിയർധാരശീമയിൽ നിന്നും വരുത്തി കൊടുത്തയച്ച വെള്ളക്കടുവയെ കൂട്ടിൽ അടച്ചുകൊണ്ടുവന്ന ശിപായി ബഡേക്കാന് 35-ം, പയ്യൻ കപ്പൽക്കാറൻ തീയൻ രാമൻ 70-ം, ആകെ 105 രൂപാ ചിലവ്.

26) തിരുമുമ്പിൽ ചെപ്പടിവിദ്യ കളിച്ച ശീനത്തു ചട്ടക്കാറൻ അംശുവിന് ഇനാം-1500/

27) പേട്ടയിൽ ചട്ടക്കാരൻ ലറോവാ-പനയോല കൊണ്ട് ഒരു കുടകെട്ടി കൊണ്ടു വന്ന് അടിയറ വച്ചതിന് ഇനാം 70 പണം.

28) ദിവാൻ ഉദ്യോഗത്തിന് കുംഭകോണം രായ-രായ-ഗുണ്ടോപണ്ഡിതർ വെങ്കിട്ടരായർക്ക് ചിത്തിര 19-ാനു- കൽപിച്ച് നീട്ടും മുദ്രയും പല്ലക്കും കൊടുക്കയാൽ തെക്കേത്തെരുവു മാളികയ്ക്കു താഴെ വച്ച് സർവാണി 5120-ക്ക് 5120¼ പണം.

29) തഞ്ചാവൂർ നാട്യത്തിൽ 2-ാം നട്ടുവൻ സുബ്ബരായന്റെ മകൻ ജനാർദ്ദനൻ തിരിച്ചന്തൂർക്ക് കാവടി കെട്ടി കൊണ്ട് പോകുന്ന വകയ്ക്ക് ചിലവ് 200/

30) തിരുവട്ടാററ്പാനപ്പിള്ള പാർവതി നാരായണിയ്ക്ക് ആഭരണം വാങ്ങിക്കുന്ന വകയ്ക്ക്-4240/

,, ആനയറ കരിയിൽ വീടും പുരയിടവും വാങ്ങിക്കുന്ന വകയ്ക്ക് പുരുട്ടാശി 16-ാന്തു- കൊടുത്ത ചിലവ്-5460/

ആകെ പലവക ചി ല വി ൽ ടി പാ ന പ്പിള്ളയ്ക്ക് 17671$\frac{3}{8}$

31) പാലക്കാട്ടുപരമേശ്വര ഭാഗവതരുടെ ജേഷ്ഠൻ നാരായണഭാഗവതർക്ക് 700/

32) മണിസൂത്രം അന്തോണികൃസ്തന് മാസം 1ക്ക് 650 പണം വീതം ഉള്ളത് ടിയാൻ ആനി 28-ാന്തു- കഴിഞ്ഞു പോകയാൽ മകൻ ജോൺകൃസ്ത്യന് ആടി 15-ാന്തു-മുതൽ കൊടുക്കാൻ ഉത്തരവ്,

,, ആടി 18-ാന്തു- മതിലകത്ത് കൽപിച്ച് നടയ്ക്കുവച്ച മൊഹർ 57 ക്ക് 123$\frac{3}{4}$ വിലയ്ക്ക് 7053$\frac{3}{4}$.

(1 മൊഹർ = 15 രൂപായ്ക്കു തുല്യം)

33) ഇരണിയൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ നീയ്ക്കമ്പിന്റെ ദീനം (വയറിളക്കം-ഛർദ്ദിൽ-തുടർന്നുള്ള മരണം) അധികമായി ഉണ്ടായതു കൊണ്ട് ശാന്തം വരുത്തുന്നതുവരേയും മണ്ടയ്ക്കാട് അമ്മന്, കീഴ്മര്യാദപോലെ പ്രധാനമായിട്ടുള്ള വഴിപാടുകൾ കഴിപ്പിച്ച് കൊള്ളത്തക്കവണ്ണംകാർത്തിക 10-ാന്തു-യും, ആടി 12-ാന്തു-യും ഉത്തരവു വന്ന് ടിയാണ്ട് കാർത്തികമാസം 18-ാന്തു-മുതൽ ചിത്തിര 28-ാന്തു- വരേയും, ആടി 15-ാന്തു- മുതൽ 31-ാന്തു- വരേയും നെയ്യോടു പായസവും, പിട്ടമൃതും, വടനിവേദ്യവും, നീരാജ്ഞനവും, വാടാവിളക്കും, മുതലായതും വെള്ളിയാഴ്ചനാൾ തിരളിയും, അപ്പവും, ചൊവ്വാഴ്ചനാൾ മുത്തുരുണ്ട മുതലായതു വഴിപാടുകൾ കഴിപ്പിച്ചതിന് 2671$\frac{1}{2}$ പണം,

34) തിരുനക്കര ക്ഷേത്രത്തിൽ വൃഷഭത്തിന്റെ ഉപ്പൂററിയിൽ കൂടി ടി യാണ്ടു പു ര ു ട്ടാ ശിമാസം 14-ന്തു-



ചോരയും ചലവും കണ്ട സംഗതിക്ക് കീഴിലെ പതിവും പ്രകാരവും കൽപന പ്രകാരവും ക്ഷീരധാരയും രുദ്രാഭിഷേകവും, വാരസദ്യയും, ചുററുവിളക്കും, ചിറപ്പും കഴിപ്പിച്ച വകയ്ക്ക് തീരുവപ്പടി ചിലവ് നെൽ 193 പറ 9$\frac{1}{4}$ ഇടങ്ങഴിക്ക് വിലത്തരം 206 പണം.

35) റസിഡൻറു സായിപ്പു മുഖാന്തിരത്തിൽ ബോംബെയിൽ നിന്നും പട്ടുനൂൽ ഉണ്ടാക്കുന്നപുഴുക്കളെ തീററുവാൻ കൊച്ചിയിൽ വരുത്തിയതിൽ ''മൾബറി'' എന്ന തയ്യിൽ-അഞ്ചുതൈ-ആലുവാ വച്ച് ഉണ്ടാക്കുന്ന വകയ്ക്ക് തൈ 5ക്ക് വില രൂപാ 7$\frac{1}{2}$.

36) വിശാഖം തിരുനാൾ കൊച്ചുതമ്പുരാന് ചോറൂണമൃതത്തു ദിവസം അരഞ്ഞാണം, തണ്ട മുതലായതിനു ചിലവുപണം.

## ''അറിയിപ്പ്''

ന: 13120-ാമത് ജമാബന്തി

[വലിയതുറ നെൽ ഇറക്കു വിചാരിപ്പിന് ആക്കിയിരിക്കുന്ന ശ്രീവരാഹത്തു ഇരമത്തു കുഞ്ചുവീട്ടിൽ കണക്കു മാതേവൻ മാതേവന് ചിലവസ്തുക്കൾ യാമ്മ്യം സ്ഥിരപ്പെടുത്തുന്നതിൽ ആർക്കെങ്കിലും ആവലാധി ഉണ്ടെങ്കിൽ 25 ദിവസത്തിനകം ബോധിപ്പാൻ പരസ്യം. 1014-ാമാണ്ട് ആടി മാസം 13-ാന്തു- ദിവാൻ വെങ്കിട്ടരായർ.]

**1014 M. E. ***

നമ്പർ 280

രായസം
1014-6-26

## തിരുവട്ടാർഅമ്മവീട്

നീട്ട്

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. തിരുവട്ടാററുപാനപ്പിള്ള അയിക്കുട്ടി നാരായണി പിള്ളയുടെ വകയ്ക്ക് തീർപ്പിച്ചിരിക്കുന്ന പെരുന്താന്നി വീട്ടിനു വടക്കേവശത്ത് ഇരിക്കുന്ന മേടയ്ക്കു പടിഞ്ഞാറെ വശം മുതൽ കൂപക്കര മഠത്തു നടവരേയും, കിഴക്കേ വശത്തു ഇടവഴിയ്ക്കും കിഴക്ക് വടക്കേത്തെരുവു മുതൽ തെക്കേ കുളപ്പുരവരേയും, പുത്തനായി മതിലുകെട്ടുന്നതിനും, ഇപ്പോൾ തെങ്ങും കൂട്ടായിരിക്കുന്ന മാപ്പള്ളി പൊളിപ്പിച്ച് മരപ്പണിയായിട്ട് തീർക്കുന്നതിനും പൊളിക്കുന്ന മാപ്പള്ളിയ്ക്കും തെക്കുവശത്ത് മേനാച്ചാവടി തീർപ്പിക്കുന്നതിനും സർവാധികാര്യം ഇരവിപിള്ളയുടെ എഴുത്തു ചെന്നിരിക്കുന്നതിന്മണ്ണം ആ വകവേലകൾ തീർപ്പിക്കുന്ന വകയ്ക്ക് അടങ്കൽ കാണിച്ചാറെ 77929 പണം ചിലവു വേണ്ടുന്നതിന് അടങ്കൽ കണ്ടെഴുതിയ വര്യോലയും തിരുവനന്തപുരം മരാമത്ത് തഹശീൽദാരൻ 1013-ാമാണ്ട് ആടിമാസം 24-ാനു എഴുതിയ സാധനവും വരികകൊണ്ട് ആ വകപണം കൊടുക്കുന്നതിനു നിദാനം വരേണ്ടുന്ന അവസ്ഥ കൊണ്ടല്ലോ എഴുതിവന്നതിലാകുന്നു. അതിന്മണ്ണം മേലെഴുതിയ വകയ്ക്ക് 77929 പണം കൊടുക്കേണ്ടുന്നതിന് ഹജൂർഖജനാ ശ്രാപ്പു കൃഷ്ണനായ്ക്കന്റെ പേർക്ക് എഴുതിയിട്ടുള്ള നിനവു ഇതിനോടുകൂടെ കൊടുത്തയച്ചിരിക്കകൊണ്ട് അപ്രകാരം പണവും കൊടുപ്പിച്ച് മതിലു മുതലായ വേലകൾ വേഗത്തിൽ തീർപ്പിച്ചു കൊള്ളത്തക്കവണ്ണം ചട്ടംകെട്ടി കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1014-ാമാണ്ട് മകരമാസം 26 നു ദിവാൻ രായ-രായ-രായ വെങ്കിട്ട രായർക്ക് നീട്ടു എഴുതി വിടൂ എന്നു തിരുവുള്ളമായനീട്ട്.

(തുല്യം ചാർത്ത്)

---



## പുതുമന അമ്മവീട്ടിൽ കാളി ലക്ഷ്മി പിള്ളയുടെ പരാതി

നമ്പർ. 80

രായസം

നീട്ട്

1014-2.7

കൊടുത്തൂട്ട സാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു, പുതുമന പാനപ്പിള്ള ലക്ഷ്മി മുതൽപേർ രണ്ടുപേർക്കായിട്ടു തിരുവനന്തപുരം മണ്ഡപത്തും വാതുക്കൽ നിന്നും മാസം ഒന്നിന് 600 പണം അടുത്തൂണും, കണ്ടുകൃഷി വകയിൽ അരികോപ്പു മുതലായ അനുഭവങ്ങളും പതിവുവച്ചു കൊടുത്ത് വന്നത് വാങ്ങിച്ച് ചിലവു കഴിച്ച് വരുമ്പോൾ- സംഗതി കൂടാതെ കണ്ടുകൃഷി വകയിലുള്ള അരിയും കോപ്പും നിറുത്തുകയും, പാനപ്പിള്ള കാളിലക്ഷ്മിയുടെ തള്ള കഴിഞ്ഞു പോയതിനാൽ അവർക്ക് 300പണം വച്ചിരുന്നത് പേരുമാറി പതിപ്പിച്ച് കൊടുക്കാതെ ആ വകയിൽ 150 പണം വീതം 1010-ാമാണ്ടു മുതൽക്ക് കുറയ്ക്കയും ചെയ്തിരിക്കുന്ന കാരണത്താൽ പാനപ്പിള്ള കാളിലക്ഷ്മി മുതൽ പേർക്കും, അല്ലാതെ എട്ടുപത്തു പരാധീനമുള്ളവർക്കും ചിലവിനു തികയാതെ വളരെ ബുദ്ധിമുട്ടായിട്ടു തീർന്നിരിക്കുന്നു എന്ന്ഇവിടെ ബോധിപ്പിച്ചതിന്റെ ശേഷം-ഇവരിടെ വകയ്ക്ക് മുമ്പിൽ കൊടുത്തു വന്നതിന്മണ്ണം ഒള്ള അരിയും കോപ്പും അടുത്തൂൺ വകയിൽ 150 പണം മാർത്താണ്ഡൻ തമ്പി മുതലായിട്ടു രണ്ടുപേർക്ക് പതിച്ചതുനീക്കി 150 പണം 1010-ാമാണ്ട് കുറച്ചിരിക്കുന്നതു കൂട്ടി ഇപ്പോൾ തീരുവ എഴുതി അതിൽ മാർത്താണ്ഡൻതമ്പിയ്ക്ക് 50 പണം കൂട്ടിയും, ശേഷം നൂറുപണം ഉള്ളതിൽ 50 പണം തമ്പി നാരായണൻ കുമാരന്റെ പേർക്കും, 30 പണം തമ്പി പത്മനാഭൻ ഇരവിയ്ക്കും, 20 പണം തമ്പിപത്മനാഭൻ വേലായുധന്റെ പേർക്കും ഇപ്രകാരം 4 പേർക്കായിട്ട് പതിച്ച് കൊടുപ്പിച്ചു കൊള്ളത്തക്കവണ്ണം നാം പറഞ്ഞ സംഗതിക്ക് സർവാധികാര്യം ഇരവിപ്പിള്ള 1013-ാമാണ്ട് ഇടവമാസം

2-ാനു- പാനപ്പിള്ള കാളി കാളിമുതൽപേര് രണ്ടിനും ആവകയിൻ തമ്പിമാരുപേര് ആറിനും കൂടെ നാരം ഒന്നിന് 1¾, 2¼, 5½, അരിയും കാകറി കോപ്പുകരംക്ക് മാസം ഒന്നിന് 279¼ പണവും വൈകാശിമാസം 29-ാനു- മുതൽക്ക് കൊടുപ്പിക്കുന്നതിന് ഇരവിപ്പിള്ളയുടെ എഴുത്തുചെന്ന് അരിപ്പുരയിൽ നിന്നും അരികൊടുപ്പിച്ച് വരുന്നതിനാൽ പണത്തിന് വീലെഴുതി (ബില്ലെഴുതി) കൊടുക്കുന്നതിന് വര്യോല കൊടുത്തയക്കുന്ന പ്രകാരം തിരുവനന്തപുരം കണ്ടുകൃഷിമേൽ വ ി ച ാ ര ി പ്പ ാ യിരുന്ന രാമൻപിള്ള ഇടവമാസം 2-ാംനു- എഴുതിയ സാധനം വന്നിരിക്കുന്ന പ്രകാരവും അടുത്തൂൺ വകയിൻ 150 പണം ഉള്ളത് കണക്കിൽ നിറുത്തി എഴുതിയിരിക്കുന്നതും ആ വകപണവും കോപ്പുവകയ്ക്ക് മാസം ഒന്നിന് 279½ പണവും പതിവിൽകൂട്ടി കൊടുപ്പിക്കാൻ ഒള്ളതും ആകയാൽ അടുത്തൂൺ വകപണം 150-ം. തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കലും കോപ്പുവകയ്ക്കുള്ള പണം 279-ം. തിരുവനന്തപുരം കണ്ടുകൃഷി വകയിലും പതിവിൽ കൂട്ടി കൊടുപ്പിക്കുന്നതിന് നിദാനം വരേണമെന്നും എല്ലേ എഴുതി വന്നതിലാകുന്നു. അതിന്മണ്ണം അടുത്തൂൺ വകയ്ക്ക് 150 പണം തിരുവനന്തപുരം വടക്കു മണ്ഡപത്തും വാതുക്കലും, കോപ്പുവകയ്ക്കുള്ള പണം 297½-ം തിരുവനന്തപുരം കണ്ടുകൃഷി വകയിലും പതിവിൽകൂട്ടി മേൽ എഴുതിയ വിവര പ്രകാരം പേരുവഴി പതിച്ചു കൊള്ളത്തക്കവണ്ണം ചട്ടംകെട്ടി കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1014-ാമാണ്ട് കന്നിമാസം 7-ാം തീയതി ദിവാൻ രായ-രായ-രായ വെങ്കിട്ടരായർക്ക് നീട്ടു എഴുതി വിടു എന്ന് തിരുവുള്ളമായനീട്ട്.

(തുല്യംചാർത്ത്)



# ഹജൂർ തിരട്ടുകൾ 27

കൊ: വ: 1014. *

1) വിളവംകോട്-നെയ്യാററിൻകര-രണ്ടു മണ്ഡപത്തും വാതുക്കലിൻെറ അതിർത്തിയാകുന്ന കളിയിക്കാവിള സമീപിച്ചു രണ്ടുമൂന്നു നാഴിക വഴിക്ക് വീടും കുടിയും ഇല്ലാതകയാൽ അക്രമങ്ങളും മോഷണവും അധികമായിട്ട് നടന്നു വരുന്നതും ആകയാൽ ആ സ്ഥലത്തു ഒരു ചന്ത വയ്പിച്ചു സൂക്ഷിക്കുന്നതിന്- ഒള്ള മുതപ്പേരിനു 5 രൂപായും, മൂന്നു ശിപായികരംക്ക് പേരൊന്നിന് 4 രൂപാവീതം 12 രൂപായും, ശമ്പളം വച്ച് ആക്കി കൊള്ളത്തക്കവണ്ണം 1014-ാമാണ്ട് ആവണി 18-ാനു- കൽപ്പിച്ചു നീട്ടുവന്നു പുരട്ടാശിമാസം 4-ാനു- ഉത്തരവുംപടി വിളവങ്കോട് അധികാരത്തിൽ മീനച്ചൽകരപ്പററിനും മേക്ക്-രാജപെരുവഴിക്കും വടക്ക് പാറശ്ശാല അധികാരത്തിൽ പാറശ്ശാല കരപ്പററിനും കിഴക്ക്-മേക്കോട്ട് കരപ്പററിലും, തിഴപ്പുരക്കാവിനും തെക്കുമാക-കളിയിക്കാവിള ചന്തവച്ച് തിങ്കളാഴ്ചയും, ശനിയാഴ്ചയും, ചന്ത നടത്തിച്ച് വരുന്ന വകയ്ക്ക് പുരട്ടാശി മാസം 16-ാനു- മുതൽക്ക് ആക്കിയിരിക്കുന്ന മുതൽപേർ 1 ക്ക് രൂപാ 5-ം, ശിപായിപേർ 3ക്ക് രൂപാ 12-ം ആകെ രൂപാ 17 ക്ക് പണം പതിവിൽ കൂടുതൽ-119 പണം.

2) ശൃംഗേരിമഠത്തിൽ ശങ്കരാചാര്യരുടെ ത ി രു മ ു ഖവും കൊണ്ട് ടി കൂടി പാർക്കുന്ന രാമശാസ്ത്രികരം വന്ന് മുഖം കാട്ടുകയാൽ ശങ്കരാചാര്യർക്കു സമ്മാനം വകയ്ക്ക് സാർവ :2-ം, നീക്കി വരാഹൻ 170 ക്ക് പണം 3527¼ ടി ശാസ്ത്രികരംക്ക് വീരചങ്ങല 2-ം നീക്കി 700പണം, ആകെ ആവണിമാസം 28-ാനു- ഈവകയ്ക്ക് ചിലവ് 4227¼ പണം.

3) തഞ്ചാവൂർ ഗംഗാരായ ഭാഗവതർക്കും, മകൻ വെങ്കിട്ടരമണ ഭാഗവതർക്കും ആവണി മാസം കൊടുത്ത വീരചങ്ങല 2-ം, സാൽവ 1-ം, നീക്കി ചിലവ് 1400/

4) ഈ രാജ്യത്ത് ഭൂമി അറിഞ്ഞ് ഇരുമ്പ് എടുക്കുന്നതിന് കിളരമായിട്ടുള്ള സ്ഥലങ്ങളിൽ വെള്ളം കേററുന്നതിന് യന്ത്രപാത്രകം ഉണ്ടാക്കുന്നതിനുമായിട്ട് അക്ടോബർ 1-൹ (കന്നി 17-൹) മുതൽക്ക് വരുത്തി ആക്കിയിരിക്കുന്ന മിസ്റ്റർ തർണ്ണലിന് മാസം 1ക്ക് 100 രൂപാ വീതം ആക്കിയ നാംമുതൽക്ക് ശമ്പളം പതിവിൽ കൂട്ടിക്കൊടുപ്പിക്കുന്നതിന് തിരുമനസ്സറിയിപ്പാൻ എഴുതി അയച്ചതിൻെറ ശേഷം അതിന്മണ്ണം നടത്തിപ്പാനും ഈ വേലയ്ക്ക് ഇനി പരീക്ഷ എന്നു വിചാരിപ്പാനും അധികലാഭം വരുന്നതായിട്ടു കണ്ടാൽ ഇവിടെ ബോധിച്ചതുവരേയും നടത്തിപ്പാനുള്ളതാകുന്നു എന്നും ആക്ടിംഗ് റസിഡൻറ് സായിപ്പ് 1839-ാ വർഷം ഏപ്രിൽ മാസം 14-ാം തീയതി എഴുതിയ കായിതം വന്നിരിക്ക കൊണ്ടും അതിൻെറ കൂടെ ഒള്ള കണക്കു നോക്കിയാറെ ഈ വകയ്ക്ക് ആക്കിയിരിക്കുന്ന മെസ്തർ തർണ്ണലിനു മാസം ഒന്നിന് 1050 പണവും അസിസ്റ്റൻറ് ക്ലാർക്കിന് 350 പണവും, ഒരു കൊല്ലൻ മേസ്തിരിയ്ക്ക് 98പണവും, രണ്ടാമനായിട്ടൊരുത്തന് 70പണവും, ഒരു കല്ലാശാരിയ്ക്ക് 50പണവും, ഇരുമ്പുണ്ടാക്കുന്ന ഗുഹ ഒണ്ടാക്കുന്ന പേർ 2ക്ക് 100-ം, തുരുത്തി ഊതുന്ന പിള്ളേർ പേർ 24ക്ക്-പേർ ഒന്നുക്ക് 40 വീതം 960-ം, ചങ്കിലിയൻ (ചങ്ങലപിടിക്കുന്നവൻ) പേർ 1ക്ക് 40പണവും, പിള്ളേർ ഒന്നുക്ക് 35 പണവും, വിചാരിപ്പുപേർ 1ക്ക് 56 പണവും, തണ്ടൽ പേർ 3ക്ക് പേർ ഒന്നുക്ക് 24½ പണവും, വീതം 73½ പണവും, കൂലിക്കാർ പേർ 75 ക്ക് പേർ ഒന്നുക്ക് 15 വീതം 1125 പണവും,



കരികൊണ്ടുവരുന്നതിന് വള്ളക്കൂലിവകയ്ക്ക് 145½ പണവും, ഇപ്രകാരംപേർ 112ന് മാസം 1ക്ക് 4153 പണം വീതം ആണ്ടൊന്നുക്ക് 49836 പണം ശമ്പളച്ചിലവും ഇതിന്മണ്ണം ശമ്പളക്കാററെ ആക്കി നടത്തിച്ചാൽ 24400 റാത്തൽ വീതം ആണ്ടൊന്നുക്ക് 120 ടൺ ഇരുമ്പ് മുതലെടുക്കാമെന്നും ആ വകയ്ക്ക് ടൺ ഒന്നിന് 110 രൂപാവീതം 13200 രൂപായ്ക്ക് 92400 വീതം പണം വില ഒണ്ടെന്നും, അ ത ിൽ ശ മ്പ ള ച്ചി ല വു നീക്കി ആണ്ടൊന്നുക്ക് 42564 പണം ''മുതൽ'' ഒണ്ടാകുമെന്നും എഴുതിയിരിക്കകൊണ്ട് മേലെഴുതിയ പ്രകാരം ശമ്പളക്കാററെവച്ച് നടത്തിക്കേണ്ടുന്ന സംഗതിക്കും മിസ്റ്റർ തർണ്ണലിന് ഈയാണ്ടു കന്നിമാസം 17-ാം തീയതി മുതൽക്ക് മാസം ഒന്നിന് 100 രൂപാവീതം പതിവിൽകൂട്ടിക്കൊടുപ്പിച്ച് വരുന്നതുപോകെ-50 രൂപാ വീതംകൂടെ കൊടുപ്പിപ്പാനും, കൊല്ലൻ മേസ്തിരിയെ കാർത്തികമാസം മുതൽക്ക് ആക്കി മാസം ഒന്നിന് 98 പണം വീതം വിവരത്തിൽ കൊടുപ്പിച്ച് വരുന്നതിനാൽ ആ വകയ്ക്ക് ധനുമാസം 18-ാം തീയതി തീരുവ എഴുതി കൊടുപ്പിക്കുന്നതിന് എഴുതി അയച്ചിരിക്കുന്നതും ഉൾപ്പെടെ മാസം 1ന് 3453 പണം വീതം പതിവിൽ കൂട്ടികൊടുപ്പിക്കുന്നതിന് തിരുമനസ്സറിയിപ്പാൻ എഴുതി അയച്ചതിൻെറ ശേഷം ഇതിന്മണ്ണം ശമ്പളം കൊടുത്താൽ പണ്ടാരവകയ്ക്ക് ലാഭം വരുമെന്ന് കണ്ടിരിക്കുന്നതാകകൊണ്ട് എഴുതിവന്നതിന്മണ്ണം തന്നെ പതിവിൽ കൂട്ടി ശമ്പളം കൊടുപ്പിക്കുന്നതിനും ഈ വകയ്ക്ക് ഒരു സംവത്സരത്തിലധികം ശമ്പളം കൊടുപ്പിക്കുന്നതിന് ഇതിനാൽ പണ്ടാരവകയ്ക്ക് വരുന്ന ലാഭത്തിൻെറ അവസ്ഥ അറിഞ്ഞ് നിശ്ചയിപ്പാനുള്ളതാക കൊണ്ട് വിവരത്തിന് കണക്കെടുത്ത് തിരുമനസ്സറിയിക്കുന്നതിന് കുടുത്തയച്ചാൽ ഇന്ന പ്രകാരമെന്ന് നീട്ടു കൊടുത്തയക്കുമെന്ന് ഇടവം 24-൹ കൽപ്പിച്ച് എഴുതിവന്ന നീട്ടുംപടി ചിലവ്-

5) പത്മനാഭപുരത്ത് കൊട്ടാരത്തിൽ മേക്കേകല്ലു മണ്ഡപം മഹാനവമി പൂജപ്പുരയിൽ വച്ച് ടി യാണ്ട് പുരുട്ടാശിമാസം 5-ാംതീയതി മുതൽക്ക് 'മഹാനവമി' പൂജ തുടങ്ങി നിർവഹിച്ച വകയ്ക്ക് നാം 10 ക്ക് ചിലവു നെൽ 313 പറ 8 ഇടങ്ങഴിക്ക് വിലത്തരം 451/ പണം. വകയിൽ 1400 വക 2ൽ 1851/-

6) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണി തിരുവട്ടാററ് ക്ഷേത്രത്തിൽ പുരുട്ടാശിമാസം 21-ാനു മുതൽ മൂന്നുദിവസം ഭജനം ഇരുന്ന വകയ്ക്ക് ദാനം, ദക്ഷിണ വകയ്ക്ക് ചിലവ്-3000/

പാനപ്പിള്ളയ്ക്ക് ചിലവ്-2700

7) പത്മനാഭപുരം കൊട്ടാരത്തിൽ എഴുന്നെള്ളിയിരിക്കുമ്പോൾ-കൊട്ടാരമുററ വെളിയിൽ വച്ച് കടുവാനായാട്ട് കാണുകയാൽ-പുരുട്ടാശിമാസം 23-ാം തീയതി നായാട്ടുകാർ പേർ 221-ക്ക് ഇനാം കൊടുത്ത പണം 579/=

8) പാവങ്ങളായിട്ടുള്ള ദീനക്കാരരെ പാർപ്പിക്കുന്നതിന് തയ്ക്കാട്ടു ബംഗ്ലാവിനു തെക്കു വശത്ത് മരക്കൂട്ടം കഴുക്കോലും ഇട്ട് ഓലപ്പുരയായിട്ടും ആശുപത്രിയും കിടങ്ങും, ടിയിൽ ഓടുപുരയായിട്ടും ഒരു കിടങ്ങും. ദീനക്കാർക്ക് കഞ്ഞിവച്ചുകൊടുക്കുന്നതിന് ചെമ്പു കിടാരം, മൊന്ത, വിളക്ക്, മുതലായതും തീർപ്പിക്കുന്നതിന് തിരുവെഴുത്തുംപടി കാർത്തിക (വൃശ്ചികം) 8-ാം തീയതി ഉത്തരവും പ്രകാരം കെട്ടിവരവ്-22199¼ ചിലവ് 22199½

9) മാർകഴിമാസം (ധനു) 5-ാം തീയതി ചിറക്കരെ എഴുന്നെള്ളിയപ്പോൾ ആററിൽ ചാടികളിച്ച വീരരാഘവൻ മുതൽ പേർ 50 ക്ക്-50 പണം.

10) അനന്തവെങ്കിട്ടരാമ ജോത്സ്യർക്ക് രാമേശ്വരത്തു പോയിവരാൻ തൈമാസം 14-ാനു (മകരം) ഇനാം 2100/ പണം.



11) കാശിയിൽ പണ്ടാപുരത്തു ക്ഷേത്രത്തിൽ-സ്ഥലത്താർ വരപ്പെട്ട പേർ 1-ം, കൃഷ്ണഭട്ടേപേർ 1-ം, ആകെപേർ 2ക്ക് തൈമാസം 30-ാനു കൊടുത്ത ഇനാം. 1050/

12) ദിവാൻ ഉദ്യോഗമായിരുന്ന രാജകേശവദാസ് അവർകളുടെ അനന്തരവരായിട്ട് കുന്നത്തൂർ പാർക്കുന്ന നീലമ്മപ്പിള്ള തങ്കച്ചിയ്ക്കും, മൂന്നുനാലു പരാധീനങ്ങൾക്കും ചിലവിന് ബുദ്ധിമുട്ടായിരിക്കുന്ന പ്രകാരം സങ്കടം അറിയിക്കകൊണ്ട്-മാസം 15പണം അടുത്തൂൺ പതിച്ച് കൊടുപ്പിക്കണമെന്ന് കൽപന പ്രകാരം ഇരവിപ്പിള്ള സർവാധികാര്യക്കാററുടെ സാധനം വന്ന് മാശി 12-ാനു മുതൽ മാസം 1ക്ക് 15 പണം ചിലവ്.

13) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിപ്പിള്ള മാശിമാസം 16-ാനു ചൊവ്വാഴ്ചയും, ആയില്യം നക്ഷത്രവും, പൂർവപക്ഷത്ത് ചതുർദ്ദശമിയും, നാഠം കർക്കടകംരാശി നേരത്ത് ആൺകുഞ്ഞ് പ്രസവിക്കയാൽ സമയത്ത് വീരദാനം വകയ്ക്ക് പേർ 37 ക്ക്-1 വീതം 37 പണം, മുഹൂർത്തം അനന്തവെങ്കിട്ടരാമ ജോത്സ്യർ മുതൽ പേർ 6ക്ക്-13. കൂടിയ ബ്രാഹ്മണർ-ആയിമ്മക്കുട്ടി-പേർ 1345 ക്ക്-1345 പണം. അച്ചിമാർ 29 പേർക്ക് 64 പണം, മങ്കാരത്ത് ഇരവിവൈദ്യൻ മുതൽ പേർ 13ക്ക്-14 പണം, സമയത്ത് പാണ്ടിവാദ്യം സേവിച്ചതിന് 6 പണം, വെളുത്തേടന് 5 പണം. നടക്കാവ് നീലുവിന് 8 പണം, വെററിലപാക്ക്, പുകയില 21¼ പണം, ആകെ ചിലവ്-1513¼.

14) പാനപ്പിള്ള പാർവതിനാരായണിപ്പിള്ള ഗ്രഹണിയുടെ ദീനം തുടങ്ങി മാശിമാസം 26-ാനു വെള്ളിയാഴ്ചയും, കേട്ടനക്ഷത്രവും, അമരപക്ഷത്ത് അഷ്ടമിയും, നാഠം അസ്തമിച്ച് ഒരുനാഴികയ്ക്ക് കഴിഞ്ഞുപോകയാൽ മുൻ 981 ആവണി 3-ാനു നാഗർകോവിൽ പാനപ്പിള്ള നാഗമണി അനന്തലക്ഷ്മി (ബാലരാമവർമ്മയുടെ പത്നി) മരിച്ച വകയ്ക്ക് ചിലവായ പണം 2934¾

15) കൽപ്പിച്ചുണ്ടാക്കിയ ''പത്മനാഭ പ്രബന്ധം'' തഞ്ചാവൂർ കൊണ്ടുപോയ ചോളദേശം കണ്ണമംഗലം അയ്യാസ്വാമി ശാസ്ത്രികൾക്ക് പങ്കുനി 6-ാനു- കൊടുത്ത സമ്മാനം വകയ്ക്ക് ചിലവ്-3500/

ടി പ്രബന്ധം തിരുമുമ്പിൽ പാടിയ പാലക്കാട്ടുശ്ശേരി പരമേശ്വര ഭാഗവതർ പേർ-1-ം, മുത്തുഭാഗവതർ പേർ 1-ം, ആകെ പേർ 2ക്ക് സമ്മാനം വകയ്ക്ക് 2100/കസവിട്ട വട്ടക്കര സോമൻ, ഉത്തരീയം ഉരു 2ക്ക് 175. ജോടി 2ക്ക് 79. ടി ഉരു 2ക്ക് 53 പണം. ആകെ ഈ വകയിൻ ചിലവ്-2407.

16) ടി പ്രബന്ധം മാവേലിക്കര കൊട്ടാരത്തിൽ കൊണ്ടുപോയ മുത്തലക്കുറിശ്ശി സുന്ദരത്തിന് 300 പണം.

17) തിരുമുമ്പിൽ ഹിന്ദുസ്ഥാനി പാടിയ പശ്ചിമരാജ്യത്തു ദേവകീനന്ദ ബ്രഹ്മചാരിയ്ക്ക് പട്ടുംസോമനും ഉൾപ്പെടെ 385/-

18) പാലക്കാട്ടുപരമേശ്വര ഭാഗവതർക്ക് ആവർത്തന വിവാഹത്തിന് ചിലവ്-2500/ ചുവന്ന പട്ടുമുഴം 19ക്ക് ചിലവ് 74¾ ആകെ 2574¾.

19) ശബരിമലക്ഷേത്രത്തിൽ 1013 ആടിമാസം 22-ാം തീയതിയിലും, 1014 ആവണി മാസം 5-ാനു-യിലും കള്ളന്മാർ കയറി മോഷണം ചെയ്ത് അശുദ്ധിവരുത്തിയതിന് 481¼.

ടി ക്ഷേത്രത്തിൽ ചിത്തിരമാസം 5-ാനു-രാത്രി കള്ളന്മാർ കയറി മോഷണം ചെയ്തതിന് പുണ്യാഹം കഴിച്ച വകയ്ക്ക്-30/

20) ദിവാൻ ഉദ്യോഗം വിചാരിച്ച സുബ്ബാരായർക്ക് മാസം 1ക്ക് 1750 പണം അടുത്തൂൺ കൊടുത്തു വരവേ-ടിയാർക്ക് രണ്ടാമതും ദിവാനുദ്യോഗത്തിന് കൽപ്പിച്ചു നീട്ടുകൊടുക്കയാൽ വൈകാശിമാസം 1-ാനു- മുതൽക്ക് ടിയാരുടെ മക്കൾ അപ്പുസ്വാമി മുതൽപേർ 3ക്ക്-പേർ 1ക്ക് 560 പണം വീതം 1680 പണവും, മകൾ



കാമാക്ഷിയ്ക്ക് 70 പണവും ഇപ്രകാരം പേരുമാറി പതിച്ചുകൊടുപ്പിച്ച് കൊള്ളണമെന്ന് നീട്ടുംപടി വൈകാശി 29-ാനു- ലെ ഉത്തരവുവന്ന്-ആവണി മുതൽ ചിത്തിരവരെ സുബ്ബരായർക്ക് ചിലവ്-15750. വൈകാശി മുതൽ ആടിവരെ അപ്പുസ്വാമി മുതൽ പേർക്ക് ചിലവ്-5250/-

21) ദിവാനുദ്യോഗമായിരുന്ന ഉമ്മിണിതമ്പിയുടെ ഉടപ്പിറന്നവൾ പാറപ്പിള്ളകാളി ലക്ഷ്മിയ്ക്ക് മാസം 1ക്ക് 300 പണം വീതം ചിലവ്-ടിയാരുടെ അനന്തരവൻ മാത്തു തമ്പിയ്ക്ക് മാസം 1ക്ക് 100 പണം.

22) ഇംഗ്ലീഷുപള്ളിക്കൂടം റോബർട്ടിന് 300 രൂപായും, കൂടെ ആക്കിയിരിക്കുന്ന മോറിസന് മാസം 100 രൂപായും, അടിച്ചുതളിയ്ക്ക് 3രൂപായും ആകെ 403 രൂപാ ചിലവ്:

23) പട്ടുനൂലും, കാപ്പിയും, ഉണ്ടാക്കുന്ന വകയ്ക്ക് ആക്കിയിരിക്കുന്ന മിസ്റ്റർ ഡിൽറാമിന് മാസം 100 രൂപാ വീതവും, ടിയാൻെറ കൂടെ ആക്കിയിരിക്കുന്ന പേർ 10ക്ക് മാസം 63½ രൂപാ വീതവും ചിലവ്-

24) നക്ഷത്രബംഗ്ലാവു കാൽടിക്കററ് സായിപ്പിന് രൂപ 600 വീതം ചിലവ്.

25) പാൽക്കുളങ്ങര കരിമ്പാലിവീട്ടിൽ ചക്കി നങ്ങേലിയേയും, നങ്ങേലി നീലമ്മയേയും, തിരുവട്ടാററ് പാർവതിലക്ഷ്മിയ്ക്ക് (നാരായണിപിള്ളയുടെ മാതാവ്) ടിയാണ്ട് വൈകാശിമാസം 6-ാം തീയതി ദത്താവകാശമാക്കി നീട്ടുകൊടുത്ത വകയ്ക്ക് ചിലവ്-465¼.

26) പാൽകുളങ്ങര കരിമ്പാലിവീട്ടിൽ നങ്ങേലി നീലമ്മപ്പിള്ളയ്ക്ക് വൈകാശിമാസം 10-ാനു- ബുധനാഴ്ച ഉത്രം പൂർവപക്ഷവും, ദശമിയും, രാത്രി 10 നാഴികയ്ക്ക്-മകരംരാശി നേരത്ത് കൽപ്പിച്ച് പട്ടും പരുവട്ടവും ഇടുകയാൽ പണം-5447

27) ആണ്ടിയിറക്കത്ത് കണക്ക് പത്മനാഭൻ ഇരയിമ്മൻെറ അമ്മാവൻ മരിച്ചതിന് 500/ പണം.

28) ഹരിപ്പാട്ടു കൊച്ചുപിള്ള വാര്യര് മരിച്ചുപോയതിന് പട്ടും കച്ചയും 1081¾ പണം.

29) ആക്ടിംഗ് ദിവാനുദ്യോഗമായിരുന്ന രംഗരായർക്ക് കുംഭകോണത്ത് പോകുന്ന വകയ്ക്ക് ചിലവിനു കൊടുത്തത് 7007 പണം.

30) ആക്ടിംഗ് ദിവാനുദ്യോഗമായിരുന്ന രംഗരായർ കുംഭകോണത്തുവച്ച് കഴിഞ്ഞുപോയത് വിവരം അറിയിക്കാൻ വന്ന കുംഭകോണം ശ്രീനിവാസൻ മുതൽ ഷേർ 3ക്ക് 210 പണം.

31) ആണ്ടിയിറക്കത്ത് ഇരയിമ്മൻ തമ്പിയുടെ അനന്തരവരിൽ 2 തങ്കച്ചിമാർക്ക് 750 പണം.

32) ദിവാൻ സുബ്ബരായരുടെ മകൻ തുളസാ രാമരായർക്ക് സീമന്തം വകയ്ക്ക് കൊടുത്ത ചിലവ്-700/

33) ഇരിങ്ങാലക്കുട തച്ചുടയ കയ്മാക്ക് ദീനച്ചിലവിന് 1400 പണം, നാടകശാലയിൽ ശുചീന്ദ്രം മീനാക്ഷി, ലക്ഷ്മി, നാഗർകോവിൽ നാഗരത്നം, കേരളപുരം ലക്ഷ്മി, പാർവതി, ഉമ, കല്പട ജാനകി, പേർ 7നേയും നാടക ശാലയിൽവച്ച് അരങ്ങേററം കഴിച്ച വകയിൽ ചിലവ്-77/-

34) കന്യാകുമാരിവരെ എഴുന്നെള്ളിയ സമയം പീരങ്കി വണ്ടി-2-ം, വലിച്ചുകൊണ്ടുപോയ നായന്മാർക്ക് അരിപ്പടി 141¼

35) തഞ്ചാവൂർ വെങ്കിട്ടരമണ ഭാഗവതർക്ക് വീരചങ്ങല ഉരു 2-ം, സാൽവ 1-ം, നീക്കി 1400/

36) തിരുമുമ്പിൽ വന്ന് മുഖം കാട്ടിയ തഞ്ചാവൂർ ഹരി പണ്ഡിതർക്ക് 1100/ = ടിയിൽ രാമകീർത്തനം ചൊല്ലിയ ചോളദേശം വിശ്വനാഥ രാമബ്രഹ്മത്തിനു തങ്കവള 1-ം നീക്കി 700/



37) തിരുവനന്തപുരത്ത് കൊട്ടാരത്തിൽ പകടശ്ശാരിമണ്ഡപത്തിൽ വച്ച് ശുചീന്ദ്രം കോവിൽ 32-ം കുടി അനന്തലക്ഷ്മി രായർ മുതൽ പേർ 31-ം, കുമാരനാടകം ആടുകയാൽ ഇനാം കൊടുത്ത മുടുകു രണ്ടും, നീക്കി പണമായിട്ട് 439.

38) മലയാംപട്ടാളത്തിൽ കമാൻ-കവാത്ത്-പഠിപ്പിച്ച സാർജൻറ് ആൽബർട്ടിനെ തിരികെ അയയ്ക്കുന്നതിനാൽ ഇനാം ചിലവ് 7196¼.

## ഹജൂർരായസം

1) ഇരിങ്ങാലക്കുട കൂത്തമ്പലം പണിയ്ക്ക് 10000 പണവും, 200 കണ്ടിത്തടിയും, മുമ്പു കൊടുത്തതുപോലെ 5000 പണംകൂടി കൊടുപ്പാൻ നമ്പർ56/-1014-27 ലെ ഹജൂർരായസം.

2) ഇംഗ്ലീഷുപള്ളിക്കൂടം വകയ്ക്ക് ചെന്നപട്ടണത്തു നിന്നും പൊന്നുകൊണ്ട് രണ്ടയാളമുദ്ര തീർത്തുവന്നതിന് 240 കമ്പനി രൂപാ ഒള്ളതു ചിലവെഴുതാൻ ന:94/1014 2-15-ലെ....

3) മരുതംകുഴി അണയിൽനിന്നും പത്മതീർത്ഥത്തിലും കമലനീരാഴി മുതലായ സ്ഥലങ്ങളിലും വെള്ളം പായുന്ന കാലിൽ-ചില കലുങ്കുകൾ അററകുററം തീർക്കാൻ ന: 15/ 101410-11 ലെ....

4) നക്ഷത്രബംഗ്ലാവിൽ ഈയാണ്ടു ഗണിച്ചുണ്ടാക്കിയ പഞ്ചാംഗം അച്ചടിച്ചതിൽ 243 പുസ്തകം കോട്ടയത്തയച്ച് കുത്തികെട്ടിവരുത്തിയതിന് 45 രൂപാ 9അണ കൊടുക്കാൻ ന: 30/1014-11-30-ലെ....

## 1015 M. E. *

### ''ഉമ്മുതങ്കച്ചി'' യുടെസങ്കടവരേ്യാല

126 രായസം

നീട്ട് 1015-4-8

കൊടുത്തൂട്ടസാധനം വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു.

''കോലത്തുനാട്ടിൽ ദളവാപ്പിറത്തു തങ്കച്ചി'' മരിച്ചുപോയാറെ- ആ തങ്കച്ചിയുടെ മക്കളാകുന്ന ഉമ്മുതങ്കച്ചി മുതൽപേര് 959-ാമാണ്ട് മാവേലിക്കരെ വന്നതിന്റെ ശേഷം- അവർക്ക് പാർക്കുന്നതിന് കോട്ടയ്ക്കകത്തു ''പുല്ലേലിയിൽ മഠവും'' ഒഴിപ്പിച്ചു കൊടുത്തു ചിലവു വകയ്ക്കു വലിയ ശേഖരിപ്പിൽ നിന്നും മാസം ഒന്നിന് $101\frac{1}{2}$ പണവും, 'നിത്യചിലവിൽ' നിന്നും ആണ്ടൊന്നുക്ക് 200 ചിലവാനം പണത്തിന്റെ വസ്ത്രവും. വീതം കൊടുത്തു വരുമ്പോഠം 985-ാ മാണ്ടുമുതൽക്ക് ആ വക അനുഭവങ്ങഠം നിർത്തൽ ചെയ്തിരിക്കുന്ന പ്രകാരവും ഉമ്മുതങ്കച്ചിയും കുഞ്ഞുകുട്ടികളും ആയിട്ടു ഇപ്പോഠം 19 പരാധീനം വരേയുംഉള്ളവർക്ക് ചിലവിനു ഒന്നുംതന്നെ ഇല്ലാതെ വളരെബുദ്ധിമുട്ടായിട്ടു തീർന്നിരിക്കുന്നതും, എണ്ണക്കാട്ടു കൊച്ചുകൊട്ടാരത്തിൽ പാർത്തിരുന്നവരുടെ വകയ്ക്ക് അടുത്തൂൺ പതിഞ്ഞിരുന്ന നെല്ല് ഒഴിവായിട്ടു കിടക്കുന്നതും ആകയാൽ-ആ വകയിൽ നിന്നും ഇവരിടെ ചിലവിന് അൽപവൃത്തി നെല്ലെങ്കിലും പതിച്ചുകൊടുക്കുന്നതിന് നിദാനം വരണമെന്നു., ഉമ്മുതങ്കച്ചി മുതൽ പേരു ഇവിടെ വരേ്യാല എഴുതിവച്ചു സങ്കടം പറഞ്ഞതിനാൽ, എണ്ണക്കാട്ടു കൊച്ചുകൊട്ടാരം വകയ്ക്ക് അടുത്തൂൺ പതിഞ്ഞിരിക്കുന്ന നെല്ല് ഒഴിവായികിടക്കുന്നത് പരമാർത്ഥം തന്നെ എന്നുവരികിൽ-ഇവരിടെനിദാന ചിലവിന് നാളൊന്നിന് ഒരു പറ നെല്ല് വീതം മാസം ഒന്നുക്ക് 30 പറ നെല്ല് പതിച്ചുകൊടുപ്പിക്കണമെന്നും നാം പറഞ്ഞപ്രകാരം സർവാധികാര്യം ഇരവിപിള്ളയുടെ സാധനം വന്നു വിചാരിച്ചാറെ-മേലെഴുതിയ കൊച്ചുകൊട്ടാരം വകയ്ക്ക് മാസം ഒന്നുക്ക് 50 പറ നെല്ലിന് $56\frac{1}{4}$ പണവും പണവകയിൽ 100 പണവും, അടുത്തൂൺ പതിഞ്ഞിരിക്കുന്നതു ഒഴിവായിട്ടു കിടക്കുന്നതും ആവകയിൽ 30 പറനെല്ല് ഉമ്മുത്തങ്കച്ചി മുതൽപേരുടെ പേർക്ക് പതിവിൽ കൂട്ടികൊടുപ്പിപ്പാനുള്ളതും ആയിട്ടു കണ്ടിരിക്കുന്നതിനാൽ അപ്രകാരം ഈവകയിൽ മാസം ഒന്നിന് 30 പറ നെല്ല് വീതം പതിവിൽ കൂട്ടി കൊടുപ്പിക്കുന്നതിന് നിദാനം വരേണ്ടുന്ന അവസ്ഥകൊണ്ടല്ലോ എഴുതിവന്നതിലാകുന്നു. ''എണ്ണക്കാട്ടു കൊച്ചു കൊട്ടാരം'' വകയ്ക്ക് അടുത്തൂൺ പതിഞ്ഞിരുന്ന നെല്ല് ഒഴിവായിട്ടു കിടക്കുന്നതിൽ നിന്നും മാസം ഒന്നിന് 30 പറ നെല്ലുവീതം മേലെഴുതിയ ഉമ്മുത്തങ്കച്ചി മുതൽപേർക്ക് പതിപ്പിച്ചു കൊടുപ്പിച്ചു കൊള്ളുകയും വേണം. എന്നും ഇക്കാര്യം ചൊല്ലി 1015-ാമാണ്ട് വൃശ്ചികമാസം 8-ാംനു- ദിവാൻ ശേഷോപണ്ഡിതർ സുബ്ബാരായർക്ക് നീട്ടുഎഴുതിവിടു എന്നു തിരുവുള്ളമായ നീട്ട്.

(തുല്യം ചാർത്ത്)

# വികലാംഗ പെൻഷൻ

219

രായസം

നീട്ടുചുരുക്കം 1015-6-8

പാണ്ടിയിൽ തിരുവെങ്കിടം ഗ്രാമത്തിൽ നിന്നും, വന്നു പാർക്കുന്ന കോതണ്ഡരാമൻ സുന്ദരരാജൻ മതിലകത്തു നിന്നും പർപ്പടകം വ്യാജം ചെയ്ത സംഗതിയ്ക്ക് ഹജൂർ പാറാവിൽ ആക്കിയിരിക്കുമ്പോൾ, കുലപാതകം ചെയ്യുന്നതിനുള്ള 'കുരുക്കുവാററ്' മുതലായതു കൊണ്ടു നടക്കുന്നതിൽ പിടികിട്ടി പാറാവിൽ ആക്കിയിരിക്കുന്ന സാകാദേശത്തുകാറൻ ബാലദാസ് എന്നവൻ അക്രമമായിട്ട് തുടങ്ങി സുന്ദരരാജൻ എന്ന കുട്ടിയെ വെട്ടി ഇടത്തേ കയ്യുടെ മുട്ടിന് താഴേടം അററുപോയതിനാൽ ഡാക്ടരിടെ അടുക്കൽ അയച്ച് ചികിത്സിച്ചാറെ മുറിവ് കരിഞ്ഞിരിക്കുന്നതും ഒരുകയ്യ് മുഴുവനും ഇല്ലായ്കയാൽ കാലക്ഷേപം ചെയ്ത് അയാൾക്കും, വയസ്സു ചെന്നിരിക്കുന്ന അമ്മയ്ക്കും ഭാര്യയ്ക്കും ഉപജീവനം കഴിപ്പാൻ നിർവാഹം ഇല്ലാതെ തീർന്നിരിക്കുന്നതും ആകയാൽ മാസം 30 പണം വീതം പതിവിൽ കൂട്ടികൊടുപ്പിച്ചു കൊള്ളണം,

1015 മകരം 8 ന-



# 1015 മുറജപം

[രാജ്യത്തിൻെറ ഐശ്വര്യാഭിവൃദ്ധിക്കായിരാജാക്കന്മാർ നടത്തുന്ന അടിയന്തിരമാണ് 'മുറജപം', മുറജപം എന്നാൽ മുറതോറുമുള്ള ജപം എന്നർത്ഥം. ഒരു മുറ എന്നത് എട്ടു ദിവസമാണ്. ദിവസംതോറും ഋഗ്വേദത്തിൽ ഓരോ അഷ്ടകംവീതം ജപിക്കണമെന്നാണ് നിയമം. 7 മുറയ്ക്കുള്ള 56 ദിവസം കൊണ്ട് ഋഗ്വേദം മുഴുവനും ഋഗ്വേദികൾ പാരായണം ചെയ്യണം. അതനുസരിച്ച് യജൂർവേദവും, സാമവേദവും അവരവർ ചൊല്ലേണ്ടതാണ്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൻെറ മുഖമണ്ഡപത്തിൽ ചേർന്നിരുന്ന് ദിവസംതോറും പ്രാത:കാലത്ത് പാരായണം ചെയ്യണമെന്നാണ്ഏർപ്പാട്. മുറജപത്തിൻെറ മുഖ്യാംഗവും ഇതുതന്നെ. ഇത് 6 കൊല്ലങ്ങൾക്കൊരിക്കൽ തിരുവനന്തപുരത്ത് നടന്നുവരുന്നു. ഈ വലിയ അടിയന്തിരം അനിഴംതിരുനാൾ മാർത്താണ്ഡ വർമ്മയുടെ കാലത്താണ് 926 ൽ ആദ്യമായി ഏർപ്പെടുത്തിയത്. ഒരു അയനത്തിൻെറ (മൂന്നു ഋതുക്കൾ കൂടിയ കാലം) അവസാനത്തിൽ ഭദ്രദീപം ഘോഷിക്കുന്നു. 12 ഭദ്രദീപം കഴിയുമ്പോൾ ഒരു മുറജപം ഉണ്ടാകുന്നു മുറജപത്തിൻെറ അവസാന ദിവസത്തിലാണ് ലക്ഷദീപം എന്ന മഹോത്സവം.]

ഭദ്രദീപം = മകരം, കർക്കടകം, എന്നീമാസങ്ങളിൽ പത്മനാഭസ്വാമിക്ഷേത്രത്തിൽ കഴിക്കുന്ന ഒരു പ്രധാനപ്പെട്ട കർമ്മം.

# "മുറജപം ലക്ഷദീപം" എന്നിവയ്ക്ക് ചട്ടവട്ടങ്ങൾ

തിരുവനന്തപുരത്ത് മതിലകത്ത് പള്ളികൊണ്ടരുളുകിൽ പെരുമാൾ ശ്രീപത്മനാഭപ്പെരുമാൾ സ്വാമിക്ഷേത്രത്തിൽ വച്ച് ആറുവർഷത്തേയ്ക്ക് ഒരിക്കൽ കാർത്തികമാസം 5-ാം തീയതി മുതൽ 56 ദിവസം മുറജപവും, അതിനുമുമ്പിൽ മാസം 1000 പേരുവീതം 12-മാസമായി 12000 പേർക്ക് ഭദ്രദീപമണ്ഡപത്തിൽവച്ച് സഹസ്രനാമം കാലുകഴിച്ചൂട്ടും മുറജപം കാലം കൂടുന്ന മകരമാസം 1-ാംനു- ലക്ഷദീപവും നടക്കേണ്ടുന്ന വകയ്ക്ക് മുമ്പിൽ കൂട്ടി പുരകൾ മുതലായതും കെട്ടി അരികോപ്പു പലവെഞ്ജനം ഉൾപ്പെട്ട വകകളും കിണ്ടൻകമ്പിളി മുതലായ ജവുളിച്ചരക്കുകളും മററും വേണ്ടുന്ന സാമാനങ്ങൾ വരുത്തുന്നതിനും കീഴ്നാളിലെ കണക്കുകൾ ശോധന ചെയ്ത് എഴുതിയത്.

1-ാമത് മുറജപം ആരംഭിക്കുന്നതിന് 18 മാസത്തിനുമുമ്പിൽ അധികാരം പ്രവൃത്തി ഒന്നിന് ഏത്തവാഴയും, പടററുവാഴയുമായിട്ട് 3000 വാഴവീതം നടുവിച്ച് നല്ലപോലെ സൂക്ഷിച്ച് വര്യോല കൊടുത്തയക്കത്തക്കവണ്ണം കൽക്കുളം മുതൽ മീനച്ചൽവരെ 23 മണ്ഡപത്തും വാതുക്കൽ തഹശീൽദാരന്മാർക്ക് ചിത്തിരമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

2-ാമത് മുറജപം തുടങ്ങുന്നതിന് 12 മാസത്തിനുമുമ്പിൽ അൽപശിമാസം 7-ാം നു- മുതൽക്ക് ഭദ്രദീപമണ്ഡപത്തിൽ വച്ച് 12 മാസമായിട്ട് 12000 പേര് മലയാളർക്ക് സഹസ്രനാമം കാലുകഴിച്ചൂട്ടു കഴിപ്പിച്ച് പേരൊന്നിന് ഓരോ മുറിക്കവണിയും രണ്ടുപണം ദക്ഷിണയും കൊടുക്കേണ്ടുന്ന വകയ്ക്ക് അരിയ്ക്കും കോപ്പിനും വകയിട്ട് 18 മാസത്തിനു മുമ്പിൽ ചിത്തിരമാസത്തിൽ എഴുതി അയയ്ക്കണം.

3-ാമത് മതിലകത്ത് തിരുഉത്സവം വകയിലും, ഉത്സവമഠത്തിലും, കഴക്കൂട്ടം മുതൽ പറവൂർവരെയുള്ള ഊട്ടുകളിലും ക്ഷേത്രങ്ങളിലും ഇരിപ്പുള്ള പാത്രങ്ങൾ ശോധന ചെയ്ത് അററകുററവും, പുത്തനായിത്തീർപ്പിക്കാനുള്ളതിന് അടങ്കൽ വച്ച് വര്യോല വരുത്തി 15 ദിവസത്തിനു മുൻപിൽകൂട്ടി ആവണിമാസത്തിൽ എഴുതി അയച്ച്ചട്ടം കെട്ടണം.

---

കിണ്ടൻ - പുതുപ്പ്



4-ാമത് വാദ്ധ്യാന്മാര്, വൈദികന്മാർ, ആഢ്യന്മാർ, ഉൾപ്പെട്ട ആളുകൾ, തിരുവനന്തപുരത്തുവന്നാൽ പാർപ്പാനുള്ള മഠങ്ങളും, ഉത്സവമഠം വെങ്ങാനപ്പുര അഗ്രശാല ശീവേലിപ്പുര രാമൻ മഠം മുതലായസ്ഥലങ്ങളും കഴക്കൂട്ടം മുതൽ പറവൂർവരെയുള്ള ഊട്ടുപുരകൾ, ക്ഷേത്രം, കോയിക്കൽ കൊട്ടാരം പാലങ്ങളും അററകുററവും പുത്തനായിട്ട് തീർപ്പാനുള്ളതിന് അടങ്കൽവച്ച് വര്യോല വരുത്തി 15 മാസത്തിനുമുന്നിൽ ആവണിമാസത്തിൽ എഴുതി അയയ്ക്കണം.

5-ാമത് മുറജപം വകയ്ക്ക് വേണ്ടുന്ന മേനി പഞ്ചസാരയ്ക്ക് ഉടമ്പടി ചെയ്ത് വരുത്തി ഏൾപ്പിക്കേണ്ടുന്നതിന് 13-മാസത്തേയ്ക്കു മുമ്പിൽ അൽപ്പശിമാസത്തിൽ ആലപ്പുഴ കച്ചവടം വകയിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

6-ാമത് മുറജപം വകയ്ക്ക് വേണ്ടുന്ന കണ്ണിമാങ്ങായും, വലിയ മാങ്ങയും മുൻപിൽകൂട്ടി വരുത്തി ഊട്ടുപുരകളിൽ ഏൾപ്പിച്ച് ഉപ്പിലിടുവിച്ച് അൽപ്പശിമാസം മുതൽ തവണ പ്രകാരം കൊടുത്തയക്കേണ്ടുന്നതിന് ഇരണിയൽ മുതൽ തിരുവല്ലാവരെ 16 മണ്ഡപത്തുംവാതുക്കൽ തഹശീൽദാരൻമാർക്കും 12 മാസത്തിനു മുമ്പിൽ കാർത്തികമാസത്തിൽ എഴുതി അയയ്ക്കണം.

7-ാമത് നമ്പൂതിരിമാർക്ക് തലയണയും, വാദ്ധ്യാന്മാര് വൈദികന്മാർക്ക് മെത്തയും തലയണയും തയ്പ്പിക്കുന്ന വകയ്ക്ക് വേണ്ടുന്ന ഇലവും പഞ്ഞി, മുമ്പിൽകൂട്ടി വരുത്തി ശേഖരിച്ചു വൈകാശി മാസത്തിൽ ഏൾപ്പിക്കുന്നതിന് 12 മാസത്തേയ്ക്ക് മുമ്പിൽ കാർത്തികമാസത്തിൽ വിളവംകോട്-നെയ്യാററിൻകര ബാലരാമപുരം മൂന്നുമണ്ഡപത്തും വാതുക്കൽ തഹശീൽദാരൻമാർക്ക് എഴുതി അയച്ചുചട്ടം കെട്ടണം.

8-ാമത് ദീപൻചാണയും, ആത്തിലിവള്ളവും, തോൽക്കുടവും, മരക്കുററിയും, വരുത്തി ആനിമാസം മുതൽക്ക് തവണപ്രകാരം ഏൽപ്പിക്കുന്നതിന് ആലപ്പുഴ കച്ചവടം വകയിലേയ്ക്കും പത്തനാപുരം-മാവേലിക്കര-കുന്നത്തൂർ, നാലുമണ്ഡപത്തും വാതുക്കൽ തഹശീൽദാരൻമാർക്കും-12 മാസത്തിനു മുൻപിൽ കാർത്തികമാസത്തിൽ എഴുതി അയയ്ക്കണം.

9-ാമത് മുറജപം വകയ്ക്ക് മേനി പഴവരിയ്ക്ക് വേണ്ടുന്ന പാരിച്ചിറമിണ്ടാൻ ഒരു മേനി നല്ല നെല്ലായിട്ട് കുംഭപ്പൂവിൽ അളപ്പിച്ച് ഇട്ടുകെ

ട്ടുന്നതിന് 11 മാസത്തേയ്ക്കു മുന്നിൽ മാർകഴി മാസത്തിലും ആ വക നെല്ല് കുത്തി ഇടുവിച്ച് അരി ശേഖരിച്ച് അൽപ്പശിമാസം മുതൽ തവണ പ്രകാരം കൊടുത്തയയ്ക്കുന്നതിന് 5 മാസത്തേയ്ക്ക് മുമ്പിൽ ആടിമാസത്തിലും തോവാള അഗസ്തിശ്വരം, രണ്ടുമണ്ഡപത്തും വാതുക്കലേയ്ക്കും എഴുതി അയച്ച് ചട്ടം കെട്ടണം.

10-ാമത് കിണ്ടനും, നൂൽക്കമ്പിളിയും, പുളിയിലക്കരക്കവണിയും, തുപ്പട്ടിയും, തുവരച്ചുരുട്ടും, തലക്കണക്കുരാശിക്കണ്ണിത്തുപ്പട്ടിയും മുമ്പിൽകൂട്ടി നെയ്യിച്ച് വരുത്തി ആടിമാസവും, അൽപ്പശിമാസവും, രണ്ടു തവണയായിട്ടു ഏൽപ്പിക്കുന്നതിനു പത്തു മാസത്തേയ്ക്ക് മുമ്പിൽ മകരമാസത്തിൽ എഴുതി അയയ്ക്കണം.

11-ാമത് പുൽപ്പായും, കവളപ്പാറ പുൽപ്പായും, നെയ്യിച്ചു വരുത്തി ആടിമാസംമുതൽ തവണപ്രകാരം ഏൽപ്പിക്കേണ്ടുന്നതിന് അഗസ്തീശ്വരം-കൽക്കുളം-തിരുവനന്തപുരം വടക്ക് മൂന്നുമണ്ഡപത്തും വാതുക്കലും പത്തുമാസത്തിനുമുമ്പിൽ തൈമാസത്തിൽ വകവച്ച് എഴുതി അയച്ച് ചട്ടം കെട്ടണം.

12-ാമത് ഉഴുന്നും, വെള്ളപ്പെരുമ്പയറും, നല്ലവണ്ണവും ആവണിമാസം മുതൽ തവണയ്ക്ക് ഏൽപ്പിക്കുന്നതിന് കൊല്ലം മുതൽ പറവൂർവരെ ഒള്ള മണ്ഡപത്തും വാതുക്കൽകളിലേയ്ക്ക് പത്തുമാസത്തിനു മുമ്പിൽ തൈമാസത്തിൽ വകവച്ച് എഴുതി അയയ്ക്കണം.

13-ാമത് വററൽ വകയ്ക്ക്, പാവയ്ക്ക, പടവലങ്ങ, ഇളവങ്കാ, ആനച്ചുണ്ടയ്ക്കാ, പുത്തരിച്ചുണ്ടയ്ക്കാ, പയററങ്ങാ, മാതളനാരങ്ങാ, ഇഞ്ചിഎട്ടുവകകളും പ്രവൃത്തികളിൽ നിന്നും വരുത്തി അതാതു ഊട്ടുകളിൽ ഏൽപ്പിച്ച് ഉപ്പിലിടുവിച്ച് ഉണക്കി വററൽവകയും, ഉണക്കിയ ഇഞ്ചിയും, നാരങ്ങയും, അൽപ്പശിമാസംമുതൽ തവണപ്രകാരം തിരുവനന്തപുരത്തു കൊടുത്തയച്ച് ഏൽപ്പിക്കുന്നതിന് തോവാളമുതൽ തിരുവല്ലാവരേയും നമ്പൂരിമാരു വടക്കുനിന്നും വരുമ്പോൾഭക്ഷണം കൊടുക്കേണ്ടുന്നതിന് കണ്ണിമാങ്ങായും, വലിയമാങ്ങായും, വററൽ വകകളും, ഉണക്കി ഇഞ്ചി, മാതളനാരങ്ങാ, മുതലായതും ശേഖരിച്ച് വയ്പിച്ചുകൊള്ളുന്നതിന് തിരുവല്ലാമുതൽ പറവൂർവരേയുള്ള തഹശീൽദാരന്മാർക്കും ഊട്ടിൽ ഭരിപ്പുകാരന്മാർക്കും 10 മാസത്തേയ്ക്കു മുമ്പിൽ മകരമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

14-ാമത് നമ്പൂരിമാർക്ക് ഇലവയ്ക്കുന്നതിന് മതിലകത്ത് തെക്കേ ശീവേലി മണ്ഡപത്തിനു തെക്കുവശത്ത് 85 കോൽ നീളത്തിൽ, 12 കോൽ വീതിയിൽ നെയ്യാററിൻകര, ബാലരാമവർമ്മപുരം രണ്ടുമണ്ഡ



പത്തും വാതുക്കൽ നിന്നു ഒരു പുരയും, മേക്കേ ശീവേലി മണ്ഡപത്തിനു പടിഞ്ഞാറു ഗോപുരത്തിനു തെക്ക് 35 കോൽ നീളം 12 കോൽ വീതിയിൽ തിരുവനന്തപുരം തെക്കു മണ്ഡപത്തും വാതുക്കൽ നിന്നും ഒരു പുരയും, മേക്കേഗോപുരത്തിനു വടക്ക് 75 കോൽ നീളം, 12 കോൽ വീതിയിൽ നെടുമങ്ങാട് മണ്ഡപത്തും വാതുക്കൽ നിന്ന് ഒരു പുരയും, വടക്കേശീവേലി മണ്ഡപത്തിനു വടക്കു വശത്ത് 60 കോൽ നീളം 12 കോൽവീതിയിൽ നെടുമങ്ങാട്ടു നിന്നും ഒരു പുരയും പർപ്പടകം കാച്ചുന്നവകയ്ക്ക് ചെമ്പകത്തുമ്മൂട്ടു നടയ്ക്കു തെക്കുവശത്ത് 35 കോൽ നീളം 12 കോൽ വീതിയിൽ തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കൽ നിന്നും ഒരു പുരയും മൃഷ്ടാന്നസദ്യ തുടങ്ങിയാൽ ഭദ്രദീപമണ്ഡപത്തിൽ കാലുകഴിച്ചൂട്ടു വകയ്ക്ക് ആ മണ്ഡപത്തിനു പടിഞ്ഞാറു വശത്തു 10 കോൽ നീളം 6 കോൽ വീതിയിൽ തെക്കു മണ്ഡപത്തും വാതുക്കൽ നിന്നും ഒരു പുരയും, ഇപ്രകാരം മതിലകത്ത് ആറുപുരയും, നമ്പൂതിരിമാർക്ക് പാർക്കുന്നതിന് ശ്രീകൃണ്ഠേശ്വരത്ത് പെരിങ്ങാമടത്ത് വിളാകത്ത് 56 കോൽ നീളം 12 കോൽ വീതിയിലും, മാമ്പള്ളി മഠത്തിനു തെക്കുവശത്ത് 56 കോൽ നീളം 12 കോൽ വീതിയിലും മൂവടത്തു മഠത്തുവിളാകത്തു 60 കോൽ നീളം 12 കോൽ വീതിയിലും, പട്ടത്ത് പിള്ളവിളാകത്തു 60 കോൽ നീളം 12 കോൽ വീതിയിലും മഠമത്തുവകയിൽ നിന്നും നാലുപുരയും കല്ലമ്പള്ളി മഠത്തിൽ മുററത്ത് 10 കോൽ നീളം 6 കോൽ വീതിയിൽ തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കൽ നിന്നും ഒരു പുരയും, ഇതിന്മണ്ണം ശ്രീകൃണ്ഠേശ്വരത്ത് 5 പുരയും, വലിയ കോയിക്കൽ മണ്ഡപത്തും വാതുക്കലിന് കിഴക്കേമുററവെളിയിൽ 50 കോൽ നീളം 12 കോൽ വീതിയിൽ മഠമത്ത് വകയിൽനിന്ന് രണ്ടുപുരയും, ബാലരാമവർമ്മപുരം മണ്ഡപത്തും വാതുക്കൽ നിന്നും ഒരു പുരയും, തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കൽ നിന്നും രണ്ടുപുരയും, ഇപ്രകാരം വലിയ കോയിക്കലിൽ അഞ്ചുപുരയും, ശംഖുചക്രത്തുവിളാകത്തു 40 കോൽ നീളം 10 കോൽ വീതിയിൽ കോപ്പുകൾ ഏററുവയ്ക്കുന്നതിന് മൈതാനത്തു തോപ്പിൽ 60കോൽ നീളം 12കോൽ വീതിയിലും, നെയ്യാററിൻകര മണ്ഡപത്തും വാതുക്കൽ നിന്നു രണ്ടുപുരയും, 60 കോൽ നീളം 12 കോൽ വീതിയിൽ ബാലരാമവർമ്മപുരത്തു നിന്ന് ഒരു പുരയും, 30 കോൽ നീളം 12 കോൽ വീതിയിൽ നെടുമങ്ങാട്ടു നിന്ന് രണ്ടുപുരയും, 15 കോൽ നീളം 9 കോൽ വീതിയിൽ ഒരു പുരയും, 30 കോൽ നീളവും, 12 കോൽ വീതിയിൽ തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കൽനിന്നു ഒരു പുരയും, തെക്ക് മണ്ഡപത്തും വാതുക്കൽ നിന്നും 30 കോൽ നീളത്തിൽ

12 കോൽ വീതിയിൽ രണ്ടുപുരയും, 60 കോൽ നീളം 12 കോൽവീതിയിൽ ഒരു പുരയും, 15 കോൽനീളം 10 കോൽ വീതിയിൽ ഒരു പുരയും ഇപ്രകാരം മൈതാനത്തുതോപ്പിൽ പത്തുപുരയും. കട്ടിൽ ഏററുവയ്ക്കുന്നതിന് 60 കോൽ നീളം 12 കോൽ വീതിയിൽ നെടുമങ്ങാട്ടുനിന്നും ഒരു പുരയും. പലഹാരം തീർക്കുന്നതിന് 25 കോൽ നീളം 10 കോൽ വീതിയിൽ തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കൽ നിന്ന് ഒരു പുരയും. ഇതിന്മണ്ണം തേവാരത്തു കോയിക്കലിൽ രണ്ടു പുരയും. നമ്പൂരിമാർക്ക് ചികിത്സയ്ക്ക് മരുന്നുകൂട്ടുന്നതിന് മാർത്താണ്ഡമഠത്തിൽ 20 കോൽ നീളം 6 കോൽ വീതിയിൽ തിരുവനന്തപുരം തെക്ക് മണ്ഡപത്തും വാതുക്കൽ നിന്നും ഒരു പുരയും. നമ്പൂരിമാർക്ക് പാർക്കുന്നതിന് തരണനല്ലൂർ നമ്പൂരിപ്പാട്ടിലെ മഠത്തിൽ മുററത്ത് 15 കോൽ നീളം 9 കോൽ വീതിയിൽ വടക്കു മണ്ഡപത്തും വാതുക്കൽ നിന്ന് ഒരു പുരയും. കാഞ്ചീപുരത്തു നടയിൽ 15 കോൽനീളം 9 കോൽ വീതിയിൽ തെക്ക് മണ്ഡപത്തും വാതുക്കൽ നിന്ന് ഒരു പുരയും, രാമനാമഠത്തിൽ മുററവെളിയിൽ അരിവയ്ക്കുന്നതിന് 30 കോൽ നീളം 12കോൽ വീതിയിൽ തിരുവനന്തപുരം തെക്ക്, വടക്ക്, രണ്ടു മണ്ഡപത്തും വാതുക്കൽ നിന്ന് ഒരു പുരയും. ദീനക്കാരു നമ്പൂരിമാർക്ക് ക്ഷണം കൊടുക്കുന്നതിന് നെയ്തശ്ശേരിമഠത്തിൽ 60 കോൽ നീളം 12 കോൽ വീതിയിൽ മേലെഴുതിയ രണ്ടു മണ്ഡപത്തും വാതുക്കൽനിന്ന് ഒരു പുരയും ദീനക്കാർക്ക് പാർക്കുന്നതിനായി വലിയശാലയിൽ 20കോൽ നീളം 8കോൽ വീതിയിൽ തിരുവനന്തപുരം വടക്ക് ബാലരാമവർമ്മപുരം മണ്ഡപത്തും വാതുക്കൽ നിന്ന് രണ്ടുപുരയും, പർപ്പടകം തീർക്കുന്നതിന് പാൽകുളങ്ങര മടവിളാകത്ത് 30 കോൽ നീളം 12കോൽ വീതിയിലും, മൃഷ്ടാന്നം സദ്യ തുടങ്ങിയാൽ സ്വയം ഭാഗം കൊടുക്കുന്നതിന് വലിയശാലയിൽ 30 കോൽ നീളം 12 കോൽ വീതിയിലും തിരുവനന്തപുരം വടക്ക്മണ്ഡപത്തുംവാതുക്കൽ നിന്ന് രണ്ടുപുരയും, നമ്പൂരിമാർക്ക് എണ്ണ കൊടുക്കുന്നതിന് ശ്രീവരാഹത്ത് 30കോൽ നീളം, 12 കോൽ വീതിയിൽ തെക്കുമണ്ഡപത്തും വാതുക്കൽ നിന്ന് ഒരുപുരയും, പത്മതീർത്ഥത്തിന്റെ കരയിൽ ബാലരാമവർമ്മപുരം മണ്ഡപത്തും വാതുക്കൽനിന്നും 30 ദണ്ഡു നീളത്തിലും നെടുമങ്ങാട്ടുനിന്നും 41 കോൽ നീളത്തിലും ഒരു ചായ്പ്പും, പുത്തൻ കുളത്തിന്റെ കരയിൽ 30 കോൽ നീളത്തിലും, ശ്രീവരാഹത്തു കുളത്തിന്റെ കരയിൽ 60 ദണ്ഡുനീളത്തിലും, തിരുവനന്തപുരത്തു തെക്കു വടക്ക് രണ്ടുമണ്ഡപത്തും വാതുക്കലുകളിൽ നിന്ന് രണ്ടു ചായ്പും, ഇപ്രകാരം 39 പുരയും, മൂന്നുചായ്പും, കെട്ടുന്നതിന് വേണ്ടുന്ന തൂൺ-എഴ, മുള, ഓല, കമ്പ്, കാൽ



മുതലായതും ശേഖരിച്ചും കൊണ്ടുവന്ന് കീഴിലെ പതിവിന്മണ്ണം ആടിമാസം മുതൽക്ക് കെട്ടിതീർക്കുന്നതിന് നെയ്യാററിൻകര, ബാലരാമവർമ്മപുരം, തിരുവവന്തപുരം തെക്ക്, വടക്ക്, നെടുമങ്ങാട് അഞ്ചു മണ്ഡപത്തും വാതുക്കലും, തിരുവനന്തപുരം മരാമത്തുവകയിലും ഇതിൻപണിവകയിൽ നിന്നും കെട്ടേണ്ടുന്ന പുരകൾ വരിഞ്ഞു ഓല കെട്ടി തറയും ശിക്ഷ വരുത്തുന്നതിന് നായന്മാരെ അയക്കുന്നതിന് ചിറയിൻകീഴ് മണ്ഡപത്തും വാതുക്കലേയ്ക്കും പത്തു മാസത്തിനു മുമ്പിൽ തൈമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

15-ാമത് പുരകെട്ടുന്ന വകയ്ക്ക് മണ്ഡപത്തും വാതുക്കൽ വകവച്ചിരിക്കുന്നത് നീക്കി പണിവകയിൽ നിന്നും കെട്ടിക്കുന്ന പുരകൾക്ക് ചില്ലറചിലവിനും, വേണ്ടുന്ന മുളയ്ക്ക് നെയ്യാററിൻകര ബാലരാമവർമ്മപുരം, തിരുവനന്തപുരം തെക്ക്, വടക്ക്, നെടുമങ്ങാട്, മണ്ഡപത്തുംവാതുക്കലും വകവച്ച് 10 മാസത്തിനുമുമ്പിൽ തൈമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

16-ാമത് വാദ്യാന്മാര്, വൈദികന്മാരുൾപ്പെട്ട ആളുകളെ അവരവരുടെ പ്രദേശങ്ങളിൽനിന്നും വഞ്ചിയിലും, വള്ളത്തിലും കേററിക്കൊണ്ടുവരുന്നവകയ്ക്ക് അമ്പലപ്പുഴ വഞ്ചിവിരുത്തി-വള്ളവിരുത്തി-കാററുടെ പക്കലിരിക്കുന്ന വഞ്ചികൾ വരുത്തി അററകുററം തീർപ്പിക്കുന്നതിന് 10 മാസത്തേയ്ക്കുമുമ്പിൽ തൈമാസത്തിൽ അമ്പലപ്പുഴ തഹശീൽദാർക്ക് എഴുതിഅയയ്ക്കണം.

17-ാമത് ദാനം വകയ്ക്ക് വേണ്ടുന്ന എള്ളിന് നിത്യച്ചിലവിൽനിന്നും പണംവരുത്തി എള്ളു ശേഖരിച്ച് അൽപശിമാസംമുതൽക്ക് ഏൽപ്പിക്കുന്നതിന് ബാലരാമവർമ്മപുരം, നെയ്യാററിൻകര, ചിറയിൻകീഴ്, മൂന്നു തഹശീൽദാരന്മാർക്കും 9 മാസത്തിനുമുമ്പിൽ മാശിമാസത്തിൽ എഴുതി അയയ്ക്കണം.

18-ാമത് തിലപാത്രദാനം വകയ്ക്ക് 1008 ചെമ്പുതപലയും, 32 സാളഗ്രാമപീഠവും, തീർക്കുന്നതിനു മുമ്പിൽ കൂട്ടിപണം വാങ്ങിച്ച് ചെമ്പുപണിവകയിൽ ഏല്പിച്ച് ആയതൊക്കെയും തീർപ്പിച്ച് കാർത്തികമാസം മുതൽക്ക് നിത്യച്ചിലവിൽ ഏൽപ്പിക്കുന്നതിന് 8 മാസത്തിനു മുമ്പിൽ പങ്കുനിമാസത്തിൽ മരാമത്തിലേയ്ക്ക് എഴുതി അയച്ച് ചട്ടം കെട്ടണം.

19-ാമത് വാദ്ധ്യാന്മാര്, വൈദികന്മാര് ഉൾപ്പെട്ട ആളുകൾക്ക് കൊടുക്കുന്നതിനും ലക്ഷദീപത്തുന്നാൾ മതിലകത്ത് നടയ്ക്ക് വയ്ക്കുന്ന വകയ്ക്കും, പതക്കം, ശരപ്പൊളി, വീരചങ്ങല, മോതിരം, മുതലായവ

തീർപ്പിക്കുന്നതിനും രത്നക്കമ്പളി, സാൽവാ, പട്ട്, ചകലാസ്, മുതലായതു വരുത്തുന്നതിനും പണം വരുത്തി ആയത് കൈയ്യും തയ്യാറാക്കിക്കൊള്ളത്തക്കവണ്ണം പങ്കുനിമാസത്തിൽ ചെല്ലും വകയിൽ എഴുതി അയയ്ക്കണം.

20-ാമത് വേപ്പെണ്ണ, ചെറുപയറ്, ആവണക്കെണ്ണ, പലമേനി വെളിച്ചെണ്ണ, പഴയവെളിച്ചെണ്ണ, പശുവിൻനെയ്യ്, പന്ത്രസാര, പനിനീര്, നല്ലമുളക്, ഝാപ്പ്രാണം പുകയില, വിമാനക്കയറ്, കിണററുവടം, ആലാത്തുവടം, പൊളം, ചാമ, തിന, നാടൻപാക്ക്, വെററില, ഈഞ്ച, വിറക്, ഈവക ഇരുപതുകൂട്ടവും, ആവണി മാസംമുതൽക്ക് തവണപ്രകാരം, ഏല്പിക്കേണ്ടുന്നതിനും, തോവാളമുതൽ പറവൂർവരെ ഉള്ള മണ്ഡപത്തുംവാതുക്കൽകളിലും ആലപ്പുഴ കച്ചവടം വകയിലും, മുളക്‌മടിശ്ശീലവകയിലും ഏഴുമാസത്തിനു മുമ്പിൽ ചിത്തിരമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

21-ാമത് കിണ്ണൻകമ്പിളി, ഇലവുംപഞ്ഞി, മുതലായ വകകൾ ഏററു ചിലവിടുന്നതിന് തിരുവട്ടാററു, ഉള്ളാക്കൂറുപ്പന്മാരുടെ പേർക്ക്, ആ വക കണക്ക് എഴുതുന്ന വകയ്ക്ക് ഒരു കീഴ്കൂട്ടം പിള്ളയെ അയക്കത്തക്കവണ്ണം നെയ്യാററിൻകര തഹശീൽദാർക്കും ഈ വകകൾ ഏററിടുന്നടത്ത് സൂക്ഷിക്കുന്നതിന് ഒരു ഗാട്ടു അയയ്ക്കത്തക്കവണ്ണം പട്ടാളത്തിലേയ്ക്കും ഏഴുമാസത്തിനുമുമ്പിൽ ചിത്തിരമാസത്തിൽ എഴുതി അയയ്ക്കണം.

22-ാമത് പഴവരി, മേത്തിയരി, മേനി ഉണക്കൽഅരി, നെടിയരി, ഉമഅരി, അവൽ, ചമ്പാവിത്ത്, എള്ള്, കാണം, ഏത്തൻകാ, മേനിപടററുക്കാ, കദളിക്കാ, വാഴഇല, തൈര്, പ്പാക്കാ, ഇടിയൻ പ്പാക്കാ, കുമ്പളങ്ങാ, വെള്ളരിക്കാ, വഴുതനങ്ങാ, പുണക്കാ, പുത്താരിച്ചുണ്ടയ്ക്കാ, പാവയ്ക്കാ, പയററങ്ങാ, മാതളനാരങ്ങാ, ഇരുമ്പിച്ചിനാരങ്ങാ, കയ്പൻനാരങ്ങാ, വള്ളിനാരങ്ങാ, പച്ചമാങ്ങാ, ഏത്തവാഴമാന്നി, പച്ചകൊള്ളമുളക്, നെല്ലിക്കാ, പിറണ്ട, കറിവേപ്പില, നാരകത്തില, ചേന, കാച്ചിൽ, ചെറുകിഴങ്ങ്, ചേമ്പ്, ചീവക്കിഴങ്ങ്, തേങ്ങാ, ഇളനീർ ഉണ്ടശർക്കര, പതിയൻ ശർക്കര, തേൻ, മേനിവെളിച്ചെണ്ണ, കണ്ണയെണ്ണ, ശർക്കരെണ്ണ, കന്നുനെയ്യ്, പുളി, കൊല്ലമുളക്‌വററൽ, മഞ്ഞൾ, കടുക്, ഉലുവാ, ജീരകം, അയമോതകം, ഏലം, ചുക്ക്, ഇഞ്ചി, പച്ചമഞ്ഞൾ, ഇലുപ്പപിണ്ണാക്ക്, രാമച്ചം, പർപ്പടകകാരം, അഞ്ജനക്കല്ല്, ചമ്പൻപാക്ക്; പഴുക്കാപാക്ക്, വെററില, പുഴുക്, ചന്ദനം, ചുണ്ണാമ്പ്, വേവട്ടി, പനനാർവട്ടി, കരിമ്പൊളിവട്ടി, നാലുമുക്കൻവട്ടി,



ആനക്കാൽവട്ടി, ചൂരൽക്കുട്ട, പർപ്പടകക്കുട്ട, ഉപ്പേരിക്കുട്ട, വേമ്പാമ്പ്, മുറം, വിളമ്പുകലം, വലിയകലം, കലശക്കുടം, ചട്ടി, തവി, തോണിമരവ, അടപ്പലക, ആമപ്പലക, പന്തിപ്പലക, പർപ്പടകം തീർക്കുന്നപലക, നാർക്കാലി, കറിമത്ത്, പർപ്പടകം തീർക്കുന്ന ഉരുട്ടുകോൽ, പർപ്പടകകോൽ, കിടാരത്തണ്ടുമുള, ഉലക്കാ, പൂണുലക്ക, കുഴച്ചിരവാ, കൊതുമ്പ്, മേലാപ്പ്കോൽ, പന്തൽക്കോൽകെട്ട്, വഴുതനാര്, ഓലയുറി, തടയോലമടൽ, ഉലട്ടിക്കുല, വിശറിപാള, കാക്കോട്ട, ഇടിഞ്ഞിൽ, തിരുശ്ശീല, പച്ചത്താളി, താളിപ്പൊടി, വാകപ്പൊടി, ഉമിക്കരി, പച്ചഈർക്കിൽ ചകിരി, ഭസ്മം, ദർഭ, കുശദർഭ, പൂണുനൂൽ, ഏട്ടോല, മുള, ഏണിമുള, കമുക്, ഓലമടൽ, കിടുക്, കയറ്, വരിഞ്ഞകട്ടിൽ, ഇതിവണ്ണം 126കൂട്ടംകോപ്പുകളും ആവണിമാസം മുതൽക്ക് തവണപ്രകാരം ഏല്പിക്കേണ്ടുന്നതിന് തോവാള മുതൽ പറവൂർവരെ 32 മണ്ഡപത്തുംവാതുക്കലേയ്ക്കും ആലപ്പുഴ കച്ചവടം വകയിലേയ്ക്കും- ഉത്സവമഠം, വെഞ്ഞനപ്പുര, ഉൾപ്പെട്ട സ്ഥലങ്ങളിലേയ്ക്കും, 4 മാസത്തേയ്ക്കുമുമ്പിൽ-ആടിമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

23-ാമത് വെള്ളിക്കോൽ, തുടം, പിച്ചാത്തി, വെട്ടുകത്തി, മരത്തവി, ചെറുമാതിരിപലക, മുതലായതു പുരട്ടാശിമാസം മുതൽക്ക് തീർത്തു ഏല്പിക്കുന്നതിന് മരാമത്തു വകയിൽ വകവച്ച് ആ തഹശീൽദാർക്കും, തോണികൾ വരിയേണ്ടുന്നതിന് പതിവുള്ള നായന്മാരെ പുരട്ടാശിമാസത്തിൽ അയയ്ക്കത്തക്കവണ്ണം ചെങ്ങന്നൂർ തഹശീൽദാർക്കും 4 മാസത്തിനു മുമ്പിൽ ആടിമാസത്തിൽ എഴുതി അയയ്ക്കണം.

24-ാമത് നമ്പൂരിമാർക്ക് ചികിത്സയ്ക്ക് മരുന്നു കൂട്ടുന്നതിന് അങ്ങാടി മരുന്നു വരുത്തി അൽപ്പശിമാസം മുതൽക്ക് ഏല്പിക്കുന്നതിന് നാലുമാസത്തേയ്ക്കു മുമ്പിൽ ആടിമാസത്തിൽ, തിരുവനന്തപുരം വടക്ക് മണ്ഡപത്തുംവാതുക്കൽ വകവച്ച് എഴുതി അയക്കണം.

25-ാമത് മൃഷ്ടാന്നം-സദ്യ തുടങ്ങുമ്പോൾ വർക്കല മലപ്രത്തു വച്ച് കഞ്ഞിവീഴ്ത്തുന്നതിനും, ജനാർദ്ദനപ്പെരുമാൾ സ്വാമിയ്ക്ക് ശർക്കരപ്പായസം നിവേദ്യം കഴിപ്പിക്കേണ്ടുന്നതിനും, വകവച്ച് 4 മാസത്തിനു മുമ്പിൽ ആടിമാസത്തിൽ ചിറയിൻകീഴ് തഹശീൽദാർക്ക് എഴുതി അയക്കണം.

26-ാമത് ആഴ്വാഞ്ചേരി തമ്പ്രാക്കൾ, വാദ്ധ്യാന്മാർ, വൈദികന്മാരുൾപ്പെട്ട ആളുകളെ കേററിക്കൊണ്ട് വരുന്നതിന് തോവാളമുതൽ ചിറയിൻകീഴ്‌വരെയുള്ള പല്ലക്കു വരുത്തിയും, പോരാത്തപല്ലക്കും മേനാവും,

ആലാത്തുവടം-നങ്കൂരക്കയർ (വടം)

ചെല്ലം വകയിൽ നിന്നും പുത്തനായിട്ടും, അറാകുറാവും തീർപ്പിച്ച് അൽപശിമാസം മുതൽക്ക് പറവൂർവരേയും, കൊടുത്തയക്കേണ്ടുന്നതിന് 4 മാസത്തേയ്ക്കു മുമ്പിൽ ആടിമാസത്തിൽ ചട്ടം കെട്ടണം.

27-ാമത് നമ്പൂരിമാർക്ക് മരുന്നു കൂട്ടുന്നതിന് വെട്ടുമരുന്ന് അൽപശിമാസംമുതൽക്ക് ഏല്പിക്കേണ്ടുന്ന വകയ്ക്ക് തോവാള മുതൽ തൊടുപുഴവരേയുള്ള മണ്ഡപത്തും വാതുക്കൽകളിൽ വകവച്ച് മൂന്നുമാസത്തിനു മുമ്പിൽ ആവണിമാസത്തിൽ എഴുതി അയയ്ക്കണം.

28-ാമത് വാദ്ധ്യാൻമാര് വൈദികന്മാരുംപ്പെട്ട ആളുകൾ, വരുമ്പോൾ വഴിമേൽ കഴക്കൂട്ടം മുതൽ പറവൂർവരെ ഉള്ള ഊട്ടുകളിലും, ഊട്ടില്ലാത്ത സ്ഥലങ്ങളിലും, അരിയും, കോപ്പുകളും, വട്ടംകൂട്ടി വലിയ പർപ്പാകം, പഞ്ചസാര, ആദിയായിട്ടുള്ള വിഭവങ്ങളോടുകൂടി ഭക്ഷണം കൊടുക്കുന്നതിനും, അവർക്ക് വള്ളം വണ്ടികൾ വരുത്തി കൊടുക്കയും, വഴികൾ ശിക്ഷവരുത്തി തോരണം കെട്ടിക്കയും ചെയ്യുന്നതിനും തഹശീൽദാരന്മാർക്ക് മൂന്നുമാസത്തിനു മുമ്പിൽ ആവണിമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

29-ാമത് പലവെഞ്ഞനവും, കോപ്പുകളും, ചിലവിട്ടു കണക്കെഴുതുന്ന വകയ്ക്ക് ആവണിമാസം 16-ാം തീയതി മുതൽക്കും അൽപശിമാസം 20-ാം തീയതി മുതൽക്കും, 30-ാനു മുതൽക്കും, ഈ രണ്ടുപിള്ളമാരേയും, കാർത്തികമാസം 4-ാനു മുതൽക്ക് മൂന്നു പിള്ളമാരേയും അയക്കുന്നതിന് നെയ്യാററിൻകര, ബാലരാമവർമ്മപുരം, രണ്ടുതഹശീൽദാരന്മാർക്കും, പണംവക കണക്കെഴുതുന്നതിന് പുരുട്ടാശിമാസം 1-ാനു-. കാർത്തികമാസം 1-ാംനു-ം, മുതൽക്ക് ഓരോ പിള്ളമാരെ തിരുവനന്തപുരം വടക്ക് മണ്ഡപത്തും വാതുക്കൽ നിന്ന് അയച്ചു കൊടുക്കത്തക്കവണ്ണം ഒന്നാം തഹശീൽദാരുടെ പേർക്കും ആവണിമാസത്തിൽ ഏഴുതി അയച്ച് ചട്ടം കെട്ടണം.

30-ാമത് ഓലയും മുളയും. തേവാരത്തു കോയിക്കലും, വിറക്-മൈതാനത്തു തോപ്പിലും, ഏററിടുന്നിടത്ത് സൂക്ഷിക്കുന്നതിന് ഓരോ ഗാട്ടു അയയ്ക്കത്തക്കവണ്ണം മൂന്നു മാസത്തിനു മുമ്പിൽ പട്ടാളത്തിലേയ്ക്ക് എഴുതി അയയ്ക്കണം.

31-ാമത് മുറജപം 56 ദിവസവും, കൊട്ടാരത്തിൽ വച്ച് വലിയ ഗണപതിഹോമം, കഴിപ്പിക്കേണ്ടുന്ന വകയ്ക്ക് കൊട്ടത്തേങ്ങ, മേലരി, ചമത, മുതലായതു അൽപശിമാസം മുതൽക്ക് ഏല്പിക്കുന്നതിന് നെയ്യാററിൻകര മുതൽ കൊല്ലംവരെയുള്ള മണ്ഡപത്തും വാതുക്കലുകളിൽ വകവച്ച് രണ്ടുമാസത്തിനു മുമ്പിൽ പുരുട്ടാശി മാസത്തിൽ എഴുതി അയയ്ക്കണം.



33-ാമത് കോട്ടയ്ക്കകത്തുള്ള തെരുവീഥികളും, ശ്രീകണ്ഠേശ്വരത്തും മററും പോകുന്ന വഴികളും, നന്നാക്കിച്ച് ശ്രീവരാഹം, ശ്രീകണ്ഠേശ്വരം, മിത്രാനന്ദപുരം, ഉൾപ്പെട്ട സ്ഥലത്തുള്ള കുളങ്ങളിലും പത്മതീർത്ഥത്തിൽ വെള്ളം പായുന്നതിനുള്ള ആററുകാലിലും, ഒടപ്പുകൾ വീണിട്ടുള്ളതും കോരി ശിക്ഷ വരുത്തിച്ച് കോട്ടക്കു വെളിയിൽ മറക്കുഴികളും, വെട്ടിക്കേണ്ടുന്ന വകയ്ക്ക് പതിവിൻ പ്രകാരമുള്ള നായന്മാരെ പുരുട്ടാശിമാസം മുതൽക്ക് അയക്കുന്നതിന് നെയ്യാററിൻകര, ബാലരാമവർമ്മപുരം, നെടുമങ്ങാട്, ചിറയിൻകീഴ്, നാലു തഹശീൽദാരന്മാർക്കും ആടിമാസത്തിൽ എഴുതി അയക്കണം.

34-ാമത് സദ്യയ്ക്ക് മുളകും മഞ്ഞളും ഇടിക്കുന്നതിനും, പയറു പരിപ്പാക്കുന്ന വകയ്ക്കും, ഇല എടുത്ത് അടിച്ചു തളിക്കുന്നതിനും അച്ചിമാരേയും, കുറുപ്പന്മാരേയും, അയക്കത്തക്കവണ്ണം അഗസ്തീശ്വരം മുതൽ ചിറയിൻകീഴ്വരെയുള്ള തഹശീൽദാരന്മാരുടെ പേർക്ക് പുരുട്ടാശി മാസത്തിൽ എഴുതി അയച്ചു വരുത്തണം.

35-ാമത് കാകറികോപ്പുകൾ ഏററു ചിലവിട്ടു കണക്കെഴുതുന്നതിന് നെടുമങ്ങാട്ടു നിന്നും പുരുട്ടാശി മാസം 28-ാനു രണ്ടു പിള്ളയേയും അൽപശിമാസം 20-ാനു 4 പിള്ളയേയും. കാർത്തികമാസം 1-ാനു 3 പിള്ളയേയും, തൈര് ഏല്പിക്കുന്നതിനും മററും ചിറയിൻകീഴ് നിന്നും അൽപശിമാസം 20-ാനു 4 പിള്ളമാരേയും 27-ാനു 2 പിള്ളമാരേയും അയയ്ക്കുന്നതിന് ആ രണ്ടു തഹശീൽദാരന്മാരുടേയും പേർക്കും പുരുട്ടാശി മാസത്തിൽ എഴുതി അയയ്ക്കണം.

36-ാമത് പർപ്പടകം തീർക്കുന്നതിന് അമ്പലപ്പുഴ, കാർത്തികപ്പള്ളി രണ്ടു മണ്ഡപത്തും വാതുക്കൽ നിന്നും കൊങ്ങണികളെ അൽപശിമാസത്തിൽ അയക്കത്തക്കവണ്ണം പുരുട്ടാശി മാസത്തിൽ എഴുതി അയയ്ക്കണം.

37-ാമത് സദ്യയ്ക്കും കഞ്ഞിക്കും ഇലയും തടയും ഉണ്ടാക്കികൊടുക്കുന്നതിനു വണ്ടിക്കാറരേയും തൈര് ഏററ് ചിലവിടുന്നതിന് പണ്ടാരികളേയും, കറിക്കുവെട്ട്, വിറക്എടുപ്പ്, നിലയാൾ നിൽപ്പ്, ചന്ദനം അരപ്പ്, ഉൾപ്പെട്ട വകയ്ക്ക് പതിവുള്ള നായന്മാരേയും, അൽപശിമാസം മുതൽക്ക് അയക്കുന്നതിന് വിളവങ്കോട്, നെയ്യാററിൻകര, ബാലരാമവർമ്മപുരം, നെടുമങ്ങാട്, 4 തഹശീൽദാരന്മാർക്കും. ഉപ്പു കാച്ചുന്നതിന് ആറുപേരേയും, മൃഷ്ടാന്ന സദ്യയ്ക്ക് ഇല മുറിഞ്ഞു കെട്ടുന്നതിനും, വിറകു വാരിയിടുന്നതിനും 20 പേരേയും, നമ്പൂരി

മാർക്ക് ദീനം അധികമായാൽ വലിയശാലയിൽ കെട്ടിയിരിക്കുന്ന പുരയിൽ ആക്കിസൂക്ഷിക്കുന്നതിനും മററും പതിവിൻപ്രകാരം ഉള്ള നായന്മാരേയും, അയക്കുന്നതിന് ദേശകുളത്തൂര്, പള്ളിപ്രം, പാൽക്കുളങ്ങര, നെല്ലമൺ, വഞ്ചിയൂർ, അഞ്ചു പാർവത്യക്കാറന്മാർക്ക് പുരുട്ടാശി മാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

38-ാമത് അരിക്കോപ്പു മുതലായത് ഏററ് ചിലവിടുന്നതിന് നല്ലൂര് കപ്പിയറ, രണ്ടു വകയിലുള്ള കുറുപ്പന്മാരും നിലയാളുകളും, പുരുട്ടാശി മാസം 28-ാനു വന്നു ചേരേണ്ടുന്നതിന് ആ മാസത്തിൽ എഴുതി അയയ്ക്കണം.

39-ാമത് നെടുംകലവറ നട രണ്ടിലും, രാമനാമഠത്തിൽ വടക്കേ നടയിലും തോപ്പിൽ വലിയ നെടുംപുരയിലും പുരുട്ടാശി മാസം 28-നു മുതൽക്ക് ഓരോ ഗാട്ടു ഇടുവിക്കുന്നതിന് ആടി മാസത്തിൽ പട്ടാളത്തിലേക്ക് എഴുതി അയയ്ക്കണം.

40-ാമത് തിരുവനന്തപുരം മണ്ഡപത്തും വാതുക്കൽ ചേർന്ന അധികാരങ്ങളിൽ നിന്നും കോട്ടയ്ക്കകത്ത് തെരുവീഥികളിൽ മാടം വയ്പിച്ച് കാവലിനും, നമ്പൂരിമാർക്ക് ചൂട്ടു കെട്ടി കൊടുക്കുന്നതിനും ആളാക്കത്തക്കവണ്ണം അൽപശി മാസത്തിൽ എഴുതി അയയ്ക്കണം.

41-ാമത് അരിയും അവലും മുതലേററു ചിലവിട്ടു കണക്കെഴുതുന്നതിന് അൽപശിമാസം 20-ാനു മുതൽക്ക് മണ്ഡപത്തും വാതുക്കൽ നിന്നും രണ്ടു പിള്ളമാരെ ആക്കി ചട്ടം കെട്ടണം.

42-ാമത് ദാനം വകയ്ക്ക് 50 പശുവിനും, കന്നിനും, നിത്യച്ചിലവിൽനിന്നും പണം വരുത്തി ആ വക ഉരുക്കൾ, മാർകഴിമാസത്തിൽ ഏല്പിക്കുന്നതിന് കൊട്ടാരക്കര തഹശീൽദാർക്ക് അൽപശിമാസത്തിൽ എഴുതി അയക്കണം.

43-ാമത് ചീരട്ട മൺമൂസ്സ് മരുന്നു കൂട്ടുന്നിടത്തുള്ള വേലക്കാര്യങ്ങൾക്ക് ഒരു മുന്നിലക്കാറനേയും, പത്തു നായന്മാരേയും, ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ വകയ്ക്കും, നെയ്യാശ്ശേരി മഠത്തിൽ ദീനക്കാർക്കും അരിയും കോപ്പുകളും കൊണ്ടുചെന്ന് കൊടുക്കുന്നതിന് 25 നായന്മാരേയും അൽപശിമാസം 29-ാനു മുതൽക്ക് അയക്കുന്നതിന് പട്ടം അധികാരത്തിൽ പാർവത്യക്കാറന്റെ പേർക്ക് ആ മാസത്തിൽ എഴുതി അയച്ചു ചട്ടം കെട്ടണം.

---

മുന്നിലക്കാറൻ-ദേശത്തിന്റെ ചെറിയ അധികാരി



44-ാമത് പന്തിപ്പലക, മുക്കി വെയ്ക്കേണ്ടുന്നതിന് ഒരു മുന്നിലക്കാറനേയും അറുപതു നായന്മാരേയും, കാർത്തികമാസം 4-ാനു മുതൽക്കു ഉത്സവമഠത്തിൽ അയക്കുന്നതിന് ഉള്ളൂരധികാരത്തിൽ പാർവത്യക്കാറനു അൽപശി മാസത്തിൽ എഴുതി അയക്കണം.

45-ാമത് മുഷ്ടാന്ന സദ്യയ്ക്ക് തേവാരത്തു കോയിക്കൽവച്ച് പലഹാരം ഉണ്ടാക്കുന്നതിന് അരിയും കോപ്പും കൊണ്ടുചെന്ന് കൊടുക്കേണ്ടുന്ന വകയ്ക്ക് വഞ്ചിയൂർ അധികാരത്തിൽ നിന്നു ഒരു മുന്നിലക്കാറനേയും പത്തു നായന്മാരേയും കണക്കെഴുന്നതിന് നെല്ലമൺ അധികാരത്തിൽ നിന്ന് ഒരു പിള്ളയേയും മാർകഴിമാസം 17-ാനു അയക്കുന്നതിന് പാർവത്യക്കാറന്മാർക്ക് എഴുതി അയച്ച് ചട്ടം കെട്ടണം.

46-മത് പത്മതീർത്ഥം, ശ്രീവരാഹം, ശ്രീകണ്ഠേശ്വരം, മിത്രാനന്തപുരം, ഉൾപ്പെട്ട കുളങ്ങളിൽ കുളിക്കുന്ന നമ്പൂരിമാർക്ക് മാവിലമുതലായതു കൊണ്ടു ചെന്ന് കൊടുക്കുന്നതിന് രണ്ടു നായന്മാരേയും, നെടും പുരകളിലും, മഠങ്ങളിലും, പാർക്കുന്ന നമ്പൂരിമാർക്ക് വെലിക്കോപ്പ്, തേവാരക്കോപ്പ്, മുതലായതു കൊണ്ടു ചെന്ന് കൊടുക്കുന്നതിന് എട്ടുപേരേയും നമ്പൂരിമാർക്ക് ശ്രീവരാഹം മുതലായ സ്ഥലത്ത് വച്ച് എണ്ണകൊടുക്കുന്നതിന് ഒരു മുന്നിലക്കാറനേയും, 15 നായന്മാരേയും, വിറകുവാരി ഇടുന്നതിന് 50 കണ്ണമ്മൂലക്കാറരേയും, കാർത്തിക മാസം 3-ാംനു അയക്കുന്നതിന് വഞ്ചിയൂരധികാരത്തിൽ പാർവത്യക്കാറനും കണ്ണമ്മൂല വിചാരിപ്പുകാറനും, അല്പശി മാസത്തിൽ എഴുതി അയച്ചു ചട്ടം കെട്ടണം.

47-ാമത് മുഷ്ടാന്ന സദ്യ തുടങ്ങിയാൽ വലിയശാലയിൽ വച്ച് സംഭാഗം കൊടുക്കുന്നതിന് അരിയും കോപ്പുകളും കൊണ്ടുപോകുന്ന വകയ്ക്ക് 54നായന്മാരെയും, ഒരു മുന്നിലക്കാറനേയും, മാർകഴിമാസം 23-ാംനു അയക്കുന്നതിന് വട്ടിയൂർക്കാവ് അധികാരത്തിൽ പാർവത്യക്കാറന്റെ പേർക്ക് അല്പശി മാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

48-ാമത് വലിയകോയ്ക്കൽ ആറു നെടുംപുരയിലും, ശ്രീകണ്ഠേശ്വരത്ത് മൂന്നുപുരയിലും, ശംഖുചക്രത്ത് ഒരു പുരയിലും, ഇരണ്ടു ഗാട്ടു വീതം, പത്തു പുരയ്ക്ക് ഇരപതു ഗാട്ടും, മൈതാനത്ത് 5 നെടും പുരയിലും, നെയ്യശ്ശേരി മഠത്തിൽ നാലുപുരയിലും, ശ്രീവരാഹത്ത് എണ്ണ പുരയിലും, പാൽകുളങ്ങര പപ്പടകം തീർക്കുന്ന പുരയിലും, പുത്തൻ കുളത്തിൽ കുളപ്പുരയിലും, കാഞ്ചീപുരത്തു മഠത്തു നടയിലും, നാടകശാല മുകപ്പിലും കണ്ടുകൃഷി മേടയിലും,

തെക്കേത്തെരുവിൽ അരശുംമൂട്ടിലും, ചോററുപുരനടയിലും, മേക്കേനടയിൽ കളിത്തട്ടിലും, സ്വാമിയാർമഠത്തുനടയിലും, തേവാരത്തുകോയിക്കൽ അരശുംമൂട്ടിലും, വടക്കേകൊട്ടാരത്തിനു കിഴക്കുവശത്തും, നെൽപ്പുരനടയിലും, കല്ലിടുക്കു നടയിലും, നെടുങ്കലവറയിലും, തൈരുപുരയിലും, ഉപ്പുകാച്ചുപുരയിലും, ഓരോ ഗാട്ടുവീതം 26 ഗാട്ടും, പത്മതീർത്ഥത്തിൽ കുളപ്പുരയിൽ എട്ടു ഗാട്ടും, ശ്രീവരാഹത്ത് കുളപ്പുരയിൽ രണ്ടുഗാട്ടും, കാഴ്ച പണ്ടകശാലയിൽ 5 ഗാട്ടും ഇതിന്മണ്ണം 61 ഗാട്ടു ഇടുവിക്കുന്നതിനു, മുറശീവേലിതോറും ശീവേലിപ്പുരയിൽ കെട്ടിയിരിക്കുന്ന കിടുകം അത്താഴം ഇല വയ്പു കഴിഞ്ഞ ഉടനെ അഴിച്ച് ശീവേലി കഴിഞ്ഞു കൂടുമ്പോൾ തിരികെ കെട്ടുകയും ജലജപം സമയത്തു പത്മതീർത്ഥത്തിന്റെ നാലുകരയിലും ആളുവിലക്കുകയും-സദ്യയ്ക്ക് ഇഞ്ചി, നാരങ്ങായും, ഏകാദശിക്ക് ഏത്തൻകായും നുറുക്കികൊടുക്കയും ചെയ്യേണ്ടുന്നതിനു പതിവുള്ള ശിപായികളെയും ഉദ്യോഗക്കാരെയും, അൽപശിമാസം 10-ാനു മുതൽക്ക് തവണപ്രകാരം അയക്കുന്നതിന് ആ മാസത്തിൽ പട്ടാളത്തിലേക്ക് എഴുതി അയക്കണം.

49-ാമത് നമ്പൂരിമാർക്ക് മുണ്ട് അലക്കിക്കൊടുക്കുന്നതിന് തിരുവനന്തപുരം 10 അധികാരത്തിലും ഉള്ള വെളുത്തേടന്മാരെയും, ആ വകക്ക് കണക്കെഴുതുന്നതിന് വഞ്ചിയൂർ, പാൽകുളങ്ങര, നെല്ലമങ്ങ്, മൂന്ന് അധികാരത്തിൽനിന്നും പിള്ളമാരെയും, കാർത്തികമാസം 1-ാനു അയക്കുന്നതിന് പാർവത്യക്കാരന്മാർക്ക് അൽപശിമാസത്തിൽ എഴുതി അയച്ച് ചട്ടം കെട്ടണം.

50-ാമത് സദ്യയ്ക്ക് ദേഹണ്ണത്തിനും, വിചാരിപ്പിനും, ആളുനിശ്ചയിച്ചാക്കി മുറജപത്തിൽ മൃഷ്ടാന്നസദ്യ തുടങ്ങുന്നതിനു മുമ്പിൽ 49 ദിവസത്തേയ്ക്ക് ഏകാദശി ഒഴികെ ശേഷം ഉള്ള ദിവസങ്ങളിൽ നമ്പൂരിമാർക്ക് മുത്താഴം ഭക്ഷണത്തിന് വിത്തരിച്ചോറും, പശുവിൻനെയ്യും ശർക്കരപുരട്ടിയ ഉപ്പേരിയും, മൂന്നുകൂട്ടം വറുത്തഉപ്പേരിയും, ഒരു കൂട്ടം വററലും, വെളുത്ത കാളനും, ചെണ്ടമുറിയനും, പേരൊന്നിന് നാലു ചെറിയ പർപ്പടകവും, ഓരോ വലിയപർപ്പടകവും, നാലുപടററുപഴവും, പഞ്ചസാരയും, തൈരും, കാച്ചിയമോരും, കാച്ചിയഉപ്പും, വേപ്പിലക്കട്ടിയും, പുളിയിഞ്ചിയും, നാരങ്ങാക്കറിയും, ചുക്കുവെള്ളവും, ചന്ദനവും, ഇതിൽ അഞ്ചുസദ്യവരുന്ന ദിവസങ്ങളിൽ പരിപ്പും, വെററിലകൊത്തും, പാക്കും കൂടുതലായിട്ടും മൃഷ്ട്ടാന്ന സദ്യയ്ക്ക് പഴവരിച്ചോറും, ചേനവറുത്ത ഉപ്പേരിയും, പടററുവാഴയ്ക്കാ

---

ചെണ്ടമുറിയൻ-നേന്ത്രപ്പഴം മുറിച്ച് വേവിച്ചത്. വേപ്പിലക്കട്ടി-നാരകത്തിലയും, ഉപ്പും, മുളകും കൂടി ഇടിച്ചു പൊടിച്ച ചമ്മന്തി.



ഉപ്പേരിയും ചെറുപ്പരിപ്പും, എരിശ്ശേരിയും, പുളിശ്ശേരിയും, പച്ചടിയും, പുളിയിഞ്ചി നാരങ്ങാക്കറിയും പായസവും, ഒരുകൂട്ടം പ്രഥമനും, പേരൊന്നിന് ഓരോ അപ്പവും, വടയും, സുഖിയനും, നെയ്യും, വലിയ പർപ്പടകവും, ചെറിയ പർപ്പടകവും, പഴവും പഞ്ചസാരയും, വേണ്ടുന്നിടത്തോളവും ശർക്കരയും പിറണ്ടചമ്മന്തിയും, വേപ്പിലക്കട്ടിയും, മോരും, കാച്ചിയഉപ്പും, ചുക്കുവെള്ളവും വെററിലകൊത്തും പാക്കും ചന്ദനവും കൂത്തിവേണ്ടുന്ന വകയ്ക്ക് ദ്വാദശിനാളിലും മൃഷ്ടാന്നസദ്യ തുടങ്ങിയാലും ആയതു പതിവില്ലാഴിക കൊണ്ട് ശേഷം ദിവസങ്ങളിൽ വിത്തരിക്കഞ്ഞിയും അസ്ത്രവും, ചെറുപയറും, തേങ്ങാപ്പൂളും, ചെണ്ടമുറിയനും, ചെറിയപർപ്പടകവും, ശർക്കരപുരട്ടിയ ഉപ്പേരിയും, ഉപസ്തരണവും, പഴവും പഞ്ചസാരയും, വേണമെങ്കിൽ ആയതും ഏകാദശി വരുന്നദിവസം ചാമക്കഞ്ഞിയും ചെറുപയറു വറുത്തിട്ടും, പുഴുക്കിന് ചെറുപയറും തേങ്ങാപ്പൂളും, ചെണ്ടമുറിയനും, അസ്ത്രവും ചോറു വേണ്ടുന്ന ആളുകൾക്ക് ചാമച്ചോറും, പശുവിൻ നെയ്യും, എരിശ്ശേരിയും, പുളിശ്ശേരിയും, ശർക്കരപുരട്ടിയ ഉപ്പേരിയും, മൂന്നുകൂട്ടം വറുത്തുപ്പേരിയും, ഒരു കൂട്ടം വററലും പടററുപഴവും പഞ്ചസാരയും, തൈരും, ഒരു കൂട്ടം പ്രഥമനും, ഓലനും, കാച്ചിയമോരും, കാച്ചിയഉപ്പും, മൃഷ്ടാന്നസദ്യയിൽ ഏകാദശി വന്നാൽ ചാമച്ചോറും പശുവിൻനെയ്യും എരിശ്ശേരിയും, പുളിശ്ശേരിയും, ശർക്കരയും, പഞ്ചസാരയും, ഒരു കൂട്ടം പ്രഥമനും, ചേനവറുത്തുപ്പേരിയും, പടററുവാഴക്കാ ഉപ്പേരിയും, നാരങ്ങാക്കറിയും, മോരും ഉപ്പും മുറജപത്തിൽ മൃഷ്ടാന്നസദ്യ അല്ലാതെയുള്ള ദിവസങ്ങളിൽ അത്താഴത്തിന് വിത്തരിച്ചോറും എരിശ്ശേരിയും, പുളിശ്ശേരിയും, ഒരു കൂട്ടം ഉപ്പേരിയും ഒരു കൂട്ടം പ്രഥമനും, രണ്ടുകൂട്ടം ഉപ്പിലിട്ടതും കാച്ചിയമോരും, കാച്ചിയഉപ്പും, മൃഷ്ടാന്ന സദ്യതുടങ്ങിയാൽ പഴവരിച്ചോറും മുളകഷ്യവും ഉപസ്തരണവും നാരങ്ങാക്കറിയും, ഉപ്പും മോരും പലഹാരം വകയ്ക്ക്പേരൊന്നിന് കാൽഇടങ്ങഴി അവൽ വീതം കൊടുക്കുന്നതിന് ഇടങ്ങഴി അവലിന് 4 പലം ശർക്കരയും മുക്കാൽ തേങ്ങായും ചുക്കും ജീരകവുംപൊടിച്ചു ആയതും ചേർത്ത് അവലും ഏകാദശിക്ക് ഇളനീരും പടററുപഴവും ഏത്തക്കാ ഉണ്ടായിരുന്നാൽ വറുത്തു പേരൊന്നിന് 25 തുണ്ടും ദീനക്കാർക്ക് ഭക്ഷണത്തിന് പഴവരികൊണ്ട് കഞ്ഞിയും ചോറും മുളകഷ്യവും കണ്ണിമാങ്ങായും ഒണക്കിഞ്ചിയും നാരങ്ങായും ചുക്കുവെള്ളവും ആയിട്ടു വട്ടംകൂട്ടി കൊടുക്കുന്നതിനു ചട്ടം കെട്ടണം.

51-ാമത് മാർകഴിമാസം 23-ാനു അസ്തമിച്ച് ജലജപം കഴിഞ്ഞതിന്റെ ശേഷം കീഴിലെ പതിവിൻ പ്രകാരം ബാലരാമവർമ്മപുരം നെടുമങ്ങാട്- രണ്ട് തഹശീൽദാരന്മാരും പാർവത്യക്കാരന്മാരും ചെന്നി

രുന്ന് തീവെട്ടിയും പിടിപ്പിച്ച് പത്മതീർത്ഥക്കരെ കെട്ടിയിട്ടുള്ള ചായ്പുകൾ പൊളിപ്പിച്ച് മാററണം.

52-ാമത് മകരമാസം 1-ാനു- ലക്ഷദീപത്തുംനാൾ മുത്താഴം സദ്യകഴിഞ്ഞ് കൂടുമ്പോൾ മതിലകത്തു തിരുമുററത്തു കെട്ടിയിരിക്കുന്ന പുരകൾ ഒക്കെയും പൊളിപ്പിച്ച് ആ സ്ഥലത്തും ശേഷംസ്ഥലങ്ങളിലും വിളക്കഴി നിർത്തുവാനുള്ളതാകയാൽ ആ വകയ്ക്ക് കീഴിലെ പതിവിൻ പ്രകാരം മലയാംപട്ടാളത്തിൽ നിന്നും ശിപായികളും ഉദ്യോഗക്കാററും മരാമത്തു വകയിൽ ഉള്ള വേലക്കാററും ആനമേൽ വിചാരിപ്പിൽഉള്ള ആനകളേയും കൊണ്ട് ആനക്കാററും വന്നുപുരകൾ പൊളിച്ച്വെളിയിൽ ആക്കിക്കൊള്ളത്തക്കവണ്ണവും അഴിവിളക്ക് കമ്പവിളക്ക് മുതലായതു വയ്പിച്ച് ശീവേലി അടിയന്തരം വേണ്ടും പ്രകാരം കഴിവാൻ തക്കവണ്ണവും ശട്ടം കെട്ടണം.

53-ാമത് മുറജപക്കാററു നമ്പൂരിമാർക്ക് നാളൊന്നിന് ജലജപത്തിന് ഓരോ പണവും, സഹസ്രനാമ ജപത്തിന് അരപണവും, മുറജപത്തിന് രണ്ടുപണവും കാലം കൂടുന്ന ദിവസം പ്രതിഗ്രഹം അഞ്ചു പണവും, ഗോമൂല്യം വരാഹൻ ഒന്നിന് ഇരുപത്തിരണ്ടുപണവും ഇതിന്മണ്ണം പേരൊന്നിന് ഇരുന്നൂററി പന്തിരണ്ടരപണം വീതം ദക്ഷിണവും ഒരു കട്ടിലും ഒരു പുൽപ്പായും, ഒരു നൂൽകമ്പിളിയും ഒരു തലയണയും, ഒരു കിണ്ടനും, നാലുപുളിയിലക്കരക്കവണിയും നാലുതുവരയും നാളൊന്നിന് 20 വെററിലയും 6 നാടൻ പാക്കും, 2 പഴുക്കാപാക്കും, 8 ദിവസത്തിലൊരിക്കൽ മുറ ഒന്നിന് ഈരണ്ടു യാപ്പാണപ്പുകയിലയും വാദ്ധ്യന്മാരു വൈദികന്മാരു ആഢ്യന്മാരു ആഴ്വാഞ്ചേരി തമ്പ്രാക്കൾ മുതലായവർക്കു പതിവിൻപ്രകാരം തട്ടുപടിയും, കവളപ്പാറ പുൽപ്പായും, രത്നക്കമ്പിളി മെത്ത തലയണയും സാൽവയും ചകലാസും പച്ചവടതുപ്പട്ടിയും കസവിട്ട കവണിയും സമ്മാനം മുതലായതും കൊടുക്കണം.

---

പ്രതിഗ്രഹം-ദാനം, ചകലാസ്-ചുവന്ന കമ്പിളി
പച്ചവട തുപ്പട്ടി-പച്ചക്കരയുള്ള വെള്ളവസ്ത്രം



## ഹജൂർതിരട്ടുകൾ 28

കൊ:വ: 1015

1) പുതുക്കോട്ടയിൽ നിന്നും വന്നു പാർക്കുന്ന ശുപ്പുഭാഗവതർക്ക് മാസം 1ക്ക് 490 വീതം 1015 ആവണിമാസം 1-ാനു- മുതൽ പതിവിൽകൂട്ടി കൊടുപ്പാൻ 1014 ആടി 31-ാനു- കൽപ്പിച്ച് എഴുതിവന്ന നീട്ടുംപടി ചിലവും-കൂടുതൽ ഉരുപ്പടെ പേർ 19 ക്ക് മാസം 1ക്ക് 2071 വീതം തീരുവ.

2) ക്ഷീരാബ്ദി ശാസ്ത്രികൾക്ക് പാർക്കുന്നതിന് 48 കോൽ 8 വിരൽ ചുററിൽ തായ്ക്കെട്ടും, 43 കോൽ 8 വിരൽ ചുററിൽ കിഴക്കേകെട്ടും, 40 കോൽ 8 വിരൽ ചുററിൽ മേക്കേകെട്ടും ഇതിന്മണ്ണം മൂന്നുകെട്ടായിട്ടുമാവും പടിഞ്ഞാറുവശത്ത് മാപ്പള്ളിയും, തറമേടയും, പുത്തനായിട്ട് 1013-ാമാണ്ട് തീർപ്പിച്ച വകയ്ക്കും മാപ്പള്ളി 1014-ാമാണ്ട് ആനിമാസം അഗ്നി ബാധയിൽ ചേതം വന്നത് അററകുററം തീർപ്പിച്ച് മതിലുകളും പുരയും കെട്ടിച്ചതിന് ചിലവ്-9596¼/

3) ചെങ്കോട്ട കസ്പാമണിയത്തിൽ ചേർന്ന കലങ്കാതകണ്ടി അണയിൽ വരുന്ന വെള്ളം-ചെങ്കോട്ട-തെങ്കാശി രണ്ടു താലൂക്കുകളിൽ ചേർന്ന നിലങ്ങളിൽ പായുന്നതിനാൽ കാലിൽ അററകുററം ഉള്ളത് വെട്ടി നന്നാക്കിയ വകക്ക് പണ്ടാരവക വീതത്തിന് 1015 തുലാം 15-ാനു- എഴുതിയ ഉത്തരവുംപടി തെങ്കാശി താലൂക്ക് തഹശീൽദാർ കൊട്ടറ സുബ്ബയ്യൻ 1839-12-3-ാനു- എഴുതിയ രസീതുംപടി ചിലവു രൂപാ 115-അണ 6 മൂന്നുക്ക് 8¼ വിലയ്ക്ക് ചിലവ് 951¼

4) കമ്പനി ഉടമ്പടി ചിലവുവകയിൽ-ഇങ്കിരീസു കുമ്പഞ്ഞി പഴയഉടമ്പടി വകയ്ക്ക് ടിയാണ്ട് ഒന്നുക്കുരൂപാ 3,81456-ം പുതുഉടമ്പടി രൂപാ 4,01655-ം, ചെങ്കോട്ട തീരുവവകയ്ക്ക് 6500-ം, കന്യാകുമാരി വകയ്ക്ക് രൂപാ 6799-ം, ആകെവക 4-ൽ രൂപാ 796410/-

5) മാവേലിക്കര പാർക്കുന്ന ''പിററ്'' എന്നയാൾ 'ഗ്രാമർ' എന്നുപറയുന്ന വ്യാകരണപുസ്തകം മലയാളത്തുവച്ച് അച്ചടിച്ച് ഉണ്ടാക്കുന്ന വകയ്ക്ക് ചിലവിനില്ലാഴികയാൽ എന്തെങ്കിലും കൊടുപ്പിക്കണമെന്ന് അപേക്ഷിച്ച് 1000 രൂപ കൊടുക്കാൻ നിശ്ചയിച്ചതിൽ മുമ്പേറായി കാർത്തികമാസം 3-ാനു- കൊടുത്ത രൂപാ 500 ക്ക് 7 വിലയ്ക്ക് 3500 പണം.

6) തഞ്ചാവൂർനിന്നും വരുത്തിയിരിക്കുന്ന ദാസികൾ പാർക്കുന്ന ചാലയിൽ വീട്ടിൽ പുരകൾ കെട്ടിച്ചതിനും വീട് അററകുററം തീർപ്പിച്ചതിനും-903¼

7) തഞ്ചാവൂർ ദാസി സുന്ദരം എന്നവളും, സുഗന്ധം എന്നവളും ചെന്നപട്ടണത്തു നിന്നും പുറപ്പെട്ട് തിരുവനന്തപുരത്ത് വരുന്നതിന് വഴിച്ചിലവിന് രൂപ 150/

8) തിരുമുമ്പിൽ വന്ന് ഗാനങ്ങളും ചെയ്ത് നാട്യങ്ങളും കാണിച്ച വകയ ക്ക് 500 രൂപായും, ഇതിന്മണ്ണും 650 രൂപയ്ക്ക് 4550 പണം.

9) പട്ടുപൂച്ചിയും, കാപ്പികൃഷിയുംമേൽ വിചാരം മിസ്റ്റർ ഇട്ടീവ് നെത്സൺ സായിപ്പ് ഫെബ്രുവരി 29-ാനു- മുതൽക്ക് സർക്കാർ ശേവുകം വിട്ട് രാജി നാമാവും കൊടുത്തുപോകുമ്പോൾ ഇനാം കൊടുത്ത രൂപാ 600 ക്ക് 4200 പണം.

10) നക്ഷത്ര ബംഗ്ലാവിൽ കാൽടിക്കട്ട് സായിപ്പിനു രൂപാ 600 വീതവും, ടി വകയ്ക്കു പേർ 25 ക്ക് ആണ്ടൊന്നുക്കു ചിലവ് 77126

11) പട്ടുനൂലും കാപ്പിയും എടുക്കുന്നതിന് ആക്കിയിരിക്കുന്ന മിസ്റ്റർ ഡിലറാമിക്ക് മാസം 1 ക്കു രൂപാ 100-ം ടി വകയ്ക്ക് പേർ 13 ക്ക് ആണ്ടൊന്നുക്ക് ചിലവ് 13460¼

12) മുറജപം വകയ്ക്ക് ഉപ്പേരി വറുക്കുന്ന വാർപ്പിൽ വീണ് എട്ടാം ദിവസം മരിച്ചുപോയ കടിയപട്ടണം കൽപടി ഗ്രാമത്തിൽ പത്മനാഭൻ അണ്ണാവിയുടെ ആയിമ്മയ്ക്കും കുഞ്ഞുങ്ങൾക്കും ചിലവിന്-ആയിമ്മ ആവിടയമ്മാളുടെ നേരത്തോളം മാസം 30പണം പതിപ്പാൻ



തൈ 8-ാനു- നീട്ടിലെ ഉത്തരവുംപടി 8-ാനു- മുതൽ തീരുവ.

13) ദിവാനുദ്യോഗമായിരുന്ന രാജാ കേശവദാസന്റെവകയിൽ നീലമ്മപ്പിള്ള തങ്കച്ചി കാർത്തിക 22-ാനു- കഴിഞ്ഞുപോകയാൽ അനുജത്തി കുന്നത്തൂർ ചെമ്പകക്കുട്ടി തങ്കച്ചി പേർക്ക് മാശി 14-ാനു-മുതൽ പേരുമാറി പതിച്ചതാക മാസം 1ക്ക് 15 പണം.

14) തിരുവട്ടാററ് പാനപ്പിള്ള നങ്ങേലി നീലമ്മപ്പിള്ളയ്ക്ക് ദാനം, ദക്ഷിണ, എണ്ണവില, മരുന്നുവില, ഉൾപ്പെട്ട വകയ്ക്ക്-4725¾

15) തിരുവട്ടാററ് പാനപ്പിള്ള പാർവതി നാരായണിപ്പിള്ളയുടെ ആട്ടബലി ടിയാണ്ട് മാശിമാസം 16-ാനു-കഴിഞ്ഞ വകയ്ക്ക്-ചിലവു നെൽ 1585 പറ 4½ ഇടങ്ങഴിക്ക് വിലത്തരം 2080¾

16) തിരുവട്ടാററ് അനന്തപത്മനാഭൻ തമ്പിക്ക്ദാനം ഉൾപ്പെട്ട വകയ്ക്ക് 3271½

17) തഞ്ചാവൂർ മേരുഗോസായിയുടെ ആയിമ്മയ്ക്ക് സീമന്തത്തിന്-700/

18) പള്ളിവായന വായിപ്പിച്ച ഹരിപ്പാട്ടു കൊച്ചുപിള്ള വാര്യരുടെമകന്റെ കുഞ്ഞിന് ചോറൂണിന് നൽകിയ പണം 700/

19) അങ്കിതയ്പ് മണക്കാട് സലാമിന് കല്യാണത്തിന് 700/

20) കല്ലന്താരി കുരുക്കളുടെ മകനും, മകൾക്കും ഇനാം-300

21) മോഹിനിയാട്ടത്തിൽ കൽക്കുളം ഭാസ്കര ഭാഗവതരുടെ മകന് വിവാഹത്തിന് 1050 ചുവന്ന പട്ടുമുഴം 19½ക്ക് 75½, ആകെ ചിലവ്- 1125½

22) പാലക്കാട് പരമേശ്വര ഭാഗവതരുടെ ആയിമ്മകഴിഞ്ഞുപോയതിന് 500/

23) പള്ളിയറ നാട്യത്തിൽ നട്ടുവൻ ചിന്നയ്യാ കഴിഞ്ഞുപോയതിന് 1050/

24) പാട്ടുകാരൻ അലാവുദ്ദീൻ മൈസൂർ നിന്നും തിരുവനന്തപുരത്തുവരുന്ന ചിലവിന് കൊടുത്ത പണം.1425/

25) പുകകപ്പൽ വകക്ക് ഖജനാവിൽ കൊടുത്ത ചിലവ്- രൂപാ 1000 ക്ക് 7125 പണം.

26) തിരുമുമ്പിൽ വ ീ ണ വ ായിച്ച കൊച്ചിയിൽ കുഞ്ഞുനമ്പൂരിക്ക് 300/

27) വിനോദം ചൊല്ലിയ മൈസൂർ നരസിംഹൻ പോററിക്ക് 1050/
സോമൻ വാങ്ങിയ വകയ്ക്ക് 41, ആകെ ഈ വകക്ക് ചിലവ് 1091/

28) തഞ്ചാവൂർ മേരു ഭാഗവതർക്ക് മോഹരം ഒന്നുക്ക് 37 കസവിട്ട സോമൻ ജോടി 1-, തുപ്പട്ടി 2, വക ചിലവ്- $535\frac{3}{4}$

29) കഴക്കുത്താടി ഹരിപ്പാട് അനന്തലക്ഷ്മി ആകാശമാണിക്യം എന്നിവർക്ക് അരയ്ക്കു ചേല 1ക്ക് $148\frac{3}{4}$

30) ഇംഗ്ലീഷു പള്ളിക്കൂടത്തിൽ ഘടികാരം നന്നാക്കുന്നതിനും, പുസ്തകങ്ങൾ അററകുററം ത ീ ർ പ്പ ിച്ചതിനും 133/

31) 'സയിൻ' ഇടുന്ന ഉത്തരവുകൾ മുദ്രയിടുന്ന വകക്ക് വെള്ളി കൊണ്ട് മുദ്ര തീർപ്പിച്ചതിന് 10 പണം.

32) പയനീർ വേലക്കാർക്ക് കൊടുത്തിരിക്കുന്ന മൺവെട്ടി പിക്കാസ്, മുതലായ തളപാടങ്ങൾ നവരാത്രി നാളിൽ പൂജവയ്ക്കുന്നതിന് 'ചിലവ്' 90 പണം.

33) ഉദയഗിരിയിൽ ഇരുമ്പു ഊതി എടുക്കുന്നതിന് 'ഗുഹവേല' മുതലായ വകയ്ക്ക് 13863/

34) ആലപ്പുഴയിൽ പേപ്പട്ടികളെ അടിച്ചുകൊന്ന വകക്ക് പട്ടി 558ക്ക് ചിലവ്-$255\frac{3}{4}$

35) കൊല്ലത്ത് പേപ്പട്ടിയെ കൊന്ന വകയ്ക്ക് 272ക്ക് 204 പണം.



36) ട്ടർക്കിഷ് ജാതിക്കാറൻ എന്നു സംശയം തോന്നി,ഹജൂർ ഡാണാപാറാവിൽ ആക്കിയിരുന്ന ബാലദാസ് എന്നവൻ-ടി പാറാവിൽ കിടന്ന അഴകപ്പൻ കുട്ടിയുടെ കയ്യ് വെട്ടിമുറിച്ചും വച്ച് വാളുകൊണ്ട് ഡാണാവിനകത്ത് അക്രമത്തിന് ഭാവിച്ചുനിൽക്കുമ്പോൾ അവന്റെ കയ്യിൽനിന്ന് വാൾപിടിച്ചു പറിച്ച ശിപായി മൊയ്തീൻ പോക്കിന് ഇനാം-35/ പണം.

37) ദിവാൻ സുബ്ബരായരുടെ വകയ്ക്ക് നെല്ലമൺ രാമവർമ്മപുരം ഗ്രാമത്തിൽ ഗൃഹം പണിയുന്നതിന് സ്ഥലം വാങ്ങാൻ നൽകിയചിലവ്-$4056\frac{3}{4}$
ഗൃഹംകെട്ടുന്നതിന് കൊടുത്തരൂപാ 4000 ക്ക് 28000 പണം, വക 2-ൽ ചിലവ്-$32056\frac{1}{4}$

38) നട്ടുവൻ ചിന്നയ്യാപിള്ള ഒഴിവ്-$376\frac{1}{2}$-ം, വടിവേലുവിന് മാർകഴി 14-ാന്തി മുതൽക്ക് കൂട്ടിപതിച്ചു കൊടുത്ത വകയ്ക്ക് കുറവുപേർ 1-ം, നീക്കിപേർ 12ക്ക് 2174വീതം 26088

39) തഞ്ചാവൂർ ദാസിസുന്ദരം എന്നവർക്ക് 300-ം, സുഗന്ധം എന്നവർക്ക് 200-ം, പണം വീതം കാർത്തിക മാസം 1-ാന്തി മുതൽ ശമ്പളം പതിവ്-

40) കോട്ടയ്ക്കകത്ത് തെക്കെത്തെരുവിൽ വയ്പിച്ചിരിക്കുന്ന 'ഡാണാചാവടി' 1013-ാമാണ്ട് പൊളിപ്പിച്ച് ആ സ്ഥലം രംഗവിലാസത്തു തോപ്പിൽ ചേർത്ത് പോയതിനാൽ പകരം-അട്ടക്കുളങ്ങര കോട്ടയ്ക്കുവെളിയിൽ ചമ്പക്കടയിൽ 80 കോൽ 8 വിരൽ ചുററിൽ മരക്കൂട്ടം മുളം കഴുക്കോൽ കൊണ്ട് നാലുകെട്ടായിട്ട് ഒരു ഡാണാ ചാവടിയും കിഴക്കുവശത്ത് 48 കോൽ 8 വിരൽ ചുററിൽ ഒരു ചാവടിയും, പുത്തനായിട്ട് തീർപ്പിച്ച് ചീക്കല്ലു കൊണ്ട് ചുമരുകളും കെട്ടിച്ച വകയ്ക്ക് ചിലവ്-$6873\frac{1}{4}$

41) തിരുവനന്തപുരത്ത് കൊട്ടാരത്തിൽ പുത്തനായിട്ട് മാളിക തീർപ്പിക്കുന്ന വകയ്ക്ക് തഞ്ചാവൂർ മേസ്തിരി

യെക്കൊണ്ട് മാളിക മട്ടുപ്പാവ് നാലുകെട്ട്-മാതിരിക്ക് മുളകൊണ്ട് ചീകികെട്ടി കടദാസു പൊതിഞ്ഞ് വർണ്ണം ഇടുവിച്ച വകയ്ക്ക് ചിലവ്-$458\frac{3}{4}$

42) കമാനപ്പീസർക്ക് പാർക്കുന്നതിന് തയ്ക്കാട്ട് തെക്കു വശത്ത് തീർപ്പിച്ചിരിക്കുന്ന ബംഗ്ലാവു പൊളിച്ച് പുത്തനായിട്ട് തേക്ക് ഉത്തരവും, കഴുക്കോലും ഇട്ട് ബംഗ്ലാവു തീർപ്പിച്ചതിന് ചിലവ് $11649\frac{1}{4}$ രൂപാ.

43) റസിഡൻറ് സായിപ്പിന്റെ ഡാക്ടർ പാർക്കുന്നതിന് തയ്ക്കാട്ടുബംഗ്ലാവിന്റെ വടക്കേ വശത്ത് കുന്നിൽ പുത്തനായി ബംഗ്ലാവു തീർപ്പിച്ചതിന് 18551 രൂപാ.

44) പുത്തൻചന്ത പരുത്തിവിളയിൽ മലയാംപട്ടാളം വക 'കോത്തിൽ' ഓലപ്പുരയായിട്ടു തീർപ്പിച്ചിരിക്കുന്ന വരാന്ത പൊളിച്ച് പുത്തനായിട്ട് മരക്കഴുക്കോലും ഇട്ടു ഓടുപണിയായി തീർപ്പിച്ചതിന് $11671\frac{3}{4}$ രൂപാ.

45) ഇരയിമ്മൻതമ്പിയുടെ വീടുപണിക്ക് കോട്ടയ്ക്കകത്ത് കിഴക്കേമഠത്തിൽ കൊടുപ്പിച്ച കുമ്മായ പറ 200ക്ക് $62\frac{1}{2}$ പണം.

46) അമ്പലപ്പുഴ ഉമിക്കച്ചിറയിൽ നടുന്നതിന് അഗസ്തീശ്വരത്തുനിന്നും അയച്ച പനയണ്ടി 11200ക്ക് ചുമട്ടുകൂലി $117\frac{1}{2}$ പണം.

47) കൊട്ടാരത്തിൽ ഇംഗ്ലീഷു എഴുത്തു ചെന്നപട്ടണം കന്നി മുതലിപേരിൽ ടിയാൻ ദിവസം പ്രതിയും ഹാജരായിട്ടുവന്നിരുന്ന് ആ വക ഇടപെട്ടുള്ള എഴുത്തുവേലകൾ നേരാംവണ്ണം നോക്കാതെയും, പുസ്തകം ഇംഗ്ലീഷു, കടദാസു മുതലായവ സൂക്ഷിക്കാതേയും-ചില ദിവസങ്ങളിൽ വന്നിരുന്ന് ഓരോ സ്ഥലങ്ങളിൽ ചെന്ന് പണ്ടാരകാര്യം പ്രമാണിച്ച് പലകൂട്ടം കാര്യങ്ങൾ പറഞ്ഞുവരികയും ചെയ്യുന്നതാകയാൽ ഇതിന്മണ്ണം ഒള്ള വീഴ്ചകളും ചെയ്ത് നാനാവിധമായിട്ടുള്ള ഓരോ കാര്യങ്ങളും കാണിച്ച് വരുന്ന പിഴയ്ക്ക് പ്രായശ്ചിത്തം 105 പണം.



48) നാഗർകോവിൽ അമ്മവീട്ടിൽ പാനപ്പിള്ള കാളിമാധവി മുൻചിത്തിര മാസം 18-നു വെളുപ്പാൻ 2 നാഴികയ്ക്ക് ആൺകുഞ്ഞു പ്രസവിച്ച അവസ്ഥ തിരുമനസ്സറിയിച്ച വിചാരിപ്പു ചിറയിൻകീഴ് 'ഈച്ചൂട്ടി' കുറുപ്പു മുതൽ പേർക്ക് തുപ്പട്ടി 2ക്ക് ഇനാം $47\frac{1}{4}$

49) കർണ്ണാമൃതം ശ്ലോകം അപ്പാക്കുട്ടിഅണ്ണാവിയുടെ അച്ഛനെ കുതിരചവിട്ടിദീനമാകയാൽചികിത്സയ്ക്ക് 200/പണം.

50) ഇരുമ്പു ഊതി എടുപ്പാൻ ആക്കിയിരുന്ന മിസ്റ്റർ തർണ്ണലിന് ശരീരസൗഖ്യം ഇല്ലാഴികയാൽ മദിരാശിക്കു പോകാൻ 300/

## ഹജൂർരായസം

1) റസിഡൻറ് സായിപ്പിന്റെ മദാമ്മയ്ക്ക് കൊടുത്ത നായകം കമലവൈരംവച്ച മോതിരം 1ക്ക് 1075 പണവും ടി മദാമ്മയുടെ അനുജത്തിക്ക് പത്തുപട്ടം ഒള്ള ഒരു വൈരമോതിരം 1ക്ക് $609\frac{1}{4}$ പണവും ചിലവെഴുതാൻ ന:85/1015-5-15 ലെ ഹജൂർ രായസം.

2) തയ്ക്കാട്ടാശുപത്രിയ്ക്ക് പുത്തനായി 20 കോൽ താഴ്ചയിൽ ഒരു കിണറുവെട്ടി റാട്ടു മുതലായതു ഇടാൻ 243 പണം അനുവദിപ്പാൻ ന:137/1015-7-17-ലും 920 പണം വേണമെന്ന് ന:219/1015-10-3 ലും ചിലവെഴുതാൻ.......

3) തിരുവനന്തപുരത്ത് വന്ന് പാർത്തിരുന്ന മിസ്റ്റർ ഷിഫ്ററിനെക്കൊണ്ട് തിരുമനസ്സിലേയും, അമ്മതമ്പുരാൻ തിരുമനസ്സിലേയും, ഇളയതമ്പുരാന്റേയും, കൊച്ചു തമ്പുരാക്കന്മാരുടേയും, വലിയകോയിത്തമ്പുരാന്റേയും പടങ്ങൾ 7 എണ്ണം എഴുതിപ്പിച്ചതിന് 12000 കുമ്പനി രൂപായും, പടങ്ങൾ ഇവിടെ വന്നതിന് 154 രൂപാ 10 പൈസാ ചിലവുള്ളത് ചിലവെഴുതാൻ ന:266/1015-11-22 ലെ ഹജൂർ രായസം.

**1016 ME***

## സങ്കടകാര്യങ്ങൾക്ക് ഹർജി എഴുതേണ്ടവിധം

247

രായസം

1016-ചിങ്ങം 12-൹

സകലമാനപേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം

എന്തെന്നാൽ ജനങ്ങളുടെ സങ്കടകാര്യങ്ങൾക്ക് ഹർജിയെങ്കിലും വര്യോല എങ്കിലും ഒരു സംഗതിക്ക് രണ്ടുപ്രതി ബോധിപ്പിക്കേണമെന്നും, 1010-ാമാണ്ട് ധനുമാസം 20-൹ മുതൽക്ക് ചട്ടം കെട്ടിയതിന്റെ ശേഷം അപ്രകാരം കുടിയാനവന്മാർ നടക്കാതെ ഒരു പ്രതിതന്നെ എഴുതി ബോധിപ്പിക്കയും ആയത് രണ്ടും നാലും എട്ടും പത്തും ഓലകൾ അകംപുറം നിറച്ചും ആവശ്യമില്ലാത്ത എഴുത്തുകളും ആയിരിക്കുന്ന കാരണത്താൽ ഹർജിവര്യോലകൾ മുഴുവനും വായിച്ചു കേൾക്കുന്നതിന് അല്ലാതെ മററുള്ള പണ്ടാരകാര്യങ്ങൾ നോക്കുവാൻ നേരംപോരാതെയും ഉടനുടൻ തീർച്ച ചെയ്യുവാനും ആവലാധിക്ക് ഒതുക്കം വരുത്തുവാനും എടയില്ലാതയും വളരെ പ്രയാസപ്പെട്ടു തീർന്നിരിക്ക കൊണ്ട് ഇനിമേലൊള്ളതിന് അതിന്മണ്ണം ഒള്ള തൊന്തരവുകൾ കൂടാതെയിരിക്കുന്നതിനുവേണ്ടി ഇതിനു താഴെ എഴുതുന്ന പ്രകാരം ശരിയായിട്ടു എല്ലാവരും നടക്കയും വേണം.

ഒന്നാമത്:- പണ്ടാരവകമുതൽ എടുപ്പ് എടപ്പെട്ട സംഗതികളിൽആരെങ്കിലും വ്യാജം വ്യത്യാസം ചെയ്തു മറയ്ക്കയും അന്യം നിന്നവകമുതൽ ഒതുക്കുകയും മററും അഴിമതികൾ നടത്തുകയും ചെയ്യുന്ന കാര്യങ്ങൾക്ക് ഇതുവരേയും നടന്നുവരുന്നതിന്മണ്ണം എഴുതി ബോധിപ്പിക്കുന്നതു പോകെ കുടിയാനവന്മാരുടെ സങ്കടത്തിന് ഓരോ സംഗതിക്ക് പ്രത്യേകമായിട്ടും ഇന്ന കാര്യമെന്ന് അറിവാൻ മാത്രം സാരമായിട്ടു നാലുചാൺ നീളത്തിനകം ഒരു ഓലയ്ക്കകത്തു രണ്ടോ മൂന്നോ പത്തിയിലും നാലുവരിയിലും അധികംവരാതെ ചുരുക്കത്തിലും ഓലപൊളിക്കാതെയും അതിൽതന്നെ ഒരു വശത്ത് ഇണ്ടാസു ചെയ്യുന്നതിനും ഒപ്പിടുന്നതിനും സ്ഥലമായിട്ടും രണ്ടു പ്രതി വര്യോല എഴുതി ബോധിപ്പിച്ചുകൊള്ളുകയും വേണം.



രണ്ടാമത്: മേലെഴുതിയപ്രകാരം ചുരുക്കമായിട്ട് യാതൊരു കാര്യത്തിനും അതിന്റെ സാരം മുമ്പിൽ കൂട്ടി ഗ്രഹിപ്പാൻ എടവന്നാൽപ്പിന്നെ അതിനു ആവശ്യം ഒള്ള വിവരങ്ങൾ ഒക്കെയും അറിയേണ്ടുന്നതിന് ആവലാധിക്കാരരെ മുഖദാവിൽ വരുത്തി കേൾക്കുന്നതാകകൊണ്ട് അപ്പോൾ വേണ്ടുന്നതൊക്കെയും അവരവർ തന്നെ ബോധിപ്പിക്കയും ആം.

മൂന്നാമത്:- ഇപ്രകാരം അല്ലാതെ വളരെ ഓലകളിലും ആവശ്യം ഇല്ലാതെ ഒള്ള വിധത്തിലും എഴുതി ബോധിപ്പിച്ചാൽ ആസങ്കടങ്ങൾ എടുക്കാതെ നീക്കിക്കളകയും ചെയ്യും എന്നും 1016-ാമാണ്ട് ചിങ്ങമാസം 12-൹ എഴുതിയ.

ദിവാൻ സുബ്ബരായർ (ഒപ്പ്)

## മുൻറസിഡന്റുമാരുടെ പേരു വിവരം

(983 മുതൽ 1016 വരെ)

| | | |
|---|---|---|
| 1) | കർണൽമക്കാളി........ | 983-ാമാണ്ട് മുതൽ 985-ാമാണ്ട് കുംഭ മാസം വരെ........ |
| 2) | കർണൽ മന്രോ........ | 985-ാമാണ്ട് മീനമാസം മുതൽ 994-ാമാണ്ട് മകര മാസം വരെ........ |
| 3) | കർണൽ മക്ഡുവൽ.... | 994-ാമാണ്ട് മേടമാസംമുതൽ 996-ാമാണ്ട് തുലാമാസം വരെ........ |
| 4) | കർണൽ ന്യൂവാൽ.... | 996-ാമാണ്ട് കുംഭ മാസം മുതൽ 1002-ാമാണ്ട് മേട മാസം വരെ.... |
| 5) | കർണൽ മാറിസൺ.... | 1002-ാമാണ്ട് മീനമാസം മുതൽ 1005-ാമാണ്ട് വൃശ്ചികമാസം വരെ.... |
| 6) | ലപ്ടൻ കർണൽ കഡഗൽ (ആക്ടിംഗ്) | 1005-ാമാണ്ട് ധനുമാസം മുതൽ 1009-ാമാണ്ട് മിഥുനമാസം വരെ.... |

| | | |
|---|---|---|
| 7) | കാസാമേജർ........ | 1009-ാമാണ്ട് മേടമാസം മുതൽ 1011-ാമാണ്ട് മകര മാസം വരെ.... |
| 8) | കർണൽ പ്രെസർ.... | 1011-ാമാണ്ട് ധനു മാസം മുതൽ 1014-ാമാണ്ട് ചിങ്ങ മാസം വരെ |
| 9) | കാപ്ടൻ ഡഗ്ലസ് (ആക്ടിംഗ്) | 1013-ാമാണ്ട് കർക്കടക മാസം മുതൽ 1015-ാ മാണ്ട് തുലാമാസം വരെ.... |
| 10) | ലഫ്ടൻ കണൽ മക്ളീൻ | 1015-ാമാണ്ട് കന്നി മാസം മുതൽ 1015-ാ മാണ്ട് കർക്കടക മാസം വരെ.... |
| 11) | മേജർ ജനറൽ കല്ലൻ........ | 1016-ാമാണ്ട് ചിങ്ങമാസം മുതൽക്ക്.... |

***മുറജപം***

''അന്നം കെട്ടിയെടുക്കയും ബഹുരസം കൊണ്ടാട്ടവും
വേലയിൽ-
സ്സന്നാഹാദിയുമോർക്കിലോ മുറജപം ചൊല്ലാർന്ന
നിതോത്സവം
എന്നും വഞ്ചിനൃപാലകീർത്തി കൊടിതാഴ്ത്തീടാതെ
വിപ്രൗഘവും
വന്നാറാട്ടു ദധിപ്രസവേപ്പുകബളം കൈകൊണ്ടു
ചെയ്യുന്നഹോ''
(ഇരയിമ്മൻ തമ്പി)



## ഹജൂർതിരട്ടുകൾ 29

കൊ: വ: 1016

1) ആര്യശാല കൊട്ടാരം സൂക്ഷിപ്പിന് മാർകഴി 1-ാംനു മുതൽ 25 പണം ശമ്പളം വച്ച് ചെമ്പഴന്തി ശങ്കരപ്പിള്ളയ്ക്ക്-25

2) രംഗവിലാസത്തു ബംഗ്ലാവ് മുതലായ സ്ഥലങ്ങൾ പണിവകയ്ക്ക് തഞ്ചാവൂർ നിന്നും വരുത്തിയിരിക്കുന്ന നാഗലിംഗം മുതൽ പേർ 4-നും, മെക്കാട് ശമ്പളം കൊടുക്കുന്നതു പററി വേലചെയ്യുന്നത് സങ്കടമാകുന്നു എന്നും ബോധിപ്പിച്ച് നാഗലിംഗത്തിന് 21 രൂപാ, വൈദ്യലിംഗത്തിന് 14 രൂപാ. ചൊക്കലിങ്കത്തിന് 12 രൂപായും, വെങ്കിട്ടസ്വാമിയ്ക്ക് 10½ രൂപായും, ഇതിന്മണ്ണം നാലുപേർക്കായിട്ട് മാസം 1ക്ക് 57½ രൂപാ വീതം തൈമാസം 19-ാംനു മുതൽ

3) തിരുമനസ്സുകൊണ്ട് മാശി 4-ാം തീയതി കരമന നീറമൺകര എഴുന്നെള്ളിയതിന്റെ ശേഷം ടിയിൽ വച്ച് കരുമ്പ് ആട്ടിയ അയ്യപ്പച്ചാർ മുതൽ പേർക്ക് 27പണം.

4) പൂജപ്പുര മണ്ഡപത്തിനു സമീപിച്ച് പുത്തനായിട്ടു തീർപ്പിച്ചു വരുന്ന കൊട്ടാരം താമസിയാതെ പണിതീർപ്പാനും, കുളം വെട്ടുന്നതിനും പയനീർവകയിൽ നിർത്തൽ ചെയ്തതിൽ നിന്നും 41 പേരെ കൂട്ടി പേരൊന്നിന് 30 പണം വീതം ഇടവം 13-ാംനു മുതൽ കൊടുപ്പാൻനീട്ടുവന്നു മാസം1ക്ക്1230പണംവീതം ചിലവ്.

5) പൂജപ്പുര വിജയദശമി മണ്ഡപത്തിന്റെ തെക്കുവശം കൊട്ടാരം വൈകാശി 26-ാംനു 'ഏറെ' വയ്ക്കുമ്പോൾ പട്ടും തുപ്പട്ടിയും വാങ്ങിയവകയിൽ 40¾

6) പുത്തൻചന്ത അച്ചുകൂടം ആഫീസ് നിർമ്മിച്ചതിന് 1013-1014-1015 ആണ്ടുകളിൽ ചിലവായ തുക-24399 രൂപ.

7) തഞ്ചാവൂർ മേരു ഗോസായിയുടെ ഭാഗവതത്തിൽ-മദ്ദളം

നീലകണ്ഠരായർക്ക് കല്യാണത്തിന് പട്ട് ഉൾപ്പെടെ 748¼

8) പാലക്കാട്ട് പരമേശ്വരഭാഗവതർക്ക് മൂന്നാം വിവാഹ വകയ്ക്ക് നിറപറ-നറുനാഴി വകയ്ക്ക്നെൽ ഇടങ്ങഴി 5 ക്ക് വിലത്തരം ½ അരയ്ക്കാലും, പണമായിട്ട് 2100-ം, ചുവന്നപട്ടുമുഴം 18¾ക്ക് 70¼-ം, കസവിട്ട ജരിക-വെള്ളത്തുപ്പട്ട 1ക്ക് 50-ം, പട്ടക്കര സോമനും ഉത്തരീയവും ഉരു 2, ചേല 1-ം, ആകെ ഉരു 3ക്ക് 265-ം, ആകെ ചിലവ് 2485¾

9) നാടകശാല നെയ്യാററിൻകര മാത്തുവിന്റെ രണ്ടുമക്കളെ കെട്ടിപ്പാൻ കൊടുത്ത പണം 700/

10) ഗ്രന്ഥം സൂക്ഷിപ്പ് കരമന കുട്ടിയപ്പ ശാസ്ത്രികളുടെ മകന്റെ ആയിമ്മയ്ക്ക് ഋതുശാന്തി കല്യാണത്തിന് പട്ടുൾപ്പെടെ 423 പണം.

11) ചിത്രമെഴുത്ത് മധുര അഴഗിരിനായിക്കിന്റെ മകൻ കെട്ടിയവൾക്ക് ഋതുശാന്തി കല്യാണത്തിന് 1400/

12) മേരു ഭാഗവതരുടെ മകന് കൽപ്പിച്ചു കൊടുത്ത മോതിരം 1ക്ക് 106¾

13) സ്വരബത്ത് വായിക്കുന്ന പട്ടാണി അലാവുദീന് വീടുപണിയ്ക്ക് 1050/-

14) മതിലകത്ത്ചാക്യാർക്കൂത്തിനുവരുത്തിയകോഴിക്കോട് രാമചാക്യാർക്ക് 700/

15) വാളിന്മേൽ അഭ്യാസം കാണിച്ച തഞ്ചാവൂർ വെങ്കിടേശ്വരന് 500/

16) തിരുമനസ്സുകൊണ്ട് എഴുന്നെള്ളുന്ന വകയ്ക്ക്, കാപ്ടൻ ഡഗ്ലസ് മുഖാന്തരം ചെന്നപട്ടണം 'ആൽബർട്ട് നോർട്ടൺ' കമ്പനിയിൽനിന്നും വരുത്തിയ വണ്ടിക്കും, കോപ്പുകൾക്കും, വിലരൂപാ 1100 ക്ക് 7837½

17) അഞ്ചൽകാർക്ക്ചൂട്ടും,കൊതുമ്പും,മഴക്കുടയും, കൊടുത്ത വകയ്ക്ക് ചിലവ്-563¼

18) അഞ്ചൽ സ്ഥലങ്ങൾക്ക് കപ്പപ്പായ് കൊണ്ടുതച്ച് ഏൾപ്പിച്ച മെഴുകുശില പൈയ്യ് 55-ം, പുലിത്തോൽ പൈയ്യ് 37-ം, തയ്പിച്ചു കൊടുത്തതിന് 976¼



19) ഇംഗ്ലീഷു പള്ളിക്കൂടത്തിൽ പഠിക്കുന്ന പിള്ളേർക്ക് കൊടുപ്പാൻ ചെന്നപട്ടണത്ത് നിന്നും 26 അടയാള മുദ്രവരുത്തിയ വകയ്ക്ക് രൂപാ 144½-ം, മൂന്നുവാദ്ധ്യന്മാരെ വരുത്തിയ വകയ്ക്ക് രൂപാ 150-ം, ആകെ രൂപാ 294½.

ടി വകയ്ക്ക് കടുദാസു പുസ്തകം 44 ക്ക് 1460½ പണം.

20) പണ്ടാരവക അച്ചുകൂടത്തിൽ പുസ്തകം അച്ചടിപ്പാൻ എണ്ണൂറ ചെങ്കോട്ടയിൽ നിന്നും, ചെന്നപട്ടണത്തു നിന്നും വന്ന പ്പാൻ കടലാസിനും ചിലവ്പണം 8366/

21) ശബരിമല മോഷണം സംഗതിയ്ക്ക് മധുര കലക്ടർ സായിപ്പിന്റെ അടുക്കൽ അയച്ചിരുന്ന വക്കീൽ വെങ്കിട്ടരായർ പേർ 1-ം, ശിപായികൾ പേർ 3-നും അരിപ്പടിയ്ക്ക് ചിലവായത്.-39½

22) അച്ചുകൂടം ഹെഡ്-ചാർലീസിനെ മാററിയതിന്റെ ശേഷം അവന്റെ ദിക്കിൽ പോകുന്ന വകയ്ക്ക് വഴിച്ചിലവിന് കൊടുത്ത ചിലവുപണം 420/

23) അച്ചുക്കൂടം ജോത്സ്യർ പപ്പുപിള്ളയ്ക്ക് മാസം 12 രൂപാ ശമ്പളച്ചിലവ്-

24) പുത്തനായിട്ടു തീർപ്പിച്ച രഥത്തിന് പള്ളിമെത്ത-ചാവട്ട-തയ്പ്പിച്ചതിന്-182 പണം.

25) രഥത്തിൽ കെട്ടുന്നതിന് 10 കാളയും, കൊട്ടാരം വകയ്ക്ക് 3 പശുവും, ചെന്നപട്ടണത്തു ഭാസ്കരനായ്ക്കൻ വശം വരുത്തിയതിന് ചിലവ്-6297½

26) പത്മതീർഥത്തിന്റെ വടക്കേകരയിൽ പുത്തനായിട്ട് 8 മറവും ചാവടിയും കെട്ടിച്ച വകയ്ക്ക് ചിലവ്-8245 രൂപാ.

## ഹജൂർരായസം (1016)

1) തിരുമനസ്സിലേയ്ക്ക് എഴുന്നെള്ളുന്നതിന് തേരിൻെറ മാതിരിയിൽ ഒരു സാറാട്ടുവണ്ടി തീർപ്പിക്കണമെന്ന് കൽപന വന്നതിന്മണ്ണം തീർപ്പിക്കുന്നതിന് സാമാന വില കൂലി-ഉൾപ്പെടെ 11158 പണം അനുവദിപ്പാൻ ചിങ്ങം14-ാന്-ലെ ഹജൂർരായസം.

2) മതിലകത്ത് ദാസന്മാർ-ചന്ത്രക്കാറന്മാർ-വാദ്ധ്യാർ ഉൾപ്പെട്ടവർക്ക്ശമ്പളം കൂടുതൽ നൽകാൻ ന:31/1016-1-3 ലെ....

3) നക്ഷത്രം നോക്കുന്നതിന് പട്ടുകുന്നു ബംഗ്ലാവിനു കിഴക്കുവശത്ത് കനകകുന്നിൽ പുത്തനായിട്ടു ഒരുബംഗ്ലാവു തീർപ്പിച്ചതിന്1012 പുരുട്ടാശി മുതൽ 1014 മാർകഴി വരെ കല്ലും കുമ്മായവും, കരിപ്പട്ടി മുതലായ സാമാനങ്ങൾക്കും കൂലിയ്ക്കും കൂടെ 55377 പണവും തേക്കു തടിയ്ക്കും, ചെമ്പുപിത്തള സാമാനങ്ങൾക്ക് 45121¼ പണവും മേശ, നാൽക്കാലി, മുതലായതിന് 14077 പണവും കൂലിച്ചിലവിന് കാൽടിക്കട്ടു സായിപ്പുവശം കൊടുത്ത 12522 പണവും, ചെമ്പുതകിട്, കപ്പപ്പാ, മുതലായതിന് 7010 പണവും, കൂലിവകയ്ക്ക് 3125 പണവും ആകെ ഇതിന്മണ്ണം 137232¼ പണം ചിലവായതു ചിലവെഴുതണമെന്ന് ന: 34/1016-2-4-ലെ....

4) കൊല്ലം ബജാർ സൂപ്രണ്ടായിരുന്ന മരിച്ചുപോയ റോബർട്ടുവർക്കിയുടെ മകൾ മേരി എഡ്വിന് ജനനത്തിലെ രണ്ടുകയ്യും ഇല്ലാത്തതിനാൽ മാസം 10 രൂപാ അടുത്തൂൺ വച്ചുകൊടുക്കാൻ ന:115/1016-4-27 ലെ....

5) ഉത്രംതിരുനാൾ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇംഗ്ലീഷു പള്ളിക്കൂടത്തിൽ എഴുന്നെള്ളി പിള്ളേർക്ക് 4 പുസ്തകവും ഭൂഗോളം വരയ്ക്കുന്ന ആയുധങ്ങളും ഇനാം കൊടുത്ത വകയ്ക്ക് 6 കമ്പനി രൂപാ 8 അണ വിലയുള്ളത് ചിലവെഴുതാൻ ന:186/1016-6-8ലെ....



6) 1014 ലെ 4-ാം റഗുലേഷൻ 8-ാം വകുപ്പിൽ 2 ജഡ്ജിയും, 1 ശാസ്ത്രിയും കൂടി കേസ്സു വിധിക്കണമെന്ന് പറഞ്ഞിട്ടുണ്ടെന്നും, എന്നാൽ ജഡ്ജിമാരിൽ ഒരാൾ ചത്തുപോവുകയോ മാറിപോവുകയോ ചെയ്താൽ ഒരു ജഡ്ജിയും ശാസ്ത്രിയും തീർപ്പു ചെയ്യാമെന്നും ശാസ്ത്രിയും ഇല്ലാതെ വന്നാൽ അപ്പീൽ കോർട്ടു ശാസ്ത്രിയുടെ അഭിപ്രായം വരുത്തി ആവാമെന്നും തീർച്ച ചെയ്യേണ്ടതിനെപ്പററി ന: 315/1016-9-6 ലെ....

7) നക്ഷത്ര ബംഗ്ലാവ് കാൽടിക്കട്ടുസായിപ്പ് പണ്ടാരകാര്യം പ്രമാണിച്ച് 1014 കാർത്തിക 30-ാന്- ശീമയ്ക്കു പോയപ്പോൾ ഒരു വർഷത്തേയ്ക്കുള്ള 7200 രൂപായും, പടിച്ചിലവിന് 2728 രൂപായും കൊടുത്തതിന് പടിവകപ്പണം ചിലവെഴുതാൻ ന:357/1016-10-14ലെ....

8) മതിലകത്ത് നടയ്ക്കുവച്ചതാക 193000 പണം ചിലവെഴുതാൻ ന:365 1016-10-29 ലെ....

9) താഴെ പറയുന്ന ആക്ടിംഗ് തഹശീൽദാരന്മാരെ സ്ഥിരപ്പെടുത്തി നീട്ടയപ്പാൻ ന:365/1016-10-29ലെ....

A തഞ്ചാവൂർ കൃഷ്ണരായർ-നാഗരാജരായരെ. ***തോവാള***

B തോവാള മുൻസിഫ് തൃശ്ശിനാപ്പള്ളി ഹരിരായർ മുകുന്ദരായരെ-***ഇരണിയൽ***

C നെയ്യാററിൻകര മുൻസിഫ്-തിരുവനന്തപുരം നരസിംഹരായർ അപ്പാരായരെ. - ***നെയ്യാററിൻകര***

D തൃശ്ശിനാപ്പള്ളി സുബ്ബരായർ വെങ്കിട്ടരായരെ ***-നെടുമങ്ങാട്***

E തിരുവനന്തപുരം കോട്സർക്കാർ വക്കീൽ പാലക്കാട് സുബ്ബയ്യൻ രംഗയ്യനെ-***പത്തനാപുരം***

F തഞ്ചാവൂർ ചിദംബരയ്യൻ സഭാപതി അയ്യൻ ***-കരുനാഗപ്പള്ളി***

G തൃശ്ശിനാപ്പള്ളി ഹരിരായർ രുദ്രാജിരായർ
**കാർത്തികപ്പള്ളി**

H ടി. വാസുദേവരായർ വെങ്കിട്ടരായരെ
**-മാവേലിക്കര**

I നെല്ലമൺ-വാരിക്കുടിവിളാകത്തു വീട്ടിൽ കന്തസ്വാമി പത്മനാഭൻ-**തിരുവനന്തപുരം**

J കോട്ടാർ കുലശേഖരപുരം ഗ്രാമത്തിൽ താണുവൻ കൃഷ്ണയ്യൻ-**ഏറ്റുമാനൂർ**

K വെളിയനാട് കിടങ്ങറ മുറിവെങ്ങാട്ടു ഇല്ലത്ത്ഗോവിന്ദൻ പത്മനാഭൻ -**തൊടുപുഴ**

L വെട്ടത്തുനാട് കൃഷ്ണൻ കൃഷ്ണനെ
**-ആലങ്ങാട്**

## തിരുവനന്തപുരത്തുനിന്നും ഈ രാജ്യത്തുള്ള മണ്ടപത്തും വാതുക്കലുകളിലും പ്രധാനപ്പെട്ട ദിക്കുകളിലും പോകുന്നതിനുള്ള വഴിദൂരം

ആററിങ്ങൽ 20 നാഴിക, അഞ്ചുതെങ്ങ് 19 നാഴിക, ആര്യൻകാവ് 97 നാഴിക, അച്ചൻകോവിൽ 115, ആലപ്പുഴ 99, അരൂക്കുററി 126, ആലുവാ 148, അമ്പലപ്പുഴ 91, ആലങ്ങാട് 149, അഗസ്തീശ്വരം 39, ആരുവാമൊഴി 50, ചിറയിൻകീഴ് 21, ചെങ്ങന്നൂർ 81, ചങ്ങനാശ്ശേരി 92, ചേർത്തല 112 ചാവക്കാട് 186, ചെങ്കോട്ട 106, എറണാകുളം 139, ഇടപ്പള്ളി 139 ഇളങ്കുന്നപ്പുഴ142, ഇരിങ്ങാലക്കുട 168, ഇരണിയൽ 37, ഗോകർണ്ണം 509, ഗുരുവായുപുരം 188 കഴക്കൂട്ടം9, കൊല്ലം 44, കൊട്ടാരക്കര 60, കുന്നത്തൂർ 61, കരുനാഗപ്പള്ളി 60, കാർത്തികപ്പള്ളി, 77, കോട്ടയം 106, കുന്നത്തുനാട് 150, കുററാലം 110, കൊച്ചി 136, കൊടുങ്ങല്ലൂർ 158, കോഴിക്കോട് 230, കണ്ണൂർ 289, കന്യാകുമാരി 54, കൽക്കുളം 33 മാവേലിക്കര 75, മീനച്ചൽ 119, മൂവാററുപുഴ 137, നെയ്യാററിൻകര 11, നെടുമങ്ങാട് 12, നീലഗിരി 296, പത്തനാപുരം 71, പിറവം 132, പറവൂർ 150, പുലിയൂർക്കുറിശ്ശി 33, പത്മനാഭപുരം 33, പാറശ്ശാല 19, പണക്കുടി 57, പന്തളം 75, പാലക്കാട്ടുശ്ശേരി 223, തോവാള 47, തിരുവല്ലാ 86, തൊടുപുഴ 136, തൃപ്പൂണിത്തുറ 133, തൃശ്ശിവപേരൂർ 182, തിരുവട്ടാർ 28, തലശ്ശേരി 273, വിളവങ്കോട്23, വൈക്കം 119, വെട്ടിയകോട്ട 159, വർക്കല 25, വാരാപ്പുഴ 144,



**1017 M·E·***

## ശാസ്തമംഗലം എഴുന്നെള്ളത്ത്

ന:1435 അനുവ് 1017-മേടം 3-ാനു-

ചോതി ആട്ടത്തിരുനാൾ അടിയന്ത്രം കഴിഞ്ഞാൽ പതിവിൻ പ്രകാരം ശാസ്തമംഗലത്ത് എഴുന്നെള്ളേണ്ടുന്നത്-രഥത്തിൽ എഴുന്നെള്ളത്തക്കവണ്ണം അവിടെ അത്താഴഅമൃതേത്തു ഉണ്ടായിരിക്കുന്നതിനാൽ അന്നേദിവസം പക്കം-ഇടപക്കം-കൊച്ചു മറപ്പള്ളി ഉൾപ്പെട്ടവകയ്ക്കും, അല്ലാതെ വരുന്ന ബ്രാഹ്മണർക്കും സദ്യയ്ക്കു 100 പറ മേനി പഴവരിയും ആയതിനു വേണ്ടുന്ന കോപ്പുകളുംകൂടി അടിയന്ത്രം കഴിപ്പിച്ച് കൊള്ളത്തക്കവണ്ണം കൽപ്പന വന്നിരിക്കുന്ന പ്രകാരം എഴുതിവന്ന് തിരുനാൾ വകയിലോ ആ വകയിൽ മുതൽ ഇല്ലെങ്കിൽ നിങ്ങൾ വകയിലോ ചിലവുചെയ്ത്നടത്തണമെന്ന് ഉത്തരവ്,

[ ''ലക്ഷ്മീ നിത്യാധിവാസോ നവഘനസുഷമോ-
വൈജയന്ത്യാത്തശോഭ-
സ്താർക്ഷ്യസ്കന്ധോഹ്യമാനസ്സുവിമലതപനീയാം
ശുകച്ഛത്രധാരി
ആസേവ്യശ്ചാമരൗഘൈരനുദിവസ മഹീനോരു
ഭോഗാവലംബോ
വഞ്ചീന്ദ്രാനന്ദദായീജഗതിവിജയതേപത്മനാഭോരഥശ്ച'' ]
(ഇരയിമ്മൻതമ്പി)

## പുക കപ്പൽവകയ്ക്ക് ഉണ്ടിയൽ

ന:174 1017 ഇടവം 23.

പുകക്കപ്പൽ വകയ്ക്ക് തിരുമനസ്സുകൊണ്ട് പങ്ക് 20 നും, ഇളയതമ്പുരാൻ വകയ്ക്ക് പങ്ക് 5നും, വലിയകോയിതമ്പുരാൻെറ വകയ്ക്ക് പങ്ക് 3 നും, നമ്മുടെ വകയ്ക്ക് പങ്ക് 4നും, ഇതിന്മണ്ണം 4500 രൂപാ കൊടുക്കുന്നതിന് ചെന്നപട്ടണത്ത് ആൽബർട്ട് നോർട്ടൻ കമ്പനിയാർക്ക് ഇന്നേദിവസം 'ഉണ്ടിയൽ' കൊടുത്തയച്ചിരിക്കുന്നതാകകൊണ്ട് ഇതിൽ 3000 രൂപാ നീക്കിയശേഷം 4500 രൂപാ ഒള്ളതിൽ ഭജനപ്പുര വകയ്ക്ക് കെട്ടികൊടുക്കുന്നതിൽ 750 രൂപായ്ക്കും, വലിയ കോയിത്തമ്പുരാൻ അടുത്തൂൺ പതിവുള്ളതിൽ 150 രൂപായ്ക്കും, നമ്മുടെ ശമ്പളത്തിൽ 600 രൂപായ്ക്കും കമ്മിഷൻ ഉൾപ്പെടെ ഒള്ള രൂപാ മേടിച്ചു ഈടാക്കിവച്ചു കണക്കുവരുമ്പോൾ വിവരം തീർപ്പിച്ചു കൊള്ളത്തക്കവണ്ണം ഹജൂർഖജനാവിൽ ശ്രാപ്പു കൃഷ്ണനായ്ക്കനു ഉത്തരവു കൊടുത്തയച്ചിരിക്കുന്നു.

ദിവാൻസുബ്ബാരായർ.



ശ്രീ സ്വാതി തിരുനാൾ മഹാരാജാവിൻെറ രഥയാത്ര (1017 ചിങ്ങമാസം 20-ാം തീയതി)

1842



## ഹജൂർതിരട്ടുകൾ 30

കൊ: വ: 1017

1) തിരുമനസ്സുകൊണ്ട് ടിയാണ്ട് ആവണിമാസം 20-ാനു പുത്തനായിട്ടു തീർപ്പിച്ച രഥത്തിൽ പട്ടണ പ്രവേശമായിട്ടു എഴുന്നെള്ളുകയാൽ ദാനം, ദക്ഷിണ, സർവാണി, പ്രതിഗ്രഹം, സമ്മാനം. വെടിക്കെട്ട് ഉൾപ്പെട്ട വകക്ക് ചിലവ്-15133¼

2) രഥത്തിൽ കെട്ടാൻ പഴക്കുന്ന കാളകൾക്ക് കഴുത്തിലും കൊമ്പിലും കെട്ടുന്നതിന് പിത്തളത്തുടൽ തീർപ്പിച്ചതിനും കാളകൾക്ക് ജൂവൽ തയ്പ്പിച്ചതിനും ചിലവ്-898⅛

3) രഥത്തിൽ കെട്ടുന്ന കുതിരയും, കാളയും പഴക്കിയ വകയ്ക്ക് ചിലവുപണം 1189½

4) തിരുമനസ്സുകൊണ്ട് എഴുന്നെള്ളുന്നതിന് പുത്തനായിട്ടുതീർപ്പിച്ച രഥം വകയ്ക്ക് കൈവഴി ചെല്ലം, നിത്യചിലവ് സ്ഥലം 2-ൽ ചിലവായത് ചിലവെഴുതിയതാക പണം 13929½

5) അച്ചുകൂടം വകയ്ക്ക് പ്രത്യേകം സൂപ്രണ്ടായി ആളാക്കിയിട്ടില്ലായ്കയാൽ നക്ഷത്രബംഗ്ലാ ഉടമയിൽ 120-ം, രൂപാശമ്പളം വച്ച് ആക്കിയിരിക്കുന്ന സൂപ്രണ്ട് സ്പർഷ്നീഡരെ കൊണ്ട് വേലനോക്കിച്ചു വരുന്നതിൽ നക്ഷത്രബംഗ്ലാവിൽ കാര്യം വീഴ്ചയായിട്ടു തീർന്നിരിക്കുന്നു എന്നും മിസ്റ്റർ 'കാൽടിക്കട്ട്' സായിപ്പ് കൂടെക്കൂടെ എഴുതി അയച്ചുവരുന്നതിനാൽ സ്പർഷ്നീഡർക്ക് 170 രൂപാ ശമ്പളം വച്ച് അച്ചുകൂടം സൂപ്രണ്ടായി ആക്കണമെന്ന് എഴുതി അയച്ചാറെ-200 രൂപാ വച്ച് ആക്കുന്നതിന് തൈമാസം 19-ാം തീയതി നീട്ടു വന്നതിന്മണ്ണം തീരുവ....

6) തിരുമനസ്സുകൊണ്ട് എഴുന്നെള്ളുന്നതിന് തീർപ്പിച്ച രഥത്തിൽ 'രെക്ക്' ഇടുന്നതിന് വിലയ്ക്ക് വാങ്ങിച്ച തങ്ക'രെക്ക്'തകട് 100025 ക്കു വില 9824⅛ പണം.

7) രഥത്തിന് വെള്ളി 'രെക്ക്'തകട് 7511ക്ക് വില 3679$\frac{3}{4}$

8) രഥത്തിൽ തറപ്പാൻ 'കൈപിടി' ഉൾപ്പെട്ടവക തങ്കംപൂശിയ വകയ്ക്ക് ചിലവ്-തങ്കം കഴഞ്ച് 2$\frac{1}{4}$ന്-133$\frac{1}{2}$

9) ഹജൂർകച്ചേരി ഉൾപ്പെട്ട പാറാസ്ഥലങ്ങളിൽ നാഴികതിട്ടം അറിയുന്നതിന് വാങ്ങിച്ച മണൽ കുപ്പി 2ക്ക് 17$\frac{1}{2}$ പണം.

10) ഇംഗ്ലീഷുപള്ളിക്കുടംവകയ്ക്ക് കടുദാസ്. പേന, മഷി, വകയ്ക്ക് ചിലവ് 400$\frac{3}{4}$

11) തഞ്ചാവൂർ നിന്നും വരുത്തിയിരിക്കുന്ന നട്ടുവൻ വടിവേലു പാർക്കുന്ന ചാലയിൽ വീട് അററകുററംതീർത്തു കെട്ടിമേയിച്ചതിന്-197 രൂപാ.

12) സുബ്ബരായർ ദിവാൻജി പാർക്കുന്ന പുത്തൻമഠം പാലുകാച്ചടിയന്ത്രത്തിന് ശ്രീവരാഹത്ത് ക്ഷേത്രത്തിൽ സദ്യ കഴിപ്പിക്കുന്നതിന് നെടുംപുര കെട്ടിച്ചതിന് 104 പണം.

13) ആണ്ടിയിറക്കത്തു പുതുമന അമ്മവീട്ടിൽ തമ്പി പത്മനാഭൻ ഇരയിമ്മന്റെ മകൾ രുഗ്മിണിപിള്ള തങ്കച്ചിയുടെ വയററുപൊങ്കാലയ്ക്ക് കൊടുത്ത പണം. 300/

14) പാലക്കാടു പരമേശര ഭാഗവതരുടെ മരുമകന് കല്യാണത്തിന് 1400.

15) ആണ്ടിയിറക്കത്തു പുതുമന അമ്മവീട്ടിൽ മാർത്താണ്ഡൻ തമ്പിയുടെ ആട്ടബലിക്ക് ചിലവ് 500 പണം.

## ഹജൂർരായസം (1017)

1) രഥം സൂക്ഷിപ്പാൻ പാളയം കോട്ട കൃഷ്ണപിള്ളയെ 5 രൂപായ്ക്കും, തിരുവനന്തപുരം രാമൻപിള്ളയെ 4 രൂപായ്ക്കും 1015 മേടം 20-ാനു- മുതൽ നിയമിച്ചതായി നമ്പർ 10/1017-1-15 ലെ ഹജൂർരായസം.

2) മതിലകത്ത് തവണയായിട്ട് 10800 രൂപായ്ക്ക് 756 ചക്രത്തിനും നടയ്ക്കു വച്ചത് ചിലവെഴുതാൻ നമ്പർ 16/1017-1-14 ലെ....



3) മതിലകം കീഴീട്-പുന്നപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ശ്രീകോവിൽ പണിയ്ക്ക്, 984$\frac{1}{2}$ പണവും, 13 കോൽ 16 വിരൽ ചുററിൽ നടപ്പള്ളി ഓടുപണിയായി ചെയ്വാൻ 489$\frac{1}{4}$ പണവും. മതിൽ കെട്ടാൻ 1075$\frac{3}{4}$ പണവും ഇതിന്മണ്ണം 2549$\frac{3}{4}$ പണം അനുവദിപ്പാൻ നമ്പ: 127/1017-5-3 ലെ....

4) മതിലകത്ത് 6 തവണയായിട്ട് 7000 രൂപാ നടയ്ക്കു വച്ചത് ചിലവെഴുതാൻ ന:139/1017-5-19 ലെ....

5) പുത്തനായി തീർപ്പിച്ചരഥത്തിൽ ഈയാണ്ടു ചിങ്ങമാസം 20-ാനു- ദിവസത്തിന് എഴുന്നെള്ളിയ ദിവസം അന്ന് മതിലകത്ത് പതക്കം നടയ്ക്കു വച്ചിട്ടുള്ളതായി നമ്പർ 250/1017-8-24 ലെ....

---

[അണുപരിമാണം മന ഇ-
ത്യഖിലബുധാനാംതു സൂനൃതാവാണീ;
യദിയം നിഖില ജനാനാ-
മുദ്ധൃത്യ മനാംസിയാതി തമ്പംഗീ]

(ഇരയിമ്മൻതമ്പി)

1843



**1018 M.E.***

# തിരുവിതാംകോട്ടു സംസ്ഥാനത്തുള്ള പ്രധാന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം

## 1) *റസിഡൻറാഫീസിൽ ഉദ്യോഗസ്ഥൻമാർ:-*

| | | |
|---|---|---|
| റസിഡൻറ് | : | മേജർജനറൽ വില്യംകല്ലൻ |
| റസിഡൻറിൻെറ ആടുതൽ കമാണ്ടിംഗ് | : | കാപ്ടൻ ബിൻ |
| റസിഡൻറിൻെറ വൈദ്യൻ | : | ഡാക്ടർ പാറേറർസൻ |
| റസിഡൻറാഫീസ് മാനേജർ | : | മിസ്റ്റർ ഹൌജി |

## 2) *ഹജൂർകച്ചേരി ഉദ്യോഗസ്ഥൻമാര്*

| | | |
|---|---|---|
| ഹെഡ്ദിവാൻ പേഷ്കാർ | : | കൃഷ്ണരായർ |
| ദിവാൻ പേഷ്കാർ | : | കേശവപിള്ള |
| ഒന്നാം ഡെപ്യൂട്ടി പേഷ്കാർ | : | നാരായണപിള്ള |
| രണ്ടാംഡെപ്യൂട്ടി പേഷ്കാർ | : | പഴനിയാണ്ടി മുതലിയാര് |
| സെക്രട്ടറി | : | മിസ്റ്റർ വൈട് |
| വലിയ മേലെഴുത്ത് | : | കൃഷ്ണപിള്ള |
| മേലെഴുത്ത് | : | ലക്ഷ്മണൻപിള്ള |
| പോലീസ്ശിരസ്തദാർ | : | ദത്താരാമശാസ്ത്രികൾ |
| പോലീസ് ശാസ്ത്രി | : | ചിതംബര ശാസ്ത്രി |
| മരാമത്തു ശിരസ്തദാർ | : | സുബ്ബാരായർ |
| ശ്രാപ്പ് | : | കൃഷ്ണനായിക്കൻ |
| കമ്മട്ടം ശിരസ്തദാർ | : | അണ്ണാജിരായർ |

## 3) *കൊട്ടാരം ഉദ്യോഗസ്ഥർ*

| | | |
|---|---|---|
| പൗസ്ദാരി കമ്മിഷണർ | : | ശങ്കരനാഥജോത്സ്യപണ്ടാല |
| ഡെപ്യൂട്ടിപൗസ്ദാരി | : | വീരാസ്വാമിനായിക്കൻ (ആക്ടിംഗ്) |



| | | |
|---|---|---|
| നിത്യച്ചിലവു കാര്യക്കാർ | : | അപ്പാവു അണ്ണാവി |
| മേലെഴുത്തു | : | ശങ്കരമൂർത്തിപ്പിള്ള |
| സർക്കാർ വക വൈദ്യൻ | : | ഡാക്ടർ ററൻ |
| അപ്പാത്തിക്കരി | : | മിസ്റ്റർ അൻേറഴ്സൻ |

## 4) *അപ്പീൽകോർട്ട് ഉദ്യോഗസ്ഥൻമാർ:-*

| | | |
|---|---|---|
| ഒന്നാംജഡ്ജി | : | ശ്രീനിവാസരായർ |
| രണ്ടാംജഡ്ജി | : | പപ്പുതമ്പി |
| മൂന്നാംജഡ്ജി | : | മിസ്റ്റർ കോലഫ് |
| നാലാംജഡ്ജി | : | കേളുമേനവൻ |
| ശാസ്ത്രി (ആക്ടിംഗ്) | : | സുബ്രഹ്മണ്യശാസ്ത്രി |

## 5) *തിരുവനന്തപുരം കോർട്ടിലെ ഉദ്യോഗസ്ഥര്*

| | | |
|---|---|---|
| ഒന്നാംജഡ്ജി | : | നരസിംഹനായിക്കൻ |
| രണ്ടാം ജഡ്ജി | : | മിസ്റ്റർ എവററ്റ് |
| ശാസ്ത്രി | : | കൃഷ്ണശാസ്ത്രി |

## 6) *നക്ഷത്രബംഗ്ലാവ് ഉദ്യോഗസ്ഥൻമാർ*

| | | |
|---|---|---|
| എക്സാമിനർ | : | മിസ്റ്റർ കാൽടിക്കററ് |

## 7) *സർക്കാർവക ധർമ്മപള്ളിക്കൂടത്തിൽ:-*

| | | |
|---|---|---|
| വാദ്ധ്യാർ | : | മിസ്റ്റർറോബർട്ട് |
| അസിസ്റ്റൻറ് | : | മിസ്റ്റർ കെല്ലി |

## 8) *സർക്കാർവക അച്ചുകൂടത്തിലെ....*

| | | |
|---|---|---|
| സൂപ്രണ്ട് | : | റവറൻറ് മിസ്റ്റർ സ്പർഷ് നീഡർ |

1843

# ഹജൂർതിരട്ടുകൾ 31

കൊ: വ: 1018

1) ദളവാതമ്പി വേലായുധൻ ചെമ്പകരാമൻെറ അനുജൻ കുമാരൻതമ്പി കഴിഞ്ഞു പോയതിന് പട്ടും മുണ്ടും വാങ്ങിയതിന്-25¾ പണം.
2) ആണ്ടിയിറക്കത്തു പുതുമന അമ്മവീട്ടിൽ കൃഷ്ണൻ തമ്പിയുടെ മകൻ ഇടയ്ക്കോട്ട് ഇരയിമ്മൻ തമ്പിയുടെ ആട്ടബലിയ്ക്ക്-450 പണം.
3) കുംഭകോണം ജനാർദ്ദനരായർ വെങ്കിട്ടരായർക്ക് മാശി 30-ാന്തു ദിവാനുദ്യോഗത്തിന് നീട്ടും മുദ്രയും കൊടുക്കയാൽ അന്ന് തെക്കേത്തെരുവിൽ മാളികയ്ക്കു താഴെ വച്ച് സർവാണി ഉരംപ്പെട്ട വകയ്ക്ക് ചിലവ്-5564¼
4) 'പിററ്' പാതിരിക്ക് 'ഗ്രാമർ' ഉണ്ടാക്കിയതിന് മുൻ 500 രൂപുകൊടുത്തതു പോകെ-കൊടുത്ത രൂപാ 500 ക്ക് 3500 പണം.
5) തഞ്ചാവൂർ മേരുഗോസായി 'ഗുരുആരാധന' കഴിക്കുന്ന വകയ്ക്ക് കൊടുത്തപണം 700/ രഥം പണിയ്ക്ക് നിത്യച്ചിലവ് ചെല്ലം വകയ്ക്ക് ചിലവ് 1017-ാമാണ്ട് ചിലവു നീക്കി മരാമത്തുവക ചിലവ്-35758¾
7) കൊട്ടാരം പേഷ്കാരായി തൈ 21-ാന്തു മുതൽ നിശ്ചയിച്ചിരിക്കുന്ന നാരായണൻ ശങ്കരന് മാസം 1ക്ക് 4200 പണം.

## ഹജൂർരായസം (1018)

1) പുത്തനായി തീർപ്പിച്ച രഥത്തിൽ 'രുക്ക്' ഇടുന്നതിന്
6) 10000 തങ്ക 'രുക്ക്' തകിടും, 7000 വെള്ളി 'രുക്ക്' തകിടും ഏരംപ്പിച്ചതിന് 'തങ്കരുക്ക്' തകിട് 100 ക്ക് 14 രൂപാവീതം 1403½ രൂപായും വെള്ളിരുക്ക് തകിട് 100 ക്ക് 7 രൂപാ വീതം 700 രൂപായും ഇങ്ങനെ 2103½ രൂപാ കൊടുക്കുന്നതിന് ചിലവെഴുതാൻ ന:30/1018-1-3-ാം തീയതിയിലെ....

(രുക്ക്-ശോഭ, പ്രഭ)

2) മതിലകത്ത് 25 തവണയായിട്ട് 2969 രൂപാ നടയ്ക്കു വച്ചത് ചിലവെഴുതാൻ ന: 48/1018-2-16 ലെ....



3) രഥപ്പുര തീർപ്പിച്ച വകയ്ക്ക് 17734 പണം ചിലവായത് മുൻചിലവെഴുതിയ 8410 പണം പോകെ ശേഷം 9324¼ പന്നം ചിലവെഴുതാൻ ന:92/1018-2-30....
4) മതിലകത്ത് ഒററക്കല്ലു മണ്ഡപത്തിൽ തൂക്കിയിരുന്ന 2 വെള്ളി തൂക്കുവിളക്ക് മോഷണം പോയതിനും പകരം തീർപ്പിച്ച രണ്ടുവിളക്ക് 1018 തുലാം 5-ാം തീയതി നടയ്ക്കു വച്ചതിന് 5540⅜ പണം ചിലവായതു ചിലവെഴുതാൻ ന:155/1018-4-20 ലെ....
5) ദിവാനുദ്യോഗമായിരുന്ന സുബ്ബരായർക്ക് രാമവർമ്മപുരം ഗ്രാമത്തിൽ നടുത്തെരുവിൽ കിഴക്കേഅററത്ത് പുത്തനായിട്ട് മഠം തീർപ്പിച്ച വകയ്ക്ക് പണിവകയിൽ നിന്നും സാമാനങ്ങരം കൊടുത്തതിന് 1289¼ പണം.
6) കരമന പാലംപണിയ്ക്ക് 22568 രൂപാ 7 അണ അനുവദിപ്പാൻ ന:233/1018-6-27 ലെ....
7) നക്ഷത്രബംഗ്ലാവു വകയ്ക്ക് ബിലാത്തിയിൽ നിന്നും കണ്ണാടികളും യന്ത്രങ്ങളും വരുത്തിയതിന് 11505 കുമ്പനി രൂപായും 10 അണയും 7 പൈസയും ചെല്ലുവാനുള്ളത് കൊടുപ്പാൻ ന:237/1018-7-5-ലെ....
8) ഇൻജിനീയർ ലപ്ടൻ ഹാർസിലി സായിപ്പുവക പുത്തൻചന്ത ബംഗ്ലാവ് സർക്കാർ വിലയ്ക്കു വാങ്ങാൻ 1000 കമ്പനിരൂപയ്ക്ക് ചിലവെഴുതാൻ ന: 238/1018-7-5 ലെ....
9) ചിറയിൻകീഴ് ഇംഗ്ലീഷുപള്ളിക്കൂടം വകയ്ക്ക് 1013 ആടി മുതൽ 1016 ആവണി വരെ മാസം 1ക്ക് 30 രൂപാ വീതം വാദ്ധ്യാന്മാർക്ക് ചിലവിന് കൊടുത്തത് ചിലവെഴുതാൻ ന:296 1018-8-7 ലെ....
10) തയ്ക്കാട്ട് ആശുപത്രിയിൽ പെണ്ണുങ്ങളുടെ വകയ്ക്ക് ഒരു ബംഗ്ലാവു കെട്ടാൻ 5515¼ പണം ചിലവായത് കൊടുപ്പൻേ ന:114 1018-8-15....
11) കൊട്ടാരത്തിൽ ഡ്രസ്സർവേലയ്ക്ക് ആക്കിയിരിക്കുന്ന പപ്പുപിള്ള 1832-ാം വർഷം മുതൻ 10 വർഷം സേവിച്ചിരിക്കുന്നതിനാൽ 28 രൂപാ ഒള്ളതോടുകൂടി 7 രൂപാ കൂട്ടി 35 രൂപാ കൊടുപ്പാൻ ന:469,1018-11-25ലെ....
12) തിരുവനന്തപുരത്ത് ടൌൺപോലീസു ഏർപ്പെടുത്തിയതായി ന:511/1018-12-18 ലെ....

(*

**1019 M.E.** ജമാബന്തി

## 'ദത്തവകാശത്തിന് പരസ്യം'

ന:5313

പത്തനാപുരം മണ്ഡപത്തും വാതുക്കൽ-പത്തനാപുരം പ്രവൃത്തിയിൽ പല്ലാരിമംഗലം മുറിയിൽ-കാരൂ വീട്ടിൽ കുമാരൻ അയ്യപ്പന് ശേഷക്കാരില്ലാത്തതിനാൽ അവന്റെ ചേട്ടന്റെ മക്കളാകുന്ന പോനാത്തു മുറിയിൽ കുളത്തൂർ വീട്ടിൽ ശങ്കരൻ കണ്ടൻ മുതൽ പേരെ ദത്തവകാശമാക്കി കൊടുക്കണമെന്നും ബോധിപ്പിച്ച് ഉത്തരവിൻ പ്രകാരം വിചാരണ ചെയ്ത്-മാവേലിക്കര മണ്ഡപത്തും വാതുക്കൽ തഹശീൽദാർ ധനുമാസം 14-ാനു എഴുതിയിരിക്കുന്ന സാധനത്തിൽ അതിന്മണ്ണം ചെയ്യുന്നതുകൊണ്ട് യാതൊരു വിരോധവും ഇല്ലെന്ന് കാണുന്നതാകയാൽ അപ്രകാരം ദത്താവകാശമാക്കുന്നതുകൊണ്ട് ശേഷക്കാററ്, സമ്മന്തക്കാററ്, ഉൾപ്പെട്ട ആളുകൾക്ക് ന്യായമായിട്ട് എന്തെങ്കിലും സങ്കടങ്ങളും, ആവലാതിയും, ഉണ്ടായിരുന്നാൽ ആ വിവരം ഈ പരസ്യം ചെയ്യുന്നനാൾ മുതൽ 20 ദിവസത്തിനകം മണ്ഡപത്തും വാതുക്കൽചെന്ന് ബോധിപ്പിച്ചുകൊള്ളുകയും വേണം.

ആയവധിക്കകം ബോധിപ്പിക്കാതെ അവധികഴിഞ്ഞു ബോധിപ്പിച്ചാൽ ആവലാധി എടുക്കുന്നതുമല്ല.

എന്ന്

1019-ാമാണ്ട് തൈമാസം 12-ാനു

ദിവാൻ വെങ്കിട്ടരായർ (ഒപ്പ്)

---



## 1019-മുതൽക്കുള്ള ആചാര വെടിക്രമം

ശ്രീമറാണീ മഹാരാജാവിന്റെ പുറന്നാളുനാൾ കാലത്ത് വയസ്സിനു തക്കവെണ്ണമുള്ള വെടി അന്നുതന്നെ 12 മണിയ്ക്കും, അല്ലാതെയുള്ള ദിവസങ്ങളിലും, യൂറോപ്പിൽ മററുള്ള രാജാക്കന്മാർക്കും, ഏഷ്യയിൽ തിരുവിതാംകൂർ മുതലായ മഹാരാജാക്കന്മാർക്കും, നവാബിനും, വെടി 21, ഗവർണ്ണർ സായിപ്പ് അവർകൾക്കും, നവാബിന്റെ മൂത്തപുത്രനും, നവാബിന്റെ റാണിയ്ക്കും വെടി19, കമാൻറിംഗ് സായിപ്പ് ധാരഅവർകൾക്കും പടക്കപ്പലിനും, ഗവൺമെൻറിൽ പ്രധാനപ്പെട്ട ജഡ്ജിമാർക്കും, ബിഷപ്പിനും, ജനറൽമാർക്കും 17. ഗവൺമെൻറിൽ ആലോചനക്കാററാകുന്ന ധാരമാർക്കും സുപ്രീംകോർട്ടു ജഡ്ജിമാർക്കും, ലഫ്ററനൻറ് ജനറൽമാർക്കും 15, മേജർ ജനറൽമാര് പട്ടാളത്തിൽ ഇരുന്നാൽ 15, അല്ലെങ്കിൽ 13, റസിഡൻറ് സായിപ്പുമാർക്ക് 11. അവരുടെ അധികാര സ്ഥലങ്ങളിൽ അവരുടെ മനസ്സുപോലെ 17വെടിവരെയും വയ്പിക്കാം. അന്യരാജാക്കന്മാരുടെ കാര്യസ്ഥൻമാർക്ക് 11, ഗവൺമെൻറ് കച്ചവടക്കാർക്ക് വെടി 9.

### *രാജാവിനോടുള്ള പ്രാർത്ഥന*

[പ്രതിമാസമഹോ മഹീസുരേഭ്യഃ
പ്രതിമാസപ്രതിപാദനംവിധത്സേ;
പ്രതിമാരഹിതോരുപുണ്യരാശേ!
പ്രതിമാമപ്യധികം കൃപാതവാസ്തു]

(ഇരയിമ്മൻതമ്പി)

## ഹജൂർതിരട്ടുകൾ 32

കൊ: വ: 1019

1) കിളിമാനൂർ കോയിത്തമ്പുരാൻ ആവണി 17-ാനു- അരുവിക്കര അണ നോക്കുന്നതിനായിട്ടു പോകയാൽ മേനാക്കൂലി വകയ്ക്ക് 54 പണം.

2) ചോതിതിരുനാൾ തിരുമനസ്സുകൊണ്ട് ആവണി25-ാനു- വിജയവിലാസത്തു കൊട്ടാരത്തിൽ എഴുന്നെള്ളുകയാൽ രഥം അലങ്കരിപ്പാൻ വാങ്ങിച്ച കൊഴുന്ത് തുലാം 1ക്ക് 11¾ പണം.

3) വടശ്ശേരി വലിയവീട്ടിൽ തങ്കച്ചികൃഷ്ണമുത്തു ശിവകാമിപ്പിള്ളയ്ക്കും ഉലകുപിള്ളയ്ക്കും, വള്ളിപ്പിള്ളയ്ക്കും, അനന്തലക്ഷ്മിപ്പിള്ളയ്ക്കും, അവരുടെ മകൻ കണക്കുതമ്പി ചെമ്പകരാമൻ ശിവതാണുവനും, തങ്കച്ചി വള്ളിപ്പിള്ള കൃഷ്ണമുത്തു മുതൽപേർ 5നും ''ശേഷക്കാരായിട്ട്'' തിരുവനന്തപുരത്തു വന്നുപാർക്കുന്ന ആദിലക്ഷ്മിയേയും, അവരുടെ മകൾ സുന്ദരലക്ഷ്മിയേയും, മൂത്തമകൾ സുഗന്ധപാർവതിയേയും, ടി പാർവതി പ്രസവിച്ചുണ്ടാകുന്ന കുഞ്ഞുങ്ങളേയും, ആദിലക്ഷ്മിയുടെ മകൻ നാരായണനേയും ടിയാണ്ടു ആവണിമാസം 29-ാം തീയതി ദത്തവകാശമാക്കി നീട്ടു കൊടുക്കയാൽ ടി വകയ്ക്ക് ചിലവ് 1330¼ പണം,

4) സുന്ദരലക്ഷ്മിപ്പിള്ളയ്ക്ക് നാളതു കൽപിച്ച് പട്ടും പതുവട്ടവും ഇടുകയാൽ ടി വകയ്ക്ക് ചിലവു നെൽ 3, പറ 9¼ ഇടങ്ങഴിയ്ക്ക് വിലത്തരം 6¾ പണവകയിൽ 114¼ം ആകെ 121 പണം.

5) നാളത് ടി പാനപ്പിള്ള സുന്ദരലക്ഷ്മിപ്പിള്ളയ്ക്ക് ദാനം, ദക്ഷിണ, കാണിക്ക, എണ്ണവില, മരുന്നുവില, മേനാക്കൂലി, ചുമട്ടുക്കൂലി, എന്നിവയ്ക്ക് 13342 പണം

6) പാനപ്പിള്ള ആദിലക്ഷ്മിപ്പിള്ള തങ്കച്ചിയ്ക്കും, മൂത്ത



മകൾ സുഗന്ധപാർവതിപ്പിള്ള തങ്കച്ചിയ്ക്കും മേനാക്കൂലി ഉൾപ്പെട്ട വകയ്ക്ക് ചിലവ് 721¾

7) വടശ്ശേരി ശിവതാണുവൻ ചെമ്പകരാമൻ തമ്പിയ്ക്കും, ആദിലക്ഷ്മിയുടെ മകൻ നാരായണൻ തമ്പിയ്ക്കും, സുഗന്ധപാർവതിപ്പിള്ള തങ്കച്ചിയുടെ മകൻ കൊച്ചുതമ്പി ദാനം ദക്ഷിണ ഉൾപ്പെട്ടതിന് ചിലവ് 718¼

8) വടശ്ശേരി പാനപ്പിള്ള ആദിലക്ഷ്മി സുന്ദരലക്ഷ്മിയ്ക്ക് ആവണി 29-ാനു- മുതൽ മാസം 1ക്ക് 1690¾ പണം വീതം.

9) വടശ്ശേരി ശിവതാണുവൻ ചെമ്പകരാമൻ തമ്പിയ്ക്ക് അൽപശി മാസം (തുലാം) 29-ാനു- കൽപിച്ച് തിരുനാമപ്പേരു കൊടുക്കുകയാൽ ആനപ്പുറത്ത് വിരിപ്പാൻ കൊടുത്ത കരിമ്പടം 1ക്കുവില 12പണം.

10) അൽപശി 5-ാനു- വിജയവിലാസത്തു കൊട്ടാരത്തിൽ എഴുന്നെള്ളി ടിയിൽ വച്ച് തഞ്ചാവൂർ നാട്യത്തിൽ നട്ടുവൻ വടിവേലുവിൻെറ സദിർ ഉണ്ടാകയാൽ ടിയാന് ഇനാം 500/ ദാസി സുന്ദരത്തിന് 500/

11) തിരുവനന്തപുരത്തു കൊട്ടാരത്തിൽ പകിടശ്ശാരി മണ്ഡപത്തിൽവച്ച്അൽപശി മാസം 25-ാനു- 'സാരജ്ഞന നാടകവും' 'സുകുമാര നാടകവും' ആടുന്നതിനും, രാമസ്വാമി കോവിൽ (പത്മനാഭപുരം) ശുചീന്ദ്രം, ഈ കോവിൽക്കാരരെ വരുത്തിയതിന് ചിലവ്-(പേർ 6 ക്ക്) 424.

12) ചിത്രമെഴുത്ത് കുപ്പാസ്വാമി നായിക്കിന് കാർത്തിക മാസം മുതൽ 210 വീതം ചിലവ്.

13) തിരുവനന്തപുരം തെക്കേത്തെരുവു മുററവെളിയിൽ വച്ച് കാർത്തിക 17-ാനു- കൽപിച്ച് 'കടുവാ' നായാട്ടു കാണുകയാൽ അരികൊടുത്ത വകയ്ക്ക് നെടുമങ്ങാട് കോട്ടുകാൽ, പൊന്മന, നെയ്യാററിൻകര, പത്തനാപുരം സ്ഥലം 5 ൽ കടുവായും പുലിയും കൊണ്ടുവന്ന പേർക്ക് ചിലവ് 5180¾ പണം.

14) തയ്ക്കാട്ടാശുപത്രിയിൻ മരുന്നുകൊടുപ്പ് മുതലായ വേല നോക്കുന്നതിന് മെഡിക്കൽ പ്യൂപ്പിളായിട്ട് ആക്കിയിരിക്കുന്ന രാമസ്വാമിപ്പിള്ളയ്ക്ക് മാസം 1ക്ക് 49 പണം.

വീതം കൊടുപ്പിപ്പാൻ തൈ 3-ാനു- യിലെ ഉത്തരവും പടി ചിലവ്-539 പണം.

15) പത്മനാഭപുരം കൊട്ടാരത്തിൽ വച്ച് തൈമാസം (മകരം) 16-ാനു- മുതൽ പങ്കുനി 7-ാനു- വരെ കുട്ടികൾക്ക് ഉച്ചിക്കെണ്ണയും, ഉരുളച്ചോറും, കൊടുത്തവകയ്ക്കും ദേഹണ്ണക്കൂലി വകയ്ക്കും പത്മനാഭപുരത്തും. ശുചീന്ദ്രത്തും എഴുന്നെള്ളിയിരിക്കുമ്പോൾ വെള്ളം കോരികൊടുക്കുന്നതിന് നിത്യച്ചിലവിൽ നിന്നും കൊടുത്ത പണം 258¾.

16) ഇരണിയൽ-കൽക്കുളം- അഗസ്തീശ്വരം-തോവാള - ഈ നാലു മണ്ടപത്തും വാതുക്കൽ ചേർന്ന പ്രദേശങ്ങളിൽ കൃഷിയ്ക്ക് നല്ല മഴ പെയ്യേണ്ടുന്നതിന അമ്പലപ്പുഴ കൃഷ്ണസ്വാമിയ്ക്ക് വഴിപാടു പ്രാർത്ഥിച്ചാൽ മഴ പെയ്യുമെന്ന് ഇരണിയൽ തഹശീൽദാർ എഴുതി ബോധിപ്പിച്ച്-അപ്രകാരമത്രേ പ്രാർത്ഥിക്കയും മഴ പെയ്യുകയും ചെയ്തതിനാൽ പ്രാർത്ഥിച്ചതിന്മണ്ണം വഴിപാടു കഴിപ്പിച്ചുകൊള്ളത്തക്കവണ്ണം മാർകഴി(ധനു)20-ാനു- എഴുതിയ ഉത്തരവുംപടി ടി ക്ഷേത്രത്തിൽ തൈ (മകരം) മാസം 17-ന് പൂജയും കളഭവും സദ്യയും വിളക്കും കഴിപ്പിച്ച വകയ്ക്ക് അരി കോപ്പു മുതലായതു ചിലവുള്ളത് കൈമാറി ചിലവെഴുതിയതാക നെൽ 848 പറ 7¼ ക്ക് വിലത്തരം 348¾ പണവകയിൽ 1001¼ ആകെ ചിലവുപണം 1350¼

17) ടിയാണ്ട് ചിത്തിരമാസം 23-ാനു- ചോതി ആട്ടത്തിരുനാൾ ദിവസം മതിലകത്ത് നടയ്ക്കു വച്ച പതക്കം 1ക്ക് (ശീമക്കമല വൈരം) വില 11000 പണം.



18) തിരുനക്കര ക്ഷേത്രത്തിലെ 'വൃഷഭത്തിൽ' 1018 ആടി 10-ാനു- ചോരയും, ചലവും, കണ്ടസംഗതിയ്ക്ക് എഴുതി ബോധിപ്പിച്ച് ഉത്തരവും പ്രകാരം ടി ക്ഷേത്രത്തിൽ ഭഗവാന് ആടി 16-ാനു- മുതൽ 27-ാനു- വരെ വഴിപാടും, 16-ാനു- മുതൽ 25-ാനു- വരെ വൃഷഭന് ശർക്കരപായസം വെള്ളനിവേദ്യം, നീരാഞ്ജനം, ക്ഷീരധാര, മുതലായതു കഴിപ്പിച്ചതിനും ചിലവായപണം 182¼.

19) ആണ്ടിയിറക്കത്തു പുതുമന അമ്മവീട്ടിൽ കണക്കു തമ്പി പത്മനാഭൻ ഇരയിമ്മന്റെ മകൾ ഭഗവതിപ്പിള്ള തങ്കച്ചിയെ കെട്ടിക്കുന്ന വകയ്ക്കു 1500 പണം,

20) ചിത്രമെഴുത്ത് മധുര അളഗിരി നായിക്കിന്റെ മകളെ കെട്ടിക്കുന്ന വകയ്ക്ക് 1400/

21) ആണ്ടിയിറക്കത്ത് ഇരയിമ്മൻ തമ്പിയുടെ ചിററമ്മ കഴിഞ്ഞതിന് 17¼

22) കമുകറ കുറുപ്പിന്റെ ആട്ടബലിയ്ക്ക് കൊടുത്ത പണം 700/

23) തഞ്ചാവൂർ നിന്നും വരുത്തി പാർപ്പിച്ചിരിക്കുന്ന മല്ലകച്ചെട്ടികൾ പേർ 23ക്ക് മാസം 1ക്ക് 4802 പണം വീതം ടിയാണ്ട് ആനിയും, ആടിയും, മാസം 2ക്ക് 9604 പണം.

24) തഞ്ചാവൂർ നട്ടുവൻ വടിവേലുവിന്റെ ജേഷ്ഠൻ ശിവാനന്ദം തഞ്ചാവൂർ പോകുന്ന വകയ്ക്ക് 700/

25) തിരുമനസ്സിലേയ്ക്ക് മുലകൊടുത്തിരുന്ന കൽക്കുളം ഈശ്വരിപ്പിള്ള തങ്കച്ചിയ്ക്ക് ഇനാമായിട്ടു കൊടുത്തത് 1400/

26) തഞ്ചാവൂർ രാജാവിന്റെ രൂപം ഉണ്ടാക്കിയ ചട്ടക്കാരൻ പേട്ടയിൽ ഗോമസ്സിന് കൊടുത്ത ഇനാം പണം 50/

27) തെക്കേത്തെരുവിൽ കടുവാനായാട്ടിന് കൊട്ടാരക്കരയും പത്തനാപുരത്തു നിന്നും രണ്ടു പുലിയെ പിടിച്ച് കൂട്ടിൽ ആക്കി കൊണ്ടുവന്നതിന് ചുമട്ടുക്കൂലി-വള്ളക്കൂലി-82 പണം.

28) കീര വിതയ്ക്കുന്നതിന് ഉരം വയ്പാൻ ചെങ്കോട്ട തെററാരമ്പൻ മുതലായവർക്ക് 100 പണം,

29) വിലയ്ക്കു വാങ്ങിച്ച ഒട്ടകം 4ക്ക് രൂപാ 500 ക്ക് 3562½.

30) ഇംഗ്ലീഷു പള്ളിക്കുടം 'റാബർട്ട്' കൊല്ലത്തു പള്ളിക്കുടം നോക്കുവാൻ പോയ തവണ 6 ക്ക് ചിലവ് 420/

31) കോട്ടയത്തു പാർക്കുന്ന 'പാതിരി ബെൻ സായിപ്പ്' മലയാണ്മയിൽ 'അകാരാദി' പുസ്തകം അച്ചടിച്ച വകയ്ക്ക് ഇനാം ചിലവ് 7000 പണം.

32) അഫ്ഗാനിസ്ററാൻ രാജ്യത്തിൽ പടയിൽ്പെട്ടു പോയ കുമ്പനി പട്ടാളത്തിൽ ഒള്ള ആളുകളുടെ ശേഷക്കാർക്ക്ശമ്പളം വച്ചുകൊടുപ്പാൻ വകയ്ക്ക് പലിശക്കായിട്ട് ഇടുന്നതിന് റസിഡൻറു മുഖാന്തിരത്തിൽ എഴുതിവന്ന കാര്യത്തിന് കൊടുത്ത രൂപാ 1515 ക്ക് 7¼ വിലയ്ക്ക് 10794¼,

33) അമ്പലപ്പുഴ മുതലായ സ്ഥലത്ത് പുഞ്ചകൃഷി വിളവെടുപ്പ് സമയത്ത് മഴകൂടാതെയിരിപ്പാൻ 18പൂജയും കളഭവും, നടത്തിയതിന് 1361 പണം.

34) മതിലകത്ത് കൊടിമരത്തിൻെറ ചുവട്ടിൽ തറച്ചിരുന്ന മൂലത്തകിട് കാണായ്കയാൽ ആ വകയ്ക്ക് കലശം കഴിപ്പിച്ചതിന് 275 പണം.

35) കാണാതെ പോയ മൂലത്തകിട് വച്ചതിന് 183¼.

## ഹജൂർരായസം (1019)

1) ദിവാനുദ്യോഗമായിരുന്ന സുബ്ബയ്യൻ ശങ്കരനാരായണയ്യൻ ഈയാണ്ടു ചിങ്ങമാസം 21-ാനു- കഴിഞ്ഞുപോയതിന് പട്ടും കച്ചയും അയച്ചതു കൂടാതെ പുണ്യാഹത്തിന് 1000 പണവും കൊടുത്ത് വേണ്ടുന്ന പുരകളും കെട്ടിച്ച് കൈവിലയ്ക്കു കോപ്പും അതുകൂടാതെ പാത്രങ്ങളും കൊടുത്ത് കൽക്കുളം തഹശീൽദാരുംചെന്നു നടത്താൻ ചട്ടം കെട്ടണമെന്ന് കൽപ്പന പ്രകാരം

1844



എഴുതി വന്ന് ചട്ടം കെട്ടിയിരിക്കുന്നതിനാൽ ആയിരം പണം ചിലവെഴുതാൻ അനുവാദത്തിന് ന:70/1019-2-4-ലെ....

2) ചിലദേവസ്വങ്ങളും, ദേവസ്വങ്ങളിലെ പാത്രങ്ങളും പണിയ്ക്ക് 275681 പണം അനുവദിപ്പാൻ ന: 47/1019-2-4-ാനു- തിരുമനസ്സറിവാൻ ഹജൂർരായസം.

3) ആറയൂർദേവസ്വം ശീവേലി ബിംബം 1016 തൈ 16-ാനു- മോഷണം പോയത് കണ്ടെടുത്തതിനെ ശുദ്ധി വരുത്തി കലശം കഴിപ്പിപ്പാൻ ചിലവായ 669¼ പണം കൈമാറാൻ ന: 131/1019-4-4 ലെ....

4) മതിലകത്ത് രണ്ടുത്സവത്തിനും (അൽപ്പശി-പങ്കുനി) അഞ്ചാം ദിവസം മുതൽ മാത്രമേ ചേന ഉപ്പേരി പതിവുള്ളു. രണ്ടാം ഉത്സവദിവസം മുതൽ നാലാം ഉത്സവദിവസംവരെ മൂന്നു ദിവസത്തേയ്ക്കു കൂടി ചേന ഉപ്പേരി പതിവു വയ്പാൻ-ഒരുത്സവത്തിന് ഈ വകയ്ക്ക് 1142½ പണം വീതം രണ്ടുത്സവത്തിനും 2285 പണം പതിവിൽ കൂട്ടണമെന്ന് ന:139/1019-4-14 ലെ....

5) കരമനപാലം പണിയ്ക്ക് 31980 ജാതിയടി ചതുരം കരിങ്കല്ലിന് കൂലി ഉൾപ്പെടെ 19987½ പണം അനുവദിപ്പാൻ ന:258/1019-4-15 ലെ....

6) വയ്ക്കത്ത് പാർക്കുന്ന വടക്കുംക്കൂർ തമ്പുരാൻെറ കുടുംബത്തിലെ പെൻഷൻ കാര്യത്തെ സംബന്ധിച്ച് ന:148/1019-4-21 ലെ....

7) വടശ്ശേരി തമ്പി താണുവൻ ചെമ്പകരാമന് 150 പണം പല്ലക്ക് അടുത്തൂൺ പതിപ്പാൻ ന: 246/1019-7-3-ലെ....

8) ചെല്ലം വകയിൽ നിന്നും ഒരു ലക്ഷം രൂപാ തരുവിക്കണമെന്ന് ന:269/1019-8-27 ലെ....

9) കാശിയിൽ നിന്നും 11 വലിയ കുടത്തിലും,8 ചെറിയ

കുടത്തിലും, ഗംഗാജലം കൊണ്ടുവന്നത്- തിരുമനസ്സിലേയ്ക്ക് സ്നാനത്തിന് വലിയകുടം ഒന്നിന് 100 രൂപായും, ചെറിയകുടം ഒന്നിന് 50രൂപായും കൊടുത്ത് വിലയ്ക്കു വാങ്ങിച്ചതിന് 1500 രൂപാ കൊടുത്തത് ചിലവെഴുതണമെന്ന് ന:304/1019-10-2- ലെ

10) മേരുസ്വാമി പാർക്കുന്ന പടിഞ്ഞാറെ നടയ്ക്ക് തെക്കുവശത്ത് മഠത്തിൽ 121 കോൽ ചുററിലും, 201 കോൽ ചുററിലും, രണ്ടു നാലുകെട്ടും തെക്കുവശത്ത് 22 കോൽ നീളം 4കോൽവീതിയിൽ ചാവടിയും മരക്കൂട്ടം, മരക്കഴുക്കോലും ആയിട്ടു തീർപ്പിച്ച് ഓടിടാൻ 16056 പണം ചിലവെഴുതാൻ അനുവദിപ്പാൻ ന:40/1019-12-17 ലെ....

11) ഠൗൺപോലീസ് കന്തസ്വാമി പത്മനാഭനെ കമ്മട്ടം തഹശീൽദാരാക്കി പകരം ഇംഗ്ലീഷും ഹിന്തുസ്ഥാനിയും പരിചയമുള്ള കൃഷ്ണരായരെ ആക്കാൻ ന:409/1019-12-17 ലെ....



# കമ്പനി ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം

## 1020 M.E.*

കൊ: വ: 776-ാമാണ്ട് ധനുമാസം 18-ാനു- ശ്രീമഹാരാജാവിനോട് ബഹുമാനപ്പെട്ട കമ്പനിയാരു ഏഷ്യാ മുതലായ ഖണ്ഡങ്ങൾ ഉടമ്പടിപ്രകാരം ഏററതിൻെറ ശേഷം ഏഷ്യാ ഖണ്ഡത്തെ മൂന്നു മുഖമായിട്ടു തിരിച്ചു അതിൽ ബങ്കാളും, ബംബായ്, ജന്നപട്ടണം, ഇപ്രകാരം മൂന്നു മുഖത്തേയ്ക്കും മൂന്നു ഗൗണർമെൻറും നിശ്ചയിച്ച് അതിൽ തിരുവിതാംകോട്ടു സമസ്ഥാനം മുതലായ രാജ്യങ്ങൾജന്നപട്ടണം ഗൗണർമെണ്ടിൽ ചേർന്നതാക കൊണ്ട് ആ ഗൗണർമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ വിവരവും മററും ഇതിനു കീഴ് പറയുന്നു.

| ഉദ്യോഗത്തിൻെറ പേര് | ശമ്പളം രൂപാ. | അണ | പൈസാ |
|---|---|---|---|
| ബഹുമാനപ്പെട്ട ഗവർണ്ണർ സായിപ്പ് | 10666 | 10 | 8 |
| ആലോചനയിൽഒന്നാമത് സായിപ്പ്. | 5333 | 5 | 4 |
| ,, രണ്ടാമത് ,, | 5333 | 5 | 4 |
| ,, മൂന്നാമത് ,, | 5333 | 5 | 4 |
| ,, നാലാമത് ,, | 3100 | | |
| സിക്രട്ടറി സായിപ്പ്— | 4166 | 10 | 8 |
| ഡിപ്യൂട്ടി സിക്രട്ടറി | 1050 | | |
| പിറവക സിക്രട്ടറി— | 3333 | 5 | 4 |
| പ്രൈവററ് സിക്രട്ടറി – | 1500 | — | — |
| അക്കൌണ്ടൻറ് ജനറൽമേലെഴുത്തു സ്ഥാനം | 3891 | 1 | 11 |
| ഡിപ്യൂട്ടി അക്കൌണ്ടൻറ് ജനറൽ മേലെഴുത്തു സ്ഥാനം. | 2369 | 10 | 8 |
| ഹെഡ് അസിസ്റ്റൻറ് — | 850 | | |
| അസിസ്റ്റൻറ്— | 700 | | |

| | | | | |
|---|---|---|---|---|
| സറാപ്പ് (ശ്രാപ്പ്) | | 2500 | | |
| പാരസിദ്വിഭാഷി | — | 400 | | |
| തമിഴും തെലുങ്കും ദ്വിഭാഷി | — | 300 | | |
| മഹാരാഷ്ട്ര ദ്വിഭാഷി | — | 300 | | |
| കന്നടയും മലയാളവും ദ്വിഭാഷി | — | 250 | | |
| കവാത്ത്മേൽവിചാരം | — | 2333 | 5 | 4 |
| ,, ഡിപ്പ്യൂട്ടിവിചാരം | — | 400 | — | — |
| നക്ഷത്രമംഗ്ലാവിൽ എക്സാമിനർ | — | 672 | 13 | 1 |
| മധുരാശി കലക്ടർ | — | 2333 | 5 | 4 |
| തുറമുഖം കലക്ടർ | — | 3274 | 7 | 7 |
| സിവിൽ ഇഞ്ചിനീയർ | — | 100 | — | — |

## തിരുവിതാംകോട്ടുനടപ്പുനാണയം

10 ചക്രം = 1 രാശി. 28½ ചക്രം = 1 കുമ്പിനിരൂപ.

57½ ചക്രം = 1 വെള്ളിത്തലപ്പത്താക്ക്,

60½ ചക്രം = 1വെള്ളിത്തടിപ്പത്താക്ക്.

20½പണം = 1 പറങ്കിവരാഹൻ

28 പണം = 1 ഇക്കേരി വരാഹൻ

32½ പണം = 1തങ്കക്കാശ്, 71½ പണം-1 പവൻ

101 പണം = 1 പൊന്നുരൂപാ. 126½ പണം1 = പത്താക്ക്

## കൊച്ചിയിൽ നടപ്പുനാണയം

2 രായി-1ചില്ലിക്കാശ്. 2 ചില്ലിക്കാശ്-1 തുട്ട്

2 തുട്ട്-1 പൈസാ 2½ പൈസ അല്ലെങ്കിൽ 11 ചില്ലിക്കാശ്-1 പുത്തൻ

5½ പുത്തൻ-1 വീരരായൻ. 3½ വീരരായൻ-1 രൂപാ.

## കാലവിവരം

6 ശ്വാസനേരം = 1 വിനാഴിക, 60 വിനാഴിക = 1 നാഴിക
2 നാഴിക = 1മുഹൂർത്തം, 7½ നാഴിക = 1 യാമം,
60 നാഴിക = 1 ദിവസം. 7 ദിവസം = 1 ആഴ്ചവട്ടം,
15 ദിവസം = 1 പക്ഷം, 30 ദിവസം = 1 മാസം,
60 ദിവസം = 1 ഋതു, 324 ദിവസം = 1നക്ഷത്രവത്സരം,
354 ദിവസം = 1 ചാന്ദ്രസംവത്സരം, 365ദിവസം-1 സൗരസംവത്സരം.
100 വത്സരം=1 പുരുഷാന്തരം.



## ഹജൂർതിരട്ടുകൾ 33

കൊ: വ: 1020

1) ഓണക്കോടിവകയിൽ- മൂത്തതമ്പുരാന് ബ്രി: രൂപാ 518, അച്ചിമാർക്ക് 372 ഉത്രം തിരുനാരം കൊച്ചുതമ്പുരാൻ വകയിൽ 281. ആയില്യം തിരുനാരം കൊച്ചുതമ്പുരാൻ വകയിൽ 243½, ഉത്രാടം തിരുനാരം കൊച്ചുതമ്പുരാൻ വകയിൽ 196 വിശാഖം തിരുനാരം കൊച്ചുതമ്പുരാൻ വകയിൽ 98, ആററിങ്ങൽ ഇളയതമ്പുരാൻ വകയിൽ 189, തിരുമനസ്സിലേക്ക് ചാർത്താൻ പട്ടക്കരപരുവട്ടം 1ക്കും ആണിക്കരപരുവട്ടം ഒന്നുക്കും, നാമക്കര പരുവട്ടം 1ക്കും മുണ്ടുമുണ്ട് 1ക്കും വില-696½.

2) എഴുന്നെള്ളത്തോടുപാർക്കുന്ന അവനവഞ്ചേരിയിൽ മഹാലിംഗം അണ്ണാവിയുടെ അകരത്തിലുള്ള കുഞ്ഞുകുട്ടി പരാധീനത്തിന് ചിലവിനായിട്ട് വീരളത്തു ഊട്ടിൽനിന്നും നാരം 1ക്ക് ഇടങ്ങഴി അരിയും കോപ്പും കൊടുത്തുവരുന്നതുകൊണ്ട് ചിലവിന് മുഴുക്കുന്നില്ലെന്നും സങ്കടം തിരുമനസ്സറിയിച്ചതിന്റെ ശേഷം മണമ്പൂർ അധികാരത്തിൽനിന്നും മാസം 1 ക്ക് 45 പറനെല്ലുവീതം പതിവിൽ കൂട്ടികൊടുപ്പിച്ചു കൊള്ളണമെന്ന് 1019 ആടി 30-ാംതീയതി എഴുതിയ നീട്ടുംപ്രകാരം ആവണി 9-ാം തീയതി മുതൽക്ക് പതിച്ചുകൊടുത്തതാക മാസം 1ക്ക് നെൽ 45 പറവീതം....

3) കോലത്തുനാട്ടിൽ ശങ്കരനാഥ പണ്ടാല ജോത്സ്യർക്ക് ആവണി മാസം മുതൽക്ക് അടുത്തൂൺ ഒഴിവിൽ പതിച്ചതാക കൂടുതൽ 700/-

4) മാവേലിക്കര കൊട്ടാരത്തിൽ എഴുന്നെള്ളി പാർത്തിരുന്നതിൽ അത്തം തിരുനാരം വലിയ ആൺവഴിതമ്പുരാൻ 949-ാം മാണ്ട് മുപ്പതാമത് തിരുവയസ്സായിരിക്കുമ്പോരം കാശിക്കു പോയാറെ- പിന്നീടുള്ള വർത്തമാനം ഒന്നും തന്നെ പിന്നീട് അറിവാനിടയില്ലാത്തതും 1019 ഇടവമാസത്തിൽ 100 വയസ്സു തികഞ്ഞിരിക്കുന്നതും ആക കൊണ്ട് വൈദികന്മാരു മുതലായ ആളുകളുടെ

എഴുത്ത് ചെന്നിരിക്കുന്നതിന്മണ്ണം ശേഷക്രിയ, പിണ്ഡം, ബ്രാഹ്മണഭോജനം, മുതലായതിന് 2112¾ പണം ചെന്നിരിക്കുന്നവകയ്ക്ക് തുലാം 13-ാം തീയതി തിരുവെഴുത്തുംപടി ചിലവ്-2100 -

5) നക്ഷത്രബംഗ്ലാവു കാര്യം കാൽടിക്കട്ട് സായിപ്പിന് മാസം 1ക്ക് 400 രൂപാവീതം കൂട്ടി കാർത്തിക 2-ാം തീയതി മുതൽ 700 പണം വീതം-

6) തിരുവനന്തപുരം ഉൾപ്പെട്ട പ്രദേശങ്ങളിൽ വർഷം ഇല്ലാതെ തീരുകയാൽ 'വർഷം' ഉണ്ടാകേണ്ടതിനായിട്ട് കരമന ഗ്രാമത്തിൽ തൃപ്പടയമ്മൻ കോവിലിൽ വച്ച് കാർത്തിക 10-ാം തീയതിമുതൽ മാർകഴി 13-ാം തീയതിവരെ 'വരുണജപം' കഴിപ്പിച്ചതിന് ദക്ഷിണ ചിലവിന് അഗ്രശാല നിങ്ങാംവകയിൽ ചിലവ് ചെയ്തതിൽ നീക്കി 364 പണം.

7) ചങ്ങനാശ്ശേരി മൂത്ത കോയിത്തമ്പുരാൻ തീപ്പെട്ട പുണ്യാഹം മാർകഴി 16-ാം തീയതി കഴിഞ്ഞ വകയ്ക്ക് ചിലവുനെൽ 2591 പറ 2¼ക്ക് വില 4129½ പണം ദാനം ദക്ഷിണക്ക് നിത്യചിലവിൽ നിന്നും 9155 പണം പണവകയിൽ 18991. വകരണ്ടിൽ-23146/

8) നക്ഷത്രബംഗ്ലാവിൽ ശേവുകമായിരുന്ന നരസുവിന് ദീനമാവുകയാൽ വാശിയാകുന്നതുവരെ മാസം 1ക്ക് 30 രൂപാവീതം കൊടുപ്പാൻ ഉത്തരവുംപടി ടിയാൻ തൈ 1-ാംതീയതി കഴിഞ്ഞ്പോകയാൽ ആവണിമുതൽ മാർകഴിവരെ ചിലവ് 1050

9) പത്മതീർത്ഥക്കുളത്തിൽ ടിയാണ്ട്ചിത്തിരമാസം7-ാം തീയതി രാത്രി ഒരു ശോസായി വീണു 8-ാം തീയതി കാലത്ത് പ്രേതം കണ്ടതിന് പുണ്യാഹവും ഖനനാദിയും അത്ഭുതശാന്തിയും കഴിപ്പിച്ചതിന്അരിയും കോപ്പും അഗ്രശാലനിങ്ങാംവകയിൽ ചിലവുനീക്കി ദക്ഷിണചിലവ് 1730

10) അച്ചുകൂടം സൂപ്രണ്ട് സ്പർഷ് നീഡർക്ക് ദീനം വാശിയാകുന്നതുവരെ ആ വേലകൂടിനോക്കാൻ നിയമിച്ച റോബർട്ടിന് മാസം 100 രൂപാവീതം 1020 ആനി 19-ാം തീയതി മുതൽ കൂടുതൽ.



11) 1019 ആടിമുതൽ 1020 ആനിവരെ മദ്രാസിലും ബോംബെയിലും നിന്നും വന്നന്യൂസ്പേപ്പർ വകയ്ക്ക് ചിലവ് 2559

12) തരണനല്ലൂർ നമ്പൂരിപ്പാടിന് വയസ്സുകാലമാകയാൽ ഈശ്വരസേവാ വകയ്ക്ക് കൊടുത്തതാകപണം 2100

13) ദിവാനുദ്യോഗമായിരുന്ന തഞ്ചാവൂർ സുബ്ബാരായർ തഞ്ചാവൂർക്കു പോകുമ്പോൾ ചിലവിന് കൊടുത്തതാകപണം 14250

14) കാശിയിൽ നിന്നും വന്നുപാർത്തിരുന്ന വാസുദേവഗൗഡ ശാസ്ത്രികൾ കാശിക്കു പോകുമ്പോൾ ചിലവിനു കൊടുത്തതായ പണം 5600

15) മേരു ഭാഗവതരുടെ മഠത്തിൽ ശ്രീരാമനവമി 'ഉത്സവത്തിവ് 700

16) തിരുവട്ടാററു പാനപ്പിള്ള നങ്ങേലിനീലമ്മയും അനന്തപത്മനാഭൻ തമ്പിയും എഴുന്നള്ളത്തോടുകൂടി പത്മനാഭപുരത്തുപോയി താമസിക്കുമ്പോൾ തിരുവട്ടാററു ക്ഷേത്രത്തിൽ വഴിപാട് ടി കൊട്ടാരത്തിൽ വച്ചു സദ്യയും കഴിപ്പിച്ച വകയ്ക്ക് ചിലവ് 1683

17) തിരുവട്ടാററ് പാനപ്പിള്ള നങ്ങേലിനീലമ്മപിള്ളയ്ക്ക് ദാനം ദക്ഷിണ എണ്ണവില മരുന്നുവില ഉൾപ്പെട്ടവകയ്ക്ക് 9799

18) വടശ്ശേരി പാനപിള്ള സുന്ദരലക്ഷ്മിപ്പിള്ളയ്ക്ക് ദാനം ദക്ഷിണ, എണ്ണവില, മരുന്നുവില, മേനാക്കൂലി ഉൾപ്പെട്ടവകയ്ക്ക് 14250¾

19) ദിവാൻ വെങ്കാട്ടരായർ വൈകാശി നാലാംതീയതി രാജിനാമാവു എഴുതുകയാൽ 3-ാം തീയതിവരെ തീരുവ....

20) ഹെഡ് ദിവാൻ പേഷ്ക്കാരായി ശ്രീനിവാസരായരെ ആനി 5-ാം തീയതി മുതൽക്ക് 800 രൂപായാക്കി നിയമിച്ചു....

21) ദിവാൻ പേഷ്ക്കാർ നാരായണൻ കേശവന് 600 രൂപവീതം....

22) തിരുമനസ്സുകൊണ്ട് 1019 മാശി 8-ാം ശുചീന്ദ്രത്ത് എഴുന്നെള്ളിയിരിക്കുമ്പോൾ ടി മാസം 7-ാം നിവേദിച്ചതാക ചിങ്ങംപഴം 11830-ക്കും വരിക്കച്ചക്കപ്പഴം 34 ക്കും കൈമാറി ചിലവ്-283 പണം.

23) ആണ്ടിയിറക്കത്ത് ഇരയിമ്മൻതമ്പിയുടെ വകയിൽ രണ്ടുതങ്കച്ചിമാരെ വൃശ്ചികമാസം 1-ാം-യിലെ കല്യാണത്തിന് 1014 ലെ പതിവിൻപടി 750 പണം....

24) ആലപ്പുഴ നൊണ്ടി, കരുടൻ, ഉൾപ്പെട്ടവർക്ക് മരുന്നിനും കഞ്ഞിയ്ക്കും വകയ്ക്ക് 7411! പണം.

25) കൊല്ലത്ത് കമ്പനി 12-ാം പട്ടാളത്തോടുകൂടിവന്ന്ലയിനിൽ സഞ്ചരിച്ച് ദുർന്നടപ്പായിട്ടു നടന്ന മഹാലക്ഷ്മിയേയും, പാർവതിയേയും, ഇംഗ്ലീഷിൽ എഴുതിയ ഉത്തരവുംപടി ആരുവാമൊഴി അതിർത്തി കടത്തിഅയക്കയാൽ പേർ 2ക്ക് വഴിച്ചിലവിന് കൊടുത്തത്. 8പണം

26) മതിൽക്കകത്ത് നടയ്ക്കുവച്ച അനന്തരാമൻ 9700 ക്ക്-19400 മതിലകത്ത് പണമായിട്ട് നടയ്ക്കുവച്ചത്-82527. ചെല്ലം വക മതിലകത്ത് നടയ്ക്കുവച്ചതങ്കക്കാശു 348 ക്ക് 14302! കമ്പനിരൂപാ 2000 ക്ക് 14250/

27) തിരുവട്ടാററ' പാനപ്പിള്ളയുടെ അനുജത്തി ജാനകിപ്പിള്ളയുടെ കല്യാണ അടിയന്തിരം 1020 ആനി 19-ാം മുഹൂർത്തം നിശ്ചയിച്ച് കോപ്പുകൂട്ടി വരുമ്പോൾ ആനി 7-ാം പുരയ്ക്ക് തീപിടുത്തം ഉണ്ടാകയാൽ ചേതം വന്നസാമാനം ചെലവെഴുതിയതാക 771!

---

1844



**1021 M.E.** ജമാബന്തി

1021-6-7

## 'സർക്കാരിന്റെ ദർഘാസ്'

6321.

സകലമാന പേർക്കും പ്രസിദ്ധപ്പെടുത്തുന്ന വിളംബരം എന്തെന്നാൽ പത്തനാപുരം മണ്ടപത്തുംവാതുക്കൽ, പത്തനാപുരം പ്രവൃത്തിയിൽ, മാമ്പഴത്തുറയിൽ ''കുതിരമല്ലി'' ജാതിക്കാത്തോട്ടത്തിൽ-ജാതിക്കാ. ഗ്രാമ്പ്, കാപ്പി, മുതലായത് 'മുതൽ' എടുക്കുന്ന വകയ്ക്ക് - ആണ്ടൊന്നുക്ക് 700 പണമായിട്ടു 1011-ാമാണ്ടു തൈമാസം 20-ാം തീയതി മുതൽ 10 വർഷത്തേയ്ക്ക്-കൊല്ലത്തു പാർക്കുന്ന മിസ്റ്റർ 'വില്യം ആകപീറ്' കുത്തക കൊടുത്തിരിക്കുന്ന അവധി ഈയാണ്ടു തൈമാസം 19-ാം തീയതിവരെ കഴിയുന്നതാകകൊണ്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ

1-ാമത് മേലെഴുതിയ ജാതിക്കാത്തോട്ടത്തിൽമുതലെടുപ്പുവകയ്ക്ക് ഇനിയും 10 വർഷത്തേയ്ക്ക് കുത്തകകൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതാകയാൽ ഏൽക്കുന്നതിന് മനസ്സുള്ള ആളുകൾ ആണ്ടൊന്നിന് ഇത്രപണമായിട്ട് ഏററുകൊള്ളാമെന്ന് 'തെർഘാസ്' എഴുതി മുദ്രയിട്ട്' കുതിരമല്ലി ജാതിയ്ക്കാത്തോട്ടം വകതെർഘാസ്' എന്നും തെർഘാസുകാരന്റെ ഊരും. പേരും. തിരിച്ച് മേൽവിലാസത്തിലും കണ്ടെഴുതി ഈ മാസം 20-ാം ക്കകം ആയാളുകൾ തന്നെഅതാതുമണ്ടപത്തുംവാതുക്കൽ കൊണ്ടുചെന്ന് തഹശീൽദാർ വശം ഏൽപ്പിച്ചുകൊള്ളുകയും വേണം.

2-ാമത്- അതിന്വണ്ണം 'തെർഘാസ്' കൊണ്ടുചെല്ലുന്ന ആളുകൾ ആ മണ്ടപത്തുംവാതുക്കൽ കുടിപാർക്കുന്നവരായും തഹശീൽദാർ അറിയുന്നവരായും ഇരുന്നാൽ തെർഘാസ് വാങ്ങിച്ചു ഹജൂരിൽ കൊടുത്തയയ്ക്കയും അത് ഈ മാസം 25-ാം ഹജൂരിൽ വച്ചുനോക്കുകയും, ചെയ്യുന്നതാകകൊണ്ട് അതിൽ പണ്ടാരവകയ്ക്ക് കൂടുതലായിട്ട്കാണുകയും ഈ രാജ്യത്തു വസ്തുവക ഒള്ള ആളുകളെ ക്കൊണ്ട് പിടി

പ്പത് ജാമ്യം കൊടുപ്പിക്കയും ചെയ്യുന്ന ആളുകളുടെ തെർഘലാസ് സ്ഥിരപ്പെടുത്തുകയും ചെയ്യും.

3-ാമത്- 'തെർഘലാസ്' പൊട്ടിക്കുന്ന സമയത്ത് ആവക ആളുകൾ എങ്കിലും അവരിടെ അധികാരപത്രത്തോടുകൂടിയ ആളെങ്കിലും ഹാജരായി കൊള്ളുകയും വേണം.

4-ാമത്- 'തെർഘലാസ്' പൊട്ടിക്കുമ്പോൾ ആയാളുകൾകച്ചേരിയിൽ ഹാജരാകാതെയും, കള്ള തെർഘലാസ് ആയിരുന്നാൽ സ്ഥിരപ്പെടുന്ന തെർഘലാസിൽ പണ്ടാരവകയ്ക്ക് നഷ്ടം ഒള്ളപണം മേലെഴുതിയ തെർഘലാസിൽ ഊരും, പേരും, എഴുതിയിരിക്കുന്ന ആളുകളെവരുത്തി യാതൊരു സംശയവും കൂടതെ കെട്ടി വയ്പിക്കുകയും ചെയ്യും.

5-ാമത്- ഈ വകയ്ക്ക് വരുന്ന തെർഘലാസുകൾ എല്ലാമെങ്കിലും ചിലതെങ്കിലും, തള്ളപ്പെടുവാൻ കാണുന്നത് ആയാളുകളോട് യാതൊര ന്യായവും പറയാതെ തള്ളിക്കളയുന്നതിന് സർക്കാരിലേക്ക് അധികാരവുമുണ്ട്.

എന്ന്

1012-ാമാണ്ട് തൈമാസം 7-ാന്-

ഹെഡ്ദിവാൻ പേഷ്കാർ ശ്രീനിവാസരായർ (ഒപ്പ്)



## ഹജൂർതിരട്ടുകൾ 34

കൊ:വ:1021

1) തിരുമനസ്സുകൊണ്ട് ആവണിമാസം 27-ാന്- കൊല്ലത്തു എഴുന്നെള്ളുമ്പോൾ കൊച്ചുപ്പാമൂട്ടിൽ വച്ച് പട്ടാളത്തിലെ ധരമാർ ഉൾപ്പെട്ടപേർ ആചാരംചെയ്കയാൽ-ഇനാമായി 1130 രൂപയ്ക്ക് 7 വില പണം 7910.

2) കൊല്ലത്തുവച്ച് പുരുട്ടാശി 11-ാന്-കൊച്ചികൊങ്ങിണി ദാസിമാരുടെ സദിർ കാണുകയാൽ ചേല, സോമൻ, ഉത്തരീയം. വകയ്ക്ക് 438/

3) പുരുട്ടാശിമാസം 20-ാം തീയതി കൊല്ലത്തുനിന്നും തിരുവനന്തപുരത്ത് എഴുന്നെള്ളി ശ്രീപാദത്തു മുഖം കാട്ടുന്നതിന് പോതിതിരുനാൾ വലിയതമ്പുരാൻ- തിരുമനസ്സുകൊണ്ട് എഴുന്നെള്ളുകയാൽ ആറെങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലേയ്ക്ക് അടിയറവച്ചതാക ഇക്കേരിവരാഹൻ 100 ക്ക് 33 വീതം വിലയ്ക്ക് 3300

4) തിരുമനസ്സുകൊണ്ട് കൊല്ലത്ത് എഴുന്നെള്ളിയപ്പോൾ തിരുവട്ടാറും-വടശ്ശേരിയും അമ്മച്ചിമാർ (നങ്ങേലി നീലമ്മപ്പിള്ളയും-സുന്ദരലക്ഷ്മിയും) കൂടി പോയിവന്ന വകയ്ക്ക് ബോട്ടുകൂലി, വള്ളക്കൂലി, ഉൾപ്പെട്ട ചിലവിനും അരികോപ്പു മുതലായതിനും ചിലവ്-2250 പണം.

5) അൽപശി 5-ാന്- അപ്പീൽകോർട്ടിൽ 4-ാം ജഡ്ജി ഉദ്യോഗത്തിന് സഖാരാമരായർക്ക് കൽപിച്ച് നീട്ടുകൊടുക്കുമ്പോൾ-അടിയറക്കു കൊടുത്തു മാറി വയ്പിച്ച ചെറുതരം സാൽവ 1 ക്ക് 420 പണം.

6) പുത്തൻ മാളിക അൽപശി 8-ാന്- പാലുകാച്ചും നാൾ ബ്രാഹ്മണർക്ക് ചന്ദനത്തിൽ ചേർത്തു കൊടുപ്പാൻ ഏലം, ഗ്രാമ്പ്, ജാതിയ്ക്കാ, മുതലായത് വാങ്ങിച്ചതിന് 21¼. നടപ്പാവാട വിരിപ്പാൻ പട്ടുകുത്തു 38-ക്ക് 128 പണം. വാസ്തു വെലിയ്ക്ക് ഉറുമാൽ 60 എണ്ണത്തിന്-42 പണം.

7) റയിട്ടർ ശങ്കുണ്ണി മേനവന് ശമ്പളം പതിനഞ്ചു രൂപാ-അൽപശിമാസം കൂടുതൽ രൂപാ 9-ം, കൂട്ടി ആകെ 24 രൂപാ.

8) മതിലകത്തുവച്ച് കാർത്തിക 25-ാനു- മുതൽ മുറജപം തുടങ്ങി തൈമാസം 1-ാനു- ലക്ഷദീപം കഴിഞ്ഞനാൾ വരെ-മുറജപംനാൾ 56 ക്ക് യോഗം 2-ൽ നമ്പൂരി ദേശികൾ പേർ 2331 ക്ക് മുറജപം ജപിച്ച് മുറയ്ക്ക് മുറ ഒന്നിന് 16-ം, 18-ം, വീതം ദക്ഷിണ 240312.

മുറജപിക്കാൻ പേർ811ക്ക് പേർ 1ക്ക്-നാൾ1ക്ക്-1 വീതം 40233. സഹസ്രനാമം. ജപംപേർ 3188 ക്ക് നാൾ 48 ക്ക്-പേർ 1ക്ക്-നാൾ 1ക്ക് ½ വീതം 69597.

ജലജപം-കാർത്തിക 5-ാംതീയതിമുതൽ മാർകഴി 20-ാനു-വരെ നാൾ 48-ൽ പ്രദോഷം നാൾ മൂന്നും നീക്കി നാൾ 45 ക്ക് ജപം 3187 ക്ക് പേർ 1ക്കു നാൾ 1ക്ക്-1 വീതം ചിലവ്-130483. ആകെവക 4-ൽ ചിലവ് 480625

തിലപാത്രം 1000-ക്ക്-മരാമത്തു ചിലവുനീക്കി ദക്ഷിണ 41½ വീതം 41500.

എള്ളുവില-1235½. ചെമ്പുവില-10457½. അരി-മലർ അവൽ-ഉൾപ്പെട്ടതിന് ചിലവുനെൽ 5359 പറ½ ഇട ... വിലത്തരം 83983½.

പണവക-കാകറി, പലവെഞ്ജനം-ഉൾപ്പെട്ട കോപ്പിന് 3281350. വക 2-ൽ 412118¾, സർവാണിപേർ 16804 ക്ക് 32259. പ്രതിഗ്രഹം പേർ 4024ക്ക്-19994-ം, മുറജപം വകയിൽ ചിലവ്.

9) ആലിയകോട്ടു കോയിത്തമ്പുരാൻ ടിയാണ്ടു മാർകഴി മാസം 5-ാം തീയതി ടി വകയായിട്ടു ശ്രീപാദത്തു കൊട്ടാരത്തിൽ പള്ളിയറയിൽ ഇരുന്ന് മുതൽകാര്യങ്ങൾ ശോധന ചെയ്ത് എഴുതി ചെല്ലം വകയിൽ കൊണ്ടു വന്ന് വയ്ക്കത്തക്കവണ്ണം കൽപന പ്രകാരം കൊട്ടാരത്തിൽ സർവാധികാര്യം കുമാരൻ നാരായണനും, സമ്പ്രതി തിരുമുഖത്തു കണക്കു ചെമ്പകരാമൻ ചേന്നനും,



ചെല്ലം കാര്യക്കാർ തമ്പിചെമ്പകരാമൻ നരസിംഹനും. പിള്ളമാരുംകൂടി ചെന്ന് പള്ളിയറയിൽ ഇരുന്ന് മുതൽ കാര്യങ്ങൾ-ടി കോയിത്തമ്പുരാന്റെ അനുജൻ കൊച്ചപ്പൻ കോയിത്തമ്പുരാൻ മുതൽപേരും കൂടിയിരുന്ന് ശോധനചെയ്ത് എഴുതി കൈവഴി ചെല്ലംവകയിൽ കൊണ്ടുവന്ന് വച്ചിരുന്ന വകയിൽ തിര്യേ കൊടുത്തതു നീക്കി മുതൽ ഒള്ള വകയ്ക്ക് മുൻകടം കൊടുത്ത വകയിൽ പണം 35000 ക്കു അരവാശി 17500-ം. വക 2-ൽ 52500-ം, കൈവഴി ചെല്ലം കരുവേലപ്പുര കൊട്ടാരം വകയിൽനിന്നു കൊടുത്തിരിക്കുന്ന ആഭരണം, പരുവട്ടം, ഉൾപ്പെട്ട മുതൽകാര്യം വകയ്ക്ക് വിലയുള്ളതാക 260288-വക 2-ൽ കോയിത്തമ്പുരാൻ ടി വകയിൽ നിന്നും മുതൽ 312788 -

10) ചെങ്കള്ളൂർ മഹാദേവർ കോവിൽ ഉത്സവത്തിന് ആറാട്ടും നാൾ സ്വാമിയെ കരമന ആററുകടവിൽ എഴുന്നെള്ളിച്ച് ആറാടി തിരികെ എഴുന്നെള്ളിക്കുമ്പോൾ വിജയവിലാസത്തു കൊട്ടാര നടയിൽ നിറപറയിട്ട വകയ്ക്ക് നെൽ 1 പറ 2¼ ഇടങ്ങഴിയ്ക്ക് 2 പണവും, കരിക്ക് ഒന്നിന് ¼-ം, വിളക്കിന്-എണ്ണയ്ക്ക് ½-ം, ആകെ 2¾ പണം,

11) മതിലകത്ത് നാലുവീട്ടുവകയിൽ കൈപ്പള്ളി വീട്ടിൽ മാതേവി ലക്ഷ്മിയുടെ ശേഷക്കാറായിട്ടു കൊല്ലം ആശ്രാമത്തു കൊച്ചുവീട്ടിൽ പാർവതിമുതൽപേരെ ദത്തവകാശമാക്കി നീട്ടുകൊടുത്തവകയ്ക്ക് 6 പണം.

12) തൈമാസം 17-ാനു- തിരുവട്ടാററ് നന്താവനത്തുവീട്ടിൽ പാനപ്പിള്ള ലക്ഷ്മിപാർവതിക്കും മകൻ കണക്കു തമ്പി ചെമ്പകരാമൻ നീലകണ്ഠൻ മുതൽപേർക്കും. പാനപ്പിള്ള ചക്കിയമ്മ നങ്ങേലി മുതൽപേർക്കും. അവകാശമായിട്ടു കണക്കുതമ്പി ചെമ്പകരാമൻ ശ്രീപത്മനാഭനെ (സ്വാതിയുടെ പുത്രൻ) പരിപാലനം ചെയ്യുന്നതിന് പാനപ്പിള്ള നങ്ങേലി നീലമ്മ മുതൽപേരുടെ കാരണവൻ പാൽക്കുളങ്ങര കരിമ്പാലൂർ വീട്ടിൽ കണക്കുകാളിനാരായണനേയും, ഉടപ്രന്നവനാകുന്നകണക്കു

നാരായണൻ കാളിമുതൽ പേരേയും അവകാശമാക്കി കൽപ്പിച്ച് നീട്ടു കൊടുത്തവകയ്ക്ക്-പള്ളിപ്പലകയിൽ വച്ച് മുഖം കാട്ടിയതാക മുതൽ 12¼

13) തിരുവട്ടാററ് പാനപ്പിള്ളയുടെഅനുജത്തി ജാനകിപ്പിള്ളയുടെ കല്യാണം തൈ 20-ാനു- മുഹൂർത്തത്തിൽ പെരുന്താന്നി അമ്മവീട്ടിൽ വച്ച്കഴിപ്പിച്ചതിന് ദാനം, ദക്ഷിണ, സർവാണി ഉൾപ്പെട്ടവകയ്ക്ക് 9638¾.
ടി കല്യാണം വകയ്ക്ക് ചിലവുനെൽ 5143 പറ½ ഇട. വിലത്തരം 8088¾. പണവകയിൽ-കോപ്പുവകയിൽ ചിലവ്-2016¼ പണം, കമ്പം വെടിക്കെട്ടുവകയ്ക്ക് 3254 പണം. ഈ വകയിൽ ആകെ ചിലവ് 22997¼

14) സങ്കടം വക രായസത്തിന് ആക്കിയചവറയിൽ അനന്തൻ പിള്ളയ്ക്ക് മാശി 1-ാനു- മുതൽ 70 പണം.

15) പൗസ്ദാർ കമ്മിഷണരായി ടിയാണ്ട് പങ്കുനിമാസം 19-ാനു- മുതൽക്ക് മാസം 1ക്ക് 150 രൂപാവീതം ശമ്പളം വച്ച് ശങ്കരനാഥ ജോത്സ്യരെ നിയമിച്ചു.

16) നക്ഷത്രബംഗ്ലവിൽ സേവിച്ചിരുന്ന മിസ്റ്റർനരസുവിന് ദീനമായി 1020-മാർകഴി 27-ാനു- കഴിഞ്ഞു പോകയാൽ അവകാശികൾ 4 പേർക്ക് 30 രൂപാ അടുത്തൂൺ പതിപ്പാൻ ഉത്തരവുവന്ന് പങ്കുനി 24-ാനു- മുതൽ തീരുവ.

17) പങ്കുനി 27-ാനു- തിരുവനന്തപുരത്ത് ടൗൺ പോലീസുദ്യോഗത്തിന് രാമാരായർക്ക് നീട്ടുകൊടുക്കുമ്പോൾ അടിയറയ്ക്ക് പട്ടുകൊടുത്തതിന് 100/

18) അച്ചുക്കൂടം സൂപ്രണ്ട് സ്പഷ് നീഡർ 1021കാർത്തിക 17-ാനു- കഴിഞ്ഞു പോകയാൽ 200 രൂപാ ഒള്ളതിൽ 100 രൂപാവച്ച് ചിത്തിര 1-ാനു- മുതൽ മിസ്റ്റർ കിലുവിയെ നിയമിച്ചു.

19) തുലൃം ചാർത്തുന്നതിന് പൊന്നിൻ നാരായവും, പിച്ചാത്തിയും, തീർത്തവകയ്ക്ക് 531/

20) പട്ടാളത്തിൽ ഉദ്യോഗസ്ഥന്മാർ-ശിപായികൾ-ഉൾപ്പെട്ടവർക്ക് ദീനം ഉണ്ടാകുന്നതായിരുന്നാൽ ഡാക്ടർ 'പാററർസൺ സായിപ്പ്' ചികിൽസ ചെയ്തുവരുന്ന വകയ്ക്ക് അനുഭോഗം (അനുഭവം) കൊടുത്തിട്ടില്ലാത്തതിനാൽ ആ വകയ്ക്ക് പട്ടാളത്തിൽ നിന്നും കമാൻ പോകുന്നതുപോകെ-സ്ഥലത്തു പാർക്കുന്ന ആളുകൾക്ക് ചികിത്സ ചെയ്യുന്നതിന് 100 പേർക്ക് മാസംഒന്നിന് 12½ രൂപാവീതം കമാനാഫീസർ മുഖാന്തിരം കണക്ക് കൊടുത്തയച്ച് പണം വരുത്തി കൊടുക്കണമെന്ന് ടിയാണ്ട് ചിത്തിരമാസം 8-ാനു-നീട്ടുംപടി ജെ.10038-ാമത് നമ്പർ ഉത്തരവുപ്രകാരം 4911½



21) തിരുവട്ടാററമ്മവകയ്ക്കും വടശ്ശേരി അമ്മവകയ്ക്കും പലവകയിലുമായി പാത്രങ്ങൾ തീർത്തുകൊടുത്തതിന് 7935¼ പണം.

22) മതിലകത്ത് നടയ്ക്കു വയ്പാൻ പൊന്നുകൊണ്ട് ഒരു കിണ്ടിയും, രണ്ടു കർപ്പൂരാധന തട്ടവും, കല്ലുവച്ചതിൽ ഒരു നിവേദ്യച്ചിരട്ടയും, ആയതിന് ഒരു ചുവടും, ഒരു ഗോകർണ്ണവും, വെള്ളികൊണ്ട് രണ്ടുകർപ്പൂരാധന തട്ടവും തീർപ്പിച്ച വകയ്ക്ക് 34017½

23) ഇംഗ്ലീഷുപള്ളിക്കൂടം വാദ്ധ്യാർ റോബർട്ടിന് മാസം 1 ക്കു രൂപാ 300 ക്ക് 2100 പണം.

24) നക്ഷത്രബംഗ്ലാവ് കാൽടിക്കട്ടു സായിപ്പിനു മാസം 1000 രൂപായും, കൂടിയുള്ള പേർ 24 ക്ക് മാസം 500 രൂപാ വീതവും.

25) റന്നികയ്മൾ ചക്കി വിക്രമൻ-ഒരു കൊമ്പനാനയും ഒരു കുട്ടി കൊമ്പനാനയും പിടിച്ചു കൊണ്ടുവന്ന് അടിയറ വയ്ക്കയാൽ സമ്മാനം, കവണി, തുപ്പട്ടി, ഉൾപ്പെട്ടതിന് 1038¼

26) പാർസി പഠിപ്പിക്കുന്ന മുൻഷി ചെന്നപട്ടണം സെയ്തു മൈതീൻ കഴിഞ്ഞതിന്-65¼

27) കിളിമാനൂർ ചേറുണ്ണി കോയിത്തമ്പുരാന് 700/

28) കിളിമാനൂർ അനിഴംതിരുനാൾ കൊച്ചു കോയിത്തമ്പുരാന് 600/

29) തിരുവട്ടാററ് അനന്തപത്മനാഭൻ തമ്പിയ്ക്ക് ദീനം വാശിയാകുന്നതിന് ശുചീന്ദ്രം ക്ഷേത്രത്തിൽ ചിത്തിര 28-ാനു- മുതൽ വൈകാശി 8-നു- വരെ നാൾ 1 ക്ക് 108 പയർ പഴവും, ഇടങ്ങഴിഅരി നെയ്പ്പായസവും, രണ്ടിടങ്ങഴിനെയ്യ് വാടാവിളക്കും വച്ചതിന് ചിലവ് 83 പണം.

30) തിരുവട്ടാററ് അനന്തപത്മനാഭൻ തമ്പി (സ്വാതിയുടെ പുത്രൻ) വൈകാശി മാസം 10-ാനു- അസ്തമിച്ച് 11¼ നാഴികയ്ക്കുമേൽ മരിച്ചു പോകയാൽ കട്ടയ്ക്കാണം വകയ്ക്ക് 139 പണം. മൂന്നാംദിവസംബലിതുടങ്ങിയ വകയ്ക്ക്34¼ അഞ്ചാം ദിവസം സഞ്ചയനത്തിന് 32¼ പുലകുളി, മുപ്പതാം ദിവസം ബലി.നാൽപത്തിഒന്നാം ദിവസം ദാനം, ദക്ഷിണ ഉൾപ്പെട്ടതിന് ആകെ ചിലവു പണം 2528/

31) സ്വാതിതിരുമനസ്സിലേയ്ക്ക് ആടി 7-ാനു- പനിയുടേയും, അരോചകത്തിന്റേയും ആലസ്യം ആകകൊണ്ട് കമലപ്രതിമദാനം, ചെയ്ത വകയ്ക്ക് ചിലവ്-6475 പണം.

32) ആടിമാസം 21-ാനു- മൂലം തിരുവാവി ആകയാൽ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് ബലി ഇടേണ്ടുന്നതിന് ആലസ്യമായിട്ട് കടവിൽ എഴുന്നെള്ളായ്കയാൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് തിരുബലി ഇട്ടവകയ്ക്ക് ചിലവ്-634' പണം.

33) 1018 പുരുട്ടാശി 5-ാനു- മുതൽ 1021 ആടിവരെ മതിലകത്ത് കൽപിച്ച് നടയ്ക്കു വച്ചവകയ്ക്ക് കൈമാറി മുതൽ പതിഞ്ഞതാക വരവുമുതൽ 21,24989 പണം.

## ഹജൂർരായസം (1021)

1) കൊട്ടാരം വകയ്ക്ക് 17 രൂപാ 'ഇട' കസ്തൂരിവാങ്ങിച്ചതിന് രൂപാ 'ഇട' 1 ക്ക് 40 രൂപാ വീതം 680 രൂപാ കൊടുത്തത് ചിലവെഴുതാൻ നമ്പർ 106/1021-10-12 ലെ....

2) കൈവഴി ചെല്ലംവകയിൽ നിന്നും 2 ലക്ഷം രൂപാ തരുവിക്കണമെന്ന് ന: 120 1021-10-30 ലെ....

1847



**1022 M. E.***

## വാഹന നിയന്ത്രണം

1473 പോലീസ്

1022-ാം മാണ്ട് അല്പശി മാസം 24-ാനു-

ഹെഡ് ദിവാൻ പേഷ്കാർ ശ്രീനിവാസരായർ എഴുതിയ പരസ്യം. എന്തെന്നാൽ തിരുവനന്തപുരത്ത് ചാല ഉൾപ്പെട്ട പ്രദേശങ്ങളിൽ ഇപ്പോൾ വണ്ടിഅടിപ്പ് അധികമായിട്ടു തീർന്നിരിക്കുന്നതിനാൽ- വണ്ടിക്കാർക്ക് സൂഷ്മം ഇല്ലാതെ രാപകൽ വണ്ടി അടിക്കയും, അതു നിമിത്തം ജനങ്ങൾക്ക് വഴി നടക്കുന്നതിനും വളരെ ബുദ്ധിമുട്ടും ചില സമയങ്ങളിൽ അപജയത്തിനിടയും ആയിതീന്നിരിക്കുന്ന പ്രകാരം കേൾവിപ്പെട്ടിരിക്കുന്നതു കൂടാതെയും ഈ മാസം 16-ാം തീയതി കോട്ടാററു ആറുമുഖം എന്നവൻ വണ്ടി അടിച്ച് ഒരു തുലക്കച്ചേറുക്കന്റെ തലയിൽ കേററി മുറിവേൽപ്പിച്ചിരിക്കുന്ന പ്രകാരം ആവലാധി വന്ന് വിസ്തരിച്ചു വരുന്നു എന്നും, ൗൺപോലീസിന്റെ സാധനത്തിൽ കണ്ടിരിക്കുന്നതും ആകകൊണ്ട് മേലാൽ ഇത്തരനെയുള്ള മോശങ്ങൾക്ക് ഇട വരാതിരിപ്പാൻ വേണ്ടി ഇപ്പോൾ പരസ്യം ചെയ്യുന്നതെന്തെന്നാൽ

1-ാമത് കോട്ടയ്ക്കകത്ത് നാലുതെരുവിലും, വള്ളക്കടവ് ചാല, കരമന, പുത്തൻ ചന്ത, തൈക്കാട്, ഉൾപ്പെട്ട രാജപാതകളിലും രാത്രികാലങ്ങളിൽ വണ്ടി അടിച്ചു എന്നു വരികയും അരുത്.

2-ാമത് പകൽ സമയത്ത് വണ്ടിക്കാർക്ക് വണ്ടിയിൽ ഇരിക്കാതെ കാളയുടെ മദ്ധ്യെ നടന്ന് വണ്ടി അടിച്ചുകൊള്ളണം

3-ാമത് രാത്രി കാലങ്ങളിൾ അവസരമായിട്ട് പെട്ടിവണ്ടിയിലും മററും സവാരി പോകുന്നതിന് അടിയന്ത്രമുള്ള ആളുകൾക്ക് തീവെട്ടത്തോടുകൂടി പോകയു. ആ വണ്ടികളിൽ മാത്രം വണ്ടിക്കാറൻ ഇരുന്നു കൊള്ളുകയും ചെയ്യുന്നതിന് വിരോധവുമില്ല ഇതിന്മണ്ണും അല്ലാതെ ആരെങ്കിലും വിരോധമായിട്ടു നടന്നാൽ അവരെ പോലീസു നമ്പരിൽ ചേർത്തു വിസ്തരിച്ച് തക്കശിക്ഷയിൽ ഏർപ്പെടുത്തുന്നതിന് ഇടവരുന്നതാകകൊണ്ട് ആയത് എല്ലാവരും അറിഞ്ഞു മേലെഴുതിയ പ്രകാരം നടന്നു കൊള്ളുകയും വേണം എന്ന്.

1022

**തിരുവിതാംകോട്ടു സമസ്ഥാനത്തു പാർത്തു വരുന്ന പാതിരിമാരുടെ പേരും അവർ വന്ന കൊല്ലവും-ഇന്ന ദിക്കിൽപാർക്കുന്നു എന്നും ഇതിന് കീഴ് പറയുന്നു**

| | പേര് | ഇ:വ: | മല:വ: | പാർക്കുന്ന സ്ഥലം |
|---|---|---|---|---|
| 1) | മിസ്റ്റർ ആബ്സ് പാതിരി | 1838 | 1014 | പാറശ്ശാല |
| 2) | ,, ബെയിലി-പാതിരി | 1816 | 992 | കോട്ടയം |
| 3) | ,, ബെയിലി ജൂനിയർ | 1840 | 1016 | കോട്ടയം. |
| 4) | ,, ബെക്കർ പാതിരി | 1819 | 995 | ആലപ്പുഴ |
| 5) | ,, ബെക്കർ പാതിരി | 1843 | 1019 | പള്ളം. |
| 6) | ,, ബെക്കർ ജൂനിയർ | 1843 | 1019 | ആലപ്പുഴ |
| 7) | ,, ചാർഫമാൻ പാതിരി | 1840 | 1016 | കോട്ടയം |
| 8) | ,, കാക്സ് പാതിരി | 1838 | 1014 | തിരുവനന്തപുരം |
| 9) | കാപ്ടൻ ഗിലിബി പാതിരി | 1844 | 1019 | തിരുവനന്തപുരം |
| 10) | ,, ഡാക്ടർ സ്പർഷ് നീഡർപാതിരി | 1847 | 1022 | തിരുവനന്തപുരം |
| 11) | മിസ്റ്റർ ഹാക്സ് വൊർക് പാതിരി | 1840 | 1016 | മാവേലിക്കര |
| 12) | ,, ഹാക്സം പാതിരി | 1823 | 999 | കൊല്ലം |
| 13) | ,, ലിയൂർസ് പാതിരി | 1846 | 1022 | സമാധാനപുരം |
| 14) | ,, മാർക്കററ് പാതിരി | 1817 | 992 | നാഗർകോവിൽ |
| 15) | ,, മീഡ്പാതിരി | 1817 | 992 | നെയ്യൂർ |
| 16) | ,, പിററുപാതിരി | 1833 | 1009 | ശീമയിൽപോ പോയിരിക്കുന്നു. |
| 17) | ,, റഷൽപാതിരി | 1838 | 1014 | ജെയിംസ്ട്ടൗൺ |
| 18) | ,, സ്പറാററ-പാതിരി | 1846 | 1022 | കോട്ടയം. |
| 19) | ,, തോംസൺ പാതിരി | 1827 | 1003 | കൊല്ലം |
| 20) | ,, വയിറൈറസ് പാതിരി | 1842 | 1018 | നാഗർകോവിൽ |



### കുലശേഖരമണ്ഡപം

കുലശേഖരമണ്ഡപോയമുച്ചൈ:
കലശാംഭോധിരിവാധികം വിഭാതി
ക്ഷിതിഭൃൽകുലശേഖരസ്സയത്ര
സ്വവിഭൂതിം പ്രകടീചകാരസമ്യക്

(ഇരയിമ്മൻതമ്പി)

**തിരുവിതാംകോട്ടു സംസ്ഥാനത്തു കൊല്ലം 989-ാമാണ്ടു മുതൽ 1022 വരെയുള്ള ദിവാൻജിമാരുടെ പേരും ഉദ്യോഗകാലാവധിയും:-**

| | |
|---|---|
| ദിവാൻ ദേവൻ പത്മനാഭൻ | : 989 മിഥുനം മുതൽ 990- വൃശ്ചികംവരെ |
| ,, ശങ്കുഅണ്ണാവി | : 990 ധനു മുതൽ 991തുലാം വരെ |
| ,, രാമൻമേനോൻ | : 991 വൃശ്ചികം മുതൽ 992 മകരംവരെ |
| ,, വെങ്കിട്ടരായർ | : 993 കന്നിമുതൽ 997 കുംഭം വരെ |
| ,, വെങ്കിട്ടരായർ | : 997 കർക്കടകം മുതൽ 1005 വൃശ്ചികം വരെ |
| ,, സുബ്ബരായർ | : 1005 കുംഭം മുതൽ 1012 കുംഭം വരെ |
| ,, രംഗരായർ (ആക്ടിംഗ്) | : 1012 കുംഭംമുതൽ 1013മേടം വരെ |
| ,, രായരായവെങ്കിട്ടരായർ | : 1013 മേടം മുതൽ 1014 മീനം വരെ |
| ,, സുബ്ബരായർ | : 1014 മേടം മുതൽ 1017 മിഥുനം വരെ |
| ,, വെങ്കിട്ടരായർ | : 1018 കുംഭം മുതൽ 1020 ഇടവം വരെ |
| ,, കൃഷ്ണരായർ (ആക്ടിംഗ്) | : 1022 മീനം 7-ാനു- മുതൽ.... |



## ഹജൂർതിരട്ടുകൾ 35

കൊ: വ: 1022

1) നാഗർ കോവിൽ പാനപ്പിള്ള കാളിമാധവിയും (ഉത്രം തിരുനാളിന്റെ പത്നി) കൊച്ചുതമ്പിയും, തിരുവല്ലത്തു ക്ഷേത്രത്തിൽ വച്ച് അല്പശി 5-ാം തീയതി കറുത്തവാവുനാൾ പ്രതിബിംബം നടയ്ക്കു വച്ചതിന് 16¼ പണം.

2) നാഗർ കോവിൽ പാനപ്പിള്ളയെ കെട്ടിയിരുന്ന ഉളിയാഴത്തുറ മാതേവൻപിള്ള കാർത്തികമാസം 7-ാനു- മരിച്ചുപോയ വകയ്ക്ക് കൊടുത്ത ചിലവ്- 1750 പണം. പട്ടും തുപ്പട്ടിയ്ക്കും പണം 350/ വക 2 ൽ ചിലവ് 2100 പണം.

3) ഇരിങ്ങാലക്കുട തച്ചുടയകയ്മൾക്ക് ദീന ചിലവിന്- 1400 പണം

4) സ്വാതിതിരുനാൾ തിരുമനസ്സുകൊണ്ട് പ്രാർത്ഥിച്ച് മതിലകത്ത് ആവണിമാസം മുതൽ മാർകഴി 13-ാനു- വരെ നടയ്ക്കുവച്ച അനന്തരാമൻ 3300-ക്ക് 7218¾

5) ചോതിതിരുനാൾ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് മാർകഴി (ധനു) മാസം 13-ാനു- ശനിയാഴ്ചയും അശ്വതി നക്ഷത്രവും ശുക്ലപക്ഷത്ത് ദശമിയുംകൂടിയ ഇന്നേദിവസം രാത്രി 25നാഴികയ്ക്ക് നാടുനീങ്ങുകയാൽ ടി വകയ്ക്കായിട്ടു തമ്പുരാക്കൻന്മാർ, ഉദ്യോഗസ്ഥന്മാർ കരക്കാർ, പിടാകക്കാർ, ഉൾപ്പെട്ട ആളുകൾ പട്ടും കച്ചയും വച്ച് മുഖം കാട്ടിയതാകെ പേർ 3089 ൻ പേരിൽ മുതൽ പിരിവ്-13352¾. ക്രിയവകയ്ക്ക് തകൈഞ്ച് പണം 27. പൊന്നിലും, വെള്ളിയിലും മുഖം തീർത്ത് പാരീസ് അക്ഷരത്തിൽ തിരുനാമപ്പേരു തൂക്കിയ വകയ്ക്ക് പൊൻമുഖം 1 ക്ക് കൂലി 75. വെള്ളി 1ക്ക് കൂലി- 100/ ആ വക 2-ൽ 175/-

നാടു നീങ്ങുകയാൽ ചാർത്തുന്ന വകയ്ക്ക് മതിലകത്ത് ശ്രീപണ്ടാരത്തിൽ നിന്നും വട്ടക പ്രസാദവും, വീരാളിപ്പട്ടും, കച്ചയും, വലിയകൊട്ടാരത്തിൽ നിന്നു

വീരാളിപട്ടുചേല-1-ം, നീക്കി 973, 986, ഈ ആണ്ടുകളിലെ കണക്കുംപടി നിത്യച്ചിലവിൽ നിന്നും ചിലവുള്ളതാക പണം 131689.

പള്ളിയടക്കിയ വകയ്ക്ക്-ചന്ദനം പശുവിൻ നെയ്യ്, രാമച്ചം, ഇരുവേലി, പനിനീർ, അഷ്ടഗന്ധപ്പൊടി. ഉൾപ്പെട്ട വകയ്ക്ക് 1521¼.

6) മാർകഴി 26-ാനു മുതൽ ഉത്രം തിരുനാൾ തിരുമനസ്സുകൊണ്ട് മൂപ്പേററു....

7) ദിവാനുദ്യോഗമായിരുന്ന തഞ്ചാവൂർ സുബ്ബരായർക്ക് ദീനച്ചിലവിന്-3500 പണം.

8) മാശിമാസം (കുംഭം) 16-ാനു ഉത്രംതിരുനാൾ വലിയതമ്പുരാൻ തിരുമനസ്സിലേയ്ക്ക് പട്ടം കെട്ടുകയാൽ ഉദ്യോഗസ്ഥന്മാർ, പിള്ളമാർ, ഉൾപ്പെട്ടപേർ തിരുമുമ്പിൽ വന്നു ''നതി'' (കുമ്പിടൽ) വച്ചു മുഖം കാട്ടുകയാൽ ചിലവ്-3427¾.

9) മാശി 16-ാനു വെള്ളിയാഴ്ച ചോതിപക്കനാൾ പ്രമാണിച്ചുള്ള വഴിപാടുകൾ എല്ലാ ദേവസ്വങ്ങളിലും നടത്തണമെന്ന് കൽപനവന്നത് ഉത്തരവയച്ചതിന്മണ്ണം നടന്നു കൊള്ളാൻ ഉത്തരവ്....

10) ഉത്രംതിരുനാൾ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് മതിലകത്ത് എഴുന്നെള്ളി പടിയേററം നിർവഹിച്ച വകയ്ക്ക് 767 പണം.

രാജ്യകാര്യം ഏററു തുല്യം ചാർത്തുകയാൽ കാണിക്ക വകയിലും ദക്ഷിണ സർവാണി വകയിലും ചിലവ്-26323½

11) അപ്പീൽ ഒന്നാം ജഡ്ജിയായി ഹെഡ്ദിവാൻ പേഷ്കാരായിരുന്ന ശ്രീനിവാസരായരെ 1022 പങ്കുനി (മീനം) 7-ാനു നിയമിക്കയാൽ 600 രൂപാ....

12) ഇരയിമ്മൻതമ്പിക്കുള്ള 100 പണം ചിത്തിര 6-ാനു മുതൽ നിത്യച്ചിലവിൽ പോക്കെഴുതുവാൻ ഉത്തരവുംപടി പോക്ക്-100/-

13) നാഗർകോവിൽ പാനപ്പിള്ള കാളി മാധവിക്ക് ദാനം, ദക്ഷിണ, മരുന്നുവില, എണ്ണവില, മേനാക്കൂലി, ഉൾപ്പെട്ട വകയ്ക്ക് 15067/



ടിയിൽ അമ്മയ്ക്ക് ഗോരോചനയിൽ കൂട്ടി ഉരച്ചു സേവിപ്പാൻ തങ്ക ആണി കഴഞ്ച് 5½

14) ഇടപ്പള്ളിതമ്പുരാൻ പുത്തനായിട്ടുണ്ടാക്കിയ ''അഷ്ടപദി ആട്ടം'' ആനിമാസം (മിഥുനം) 12-ാനു രംഗവിലാസത്തു വച്ച് ആടുകയാൽ ടിവകയ്ക്ക് പ്രമാണി രാമരുതിരുമുൽപ്പാടിനും, വേഷക്കാർ. ഉരുട്ടു ചെണ്ടക്കാർ, ഉൾപ്പെട്ടപേർ 17 നും ചീലവില- 397¼

തുള്ളൽക്കഥ പാടിയ കാർത്തികപ്പള്ളി കീഴക്കൂട്ടം കണക്ക് ഗോവിന്ദപ്പിള്ളയ്ക്ക് ചീലവില-32 പണം

15) ചോതിതിരുനാൾ തിരുമനസ്സുകൊണ്ട് മാർകഴിമാസം 13-ാനു നാടുനീങ്ങുകയാൽ നാട്ടു വാലായ്മനാൾ 12-ം നീക്കി നാൾ 353-ക്ക് ദാനം, ദക്ഷിണ, ചിലവ് 17949¼ പണം.

16) ചോതിതിരുനാൾ വലിയതമ്പുരാൻ നാടുനീങ്ങിയശേഷം എടുത്തുവച്ചിരുന്ന അസ്ഥി കാശിയിൽകൊടുത്തയച്ച വകയ്ക്ക് 2893 പണം.

## ഹജൂർരായസം (1022)

1) തോവാളയിൽ പെരുമാൾപുരം കുടിയിരിപ്പിൽ ഒള്ള ചാന്നാട്ടികൾ-കീഴ്മര്യാദ പ്രകാരം കുടത്തിൽ വെള്ളം കോരി തലയിൽ വച്ച് കൊണ്ട് പോകാതെ-ഇടുപ്പിൽ വച്ചുകൊണ്ട് വരുന്നു എന്നും, ആരുവാമൊഴി മുത്തു പെരുമാൾ സുബ്രഹ്മണ്യൻ ഹർജി ബോധിപ്പിച്ച് വിചാരണ നടത്തിയതിൽ-അങ്ങനെ നടന്നിട്ടില്ലെന്നും ചാന്നാട്ടി ഇശക്കി അണഞ്ചി മുതൽ പേരും തെളിവു കൊടുപ്പാൻ കഴിയുന്നതല്ലെന്ന് ഹർജ്ജിക്കാരനെ ബോധിപ്പിക്കയാൽ ഹർജിക്കാരന് ¼ രൂപാ പിഴ നിശ്ചയിച്ചതായി നമ്പർ 298/1022-1-9-ാനു ലെ ഹജൂർരായസം.

2) ഹജൂർകച്ചേരി ഉൾപ്പെട്ടസ്ഥലത്ത് വിളക്കുവയ്പിന് ആണ്ടൊന്നുക്ക് 4900 പറ വെളിച്ചെണ്ണ വേണ്ടതിന് പറ ഒന്നുക്ക് 10¾ പണം. വിലയ്ക്ക് ഏൽപ്പിപ്പാൻ അനുവാദത്തിന് ന:4/10221-13 ലെ....

3) ദിവാൻ സെക്രട്ടറി മിസ്റ്റർ ഒയിററിന് ബംഗ്ലാവു പണിയ്ക്ക് 500 രൂപാ ഇനാം കൊടുത്തത് ചിലവെഴുതാൻ 1018 മകരത്തിൽ 1000 രൂപാ കൊടുത്തതിൽ ശമ്പളത്തിൽ നിന്ന് മാസം 20 രൂപാ ഈടാക്കണമെന്ന് ന: 14/1022-2-12ലെ....

4) കരമനപാലത്തിനും, വിജയവിലാസത്തിനും പടിഞ്ഞാറ്-കൊഞ്ചിറവിള കഞ്ഞിപ്പുരയ്ക്കും, കല്ലുനാട്ടുമുക്കിനും വടക്ക്-പട്ടുകുന്നിനും, കൽപാലക്കടവിനും കിഴക്ക്-കണ്ണമ്മൂല പാലത്തിനും, വെള്ളയമ്പലത്തിനും തെക്ക്-ഒള്ള അതിർത്തിയിൽ-കോട്ടയ്ക്കകം ഒഴികെ ശേഷം സ്ഥലങ്ങൾ ടൗൺ പോലീസിനും, കോട്ടയ്ക്കകവും ശേഷം സ്ഥലങ്ങളും തഹശീൽദാർക്കും പോലീസു അധികാരം ഏർപ്പെടുത്തിക്കൊണ്ട് ന:109/1022-10-3 ലെ....

5) കുഴിത്തുറയ്ക്കുസമീപം പുത്തനായി വയ്പിച്ച മാർത്താണ്ഡപുരത്തു ചന്തയിൽ ചാലിയർക്ക് 4 വീടും, 4 ചാന്നാന്മാർക്ക് 4 പുരയും, കെട്ടാൻ 697¼ പണം അനുവദിപ്പാൻ ന:214 1022-12-8 ലെ....

6) മതിലകത്ത് നാലമ്പലത്തിനകത്ത് വച്ചിരിക്കുന്ന പത്തായത്തിൽ പൊതിയുന്നതിന് ചെമ്പു പണിപ്പുരയിൽ നിന്നും 1020 വൈകാശിമാസത്തിൽ മൂന്നുതവണയായിട്ടു 24½ തുലാമും 5 പലവും ചെമ്പുകൊടുത്തയച്ചതിന് 10775¼ പണം ചിലവായത് ചിലവെഴുതാൻ ന:21/1022-12-25ലെ....

7) ഹരിപ്പാടു ക്ഷേത്രത്തിൽ ''വെള്ളിമയിൽ വാഹനം'' പണിയ്ക്ക് 7516 പണം ചിലവായത് 5462¼ പണം ചിലവെഴുതാൻ ന:65/1022.9-14 ലെ....

8) കാശിയിൽ ധർമ്മംനടത്താൻ വകയ്ക്ക് സ്ഥലം വാങ്ങിച്ചതിനും, കെട്ടിടത്തിനും പാത്രം തീർപ്പിച്ചതിനും മററുമായി 103211½ പണം ചിലവായത് ചിലവെഴുതാൻ ന:108/1022-10-1ലെ....



## ''നാടുനീങ്ങലിനെക്കുറിച്ചൊരു ശ്ലോകം''

['ഭക്തിശ്രീ പത്മനാഭൈവതുധുകകലിശ്രദ്ധയാ
സൗന്ദഹേയാ
നാനാഭോഗാദിരാഗാൽ,
ദ്ധ്രുവമിഹശയെ, ദ്വാക്യസംഖ്യാഗമേഷു
കാര്യം ധർമ്മപ്രജാപാലനമിതിസഹജെ
രാജ്യഭാരം നിധായാ
സ്വാതീ ജാതസ്സുവഞ്ചിക്ഷിതിപതിരംഗമദ്വൈഷ്ണ
വംധാമദിവം!!
സ്വരാജ്യലക്ഷ്മീംസഹജെനിധായ സ്വരാജ്യലക്ഷ്മീ
മിവലബ്ധുകാമാ :
സ്വാതീഭവോവഞ്ചിമഹീശ്വരോഗാൽപദാ
ബുധരാദ്ധ
പഥേനദിവ്യം'']

(ഇരയിമ്മൻതമ്പി)



ഡോ: പുഷ്പ

സംഗീത-സാഹിത്യാദികലകൾ ഒത്തുചേർന്ന കുടുംബത്തിൽ ജനിച്ചുവളർന്നു. "സ്വാതിതിരുനാളും സംഗീതവും, എന്ന വിഷയത്തിൽ ആദ്യമായിട്ട് മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ഡോ: പുഷ്പ തിരുവനന്തപുരം വിമൻസ് കോളേജ് ലക്ചറർ ആയി ഇപ്പോൾ ജോലി നോക്കുന്നു.

ശ്രീ മുത്തുസ്വാമി ദീക്ഷിതരുടെ "നവഗ്രഹ കീർത്തനങ്ങൾ", ആണ്ടാൾ തിരുപ്പാവൈ" എന്നിവയുടെ മലയാള കൃതികൾ ഡോ: പുഷ്പയുടെ പ്രസിദ്ധീകൃതങ്ങളായ പുസ്തകങ്ങളാണ്. നെയ്യാറ്റിൻകര പൗർണ്ണമിയിൽ ശ്രീ പത്മനാഭയ്യരുടെ പുത്രിയായ ഡോ: പുഷ്പ മുൻ തിരുവിതാംകൂറിലെ അറിയപ്പെടുന്ന ജേർണലിസ്റ്റായ ശ്രീ പി. പത്മനാഭയ്യരുടെ പൗത്രിയുമാണ്.

# ചരിത്രത്തിൻെറ ഏടുകൾ (988-1022)

ശ്രീ സ്വാതിതിനാൾ മഹാരാജാവിനെ ഇതിനകം ചിലർ ഒരു പ്രശ്നപുരുഷനാക്കി മാറ്റിയിട്ടുണ്ട്. അദ്ദേഹത്തിൻെറ സർഗ്ഗ പ്രതിഭയ്ക്ക് മങ്ങലേൽക്കുക എന്നത് സാംസ്കാരിക കേരളത്തിനു സംഭവിക്കാവുന്ന ഒരു വിപര്യയാണ്. 'ഇല്ലാത്ത രാജാവിൻെറ സംഭവിക്കാത്ത കാര്യങ്ങൾ' എന്നുള്ള വിമർശനങ്ങൾക്ക് ഒരു തിരിച്ചടിയായി ശ്രീ സ്വാതിതിരുനാളിൻെറ യഥാർത്ഥ മാറ്റ് വിശ്വാസ്യമായ രേഖകളാൽ നിതരാം തെളിയിച്ചിരിക്കുന്നു ഈ ഏടുകളിൽ. ഇതിലെ "അനുവുകൾ", "നിനവുകൾ", "നീട്ടുകൾ", "ഹജൂർ തിരട്ടുകൾ", എന്നിവ അന്ധകാര നിബിഡമായ പല വസ്തുതകളിലേയ്ക്കും വെളിച്ചംപകരാൻ സഹായിക്കുന്നവയാണ്. ചരിത്ര വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവ വിജ്ഞാനപ്രദമായിരിക്കും.

